Digitized by Arya Samaj Foundation Chennai and eGangotri

ഡോ. കെ. രാധ

ഇംഗ്ലീഷ് സാഹിത്യ ചരിത്രം

CC-0. In Public Domain. Gurukul Kangri Collection,

naj Foundation Che

ein. Gurukul Kangri

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

6751

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിശ്വസാഹിത്യചരിത്രഗ്രന്ഥാവലി—രണ്ട്

CC 6751

DONATION

पुस्तकालय
पुस्तकालय
गुरुकुल कांगड़ी विश्वविद्यालय

Forwarded free of cost, and
with the Compliments of
DEPARTMENT OF EDUCATION,
GOVERNMENT OF INDIA,
NEW DELHI.

ഇംഗ്ലീഷ് സാഹിത്യചരിത്രം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Malayalam
ENGLISH SAHITYA CHARITHRAM
(History of Literature)
By Dr. K. RADHA
First Edition December 1989
Cover: Madanan
Price Rs. 34.00
Printed at:
CHRIS PRINTERS, KOTTAYAM - 3
Publishers:
KERALA SAHITYA AKADEMI, TRICHUR
Distributors:
NATIONAL BOOK STALL, KOTTAYAM

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇംഗ്ലീഷ് സാഹിത്യചരിത്രം

ഡോ. കെ. രാധ

പ്രസാധകർ

കേരള സാഹിത്യ അക്കാദമി

തൃശൂർ

വില: 34.00

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

KSA BN 242 13/12—1989-90—W.C 14.7 1—2000

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രസാധകക്കുറിപ്പ്

വിശ്വസാഹിത്യചരിത്രഗ്രന്ഥാവലിയിൽ ഉൾപ്പെട്ട രണ്ടാമത്തെ പുസ്തകമാണ് ഇംഗ്ലീഷ്സാഹിത്യചരിത്രം. വിശ്വസാഹിത്യവുമായി മലയാളികളെ പരിചയപ്പെടുത്താനാണ് വിപുലമായ ഈ പദ്ധതി 1983–ൽ കേരളസാഹിത്യഅക്കാദമി ആവിഷ്കരിച്ചത്. ഈ പരമ്പരയിലെ ആദ്യപുസ്തകം—അറബിസാഹിത്യചരിത്രം—1988 ഡിസംബറിൽ പ്രസിദ്ധീകരിച്ചു.

ഡോ. കെ. രാധയാണ് (ഇൻസ്റ്റിററ്യൂട്ട് ഓഫ് ഇംഗ്ലീഷ്, കേരള സർവ്വകലാശാല) ഇംഗ്ലീഷ്സാഹിത്യചരിത്രം എഴുതിയത്. ഈ കൃതി പരിശോധിച്ച്, അവതാരിക എഴുതിത്തന്നത് ഡോ. കെ.എം. തരകൻ. ഈ സുഹൃത്തുക്കളുടെ സേവനങ്ങൾ, അക്കാദമിയെ സംബന്ധിച്ചിടത്തോളം വളരെ വിലപ്പെട്ടതാണ്. ഡോ. രാധയോടും ഡോ. തരകനോടും അക്കാദമിക്കുള്ള കൃതജ്ഞത സ്നേഹപൂർവ്വം രേഖപ്പെടുത്തുന്നു.

തൃശ്ശൂർ
1989 ഡിസംബർ 20

എരുമേലി പരമേശ്വരൻപിള്ള
സെക്രട്ടറി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആമുഖം

ഇംഗ്ലീഷ് സാഹിത്യചരിത്രം മലയാളത്തിൽ തയ്യാറാക്കുക യെന്നതു് ഒരു വെല്ലുവിളിതന്നെയായിരുന്നു. തോതു നിർണ്ണയി ക്കുകയെന്നതായിരുന്നു പരമപ്രധാനമായ പ്രശ്നം. ദൈർഘ്യത്തി ന്റെ കാര്യത്തിൽ നിശ്ചയിക്കപ്പെട്ടിരുന്ന പരിധി ഗ്രന്ഥകാര ന്മാരെയും, കൃതികളെയും ഉൾപ്പെടുത്തുന്നതിൽ കടുത്ത നിയന്ത്ര ണം പാലിക്കാൻ നിർബ്ബന്ധിതമാക്കി. ആധുനികകാലഘട്ട ത്തെക്കുറിച്ചു് എഴുതുമ്പോഴാണു് ഇതിന്റെ ബുദ്ധിമുട്ടു് കൂടുതലാ യനുഭവപ്പെട്ടതു്. ആധുനികസാഹിത്യകാരന്മാരുടെ എണ്ണം അമ്പരപ്പിക്കുന്നതരത്തിൽ കൂടുതലാണെന്നതും, അവർക്കു സാഹി ത്യത്തിലുള്ള സ്ഥാനം ഇതുവരെ സംശയാതീതമാംവണ്ണം തെ ളിയിക്കപ്പെട്ടിട്ടില്ലെന്നുള്ളതും പരിഗണിക്കേണ്ടതുണ്ടായിരുന്നു. ബ്രിട്ടീഷ് സാഹിത്യചരിത്രം മാത്രമേ ഈ കൃതിയിൽ ഉൾപ്പെ ടുത്തിയിട്ടുള്ളു. അമേരിക്കൻ, കോമൺ വെൽത്തു് സാഹിത്യ ങ്ങൾ ബ്രിട്ടീഷ് സാഹിത്യ ചരിത്രത്തിൽ ചേർത്തിട്ടില്ല. എഴ ത്തുകാരുടെയും, കൃതികളുടെയും പേരുകൾ മലയാളത്തിലാക്കുന്ന കാര്യവും പ്രശ്നം സൃഷ്ടിക്കുകയുണ്ടായി. കഴിയുന്നത്ര ശരിയായ ഇംഗ്ലീഷ് ഉച്ചാരണം നല്കാൻ ശ്രമിച്ചിട്ടുണ്ടു്.

അഭിമാനാർഹമായ ഈ ഗ്രന്ഥരചന എന്നെ ഏല്പിച്ച കേരളസാഹിത്യ അക്കാദമിയോടും, പുസ്തകത്തിന്റെ പ്രസിദ്ധീ കരണം ത്വരിതപ്പെടുത്തിയ ഇപ്പോഴത്തെ സെക്രട്ടറി ശ്രീ എരു മേലി പരമേശ്വരൻപിള്ളയോടും എനിക്കു നന്ദിയുണ്ടു്. എന്റെ കൃത്യത്തിൽ പ്രശ്നങ്ങൾ നേരിട്ടപ്പോഴൊക്കെ ആവശ്യമായ ഉപദേശനിർദ്ദേശങ്ങൾ നല്കിയ പ്രൊഫ. എസ്. ഗുപ്തൻനായ രോടു് ഞാൻ അങ്ങേയററം കടപ്പെട്ടിരിക്കുന്നു. ഇതിന്റെ കൈ യെഴുത്തുപ്രതി നിഷ്കർഷിച്ചു പരിശോധിച്ച ഡോ. കെ. എം. തരകനെ ഇവിടെ നന്ദിപൂർവ്വം സ്മരിക്കുന്നു. സർവ്വോപരി ഈ പുസ്തകം തയ്യാറാക്കുന്നതിൽ ശ്രീ എ. ബി. രഘുനാഥൻ നായർ നല്കിപ്പോന്ന സഹായം വിലപ്പെട്ടതാണെന്നു പറഞ്ഞുകൊ ള്ളട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാഹിത്യപഠിതാക്കൾക്ക് ഈ ഗ്രന്ഥം ഉപകാരപ്രദവും, വിജ്ഞാനപ്രദവുമാകുമെന്നും, ഇംഗ്ലീഷ് സാഹിത്യത്തെക്കുറിച്ച് കൂടുതലറിയാൻ ഇതു് അവരെ പ്രേരിപ്പിക്കുമെന്നുള്ള വിശ്വാസത്തോടെ മലയാളികളായ വായനക്കാരുടെ മുന്നിൽ ഈ ഗ്രന്ഥം കാഴ്ചവെയ്ക്കുന്നു.

തിരുവനന്തപുരം
8–8–1989

കെ. രാധ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവതാരിക

രാഷ്ട്രഭാഷയും മാതൃഭാഷയും പഠിക്കുന്നതോടൊപ്പം ഭാരതീയർ ഇംഗ്ലീഷ്ഭാഷയും പഠിക്കുന്നു. നമ്മുടെ ബോധനമാദ്ധ്യമമായി ഇംഗ്ലീഷ് തുടരുന്നു: തൽസ്ഥാനം ഏറ്റെടുക്കാൻ ഇനിയും നമ്മുടെ രാഷ്ട്രഭാഷ തികച്ചും സജ്ജമായിട്ടില്ല. ഈ സ്ഥിതിക്കു കുറെക്കഴിയുമ്പോൾ മാററമുണ്ടായെന്നുവരാം; എന്നാൽ അപ്പോഴും പലരും ഇംഗ്ലീഷ്ഭാഷ പഠിക്കാൻ താല്പര്യം പുലർത്തിയെന്നുവരും. കാരണം പലവിധത്തിലും ഇംഗ്ലീഷിനെക്കാൾ മെച്ചപ്പെട്ട പല ഭാഷകളും ലോകത്തിലുണ്ടെങ്കിലും ഇപ്പോഴും ലോകത്തിലെ ഏററവും പ്രചാരമുള്ള വ്യാവഹാരികഭാഷയായി നിലനില്ക്കുന്നതു് ഇംഗ്ലീഷാണു്.

ബ്രിട്ടീഷ്ഭരണകൂടം ഇന്ത്യയിൽ ഇംഗ്ലീഷ്വിദ്യാഭ്യാസം ഏർപ്പെടുത്തിയതു്, സ്വന്തം നിലനില്പിനുവേണ്ടിയാണു്. രാജ്യം ഭരിക്കുന്നതിനു് ബ്രിട്ടീഷുകാർക്കു് ഇംഗ്ലീഷ് പഠിച്ച ഇന്ത്യാക്കാരുടെ സേവനം അത്യാവശ്യമായിരുന്നു. ഭാരതീയർ ഇംഗ്ലീഷ്ഭാഷ ഇഷ്ടപ്പെടാൻ തുടങ്ങി. പത്തൊമ്പതാം നൂററാണ്ടിൻെറ മദ്ധ്യമായപ്പോഴേക്കും ഇംഗ്ലീഷ് ഭാഷയും സാഹിത്യവും ഇന്ത്യൻഭാഷാസാഹിത്യങ്ങളെ ശക്തമായി സ്വാധീനിക്കുകയായി. ക്രമേണ ഇംഗ്ലീഷ് പഠനത്തിൽക്കൂടി ഇന്ത്യക്കാർ സ്വയം കണ്ടെത്തുകയും തങ്ങളുടെ ശക്തിദൗർബ്ബല്യങ്ങൾ മനസ്സിലാക്കുകയും ചെയ്തു. സ്വാതന്ത്ര്യബോധം അവരിൽ ശക്തിപ്പെട്ടു, വികസിച്ചു. ഇന്ത്യാക്കാർ ബ്രിട്ടീഷ്ഭരണത്തെ വെറുത്തു; ചെറുത്തു. അതിനെതിരെ സമരം സംഘടിപ്പിച്ചു. സ്വാതന്ത്ര്യസമരം അനേകവർഷം നീണ്ടുനിന്നു. പക്ഷേ, അത്ഭുതമെന്നുപറയട്ടെ, ഇന്ത്യാക്കാർ ഇംഗ്ലീഷ്ഭാഷയെ ഒരിക്കലും എതിർത്തില്ല; എന്നുമാത്രമല്ല, അതിനെ സ്നേഹിക്കുകയുംചെയ്തു. പണ്ഡിററ് ജവാഹർലാൽ നെഹൃതന്നെ ഇക്കാര്യം തറപ്പിച്ചു പറഞ്ഞിട്ടുണ്ടു്.

ഇംഗ്ലീഷ്ഭാഷ ഇന്ത്യൻഭാഷയിൽ വേരുകളുറപ്പിച്ചു എന്നതാണു് സത്യം. മലയാളഗദ്യം മലയാളത്തിൻേറതുതന്നെയാണു്; സംശയമില്ല. പക്ഷേ, അതിനെ ആധുനികമാക്കുന്നതിൽ ഇംഗ്ലീഷ്ഭാഷ വഹിച്ചിട്ടുള്ള പങ്കു് ആർക്കും നിഷേധിക്കാനാവില്ല. പണ്ടത്തെ മലയാളഗദ്യവും ഇന്നത്തെ ഗദ്യവും തമ്മിലുള്ള അന്തരം ഇക്കാര്യം സ്പഷ്ടമാക്കുന്നു. ശയ്യയിലും, ശൈലിയി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലും ഘടനയിലുമെല്ലാം വലിയ മാററങ്ങൾ ഇന്നു വന്നുചേൎന്നിട്ടുണ്ടു്. മലയാളഗദ്യത്തെയെന്നപോലെ മലയാളസാഹിത്യത്തെയും ഇംഗ്ലീഷ്ഭാഷയും സാഹിത്യവും സാരമായി സ്വാധീനിച്ചുവെന്ന സത്യം നിഷേധിക്കാനാവില്ല.

സാഹിത്യവിമർശം, ചെറുകഥ, നോവൽ, ഗദ്യനാടകം എന്നീ സാഹിത്യരൂപങ്ങൾ ഇംഗ്ലീഷ് സാഹിത്യത്തിൽനിന്നും സ്വീകരിച്ചതാണ്. ഭാവകാവ്യങ്ങളുടെ മാതൃകകൾ നമുക്കു ലഭിച്ചതും ഇംഗ്ലീഷിൽനിന്നുതന്നെ. തുടക്കത്തിൽ നാം പല പാശ്ചാത്യസാഹിത്യകൃതികളെയും അനുകരിക്കയോ അനുരൂപണം ചെയ്യുകയോ ചെയ്തു. ക്രമേണ മുകളിൽ പറഞ്ഞ സാഹിത്യരൂപങ്ങൾ മലയാളത്തിൻെറ സ്വന്തമായിത്തീൎന്നു. ഇരുപതാം നൂററാണ്ടിലാണു നാം ഇതര പാശ്ചാത്യസാഹിത്യങ്ങളുമായി പരിചയപ്പെട്ടതു്. അതിനും നമ്മെ സഹായിച്ചതു് ഇംഗ്ലീഷ് ഭാഷാപരിജ്ഞാനമാണ്. സാഹിത്യത്തിലെ നൂതനപ്രസ്ഥാനങ്ങളുമായി നമ്മെ പരിചയപ്പെടുത്തിയതു് ഇംഗ്ലീഷ് സാഹിത്യമാണ്. പത്തൊമ്പതാം നൂററാണ്ടിൻെറ അന്ത്യദശകംവരെ നമുക്കു പാശ്ചാത്യസാഹിത്യത്തിലെ പ്രസ്ഥാനങ്ങളെക്കുറിച്ച് അത്ര ഗാഢമായ അറിവൊന്നുമില്ലായിരുന്നു. ക്രമേണ നാം ഇംഗ്ലീഷ് റൊമാൻറിസിസവുമായി പരിചയപ്പെട്ടു. കുമാരനാശാനെപ്പോലൊരു മഹാകവി ഇംഗ്ലീഷ് റൊമാൻറിക് കവികളെ ഒരു വലിയ പരിധിവരെ ഉൾക്കൊണ്ടു. ക്രമേണ നമ്മുടെ സാഹിത്യനിരൂപകർ ഇംഗ്ലീഷ് സാഹിത്യ നിരൂപകരെ ഉദ്ധരിക്കുന്നതായും നാം കാണുന്നു. പൗരസ്ത്യസാഹിത്യമീമാംസയെന്നപോലെ പാശ്ചാത്യസാഹിത്യ തത്ത്വശാസ്ത്രവും നമ്മുടെ വിമർശകർ പ്രയോഗിച്ചുതുടങ്ങി.

ഇതിൻെറയെല്ലാം ഫലമായി, നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നതു്, തമിഴ്, സംസ്കൃതം എന്നീ രണ്ടു ഭാഷകൾ കഴിഞ്ഞാൽ മലയാളം ഏററവും കടപ്പെട്ടിരിക്കുന്നതു് ഇംഗ്ലീഷിനോടെന്നാണ്. നമ്മിൽ ചിലരെങ്കിലും ഇംഗ്ലീഷ്സാഹിത്യംകൂടി നമ്മുടെ സാഹിത്യമാണെന്നു് വിചാരിച്ചുപോകാറുണ്ടു്, ഷേക്സ്പിയർ നമ്മുടേതുകൂടെയല്ലേ? വാൾട്ടർ സ്കോട്ടും, ഷെല്ലിയും, കീററ്സും, ബ്രൗണിംഗും നമ്മുടെ സ്വന്തത്തിൽ സ്വന്തമല്ലേ? ഡോ. ജോൺസൺ, മാത്യൂ ആർനോൾഡ് എന്നിവരെ മാത്രമല്ല ടി. എസ്. എലിയററിനെപ്പോലും നാം നമ്മുടെ നിരൂപകരായി കരുതിപ്പോകാറില്ലേ? ബ്രിട്ടീഷ്സാമ്രാജ്യത്വത്തോടുള്ള വെറുപ്പ്, ഇംഗ്ലീഷ്സാഹിത്യത്തോടുള്ള നമ്മുടെ മമതയെ ലേശവും കളങ്കപ്പെടുത്തിയിട്ടില്ല; ഇംഗ്ലീഷ്സംസ്ക്കാരത്തെപ്പററി പറയുമ്പോൾ വ്യത്യസ്താഭിപ്രായങ്ങൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുലർത്തുന്നവരുണ്ടാവും. നമുക്കു രമ്യപ്പെടാനാവാത്ത ചില ഘടകങ്ങൾ ആ സംസ്കാരത്തിലുണ്ട്, പക്ഷേ, ആ സാഹിത്യത്തെ നാം സ്നേഹിക്കുന്നുണ്ട്.

ഈ പശ്ചാത്തലത്തിൽ നോക്കുമ്പോൾ, ഡോ. കെ. രാധ എഴുതിയ വിധത്തിലുള്ള 'ഇംഗ്ലീഷ് സാഹിത്യചരിത്രം' എത്രയോ മുമ്പ് മലയാളത്തിൽ ഉണ്ടാവേണ്ടതായിരുന്നു എന്നു നമുക്കു തോന്നിപ്പോകും. പക്ഷേ, വ്യക്തികൾക്കു തനിയെ ഏറ്റെടുക്കാവുന്ന ദൗത്യമല്ല അത്. നമ്മുടെ സാംസ്കാരികസ്ഥാപനങ്ങളുടെ കലവറയില്ലാത്ത പിന്തുണയും പ്രോത്സാഹനവുമില്ലാതെ ഇങ്ങനെയുള്ള ശ്രമങ്ങൾ വിജയിക്കുകയില്ല. കേരളസാഹിത്യഅക്കാദമി 'വിശ്വസാഹിത്യചരിത്രഗ്രന്ഥാവലി' എന്ന പരമ്പരയിൽ ഇംഗ്ലീഷ് സാഹിത്യചരിത്രംകൂടി ഉൾപ്പെടുത്തുകയും ഇതു രചിക്കുവാൻ ഡോ. കെ. രാധയെ നിയോഗിക്കയുമാണു ചെയ്തതു്. വളരെക്കാലമായി തിരുവനന്തപുരം ഇംഗ്ലീഷ് ഇൻസ്റ്റിട്യൂട്ടിൽ ഡോ. കെ. രാധ ഇംഗ്ലീഷ് പ്രൊഫസറെന്ന നിലയിൽ ഇംഗ്ലീഷ്സാഹിത്യം പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇപ്രകാരമൊരു ഗ്രന്ഥം രചിക്കുമ്പോൾ ആകെയുള്ള വൈഷമ്യം ഏതെല്ലാം ഉൾപ്പെടുത്തണമെന്നുള്ളതു മാത്രമാണ്. സാഹിത്യവും സാഹിത്യമർമ്മങ്ങളും നിശ്ചയമുള്ളവർക്ക് ഓരോ കൃതിയും ഓരോ വിധത്തിൽ മൂല്യവത്താണ്. ഇംഗ്ലീഷ് സാഹിത്യത്തിൽ പ്രാധാന്യമർഹിക്കുന്നുവെന്നു തനിക്കു തോന്നിയ യാതൊരു ഭാഗവും ഡോ. രാധ വിട്ടുകളഞ്ഞില്ല. തൽഫലമായി ഇംഗ്ലീഷ് സാഹിത്യചരിത്രത്തെ സമഗ്രമായി അവർ അവതരിപ്പിച്ചിരിക്കുന്നു. ഓരോ സാഹിത്യകാരന്റെയും രചനാകൗശലം നമുക്കു പരിചയപ്പെടുത്തിത്തരുന്നു. ഉദ്ധരണികൾ ഉള്ളതു നല്ലതാണ്, പക്ഷേ, ഇതുപോലൊരു ഗ്രന്ഥത്തിൽ ഉൾക്കൊള്ളിക്കാവുന്ന പ്രസക്തഭാഗങ്ങൾക്കുതന്നെയും പരിധിയുണ്ട്.

അധികംപേരും ഇംഗ്ലീഷ് സാഹിത്യചരിത്രം ആരംഭിക്കുന്നതു് ചോസറിന്റെ കാലം മുതല്ക്കാണ്, ചോസറിന്റെ ഭാഷ നമുക്കു കഷ്ടിച്ചു മനസ്സിലാകും; അതിനുമുമ്പുള്ള മദ്ധ്യകാലഭാഷയും പ്രാചീനഭാഷയും ദുർഗ്രഹങ്ങളാണ്. അവ മൃതങ്ങളായി ഭവിക്കയും ചെയ്തു. എങ്കിലും ഡോ. രാധ തന്റെ ചരിത്രം, പ്രാചീന ഇംഗ്ലീഷ് കാലഘട്ടം മുതൽ ആരംഭിച്ചിരിക്കുന്നു; കൃതിയുടെ സമ്പൂർണ്ണതയ്ക്കുവേണ്ടി തുടർന്നു മദ്ധ്യകാല ഇംഗ്ലീഷ് കാലഘട്ടത്തെക്കുറിച്ചു പ്രതിപാദിച്ചിരിക്കുന്നു. ഇംഗ്ലീഷ് സാഹിത്യത്തിലെ പഞ്ചമഹാകവികളാണ്. ചോസർ, സ്പെൻസർ, ഷേക്സ്പിയർ, മിൽട്ടൺ, വേർഡ്സ് വേത്ത് എന്നി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർ. ഇവരിൽ ചോസറും സ്പെൻസറും മഹാപ്രതിഭകളായിരുന്ന വെങ്കിലും ആധുനികരെ അത്ര ഗാഢമായി സ്വാധീനിച്ചിട്ടി ല്ല. മററു മൂന്നുപേരുടെയും നില അതല്ല. ഈ സാഹിത്യപരി ത്രത്തിൽ ചോസറിനെക്കുറിച്ചും സ്പെൻസറിനെക്കുറിച്ചുമുള്ള പഠ നങ്ങൾ കൊടുത്തിട്ടുണ്ട്; പക്ഷേ, അവരുടെ കൃതികളിൽനിന്നു മുള്ള ഉദ്ധരണികൾ ഇന്നുള്ളവർക്ക് അത്ര ആസ്വാദ്യമായി അനുഭ വപ്പെടുകയില്ല. വിശ്വനാടകകൃത്തായ ഷേക്സ്പിയർ ചിരഞ്ജീ വിയാണല്ലോ. അദ്ദേഹത്തെപ്പററി നമുക്കു ധാരാളമറിയാം; എത്ര അറിഞ്ഞാലും നമ്മുടെ ജിജ്ഞാസയ്ക്കു ശമനമുണ്ടാകയുമില്ല. ജോൺമിൽട്ടൺ 'പാരഡൈസ് ലോസ്റ്റി'ന്റെ കവിയെന്ന നില യിൽ ആരാധ്യനാണ്. എങ്കിലും ആധുനികർ അദ്ദേഹത്തെ അർഹിക്കുന്ന വിധത്തിൽ ആദരിക്കുന്നുവെന്നു പറഞ്ഞുകൂടാ. ടി. എസ്. എലിയററിന്റെ അതിഹ്രസ്വമായ 'വേസ്റ്റ്ലാണ്ട്' മഹാകാവ്യം മിൽട്ടന്റെ ദീർഘകാവ്യത്തിനു് ഒരു വെല്ലുവിളിയാ യിത്തീർന്നുവെന്നു കാണാം. ഇംഗ്ലീഷ് സാഹിത്യം സവിശേഷ താല്പര്യത്തോടെ പഠിക്കുന്നവർക്കു മാത്രമെ ഡ്രൈഡൻ, കോൺ ഗ്രീവ്, ഷെറിഡൻ, പോപ്പ് തുടങ്ങിയവരിൽ താല്പര്യം ജനി ക്കയുള്ളു. അതേസമയം തോമസ് ഗ്രേയുടെ 'എലിജി റിട്ടൺ ഇൻ എ കൺട്രി ചർച്ച്യാർഡ്' എന്ന കൃതിയും ഡോ. ജോൺ സന്റെ പഠനങ്ങളും നമ്മിൽ പലരെയും ആകർഷിച്ചിട്ടുണ്ട്.

ഷേക്സ്പിയർകൃതികൾക്കുശേഷം നമ്മുടെ സാഹിത്യലോ കത്തെ ഏററവും ആകർഷിച്ചതു് വാൾട്ടർ സ്കോട്ടാണ്. സ്കോട്ടി ന്റെ 'ഐവാനോ' ഇന്ത്യൻഭാഷാസാഹിത്യങ്ങളിൽ ചെലുത്തി യിട്ടുള്ള പ്രേരണയെപ്പററി ഒരു തീസിസും രചിക്കാവുന്നതാണ്. സി. വി. രാമൻപിള്ളയെ മാർത്താണ്ഡവർമ്മ രചിക്കാൻ പ്രചോദിപ്പിച്ചതു് സ്കോട്ടിന്റെ 'ഐവാനോ' ആയിരുന്നല്ലോ. ചന്തുമേനോൻ ജയിൻഓസ്റ്റിന്റെ 'പ്രൈഡ് ആൻഡ് പ്രീ ജുഡിസ്' വായിച്ചിരുന്നിരിക്കണം; പാർസൻ കോളിൻസും മൂക്കില്ലാത്തു നമ്പൂതിരിപ്പാടും തമ്മിലുള്ള സാമ്യം അവഗണിക്ക ത്തക്കതല്ലെന്നു നമുക്കറിയാം. നേരത്തെ സൂചിപ്പിച്ചതുപോലെ, മലയാളസാഹിത്യത്തെ ഏററവും കൂടുതൽ സ്വാധീനിച്ച ഇംഗ്ലീഷ് സാഹിത്യപ്രസ്ഥാനം 'റൊമാൻറിസിസം' തന്നെ യാണ്. ഷെല്ലിയും കീററ്സും (വേർഡ്സ്വേർത്ത് അത്ര തന്നെയില്ല) നമ്മുടെ ആരാധനാമൂർത്തികളായി. വിക്ടോറിയൻ കവികളിൽ പലർക്കും പ്രിയങ്കരൻ ബ്രൗണിംഗായിരുന്നു; ആശാൻ മാത്രമല്ല, ചങ്ങമ്പുഴയും ബ്രൗണിംഗിനെ ഉപജീവി ച്ചിട്ടുണ്ട്:

ഫീൽഡിംഗ് (പതിനെട്ടാം നൂററാണ്ട്) മുതൽ മൂറിയർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്കോട്ട് (ഇരുപതാം നൂററാണ്ട്) വരെ നീളുന്ന നോവലിസ്റ്റുകളുടെ ഒരു വലിയ പരമ്പരയുണ്ട് ഇംഗ്ലീഷിൽ. ഇവരിൽ സർ വാംട്ടർസ്കോട്ട് കഴിഞ്ഞാൽ പലരെയും ആകർഷിച്ചത് തോമസ്ഹാർഡിയും ജോർജ്ജ് എലിയററുമാണ്. ഈ ശതകത്തിലെ മുപ്പതുകളിൽതന്നെ നമ്മുടെ നോവലിസ്റ്റുകൾ ഫ്രഞ്ച്, റഷ്യൻ നോവലിസ്റ്റുകളുടെ ആകർഷണവലയത്തിലായിക്കഴിഞ്ഞു. തന്മൂലം ഇരുപതാംനൂററാണ്ടിലെ ഇംഗ്ലീഷ്നോവലിസ്ററുകൾക്കു മലയാളനോവലിനെ ഏറെ സ്വാധീനിക്കാൻ കഴിയിതെപോയി. ആർണോൾഡ് ബന്നറി, എച്ച്. ജി. വെൽസ്, ഗാത്സുവേത്തി തുടങ്ങി പലരും ശ്രദ്ധേയരായി. ആധുനിക ഇംഗ്ലീഷ്നാടകകർത്താക്കൾക്ക് ബർണാഡ് ഷാ ഉൾപ്പെടെ ഉള്ളവർക്ക് മലയാളനാടകത്തെ രൂപപ്പെടുത്താനായിട്ടില്ല. ഷെരിഡൻെറ ഏതാനും നാടകങ്ങളെ ആദികാലത്തു നമ്മുടെ ചില നാടകകർത്താക്കൾ അനുകരിച്ചിരുന്നുവെന്നു മാത്രം. പിന്നീടു നാം പ്രചോദനം കൈക്കൊണ്ടതു് യൂറോപ്യൻ നാടകകർത്താക്കളായ പിരാൻഡലോ, ഇബ്സൻ തുടങ്ങിയവരിൽ നിന്നുമാണ്. ആധുനിക മലയാളനാടകകർത്താക്കൾ മാത്രമല്ല, കവികളും നോവലിസ്ററുകളും ചെറുകഥാകൃത്തുക്കളുമെല്ലാം ഇംഗ്ലീഷ്സാഹിത്യകൃതികളിൽനിന്നും ശ്രദ്ധ പിൻവലിച്ചതുപോലെ തോന്നുന്നു. ഇപ്പോൾ യൂറോപ്യൻ, അമേരിക്കൻ, റഷ്യൻ, ലാററിൻ അമേരിക്കൻ സാഹിത്യകൃതികളുമായി സംവദിക്കുന്നതിൽ നമ്മുടെ സാഹിത്യകാരന്മാർ കൂടുതൽ ഔത്സുക്യം പുലർത്തുന്നു. തന്മൂലം, ആധുനിക ഇംഗ്ലീഷ് സാഹിത്യത്തിലെ കുലപതികൾ പലരും—ടി.എസ്. എലിയററ് ഒഴിച്ചുള്ളവർ—നമുക്ക് അപരിചിതരായിത്തീർന്നു. ഇന്നു ഗോൾഡിംഗ് സ്റ്റീഫൻ സ്പെൻഡർ തുടങ്ങിയവർക്കുപോലും നമ്മെ പ്രചോദിപ്പിക്കാൻ കഴിയുന്നില്ല.

പക്ഷേ, ആദ്യകാല ഇംഗ്ലീഷ് സാഹിത്യചരിത്രമെന്നപോലെ ആധുനിക ഇംഗ്ലീഷ് സാഹിത്യചരിത്രവും പഠനീയമാണ്. ഡോ. കെ. രാധയുടെ ഗ്രന്ഥം, ഇംഗ്ലീഷ്സാഹിത്യചരിത്രത്തെ ആകമാനം വീക്ഷിക്കുവാൻ മാത്രമല്ല, ചരിത്രത്തിലെ പ്രദീപ്തമേഖലകളിൽക്കൂടി സഞ്ചരിച്ചു പ്രബുദ്ധരാവാനും നമ്മെ സഹായിക്കുന്നു. അവരുടെ പഠനം സമഗ്രമെന്നപോലെആധികാരികവുമാണ്. ഇതു സമർത്ഥിക്കുന്നതിനു ഈ ഗ്രന്ഥത്തിലെ ഏതെങ്കിലും ഭാഗം വിശേഷിച്ച് ഉദ്ധരിക്കണമെന്നില്ല. ഈ ഗ്രന്ഥം വായിച്ചു കഴിയുമ്പോൾ സാഹിത്യപ്രണയികളിൽ കുറെപ്പേർക്കെങ്കിലും ഒരു കുററബോധം തോന്നാനിടയുണ്ട്. പലതും തേടിപ്പോകുന്നതിനിടയിൽ നമുക്ക് ഇത്ര വിധേയമായ ഇംഗ്ലീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷ് ഭാഷയിലെ ആധുനികസാഹിത്യഗ്രന്ഥങ്ങരം പലതും നാം വായിച്ചുപഠിക്കാൻ കഴിഞ്ഞില്ലല്ലോ എന്നോർക്കു മ്പോരം നാം എത്രയും ചുരുങ്ങിയ കാലത്തിനകം ഏററവും പുതിയവ എത്രയും കൂടുതൽ കണ്ടെത്താനുള്ള ശ്രമത്തിലാണ്. അറിയേണ്ടവ എന്തെന്ന് ഗ്രഹിച്ചു, സാവകാശത്തിൽ അതു പ്രയോഗത്തിൽ വരുത്താൻ നമുക്കു കഴിയുന്നില്ല. ഇരുപതാം നൂററാണ്ടിൽതന്നെ എത്രയോ ശക്തിശാലികളെ ലോകത്തിനു സംഭാവനചെയ്യാൻ ഇംഗ്ലീഷ് സാഹിത്യത്തിനു സാധിച്ചുവെന്ന് ഈ ഗ്രന്ഥം വായിക്കുമ്പോരം നമുക്കു ബോദ്ധ്യം വരുന്നു. ഡി. എച്ച്. ലോറൻസ്, ജയിംസ് ജോയിസ്, ലോറൻസ് ഡുറൽ, സോമർ സെററ് മോം, വില്യം ഗോരംഡിംഗ്, ഗ്രയാം ഗ്രീൻ തുടങ്ങിയ നോവലിസ്റ്റുകരം, ഗാണ്ഡുവേത്തി, ജോർജ്ജ് ബർണാർഡ് ഷാ തുടങ്ങിയ നാടകകൃത്തുക്കരം, എസ്രാ പൗണ്ട്, ഡബ്ലിയു. ബി. യേററ്സ്, ടി. എസ്. എലിയററ്, ഡബ്ലിയു. എച്ച്. ഓഡൻ തുടങ്ങിയ കവികരം. എലിയററ്, കെ. എ. റിച്ചാർഡ്സ്, എഫ്. ആർ. ലീവിസ് തുടങ്ങിയ വിമർശകർ—സമുജ്ജ്വലമാണ് ഇംഗ്ലീഷ് സാഹിത്യതാരാപഥം. അവിടേക്കു ഡോ. കെ. രാധ കേരളത്തിലെ സഹൃദയരെ ആനയിക്കുന്നു.

ഈ ഗ്രന്ഥം അറിവും ആനന്ദവും പകരുന്നു. മാനസികചക്രവാളത്തെ വികസിപ്പിക്കുന്നു. ഇങ്ങനെയൊരു ഗ്രന്ഥം രചിച്ച ഡോ. കെ. രാധയോടുള്ള കടപ്പാട് പ്രകാശിപ്പിച്ചുകൊണ്ടും ഇതിന്റെ നിർമ്മിതിയും പ്രസാധനവും സുസാദ്ധ്യമാക്കിയ കേരളസാഹിത്യഅക്കാദമിയെ അനുമോദിച്ചുകൊണ്ടും കേരളീയ സഹൃദയസമക്ഷം ഇതു് അവതരിപ്പിച്ചുകൊള്ളുന്നു.

കോതമംഗലം
1–8–1989

കെ. എം. തരകൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉള്ളടക്കം

1 പ്രാചീന ഇംഗ്ലീഷ് കാലഘട്ടം 17
കവിത—18, ഗദ്യം—21

2 മദ്ധ്യകാല ഇംഗ്ലീഷ് കാലഘട്ടം 21
കവിത—22, ഗദ്യം—25

3 ചോസർയുഗം 25
ചരിത്രപശ്ചാത്തലം—25, ചോസർയുഗത്തിലെ സാഹിത്യത്തിന്റെ മുഖം—27, കവിത—ചോസർ—27, മററു കവികൾ—32, ഗദ്യം—33

4 ചോസർ മുതൽ സ്പെൻസർ വരെ 35
കവിത—35, നാടകം—37, ഗദ്യം—38

5 സ്പെൻസർ–ഷേക്സ്പിയർ യുഗം 40
ചരിത്രപശ്ചാത്തലം—40, സാഹിത്യത്തിന്റെ സ്വഭാവം—40, കവിതാരംഗം—41, സർ തോമസ് വൈററ്—41, ദി ഏൾ ഓഫ് സറി—42, സർ ഫിലിപ്പ് സിഡ്നി—43, തോമസ് സി വാട്സൺ—43, എഡ്മണ്ട് സ്പെൻസർ—44, ഷേക്സ്പിയർ—47, നാടകം—മുന്നോടികൾ—48, ഷേക്സ്പിയർ—54, ബെൻ ജോൺസൺ—59, ഗദ്യസാഹിത്യം—63

6 മിൽട്ടൺ–ഡ്രൈഡൻ കാലഘട്ടം 68
അഗസ്റ്റൻ കവിത—77, മെററഫിസിക്കൽ കവികൾ—82, പ്രത്യാനയനനാടകം (റെസ്റ്റൊറേഷൻ നാടകം)—89, ഗദ്യം—94

7 പോപ്പ്–ജോൺസൺ കാലഘട്ടം 103
നാടകം—120, ഗദ്യം—123, നോവൽ—130.

8 റൊമാൻറിക് യുഗം 143
നാടകം—163, നോവൽ—164, ഗദ്യസാഹിത്യം—170.

9 വിക്ടോറിയൻ കാലഘട്ടം 178
കവിത—180, നാടകം—204, ഗദ്യം—209, നോവൽ—219

10 ആധുനികയുഗം 247
ആധുനികസാഹിത്യത്തിന്റെ പിറവി—247, കവിത—248, യുദ്ധകാലകവികൾ—259, നാടകം—262, നോവൽ—268, നാനാവിധ ഗദ്യസാഹിത്യം—274, മഹായുദ്ധങ്ങൾക്കിടയിൽ—275, കവിത—276, നാടകം—284, നോവൽ—288, പലവിധ ഗദ്യസാഹിത്യം—297, 1939–നു ശേഷം—കവിത—300, നാടകം—314, നോവൽ—323, നാനാവിധ ഗദ്യസാഹിത്യം—337.

A Select Bibliography 340

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒന്ന്

പ്രാചീന ഇംഗ്ലീഷ് കാലഘട്ടം
(1150 വരെ)

മററു ഭാഷകളുടെ കാര്യത്തിലെന്നപോലെ ഇംഗ്ലീഷ്ഭാഷയുടെ ഉല്പത്തിയും തക്ക്വിഷയമാണ്. ജഫ്രി ചോസർ (1340 ?—1400)മുതൽ ഇംഗ്ലീഷ്സാഹിത്യം ആരംഭിക്കുന്നുവെന്നാണ് പല പണ്ഡിതൻമാരുടെയും അഭിപ്രായം. ഇന്നത്തെ വായനക്കാരനു് കുറെയെങ്കിലും മനസ്സിലാക്കാവുന്ന ആദ്യത്തെ ഇംഗ്ലീഷ് എഴുത്തുകാരൻ ചോസറാണ് എന്നാണ് അവരുടെ മതം. പ്രാചീന ഇംഗ്ലീഷും, ചോസർ ഒഴിച്ചുള്ള മദ്ധ്യകാല ഇംഗ്ലീഷും വിദേശഭാഷകളായിയെ പുതിയ തലമുറക്കു തോന്നൂ.

പക്ഷേ, ഈ അഭിപ്രായം പൊതുവെ അംഗീകരിച്ചിട്ടില്ല. കാരണം പ്രാചീന ഇംഗ്ലീഷിൽനിന്നും മദ്ധ്യകാല ഇംഗ്ലീഷിൽനിന്നും നേരെ അവതീണ്ണമായതാണ് ആധുനിക ഇംഗ്ലീഷ്ഭാഷ. അന്യഭാഷകളുടെ പദസഞ്ചയത്തിനു വാക്കുകൾ സംഭാവന നൽകിയതുപോലെ, ഇതര ഭാഷകളിൽനിന്നു് പദങ്ങൾ സ്വീകരിക്കുന്നതിനും ഇംഗ്ലീഷിനു മടി ഉണ്ടായിരുന്നില്ല. ഭാഷയുടെ കാര്യത്തിൽ യുഗങ്ങളായി അനുവത്തിച്ചുപോന്ന ഈ കൊടുക്കൽ വാങ്ങൽനയം ഇംഗ്ലീഷിനെ മാത്രമല്ല ധന്യമാക്കിയതു്. ഇംഗ്ലണ്ടുമായി രാഷ്ട്രീയ—വാണിജ്യ ബന്ധങ്ങളിലേർപ്പെട്ടിരുന്ന രാജ്യങ്ങളിലെ ഭാഷകളും ഇതുമൂലം അഭിവൃദ്ധിപ്പെട്ടു. എന്നിരുന്നാലും ഇംഗ്ലീഷിൻെറ യഥാത്ഥ പൂവ്വികർ പ്രാചീന ഇംഗ്ലീഷും, മദ്ധ്യകാല ഇംഗ്ലീഷുമാണെന്ന സത്യം അവശേഷിക്കുന്നു. ആധുനിക ഇംഗ്ലീഷിൻെറ പരിണാമത്തിൽ മററു് ഏതു ഭാഷകളെക്കാളുമധികം പ്രവത്തിച്ചിട്ടുള്ളതു് ഇവ രണ്ടുമാണ്.

പ്രാചീന ഇംഗ്ലീഷിൽ ആരംഭിക്കാം. അഞ്ചാം നൂററാണ്ടിൽ തുടങ്ങി, 1066—ൽ നോർമൻകാർ ബ്രിട്ടൻ കീഴടക്കുന്നതുവരെയോ, അങ്ങേയററം 1154 വരെയോ ആണ് പ്രാചീന ഇംഗ്ലീഷ് കാലഘട്ടം. ചരിത്രപരമായി നോക്കുമ്പോൾ 410-ൽ റോമാക്കാർ ബ്രിട്ടൻ വിട്ടതിനു ശേഷമുള്ള സംഭവബഹുലമായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരു കാലഘട്ടമാണിതു്. പാക്ററസിൻെറയും, സ്കോട്ട്സിൻെറയും ബ്രിട്ടീഷ് ആക്രമണം, ആറാം നൂററാണ്ടിലെ ആംഗിൾസ്കാരുടെ ആക്രമണം, കുടിയേറിപ്പാർപ്പ്, ഇംഗ്ലണ്ടിലെ ക്രൈസ്തവേതരരായ ആദിവാസികളുടെ ക്രിസ്തുമതത്തിലേക്കുള്ള പരിവർത്തനം, ഒൻപതാം നൂററാണ്ടിലെ ഡേനിഷ് ആക്രമണം, ഇംഗ്ലീഷ് നാട്ടുരാജ്യങ്ങളിൽ വെസെക്സിൻെറ അഭ്യുന്നതി, മഹാനായ ആൽഫ്രഡ് രാജാവിൻെറ വാഴ്ച, നോർമൻ ആക്രമണം തുടങ്ങിയ സംഭവങ്ങളൊക്കെ ഇക്കാലത്താണ് നടന്നതു്.

ഈ കാലഘട്ടത്തിലെ ആദ്യകാലകാവ്യങ്ങൾക്ക് വൈദേശികമായ ഉല്പത്തിസ്ഥാനം ഉണ്ടെന്നു വ്യക്തമാണ്, മററു ഭാഷകളിലെന്നപോലെ ഇംഗ്ലീഷിലെയും ആദ്യകാലകൃതികളെല്ലാം പദ്യമാണ്. കവികൾതന്നെ കവിത ചൊല്ലിനടക്കുന്ന രീതിയായിരുന്നു ആദ്യമൊക്കെ നിലവിലിരുന്നതു്. പിൽക്കാലത്തു് കാവ്യങ്ങൾ എഴുതി സൂക്ഷിക്കുന്ന സമ്പ്രദായമുണ്ടാകുന്നതുവരെ ഈ വാമൊഴിപാരമ്പര്യം തുടന്നു. അങ്ങനെ നോക്കുമ്പോൾ വാമൊഴിയിൽനിന്നു് കാവ്യം വരമൊഴിയായിത്തീന്നതു നീണ്ട ഒരു കാലഘട്ടത്തിലുള്ളതാണെന്നു കാണാം. ഇംഗ്ലണ്ട് ക്രിസ്തുമതം സ്വീകരിച്ചുകഴിഞ്ഞശേഷം ക്രിസ്തീയപുരോഹിതൻമാർ ആയിരിക്കണം കാവ്യങ്ങൾ എഴുതി സൂക്ഷിക്കുന്ന രീതി ആവിഷ്കരിച്ചതു്. അന്യമതവിശ്വാസികളുടെ മൗലികകൃതികളിൽ പോലും ക്രിസ്തീയാദർശങ്ങൾ തെളിഞ്ഞുനില്ക്കാനിടയായതു് അങ്ങനെയാണ്. ആദ്യകാലകൃതികൾ മനസ്സിലാക്കാൻ ബുദ്ധിമുട്ട് പ്രത്യേകിച്ചും രണ്ടു വിധത്തിലുണ്ട്. അവയിലൊന്നു് അന്നു് ഭാഷാഭേദങ്ങൾ നിലനിന്നിരുന്നുവെന്നതാണ്. അന്നത്തെ നാലു പ്രധാന ഭാഷാഭേദങ്ങൾ വ്യക്തമായി തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്. രണ്ടാമത്തെ പ്രശ്നം ആധുനിക ഇംഗ്ലീഷിനെ അപേക്ഷിച്ച് അന്നത്തെ വ്യാകരണനിയമങ്ങൾ കൂടുതൽ സങ്കീർണ്ണമായിരുന്നു എന്നതാണ്. ധാതുരൂപങ്ങളും വിഭക്തിരൂപങ്ങളും ഇന്നത്തെക്കാൾ എത്രയോ അധികമായിരുന്നു അന്നു്.

കവിത

ആദ്യകാല ഇംഗ്ലീഷ്കവിതകൾ നീണ്ട വരികളായിട്ടാണ് രചിക്കപ്പെട്ടതു്. പാദങ്ങൾക്കു പ്രാസം ദീക്ഷിച്ചിരുന്നില്ലെങ്കിലും ശബ്ദാനുപ്രാസം പ്രകടമായിരുന്നു. ഘടകപദങ്ങൾ വളരെയധികം അന്നത്തെ കാവ്യങ്ങളിൽ ഉപയോഗിച്ചിരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉദാഹരണത്തിനു് ശരീരമെന്ന അർത്ഥത്തിൽ ''ബോൺ ചേംബർ'' എന്നും കടലിനു് ''ദ് വെയ്ൽസ് റോഡ്''' എന്നും ആദികവികൾ പ്രയോഗിച്ചിരുന്നതു്.

ഉൽകൃഷ്ടമായ പ്രാചീന ഇംഗ്ലീഷ്കാവ്യമാണു് ബേയോവുൾഫ്. ഇതിൻെറ കർത്താവിനെക്കുറിച്ചോ, രചനാകാലത്തെക്കുറിച്ചോ സൂക്ഷ്മമായ വിവരമൊന്നും ലഭിക്കുന്നില്ല. ഒരു പക്ഷേ, ഇതു് ഇംഗ്ലീഷുകാരുടെ ഡെൻമാർക്ക്, ദക്ഷിണസ്വീഡൻ എന്നിവിടങ്ങളിലുള്ള പൂർവ്വികരുടെ നാടോടിഗാനങ്ങളിൽ ഉൾപ്പെട്ടിരുന്നതാകാം. അവിടെനിന്നു് ബ്രിട്ടൻ കീഴടക്കാൻ വന്നവരിൽ നിന്നായിരിക്കണം ഈ നാടോടിഗാനങ്ങൾ ഇംഗ്ലണ്ടിൽ പ്രചരിച്ചതു്. എട്ടാം നൂററാണ്ടോടുകൂടി ഒരു നോർത്തംബ്രിയൻ പുരോഹിതൻ ഇവ സമാഹരിച്ചു് ഒരു നീണ്ട കാവ്യത്തിൻെറ രൂപത്തിലാക്കിയതാകണം. അന്നത്തെ ജീവിതത്തെക്കുറിച്ചു് സാമാന്യം വിശദമായ അറിവു നൽകുന്ന ഒരേയൊരു കാവ്യം ബേയോവുൾഫാണു്. ഇതിലും ധർമ്മോപദേശങ്ങൾ തിരുകിക്കയററിയിട്ടുള്ളതായി കാണാം. ഇതിലെ നായകനു് ഒരു മദ്ധ്യകാല ക്രിസ്ത്യൻ മാടമ്പി(Knight)യോടു് സാദൃശ്യമില്ലാതില്ല.

മൂവായിരത്തി ഇരുനൂറോളം വരികളുള്ള ഈ നീണ്ടകാവ്യത്തെ ഒരു ഇതിഹാസമെന്നാണു് പറയുന്നതു്. അതു ശരിയുമാണു്. ഇംഗ്ലീഷിലെ ഒന്നാമത്തെ ഇതിഹാസമെന്നു് അവകാശപ്പെടാൻ ഇതിനു പല ന്യായങ്ങളുമുണ്ടു്. ഒരു യഥാർത്ഥ ഇതിഹാസനായകനായ ബേയോവുൾഫിൻെറ ധീരോദാത്തമായ സാഹസങ്ങളാണു് കാവ്യത്തിൽ വിവരിക്കുന്നതു്. എഗ്ജ്തിയോവിൻെറ പുത്രനും ദക്ഷിണസ്വീഡനിലെ ജിയാററ്സ് വംശജരുടെ രാജാവായ ഹിജെലാക്കിൻെറ ഭാഗിനേയനുമാണു് ബേയോവുൾഫ്. ഡേനിഷ്‌രാജാവായ ഹ്രോത്ഗറിൻെറ സദസ്സിൽ ഗ്രെൻഡെൽ എന്ന ഭീകരസത്വം വരുത്തിവച്ച നാശനഷ്ടങ്ങളെക്കുറിച്ചു് അറിയുന്ന ബേയോവുൾഫ് ഹ്രോത്ഗറിനെ രക്ഷിക്കാൻ പുറപ്പെടുന്നു. ബേയോവുൾഫുമായുള്ള മൽപ്പിടുത്തത്തിൽ ഗ്രെൻഡലിനു മാരകമായി മുറിവേൽക്കുന്നു. ബേയോവുൾഫിനോടു പ്രതികാരംചെയ്യാനുറച്ച ഗ്രൻഡലിൻെറ മാതാവു് ഹ്രോത്ഗറിൻെറ സദസ്സിൽ കടന്നു് ഒരു കൗൺസെലറെ പിടിച്ചുകൊണ്ടു പോകുന്നു. അവരെ പിൻതുടൻ ബേയോവുൾഫ് ഒരു ഘോരയുദ്ധത്തിൽ അവരെ വധിക്കുന്നു.

സ്വരാജ്യത്തു തിരിച്ചെത്തിയ ബേയോവുൾഫ് ഹിജെലാക്കിൻെറയും അദ്ദേഹത്തിൻെറ പുത്രൻെറയും മരണശേഷം അവിടത്തെ രാജാവാകുകയും അമ്പതു വർഷം ഭരണം നടത്തുകയും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചെയ്യുന്നു. തീ തുപ്പുന്ന ഒരു വ്യാളിയുമായുള്ള ഏററുമുട്ടലിൽ വ്യാളി കൊല്ലപ്പെട്ടുന്നെങ്കിലും ബേയോവുൾഫിനു് ഗുരുതരമായ പരിക്കേൽക്കുന്നു. ബേയോവുൾഫിൻെറ ശവദാഹത്തെക്കുറിച്ചുള്ള വിവരണത്തോടെയാണു കാവ്യം അവസാനിക്കുന്നതു്. ഇതിഹാസത്തിനു ചേൎന്ന ശക്തവും ഉദാത്തവുമായ ഭാഷയാണു് കാവ്യത്തിൽ ഉപയോഗിച്ചിരിക്കുന്നതു്.

ബേയോവുൾഫ് കഴിഞ്ഞാൽ മുന്നിട്ടുനിൽക്കുന്ന പ്രധാന ഇനം ക്രിസ്തീയകാവ്യങ്ങളാണു്. കാഡ്മൻ, കചിനെവുൾഫ് എന്നിവരുടെ കവനങ്ങളാണു് ഇവയിൽ മുഖ്യം. ആറാം നൂററാണ്ടുകാരനായ കാഡ്മനെക്കുറിച്ചു പറയുന്നതു് ഏതോ ദൈവാനുഗ്രഹംപോലെ അപ്രതീക്ഷിതമായി വന്നുചേൎന്നതാണു് അദ്ദേഹത്തിൻെറ കവിതപസിദ്ധി എന്നാണു്. അദ്ദേഹത്തിൻേറതെന്നു് പറയപ്പെടുന്ന കാവ്യങ്ങളിലെല്ലാം ഉല്പത്തി, പുറപ്പാടു്, ഡാനിയേൽ തുടങ്ങിയ ബൈബിൾഗ്രന്ഥങ്ങളിലെ പ്രമേയങ്ങളാണു് കൈകാര്യം ചെയ്തിരിക്കുന്നതു്, കാഡ്മൻേറതെന്നു് ആധികാരികമായി പറയാവുന്ന ഒരേ ഒരു കൃതി ഒരു സ്തവമാണു്. ഒരുകാലത്തു് അദ്ദേഹത്തിൻേറതെന്നു കരുതപ്പെട്ടിരുന്ന പല കൃതികളും പിൽക്കാലസൃഷ്ടികളാണെന്നാണു് പണ്ഡിതന്മാരുടെ നിഗമനം.

എട്ടാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന കചിനേവുൾഫ് ക്രിസ്തീയാശയങ്ങൾ ഉൾക്കൊള്ളിച്ചു് നാലു കാവ്യങ്ങൾ രചിച്ചതായി കരുതുന്നു. സ്വർഗ്ഗാരോഹണം, സെയ്ൻറ് ജൂലിയാനയുടെ പുരാണം, ''എലീനേ'' അഥവാ കോൺസ്റ്റൻൈറൻെറ മാതാവായ ഹെലീനാചക്രവൎത്തിനിയുടെ കൊലമരത്തെക്കുറിച്ചുള്ള വാസ്തവകഥ, അപ്പോസ്തോലന്മാരുടെ ദൗർഭഗ്യം എന്നിവയെക്കുറിച്ചാണു് ഈ കവിതകൾ. ഇവയിൽ ''എലീനേ''യാണു് ഉൽകൃഷ്ടം. ''ഡ്രീം ഓഫ് ദ റൂഡ്''' എന്ന പ്രസിദ്ധ കാവ്യത്തിൻെറ കൎത്താവും കചിനേവുൾഫതന്നെയാണെന്നു പറയുന്നു.

ക്രിസ്തുമതമൂലകങ്ങൾ തിരുകിക്കയററാത്ത പ്രാചീന കാവ്യങ്ങൾ ദേശഭക്തിഗാനങ്ങളും, വിലാപകാവ്യങ്ങളുമാണു്. ''വിഡ്സീത്'''(വിദൂരയാത്രികൻ)'' ''വാൾഡെറേ'', ''ദ് ഫൈററ് അററ് ഫിൻസ് ബുർഹ്,'' ''ദ ബാററിൽ ഓഫ് മാൾഡൻ'' എന്നിവയൊക്കെ ദേശഭക്തിഗീതങ്ങളിൽപ്പെടുന്നു. ''ദ വാൺഡറർ'', ''ദ സീ ഫെയറർ'', ''വൈഫ്സ് ലമൻറ്,'' ''ഹസ്ബെൻറ്സ് മെസേജ്''' തുടങ്ങിയവയാണു് വിലാപകാവ്യങ്ങൾ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗദ്യം

സംസാരഭാഷയോടടുത്തു നില്ക്കുന്നതിനാൽ ഗദ്യം പദ്യത്തേക്കാൾ സുഗ്രാഹ്യമാണ്. ഇംഗ്ലീഷ്ഗദ്യത്തിന്റെ കാര്യത്തിലും ഇതു ബാധകമാണ്. ഇംഗ്ലീഷ്ഗദ്യത്തിന്റെ പിതാവെന്നു വിളിക്കപ്പെടുന്ന ആൽഫ്രഡ്‌രാജാവ് (849—901) ഇംഗ്ലീഷ് ഗദ്യകാരന്മാരിൽ പ്രമുഖനാണ്. ശിക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും ലാററിൻക്ലാസ്സിക്കുകൾ സംരക്ഷിക്കുന്നതിനുമായി ധാരാളം കൃതികൾ ''ഏവർക്കും മനസ്സിലാകുന്ന ഭാഷ''യിലേക്ക് അദ്ദേഹം വിവർത്തനം ചെയ്തു. പോപ്പ് ഗ്രിഗറിയുടെ പാസ്റ്ററൽ കെയർ, ഒറോസിയസിന്റെ ഹിസ്റ്ററി ഓഫ് ദ വേൾഡ്, വെനറബ്ൾ ബീഡിന്റെ ഇക്ലീസിയാസ്റ്റിക്കൽ ഹിസ്റ്ററി, ബോഥിയസിന്റെ കൺസൊലേഷൻ ഓഫ് ഫിലോസഫി, സെയ്ൻറ് അഗസ്റ്റിന്റെ സോളിലക്കീസ് എന്നിവയാണ് ആൽഫ്രഡ് വിവർത്തനം ചെയ്ത അഞ്ചു പ്രധാന കൃതികൾ. ആങ്ഗ്ലോസാക്സൺ ക്രോണിക്ക്ൾ ആണ് അദ്ദേഹത്തിന്റെ ഏററവും പ്രധാനപ്പെട്ട സംഭാവന. ഈ ദേശചരിത്രത്തിന്റെ നിരവധി പാഠഭേദങ്ങളിൽ ഒരെണ്ണം 1154 വരെ തുടർന്നിട്ടുണ്ട്. ക്രോണിക്ക്ൾ എന്ന മറെറാരു ഗ്രന്ഥത്തിന്റെ കുറെ ഭാഗങ്ങളും ആൽഫ്രഡ്തന്നെ രചിച്ചതാണെന്നു കരുതപ്പെടുന്നു.

ഗദ്യരചയിതാക്കളിൽ ഗ്രാമർ, ഏതാനും സുവിശേഷങ്ങൾ, ലൈവ്സ് ഓഫ് ദ സെയ്ൻറ്സ്, കൊളോക്കി എന്നിവയുടെ കർത്താവായ ആൽഫ്രിക്ക്, സെർമോ ലൂയി അഡ് ആങ്ഗ്ലൂസ് എന്ന ഗ്രന്ഥത്തിന്റെ കർത്താവായ വുൾഫ്സ്റ്റൻ എന്നിവരുടെ പേരുകൾ പ്രത്യേകം പരാമർശമർഹിക്കുന്നു. ഇരുവരും ഉന്നതസ്ഥാനമലങ്കരിച്ച വൈദികരായിരുന്നു.

6751

രണ്ട്

മധ്യകാല ഇംഗ്ലീഷ് കാലഘട്ടം

(1150—1340)

1066–ലെ നോർമൻകാരുടെ ബ്രിട്ടീഷ് ആക്രമണം ബ്രിട്ടന്റെ രാഷ്ട്രീയചരിത്രത്തിൽ മാത്രമല്ല, ഭാഷാസാഹിത്യചരിത്രത്തിലും നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രിട്ടൻ കീഴടക്കപ്പെട്ടതോടെ ഫ്രഞ്ച് അവിടത്തെ ഔദ്യോഗിക ഭാഷയായിത്തീരുകയും ദേശീയഭാഷയായ ഇംഗ്ലീഷ് പ്രാദേശികഘടകമായി തരം താഴുകയും ചെയ്തു. ശ്രദ്ധേയങ്ങളായ കൃതികളൊന്നും അക്കാലത്തുണ്ടായില്ലെന്നതിൽ അതിശയിക്കാനില്ല. മുൻ ആക്രമണകാരികളെ അപേക്ഷിച്ച് ഇപ്പോൾ വന്നവർ പരിഷ്കാരികളും സംസ്കാരസമ്പന്നരുമായിരുന്നു. അവർ സ്വന്തമാക്കിയ നാട്ടിൽ അവരുടേതായ ശീലങ്ങളും ഭാഷയും ജീവിതരീതിയും പ്രചരിപ്പിക്കുമെന്നു ന്യായമായും പ്രതീക്ഷിക്കാവുന്നതാണ്. എന്നാൽ അതുണ്ടായില്ല. ധാരാളം ഫ്രഞ്ച് പദങ്ങൾ ഇംഗ്ലീഷിലേക്കു കടന്നുവരികയും, ഉന്നതശ്രേണിയിലുള്ള ഇംഗ്ലീഷുകാർ അവരുടെ ആചാരങ്ങൾ ഒട്ടൊക്കെ ''ഫ്രഞ്ചിഫൈ'' ചെയ്യുകയുമുണ്ടായി. എങ്കിലും കാലക്രമേണ ഇംഗ്ലീഷുകാർ ഫ്രഞ്ചിന്റെ സ്വാധീനവലയത്തിലാവുന്നതിനു പകരം ഫ്രഞ്ചുകാർ ഇംഗ്ലീഷ് രീതിക്കാരായിത്തീരുകയാണുണ്ടായത്.

രണ്ടു സംസ്കാരങ്ങളും ലയിച്ചുചേരുന്നതിനു കുറെക്കാലം വേണ്ടിവന്നു. നോർമൻ ആക്രമണത്തിനും ചോസർക്കുമിടയ്ക്കുള്ള മുന്നൂറുകൊല്ലക്കാലത്തിനിടയ്ക്ക് ശ്രേഷ്ഠമെന്നു പറയാവുന്ന കൃതികളൊന്നും ഇംഗ്ലീഷിലുണ്ടായില്ല. എന്നാൽ സമരസപ്പെട്ടുപോകാൻ മടിച്ചുനിന്ന രണ്ടു ഭാഷകളുടെയുമിടയ്ക്ക് ഒരു പുതിയ ദേശീയഭാഷ സാവധാനം ഉയർന്നുവന്നു. പുതിയ ഈ ഭാഷ കീഴടക്കിയവരുടെ ഭാഷയെ ക്രമേണ പുറംതള്ളി.

മധ്യകാല ഇംഗ്ലീഷ് എന്നു വിളിക്കുന്ന പുതിയ ഭാഷയെ കുറെക്കൂടി അടുത്തുനിന്നു കാണാൻ ശ്രമിക്കാം. പ്രാചീന ഇംഗ്ലീഷിനും ആധുനിക ഇംഗ്ലീഷിനുമിടയ്ക്കുള്ള ഒരു പരിവർത്തനഭാഷയാണ് മധ്യകാല ഇംഗ്ലീഷ്. ഇതിൽ ഫ്രഞ്ചുകൃതികളുടെയും ലാററിൻകൃതികളുടെയും സ്വാധീനം സ്പഷ്ടമാണെങ്കിലും, പല എഴുത്തുകാരും കൂടുതൽ പ്രേരണ ഉൾക്കൊണ്ടതു് കഴിഞ്ഞ യുഗത്തിലെ തദ്ദേശീയരായ എഴുത്തുകാരിൽനിന്നാണെന്നു വ്യക്തമായിരുന്നു. ഇക്കാലത്തെ കൃതികളിൽ പലതും അജ്ഞാതകർത്തൃകങ്ങളാണ്. മുമ്പു സൂചിപ്പിച്ചതുപോലെ ഗദ്യത്തെക്കാളധികം പദ്യകൃതികളാണു ഈ കാലഘട്ടത്തിലുണ്ടായതു്.

കവിത

പ്രാചീന ഇംഗ്ലീഷ്കവിതയിലെന്നപോലെ ഇതിലും അനുപ്രാസം വളരെയുണ്ടു്. ഫ്രഞ്ച്രീതിയനുസരിച്ചുള്ള പ്രാസവും ചിലയിടങ്ങളിൽ കാണുന്നു. അലൗകികപരിവേഷം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൂണ്ട ഇതിഹാസനായകൻമാരുടെയും ധീരയോദ്ധാക്കളുടെയും സാഹസകൃത്യങ്ങൾ വിവരിക്കുന്ന റൊമാൻസുകൾക്കായിരുന്നു ഏറെ പ്രചാരം.

ഇത്തരം റൊമാൻസുകളിൽ അന്നത്തെ സാധാരണജനങ്ങൾക്ക് ഏറെ പ്രിയങ്കരമായിത്തോന്നിയതു് ആർതറെ സംബന്ധിച്ച ഐതിഹ്യങ്ങളായിരുന്നു. ബ്രിട്ടീഷ്ഐതിഹ്യങ്ങളിൽ ഏററവും ജനസമ്മതി നേടിയ വീരനായകനായിരുന്നു ആർതർ രാജാവ്. ആർതറെ സംബന്ധിച്ച മിക്ക ഐതിഹ്യങ്ങളും കെൽററിക് ഭാഷയിൽനിന്നു് വന്നിട്ടുള്ളതാണ്. ആർതറിനെപ്പററിയുള്ള ഐതിഹ്യങ്ങൾ ബ്രിട്ടനിലും യൂറോപ്പിലും ഏറെ പ്രചാരം നേടിയിരുന്നു. ഇംഗ്ലീഷുകാരുടെ വീരനായകനായി ആർതറിനെ ചിത്രീകരിക്കുന്ന റൊമാൻസുകളിലെല്ലാം ദേശഭക്തിയുടെ ഊഷ്മളത അനുഭവപ്പെടുന്നു. ''ആർതൂറിയൻ'' ഐതിഹ്യങ്ങളോടുള്ള ഈ അമിത താല്പര്യം ഇംഗ്ലീഷ് സാഹിത്യചരിത്രത്തിൽ അങ്ങോളമിങ്ങോളം തെളിഞ്ഞു കാണുന്നു. തോമസ് മാലറി, എഡ്മണ്ട് സ്പെൻസർ, ജോൺ മിൽട്ടൺ, ജോൺ ഡ്രൈഡൻ, ലോർഡ് ടെനിസൺ എന്നിവരൊക്കെ ആർതർരാജാവിൻെറ കഥകളെ ഉപജീവിച്ച കാവ്യരചന നടത്തിയിട്ടുണ്ട്.

കിങ്ഹോൺ, ഹാവ്ലക്, ദ ഡെയ്ൻ, ഗൈ ഓഫ് വാറിക്, ബെവിസ് ഓഫ് ഹാംപ്ടൺ, റിച്ചേഡ് ദ ലയൺ ഹാർട്ടെഡ് തുടങ്ങിയ ചരിത്രറൊമാൻസുകളും ജനസമ്മതി ആർജ്ജിച്ചവയാണ്.

യൂറോപ്പിലെ വീരനായകന്മാരുടെ മഹത്തായ നേട്ടങ്ങളെ കുറിച്ചുള്ള റൊമാൻസുകൾ വേറെയും അനവധിയുണ്ടായിരുന്നു. ക്ലാസ്സിക്കൽ കാലഘട്ടവുമായി ബന്ധപ്പെടുത്തിയ റൊമാൻസുകളാണ് കിങ് അലക്സാണ്ടറും ദ ഡിസ്ട്രക്ഷൻ ഓഫ് ട്രോയിയും. ഷാർലിമെയ്ൻ സംബന്ധിയായ ഐതിഹ്യങ്ങൾ, അമിസ് ആൻറ് ആമിലൂൺ, വില്യം ഓഫ് പാലമി എന്നിവയും അന്നു പ്രചുരപ്രചാരം സിദ്ധിച്ചിരുന്ന റൊമാൻറിക് കൃതികളാണ്. ഇതൊക്കെയാണെങ്കിലും മധ്യകാലത്തെ ഏററവും ശ്രേഷ്ഠമായ റോമാൻസ് സർ ഗവെയ്ൻ ആൻറ് ദ ഗ്രീൻ നൈററ് ആണെന്നതിനു സംശയമില്ല. അനുപ്രാസത്തോടുള്ള നീണ്ട വരികളിലാണ് ഇതു രചിച്ചിരിക്കുന്നതു്. ഉൽകൃഷ്ടമായ കഥയും സുന്ദരമായ വിവരണവും യഥാർത്ഥമായ പാത്രാവിഷ്കാരവും ഇതിനെ ശ്രദ്ധേയമാക്കുന്നു.

ചരിത്രസംഭവങ്ങൾ ഉൾക്കൊള്ളുന്ന കാവ്യങ്ങളാണ് അന്നത്തെ മറെറാരു വിഭാഗം കൃതികൾ. അവ ചരിത്രസംഭവങ്ങളാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണെന്നു തൽക്കർത്താക്കരം അവകാശപ്പെടുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ അവയും ഐതിഹ്യങ്ങളാണ്. അവിശ്വസനീയമായ കഥകളും ധീരസാഹസകൃത്യങ്ങളുംകൊണ്ട് അവ നിറഞ്ഞിരിക്കുന്നു. വൂസ്ററർ ഷയറിലെ ലയമൺ എന്ന ഇടവക വികാരിയുടെ ബ്രൂട്ട് എന്ന കൃതിയാണ് ചരിത്രകൃതികളിൽ (ക്രോണിക്ക്ൾസ്) പ്രധാനം. ഈനിയസ്മുതൽക്കുള്ള ബ്രിട്ടന്റെ ഐതിഹാസികചരിത്രം ഉരംക്കൊള്ളിച്ചുകൊണ്ടെഴുതിയിരിക്കുന്ന ഈ കാവ്യം മുപ്പതിനായിരത്തോളം വരികളിലായി നീണ്ടുകിടക്കുന്നു. ഈനിയസിന്റെ അനന്തരഗാമിയും, ബ്രിട്ടീഷുകാരുടെ പിതാമഹനെന്നു കരുതപ്പെടുന്നവനുമായ ബ്രൂട്ടസ് തുടങ്ങി, അവസാനത്തെ നാട്ടുരാജാവായ കഡ്വലാഡറുടെ അന്ത്യംവരെയുള്ള ചരിത്രം ഇതിൽ അടങ്ങിയിരിക്കുന്നു. അനുപ്രാസം ദീക്ഷിച്ചിരിക്കുന്നതിനു പുറമെ അവിടവിടെ പ്രാസവും, ശബ്ദസാദൃശ്യവും വരുത്തിയാണ് കാവ്യം ചമച്ചിരിക്കുന്നതു്. 1205–ൽ ആയിരിക്കണം ഇതിന്റെ രചന പൂർത്തിയായതെന്നു കരുതാം.

13–ാംനൂററാണ്ടിന്റെ അവസാനത്തോടെ ഗ്ലൂസ്റ്ററിലെ ഒരു ക്രിസ്ത്യൻ സന്ന്യാസിയായ റോബർട്ട് രചിച്ച പ്രാസനിബദ്ധമായ പുരാവൃത്താഖ്യാനമാണ് റോബർട്ട് ഓഫ് ഗ്ലൂസ്റ്റർ. ഈ വിഭാഗത്തിൽപ്പെടുന്ന മറെറാരു കൃതിയാണ് ബൂണിലെ റോബർട്ട്മാനിങ്ങിന്റെ ദ റൈമിങ് ഹിസ്റ്ററി ഓഫ് ഇംഗ്ലണ്ട് (1338).

മതപരവും പ്രബോധനപരവുമായ കാവ്യങ്ങരം മധ്യകാല ഇംഗ്ലീഷ്കവിതയിലെ മറെറാരു വിഭാഗമാണ്. പതിനായിരത്തോളം വരികളുള്ള ഓർമൂലം (1215) ഛന്ദോബദ്ധമായ ധർമ്മോപദേശങ്ങളാണ്. പ്രാസമോ, അനുപ്രാസമോ, ഇതിൽ ദീക്ഷിച്ചിട്ടില്ല. ''ഓം [Orm] എഴുതിയതിനാൽ ഓർമൂലം എന്നിതിനെ വിളിക്കുന്നു'' എന്നാണ് ഗ്രന്ഥകർത്താവുതന്നെ പറയുന്നതു്. അജ്ഞാതകർത്തൃകമായ ദി ഔൾ ആൻറ് ദ നൈററിംഗേൽ ഒരു രാപ്പാടിയും മൂങ്ങയും തമ്മിലുള്ള നീണ്ടതും ഓജസ്സുററതുമായ വാദപ്രതിവാദമാണ്. ഇതിലെ രാപ്പാടി ജീവിതത്തിലെ ദീപ്തമായ അനുഭൂതികളെ പ്രതിനിധാനം ചെയ്യുമ്പോരം മൂങ്ങ പ്രത്യുൽപന്നമതിത്വത്തിനും, സംയമത്തിനും വേണ്ടി നിലകൊള്ളുന്നു. നീളം കുറഞ്ഞതും പ്രാസബദ്ധവുമായ ഈരടികളായിട്ടാണ് ഇതിന്റെ ഘടന. പഴയനിയമത്തിലും പുതിയനിയമത്തിലുംനിന്നുള്ള കഥകളും ക്രിസ്തുമതചരിത്രസംഭവങ്ങളുമാണ് പതിന്നാലാം നൂററാണ്ടിന്റെ ആരംഭത്തിലുണ്ടായ ദ്കർസർമുണ്ടിയുടെ ഉള്ളടക്കം. ഈ കാലഘട്ടത്തിലെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മനോഹരമായ മതാധിഷ്ഠിതകാവ്യങ്ങളിൽ ഒന്നാണ് പേരം. കവിക്കു കൈമോശം വരുന്ന അമൂല്യമായ ഒരു മുത്ത് വെളിപാടിൽക്കൂടി കാണുന്നതിനെ പ്രതിപാദിക്കുന്നതാണ് അന്യാപദേശരൂപത്തിലുള്ള ഈ കാവ്യം. കലാമൂല്യം പരിഗണിക്കുമ്പോരം, മനോജ്ഞമായ ഖണ്ഡങ്ങളും അഗാധമായ അനുഭൂതികളും നിറഞ്ഞ കുററമററ ഒരു കൃതിയാണ് പേരം എന്നു പറയാം.

ഗദ്യം

ആങ്ക്രൻ റിവ്‌ലേ അഥവാ ആങ്കറസ്സിൻെറ ശാസനമാണ് മധ്യകാല ഇംഗ്ലീഷ്ഗദ്യസാഹിത്യത്തിലെ മെച്ചപ്പെട്ട കൃതി. ഭക്തിമാർഗ്ഗത്തിലേക്കു കടക്കുന്ന മൂന്നു കുലീനവനിതകരംക്കു നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ രൂപത്തിലുള്ള ഒരു പ്രബന്ധമാണ് അജ്ഞാതകർത്തൃകമായ ഈ കൃതി. ജനവിഭാഗത്തിനു മൊത്തം ഗുണകരമാകത്തക്കവണ്ണം പിൽക്കാലത്ത് ഇതു നവീകരിക്കുകയുണ്ടായി. ഇതിലെ വിശാലമായ വിശ്വസൗഹൃദവും ലളിതമായ മൂലകങ്ങളും ഈ കൃതിയെ ആധുനികതലമുറയ്ക്കുപോലും രസകരമാക്കിത്തീർക്കുന്നു.

നോർതേംഗേററിലെ ഡാൽ മൈക്കിളിൻെറ ദി അയെൻബൈററ് ഓഫ് ഇൻ വൈററ് (1340) അഥവാ അന്തഃകരണത്തിൻെറ അനുശയം ഫ്രഞ്ചിൽനിന്നും വിവർത്തനം ചെയ്യപ്പെട്ട വീരസമായ ഒരു കൃതിയാണ്. ഗ്രന്ഥകാരൻെറ കൈയെഴുത്തു പ്രതി ഇന്നും നിലവിലുണ്ടെന്നതിനാൽ പാഠമൂലപരമായ പ്രാധാന്യം ഇതിനുണ്ട്.

മൂന്ന്

ചോസർയുഗം

(1340—1400)

ചരിത്ര പശ്ചാത്തലം

ചരിത്രപരമായി നോക്കുമ്പോരം എഡ്‌വേഡ് മൂന്നാമൻ, റിച്ചേഡ് രണ്ടാമൻ, ഹെൻറി നാലാമൻ എന്നീ മൂന്നു രാജാക്കന്മാരുടെ ഭരണത്തിനു സാക്ഷ്യം വഹിച്ച ഒരു കാലഘട്ടമാണി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തു്. ദ്രുതഗതിയിലുള്ള രാഷ്ട്രീയ,സാമൂഹ്യമാററങ്ങളുടെ ഒരു യുഗംകൂടിയാണിതു്. മധ്യകാല നാഗരികതയുടെ സുവർണ്ണയുഗത്തെയും ഇംഗ്ലീഷ് ശൗര്യഗുണത്തിൻെറ ഉത്തരായണകാലത്തെയുമാണു് എഡ്വേഡ് മൂന്നാമൻെറ ഭരണകാലം കുറിക്കുന്നതു്. യൂറോപ്യൻ യുദ്ധരംഗങ്ങളിൽ ഇംഗ്ലീഷ്പടയുടെ ഉജ്ജ്വലപ്രകടനം, ക്രെസിയിലെയും, പൊയ്ക്റ്ററിയേഴ്സിലെയും വിജയം എന്നിവയൊക്കെ ദേശീയാവബോധവും അഭിമാനവും ഉണർത്തിവിട്ടു. ഇതിനു പുറമെ വാണിജ്യം അഭിവൃദ്ധിപ്പെടുകയും സമ്പത്തു കുന്നുകൂടുകയും ചെയ്തു. അതോടൊപ്പം ഒരു വിഭാഗം ജനങ്ങൾ ദാരിദ്ര്യത്തിൽ അമരുകയുമായിരുന്നു. തുടരെത്തുടരെ പൊട്ടിപ്പുറപ്പെട്ട മാരകമായ പ്ലേഗ്രോഗവും അതെ തുടന്നു് 1348–49 കാലത്തുണ്ടായ കൂട്ടമരണവും ജനസംഖ്യയെ മൂന്നിലൊന്നായി കുറച്ചു. പ്ലേഗിനു തൊട്ടുപുറകെ ക്ഷാമവും അനുഭവപ്പെട്ടു. വാട്ട് ടൈലറുടെ നേതൃത്വത്തിൽ ഒരു ജനകീയവിപ്ലവംതന്നെ ഉണ്ടായി. റിച്ചേഡ് രണ്ടാമൻെറ ബുദ്ധിശൂന്യവും, സ്വേച്ഛാപരവുമായ ഭരണം സംഗതി കൂടുതൽ വഷളാക്കി. 1400 ആയതോടെ ആ നൂററാണ്ടിൽ ഇംഗ്ലീഷുകാരുടെ പ്രൗഢിയും പ്രതാപവും മിക്കവാറും അസ്തമിച്ചു സാമുദായികരംഗം ആകെ ദുഷിച്ചുപോയി. ''നവീകരണത്തിൻെറ ശുക്രനക്ഷത്ര''മെന്നു വിളിക്കുന്ന ജോൺ വൈക്ലിഫിനെപ്പോലുള്ള അടിയുറച്ച ക്രിസ്തുമതവിശ്വാസികൾ മുന്നോട്ടു വന്നതു് ഈ അവസരത്തിലാണു്. ബൈബിൾകല്പനകൾ പറഞ്ഞു മനസ്സിലാക്കി സംശുദ്ധമായ ക്രിസ്തുമതത്തെ പുനരുദ്ധരിക്കാൻ അവർ തീരുമാനിച്ചു. ബൈബിളിനു് ആദ്യമായി ഒരു ഇംഗ്ലീഷ്പരിഭാഷയുണ്ടാകുന്നതു് വൈക്ലിഫിൻെറയും അദ്ദേഹത്തിൻെറ അനുയായികളുടേയും ശ്രമഫലമായാണു്.

ഇതോടു ബന്ധപ്പെട്ടു് മറെറാരു സംഭവംകൂടിയുണ്ടായി. പുരോഹിതവർഗ്ഗത്തിൻെറ കുത്തകയായിരുന്ന വിജ്ഞാനസാഹിത്യശാഖകൾ എല്ലാ വിഭാഗം ജനങ്ങളിലേക്കും വ്യാപരിക്കുവാൻ തുടങ്ങി. മററു യൂറോപ്യൻ രാജ്യങ്ങളെ അപേക്ഷിച്ചു് വളരെ വൈകിമാത്രം ഇംഗ്ലണ്ടിൽ ശക്തിയാർജ്ജിച്ച നവോത്ഥാന പ്രസ്ഥാനത്തിൻെറ ഭാഗമായാണു് ഈ വിജ്ഞാനവിസ്ഫോടനമുണ്ടായതു്. ചോസർയുഗത്തിലെ ഇംഗ്ലീഷ്സാഹിത്യത്തിൽ നിർണ്ണായകസ്വാധീനം ചെലുത്തിയ ഘടകങ്ങളുടെ കൂട്ടത്തിൽ ഹ്യൂമനിസത്തിൻെറ പ്രാഭവംകൂടി പ്രത്യേകം കണക്കിലെടുക്കേണ്ടതുണ്ടു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചോസർയുഗത്തിലെ സാഹിത്യത്തിന്റെ മുഖം

ഇക്കാലത്താണ് ഇംഗ്ലീഷ്ഭാഷ ക്രമീകരിക്കപ്പെടുന്നതു്. ലണ്ടൻ, ഓക്സ്ഫേഡ്, കേംബ്രിജ് സർവ്വകലാശാലകളിലെയും, ഈസ്റ്റ് മിഡ്ലൻറിലെയും ഭാഷ ഇംഗ്ലീഷുഭാഷയുടെ അടിസ്ഥാനമാതൃകയായിത്തീന്നു. മൗലികവും, വൈയക്തികവുമായ ഗദ്യം ഇക്കാലഘട്ടത്തിൽ ഉദയം ചെയ്തു. ഗദ്യമാധ്യമത്തിന്റെ കാര്യത്തിൽ ഫ്രഞ്ചിനും ലാററിൻ ഭാഷക്കും ലഭിച്ചുകൊണ്ടിരുന്ന പ്രിയം പെട്ടെന്നു കുറഞ്ഞു. ഒപ്പം സർവ്വാദരണീയമായ ഒരു ദേശീയഭാഷക്കുവേണ്ടിയുള്ള അഭിലാഷം പ്രബലമായി. ഇംഗ്ലീഷിൽ ബൈബിളിന്റെ പരിഭാഷയുണ്ടാകണമെന്നുള്ള അഭിവാഞ്ഛ ഇതിനെ കൂടുതൽ ശക്തിപ്പെടുത്തി.

സ്കോട്ലൻറുകാരുടെ സാഹിത്യമെന്നു പറയാവുന്ന ഒരു സാഹിത്യവും ഈ യുഗത്തിൽ ഉടലെടുത്തു. ചോസറുടെ ചുവടുപിടിച്ച് ശക്തരായ ഒരുക്കൂട്ടം സ്കോട്ടിഷ് കവികൾ പ്രത്യക്ഷപ്പെട്ടു.

ആകെപ്പാടെ ഈ കാലത്തെ സാഹിത്യത്തിൽ ഒരു ''നൂതന'' ലക്ഷണം കണ്ടുതുടങ്ങി. റൊമാൻറിക് ചേതന സാവധാനം പുറംതള്ളപ്പെടുകയും, പകരം യാഥാർത്ഥ്യബോധത്തിലുറച്ച ഒരു സമീപനം ഉണ്ടാകുകയും ചെയ്തു. വിമർശനബോധവും ജനങ്ങളുടെ പ്രശ്നങ്ങളിലുള്ള താൽപര്യവുംകൂടിയായപ്പോൾ സാഹിത്യത്തിനു് അതുവരെ ഇല്ലാതിരുന്ന ഒരു നവചൈതന്യം കൈവന്നു.

കവിത—ചോസർ

സമകാലികരെയെല്ലാം നിഷ്പ്രഭമാക്കിക്കൊണ്ടു് ഒരു കൊളോസ്സസ്സിനെപ്പോലെ പതിന്നാലാം നൂററാണ്ടു നിറഞ്ഞു നില്ക്കുകയാണ് ജെഫ്രി ചോസർ. ലണ്ടനിലെ ഒരു വീഞ്ഞുകച്ചവടക്കാരന്റെ മകനായി ചോസർ ജനിച്ചു. നന്നെ ചെറുപ്പത്തിൽത്തന്നെ അദ്ദേഹത്തിനു് ഉയന്ന സംസ്കാരിക വിദ്യാഭ്യാസം ലഭിച്ചു. പതിനേഴാമത്തെ വയസ്സുമുതൽ രാജകൊട്ടാരത്തിൽ പല ഉദ്യോഗങ്ങളും അദ്ദേഹം വഹിച്ചിരുന്നു. യൂറോപ്യൻ രാജ്യങ്ങളിലേക്കുള്ള പല നയതന്ത്രസംഘങ്ങളിലും ചോസർ അംഗമായിരുന്നു. രണ്ടു തവണ ഇററലിയിലേക്കു പോയ ചോസർ അവിടെവച്ചാണ് പിട്രാക്ക്, ബൊക്കാച്ചിയോ എന്നീ മഹാകവികളെ കാണുന്നതു്. കാൻറർബറികഥകളിലെ ക്ലാക്കിന്റെ കഥയ്ക്കുള്ള പ്രസ്താവനയിൽ ചോസർ ബൊക്കാച്ചി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യോവിനെ പരാമർശിക്കുന്നുണ്ട്. ലങ്കാസ്ട്രിയൻ പാർട്ടിയുടെ പരാജയത്തോടെ ചോസറുടെ കഷ്ടകാലം ആരംഭിക്കുകയാണ്. എന്നാൽ പിന്നീട് അധികാരത്തിൽ വന്ന ഹെൻറി നാലാമൻ ചോസറിനെ ഉന്നതസ്ഥാനത്തു നിയമിക്കുകയും അദ്ദേഹത്തിനു് ആകർഷകമായ അടുത്തുൺ അനുവദിക്കുകയും ചെയ്തു. 1400–ൽ വളരെ പെട്ടെന്നാണ് അദ്ദേഹത്തിന്റെ മരണം സംഭവിച്ചതു്. ചോസർ മഹാപണ്ഡിതനായിരുന്നു. വെറുമൊരു മനോരാജ്യക്കാരനോ, പുസ്തകപ്പുഴുവോ ആയിട്ടല്ല അദ്ദേഹം വളന്നതു്. ലോകസഞ്ചാരത്തിൽക്കൂടി വിപുലമായ ലോകപരിചയം സമ്പാദിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. വിശാലമായ ജീവിതാനുഭവങ്ങളും ഗ്രന്ഥവിജ്ഞാനവും ചോസറുടെ പാണ്ഡിത്യത്തെ വികസിപ്പിച്ചു.

ചോസറുടെ സാഹിത്യജീവിതത്തിനു മൂന്നു ഘട്ടങ്ങളുണ്ട്. അവയെ യഥാക്രമം ഫ്രഞ്ച്, ഇററാലിയൻ, ഇംഗ്ലീഷ് കാലഘട്ടങ്ങളെന്നു് തിരിക്കാം. ഫ്രഞ്ച് റൊമാൻസുകളാണ് ആരംഭഘട്ടത്തിൽ ചോസറെ സ്വാധീനിച്ചതു്. ദ് ബുക്ക് ഓഫ് ദ ഡച്ചസ് എന്ന ആദ്യകാലകൃതിയിൽ റോമൻ ഡി ലാറോസ് എന്ന ഫ്രഞ്ചുകൃതിയുടെ സ്വാധീനം തെളിഞ്ഞു കാണാം. രണ്ടാം ഘട്ടത്തിലെ സ്വാധീനശക്തികൾ ഇററാലിയൻ സാഹിത്യനായകന്മാരായിരുന്നു. ദ് ഹൗസ് ഓഫ് ഫെയ്മിന്റെയും, ട്രോയ്ലസ്സ് ആൻറ് ക്രസിഡയുടെയും, രചനയിൽ ഡാൻറിയോടും, ബൊക്കാച്ചിയാവിനോടും അദ്ദേഹത്തിനു് ഏറെ കടപ്പാടുണ്ട്. ഈ ഘട്ടത്തിന്റെ അവസാനകാലത്താണ് ചോസർ ലെജെൻറ് ഓഫ് ഗുഡ് വിമൻ എഴുതിയതു്. മൂന്നാം ഘട്ടം ശുദ്ധമായ ഇംഗ്ലീഷ് രചനയുടെ കാലമാണ്. എങ്കിലും ഫ്രഞ്ച്, ഇററാലിയൻ ആശയങ്ങൾ തുടന്നും അദ്ദേഹം സ്വീകരിച്ചുകൊണ്ടിരുന്നു. കടമെടുത്ത ആശയങ്ങൾ സ്വന്തമായ ശൈലിയിൽ പ്രതിപാദിക്കാൻ ചോസക്കു കഴിഞ്ഞു. ഈ ഘട്ടത്തിലാണ് കാൻറർബറിക്കഥകൾ എന്ന വിശ്രുതഗ്രന്ഥം അദ്ദേഹം രചിച്ചതു്.

കഥകളുടെ കാര്യത്തിലെന്നപോലെ രൂപശില്പത്തിലും ചോസക്കു ബൊക്കാച്ചിയോവിനോടു കടപ്പാടുണ്ട്. കാൻറർബറിക്കഥകൾക്കു് ആ പേരും ഐക്യവും വന്നതെങ്ങനെയെന്നു നോക്കാം. കാൻറർബറിയിൽ കൊലചെയ്യപ്പെട്ട സെയ്ൻറ് തോമസ്ബക്കററിന്റെ സമാധിസ്ഥാനത്തേക്കു പുറപ്പെട്ട ഏതാനും തീർത്ഥാടകർ ലണ്ടൻ നഗരത്തിലെ സൗത്പാർക്കിലുള്ള ററാബർഡ് സത്രത്തിൽ ഒത്തുചേരുന്നു. സന്ദർഭവശാൽ ചോസറും അവിടെ തങ്ങാനിടവരുന്നു. ഹാരി ബെയ്ലി എന്ന രസിക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നായ സത്രമുടമ വിശിഷ്ടമായ അത്താഴവിരുന്നു നൽകി അവരെ പ്രീതിപ്പെടുത്തുന്നു. ഭക്ഷണത്തിനുശേഷം അദ്ദേഹമൊരു നിർദ്ദേശം വയ്ക്കുന്നു. യാത്രയിലെ വിരസത ഒഴിവാക്കാൻ കാൻറർബറിയിലേക്കും തിരിച്ചുമുള്ള യാത്രയിൽ ഓരോ തീർത്ഥാടകനും ഈരണ്ടു കഥകൾ വീതം പറയണം. ഏററവും നല്ല കഥ പറയുന്ന ആളിന് ലണ്ടനിൽ തിരിച്ചെത്തുമ്പോൾ സംഘത്തിലുള്ളവരെല്ലാം ചേർന്ന് ഗംഭീരമായ സദ്യ നൽകും. നല്ല കഥ തെരഞ്ഞെടുക്കുന്നതിനുള്ള വിധികർത്താവ് താൻതന്നെ ആയിക്കൊള്ളാമെന്നും അദ്ദേഹം ഏല്ക്കുന്നു. ഈ നിർദ്ദേശം സർവ്വരും സ്വാഗതം ചെയ്തു.

ആമുഖപ്രസ്താവനയും, കഥകളും എന്നു് രണ്ടു ഭാഗമുണ്ട് കാവ്യത്തിനു്. പ്രസ്താവനയിൽ തീർത്ഥാടകരെ പരിചയപ്പെടുത്തുകയാണ് കവി. ചോസർ ഉൾപ്പെടെ ഇരുപത്തൊൻപതു തീർത്ഥാടകരാണുള്ളതു്. (പ്രസ്താവനയിൽ മുപ്പത്തൊന്നു പേരെന്നു പറയുന്നതു് പ്രക്ഷിപ്തമായിരിക്കണം.) മുൻ നിശ്ചയമനുസരിച്ച് നൂറിൽപരം കഥകൾ കാണേണ്ടതാണ്. എന്നാൽ ഇരുപത്തിനാലു കഥകൾവരെ എഴുതാനേ ചോസർക്ക് കഴിഞ്ഞുള്ളു. നാടകീയമായ ഔചിത്യം ഓരോ കഥയിലും പാലിച്ചിരിക്കുന്നു എന്നതു് ഒരു സവിശേഷതയാണ്. കഥ പറയുന്നവരുടെ സാമൂഹ്യനില, വിദ്യാഭ്യാസം, അഭിരുചി എന്നിവയ്ക്കു യോജിച്ച തരത്തിലുള്ള പ്രമേയവും, ഭാഷയുമാണ് തെരഞ്ഞെടുത്തിരിക്കുന്നതു്. ഓരോ കഥയും ഈ വസ്തുതയ്ക്കു നിദർശനമാണ്.

തീർത്ഥാടകരെക്കുറിച്ചു വൈവിധ്യമാർന്ന വർണ്ണനകളാണ് ആമുഖപ്രസ്താവന നൽകുന്നതു്. ഇടത്തരക്കാരിൽനിന്നു് തെരഞ്ഞെടുത്ത കഥാപാത്രങ്ങളിൽക്കൂടി സമൂഹത്തിൻെറ പൂർണ്ണരൂപം നൽകാൻ കവിക്കു കഴിഞ്ഞിരിക്കുന്നു. നൈററ് (പ്രഭുസ്ഥാനീയനായ സൈനികോദ്യോഗസ്ഥൻ), സ്ക്വയർ (സേവകൻ), കൃഷിക്കാരൻ എന്നിവരിൽക്കൂടിയാണ് സൈനികരുടെ ജീവിതത്തെ ചിത്രീകരിച്ചിരിക്കുന്നതു്. വൈദികവൃത്തിയെ പ്രതിനിധാനം ചെയ്യുന്നവരിൽ പ്രയറസ്സ് (സന്യാസാശ്രമത്തിലെ ഉപാധിപ), കന്യാസ്ത്രീ, സന്യാസി, ഫ്രയർ (റോമൻ കത്തോലിക്കാ സന്യാസി), സമണർ (വൈദികാജ്ഞയനുസരിച്ചു ഹാജരാകാൻ കല്പിക്കുന്നയാൾ), പാർഡണർ (മാപ്പുകൊടുത്തു് പോപ്പിൻെറ അനുഗ്രഹം വിതരണം ചെയ്യുന്ന യാൾ), സാധുവായ ഒരു ഇടവകവികാരി, ഓക്സ്ഫേഡ് ക്ലാർക്ക് (വൈദിക വിദ്യാർത്ഥി) തുടങ്ങിയവരാണ് ഉൾപ്പെടുന്നതു്. ഇവരെക്കൂടാതെ ഒരു വ്യവഹാരപണ്ഡിതൻ, വൈദ്യൻ, എന്നി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വരുമുണ്ട്. സമൂഹത്തിലെ അടിത്തട്ടുകാരുടെ പ്രതിനിധികളായി കുറെ കഥാപാത്രങ്ങളുണ്ട്. ഇവരിൽ ഫ്രാങ്ക്ളിൻ (കരം ഒഴിവായി ഭൂമി അനുഭവിക്കുന്നവൻ), കച്ചവടക്കാരൻ, നാവികൻ, മില്ളുടമ, പാചകക്കാരൻ, മാൻസിപ്പിൾ (കോളേജിലെ അടുക്കളവിചാരിപ്പുകാരൻ), റീവ് (പുരയിടത്തിൻെറ മേൽനോട്ടക്കാരൻ), തുന്നൽക്കാരൻ, മരപ്പണിക്കാരൻ, നെയ്ത്തുകാരൻ, ചായംമുക്കുകാരൻ, യവനികനിർമ്മാതാവ്, ഉഴവുകാരൻ, തുണിനെയ്ത്തുകാരിയും ഐശ്വര്യശാലിയുമായ ബാത്തിലെ വനിത തുടങ്ങിയവർ പെടുന്നു. കാൻറർബറിക്കഥകളെക്കുറിച്ചു ഡ്രൈഡൻ നടത്തിയ വിലയിരുത്തൽ ശ്രദ്ധേയമാണ്.

> ....അദ്ദേഹത്തിൻെറ കാലത്തെ ഇംഗ്ലീഷുകാരുടെ ആചാരങ്ങളും രസികത്തരങ്ങളുമെല്ലാംതന്നെ കാൻറർബറിക്കഥകളുടെ മണ്ഡലത്തിൽ ചോസർ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അവരുടെ സഹജസ്വഭാവങ്ങളൊന്നും അദ്ദേഹത്തിൻെറ കൈയിൽനിന്നും ചോർന്നു പോയില്ല. ഓരോ കഥാപാത്രവും അവരവരുടെ മനോഭാവത്തിലും ശാരീരികഘടനയിലും ഇതര കഥാപാത്രങ്ങളിൽനിന്ന് തികച്ചും വിഭിന്നമായിരിക്കുന്നു. കഥാവിഷയവും അവതരണരീതിയും അവരവരുടെ സംസ്കാരത്തിനും ശീലത്തിനും തൊഴിലിനു അനുസൃതമായതിനാൽ അവ മററൊരാളിൻെറ വാക്കുകളിൽ അനുചിതമായിത്തീരും. ....പലതരം വേട്ടമൃഗങ്ങൾ മുന്നിലേക്കു കുതിച്ചു ചാടുമ്പോൾ അതിൽ ഏതിനെ തെരഞ്ഞെടുക്കണമെന്നോ ഏതിൻെറ പിന്നാലെ പോകണമെന്നോ അറിയാതെ ഞാൻ കുഴങ്ങുകയാണ്. പഴഞ്ചൊല്ലിൽ പറയുംപോലെ 'ഇവിടെ ദൈവം ധാരാളിത്തം കാട്ടിയിരിക്കുന്നു' എന്നു പറഞ്ഞാൽ തീർന്നു.—(പ്രിഫസ് ററുദ ഫേബ്ൾസ്)

ഇതിലെ കഥകളൊന്നും മൗലികമല്ല. സാധാരണ കഥയെഴുത്തുകാരെപ്പോലെ ചോസറും ആശയങ്ങൾ കടമെടുത്തു. ഇങ്ങനെ കടംകൊണ്ട കഥകളിൽനിന്ന് അവയുടെ സാഹിത്യാംശങ്ങൾ മാററി നിർത്തി, അവക്കു സ്വന്തം ഭാവനയിലൂടെ പുനരാവിഷ്കാരം നൽകുകയാണ് ചോസർ. ഇംഗ്ലീഷ്കാവ്യശാഖയിൽ ഏററവും ആസ്വാദ്യമായി കഥ പറയുന്നയാൾ എന്ന സ്ഥാനം ഇന്നും ചോസർക്കുണ്ട്.

വീരോചിതമായ വിഷയവും ധീരോദാത്തമായ വീക്ഷണവും കാല്പനികസ്വരവും ഒത്തുചേർന്ന നൈററ്സ് ടെയ്ലാണ് കാൻറർബറിക്കഥകളിൽ ഏററവും ഉത്തമമെന്നു കരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തപ്പെട്ടന്നതു് ബൊക്കാച്ചിയോയുടെ റെസിഡെയിൽനിന്നാണു് ഈ കഥ. സ്വീകരിച്ചതു്. പാലമൺ, ആർസൈററ് എന്ന രണ്ടുപേർ സുന്ദരിയായ എമിലിയയെ പ്രേമിക്കുന്നു. ആതിൻസിലെ ഭരണാധികാരിയായ തീ സ്യൂസിന്റെ ഭാര്യ ഹിപ്പോലിററയുടെ സഹോദരിയാണു് എമിലിയ. എമിലിയയെ വരിക്കാൻ എതിരാളികളായ പാലമണും ആർസൈററും യുദ്ധത്തിലേർപ്പെടുന്നു. ആർസൈററ് വിജയിച്ച നിമിഷത്തിൽ കുതിരപ്പുറത്തു നിന്നു വീണു മരിക്കുന്നു. ആർസൈററിന്റെ മരണത്തിൽ ദീർഘകാലം വിലപിച്ചശേഷം പാലമൺ എമിലിയയെ വിവാഹം കഴിക്കുന്നു.

വൈദികവിദ്യാർത്ഥി ആഖ്യാനം ചെയ്ത ക്ഷമാശീലയായ ഗ്രിസൽഡയുടെ കഥ വായനക്കാരുടെ ശ്രദ്ധ അർഹിക്കുന്നു. സന്ന്യാസിനി പറഞ്ഞ കുറുക്കനും കോഴിയും പ്രസിദ്ധമായ മറെറാരു കഥയാണു്. ഗ്രിസൽഡയുടെ പതിഭക്തിക്കു നേരെ വിരുദ്ധമായ. ഗ്രാമ്യവും ഹാസ്യജനകവുമായ കഥകളാണു് മില്ലറും, റീപ്പും പറയുന്നതു്.

ബാത്തിലെ വനിതയുടെ കഥയ്ക്കു മുൻപുള്ള നീണ്ട പ്രസ്താവനയിൽ അഞ്ചു ഭർത്താക്കന്മാരുമായുള്ള അവരുടെ ജീവിതം വിവരിക്കുന്നു. രസകരമായ ഒരു കഥയും ഇതിനോടു ബന്ധിപ്പിച്ചിട്ടുണ്ടു്.

മറെറാരെഴുത്തുകാരനും സാധിക്കാത്തമട്ടിൽ തന്റെ യുഗത്തിൽ അധീശത്വം സ്ഥാപിക്കുവാൻ ചോസർക്കു കഴിഞ്ഞു. ചോസറുടെ കാലഘട്ടത്തിൽ സാഹിത്യലോകത്തിൽ അദ്ദേഹം അദ്വിതീയനായിരുന്നെന്നും അദ്ദേഹത്തിനു് ഒരു രണ്ടാം സ്ഥാനക്കാരനുണ്ടായിരുന്നില്ലെന്നതുമാണു് സത്യം.

ചോസറുടെ കാവ്യം യഥാർത്ഥജീവിതം പ്രതിഫലിപ്പിക്കുന്നുണ്ടെങ്കിലും നീറുന്ന കാലികപ്രശ്നങ്ങളും അദ്ദേഹം ബോധപൂർവ്വം ഒഴിവാക്കി എന്നു പറയണം. പുരോഹിതവർഗ്ഗത്തിന്റെ ദുർന്നടപടികളെ പരിഹസിക്കുന്നുണ്ടെങ്കിലും അദ്ദേഹം ഒരിക്കലും ഒരു പരിഷ്ക്കർത്താവായിരുന്നില്ല. ബഹുമുഖമായ നർമ്മബോധം സ്വായത്തമായ ഒരു പരിഹാസകവിയായിരുന്നു ചോസർ. അദ്ദേഹത്തിന്റെ നർമ്മം ഒരിക്കലും വെറുപ്പോ വിദ്വേഷമോ ജനിപ്പിക്കുന്നില്ല. അതിൽ ശോകരസത്തിന്റെ അമിത പ്രകടനവുമില്ല.

ചോസറുടെ സൂക്ഷ്മനിരീക്ഷണപാടവവും ജീവത്തായ ചിത്രീകരണവും പ്രൊലോഗിലാണു് (ആമുഖം) കൂടുതൽ പ്രകടമാകുന്നതു്. ആളുകളുടെ ചിത്രീകരണത്തിൽ മാത്രമല്ല, സാഹച

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ര്യങ്ങളും, സംഭവങ്ങളും വാതിൽപ്പുറക്കാഴ്ചകളും വിവരിക്കുന്നിടത്തും രചനയുടെ സൂക്ഷ്മതയും ഓജസ്സും തിളക്കവും കാണാം.

ചോസറിന്റെ ഛന്ദസ്സിനു് ഒരു പ്രത്യേക മഹിമയുണ്ടു്. അന്ത്യപ്രാസത്തോടുകൂടി പത്തു മാത്രകൾ വീതമുള്ള ഈരടികളിൽ ''ഹീറോയിക് കപ്ലറ്റ്സ്'' എന്ന വൃത്തരൂപമാണു് കാന്റർബറിക്കഥകൾക്കു് ഉപയോഗിച്ചിരിക്കുന്നതു്. എ ബി എബി ബിസി സി (ab ab bc c) എന്ന അന്ത്യാനുപ്രാസയോജനത്തിൽ ഏഴു പദങ്ങളുള്ള പദ്യഖണ്ഡങ്ങളാണു് ചോസറുടെ മററു കവിതകളിൽ സ്വീകരിച്ചിരിക്കുന്നതു്.

ചോസറുടെ പ്രതിഭ കണക്കിലെടുക്കുമ്പോൾ ''നവോത്ഥാനത്തിന്റെ ശുക്രനക്ഷത്ര''മെന്ന വിശേഷണം അദ്ദേഹത്തിനു് ഉചിതമായിട്ടുണ്ടു്.

മററു കവികൾ

ചോസർ കഴിഞ്ഞാൽ ഈ യുഗത്തിൽ പ്രാധാന്യമർഹിക്കുന്ന ഒരു കവി അദ്ദേഹത്തിന്റെതന്നെ സുഹൃത്തായിരുന്ന, ജോൺഗവർ (1332 ?—1408) ആണു്. ചോസറുടെ ടോയ്ലസ്സ് ആൻറ് ക്രെസിഡ ഗവറിനു സമർപ്പിച്ചിരിക്കുന്നുവെന്നതും ഗവർ തന്റെ കൺഫെസ്സിയോ അമാൻറിസിന്റെ ഒടുക്കം ചോസറിനെക്കുറിച്ചു് ഉപചാരപൂർവ്വം പരാമർശം നടത്തിയിരിക്കുന്നുവെന്നതും അവരുടെ സൗഹൃദത്തിനു തെളിവാണു്. എന്നാൽ പിൽക്കാലത്തു് അസൂയയും തെററിദ്ധാരണയും ഇവരുടെ ഇടയിൽ കടന്നുകൂടി.

ഇംഗ്ലീഷ്ഭാഷയുടെയും സാഹിത്യത്തിന്റെയും സാധ്യതകളെക്കുറിച്ചു് ചോസറിനു നിറഞ്ഞ ശുഭപ്രതീക്ഷ ഉണ്ടായിരുന്നു. അതേസമയം എഴുതുവാൻ ഏതു ഭാഷ സ്വീകരിക്കണം എന്നതിനെക്കുറിച്ചു് ഗവറിനു് ദൃഢമായ ഒരു തീരുമാനം എടുക്കാൻ കഴിഞ്ഞില്ല. ഗവറിന്റെ മൂന്നു കവിതകളിൽ ആദ്യത്തേതായ സ്പെക്കുലം മെഡിററാൻറിസ് ഫ്രഞ്ചിലും, രണ്ടാമത്തെ കാവ്യമായ വോക്സ് ക്ലമൻറിസ് ലാററിനിലുമാണു് എഴുതിയിരിക്കുന്നതു്. കൺഫെസിയോ അമാൻറിസ് (1393 ?) മാത്രമാണു് അദ്ദേഹത്തിന്റെ ഇംഗ്ലീഷ്കൃതി. കാൻറർബറി കഥകളുമായി ഇതിനു സാദൃശ്യമുണ്ടു്. ഏഴു മഹാപാപങ്ങൾ വരുത്തിവയ്ക്കുന്ന പീഡകളെക്കുറിച്ചുള്ള വിവരണങ്ങളാണിതിൽ. എട്ടു മാത്രകൾ വീതമുള്ള ഈരടികളിൽ 34,000 വരികളുള്ള നീണ്ട കാവ്യമാണു് കൺഫെസിയോ അമാൻറിസ്. റിച്ചേഡ് രണ്ടാമൻ രാജാവിന്റെ ആവശ്യപ്രകാരം രചിച്ചതാണു് ഈ കാവ്യം എന്നു വിശ്വസിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചോസറും ഗവറും രാജസദസ്സിലെ കവികളായിരുന്നെങ്കിൽ തികച്ചും ഒരു ജനകീയകവിയായിരുന്നു വില്യം ലാങ്ലൻറ് (1332—1400). ദ വിഷൻ ഓഫ് വില്യം കൺസേണിങ് പിയർസ് ദ പ്ലൗമൻ എന്ന പേരിൽ അന്യാപദേശരൂപേണ 15,000 വരികളുള്ള ഒരു കാവ്യം ലാങ്ലൻറി രചിച്ചു. അതിൽ, അന്നത്തെ സാമൂഹ്യഅനീതികളും വൈദികവർഗ്ഗത്തിൻെറ ദുർന്നടപടികളും, അലസതയും, ഉന്നതസ്ഥാനീയരുടെ നിഷ്ഠുരതയും പണക്കൊതിയുമെല്ലാം ഒരു സ്വപ്നദർശനത്തിലെന്ന മട്ടിൽ അദ്ദേഹം ആക്ഷേപിക്കുന്നു. നിർദ്ധനരായ കർഷകരുടെ യാതനകളെ സൗമനസ്യത്തോടുകൂടിയാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. സാധാരണക്കാരുടെ വക്താവായ ലാങ്ലൻറ് അവർക്കുവേണ്ടിയാണ് കാവ്യരചന നടത്തിയതു്. പതിന്നാലാം നൂററാണ്ടിനെക്കുറിച്ചു ചോസർ വരച്ച ചിത്രത്തിനു് ഒരനുബന്ധമാണ് ഈ കൃതി. ഒരു ജനകീയകാവ്യമെന്ന നിലയിൽ ഈ കാവ്യം അതീവ ഹൃദ്യമാണ്. കവിതയിൽ ആവർത്തനശബ്ദമുപയോഗിക്കുന്ന രീതി പുനരുദ്ധരിക്കാനുള്ള ഒരു ശ്രമവും ഇതിൽ കാണാം.

ജോൺ ബാർബറുടെ (1316—1395) ബ്രൂസ് എന്ന ദീർഘകാവ്യം 1286 മുതൽ ബ്രൂസിൻെറ മരണം (1332) വരെയുള്ള സ്കോട്ട്ലണ്ടിൻെറ ചരിത്രമാണ് വിവരിക്കുന്നതു്.

ഗദ്യം

ഏതാനും ഗദ്യകൃതികളും ചോസറുടെ രചനകളിൽപെടുന്നു. ബോയിഥിയസ്സിൻെറ കൃതിയുടെ ഇംഗ്ലീഷ് പരിഭാഷ, വാനശാസ്ത്രത്തെ സംബന്ധിക്കുന്ന ട്രീററിസ് ഓൺ ദി അസ്ട്രലാബ് എന്നിവ അക്കൂട്ടത്തിൽപെടുന്നു. ഇവയൊന്നും ഗൗരവപൂർവ്വമായ പഠനം അർഹിക്കുന്നില്ല.

ദ ട്രാവൽസ് ഓഫ് സർ ജോൺ മാൻഡവിൽ എന്ന ഫ്രഞ്ച്കൃതിയുടെ ഇംഗ്ലീഷ് വിവർത്തനം ഈ കാലഘട്ടത്തിലെ പ്രധാനപ്പെട്ട ഒരു ഗദ്യകൃതിയാണ്. ഇതിൻെറ കർത്താവായ സർ ജോൺ മാൻഡവിൽ സെയ്ൻറ് അൽബൻസുകാരനാണെന്നു് ആമുഖത്തിൽ നിന്നു മനസ്സിലാക്കാം. 1322-ൽ നാടുവിട്ട മാൻഡവിൽ പുണ്യഭൂമിയും വിദൂരപൂർവ്വദേശവും സന്ദർശിച്ച് തൻെറ യാത്രയുടെ വിശദാംശങ്ങളും സാക്ഷ്യം വഹിച്ച അനുഭവങ്ങളും കുറിച്ചുവച്ചതാണ് ട്രാവൽസിൻെറ ഉള്ളടക്കം. സർ മാൻഡവിൽ എന്നൊരു സഞ്ചാരി ഇല്ലായിരുന്നുവെന്നും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യഥാൎത്ഥ ഗ്രന്ഥകൎത്താവ് ഒരു ജോഹൻ ഡിബൂർഗോൺ ആണെന്നും ഇപ്പോഠം സ്ഥിരീകരിച്ചിട്ടുണ്ട്. ഈ ഗ്രന്ഥംതന്നെ പ്ലിനിയുടെയും, ഒരു ഫ്രയർ ഓഡറിക്കിന്റെയും, മാർക്കോപോളോയുടെയും സഞ്ചാരകഥകളുടെ സംഗ്രഹമാണ്. ഇതിലെ വിവരങ്ങഠം വിശ്വാസയോഗ്യമല്ലെങ്കിലും ആസ്വാദ്യകരമാണ്. കൂൎത്ത നഖങ്ങളിൽ ആനയെ റാഞ്ചിക്കൊണ്ടു പറന്നുയരുന്ന പക്ഷി, ഫിനിക്സ്, കരയുന്ന മുതല, പിശാചുകഠം നൃത്തം വയ്ക്കുന്ന താഴ്‌വര തുടങ്ങിയ അതിശയകരമായ വൎണ്ണനകളൊക്കെ ഇതിൽ കാണാം.

രസം ജനിപ്പിക്കുന്ന ധാരാളം ഗ്രാമ്യപദപ്രയോഗങ്ങഠം ഉഠംക്കൊള്ളിച്ച് പ്രസന്നമായ ഒരു ശൈലിയിലാണ് ഇതിന്റെ രചന കവി സാധിച്ചിരിക്കുന്നതു്. ഒതുങ്ങിയ വാഗ് പ്രയോഗരീതിയും ഹ്രസ്വമായ വാചകങ്ങളും ഇതിന്റെ പ്രത്യേകതയാണ്. മിക്ക വാചകങ്ങളും ''ആൻഡ്'' എന്ന വാക്കിലാണ് ആരംഭിക്കുന്നതു്. ഇംഗ്ലീഷ് ഗദ്യസാഹിത്യത്തിലെ ആദ്യത്തെ ക്ലാസ്സിക്ക് എന്ന വിശേഷണം പ്രസ്തുത കൃതിക്കു നേടിക്കൊടുക്കുന്നതു് ഈ പ്രത്യേകതകളാണ്.

ആദരണീയനായ മറെറാരു ഗദ്യകാരനാണ് ജോൺ വിക്ലിഫ്, അഥവാ വൈക്ലിഫ് (1320–1384). ഓക്സ്ഫോഡിൽ വിദ്യാഭ്യാസം നിൎവ്വഹിച്ച വൈക്ലിഫ് വൈദികപ്പട്ടം സ്വീകരിക്കുകയും സഭയെ സംബന്ധിച്ച വിവാദങ്ങളിൽ ശ്രദ്ധേയമായ പങ്കു വഹിക്കുകയും ചെയ്തു. പുരോഹിതവൎഗ്ഗത്തിന്റെ തെററായ പെരുമാററങ്ങളെ ശക്തമായ ഭാഷയിൽ അപലപിച്ച അദ്ദേഹം പലപ്പോഴും അബദ്ധത്തിൽചെന്നു ചാടിയിട്ടുണ്ട്. അകൃത്രിമമായ ഈ ആദ്യബൈബിഠംപരിഭാഷ വൈക്ലിഫിന്റേതാണെന്നാണ് വിശ്വസിച്ചിരുന്നതു്. എന്നാൽ ആ വിവൎത്തനം വൈക്ലിഫിന്റേതല്ലെന്നാണ് ആധുനികമതം.

ഗദ്യരചയിതാക്കളുടെ കൂട്ടത്തിൽ ട്രവിസയിലെ ജോണിന്റെ (1326–1412) പേരും പ്രസ്താവയോഗ്യമാണ്. ഹിഗ്ഡന്റെ ലാററിനിലുള്ള പോളിക്രോണിക്കൺ എന്ന ലോകചരിത്ര ഗ്രന്ഥത്തിനു് ഇംഗ്ലീഷിൽ പരിഭാഷ തയ്യാറാക്കിയതു് ജോൺ ആണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാല്

ചോസർ മുതൽ സ്പെൻസർ വരെ

(1400—1550)

ചോസറോടുകൂടി ഇംഗ്ലീഷ് സാഹിത്യത്തിന്റെ ഉജ്ജ്വലമായ ഒരു കാലഘട്ടത്തിനു തുടക്കം കുറിക്കുകയായിരുന്നു. എന്നാൽ അതേത്തുടർന്നു വന്ന നീണ്ട ഒരു കാലഘട്ടം കവിതയുടെ കാര്യത്തിൽ തീർത്തും വന്ധ്യമായിരുന്നു. ചോസറുടെ മരണത്തിനു ശേഷം ഒരു നൂററാണ്ടിലധികകാലം മഹത്തായ കൃതികളൊന്നുമുണ്ടായില്ല എന്ന പരിതാപകരമായ അവസ്ഥയാണുള്ളത്.

അതിഗംഭീരമായ തുടക്കത്തിനു ശേഷമുള്ള ഈ ഊഷരതയെ എങ്ങനെയാണ് വിശദീകരിക്കുന്നത്? സാഹിത്യത്തിൽ മാത്രമല്ല, എല്ലാ പ്രവർത്തനമണ്ഡലങ്ങളിലും മഹാൻമാരുടെ അഭാവം ശക്തിയായി അനുഭവപ്പെട്ടു. ഈ ഘട്ടത്തിൽ മതവിശ്വാസങ്ങൾക്കു കോട്ടം തട്ടി, അവയുടെ ഉദ്ധാരണത്തിനു ശ്രമിച്ചവരെ അധികാരികൾ പീഡിപ്പിക്കയും നശിപ്പിക്കയും ചെയ്തു. ചിന്താസ്വാതന്ത്ര്യം ബുദ്ധിജീവികൾക്കുപോലും നിഷേധിക്കപ്പെട്ടു. രാഷ്ട്രീയരംഗത്ത് ''പനിനീർപ്പൂക്കളുടെ കലഹങ്ങൾ'' (വാഴ്സ് ഓഫ് ദ റോസസ്-1455-1486) എന്നറിയപ്പെടുന്ന യോർക്കും ലങ്കാസ്റ്ററും തമ്മിലുള്ള ആഭ്യന്തരയുദ്ധം ആരംഭിച്ചതു് ഇക്കാലത്താണ്. ഈ അധികാരമത്സരം രാജ്യത്തെ ക്ഷയിപ്പിക്കുകയും ഫ്യൂഡൽ വ്യവസ്ഥിതിയെ പിടിച്ചുലയ്ക്കുകയും ചെയ്തു. വിദ്യാഭ്യാസം മന്ദഗതിയിലായി. മൃതമായ മധ്യകാലദർശനങ്ങളെക്കുറിച്ചുള്ള വിവാദകേന്ദ്രങ്ങളായിത്തീർന്നു സർവ്വകലാശാലകൾ.

കവിത

ഈ പ്രത്യേക കാലഘട്ടത്തിലെ ഏതാനും കവികളെ പരാമർശിക്കേണ്ടിയിരിക്കുന്നു. ചോസറുടെ കാലടികൾ പിന്തുടരാൻ വിഫലശ്രമം നടത്തിയവർ പലരുണ്ട്. ദ ഗവർണയ്ൽ ഓഫ് പ്രിൻസെസ് (ദ റെജിമെന്റ് ഓഫ് പ്രിൻസെസ്) എന്ന പേരിൽ തോമസ് ഒക്ക്ലീവ് അഥവാ ഹൊക്ക്ലീവ് (1368 ?-145 ?) ഒരു നീണ്ട കാവ്യം ചമയ്ക്കുകയുണ്ടായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുവിശേഷങ്ങളുടെ പുനരാഖ്യാനമാണത്. ഹെൻറി അഞ്ചാമൻ രാജാവിനുവേണ്ടി രചിക്കപ്പെട്ട ഈ കാവ്യം അറുമുഷിപ്പനാണ്. ഇതിന്റെ ആമുഖത്തിൽ കവി ചോസറെ സ്തുതിച്ച പാട്ടുണ്ട്. ''ഫാദർ ചോസറിൽ'' നിന്നു് തന്റെ മന്ദബുദ്ധിക്കു് യാതൊന്നും ഗ്രഹിക്കാനായില്ലെന്നു് അദ്ദേഹം സമ്മതിക്കുന്നു. അതു സത്യമാണുതാനും.

പുരോഹിതനായ ജോൺലിഡ്ഗേററ് (1370—1451) അക്കാലത്തെ മറെറാരു പ്രശസ്ത കവിയായിരുന്നു. ഫോറംസ് ഓഫ് പ്രിൻസസ്, സ്റ്റോറി ഓഫ് തീബ്സ് മുതലായവ അദ്ദേഹത്തിന്റെ കൃതികളാണ്. ഒക്ലേവിനേയും, ലിഡ്ഗേററിനേയുംകാൾ ഒരുപക്ഷേ, ഉൽകൃഷ്ടനാണ് ജോൺസ്കെൽട്ടൺ (1460 ?—1529). പരിഹാസകവനങ്ങളുടെ പേരിലാണ് സ്കെൽട്ടൺ അറിയപ്പെടുന്നതു്.

പതിനഞ്ചാം നൂററാണ്ടിലെ മെച്ചപ്പെട്ട കവിതകളെല്ലാം 'സ്ക്കോട്ടിഷ് ചോസീറിയൻസ്'' എന്നറിയപ്പെടുന്ന സ്കോട്ട്ലൻറിലെ കവികളെഴുതിയതാണ്. ഈ കവികളിൽ പ്രമുഖൻ സ്കോട്ട്ലൻറിലെ ജെയിംസ് ഒന്നാമൻ (1394—1437) തന്നെ. ദ കിങ്സ് ക്വയർ എന്ന കൃതിയിൽ ജയിംസിനു് ഒരു സുന്ദരിയിൽ പ്രഥമദൃഷ്ടിയിൽത്തന്നെ അനുരാഗം ജനിക്കുന്ന കഥ വിവരിക്കുന്നു. മറെറാരു സ്കോട്ടിഷ് ചോസീറിയനാണ് റോബർട്ട് ഹെൻറിക്സൺ (1430—1506). സ്കോട്ടിഷ് ചോസീറിയന്മാരിൽ പ്രഥമഗണനനീയനും, ചോസറിനും സ്പെൻസറിനുമിടയ്ക്കുള്ള മഹാനായ കവിയും വില്യം ഡൺബാർ (1460 ?—1530) ആണെന്നാണ് ചിലരുടെ അഭിപ്രായം. അദ്ദേഹത്തിന്റെ ഏററവും മികച്ച കൃതിയായി കരുതുന്നതു് ഡാൻസ് ഓഫ് സെവൻ ഡെഡ്ലി സിൻസ് ആണ്. ഗവിൻ ഡഗ്ലസ് (1474 ?—1522) സർ ഡേവിഡ്ലിൻഡ്സേ (1490—1555) മുതലായവരെക്കൂടി പ്രമുഖ സ്കോട്ടിഷ് ചോസീറിന്മാരിൽ ഉൾപ്പെടുത്താം.

പരമ്പരാഗതമായ നാടോടിഗാനങ്ങളെക്കുറിച്ച് ഇവിടെ ഒന്നു പരാമർശിക്കുന്നതു് അസ്ഥാനത്തായിരിക്കില്ല. അവയുടെ ഉല്പത്തി, കർത്താവു്, രചനാകാലം എന്നിവയൊക്കെ ഇന്നും തർക്കവിഷയങ്ങളാണ്. ഉത്ഭവം എങ്ങനെ ആയിരുന്നാലും ശരി, മുഖ്യമായും പ്രേമം, വീരനായകന്മാരുടെ പരാക്രമങ്ങൾ, അലൗകിക സംഭവങ്ങൾ, ഭക്തിപ്രധാനമായ കഥകൾ തുടങ്ങിയ ലളിതവും, പ്രചാരമേറിയതുമായ പ്രമേയങ്ങളാണ് അവയിലെല്ലാം. ഗാനരചയിതാവിന്റെ വൈകാരികാനുഭൂതികൾക്കു സ്ഥാനമില്ലാത്ത, തികച്ചും നിർവ്യക്തികമായ ഗാനങ്ങളാണവ. എളുപ്പം ഹൃദിസ്ഥമാക്കാവുന്ന ശൈലിയിലാണ് അവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യുടെ രചന. മോടിപിടിപ്പിക്കാനുള്ള അലങ്കാരങ്ങളും ആർഭാടങ്ങളും ഒഴിവാക്കിയിട്ടുണ്ട്. ''ഷെവി ചേയ്സ്'', ''സർ പാട്രിക് സ്പെൻസ്'', റോബിൻഹുഡ്ഗാനങ്ങൾ എന്നിവയാണ് പേരുകേട്ട പരമ്പരാഗത നാടോടിപ്പാട്ടുകൾ.

നാടകം

ഹ്രസ്വമായ ഒരു സാഹിത്യചരിത്രത്തിൽ ഇംഗ്ലീഷ് നാടകത്തിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള വിശദാംശങ്ങളിലേയ്ക്കു കടക്കുക എളുപ്പമുള്ള കാര്യമല്ല. യൂറോപ്പിലെ പ്രമുഖ ഭാഷാനാടകങ്ങളെ അപേക്ഷിച്ച് ഇംഗ്ലീഷ്നാടകം തികച്ചും തദ്ദേശീയമാണെന്നു സാമാന്യമായി പറയാം.

റോമാസാമ്രാജ്യത്തിൽ ക്രിസ്തുമതം അതിവേഗം വളച്ച് പ്രാപിച്ചതോടെ ഗ്രീക്ക്, റോമൻ നാടകങ്ങളുടെ പ്രചാരം കുറഞ്ഞുവന്നു. അതോടൊപ്പം ദേവാലയങ്ങളിലെ ആരാധനാ സമ്പ്രദായങ്ങളോടു ബന്ധപ്പെട്ട ഒരുതരം മധ്യകാലനാടകം മുളച്ചു വരാൻ തുടങ്ങി.

ഇംഗ്ലണ്ടിൽ ക്രിസ്തുമത സംബന്ധമായ നാടകങ്ങൾ മിസ്റ്ററീസ്, മിറക്ക്ൾസ് എന്നീ രണ്ടു വിഭാഗങ്ങളിൽപെടുന്നു ക്രിസ്തുവിന്റെ ജനനം, അദ്ദേഹത്തിനു കുരിശിൽ സഹിക്കേണ്ടിവന്ന ക്ലേശങ്ങൾ, ഉയിർത്തെഴുന്നേല്പ് തുടങ്ങിയ കാര്യങ്ങളെ സംബന്ധിക്കുന്ന സുവിശേഷകഥകളാണ് മിസ്റ്ററീസ്. മിറക്കിൾസ് ആകട്ടെ പുണ്യവാളന്മാരെക്കുറിച്ചുള്ള ഐതിഹ്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. നാലു പ്രധാന പരമ്പരകളുണ്ട് മിറക്ക്ൾ നാടകങ്ങൾക്ക്. യോർക്ക്പരമ്പര, ചെസ്റ്റർ, നാടകങ്ങൾ, വേക് ഫീൽഡ് അഥവാ ടൗൺലി നാടകങ്ങൾ, കവൻട്രി നാടകങ്ങൾ എന്നിങ്ങനെ.

മിറക്ക്ൾ നാടകങ്ങളിൽ ചിലതിലൊക്കെ നമ്മവും, ശോകവും കാണാമെങ്കിലും ഏറിയകൂറും ശുഭപര്യവസായിയായ കൃതികളാണ്. അലൗകിക കഥാപാത്രങ്ങളും സംഭവങ്ങളുമാണ് അവയിലെ പ്രതിപാദ്യം. ഇവയൊന്നുംതന്നെ ഏതെങ്കിലും നാടകനിയമങ്ങൾ പാലിക്കുന്നതായി കാണുന്നില്ല. സ്ത്രീകളെ അനുഭാവപൂർവ്വം കരുതുകയും, അവരുടെ പരിശുദ്ധിയും, വിശ്വസ്തതയും ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന നാടകങ്ങളുമുണ്ട്. മോടികൂടിയ വേഷവിധാനങ്ങളോടും മനോഹര ദൃശ്യങ്ങളോടുമുള്ള അഭിനിവേശം മിസ്റ്ററി നാടകങ്ങളിൽ കാണാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ സവിശേഷതകളെല്ലാം പിൽക്കാല ഇംഗ്ലീഷ്നാടകത്തെ സ്വാധീനിക്കുകയുണ്ടായി.

നോർമൻ ആക്രമണത്തോടെ ഇംഗ്ലണ്ടിൽ കടന്നുകൂടിയിരിക്കാനിടയുള്ള മിസ്റ്ററീസും, മിറക്ക്ൾസും ക്രമത്തിൽ മൊറാലിററി നാടകങ്ങൾക്ക് (സദാചാരപ്രബോധകനാടകങ്ങൾ) വഴിമാറിക്കൊടുത്തു. കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിലും പ്രവൃത്തികളിലുംകൂടി ധാർമ്മികസത്യങ്ങൾ മനസ്സിലാക്കി കൊടുക്കുകയെന്നതാണ് മൊറാലിററി നാടകങ്ങളുടെ ലക്ഷ്യം. ഇത്തരം നാടകങ്ങൾ മതപരങ്ങളാണെങ്കിലും അവയുടെ കാതലായ വിഷയം എല്ലായ്പ്പോഴും സാധാരണമനുഷ്യന്റെ ജനനംമുതൽ മരണംവരെയുള്ള വിവിധങ്ങളായ പരിവർത്തനഘട്ടങ്ങളാണ്. നായകൻ സ്വർഗ്ഗത്തിലോ നരകത്തിലോ പോകുന്നതോടെ നാടകം അവസാനിക്കുന്നു. ദ് കാസിൽ ഓഫ് പേർസിവിയൻസ്, മൈൻഡ്, വിൽ ആൻഡ് അണ്ടർസ്റ്റാൻറിങ്, മാൻകൈൻഡ്, എവ്രിമൻ എന്നിങ്ങനെ നാല് മൊറാലിററിനാടകങ്ങൾ മാത്രമെ ഇന്നവശേഷിക്കുന്നുള്ളു. ഇംഗ്ലീഷ് നാടകത്തിന്റെ വികാസത്തിൽ മൊറാലിററികൾക്ക് വലിയ പങ്കുണ്ട്. മൊറാലിററി നാടകങ്ങളിൽ ഏററവുമധികം പ്രാധാന്യമർഹിക്കുന്ന എവ്രിമാൻ (1490). ഓരോ മനുഷ്യനും മരണത്തെ അഭിമുഖീകരിക്കുന്നതിന്റെ ദൃഷ്ടാന്തരൂപത്തിലുള്ള ചിത്രീകരണമാണ് ഈ നാടകം.

ഗദ്യം

ഇക്കാലത്തെ ഗദ്യരചയിതാക്കളിൽ പ്രധാനിയായിരുന്ന സർ തോമസ് മാലറി (?—1471?). തന്റെ പ്രസിദ്ധമായ മോർട്ട് ഡി ആർതർ രചിച്ചതു് 1469—70-ൽ ആണ്. ആർതർ രാജാവിനെക്കുറിച്ച് കാവ്യം രചിക്കാൻ ഈ കൃതി ആർനോൾഡ്, സ്വിൻബേൺ, ടെന്നിസൺ തുടങ്ങിയ പിൽക്കാല കവികൾക്കു പ്രേരകമായി. വ്യാകരണനിയമങ്ങളൊന്നും പാലിക്കാത്ത അകൃത്രിമമായ ശൈലിയാണ് മോർട്ട് ഡി ആർതറുടേതു്.

വൈക്ലിഫിന്റെ അനുയായികളായ ലൊല്ലാർഡുകളോടുള്ള എതിർപ്പിൽക്കൂടി വിഖ്യാതനായിതീർന്നയാളാണ് റെജിനാൾഡ് പെക്കോക്ക് (1390—1461 ?) ദ റിപ്രസ്സർ ഓഫ് ഓവർമച്ച് ബ്ലേയിങ് ഓഫ് ദ് ക്ലെർജി, ദ ബുക് ഓഫ് ഫെയ്ത്ത് എന്നിവയാണ്അദ്ദേഹത്തിന്റെ പ്രധാന കൃതികൾ ഇംഗ്ലീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷിലെ വിവാദപരമായ ഗ്രന്ഥങ്ങളിൽ ആദ്യത്തേതാണ് ഇവ. ഇംഗ്ലീഷിൽ ആദ്യമായി അച്ചടി ആരംഭിച്ച വില്യം കാക്സ്റ്റൺ (1422?–91) ലോഡ്റിവേഴ്സിൻെറ ദ് ഡിക്റ്ററെസ് ആൻഡ് സേയിങ്സ് ഓഫ് ദ് ഫിലോസഫേഴ്സ് (1477) പരിഷ്കരിക്കുകയുണ്ടായി. ഇംഗ്ളണ്ടിൽ ആദ്യമായി അച്ചടിപ്പിച്ച പുസ്തകവും ഇതുതന്നെ. അച്ചടിരംഗത്തു് കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ടെങ്കിലും അനുഗൃഹീതനായ ഒരു കലാകാരനല്ലായിരുന്നു അദ്ദേഹം.

അഭിഭാഷകനായ സർ തോമസ് മൂർ (1478—1535) കുറെക്കാലം പാർലമെൻററംഗമായിരുന്നിട്ടുണ്ട്. പരമാധികാര നിയമം നിരസിച്ചതിനെത്തുടന്ന് അദ്ദേഹത്തെ 1534–ൽ തുറുങ്കിലടയ്ക്കുകയും അടുത്ത വഷം വധിക്കുകയും ചെയ്തു. സുഭഗതയും അപൂവ്വഭാവനാശക്തിയുമുള്ള അദ്ദേഹത്തിൻെറ ലാററിൻ കൃതികൾ അങ്ങേയററം പ്രാധാന്യമർഹിക്കുന്നു. ഈ കാലഘട്ടത്തിലെ ഏററവും സവിശേഷമായ കൃതിയാണ് 1551–ൽ മാത്രം ഇംഗ്ലീഷിലേക്കു വിവത്തനം ചെയ്യപ്പെട്ട യുട്ടോപ്യ. ഒരു മാതൃകാരാജ്യത്തെക്കുറിച്ചുള്ള വിവരണങ്ങളാണ് യുട്ടോപ്യയുടെ ഉള്ളടക്കം. ലാററിനു പുറമെ ഇംഗ്ലീഷിലും മൂർ എഴുതിയിരുന്നു. സമത്ഥവും വ്യക്തവുമായ ശൈലിയാണ് അദ്ദേഹത്തിൻേറതു്. അതത്ര കഠിനമോ ലളിതമോ അല്ല. മതപരമായ കാര്യങ്ങളെക്കുറിച്ചെഴുതിയ ജോൺ ഫിഷർ (1459—1535), രണ്ടു സുവിശേഷഗ്രന്ഥങ്ങളുടെ കത്താവായ ഹ്യൂലാററിമർ (1485?—1555) എന്നിവരും പരാമശമർഹിക്കുന്നു.

ബൈബിളിൻെറ ഇംഗ്ലീഷ്തജ്ജമ വില്യംററിൻഡേൽ (മരണം 1536) തുടങ്ങുകയുണ്ടായി, ഇംഗ്ലീഷ് ബൈബിളിന് ഇന്നത്തെ രൂപം നൽകുന്നതിൽ ററിൻഡേൽ മഹത്തായ പങ്കു വഹിച്ചിട്ടുണ്ട്. ലാററിൻ ബൈബിളിനു പകരം ഹീബ്രുവിലേയും ഗ്രീക്കിലേയും മൂലകൃതികളെ ആശ്രയിച്ചാണ് ററിൻഡേൽ ഇംഗ്ലീഷ് ബൈബിൾ തയ്യാറാക്കിയതെന്നതു് അതിൻെറ പ്രാധാന്യം വദ്ധിപ്പിക്കുന്നു. അദ്ദേഹം തുടങ്ങിവച്ച ബൈബിൾതജ്ജമ മൈൽസ് കവർഡേൽ (1488—1568) പൂത്തിയാക്കി. 1535–ൽ അച്ചടിച്ച ഈ പതിപ്പാണ് സമ്പൂണ്ണമായ ആദ്യത്തെ ഇംഗ്ലീഷ്ബൈബിൾ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Forwarded free of cost and
with the compliments of
DEPARTMENT OF EDUCATION,
GOVERNMENT OF INDIA,
NEW DELHI.
Digitized by Arya Samaj Foundation Chennai and eGangotri

അഞ്ച്

സ്പെൻസർ-ഷേക്സ്പിയർ യുഗം

(1550—1630)

ചരിത്രപശ്ചാത്തലം

എലിസബെത്തൻ കാലഘട്ടവും സ്റ്റുവർട്ട്‌രാജഭരണത്തിന്റെ ആരംഭകാലവുമാണ് ഈ യുഗത്തിൽ ഉൾപ്പെടുന്നത്. ഇംഗ്ളണ്ടിലെ മഹാന്മാരായ കവികളുടെയും നാടകകൃത്തുകളുടെയും ശ്രേഷ്ഠമായ കൃതികളെല്ലാംതന്നെ ഈ യുഗത്തിന്റെ സൃഷ്ടികളാണ്. അതുപോലെ ജെക്കോബിയൻ കാലഘട്ടത്തിലെ (പതിനേഴാം നൂററാണ്ടിലെ ആദ്യത്തെ രണ്ടോ മൂന്നോ ദശകങ്ങൾ) എഴുത്തുകാരോടുകൂടി ഈ മഹത്തായ പാരമ്പര്യത്തിന്റെ അസ്തമയവും കണ്ടുതുടങ്ങി.

രാഷ്ട്രീയരംഗത്താകട്ടെ, അതുവരെ അനുഭവപ്പെടാതിരുന്ന സ്ഥിരപ്രതിഷ്ഠയുണ്ടായി. ഇംഗ്ളണ്ടും സ്കോട്ട്ലൻറും യോജിച്ച് ഒരേ ഭരണത്തിൻകീഴിൽ വന്നതോടെ ആ രണ്ടു രാജ്യങ്ങളും തമ്മിൽ നിലവിലിരുന്ന നിരന്തരസംഘർഷത്തിന് അറുതിവന്നു. രാജ്യത്തിന്റെ ധൈഷണികവും, ഭൂമിശാസ്ത്രപരവുമായ ചക്രവാളങ്ങൾക്ക് അസാധാരണമായ വികാസമാണുണ്ടായത്. കിഴക്കുനിന്ന് പുത്തൻ അറിവുകൾ വന്നുചേർന്നതിനൊപ്പം പടിഞ്ഞാറ് പുതിയ ലോകങ്ങൾ തുറക്കുകയായിരുന്നു. പുതിയ പുതിയ പര്യവേഷണങ്ങളുടേയും, കണ്ടുപിടിത്തങ്ങളുടേയും കാലഘട്ടംകൂടി ആയിരുന്നു ഇത്. പ്രസ്തുത കാലഘട്ടത്തിന്റെ സാഹിത്യത്തിൽ ശ്രദ്ധേയമായ ചലനങ്ങൾ സൃഷ്ടിക്കുവാൻ ഇതു കാരണമായി.

സാഹിത്യത്തിന്റെ സ്വഭാവം

നവോത്ഥാനപ്രസ്ഥാനത്തിന്റെ ആഘാതം പൂർണ്ണമായും ഇക്കാലത്തു് അനുഭവപ്പെട്ടു. ഗ്രീക്ക്, ലാററിൻ സാഹിത്യങ്ങളുടെ പഠനത്തിൽ അഭൂതപൂർവ്വമായ ശുഷ്കാന്തി പ്രകടമായി. സാഹിത്യപ്രവർത്തനങ്ങളിലും, കൃതികളിലുമെല്ലാം അനിതരസാധാരണമായ ആവേശം അലതല്ലി. വിദൂരവും, സുന്ദരവും അത്ഭുതകരവുമായ സംഗതികൾ അറിയുന്നതിനുവേണ്ടിയുള്ള ആവേശകരമായ അന്വേഷണം അന്നത്തെ സാഹിത്യത്തിൽ പ്രകട

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായി കാണാം. എല്ലാ സാഹിത്യശാഖകളിലും ഊർജ്ജസ്വല മായ പ്രവർത്തനങ്ങൾ ഉണ്ടായിരുന്നെങ്കിലും അതിൻെറ ഗാംഭീര്യം മുഴുവൻ നിറഞ്ഞുനിന്നതു് നാടകത്തിലാണു്. എന്നിരുന്നാലും എലിസബെത്തൻ യുഗത്തിൻെറ അന്ത്യമായപ്പോഴേക്കും നാടകത്തിനും ക്ഷയം സംഭവിച്ചുതുടങ്ങി.

കവിതാരംഗം

ചോസറുടെ മരണത്തിനുശേഷം ഒരു നൂററാണ്ടുകാലത്തിലധികം കവിതയെ സംബന്ധിച്ചിടത്തോളം ഇംഗ്ളണ്ടു് വന്ധ്യമായിരുന്നു. മതവിദ്വേഷവും സംഘഷ്വും ആഞ്ഞടിച്ചതോടെ ആജ്ജിതസംസ്കാരത്തിനു കനത്ത ആഘാതമുണ്ടായി. ഈ കൊടുങ്കാററു് അസ്തമിക്കുകയും ശാന്തി പുനഃസ്ഥാപിതമാകുകയും ചെയ്തതിനുശേഷമേ ജനങ്ങൾക്കു സ്വൈരമായി ജീവിക്കാനാവുള്ളൂ. ശക്തമായ ഇടിക്കും മിന്നലിനും ശേഷം കിളികൾ ഒന്നുചേർന്നു പാടിത്തിമക്കുന്നതുപോലെ, പതിനാറാം നൂററാണ്ടിൻെറ ഉത്തരാദ്ധത്തിൽ പാടുന്ന കിളികളുടെ കൂടായിത്തീർന്നു ഇംഗ്ളണ്ടു്. ററോട്ടെൽസ് മിസലനി (1567) എന്നു് ഇന്നു പരക്കെ അറിയപ്പെടുന്ന കവിതാസമാഹാരത്തിൻെറ പ്രസിദ്ധീകരണത്തോടെയാണു് ഈ യുഗത്തിൻെറ പ്രഭാതം പൊട്ടിവിടന്നതു്. ഈ കാവ്യസമാഹാരത്തിലെ പല കവിതകളുടേയും കത്താവാരെന്ന കാര്യം ഇന്നും അജ്ഞാതമാണു്. എങ്കിലും കർത്തൃത്വം തീർച്ചയായ ബഹുഭൂരിപക്ഷം കവിതകളുടേയും രചയിതാക്കൾ സർ തോമസ് വയററും, ഏൾ (Earl) ഓഫ്സറിയുമാണു്.

സർ തോമസ്‌വയററ് (1503 ?—1542)

വയററിൻെറ പ്രശസ്തിക്കു പ്രധാന കാരണം അദ്ദേഹം അവതരിപ്പിച്ച ഗാനങ്ങളും (ലിറിക്ക്) ഗീതിക(സോണററ്)കളുമാണു്. ഇററാലിയൻ കവിയായ പേട്രാർക്കാണു് സോണററിൻെറ ഉപജ്ഞാതാവു്. പതിന്നാലുവരികളുള്ള പ്രേമഗീതങ്ങളാണു് പെട്രാർക്കിൻെറ സോണററുകൾ. തികച്ചും ആത്മനിഷ്ഠവും വിഷാദസ്വരം നിറഞ്ഞതുമാണു് അദ്ദേഹത്തിൻെറ സോണററ്. ഇററലിയിൽ പര്യടനംനടത്തിയ ഇംഗ്ളീഷുകാർ പെട്രാർക്കിൻെറ കവിതയിൽ ആകൃഷ്ടരാകുകയും ആ രീതി ഇംഗ്ളണ്ടിൽ പരീക്ഷിച്ചുനോക്കുവാൻ തയ്യാറാകുകയും ചെയ്തു. വയററിൻേറതായി ഇരുപത്താറു സോണററുകളുള്ളതിൽ കുറഞ്ഞതു് പതിനാറെണ്ണമെങ്കിലും പെട്രാർക്കിൽനിന്നു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നേരിട്ടുള്ള വിവർത്തനങ്ങളാണ്. വയററിൻെറ സ്വന്തം രചനകളിൽ രണ്ടോ മൂന്നോ എണ്ണമൊഴിച്ച് മററുള്ളവയെല്ലാം ഇററാലിയൻ കവികളുടെയോ, സ്പാനിഷ് എഴുത്തുകാരുടേയോ അനുകരണങ്ങളാണുതാനും. ഇവയ്ക്കുപുറമെ വ്യത്യസ്ത ശ്ലോകരൂപങ്ങളിൽ അനേകം—കൃത്യമായി പറഞ്ഞാൽ 182—ഗാനങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. ഏതാനും പരിഹാസകവനങ്ങളും, മുക്തകങ്ങളും, പ്രാർത്ഥനാഗാനങ്ങളും അദ്ദേഹത്തിൻേറതായിട്ടുണ്ട്.

ദി ഏൾ ഓഫ് സറി (1517—1547)

ഹ്രസ്വവും സംഭവബഹുലവുമായ ജീവിതം നയിച്ച ഏൾ ഓഫ് സറി വ്യാജമായ രാജദ്രോഹകുററം ആരോപിച്ച് വധിക്കപ്പെടുകയായിരുന്നു. ഇംഗ്ളണ്ടിൽ സോണററ് അവതരിപ്പിച്ചതിൻെറ പേരിൽ വയററിനോളം സ്ഥാനം സറിക്കുമുണ്ട്. ജറാൾഡിൻ എന്ന പേരുള്ള ഒരുവളെ അഭിസംബോധന ചെയ്തുകൊണ്ടുള്ളതാണ് അദ്ദേഹത്തിൻെറ എല്ലാ സോണററുകളും. പിൽക്കാലത്തു ഷേക്സ്പിയർ സ്വീകരിച്ച സോണററു രീതിയും സറിയുടെ രീതിയും സാദൃശ്യം ഉള്ളവയാണ്. സ്ത്രീകളോടുള്ള ആദരവ് കുറഞ്ഞുകൊണ്ടിരിക്കുന്നതിനേപ്പററി പ്രേമഗീതങ്ങളിൽ അദ്ദേഹം വിലപിക്കുന്നു. വയററിനേക്കാൾ കുററമററ ഭാഷയും ശൈലിയുമാണ് സറിയുടേതു്. ഈനീഡിൻെറ ഒരു ഇംഗ്ളീഷ് പരിഭാഷയും അദ്ദേഹം നിർവ്വഹിക്കുകയുണ്ടായി. ഇംഗ്ളീഷിൽ ആദ്യമായി ''ബ്ലാങ്ക്‌വേഴ്സ്'' ഉപയോഗിച്ചിരിക്കുന്നതു് ഇവിടെയാണ്. പരുക്കനും വഴങ്ങാത്തതും വിരസവുമാണ് അദ്ദേഹത്തിൻെറ ബ്ലാങ്ക്‌വേഴ്സ് എങ്കിലും പിൽക്കാലത്തു് ഇംഗ്ളണ്ടിൽ എററവും ജനസമ്മതിനേടിയ കാവ്യരൂപത്തിൻെറ ഉപജ്ഞാതാവെന്ന നിലയിൽ സറിക്കു് അഭിമാനാർഹമായ സ്ഥാനമുണ്ട്.

വയററിൻെറയും, സറിയുടെയും രചനകൾക്കു പുറമെ ടോട്ടെൽസ് മിസലനിയുടെ എഡിററായ നിക്കൊളസ് ഗ്രിമാൾഡ്, തോമസ് ചർച്ച്‌യാർഡ്, തോമസ്ലോർഡ്‌വോ, ജോൺ ഹേവുഡ്, സർ തോമസ് ബ്രയൻ എന്നിവരുടെ കവിതകളും ഈ ശേഖരത്തിൽ ഉൾപ്പെടുന്നു. അസാധാരണമായ പ്രചാരമാണ് ടോട്ടെൽസ്‌മിസലനിക്കു ലഭിച്ചതു്. ഇതിനു് എട്ടു പതിപ്പുകൾ ഉണ്ടായിരുന്നു. ടോട്ടെൽസ്‌മിസലനിയുടെ വൻവിജയം ആകർഷകമായ മററു വിവിധ വിഷയസാഹിത്യ ശേഖരങ്ങൾ പുറത്തിറക്കാൻ പ്രേരകമായി. ഇവയിൽ പ്രധാന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാണ് ദ പാരഡൈസ് ഓഫ് ഡെയ്ൻറി ഡിവൈസസ് (1576). ഗൗരവാവഹവും ആഖ്യാനപരവുമായിരുന്ന ദ മിറർ ഫോർ മജിസ്ട്രേട്ടിലെ (1559) കവിതകൾ. ഇംഗ്ലീഷ് സാഹിത്യത്തിലെ അനശ്വരങ്ങളായ കൃതികളുടെ ഇടയിൽ ദ മിറർ ഫോർ മജിസ്ട്രേട്ടിനു സ്ഥാനം നേടിക്കൊടുത്തതു് തോമസ് സാക്ക്വിൽ (1536—1608) എന്ന പ്രതിഭയാണ് സ്പെൻസറുടെ ഫെയറിക്വീൻ എന്ന കൃതിയുടെ മുന്നോടിയായി സാക്വില്ലിൻെറ കൃതിയെ കണക്കാക്കാം.

ഏതാനും നാടകങ്ങളുടെയും ഒരു വിമർശനകൃതിയുടെയും ധാരാളം കാവ്യസമാഹാരങ്ങളുടേയും കർത്താവാണ് ജോർജ്ജ് ഗാസ്ക്കൊയിൻ (1536—77). ഒരു മഹാകവിയല്ലെങ്കിലും ആ കാലഘട്ടത്തിൻെറ യഥാർത്ഥപ്രതിനിധിയാണ് അദ്ദേഹം.

സർ ഫിലിപ്പ് സിഡ്നി (1554—1586)

തൻെറ സാഹിത്യകൃതികളുടെ മഹത്വത്തെ അപേക്ഷിച്ച് എത്രയോ ഉന്നതമായ സ്ഥാനവും കീർത്തിയുമാണ് സിഡ്നി ആർജ്ജിച്ചതു്. ഇതിനു പ്രധാന കാരണം സിഡ്നിയുടെ കുലീനത്വവും സ്വഭാവശ്രേഷ്ഠതയുമാണ്. ധീരതയ്ക്ക് ആദർശപരമായ മാതൃകയാണ് അദ്ദേഹമെന്നു് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇംഗ്ലീഷിലെ ഒന്നാന്തരം പ്രേമകാവ്യങ്ങളെന്നു പേരുകേട്ട അസ്ട്രോഫൽ ആൻറ് സ്റ്റെല്ല എന്ന സോണററ്പരമ്പരയാണ് സിഡ്നിയുടെ യശസ്സ് ഇന്നും നിലനിർത്തുന്നതു്. ലോർഡ്റിച്ചിനെ വിവാഹം ചെയ്ത ലേഡി പെനിലപ്പിയുമായി സിഡ്നിക്കുണ്ടായിരുന്ന പ്രേമബന്ധത്തെ അനുസ്മരിച്ച കൊണ്ടെഴുതിയ സോണററുകളാണിവ. സോണററുകൾക്കു പുറമെ സുന്ദരങ്ങളായ ഗാനങ്ങളും ഇവയിലുണ്ട്. ഇംഗ്ലീഷിലെ ഇതര സോണററ് രചയിതാക്കളേക്കാൾ കണിശമായി പെട്രാർക്കൻ രീതി (ഏബി ഏബി, ഏബി ഏബി, സിഡിഇ, സിഡിഇ) സിഡ്നി പിന്തുടർന്നിട്ടുണ്ട്.

തോമസ് സി വാട്സൺ (1557—1592)

ഇംഗ്ലണ്ടിൽ സോണററ് രചന ഉറപ്പിക്കുന്നതിൽ പങ്കു വഹിച്ച മറെറാരു എലിസബീത്തൻ കവിയാണ് തോമസ് വാട്സൺ. പ്രേമത്തിൻെറ കെടുതികളേയും, അതിൽനിന്നുള്ള തൻെറ മോചനത്തേയും പ്രതിപാദിക്കുന്ന നൂറു സോണററുകളുടെ സമാഹാരമാണ് ഹെക്കാറ്റം. പതിയ ഓർ എ പാഷനേററ് സെഞ്ചുറി ഓഫ് ലവ് (1582). ദ് ടിയേഴ്സ് ഓഫ് ഫാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സി ഓർ ലവ് ഡിസ്ഡെയ്ൻഡ് (1593) എന്ന പേരിൽ അറു പതു സോണററുകളുടെ സമാഹാരംകൂടിയുണ്ട് അദ്ദേഹത്തിനു്.

എലിസബത്തൻ യുഗത്തിലെ മററു ചില സോണററ് രചയിതാക്കളെക്കൂടി ഇവിടെ പരാമർശിക്കേണ്ടതുണ്ട്. സീലിക എന്ന സോണററ് സമാഹാരത്തിൻെറ കർത്താവായ ഫുൽക്ക് ഗ്രെവിൽ (1554—1628). ഡീലിയ (1592) എന്ന പേരിലുള്ള സോണററ് പരമ്പരയാണു് സാമുവൽ ഡാനിയൽ (1562—1619) കാഴ്ചവച്ചതു്. കോൺസ്റ്റബിളിൻെറ (1562—1613) കൃതിയായ ഡയാനയിലെ സോണററുകളും ബാർണബി ബാൺസിൻെറ (1569—1609) സോണററു് കൃതിയായ പാർത്തനോഫിൽ ആൻറ് പാർത്തനോപീലി (1593) എന്നിവയും ശ്രദ്ധേയമാണു്. തോമസ് ലോഡ്ജ് (1558—1625) രചിച്ച ഫിലിസ് അതിമനോഹരമായ സോണററ് സമാഹാരമാണു്. ഫിനിയസ് ഫ്ളെച്ചറും (1582—1650), മൈക്കിൾ ഡ്രേയ്ററണും (1563—1631) സോണററുകൾ രചിച്ചിട്ടുണ്ട്. സ്പെൻസറുടേയും, ഷേക്സ്പിയറുടേയും സോണററുകളെക്കുറിച്ച് അവരുടെ മററു കൃതികളുടെ കൂട്ടത്തിൽ പറയുന്നുണ്ട്.

സോണററുകൾക്കു പുറമെ ഫിനിയസ്ഫ്ളെച്ചർ മററു കവിതകളും എഴുതിയിട്ടുണ്ട്. ദ സിവിൽ വാർ (1595) എന്ന നീണ്ട ഒരു ചരിത്രകാവ്യവും, ധാരാളം പ്രച്ഛന്നനാടകങ്ങളും (മാസ്ക്ക്) രചിച്ചിട്ടുണ്ട് സാമുവൽ ഡാനിയൽ (1562—1690). ഡ്രേയ്ററനും ചരിത്രകാവ്യങ്ങൾ രചിച്ചിട്ടുണ്ടെങ്കിലും ഇംഗ്ലണ്ടിൻെറ ഭൂമിശാസ്ത്രപരമായ പോളി ഓൽബിയൻ ആണ് അദ്ദേഹത്തിൻെറ ഏററവും പ്രധാനപ്പെട്ട കൃതി.

എഡ്മണ്ട് സ്പെൻസർ (1552—1599)

സ്പെൻസറുടെ ജീവിതത്തിലെ ഒരു വലിയ പങ്കം അയർലൻറിലാണ ചെലവഴിച്ചതെന്നതുകൊണ്ടാകാം ആ ജീവിതത്തെക്കുറിച്ച് കൂടുതലൊന്നും അറിയാതെപോയതു്. ജൻമനാടായ ലണ്ടനിലെ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കേംബ്രിഡ്ജിലെ പെംബ്രോക് ഹാളിലേക്കാണു് അദ്ദേഹം പോയതു്. അവിടെവച്ച് പണ്ഡിതമ്മന്യനായ ഗാബ്രിയെൽ ഹാർവിയുടെ സ്വാധീനത്തിൽ സ്പെൻസർ അകപ്പെട്ടുപോയി. 1580—ൽ കേംബ്രിഡ്ജിൽനിന്നും മാസ്റ്റർ ബിരുദമെടുത്ത സ്പെൻസർ ഏൾ ഓഫ് ലെസ്റ്ററിനെ അകമ്പടി സേവിച്ചുകൊണ്ട് അയർലൻറിലേക്കു പുറപ്പെട്ടു. ശേഷിച്ച കാലമത്രയും അദ്ദേഹം അവിടെത്തന്നെയാണു് ചെലവഴിച്ചതു്. എന്നും ഏതെങ്കിലും ഔദ്യോഗികപദവി വഹിച്ചിരുന്ന അദ്ദേഹം 1595—ൽ എലി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സബത്തു് ബോയിലിനെ വിവാഹം കഴിച്ചു. 1598–ൽ മൺസ്റ്ററിൽ നടന്ന ഐറിഷ്‌ലഹളയിൽ സ്പെൻസറുടെ വസതിയായ കിൽകോമൻ കാസിൽ ചുട്ടെരിക്കപ്പെട്ടു. തീയിൽ പെട്ടു് അദ്ദേഹത്തിന്റെ ഒരു മകൻ ദഹിച്ചുപോകുകയുണ്ടായി. ഇംഗ്ളണ്ടിലേക്കു കടന്നുകളഞ്ഞ സ്പെൻസർ ഏതാനും മാസങ്ങൾക്കു ശേഷം ദാരിദ്ര്യത്തിലാണു് അന്തരിച്ചതു്.

സ്പെൻസറുടെ ആദ്യത്തെ പ്രധാനകാവ്യം ദ ഷെപ്പേർഡ്സ് കലണ്ടർ (1579) ആണു്. ഈ കാവ്യത്തിൽ അദ്ദേഹം തന്റെ മുൻപുണ്ടായിരുന്ന മിക്കവാറും എല്ലാ അജപാല (Pastoral) ഗാനരചയിതാക്കളുടെ മാതൃകകളും സ്വീകരിച്ചിട്ടുണ്ടു്. വർഷത്തിലെ പന്ത്രണ്ടു മാസങ്ങൾക്കു് അനുസൃതമായി അത്രയും ഗാനങ്ങളുണ്ടിതിൽ. വിവിധങ്ങളായ ഋതുക്കൾപോലെ മനുഷ്യജീവിതത്തിലെ വ്യത്യസ്ത ദശകൾ അദ്ദേഹം വിവരിക്കുന്നു. അദ്ദേഹത്തിന്റെ മാറുന്ന മനോഭാവങ്ങൾക്കു് അനുസൃതമായാണു് ഓരോ ദശയും ചിത്രീകരിക്കുന്നതു്. ചോസർ (ടിററിറസ്), ക്വീൻ എലിസബത്തു് (ഇടയൻമാരുടെ രാജ്ഞിയായ, സുന്ദരിയായ എലീസാ), മററു പ്രമുഖരായ വ്യക്തികൾ എന്നിവരെക്കുറിച്ചുള്ള പരാമർശങ്ങൾ ഇതിൽ അടങ്ങുന്നു.

കോളിൻ ക്ലൗട്ട്സ് കം ഹോം അഗെയ്ൻ (1595) എന്ന കൃതിയിലും അജപാല കാവ്യരീതിയാണു് സ്പെൻസർ സ്വീകരിച്ചിരിക്കുന്നതു്. സ്വന്തം അനുഭവങ്ങളെ ആസ്പദമാക്കി എഴുതിയിട്ടുള്ളതാണു് ഈ കവിത. എപ്പിത്തലാമിയൻ (1595), പ്രോതലാമിയൻ (1596) എന്നിവയാണു് സ്പെൻസറുടെ ഏററവും പ്രചാരമുള്ള കാവ്യങ്ങൾ. സ്പെൻസറും, എലിസബത്തു് ബോയിലുമായുള്ള വിവാഹത്തെ കവിതന്നെ പ്രകീർത്തിക്കുന്നതാണു് എപ്പിത്തലാമിയൻ. ഏൾ ഓഫ് വുസ്റ്ററിന്റെ രണ്ടു പുത്രിമാരുടെ വിവാഹത്തെ പ്രശംസിച്ചുകൊണ്ടെഴുതിയതാണു് രണ്ടാമത്തെ കാവ്യമായ പ്രോതലാമിയൻ. സ്വന്തം വിവാഹമംഗളഗാനത്തിനുള്ള കാവ്യാത്മകതയോ, വികാരസാന്ദ്രതയോ ഈ കവിതയിൽ അനുഭവപ്പെടുന്നില്ല. തന്റെ ഭാവിവധുവുമായുള്ള പ്രേമസല്ലാപങ്ങളിൽനിന്നുണ്ടാകുന്ന പ്രത്യാശകളും നിരാശകളും പകർത്തി കാണിക്കുന്നതാണു് അദ്ദേഹത്തിന്റെ സോണററു് പരമ്പരയായ അമൊറെററി (1595). ആകെ എൺപത്തെട്ടു സോണററുകൾ അടങ്ങുന്നതാണു് ഈ കൃതി.

സൗന്ദര്യം, പ്രേമം, സ്വർഗ്ഗീയ സൗന്ദര്യം, സ്വർഗ്ഗീയപ്രേമം എന്നിവയെ വാഴ്ത്തിപ്പാടുന്ന ദി ഫോർ ഹിംസ് (1596). സ്പെൻസറുടെ കാവ്യജീവിതത്തിൽ ഉടനീളം പ്രചോദനമരുളിയ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്ലേററോ അദ്ദേഹത്തെ എത്രമാത്രം സ്വാധീനിച്ചിരുന്നുവെന്ന തിനു തെളിവാണ് പ്രസ്തുത കീർത്തനങ്ങൾ.

സ്പെൻസറുടെ ഏററവും മഹത്തായ രചനയാണ് ദ ഫെയറി ക്വീൻ. ഇതിൻെറ ആദ്യത്തെ മൂന്നു ഭാഗങ്ങൾ 1590–ലും പിന്നത്തെ മൂന്നു ഭാഗങ്ങൾ 1596–ലുമാണ് പ്രസിദ്ധീകരിച്ചതു്. 1609–ൽ പ്രസിദ്ധപ്പെടുത്തിയതും ''മ്യൂട്ടബിലിററി കാൻേറാസു'' എന്നറിയപ്പെടുന്നതുമായ ഖണ്ഡങ്ങൾ എഴുതാനിരുന്ന ഭാഗങ്ങളുടെ അംശങ്ങളാണെന്നു വിശ്വസിക്കപ്പെടുന്നു. ആകെ പന്ത്രണ്ടു ഭാഗങ്ങളായി ഇതു പൂർത്തിയാക്കണമെന്നായിരുന്നു സ്പെൻസറുടെ ഉദ്ദേശം.

സ്പെൻസർ സർ വാൾട്ടർ റാലിക്കെഴുതിയ കത്തിൽ, അധികഭാഗവും എഴുതപ്പെടാതെ പോയിരിക്കുന്ന ഈ കാവ്യത്തെപ്പററി പറയുന്നതു് ''നീണ്ടു നീണ്ടു പോകുന്ന രൂപകം'' ആണെന്നാണ്. കാവ്യത്തിൻെറ ധാർമ്മികമായ ലക്ഷ്യത്തെക്കുറിച്ച് അദ്ദേഹം പറയുന്നു: ''ഓരോ ഭാഗത്തിൻേറയും സാമാന്യമായ ലക്ഷ്യം സൗമ്യനും യോഗ്യനുമായ ഒരു കലീനനെ അവതരിപ്പിക്കുക''യെന്നതാണ്. ഓരോ ധർമ്മത്തേയും ഓരോ വീരയോദ്ധാവാണ് പ്രതിനിധാനം ചെയ്യുന്നതു്. അങ്ങനെ പൂർത്തിയാക്കിയ ആറു ഭാഗങ്ങൾ പവിത്രത, സംയമം, നൈർമ്മല്യം, മൈത്രി, നീതി, വിനയം എന്നീ ആറു ഗുണങ്ങളെ ഉയർത്തിപ്പിടിക്കുന്ന കഥകൾ പറയുന്നു. അപൂർണ്ണമായ ഏഴാം ഭാഗം സ്ഥൈര്യത്തെ പ്രതിപാദിക്കുന്നുവെന്നു വിശ്വസിക്കാം. ഫെയറി ക്വീൻ പ്രതാപത്തെ ചിത്രീകരിക്കുന്നെങ്കിലും എലിസബത്തു് രാജ്ഞിയെയാണ് അവരിൽ ഉദ്ദേശിച്ചിട്ടുള്ളതു്.

ഇംഗ്ലീഷിലെ അന്യാപദേശ രൂപത്തിലുള്ള (അലിഗോറിക്കൽ) മഹത്തായ കാവ്യങ്ങളിൽ ഒന്നാണ് ഫെയറി ക്വീൻ. വൈയക്തികവും, രാഷ്ട്രീയവും സാമുദായികവും ധാർമ്മികവുമായി വ്യത്യസ്ത നിലകളിലുള്ള ദൃഷ്ടാന്തങ്ങൾ ഇതിലുണ്ടു്. അന്യാപദേശകാവ്യമെന്ന നിലയിൽ ഇതിനു ന്യൂനതകൾ ഇല്ലാതില്ല.

കഥാഖ്യാനം നടത്തുന്ന കാവ്യമെന്ന നിലയിൽ ഫെയറി ക്വീൻ ഒരു പരാജയമാണ്. അനേക സംഭവങ്ങളും നീണ്ട വിവരണങ്ങളും ക്രിയയെ തടസ്സപ്പെടുത്തുന്നു. യൂണ, ബ്രിട്ടോമാർട്ട് തുടങ്ങിയ ഏതാനും കഥാപാത്രങ്ങളെ ഭംഗിയായി ചിത്രീകരിച്ചിട്ടുണ്ടെങ്കിലും പാത്രസൃഷ്ടി പൊതുവെ നന്നായിട്ടില്ല. എന്നാൽ ആദ്യന്തം നിറഞ്ഞുനിൽക്കുന്ന കവിത ആസ്വദിക്കുന്ന അനുവാചകൻ ഈ കുറവുകളെല്ലാംതന്നെ വിസ്മരിക്കുന്നു. ''സ്പെൻസീരിയൻ സ്റ്റാൻസാ'' അതിശയകരമായ വൈദഗ്ധ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തോടെ അദ്ദേഹം പ്രയോഗിച്ചിട്ടുണ്ട്. ഒമ്പതു വരികളുള്ള ഖണ്ഡമാണ് സ്പെൻസീരിയൻ സ്റ്റാൻസാ. ആദ്യത്തെ എട്ടു വരികളിൽ പത്തുമാത്രകഠം വീതവും അലെക്സാൻഡ്രയിൻ എന്ന അവസാനത്തെ വരിയിൽ പന്ത്രണ്ടു മാത്രയുമുണ്ട്. വിസ്മയകരമായ സൗന്ദര്യബോധമുണ്ടായിരുന്നു സ്പെൻസർക്ക്. അദ്ദേഹത്തിന്റെ ചിത്രീകരണപാടവവും ഉജ്ജ്വലമാണ്. ചുരുക്കത്തിൽ, വിശകലനം ചെയ്യാനാവാത്തതും അനുവാചകനു് വിട്ടുകളയാനാവാത്തതുമായ ശുദ്ധമായ കവിതയുടെ രസം അദ്ദേഹത്തിന്റെ കൃതികളുടെ ഓരോ പുറത്തിലും അനുഭവിക്കാൻ കഴിയും. ഈ ഗുണവിശേഷമാണ് പിൽക്കാല കവികളിൽ ആശാസ്യമായ സ്വാധീനം ചെലുത്താൻ അദ്ദേഹത്തിനു കഴിഞ്ഞതും, ''കവികളുടെ കവി''യെന്ന സ്ഥാനം അദ്ദേഹത്തിനു നേടിക്കൊടുത്തതും.

ഷേക്സ്പിയർ (1564—1616)

ഷേക്സ്പിയറുടെ ഏററവും നല്ല കവിതകഠം അദ്ദേഹത്തിന്റെ നാടകങ്ങളിലാണുള്ളതു്. അതേപ്പററി അന്യത്ര പ്രതിപാദിക്കുന്നുണ്ട്. വീനസ് ആൻറ് അഡോണിസ്, ദ് റേപ് ഓഫ് ലുക്രീസ് എന്നിവയും സോണററുകളുമാണ് അദ്ദേഹത്തിന്റെ നാടകേതരമായ കവിതകഠം.

വീനസ് ആൻറ് അഡോണിസ് (1593) ആയിരിക്കണം ഷേക്സ്പിയർ ആദ്യം പ്രസിദ്ധീകരിച്ച കൃതി. സതാംപ്ടണിലെ ഏഠം ആയ ഹെൻറി റിയോ തസ്ലിക്ക് ഈ കൃതി സമപ്പിച്ചിരിക്കുന്നു. ആറു വരി വീതമുള്ള ഖണ്ഡങ്ങളാണ് ഈ കവിത. വീനസ് യുവാവായ അഡോനിസിൽ അനുരക്തയാകുന്നു. അവളുടെ അഭിലാഷങ്ങളെ അയാഠം അവഗണിക്കുന്നു. പന്നിവേട്ടയ്ക്കു പുറപ്പെടുന്ന അഡോനിസിനെ അതിൽനിന്നു് പിൻതിരിപ്പിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അവഠം വിജയിച്ചില്ല. പന്നിവേട്ടയ്ക്കിടയിൽ അഡോണിസ് കൊല്ലപ്പെട്ടെന്ന വാത്തയാണ് അടുത്തദിവസം വീനസ് കേഠംക്കുന്നതു്.

ദ റേപ്പ് ഓഫ് ലുക്രീസ് (1594) എന്ന അടുത്ത കവിതയും ഏഠം ഓഫ് സതാംപ്ടനുതന്നെയാണ് സമപ്പിച്ചിരിക്കുന്നതു്. ടാർക്വിന്റെ മകനായ സെക്സ്ററസ് ലുക്രീസ് അഥവാ ലുക്രീഷിയയെ ബലാൽസംഗം ചെയ്ത പ്രസിദ്ധമായ കഥയാണ് ഈ കവിതയ്ക്കു് അടിസ്ഥാനം. ഏഴ വരി വീതമുള്ള ശ്ലോകങ്ങളാണ് ഇതു്.

നാടകങ്ങളിലെ പദ്യം ഒഴിച്ചു നിത്തിയാൽ ഷേക്സ്പിയറുടെ ഏററവും കാവ്യാത്മകമായ രചനകഠം അദ്ദേഹത്തിന്റെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സോണററ് പരമ്പരയാണ്. പ്രസിദ്ധീകരിച്ചതു് 1609–ൽ ആണെങ്കിലും ഇവയുടെ രചന 1593–നും 96–നും ഇടയ്ക്കാകാനാണ സാധ്യത. ഈ സോണററുകൾ പഠിക്കാനാരംഭിക്കുമ്പോൾത്തന്നെ നാം അഭ്യൂഹങ്ങളിലേക്കും വിവാദങ്ങളിലേക്കും അറിയാതെ വഴുതിവീണു പോകും. ആരാണീ സോണററുകളിലെ പ്രധാന പ്രേരകശക്തിയായ ഡബ്ലിയു. എച്ച്? 83-മുതൽ 86–വരെ സോണററുകളിൽ പരാമർശിച്ചിരിക്കുന്ന കവിയുടെ എതിരാളി ആരു്? തട്ടിയെടുക്കപ്പെട്ട കാമിനി (40–42) ആരു്? ആരാണീ കറുത്ത സുന്ദരി (127 മുതൽക്കുള്ള സോണററുകൾ)? ആത്മകഥാപരമാണോ ഈ സോണററുകൾ? ഉത്തരം കിട്ടാത്ത ഈ ചോദ്യങ്ങളെ സംബന്ധിച്ച തല പുകയ്ക്കാതെ തന്നെ അവയിലെ കവിത ആസ്വദിക്കാൻ ഒരാൾക്കു കഴിയും. ആദ്യകാലസോണററുകളിൽ ഷേക്സ്പിയറുടെ സുഹൃത്തും, രക്ഷാധികാരിയുമായിരുന്ന സുന്ദരനും, യുവാവുമായ ഒരു മാന്യനെപ്പററി പറയുന്നുണ്ട്. പില്ക്കാല സോണററുകളിൽ ഭർത്താവിനോട് വിശ്വാസവഞ്ചന കാണിച്ച ''നരകംപോലെ കറുത്തതും,'' ''രാത്രി പോലെ ഇരുണ്ടതു''മായ ഒരു സ്ത്രീയെയാണു് സൂചിപ്പിക്കുന്നതു്. ഈ സ്ത്രീയുടെ തടുക്കാനാവാത്ത പ്രലോഭനങ്ങളിൽ കവി വീണുപോകുന്നു. എന്നാൽ കവി സ്ഥലത്തില്ലാതിരിക്കുമ്പോൾ അയാളെ വഞ്ചിച്ച് കവിയുടെ സുഹൃത്തായ യുവാവിനെ തന്നിലേക്കു് ആകർഷിക്കുകയാണവൾ. അതേത്തുടർന്നു കവിയും സുഹൃത്തും തമ്മിലുള്ള സ്നേഹബന്ധത്തിനു് ഉടവുതട്ടുകയായി. ഒടുക്കം അവർ പഴയതുപോലെ ചങ്ങാതിമാരായി തീരുകയും ചെയ്തു.

ഷേക്സ്പിയറുടെ പ്രതിഭയെ വിളിച്ചോതുന്നതാണു് ഒന്നാന്തരം കവിതയ്ക്കുദാഹരണമായ ഈ 154 സോണററുകൾ. ''ലെററ് മി നോട്ട് ററു ദ മാരീജ് ഓഫ് ട്രൂ മൈൻഡ്സ്'', ''ഫുൾ മെനി എഗ്ലോറിയസ് മോണിങ് ഹാവ് ഐ സീൻ,'' തുടങ്ങിയ സോണററുകൾ അതിപ്രശസ്തങ്ങളാണു്.

ഒന്നിടവിട്ട വരികളിൽ സ്വരൈക്യം ദീക്ഷിച്ചുകൊണ്ടു് നാലുവരികൾ വീതമുള്ള മൂന്നു ഖണ്ഡങ്ങളും അവസാനം ഒരു ഈരടിയും (എബി എബി, സി ഡി സി ഡി, ഈ എഫ്, ഈ എഫ് ജിജി) ചേർന്ന പ്രത്യേകതരത്തിലുള്ള സോണററ് രൂപമാണു് ഷേക്സ്പിയറുടേതു്.

നാടകം—മുന്നോടികൾ

പതിനാറാം നൂററാണ്ടിൻെറ മധ്യത്തോടെ ''ഇൻറർലൂഡ്'' എന്നു പറയുന്ന ഒരു പുതിയ നാടകരൂപം പ്രചാരത്തിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വന്നു. വിരുന്നുസൽക്കാരങ്ങൾക്കിടയ്ക്കോ, സദ്യയ്ക്കും സദ്യയുടെ അവസാനത്തിലെ മധുരപലഹാരവിതരണത്തിനുമിടയ്ക്കോ നടത്തുന്ന ഹ്രസ്വമായ വിനോദോപാധിയെന്ന നിലയ്ക്കാണ് ഇൻററ്ല്യൂഡ് തുടങ്ങിയതു്. ഇൻററ്ല്യൂഡിൽക്കൂടെ നാടകത്തിന്റെ മതപരമായ പ്രാധാന്യവും പ്രബോധനാത്മകസ്ഥാനവും കുറഞ്ഞുവന്നു. അമൂർത്തമായ ഗുണവിശേഷങ്ങൾക്ക് ചേതനത്വം ആരോപിക്കുന്നതിനുപകരം മനുഷ്യരെത്തന്നെ കഥാപാത്രങ്ങളാക്കുന്ന രീതി തുടങ്ങിയതും ഇക്കാലത്താണ്. ഇൻറർ ല്യൂഡിനെ യഥാർത്ഥമായ കോമഡിയായി പരിണമിപ്പിക്കുന്നതിനു് അവശ്യം വേണ്ടിയിരുന്നതു് ശ്രദ്ധാപൂർവ്വം സ്വരൂപിച്ചെടുത്ത ഇതിവൃത്തമായിരുന്നു.

നിക്കൊളസ് യൂഡൽ എന്ന ലാററിൻ പണ്ഡിതനാണ് പതിനാറാം നൂററാണ്ടിന്റെ മധ്യത്തോടെ ഇതു സാധിച്ചതു്. അദ്ദേഹത്തിന്റെ റാൽഫ് റോയിസ്റ്റർ ഡോയിസ്റ്റർ (1551) ആദ്യത്തെ ലക്ഷണമൊത്ത ഇംഗ്ലീഷ് കോമഡിയായി കണക്കാക്കുന്നു. ലാററിൻ കോമഡി രചയിതാവായ പ്ലോട്ടസ്സിന്റെ ഒരു നാടകത്തെ ആസ്പദമാക്കി എഴുതിയതാണ് പ്രസ്തുത നാടകം.

ഏതാനും വർഷങ്ങൾക്കു ശേഷം കേംബ്രിഡ്ജിൽ ഗാമർ ഗർട്ടൺസ് നീഡിൽ (1575) എന്ന മറെറാരു കോമഡി അരങ്ങേറി. ഗ്രാമീണജീവിതത്തെ അപഗ്രഥിക്കുന്ന അസംസ്കൃതവും, സ്പഷ്ടവും ആയ ഒരു ചിത്രീകരണമാണ് ഈ നാടകം. ഈ രണ്ടു നാടകങ്ങളിലും കഥാപാത്രങ്ങളേയും സന്ദർഭങ്ങളേയും സമകാലികജീവിതത്തിൽനിന്നാണ സ്വീകരിച്ചിരിക്കുന്നതു്. ഇവയോടുകൂടി ഇംഗ്ലണ്ടിൽ കോമഡി ഉദയം ചെയ്തെന്നു പറയാം.

തോമസ് നോർട്ടണും തോമസ് സാക്‌വില്ലും ചേർന്നെഴുതിയ ഗോർബഡക് ഓർ ദ ട്രാജഡി ഓഫ് ഫെറെക്സ് ആൻറ് പോറെക്സ് (1561—62) ആണ് ഇംഗ്ലീഷിലെ ക്രമാനുസൃതമായ ആദ്യത്തെ ദുരന്തനാടകം. ഇംഗ്ലീഷ്ചരിത്രത്തിലെ ഒരു ഐതിഹ്യം അടിസ്ഥാനമാക്കിയുള്ള ഈ നാടകത്തിന്റെ രചനയിൽ ലാററിൻ ദുരന്തകാവ്യങ്ങളുടെ കർത്താവായ സെനക്കയുടെ ശൈലി പിന്തുടർന്നിട്ടുണ്ട്. നാടകത്തിൽ ഗായകസംഘത്തെ (കോറസ്) ഉൾപ്പെടുത്തിയതും, അരങ്ങത്തുനിന്ന് കൊലപാതകരംഗങ്ങൾ ഒഴിവാക്കിയതും, വാക്ധോരണിയോടെയുള്ള സംഭാഷണങ്ങൾ സ്വീകരിച്ചതും പ്രകൃത്യാതീതശക്തികളെ അവതരിപ്പിച്ചതും സെനക്കൻ ട്രാജഡിയെ പിന്തുടർന്നതിന്റെ ഫലമാണ്. നാടകത്തിൽ ആദ്യമായി ബ്ലാങ്ക്‌വേഴ്സ് ഉപയോഗിച്ചതും ഇതിലാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗോർബഡക്കിനെ തുടന്ന് സെനക്കൻ രീതിയിൽ അനേകം ട്രാജഡികളുണ്ടായി. സെനക്കൻ പാരമ്പര്യം തുടന്നുവന്നവരാണ് 'യൂണിവേഴ്സിററി വിററ്സ്'' എന്നറിയപ്പെടുന്നവർ. ജോൺ ലില്ലി(1553—1606), തോമസ് നാഷ് (1567—1601), ജോർജ്ജ് പീൽ (1558—97), റോബർട്ട് ഗ്രീൻ (1558—92), തോമസ് ലോഡ്ജ് (1558—1525), ക്രിസ്റ്റഫർ മാർലോ (1564—93) എന്നിവരാണ് ഈ പേരിൽ അറിയപ്പെടുന്നത്.

ഓക്സ്ഫേഡിൽനിന്നും ബിരുദമെടുത്ത ലില്ലിയായിരുന്നു 'യൂണിവേഴ്സിററി വിററ്സി'ന്റെ നേതാവ്. ഗ്രീക്ക് ഐതിഹ്യങ്ങളെ അടിസ്ഥാനമാക്കി എട്ടു നാടകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. എലിസബെത്ത് രാജ്ഞിയുടെ ജീവിതത്തിലെ ചില സന്ദർഭങ്ങളെ അന്യാപദേശരൂപത്തിൽ ഇവയിൽ അവതരിപ്പിച്ചിരിക്കുന്നതായി സങ്കൽപ്പിക്കപ്പെട്ടിരിക്കുന്നു. ലില്ലിയുടെ അന്യാപദേശരീതിയിലുള്ള കോമഡിക്ക് ഉത്തമോദാഹരണമാണ് എൻഡീമിയൻ ഓർ ദ മാൻ ഇൻ ദ മൂൺ. ഇംഗ്ലീഷ് നാടകരംഗത്ത് പ്രധാനപ്പെട്ട രണ്ടു നേട്ടങ്ങളാണ് അദ്ദേഹം കൈവരിച്ചത്. കോമഡിക്ക് ഗദ്യം മാധ്യമമായി സ്വീകരിച്ചതാണ് ഒന്നാമത്തെ നേട്ടം രണ്ടാമതായി, വ്യംഗ്യ പ്രധാനമായ കോമഡി (ഹൈകോമഡി) അവതരിപ്പിച്ചെന്ന പ്രശസ്തിയും അദ്ദേഹം നേടി. ബുദ്ധിജീവികളെ ആകർഷിക്കാനുദ്ദേശിച്ചുകൊണ്ടുള്ളതാണ് 'ഹൈകോമഡി'. ഷേക്സ്പിയർ തന്റെ ചില ആദ്യകാലനാടകങ്ങളിൽ ലില്ലിയുടെ ശൈലി അനുകരിച്ചിട്ടുണ്ട്. ലില്ലിയാണ് നാടകത്തിൽ ആദ്യമായി ഉപകഥകൾക്കു സ്ഥാനം നൽകിയത്.

തോമസ് നാഷിന്റെ അവശേഷിക്കുന്ന ഒരേയൊരു സ്വതന്ത്രനാടകമാണ് പ്ലസൻറ് കോമഡി ഓഫ് ദ സമണേഴ്സ് ലാസ്റ്റ് വിൽ ആൻറ് ടെസ്റ്റമെൻറ്. ഒരു സാധാരണ നാടകത്തിനേക്കാൾ ഘോഷവും, ആഡംബരവും നിറഞ്ഞതാണിത്. സമകാലികസംഭവങ്ങളും ആൾക്കാരുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഇതിനു കൂടുതൽ പ്രാദേശികസ്വഭാവമുണ്ട്. ഇംഗ്ലീഷിലെ ആദ്യത്തെ 'പിക്കാരസ്ക് നോവ'ലായ ദി അൺഫോർച്ചുനേററ് ട്രാവലർ എന്ന കൃതിയുടെ കർത്താവെന്ന നിലയ്ക്കാണ് തോമസ് നാഷ് ഏറെ അറിയപ്പെടുന്നത്. മാർലോയുടെ ഡൈഡോ, ക്വീൻ ഓഫ് കാർത്തേജ് എന്ന കൃതിയുടെ രചനയിൽ നാഷ് സഹായിച്ചിട്ടുണ്ടെന്നു വിശ്വസിക്കാൻ തെളിവുകളുണ്ട്. ജോർജ്ജ് പീലിന്റെ ഏററവും നല്ല കൃതിയെന്ന് അറിയപ്പെടുന്ന ദി ഓൾഡ് വൈവ്സ് ടെയിൽ (1595) അന്നത്തെ റൊമാൻറിക് നാടകങ്ങളെ വ്യക്തമായി പരിഹസിക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നു. എഡ്വേർഡ് ദ ഫസ്റ്റ് (1593), ദ ബാററിൽ ഓഫ് അൽ ക്കാസർ (1594) എന്നിങ്ങനെ ഏതാനും ചരിത്രനാടകങ്ങളും പീലിൻേറതായിട്ടുണ്ട്. ജന്മവാസന അവകാശപ്പെടാനില്ലാത്ത ഒരു കവിക്കുടിയായിരുന്നു അദ്ദേഹം.

വിഷയാസക്തികൊണ്ടും ദുന്നടപടികൾകൊണ്ടും ശ്രദ്ധേയ മാണ് റോബർട്ട് ഗ്രീനിൻെറ ജീവിതം. നാടകത്തേക്കാൾ ഗ്രീനിനു കീർത്തി നേടിക്കൊടുത്തതു് അദ്ദേഹത്തിൻെറ ഗദ്യരച നകളും കഥകളുമാണ്. തൻെറ ആറു നാടകങ്ങളിൽ ഏററവും മെച്ചപ്പെട്ട കൃതിയാണ് ഫ്രയർ ബേക്കൺ ആൻറ് ഫ്രയർ ബങ്കി. മന്ത്രവാദത്തെ സംബന്ധിക്കുന്ന വിശിഷ്ടമായ ഇംഗ്ലീ ഷ് കഥയാണിതു്. ഇതോടുകൂടി പ്രിൻസ് ഓഫ് വെയിൽ സായ എഡ്വേർഡും മാർഗററും തമ്മിലുള്ള പ്രേമവും ഏതാ നും പ്രാകൃതരുടെ വിനോദകരങ്ങളായ കഥകളും ഉൾപ്പെടുത്തി യിട്ടുണ്ട്. ഇതിവൃത്തരചനയിൽ അധിതീയനായിരുന്നു ഗ്രീൻ. അനന്തരകാലനാടകങ്ങളിൽ കഥാപാത്രങ്ങൽക്കു് കൊടുത്തി രുന്ന പ്രാധാന്യംതന്നെ അദ്ദേഹം സംഭവങ്ങൾക്കും നൽകിയിട്ടു ണ്ടു്. ഇംഗ്ലണ്ടിലെ ഗ്രാമീണജീവിതം സുന്ദരമായി ചിത്രീകരി ച്ചിട്ടുണ്ട് അദ്ദേഹത്തിൻെറ നാടകങ്ങളിൽ

ലേഖനങ്ങൾ, കഥകൾ, നാടകങ്ങൾ എന്നിങ്ങനെ അനേ കം ഗ്രന്ഥങ്ങളുടെ കർത്താവാണ് തോമസ് ലോഡ്ജ്. ഇംഗ്ലീ ഷ്നാടകത്തിൻെറ വികാസത്തിൽ കാര്യമായ പങ്കൊന്നും അദ്ദേഹം വഹിച്ചിട്ടില്ല. ദ് വൂണ്ട്സ് ഓഫ് സിവിൽ വാർ എന്നൊരു നാടകം മാത്രമാണ് അദ്ദേഹത്തിൻെറ സംഭാവന. അതുതന്നെ വിരസവുമാണ്. ശുഷ്കമായ ബ്ലാങ്ക്വേഴ്സിലാ ണ് ഈ നാടകത്തിൻെറ രചന.

കേംബ്രിഡ്ജിൽനിന്നു ബിരുദമെടുത്ത ക്രിസ്റ്റഫർ മാർ ലോ ഏതാനും വർഷങ്ങൾകൂടി അവിടെത്തന്നെ കഴിച്ചുകൂട്ടി. 1589–ൽ ലണ്ടനിൽ സ്ഥിരതാമസമായി. മാർലോയുടെ ആദ്യ ത്തെ നാടകമായ ററാംബർലെയ്ൻ (1587—88) പ്രേക്ഷകരുടെ മുക്തകണ്ഠമായ പ്രശംസ പിടിച്ചുപററി. 1596–ൽ ആണ് ഈ കൃതി പ്രസിദ്ധപ്പെടുത്തിയതു്. ഇതേത്തുടർന്നു് ദ് ട്രാജിക്കൽ ഹിസ്ററി ഓഫ് ഡോക്ടർ ഫോസ്ററസ് (1588), ദ് ജ്യൂ ഓഫ് മാൾട്ടാ (1589) എന്നിവയും പുറത്തുവന്നു. അടുത്ത കൃതിയായ എഡ്വേർഡ് ദ് സെക്കൻറിൽ (1591) ചരിത്രത്തി ലേക്കാണ് അദ്ദേഹം തിരിഞ്ഞതു്. ദ് മാസ്സക്കർ ഓഫ് പാ രിസ്, ദ് ട്രാജഡി ഓഫ് ഡൈഡോ, ക്വീൻ ഓഫ് കാർത്തേജ് എന്നീ കൃതികളുംകൂടിയാകുമ്പോൾ മാർലോയുടെ നാടകങ്ങൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുഴവനായി. അമിതമായ വിഷയാസക്തനായിരുന്ന മാർലോ എന്നു പറയപ്പെടുന്നു. സത്രത്തിൽവച്ചുണ്ടായ ഒരു കലഹത്തിൽ കൊല്ലപ്പെടുകയായിരുന്നു അദ്ദേഹം (1593).

മാർലോയുടെ നാടകങ്ങളെല്ലാം ട്രാജഡികളാണ്. ഇംഗ്ലീഷ് നാടകത്തിൽ ആദ്യമായി ദുരന്തനായകനെ അവതരിപ്പിച്ചെന്നതാണ് മാർലോയുടെ ഏററവും വലിയ സംഭാവന. അദ്ദേഹത്തിൻെറ മുഖ്യകഥാപാത്രങ്ങളെല്ലം ധീരോദാത്തന്മാരാണ്. അതിരില്ലാത്ത വിജയങ്ങൾക്കുവേണ്ടിയുള്ള അമിതമായ അഭിലാഷമാണ് ററാംബർലേയ്നിൽ കാണുന്നതു്. ഒടുങ്ങാത്ത ധനമോഹിയാണ് മാൾട്ടയിലെ ജൂതൻ. അനന്തമായ വിജ്ഞാനദാഹിയെയാണ് ഡോക്ടർ ഫോസ്ററസിൽ നാം കാണുന്നതു്. മനുഷ്യശക്തിയുടെ പരിധിയെന്തെന്ന ചോദ്യമാണ് ഈ ഓരോ നാടകവും ഉയർത്തുന്നതു്. അമിതമായ ശക്തിയാർജ്ജിച്ചാലുണ്ടാകുന്ന അപകടത്തെപ്പററിയും അവ സൂചന നൽകുന്നു. ശക്തന്മാരായ നായകന്മാരുടെ മാനസികസംഘർഷങ്ങളിൽ ഊന്നുന്നുവെന്നതു് അദ്ദേഹത്തിൻെറ നാടകങ്ങൾക്ക് ഒരു പ്രത്യേക മാനം നൽകുന്നുണ്ട്. മാർലോയുടെ ട്രാജഡികൾ സ്ത്രീകൾക്ക പ്രാധാന്യം നൽകാത്ത ഏകനായകപ്രധാനമായ നാടകങ്ങളാണ്. നാടകീയതയേക്കാൾ ഇതിഹാസ സദൃശമായ ഘടനയാണ് അദ്ദേഹത്തിൻെറ നാടകങ്ങളുടേതു്. വിഭിന്നങ്ങളായ രംഗങ്ങൾ ആവിഷ്കരിക്കുന്നതിലാണ് ഈ നാടകങ്ങളുടെ മഹത്ത്വം നിലകൊള്ളുന്നതു്. ഹെലനെ ഫോസ്ററസ് ദർശിക്കുന്ന രംഗം, ബജാസത്ത്. സെനോക്രേററ്, എഡ്വേർഡ് രണ്ടാമൻ, ഡോക്ടർ ഫോസ്ററസ് മുതലായവരുടെ അന്ത്യം എന്നിവ ഇതിനു് ഉദാഹരണങ്ങളാണ്. ആരംഭവും അവസാനവും ആകർഷണങ്ങളാണെങ്കിലും നാടകമധ്യത്തിൽ ജിജ്ഞാസ കുറയുന്നു എന്നതാണ് മാർലോയുടെ നാടകങ്ങളുടെ മറെറാരു പ്രത്യേകത. നായകനെ അതിവിശദവും സൂക്ഷ്മവുമായി ചിത്രീകരിക്കുമെങ്കിലും മററു കഥാപാത്രങ്ങളുടെ ബാഹ്യരേഖകൾ മാത്രമേ കാണൂ. വില്ലനായ നായകനെ ചിത്രീകരിക്കുമ്പോഴാണ് മാർലോയുടെ പാത്രരചനാവൈഭവം പൂർണ്ണമായി വെളിവാകുന്നതു്. എങ്കിലും നായകൻെറ ചിത്രീകരണത്തിൽ നാടകീയവികാസം അനുഭവപ്പെടുന്നില്ല. ശുദ്ധമായ കവിതയാണ് ഇംഗ്ലീഷ്നാടകത്തിനു മാർലോ നൽകിയ മഹത്തായ സംഭാവന. കമനീയവും സംഗീതാത്മകവും, വികാരദീപ്തവുമായ റൊമാൻറിക് കവിത നിറഞ്ഞ നാടകങ്ങൾ മാർലോയുടെ പ്രത്യേകതയാണ്. വികാരാവേശം നിറഞ്ഞ ''ശക്തമായ വരികളി''ലൂടെ സാധാരണ എലിസബീത്തൻ നാടകത്തെ പ്രൗഢമായ സാഹിത്യത്തിൻെറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിലവാരത്തിലേക്കുയർത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. സെനോ ക്രേററിനെക്കുറിച്ചുള്ള വിവരണങ്ങളം, ഹെലൻെറ നേരെയുള്ള സംബോധനകളം, ഡോക്ടർ ഫോസ്റ്റസിൻെറ അന്ത്യരംഗങ്ങളം തുടങ്ങിയവയെല്ലാം അദ്ദേഹത്തിൻെറ പദസ്വാധീനതയ്ക്കും, അവയുടെ സ്വരമാധുര്യം ആസ്വദിക്കാനുള്ള കഴിവിനും ഉദാഹരണമാണു്. ബ്ലാങ്ക്‌വേഴ്സിനു് അതുവരെയുണ്ടായിരുന്ന നിയന്ത്രണങ്ങളെല്ലാം അവഗണിച്ചു് സ്വതന്ത്രമായ ബ്ലാങ്ക്‌വേഴ്സ് ഉപയോഗിച്ചതും മാർലോയാണു്. ബ്ലാങ്ക്‌വേഴ്സിനു പഴക്കവും വീര്യവും മഹത്വവും ഉണ്ടാക്കിത്തീർത്തതും മററാരുമല്ല. ട്രാജഡിക്കു് ഏററവും അനുയോജ്യമായ കവിതാരൂപം ബ്ലാങ്ക് വേഴ്സാണെന്നു കാണിച്ചുകൊടുക്കുകയും അംഗീകരിപ്പിക്കുകയും ചെയ്തതും മാർലോതന്നെ.

മാർലോയുടെ സമകാലികനും അദ്ദേഹത്തെക്കാൾ പ്രായം കുറഞ്ഞവനുമായിരുന്നു മറെറാരു ദുരന്തനാടകകൃത്തായ തോമസ് കിഡ് (1557—95). പേരിനെ അനുകരിച്ചു് 'സ്പോർട്ടിങ് കിഡ്' എന്ന ഓമനപ്പേരുമുണ്ടായിരുന്നു കിഡ്‌ഡിനു്. ചോര ചൊരിയുന്ന ദുരന്തനാടകങ്ങളുടെ കർത്താവായ കിഡ്‌ഡിനു് പക്ഷേ, ഈ ഓമനപ്പേരു ചേരുന്നതായിരുന്നില്ല. നാടകകൃത്തെന്ന പ്രശസ്തി നേടിയെങ്കിലും എണ്ണത്തിൽ കുറവായിരുന്നു അദ്ദേഹത്തിൻെറ കൃതികൾ. 1594-ൽ പ്രസിദ്ധീകരിച്ച സ്പാനിഷ് ട്രാജഡി ആയിരുന്നു അവയിൽ മുഖ്യം. ഇംഗ്ലീഷ് ദുരന്തനാടകത്തിൻെറ വികാസത്തിനു് അനന്തസാധ്യതകൾ തുറന്നുകൊടുത്തതു് അദ്ദേഹമാണു്. ക്രൂരവും ഭീകരവുമായ രംഗങ്ങൾ നിറഞ്ഞതും, വിഭ്രമാത്മകവുമായ സ്പാനിഷ് ട്രാജഡി ഒരു പ്രതികാരദുഃഖാന്തനാടകമാണു്. നാടകജീവിതത്തെപ്പററി സൂചന തരുന്ന താഴെ പറയുന്ന വരികൾ പരിശോധിച്ചാലറിയാം ഷേക്സ്പിയറുടെ ഹാംലററുമായി ഇതിനെത്ര സാദൃശ്യമുണ്ടെന്നു്.

പ്രതികാരത്തിനു നേതൃത്വം നൽകാനൊരു പിശാചു്
പ്രതികാരം നടപ്പാക്കുന്നതിലുള്ള അമാന്തം
നായകൻ തീരുമാനമെടുക്കാതിരിക്കുക
യഥാർത്ഥമോ കപടമോ ആയ ഭ്രാന്തു്
ചില കഥാപാത്രങ്ങളുടെ ആത്മഹത്യ
നാടകത്തിനുള്ളിലൊരു നാടകം
ന്യായവാദങ്ങളും ആത്മപരിശോധനയും
പിശാചിൻെറ പരിഭവങ്ങളും ആഹ്ലാദത്തിമർപ്പുകളും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷേക്സ്പിയർ

ലോകം സൃഷ്ടിച്ച അതുല്യ സാഹിത്യപ്രതിഭകളിൽ അദ്വിതീയനായിരുന്നു വില്യം ഷേക്സ്പിയർ. എന്നിരുന്നാലും അദ്ദേഹത്തിൻെറ ജീവിതത്തെക്കുറിച്ച് നന്നെ കുറച്ചു വിവരങ്ങളെ നമുക്ക് അറിയാൻ കഴിയുന്നുള്ളു. യഥാർത്ഥവസ്തുതകൾ കുറവാണെങ്കിലും അദ്ദേഹത്തിൻെറ ജീവിതത്തെക്കുറിച്ച് ധാരാളം അഭ്യൂഹങ്ങൾ പ്രചരിച്ചിട്ടുണ്ട്.

വാറിക്ക്ഷയറിലെ സ്ട്രാററ്ഫേഡ്–ഓൺ–ഏവനിൽ 1564 ഏപ്രിലിലാണ് ഷേക്സ്പിയർ ജനിച്ചത്. പിതാവായ ജോൺ ഷേക്സ്പിയർ ധാന്യങ്ങൾ, മാംസം, കമ്പിളി എന്നിവ കച്ചവടം നടത്തുന്ന ഒരു വ്യാപാരി ആയിരുന്നു. വാറിക്ഷയറിലെ ഒരു കുലീനകുടുംബാംഗമായിരുന്നു മാതാവ്. ഷേക്സ്പിയറുടെ കുടുംബപശ്ചാത്തലത്തിലുള്ള ഒരു ആൺകുട്ടിക്കു ലഭിക്കാവുന്ന വിദ്യാഭ്യാസം സ്ഥലത്തെ ഗ്രാമർ സ്കൂളിൽനിന്ന് അദ്ദേഹത്തിനു ലഭിച്ചിരിക്കണം. പതിനെട്ടാം വയസ്സിൽ തന്നെക്കാൾ എട്ടുവയസ്സു പ്രായക്കൂടുതലുണ്ടായിരുന്ന ആൻ ഹാത്തവേയെ ഷേക്സ്പിയർ വിവാഹം ചെയ്തു. വിവാഹത്തിനു ശേഷം ആറുമാസം കഴിഞ്ഞപ്പോൾ ആദ്യത്തെ കുട്ടി ജനിച്ചു.

1585–ൽ ഒരുപക്ഷേ, അതിനു മുമ്പോ, അതിനു ശേഷമോ ആകാം—സ്ട്രാററ്ഫേഡിൽനിന്ന് ലണ്ടനിലേക്കു തിരിച്ചു. ഇങ്ങനെ ഒരു നടപടി സ്വീകരിക്കാനെന്താണ് കാരണമെന്ന് സൂചനകളൊന്നുമില്ല. 1592 ആയപ്പോഴേക്കും അറിയപ്പെടുന്ന ഒരു വ്യക്തി ആയിക്കഴിഞ്ഞിരുന്നു അദ്ദേഹം എന്നു മാത്രമറിയാം. അന്നത്തെ പ്രാമാണികനായ നാടകകൃത്ത് റോബർട്ട് ഗ്രീനിൻെറ പരിഹാസത്തിനു ശരവ്യനായിത്തീർന്നുവെന്നതിൽ നിന്നുതന്നെ ഷേക്സ്പിയർ അപ്രശസ്തനല്ലായിരുന്നുവെന്നു ഗ്രഹിക്കാം. ഒരു നാടകക്കമ്പനിയിൽ സഹകരിച്ചു പ്രവർത്തിച്ച അദ്ദേഹം തൻെറ ശേഷിച്ച കാലമത്രയും ആ രംഗവുമായി ബന്ധപ്പെട്ടു കഴിയുകയായിരുന്നു. നാടകകൃത്താകുന്നതിനു മുമ്പു തന്നെ ഷേക്സ്പിയർ തൻെറ കഴിവുകൾ പ്രകടിപ്പിച്ചിരുന്നു. 1591 മുതൽക്കുള്ള ഇരുപതു വർഷങ്ങളിൽ തൻെറ നാടകക്കമ്പനിക്കുവേണ്ടി മുപ്പത്താറു നാടകങ്ങൾ അദ്ദേഹം എഴുതി. സ്വദേശത്ത് ധാരാളം തോട്ടങ്ങളും സ്ട്രാററ്ഫേഡിലെ ഏററവും വലിയ ഭവനവും വാങ്ങിയത് അദ്ദേഹം നേടിയ സാമ്പത്തിക പുരോഗതിക്കു തെളിവാണ്. 1611–ൽ തൻെറ നാടകക്കമ്പനി വിട്ട് സ്വദേശത്തേക്കു മടങ്ങിയ ഷേക്സ്പിയർ 1616–ൽ മരിക്കുംവരെ അവിടെത്തന്നെയാണു കഴിച്ചുകൂട്ടിയത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരെഴുത്തുകാരന്റെ പ്രതിഭയുടെ വളർച്ചയും വികാസവും മനസ്സിലാക്കുന്നതിന് അയാളുടെ കൃതികളുടെ കാലാനുക്രമം അറിഞ്ഞിരിക്കുന്നതു സഹായകമായിരിക്കും. ഷേക്സ്പിയറുടെ മിക്ക കൃതികളും അദ്ദേഹത്തിന്റെ മരണാനന്തരമാണ് പ്രസിദ്ധപ്പെടുത്തിയതു്. ജീവിച്ചിരിക്കുമ്പോൾ പ്രസിദ്ധീകരിച്ച കൃതികൾപോലും ആധികാരികമല്ലതാനും. ഇക്കാരണങ്ങളാൽ ഷേക്സ്പിയർകൃതികളുടെ കൃത്യമായ കാലാനുക്രമം തയ്യാറാക്കുക അത്ര എളുപ്പമല്ല. വരുംതലമുറയ്ക്കുവേണ്ടി തന്റെ കൃതികളുടെ ആധികാരികമായ പതിപ്പ് പ്രസിദ്ധീകരിക്കാൻ അദ്ദേഹം തുനിയാതിരുന്നതിനാൽ വിദ്യാർത്ഥികളും എഡിറ്റർമാരും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അനവധിയാണ്

ഷേക്സ്പിയറുടെ കാലത്തുതന്നെ അദ്ദേഹത്തിന്റെ അറിവോ അനുമതിയോ കൂടാതെ അദ്ദേഹത്തിന്റെ നാടകങ്ങൾ കാർട്ടോസൈസിൽ അച്ചടിച്ചിറക്കിയിരുന്നു. അന്നുമുതൽ അവയെ 'കാർട്ടോസ്' എന്നാണ പറഞ്ഞുവരുന്നതു്. ഷേക്സ്പിയറുടെ മരണശേഷം ഏഴുവർഷം കഴിഞ്ഞപ്പോൾ ആ പ്രതിഭാധനന്റെ സ്നേഹിതന്മാരും സഹനടന്മാരുമായിരുന്ന ജോൺ ഹെമിങ്ങ്, ഹെൻറി കോൻഡൽ എന്നിവരും ചേർന്ന് അദ്ദേഹത്തിന്റെ നാടകങ്ങളുടെ ഒരു പതിപ്പ പുറത്തിറക്കി. ഷേക്സ്പിയർകൃതിയെന്നു് തീർച്ചയുള്ള പെരിക്ലീസ് എന്ന നാടകം ഒരു വാല്യത്തിൽ വിട്ടുകളഞ്ഞു. ഇതിനെയാണ് 'ഫസ്റ്റ് ഫോളിയോ' (1623) എന്നു പറയുന്നതു്. രണ്ടാമത്തെ ഫോളിയോവിൽ (1632) പെരിക്ലീസ് ഉൾപ്പെടുത്തുകയുണ്ടായി. ഇതിനുശേഷം ഷേക്സ്പിയർനാടകങ്ങളുടെ എണ്ണമററ പതിപ്പുകളുണ്ടായിട്ടുണ്ട്.

അദ്ദേഹത്തിന്റെ നാടകങ്ങളുടെ രചനാകാലം നിർണ്ണയിക്കാൻ ധാരാളം ശ്രമങ്ങൾ നടന്നു. നാടകത്തിൽ പരാമർശിക്കുന്ന സംഭവങ്ങൾ, ഗ്രന്ഥങ്ങൾ എന്നിവ പ്രസ്തുതകൃതിയുടെ രചന ഇവയ്ക്കു ശേഷമാണെന്നു തെളിയിക്കുന്നു. അതുപോലെതന്നെ രചനാകാലം തിട്ടമുള്ള മററു കൃതികളിൽ ഷേക്സ്പിയർനാടകങ്ങളെ പരാമർശിക്കുന്നുണ്ടെങ്കിൽ അവയ്ക്കു മുൻപാണ് പ്രസ്തുത കൃതിയുടെ രചനയെന്നും മനസ്സിലാക്കാം. ഷേക്സ്പിയറുടെ ഭാഷയും കാവ്യരചനാരീതിയും സൂക്ഷ്മമായി അപഗ്രഥിക്കുന്ന വിദഗ്ദ്ധൻമാർക്ക് അദ്ദേഹത്തിന്റെ രചനകളുടെ പൌർവ്വാപര്യം മനസ്സിലാക്കാൻ സാധിക്കും.

ഇത്തരം പഠനങ്ങൾ അവയുടെ രചനാകാലത്തെക്കുറിച്ച് ഒരേകദേശരൂപം നമുക്കു നൽകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹെൻറി ദി സിക്സ്ത്ത് (മൂന്നു ഭാഗങ്ങൾ)— 1591—92. റിച്ചേഡ് ദ തേഡ്, ദ് കോമഡി ഓഫ് എറേഴ്സ് (1593). ടൈററസ് ആൻഡ്രോണിക്കസ്, ദ ടെയ്മിങ് ഓഫ് ദ്ഷ്രൂ, ലവ്സ് ലേബേഴ്സ് ലോസ്റ്റ്, റോമിയോ ആൻറ് ജൂലിയററ് (1594). എ മിഡ്സമ്മർ നൈററ്സ് ഡ്രീം, ദ റൂ ജെൻറിൽ മെൻ ഓഫ് വെറോണാ, കിങ് ജോൺ (1595). റിച്ചേഡ് ദ സെക്കൻറ്, ദ മെർച്ചെൻറ് ഓഫ് വെനിസ് (1596). ഹെൻറി ദ ഫോർത്ത്—ഒന്നാം ഭാഗം (1597). ഹെൻറി ദ ഫോർത്ത്—രണ്ടാം ഭാഗം, മച്ച് അഡു എബൗട്ട് നത്തിങ് (1598). ഹെൻറി ദ ഫിഫ്ത്ത്, ജൂലിയസ് സീസർ, (1599) ദ മെറി വൈവ്സ് ഓഫ് വിൻഡ്സർ, ആസ് യൂ ലൈക്കിററ് (1600). ഹാംലററ്, ട്വൽഫ്ത്ത് നൈററ് (1601). ട്രോയ്ലസ് ആൻറ് ക്രസിഡ, ആൾ ഈസ് വെൽ ദാററ് എൻഡ്സ്വെൽ (1602). മെഷർ ഫോർ മെഷർ, ഒഥെല്ലോ (1604). മാക്ബത്ത്, കിങ്ലിയർ (1605). ആൻറണി ആൻറ് ക്ലിയോപാട്ര, കോറിയൊ ലേനസ് (1606). ടൈമൺ ഓഫ് ആഥിൻസ് (1607). പെരിക്ലീസ് (1608) ഹെൻറി ദ എയ്ററ്ത്ത് (ഭാഗികം) (1613).

ഷേക്സ്പിയർ നാടകങ്ങളെ കോമഡികളെന്നും ട്രാജഡികളെന്നും ചരിത്രനാടകങ്ങളെന്നും പൊതുവെ മൂന്നായി തരം തിരിക്കാം. കോമഡികളിൽത്തന്നെ മറെറാരു വിധം തരംതിരിക്കൽ സാധ്യമാണ്. ആദ്യകാലകോമഡികളായ ദ കോമഡി ഓഫ് എറേഴ്സ്, ലവ്സ് ലേബേഴ്സ് ലോസ്റ്റ്, ദ ട്ടൂ ജെൻറിൽമെൻ ഓഫ് വെറോണ എന്നിവ പല കാര്യങ്ങൾ കൊണ്ടും അപക്വങ്ങളാണ്. പാത്രരചന ഇവയിൽ ഉയർന്ന നിലവാരം പുലത്തുന്നില്ല. പില്ക്കാലകൃതികളിലേതുപോലെ ശക്തവും ഗംഭീരവുമായ ശൈലിയുമില്ല. അമിതമായ വക്രോക്തികളും ബാലിശമായ നർമ്മവും അവയെ ചൂഴ്ന്നു നില്ക്കുന്നു. മച്ച് അഡു ട്വൽഫ്ത്ത് നൈററ്, ദ മെർച്ചെൻറ് ഓഫ് വെനീസ്, ആസ് യൂ ലൈക്കിററ് എന്നീ പരിണതങ്ങളായ കൃതികളിൽ ഷേക്സ്പിയറുടെ ശുഭാന്തനാടകപാടവം അതിൻെറ ഔന്നത്യത്തിലെത്തിനില്ക്കുന്നു. ഇവയിലെ നർമ്മരസവും, ഹാസ്യവും ഏററവും ഉചിതമായിരിക്കുന്നെന്നു മാത്രമല്ല, ഹാസ്യജനകമായ സന്ദർഭങ്ങൾ അങ്ങേയററം വിനോദകരങ്ങളുമാണ്. ഗദ്യഭാഗങ്ങളും ഇവയിൽ അധികരിച്ചു നില്ക്കുന്നു. പ്രധാന കഥാപാത്രങ്ങൾക്കു മരണം സംഭവിക്കുന്നില്ലെന്നുള്ളതുകൊണ്ടു മാത്രമാണ് ഓൾ ഇസ് വെൽ ദാററ് എൻഡ്സ് വെൽ, മെഷർ ഫോർ മെഷർ, ട്രോയ്ലസ് ആൻറ് ക്രെസിഡ എന്നീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൂന്നു നാടകങ്ങളും കോമഡികളുടെ ഗണത്തിൽപ്പെടുന്നതു്. ഹിതകരമല്ലാത്ത പ്രമേയവും വിഷാദധ്വനിയും അവയുടെ പ്രത്യേകതകളാണു്. അവസാനകൃതികളായ സിംബലിൻ, ദ വിൻേറഴ്സ് ടെയ്ൽ, ദ ടെമ്പസ്ററ് എന്നിവയെ റൊമാൻ സസെന്നോ, റൊമാൻറിക് കോമഡികളെന്നോ വിളിക്കുന്നു. പ്രശാന്തിയുടെയും സഹിഷ്ണുതയുടെയും മനോഭാവമാണു് നാടക കൃത്തിനു് ഇവയിൽ. വില്ലനുൾപ്പെടെ ''എല്ലാവക്കും മാപ്പു്'' എന്നതാണു് ഷേക്സ്പിയർ ഇവയിൽ സ്വീകരിച്ചിരിക്കുന്ന നിലപാടു്.

ഷേക്സ്പിയറുടെ കലാവബോധത്തെ അതിൻെറ പാരമ്യ തയിലെത്തിക്കുന്നതു് ഹാംലററ്, ഒഥെല്ലോ, മാക്ബെത്ത്, കിങ് ലിയർ എന്നീ ട്രാജഡികളാണു്. അദ്ദേഹത്തിൻെറ കവിത ഏററവും മഹത്തും, പ്രൗഢവുമായിരിക്കുന്നതും ഈ ട്രാജ ഡികളിലാണു്. ഈ ട്രാജിക്നാടകങ്ങളിൽ കാണുന്നതുപോ ലെ മററൊരിടത്തും അദ്ദേഹത്തിൻെറ പ്രതിഭ ഇത്ര ഉയന്ന നില വാരം പുലത്തുന്നില്ല.

ചരിത്രനാടകങ്ങളെ ഇംഗ്ലീഷ്ചരിത്രങ്ങളെന്നും റോമൻ ചരിത്രങ്ങളെന്നും രണ്ടായി വിഭജിക്കാം. വിരസങ്ങളായ ചരി ത്രസംഭവങ്ങളെ എങ്ങനെ ഒന്നാന്തരം കലാരൂപങ്ങളാക്കി മാററാം എന്നതിനു ദൃഷ്ടാന്തമാണു് ഇംഗ്ലീഷ്ചരിത്രനാടക ങ്ങൾ. പ്ലൂട്ടാർക്കിൻെറ ലൈവ്സ് എന്ന കൃതിക്കു് സർ തോമസ് നോത്ത് രചിച്ച വിവത്തനത്തെ അടിസ്ഥാനമാക്കി യുള്ളവയാണു് റോമൻചരിത്രനാടകങ്ങൾ. റോമൻചരിത്ര നാടകങ്ങളെല്ലാംതന്നെ ട്രാജഡികളാണു്. മഹാദുരന്തകാലഘട്ട ത്തിലെ ചരിത്രസംഭവങ്ങളാണു് ഈ നാടകങ്ങൾക്കു പശ്ചാത്ത ലമായി സ്വീകരിച്ചിരിക്കുന്നതു്. ഹെൻറി ദ ഫോർത്തിലെ സർ ജോൺ ഫോംസ്ററാഫിലൂടെ ഇംഗ്ലീഷിലെ ഏററവും മഹത്തായ ഒരു ഹാസ്യകഥാപാത്രത്തിൻെറ സൃഷ്ടിയാണു് ഷേക്സ്പിയർ സാധിച്ചിരിക്കുന്നതു്.

ഒരു നാടകകൃത്തെന്ന നിലയിൽ ഷേക്സ്പിയറുടെ ശ്രദ്ധേയമായ സവിശേഷതകളെ ഇവിടെ കുറച്ചൊന്നു പരാമശി ക്കേണ്ടതുണ്ടു്. ഷേക്സ്പിയറുടെ ശൈലിയാണു് അദ്ദേഹ ത്തിൻെറ അനശ്വരകീത്തിക്കു നിദാനമെന്നു ചിലർ കരുതുന്നു. ശൈലിയുടെ വൈവിധ്യം—ആവശ്യമനുസരിച്ചു് അനായാസം ഉയരുകയും, സന്ദർഭത്തിനനുസരിച്ചു് നാടൻ സംഭാഷണരീതി യിലാകുകയും ചെയ്യും അതു്—ഉചിതങ്ങളായ പദങ്ങളുപയോ ഗിക്കുന്നതിലുള്ള വൈഭവം, ഉദ്ധാരണയോഗ്യത എന്നിവ അവ യുടെ ഗുണങ്ങളിൽ ചിലതുമാത്രമാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൗലികതയ്ക്ക് അതിന്റെ സങ്കുചിതാത്ഥത്തിൽ അദ്ദേഹം പ്രാധാന്യം നൽകിയില്ല. പ്രാചീന ഇററാലിയൻ കഥകഠം, പ്രാചീന നാടകങ്ങഠം ഇംഗ്ലീഷ് ചരിത്രം, എന്നു വേണ്ട കിട്ടാവുന്ന എല്ലാ ഉറവുകളിൽനിന്നും അദ്ദേഹം പ്രമേയങ്ങഠം സ്വീകരിച്ചിട്ടുണ്ട്. ക്ലിഷ്ടവും, വിരസവും ചിട്ടയില്ലാത്തതുമായ സംഭവങ്ങളിൽനിന്നു് ഉദാത്തമായ കലാരൂപങ്ങഠം അദ്ദേഹം വാർത്തെടുക്കുന്നു. ജീവനില്ലാത്ത കഥകഠം കൈകാര്യം ചെയ്യുമ്പോഠം യുക്തംപോലെ വിട്ടുകളയുകയും ആവശ്യമനുസരിച്ചു കൂട്ടിച്ചേക്കുകയും ചെയ്തുകൊണ്ട് ''സമ്പുഷ്ടവും അതിശയകരവുമായ വസ്തുക്ക''ളായി മാററുന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. നാടകങ്ങഠംക്കുവേണ്ടി മൂലകഥയിൽ വരുത്തുന്ന മാററങ്ങളാണ് അദ്ദേഹത്തിന്റെ മഹത്വം എല്ലാററിലുമേറെ തെളിയിക്കുന്നതു്.

പാത്രസൃഷ്ടിയിലും അദ്ദേഹം പിന്നിലായിരുന്നില്ല. രാജാവുമുതൽ വിദൂഷകൻവരെയും, ദൈവദൂതൻമാരെപ്പോലെ സ്വഭാവഗുണങ്ങളുള്ള സ്ത്രീപുരുഷൻമാർമുതൽ നീചന്മാരായ വില്ലന്മാർവരെയും, അനുരാഗവിവശരായ കാമുകീകാമുകൻമാർ തൊട്ടു് മനുഷ്യവിദ്വേഷികഠംവരെയും, മരണത്തെ വെല്ലുവിളിക്കുന്ന ധീരോദാത്തന്മാർതൊട്ടു് ഭീരുക്കഠംവരെയും പരന്നു കിടക്കുന്ന കഥാപാത്രങ്ങളുടെ ബാഹുല്യവും വൈവിധ്യവും പ്രസ്തുത വിഷയത്തിൽ അദ്ദേഹത്തിനുള്ള പരമസ്ഥാനമെന്തെന്നു തെളിയിക്കുന്നു. ഒരു നോവലിസ്ററിനെ അപേക്ഷിച്ച് പാത്രസൃഷ്ടിയിൽ നാടകകൃത്തിനുള്ള പരിമിതികഠംകൂടി കണക്കിലെടുക്കുമ്പോഴാണ് ഷേക്സ്പിയറുടെ യഥാത്ഥ മഹത്വം വെളിവാകുന്നതു്. ഹാംലററിനെപ്പോലെയുള്ള കഥാപാത്രങ്ങഠംക്ക് അനേകം വ്യാഖ്യാനങ്ങളുണ്ടായിരിക്കുന്നുവെന്നതുതന്നെ മനുഷ്യസ്വഭാവവൈചിത്ര്യങ്ങളുടെ സങ്കീണ്ണതകളെക്കുറിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന അഗാധമായ പരിജ്ഞാനത്തെ കാണിക്കുന്നു.

ഷേക്സ്പിയർനാടകങ്ങളിലെല്ലാം കഥയ്ക്കു പ്രാധാന്യമുണ്ട്. ലളിതമായ ഗദ്യത്തിലാക്കിയാൽ കുട്ടികളും മുതിന്നവരും പാമരന്മാരും ഒരുപോലെ ഇഷ്ടപ്പെടുന്ന ഒരു കഥ അതിലുണ്ടായിരിക്കും.

നാനാതരത്തിലുള്ള ഇത്തരം സിദ്ധികഠം ഒരാളിൽത്തന്നെ സമ്മേളിച്ചുകാണുന്നതു് വളരെ അപൂവ്വമാണ്. അതിനാലാണ് സാഹിത്യത്തിലെ മഹാപ്രതിഭകളിലൊരാളായി ഷേക്സ്പിയർ സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടിരിക്കുന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബെൻ ജോൺസൺ (1573 ? —1637)

ഈ കാലഘട്ടത്തിലെ മഹാനായ നാടകകൃത്ത് എന്ന അംഗീകാരം ലഭിക്കുന്നതിനുമുമ്പ് പരാജയങ്ങളുടെ കഥകളാണ് ജോൺസനു പറയാനുള്ളത്. മെർമേയ്ഡ് ററാവേൺ ആയിരുന്നു ആദ്യകാലത്തെ സ്ഥിരതാവളം. യുവതലമുറയുടെ നേതാവായി വെടിപറഞ്ഞിരുന്നതു് അവിടെയാണ്. ഷേക്സ്പിയറുടെ സങ്കേതവും മെർമേയ്ഡ് ററാവേൺതന്നെ ആയിരുന്നു. ഈ രണ്ടു നാടകകൃത്തുക്കളും അടുത്ത ചങ്ങാതികളുമായിരുന്നു. ആദ്യത്തെ ആസ്ഥാനകവിയാണ് ബെൻ ജോൺസൺ.

ജോൺസൻെറ എണ്ണമററ കൃതികളിൽ കോമഡികഠം, ട്രാജഡികഠം, മാസ്ക്കുകഠം (ഇതിവൃത്തത്തിനോ കഥാപാത്രങ്ങഠക്കോ പ്രാധാന്യമില്ലാത്തതും, വിനോദത്തിനുവേണ്ടി നിറപ്പകിട്ടാന്ന വേഷവിധാനങ്ങളണിഞ്ഞു നടത്തുന്നതുമായ ഒരിനം ഗാനനൃത്തരൂപമാണ് മാസ്ക്ക്), വിമശ്നമൂല്യമുള്ള ററിമ്പർ എന്നിവയുഠപ്പെടുന്നു. റൊമാൻറിക് നാടകംങ്ങളെ എതിത്ത അദ്ദേഹം ഗ്രീക്ക്നാടകങ്ങളുടെ പല അംശങ്ങളും സ്വീകരിക്കുകയുണ്ടായി. ട്രാജഡികളും, കോമഡികളുമെഴുതിയിട്ടുണ്ടെങ്കിലും ഒരു കൃതിയിൽ ഹാസ്യഭരന്തഘടകങ്ങഠ അദ്ദേഹം കൂട്ടിക്കലത്തിയിരുന്നില്ല. ദൃഢബദ്ധമല്ലെങ്കിലും നാടകങ്ങളിൽ ഐക്യത്രയം പാലിക്കാൻ ആവുന്നത്ര ശ്രമിച്ചിട്ടുണ്ടു്. 'കോമഡി ഓഫ് ഹ്യൂമഴ്സി'ൻെറ ഉപജ്ഞാതാവ് ജോൺസനാണ്. അസൂയ, ആത്തി, പിശുക്കു് തുടങ്ങി ഏതെങ്കിലുമൊരു പ്രത്യേക ശീലമുള്ളവരായിരിക്കും കഥാപാത്രങ്ങളെന്നതാണ് 'കോമഡി ഓഫ് ഹ്യൂമഴ്സി'ൻെറ സവിശേഷത. ഏതെങ്കിലുമൊരു സ്വഭാവവിശേഷത്തെ പരിസ്ഫുടമായി ചിത്രീകരിക്കാനാവുമെങ്കിലും ഇവക്കുമുണ്ടു് ഇതിൻേറതായ പരിമിതികഠ. ഏതെങ്കിലുമൊരു ഗുണം മാത്രം തികഞ്ഞവരായിരിക്കില്ല ഓരോ മനുഷ്യനും. ഓരോ കഥാപാത്രത്തിലും ഓരോ പ്രത്യേക ശീലഗുണങ്ങഠ ആവിഷ്ടരിക്കുന്നതിനാൽ മനുഷ്യസ്വഭാവത്തിൻെറ വൈചിത്ര്യങ്ങളും, സങ്കീർണ്ണതകളും ചിത്രീകരിക്കാൻ സാധിക്കാതെ വരുന്നു. വ്യത്യസ്തവും പരസ്പരഭിന്നങ്ങളുമായ സ്വഭാവങ്ങളുടെ കൂമ്പാരമാണ് മനുഷ്യൻ. സാഹചര്യത്തിനനുസരിച്ചു മാറുകയും വളരുകയും വികസിക്കുകയും ചെയ്യുന്നതാണ് മനുഷ്യപ്രകൃതി. ഈ മാററങ്ങഠ കഥാപാത്രങ്ങഠക്കും ബാധകമാണ്. എന്നാൽ ജോൺസൻെറ കഥാപാത്രങ്ങഠ മാററങ്ങഠക്കു വിധേയമായ വ്യക്തികളല്ല. നിശ്ചലരായ 'ടൈപ്പുകഠ' മാത്രമാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സങ്കീർണ്ണമായ ഇതിവൃത്തഘടന ജോൺസൻെറ നാടകങ്ങളുടെ പൊതുസ്വഭാവമാണ്. എണ്ണമററ ഉപകഥകൾ ക്ലിഷ്ടമാണെന്നു മാത്രമല്ല ഇതിവൃത്തത്തെ ഇഴ പിരിപ്പിക്കുന്നതിനു തടസ്സമായിത്തീരുകയും ചെയ്യുന്നു.

പ്രഥമ നിയോക്ലാസ്സിക്ക് നാടകകൃത്താണ് ബെൻ ജോൺസൺ. ഷേക്സ്പിയറുടെയും അദ്ദേഹത്തിൻെറ അനുകർത്താക്കളുടെയും റൊമാൻറിക് നാടകങ്ങൾക്ക് എതിരായിരുന്നു അദ്ദേഹം. വൈകാരികാനുഭൂതിയേക്കാൾ ബൗദ്ധികമൂല്യങ്ങൾക്കാണ് ജോൺസൺ പ്രാധാന്യം നൽകിയതു്.

ജോൺസൻെറ കൃതികളിൽ ആദ്യത്തേതായ എവ്രി മാൻ ഇൻ ഹിസ് ഹ്യൂമർ (1599) ആണ് അദ്ദേഹത്തിൻെറ ഏററവും നല്ല കോമഡി. ജീവിതത്തിൻെറ മദ്ധ്യകാലത്തെഴുതിയ നാടകങ്ങളാണ് അദ്ദേഹത്തിൻെറ ഉത്തമകൃതികൾ. പോൾ പോണി ഓർ ദ ഫോക്സ് (1603), എപ്പിസീനി ഓർ ദ സൈലൻറ് വുമൺ (1609), ദി ആൽക്കിമിസ്റ്റ് (1610), ബാത്ത ലോമ്യോ ഫെയർ (1614) എന്നിവയാണ് പ്രസ്തുത നാടകങ്ങൾ. പരിഹാസധ്വനി ഇവയുടെ പ്രത്യേകതയാണ്. ദുരാചാരങ്ങളെ നിർദ്ദയം തുറന്നു കാട്ടുന്ന പോൾപോണിയിൽ. ബാത്ത്‌ലോമ്യോ ഫെയർ പൂർണ്ണമായും ഗദ്യമാണെങ്കിൽ ദി ആൽക്കിമിസ്ററ് അപ്പാടെ ബ്ലാങ്ക്‌വേഴ്‌സിലാണു രചിച്ചിട്ടുള്ളതു്. പിൽക്കാല നാടകങ്ങൾ പ്രായേണ ദുർബ്ബലങ്ങളാണ്.

ദുരന്തചരിത്രനാടകങ്ങളാണ് സെജാനസ് ഹിസ് ഫോൾ (1603), കാററിലീൻ ഹിസ് കോൺസ്പിരസി (1611) എന്നിവ. ഗ്രീക്ക് ദുരന്തനാടകങ്ങളുടെ മാതൃകയിലുള്ള ഇവയ്ക്കു വലിയ പ്രാധാന്യം ആരും കല്പിക്കുന്നില്ലെങ്കിലും അവ മഹത്തായ കൃതികൾതന്നെയാണെന്നാണ് നാടകകൃത്തിൻെറ പക്ഷം. നാടകകൃത്തിൻെറ പാണ്ഡിത്യം തെളിയിക്കുന്നുവെങ്കിലും അവ സൗന്ദര്യാത്മകപ്രതീതി ജനിപ്പിക്കുന്നില്ല.

മാസ്ക്കുകളുടെ രചനയിൽ അദ്വിതീയനാണ് ബെൻ ജോൺസൺ. ദ് മാസ്ക്ക് ഓഫ് ബ്യൂട്ടി (1608), ദ് മാസ്ക്ക് ഓഫ് ക്വീൻസ് (1609), ഒബെറോൺ ദ ഫെയറി പ്രിൻസ് (1611) എന്നിവയാണ് അദ്ദേഹത്തിൻെറ പ്രധാനപ്പെട്ട മാസ്ക്കുകൾ.

ജോൺസൻെറ ഗാനങ്ങൾക്ക് വ്യക്തമായ ശൈലിയും, ആസ്വാദ്യതയുമുണ്ടെങ്കിലും അവയ്ക്കു വികാരതീവ്രതയില്ല.

അഗാധമായ പാണ്ഡിത്യം, ബഹുമുഖപ്രതിഭ, നർമ്മബോധം, ചടുലമായ വാക്ചാതുര്യം, സമകാലികജീവിതത്തെയും ആചാരങ്ങളെയും കുറിച്ചുള്ള ഉൾക്കാഴ്ച, ശക്തമായ പരിഹാസ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രയോഗപാടവം എന്നു തുടങ്ങി നൈസർഗ്ഗികവും ആർജ്ജിതവുമായ എല്ലാ സിദ്ധികളും അദ്ദേഹത്തിനുണ്ടായിരുന്നു. എങ്കിലും യഥാർത്ഥമഹത്വം നിർണ്ണയിക്കുന്ന അവ്യാഖ്യേയമായ പ്രതിഭയെന്ന ഗുണം ജോൺസണിൽ വിരളമായിരുന്നു.

ഫ്രാൻസിസ് ബോമണ്ട് (1584—1616), ജോൺ ഫ്ളെച്ചർ (1579—1625) എന്നീ നാടകകൃത്തുക്കൾ കുലീനകുടുംബക്കാരും സർവ്വകലാശാലാവിദ്യാഭ്യാസം നേടിയവരുമാണ്. അവരുടെ കൂട്ടായ സംരംഭത്തിന്റെ ഫലമായി 52 നാടകങ്ങളുണ്ടായി. എന്നാൽ ഓരോ നാടകത്തിലും ഇവരിൽ ഓരോരുത്തരും എഴുതിയ ഭാഗങ്ങളേതൊക്കെയെന്നു തിരിച്ചറിയാൻ നിർവ്വാഹമില്ല.

ദേശീയതാത്പര്യങ്ങൾക്കനുസൃതമായിരുന്നു എലിസബീത്തൻ യുഗത്തിന്റെ ആദ്യകാലങ്ങളിലെ നാടകങ്ങൾ. എന്നാൽ ഇപ്പോഴത്തു് ജയിംസ് ഒന്നാമൻ രാജാവിന്റെയും, അനുയായികളുടെയും ഹിതങ്ങൾക്കനുസൃതമായി മാറി. ബോമണ്ടും ഫ്ളെച്ചറും പ്രഭുക്കൻമാരുടെ ജീവിതരീതികളും സംഭാഷണശൈലികളും നന്നായി മനസ്സിലാക്കുകയും അവയെ അനുകരിക്കുകയും ചെയ്തു. ''മററാരു കവിക്കും കഴിയാത്ത തരത്തിൽ അവരുടെ ഭോഗലാലസതകളെയും ചട്ടലഭാഷണങ്ങളെയും ചിത്രീകരിക്കാൻ അവർക്കു കഴിഞ്ഞു'' എന്നാണ് ഡ്രൈഡൻ അഭിപ്രായപ്പെട്ടതു്. അത്ഭുതകരവും സംഭ്രമജനകവുമായ രംഗങ്ങൾകൊണ്ടു് പ്രേക്ഷകരെ വിസ്മയിപ്പിക്കുക എന്നതായിരുന്നു ബോമണ്ട്—ഫ്ളെച്ചർമാരുടെ രീതി. നിരവധി വിഭിന്നമുഖങ്ങളെ രംഗത്തു കൊണ്ടുവരുവാനും അവക്കു കഴിഞ്ഞു. ശുദ്ധവും, ദീപ്തവുമായിരുന്നു അവരുടെ ഭാഷ. അതൊരിക്കലും വിലക്ഷണമോ പ്രാകൃതമോ ആയിരുന്നില്ല. കൊട്ടാരത്തിലെ സദസ്യർക്കു യോജിച്ച സരസമായ ശൈലികൾ അവർ വികസിപ്പിച്ചെടുക്കുകയും ചെയ്തു. ട്രാജി—കോമഡികളാണ് അവരുടെ ഉൽകൃഷ്ടമായ രചനകൾ. ഷേക്സ്പിയറുടെയും, ബെൻജോൺസന്റെയും സ്വാധീനം പ്രകടമാണെങ്കിലും അവരുടെ കൃതികൾ പൊതുവെ ഉപരിതലസ്പർശികളായിരുന്നു.

എ കിങ്ങ് ആൻറ് നോ കിങ്ങ് (1611), ദ നൈററ് ഓഫ് ദ ബേണിങ്ങ് പെസിൽ (1607 ?), ദ സ്കോൺ ഫുൾ ലേഡി (1613—16) എന്നിവയാണ് ബോമണ്ട്—ഫ്ളെച്ചർമാരുടെ സവിശേഷമായ കോമഡികൾ. ദ മേയ്ഡ്സ് ട്രാജഡി (1610 ?), ടൈൽഫത്ത് നൈററിനെ അനുസ്മരിപ്പിക്കുന്ന ഫിലാസ്റ്റർ (1611) എന്നിവ അവരുടെ ഒന്നാന്തരം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ട്രാജഡികളാണ്. ആകർഷകങ്ങളായ സംഭവങ്ങളും, വർണ്ണനകളുമുള്ളതിനാൽ അധികം ദാരുണമാണെന്നും പറഞ്ഞുകൂടാ.

ബോമണ്ടിൻെറ മരണശേഷവും ഫ്ളെച്ചർ നാടകരചന തുടരുകയുണ്ടായി. 1610–ൽ അച്ചടിച്ച ദ ഫെയ്ത്ത് ഫുറം ഷെപ്പേർഡെസ്സാണ് അദ്ദേഹത്തിൻെറ നാടകങ്ങളിൽ പ്രധാനം. മററു പല നാടകകൃത്തുകളുമായും സഹകരിച്ച് ഒട്ടനേകം നാടകങ്ങരം ഫ്ളെച്ചർ രചിച്ചിട്ടുണ്ട്. ദ നോബിറം കിൻസ് മെൻ (പ്രസിദ്ധീകരണം 1634) ഫ്ളെച്ചറും ഷേക്സ്പിയറും ചേർന്നെഴുതിയതാണെന്നു വിശ്വസിക്കുവാൻ കാരണം കാണുന്നുണ്ട്.

അനേകം ചരിത്രനാടകങ്ങളുടേയും കോമഡികളുടേയും ട്രാജഡികളുടേയും കർത്താവാണ് ജോർജ്ജ് ചാപ്മൻ (1559—1634). ഹോമർകൃതികളുടെ പരിഭാഷകനെന്ന നിലയ്ക്കാണ് അദ്ദേഹം മുഖ്യമായും അറിയപ്പെടുന്നതു്. ചാപ്മനെക്കുറിച്ച് കീററ്സ് എഴുതിയ സോണററാണ് അദ്ദേഹത്തിൻെറ സ്മരണ ഇന്നും നിലനിർത്തുന്നതു്.

തോമസ് മിഡിൽട്ടൺ (1570—1627) ധാരാളം ഹാസ്യനാടകങ്ങളും റൊമാൻറിക് കോമഡികളും രചിച്ചിട്ടുണ്ട്. ഡെക്കർ തുടങ്ങിയ നാടകകൃത്തുകളുമായി സഹകരിച്ചെഴുതിയ നാടകങ്ങരം ഇതിനു പുറമെയാണ്. ചാറംസ്ലാം ഉറംപ്പെടെയുള്ള നിരൂപകൻമാരുടെ മുക്തകണ്ഠമായ പ്രശംസ നേടിയ കൃതിയാണ് അദ്ദേഹത്തിൻെറ ദ ചെയ്ഞ്ച്ലിങ് (1624). ദ റോറിങ് ഗേറം ഓർ മോറം കട്പേഴ്സ് (1611) എന്ന നോവൽ ഡെക്കറുമായി കൂട്ടുചേർന്നെഴുതിയതാണെന്നു പറയപ്പെടുന്നു.

സമകാലികരായ നാടകകൃത്തുക്കളിൽനിന്ന് തികച്ചും വ്യത്യസ്തനായിരുന്നു തോമസ്ഡെക്കർ (1572—1632). ഭീകരസംഭവങ്ങരം ചിത്രീകരിക്കുന്നതുകൊണ്ടുമാത്രം അദ്ദേഹം തൃപ്തിപ്പെട്ടില്ല. മനുഷ്യസ്വഭാവത്തെ ആഴത്തിലും സൂക്ഷ്മതയിലും വിശകലനം ചെയ്യുന്നതിൽ സമർത്ഥനായിരുന്നു വെബ്സ്ററർ. അലൗകികാശയങ്ങളും ക്രൂരതകളും കൊടിയ വികാരങ്ങളുമാണ് അദ്ദേഹം ആവിഷ്കരിച്ചതു്. ഉൽകൃഷ്ടനിലവാരം പുലർത്തുന്നതാണ് അദ്ദേഹത്തിൻെറ നാടകങ്ങളിലെ പദ്യം. ശോകം സൃഷ്ടിക്കാൻ പ്രത്യേക കഴിവുണ്ടായിരുന്ന വെബ്സ്ററർ ഹൃദയസ്പൃക്കായ അനേകം രംഗങ്ങരം ചിത്രീകരിച്ചിട്ടുണ്ട്. ദ വൈററ് ഡെവിറം (1609—12), ദ ഡച്ചസ്സ് ഓഫ് മാൽഫി (1613—14) എന്നീ ദുരന്തനാടകങ്ങരം പ്രാധാന്യമർഹിക്കുന്നു. പിൽക്കാലനാടകങ്ങരം പൊതുവെ നിലവാരം കുറഞ്ഞവയാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രതികാരനാടകപാരമ്പര്യത്തിന്റെ മറെറാരു അനുയായിയാണ് സിറിൽ റേറർണർ (1575?—1626). ഭീകരതയുടെ മേൽ ഭീകരത—അതാണദ്ദേഹത്തിന്റെ നാടകങ്ങളുടെ മുഖമുദ്ര. യാതൊരു നിയന്ത്രണങ്ങളും ബാധകമാകാത്തതാണ് നാടകങ്ങളിലെ പദ്യം. ക്ഷയോൻമുഖമായിക്കൊണ്ടിരുന്ന എലിസബത്തൻ പാരമ്പര്യത്തിന്റെ പ്രതിനിധിയാണ് റേറർണർ.

ജോൺ ഫോർഡ് (1586—1639 ?) അസ്വാഭാവികവും ഭീകരവുമായ രംഗങ്ങളോട് പ്രത്യേക പ്രതിപത്തിയുണ്ടായിരുന്ന മറെറാരു നാടകകൃത്താണ്. അദ്ദേഹത്തിന്റെ മെച്ചപ്പെട്ട നാടകങ്ങളിലൊന്നാണ് ഇററിസ് പിററി ഷി ഇസ് എ ഹോർ (1633).

പ്രസിദ്ധമായ എ ന്യൂ വേററു പേ ഓൾഡ് ഡെററ്സ് (1633) എന്ന നാടകത്തിന്റെ കർത്താവാണ് ഫിലിപ്പ് മാസിഞ്ജർ (1583—1640). ദീർഘവും തിളക്കമേറിയതുമായ ഒരു കാലഘട്ടത്തിന്റെ അരുണോദയമായിരുന്ന മാർലോയെങ്കിൽ അതിന്റെ സാന്ധ്യപ്രകാശമായിരുന്നു മാസിഞ്ജർ. കോമഡികളാണ് അദ്ദേഹത്തിന്റെ മെച്ചപ്പെട്ട നാടകങ്ങളെങ്കിലും അത്ര വലിയ നർമ്മബോധമൊന്നും അദ്ദേഹത്തിനുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ എല്ലാം 'ടൈപ്പ്'കളായിരുന്നു. ബോധപൂർവ്വം മെനഞ്ഞെടുത്തതായിരുന്നു മാസിഞ്ജറുടെ നാടകങ്ങൾ. തികഞ്ഞ രംഗാവബോധം അദ്ദേഹത്തിനുണ്ടായിരുന്നു. ഒഴുക്കും വീര്യവുമുള്ളതായിരുന്നു അദ്ദേഹത്തിന്റെ ബ്ലാങ്ക് വേഴ്സ്. മാസിഞ്ജറോടുകൂടി മഹത്തായ എലിസബത്തൻ നാടകത്തിനു് അറുതിവരുന്നതായിട്ടാണ് കാണുന്നതു്.

ഗദ്യസാഹിത്യം

ഇംഗ്ലീഷ് ഗദ്യസാഹിത്യത്തിലെ ആദ്യകാല നായകൻമാരിലൊരാളാണ് റോജർ ആസ്ക്കം (1515—68). ആയോധന വിദ്യയെക്കുറിച്ച് സംഭാഷണരൂപത്തിലെഴുതിയിരിക്കുന്ന ഒരു പ്രബന്ധമാണ് അദ്ദേഹത്തിന്റെ ടോക്സോഫിലസ് (1545). തികച്ചും നൂതനമായ ആശയങ്ങൾ ഉൾക്കൊള്ളുന്നതും വിദ്യാഭ്യാസത്തെ സംബന്ധിക്കുന്നതുമായ ദ സ്കൂൾ മാസ്റ്റർ (1570) എന്ന പ്രബന്ധം കുറേക്കൂടി പ്രസിദ്ധമാണ്. ക്ലാസ്സിക്കൽ മാതൃകകളുടെ സ്വാധീനം ശക്തമായുണ്ടായിരുന്നെങ്കിലും എലിസബത്തൻ യുഗത്തിലെ ദേശീയബോധവും ഒരു നല്ലയളവിൽ അദ്ദേഹത്തിനുണ്ടായിരുന്നു. ശക്തവും സ്പഷ്ടവുമായ ശൈലിയായിരുന്നു അദ്ദേഹത്തിന്റേതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജോൺലില്ലി (1554—1606) പാർലമെൻററിൽ അംഗത്വം നേടിയ എഴുത്തുകാരനാണ്. പിൽക്കാലത്ത് അദ്ദേഹത്തിൻെറ ജനസമ്മതി നഷ്ടപ്പെടുകയും ദാരിദ്ര്യംമൂലം അദ്ദേഹം ലണ്ടനിൽ വച്ച് മരിക്കുകയും ചെയ്തു. കോമഡികളോടൊപ്പം ഗദ്യരചനകളുമുണ്ടായിരുന്നു ലില്ലിക്ക്. പ്രഥമ ഗദ്യകൃതിയായ യൂഫ്യുയിസ്, ദ അനാട്ടമി ഓഫ് ഹിററ് (1579) അദ്ദേഹത്തെ ഒരു പ്രമുഖ വ്യക്തിയാക്കി. സമ്പന്നനും സുന്ദരനും ബുദ്ധിമാനുമായ യൂഫ്യുയിസ് എന്ന അഥീനിയൻ യുവാവു നടത്തുന്ന സഞ്ചാരമാണ് കൃതിയിലെ പ്രമേയം. യുക്തിവാദങ്ങളും, ധർമ്മോപദേശങ്ങളും മുൻതൂക്കമുള്ള ഒരു പ്രേമകഥകൂടിയാണിതു്. യൂഫ്യുയിസ് ആൻറ് ഹിസ് ഇംഗ്ലണ്ട് (1580) എന്ന രണ്ടാം ഭാഗത്തിൽ നായകൻ ഇംഗ്ലണ്ട സന്ദർശിക്കുന്നു. അദ്ദേഹത്തിൻെറ സവിശേഷമായ ഗദ്യശൈലിയാണ് ഗ്രന്ഥത്തിനു പ്രാധാന്യം വർദ്ധിപ്പിച്ചതു്. 'യൂഫ്യുയിസം' എന്നു വിളിക്കുന്ന ലില്ലിയുടെ ശൈലി കൃത്രിമമാണ്. ഇന്നു നോക്കുമ്പോൾ അപഹാസ്യമായി തോന്നാം. സന്തുലിതമായ എതിർമൊഴികളുടെ ആധിക്യമാണ് യൂഫ്യുയിസത്തിൻെറ പ്രത്യേകത. സദാചാരത്തിൻെറ മാർഗ്ഗരേഖയായിട്ടാണ് പ്രസ്തുത ഗ്രന്ഥത്തിൻെറ രണ്ടാം ഭാഗത്തെ കുലീനസ്ത്രീകൾ കണക്കാക്കിയിരുന്നതു്.

വൈദികപ്പട്ടം സ്വീകരിച്ച ഗദ്യസാഹിത്യകാരനാണ് റിച്ചേർഡ് ഹുക്കർ (1554—1600). പ്രെസ്ബിററേറിയനിസത്തിനെതിരേ എപ്പിസ്ക്കോപ്പസിയെ ന്യായീകരിക്കുന്നതാണ് അദ്ദേഹത്തിൻെറ പ്രസിദ്ധമായ ഓഫ് ദ് ലോസ് (Laws) ഓഫ് എക്ലീസിയാസ്റ്റിക്കൽ പോളിററി (1594—97). അദ്ദേഹത്തിൻെറ ശൈലിക്കു സ്ഫുടതയുണ്ട്. ശ്രദ്ധാപൂർവ്വം തെരഞ്ഞെടുത്ത പദങ്ങൾ ഘടിപ്പിച്ച വാചകങ്ങൾക്ക് പ്രത്യേക ഇമ്പമുണ്ട്. സമകാലികരായ മിക്ക എഴുത്തുകാരെ അപേക്ഷിച്ച് സരളമായ ശൈലിയിലാണ് ഹുക്കർ ഗദ്യരചന നടത്തിയതു്. പരിപക്വവും പണ്ഡിതോചിതവുമായ ഗദ്യരചനയ്ക്കു മികച്ച ഉദാഹരണമാണ് ഹുക്കറുടെ കൃതികൾ. സർ ഫിലിപ്പ് സിഡ്നിയുടെ അപ്പോളജി ഫോർ പോയെററി (1595) ആംഗല നിരൂപണസാഹിത്യചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. ഇതെഴുതുവാൻ പ്രേരിപ്പിച്ചതു് സ്റ്റീഫൻ ഗോസൻെറ സ്കൂൾ ഓഫ് അബ്യൂസ് ആണ്. സിഡ്നിയുടെ മറെറാരു കൃതിയായ ആർക്കേഡിയ (1590) ഒരു അജപാലരീതിയിലുള്ള കഥയാണ്.

റോബർട്ട് ബർട്ടൻ (1577—1640) വൈദികനായിരുന്നു. തൻെറ 'ദി അനാട്ടമി ഓഫ് മെലങ്കളി' എന്ന ഗ്രന്ഥം അദ്ദേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹം പല പ്രാവശ്യം തിരുത്തിയിട്ടുണ്ട്. പെട്ടെന്നു പ്രശസ്തി നേടിയ ഈ ഗ്രന്ഥത്തിന്റെ പല പതിപ്പുകളിറങ്ങിയിട്ടുണ്ട്. വിഷാദാത്മകത്വമാണ് ഗ്രന്ഥത്തിന്റെ പ്രതിപാദ്യം. വിഷാദാത്മകത്വത്തിന്റെ കാരണങ്ങരം, അനന്തരഫലങ്ങരം, പരിഹാരം തുടങ്ങിയവ ഗ്രന്ഥത്തിൽ വിശദീകരിച്ചിരിക്കുന്നു. മനുഷ്യവംശത്തോടുള്ള ആത്മാർത്ഥമായ സഹാനുഭൂതി ഇതിൽ പ്രകടിതമാണ്. ഡോക്ടർ ജോൺസൺ, ചാരംസ്ലാം എന്നിവർ പ്രസ്തുത കൃതിയെ വളരെയേറെ ഇഷ്ടപ്പെടുകയും മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലെ ''വിഷാദാത്മകത്വം'' സർവ്വത്ര വ്യാപിച്ചിരിക്കുന്നെങ്കിലും അതു നമ്മെ പീഡിപ്പിക്കുന്നില്ല. സ്വാഭാവികമായ നാടൻ സംഭാഷണരീതിയും ഉദ്ധരണികളും നിറഞ്ഞ വാക്സരണി ശ്രദ്ധേയമാണ്. ശൈലീകാരനെന്ന നിലയ്ക്കും സ്വന്തമായ വ്യക്തിത്വത്തിന്റെ ഉടമയെന്ന നിലയ്ക്കും ഇംഗ്ലീഷ്സാഹിത്യത്തിൽ ബർട്ടന് ഉയന്ന സ്ഥാനമുണ്ട്.

പതിനേഴാം നൂററാണ്ടിന്റെ ആരംഭത്തിൽ പ്രബോധനപരമായ അനേകം നല്ല രചനകളുണ്ടായിട്ടുണ്ട്. ഇത്തരം ലേഖനകത്താക്കളിൽ മുമ്പനായിരുന്നു ഡൺ. ജയിംസ് അഷർ (1581—1656), ജോസഫ് ഹാരം (1574—1656) എന്നിവരായിരുന്നു ഈ രംഗത്തെ അറിയപ്പെടുന്ന മററു രണ്ടുപേർ. ക്രോണളോജിയസക്ര വളരെക്കാലം ബൈബിളിന്റെ കാലാനുക്രമണികയെ സംബന്ധിച്ച ആധികാരികഗ്രന്ഥമായിരുന്നു. എക്സററിലേയും നോറിച്ചിലേയും ബിഷപ്പായിരുന്നു ജോസഫ് ഹാരം. പ്യൂരിററന്മാർ അധികാരത്തിൽ വന്നതോടെ ബിഷപ്പിന്റെ അഭിപ്രായങ്ങരംക്കു വിലയില്ലാതായിത്തീരുകയും അദ്ദേഹം അപമാനിതനായിത്തീരുകയും ചെയ്തു. അദ്ദേഹത്തിന്റെ ആദ്യകൃതിയായ വർജിഡിമേയറം (1597) പദ്യമായിരുന്നു. അദ്ദേഹത്തിന്റേതായി അനേകം ലഘുഗ്രന്ഥങ്ങളും, പ്രബന്ധങ്ങളും വേറെയുമുണ്ട്. അന്നത്തെ വേദാന്തികളിൽ സാഹിത്യരസികത ഏറെയുണ്ടായിരുന്നതു് ഹാളിനാണ്.

വിജ്ഞാനദാഹികളായിരുന്നു എലിസബീത്തൻ യുഗക്കാർ. തൽഫലമായി അവർ അന്യഭാഷകളിൽനിന്നും ധാരാളം മികച്ച ഗ്രന്ഥങ്ങരം ഇംഗ്ലീഷിലേക്കു വിവത്തനം ചെയ്തു. പ്ലൂട്ടാക്കിന്റെ ലൈവ്സ് നോത്ത വിവത്തനം ചെയ്തതു് (1579) പ്രസിദ്ധമാണ്. (ഷേക്സ്പിയർ തുടങ്ങിയ നാടകകൃത്തുക്കരംക്കു് വളരെയധികം പ്രയോജനം ചെയ്തതു് ഈ പരിഭാഷയാണ്). ഗോരംഡിങ്ങും (1565-ലും, 67-ലും), ടർബർവില്ലും (1567), ചാപ്മനും (1595) ഓവിഡ് ഭാഷാന്തരീകരിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹോമറെ പരിഭാഷപ്പെടുത്തിയതും ചാപ്മൻ ആണ് (1598). അരിയോസ്റ്റോയുടെ ഒർലാൻേറാ ഫ്യൂരിയോസോ ഹാരിങ്ടൺ വിവർത്തനം ചെയ്തു (1591).

ഇക്കാലത്തുതന്നെ അനേകം ലഘുലേഖകൾ പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. മതം, രാഷ്ട്രീയം, സാഹിത്യം തുടങ്ങിയ വിഷയങ്ങളെ സംബന്ധിക്കുന്ന ഒട്ടനവധി ലഘുഗ്രന്ഥങ്ങളും ഇക്കാലത്ത് വെളിച്ചം കണ്ടു. ലഘുലേഖാരചനയിൽ കുപ്രസിദ്ധി നേടിയവരാണ് തോമസ് നാഷ് (1567—1601), റോബർട്ട് ഗ്രീൻ (1560—92), തോമസ് ലോഡ്ജ് (1558 ?—1625) എന്നിവർ.

ചിലർ ചരിത്രരചനയിലാണ് താൽപര്യം കണ്ടെത്തിയതു്. വാൾട്ടർ റാലിയുടെ ഹിസ്റ്ററി ഓഫ് ദ വേൾഡ് (1614), ബേകൺൻെറ ഹിസ്റ്ററി ഓഫ് ദ റേയ്ൻ ഓഫ് ഹെൻറി ദ സെവൻത് (1622), ഫോക്സിൻെറ വിശ്വാസയോഗ്യമല്ലാത്ത ആക്റ്റ്സ് ആൻറ് മോണ്യുമെൻറ്സ് ഓർ ബുക്ക് ഓഫ് മാർട്ടിയേഴ്സ് (1563), റഫേൽ ഹോളിൻഷെഡ്ഡിൻെറ ക്രോണിക്കിൾസ് ഓഫ് ഇംഗ്ലണ്ട്, സ്ക്കോട്ട്ലൻറ് ആൻറ് അയർലൻറ് (ഷേക്സ്പിയർ തൻെറ ചരിത്രനാടകങ്ങൾക്ക് ഈ കൃതിയെ ഉപജീവിച്ചിട്ടുണ്ട്) എന്നിവ ചരിത്രഗ്രന്ഥങ്ങളിൽ പ്രാധാന്യമർഹിക്കുന്നു. സഞ്ചാരസാഹിത്യവും ഇക്കാലത്ത് പുഷ്ടിപ്പെട്ടു. റിച്ചേർഡ് ഹാക്ല്യൂട്ടിൻെറ (1552 ?— 1616) പ്രിൻസിപ്പൽ നാവിഗേഷൻസ്, വോയിജസ്, ട്രാഫിക്സ് ആൻറ് ഡിസ്കവറീസ് ഓഫ് ദ ഇംഗ്ലീഷ് നേഷൻ ഇവ (1589) ധീരസാഹസിക യാത്രകളുടെ വിവരണം നൽകുന്ന പ്രശസ്തമായ കൃതികളാണ്.

വേഗത്തിലാണ് ഇക്കാലത്തു വിവർത്തനങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നതു്. ബൈബിളിൻെറ ആധികാരിക തർജ്ജമയായ കിങ്ജയിംസ് ബൈബിൾ ഓർ ദ ഓതറൈസ്ഡ് വേർഷൻ (1611) പുറത്തുവന്നതോടുകൂടി വിവർത്തനങ്ങൾക്ക ഭാഷയിൽ അംഗീകാരം സിദ്ധിച്ചു. നാൽപത്തേഴ പണ്ഡിതൻമാർ ഒന്നിച്ചിരുന്നു നടത്തിയ പരിശ്രമത്തിൻെറ ഫലമാണ് ഈ ബൈബിൾ തർജ്ജമ. ഇതു് ആദിമദ്ധ്യാന്തം വ്യതിയാനം സംഭവിക്കാത്തതും, സാന്ദ്രവും, വ്യക്തവും, ലളിതവും, ഗംഭീരവുമാണ്. ഭാഷ ശുദ്ധമായ ഇംഗ്ലീഷ്തന്നെ. ഇംഗ്ലീഷ് സാഹിത്യത്തിൽ ഇംഗ്ലീഷ് ബൈബിളിനു് ശക്തമായ സ്വാധീനം ചെലുത്താൻ സാധിച്ചു. ബൈബിൾവചനങ്ങളും, ബോധനങ്ങളും ഭാഷയുടെതന്നെ ഭാഗമായിത്തീൻു. ബനിയൻ, മിൽട്ടൺ, റസ്ക്കിൻ, മെക്കാളേ, ടെന്നിസൺ തുടങ്ങിയവരെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബൈബിറംശൈലി സാരമായി സ്വാധീനിച്ചിട്ടുണ്ടെന്നു കാണാം.

ഷേക്സ്പിയർകാലഘട്ടത്തിലെ മുഖ്യഗദ്യസാഹിത്യകാരനായിരുന്നു ഫ്രാൻസിസ്ബേക്കൺ (1561—1626). ഇംഗ്ലണ്ടിൻെറ രാജകീയമുദ്രയുടെ ''ലോർഡ് കീപ്പറാ''യിരുന്നു ബേക്കൺൻെറ പിതാവ്. കുട്ടിക്കാലത്തുതന്നെ ബേക്കൺ പ്രകടിപ്പിച്ചിരുന്ന ശീഘ്രപരിണതി രാജ്ഞിയെ ആകർഷിക്കുകയും, പിതാവിൻെറ സ്ഥാനത്തെ അനുകരിച്ച് ''യങ് ലോഡ് കീപ്പർ'' എന്നു് അദ്ദേഹത്തെ വാത്സല്യപൂർവ്വം വിളിക്കുകയും ചെയ്തു. സർവ്വകലാശാലാ വിദ്യാഭ്യാസത്തിനുശേഷം ഇംഗ്ലീഷ് അംബാസ്സഡറോടൊപ്പം പാരീസിലേക്കു ബ്രക്കൺ നിയുക്തനായി. പിന്നീട് അദ്ദേഹം അഭിഭാഷകവൃത്തി തൊഴിലായി സ്വീകരിച്ചു. 1582—ൽ ബാരിസ്റ്ററായി. 1589—ൽ രാജ്ഞിയുടെ കൗൺസെൽ (Counsel) പദവിയിലെത്തി. ഈ അവസരത്തിൽ കോമൺ സഭയിലെ ശ്രദ്ധേയനായ വാഗ്മിയെന്ന കീർത്തി ആർജ്ജിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. ജയിംസ് ഒന്നാമൻ അധികാരത്തിൽവന്നതോടെ അദ്ദേഹത്തിൻെറ സ്ഥാനം ഒന്നുകൂടി മെച്ചപ്പെട്ടു. 1603—ൽ 'നൈററ്'' പദവി നേടിയ അദ്ദേഹം 1613-ൽ അററോർണി ജനറലായും 1616-ൽ പ്രിവി കൗൺസിലറായും 1617—ൽ ലോർഡ് കീപ്പറായും നിയമിതനായി. 1618-ൽ ലോർഡ് ചാൻസലറും, ബാരൺ വെരുലവുമായിത്തീന്നു. അതിനു ശേഷമാണ് ആകസ്മികമായ പതനമുണ്ടായതു്. അഴിമതിയുടെയും ഔദ്യോഗികകാര്യങ്ങളിലുള്ള വീഴ്ചകളുടെയും പേരിൽ പ്രഭുസഭ അദ്ദേഹത്തെ 'ഇംപീച്ച്' ചെയ്തു. തൻെറ ന്യായങ്ങറം നിരത്താൻ അദ്ദേഹം മുന്നോട്ടു വന്നില്ല. 40,000 പൗണ്ട് പിഴയടയ്ക്കാനും, രാജാവിനു് യുക്തമെന്നു തോന്നുന്ന കാലത്തോളം ജയിലിലടയ്ക്കാനും വിധിയുണ്ടായി. ഇതിനു പുറമെ പാർലമെൻറിൽനിന്നും കൊട്ടാരത്തിൽനിന്നും സ്ഥിരമായി പുറത്താക്കപ്പെടുകയും ചെയ്തു. പക്ഷേ, ഈ വിധികളൊന്നും നടപ്പായില്ല. അവസാനം അദ്ദേഹത്തിനു നിരുപാധികമായ മാപ്പു് രാജാവു് അനുവദിക്കുകയും ചെയ്തു. ശാസ്ത്രീയവും, സാഹിത്യപരവുമായ കാര്യങ്ങറംക്കു വേണ്ടിയാണ് അവസാനത്തെ അഞ്ചുകൊല്ലം ബേക്കൻ വിനിയോഗിച്ചതു്. വൈരുദ്ധ്യങ്ങളുടെയും, വൈജാത്യങ്ങളുടെയും സങ്കരമായിരുന്നു അദ്ദേഹത്തിൻെറ സ്വഭാവം.

ലാററിനിലും ഇംഗ്ലീഷിലും അനായാസം എഴുതുവാൻ പ്രാപ്തനായിരുന്നു ബേക്കൺ. ഇംഗ്ലീഷ്കൃതികളിൽ പ്രസിദ്ധങ്ങളായ എസ്സേയ്സ് (1597) ഉറംപ്പെടുന്നു. ആദ്യം അവയാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കെ പത്തെണ്ണമായിരുന്നു. രണ്ടാം പതിപ്പിലും (1612), മൂന്നാം പതിപ്പിലും (1625) അവയുടെ എണ്ണം യഥാക്രമം മുപ്പത്തെട്ടും, അമ്പത്തെട്ടുമായി ഉയൎന്നു. സത്യം, അധ്യയനം, സ്നേഹം, വിവാഹം എന്നിങ്ങനെ വിശ്രുതങ്ങളായ വിഷയങ്ങളാണ് അവയിൽ പ്രതിപാദിക്കുന്നതു്. തന്റെ തത്ത്വശാസ്ത്രങ്ങളുടെ സത്തയുൾക്കൊള്ളുന്ന ദി അഡ്വാൻസ്മെൻറ് ഓഫ് ലേണിങ് (1605), ദ ഹിസ്ററി ഓഫ് ഹെൻറി ദ സെവൻത് (1622) ഒരുതരം പരിഹാസ കഥാസമാഹാരമായ അപോഫ്ത്തെംസ് (1625) എന്നിവയാണ് മററ് ഇംഗ്ലീഷ്കൃതികൾ. തോമസ് മൂറിന്റെ യുട്ടോപ്യയുടെ മാതൃകയിൽ ദ ന്യൂ അററ്ലാൻറിസ് എന്ന പേരിൽ ദാർശനികത നിറഞ്ഞ ഒരു കാൽപനികകഥ കൂടിയുണ്ട് അദ്ദേഹത്തിന്റേതായി. അതു് അപൂർണ്ണമാണ്.

ബേക്കണ്ന്റെ സുപ്രധാനമായ സാഹിത്യകൃതി അദ്ദേഹത്തിന്റെ എസ്സേയ്സ് ആണ്. തീൎത്തും പ്രായോഗികസ്വഭാവമുള്ള അവ സ്വകാര്യജീവിതത്തിലും പൊതുജീവിതത്തിലും പാലിക്കേണ്ട മര്യാദകളെയാണു മുഖ്യമായും പ്രതിപാദിക്കുന്നതു്. അനിതരസാധാരണമായ ഉൾക്കാഴ്ചയും, സൂക്ഷ്മനിരീക്ഷണവും അവയുടെ പ്രത്യേകതകളാണ്. അലങ്കാരകല്പനകളോടും ബിംബവിധാനങ്ങളോടും ഉപമകളോടും മററുമുള്ള അക്കാലത്തെ ഭ്രമം അദ്ദേഹത്തിന്റെ ശൈലിയിലും അനുഭവപ്പെടുന്നു. ലാററിൻഭാഷാപ്രയോഗങ്ങൾ വേണ്ടതിലേറെയുണ്ടെന്നതാണു മറെറാരു ന്യൂനത. ഇതൊക്കെയാണെങ്കിലും അത്ഭുതകരമായ ഒതുക്കവും, നിശിതമായ പരിഹാസധ്വനിയും അദ്ദേഹത്തിന്റെ ശൈലിയുടെ നേട്ടങ്ങളാണ്. അങ്ങിങ്ങു് കാവ്യാത്മകമായ ആവേശം കാണാമെങ്കിലും അക്ഷുബ്ധവും, ശാസ്ത്രീയവുമായ നിസ്സംഗത പാലിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. 'ഓഫ് ഡെത്ത്' പോലെയുള്ള ലേഖനങ്ങൾ ഇതിനുദാഹരണമാണ്. ലേഖനങ്ങളുടെ തുടക്കം ആകൎഷകമാണ്, മററു കൃതികളെക്കുറിച്ചുള്ള പരാമൎശങ്ങളും ധാരാളം അതിൽ സമൃദ്ധിയായി കാണാം.

ആറ്

മിൽട്ടൺ-ഡ്രൈഡൻ കാലഘട്ടം

(1630—1700)

മിൽട്ടനെയും ഡ്രൈഡനെയും ഒരേ അദ്ധ്യായത്തിൽ ഉൾപ്പെടുത്തുന്നതിൽ ഔചിത്യക്കുറവു തോന്നാം. കാലാനുക്രമമെന്നൊരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്യായമേ ഇതിനു പറയാനുള്ളു. ഒരു പ്രസ്ഥാനത്തിലും പെടാതിരുന്ന മിൽട്ടൺ വ്യവസ്ഥകരം സ്വയം നിർമ്മിക്കുകയാണു ചെയ്തതു്. എന്നാൽ ഡ്രൈഡനാകട്ടെ, ഒരു കാവ്യപ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവായിരുന്നു. ഇതിനു പുറമെ മെററാ ഫിസിക്കൽ സ്കൂളെന്ന പ്രസ്ഥാനത്തിൻെറ ഉദയാസ്തമയങ്ങരംക്കു് ഈ യുഗം സാക്ഷ്യം വഹിക്കുകയും ചെയ്തു.

ആദ്യത്തെ ഏതാനും വർഷങ്ങളൊഴിച്ചാൽ പതിനേഴാം നൂററാണ്ടു് പൂർണ്ണമായും ഈ യുഗത്തിൽപെടുന്നു. ചരിത്രപരമായി നോക്കുമ്പോരം പ്രാധാന്യമേറിയ പല സംഭവങ്ങരംക്കും ഈ യുഗം സാക്ഷ്യം വഹിക്കുകയുണ്ടായി. സ്റ്റുവർട്ട് രാജവംശവും പ്യൂരിട്ടന്മാരുമായുള്ള ആഭ്യന്തരകലഹം (1642—49), ചാരംസ് ഒന്നാമൻ രാജാവിൻെറ വധം, ഒലിവർ ക്രോംവെലിൻെറ നേതൃത്വത്തിൽ പ്യൂരിട്ടന്മാരുടെ രാജ്യാധികാരം സ്റ്റുവർട്ട് രാജവംശത്തിൻെറ പുനഃപ്രതിഷ്ഠാപനം (1660), രക്തരഹിതവിപ്ലവത്തിലൂടെയുള്ള സ്റ്റുവർട്ട് രാജവംശത്തിൻെറ സ്ഥാനഭ്രംശം (1688) എന്നിവയൊക്കെയാണു് ഈ യുഗത്തിലെ പ്രധാന ചരിത്രസംഭവങ്ങരം.

സാഹിത്യപരമായി നോക്കുമ്പോഴും ഈ യുഗത്തിനു വളരെ പ്രാധാന്യമുണ്ടു്. ഭാഷയിലെ ഏററവും മഹത്തായ ചില കാവ്യങ്ങളുടെ സൃഷ്ടി ഈ യുഗത്തിലാണു് നടന്നതു്. അഗസ്റ്റൻ കവിതയുടെ ഉദയവികാസവും എലിസബീത്തൻ നാടകത്തിൻെറ പരിസമാപ്തിയും ഈ കാലഘട്ടം കണ്ടു. പ്രൊട്ടെക്ററേററ് ഭരണകാലത്തു് നാടകം പാടെ വിപാടനം ചെയ്യപ്പെട്ടതും, നൂററാണ്ടിൻെറ അവസാനത്തോടെ ഒരു പ്രത്യേകയിനം നാടകം രൂപംകൊണ്ടതും അതു നശിച്ചതും ഈ യുഗത്തിലെ സംഭവങ്ങളാണു്. പല തരത്തിലും വിഭിന്നശൈലിയിലുമുള്ള ഗദ്യരചനകളുടെ ബാഹുല്യമാണു് ഈ യുഗത്തിൻെറ മറെറാരു പ്രത്യേകത.

മഹാകവി ജോൺ മിൽട്ടൺ (1608—1674) ഇംഗ്ലീഷ് സാഹിത്യചരിത്രത്തിൽ മുഖ്യധാരയിൽനിന്നും മാറി ഒഴുകുന്ന ഒരു മഹാസരിത്താണു്. മനുഷ്യനെന്ന നിലയിലും എഴുത്തുകാരനെന്ന നിലയിലും അദ്ദേഹത്തെക്കുറിച്ചു് വേഡ്സ്‌വത്ത് നടത്തിയ പരാമർശം സമുചിതമായിട്ടുണ്ടു്. ഒററയ്ക്കു തിളങ്ങുന്ന ഒരു രജതതാരകമാണു് മിൽട്ടൺ എന്നു വേഡ്സ്‌വത്ത് പറഞ്ഞതു ശ്രദ്ധേയമാണു്. ഏതെങ്കിലും പ്രസ്ഥാനം ആരംഭിക്കുകയോ ഏതെങ്കിലും പ്രസ്ഥാനക്കാരെ പിന്തുടരുകയോ അദ്ദേഹം ചെയ്തിട്ടില്ല. അദ്ദേഹം ആരെയും അനുകരിച്ചിട്ടില്ല. അദ്ദേഹ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തെ ആക്കെങ്കിലും ശരിയായി അനുകരിക്കുവാനും സാധിച്ചിട്ടില്ല.

തന്മൂലം ജീവചരിത്രകാരന്മാക്ക് മിൽട്ടണെ ശരിക്കു പഠിക്കുവാൻ കഴിഞ്ഞു. അദ്ദേഹത്തിൻെറ വഴങ്ങാത്ത അഹംബോധം, ജീവിതത്തിൽ ചില ധമ്മങ്ങളെല്ലാം അനുഷ്ഠിക്കാൻ കടപ്പെട്ടവനാണ് താനെന്ന വിശ്വാസത്തെ ന്യായീകരിക്കുന്ന പ്രസ്താവങ്ങളും എന്നിവ മിൽട്ടൻെറ കൃതികളിൽ കാണാൻ കഴിയുന്നു. അദ്ദേഹത്തിൻെറ ജീവിതാനുഭവങ്ങളെപ്പററിയുള്ള അറിവ് ആ കൃതികളിൽനിന്നു ലഭിക്കുന്നു. മിൽട്ടൻെറ ജീവിതകാലം മൂന്നു ഘട്ടങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു.

ഒന്നാം ഘട്ടം 1608—38: ജനനംമുതൽ യൂറോപ്യൻ പര്യടനത്തിനുശേഷം മടങ്ങിയെത്തുന്നതുവരെയുള്ള ഈ കാലഘട്ടം ആദ്യകാലരചനകളുടെ കാലമാണ്.

പ്രശംസാർഹമായ വിദ്യാഭ്യാസചരിത്രമുണ്ട് മിൽട്ടണ്. കേംബ്രിഡ്ജിൽനിന്നും ബി. ഏ.യും എം. ഏ.യും അദ്ദേഹം കരസ്ഥമാക്കി. ആകർഷകമായ മുഖകാന്തിയും, നൈസർഗ്ഗികമായ ലജ്ജാശീലവും കാരണം 'ലേഡി ഓഫ് ക്രൈസ്റ്റ്' എന്ന ഓമനപ്പേരു് ക്രൈസ്റ്റ് കോളേജ് ജീവിതത്തിൽ അദ്ദേഹം നേടുകയുണ്ടായി. ഇരുപത്തിമൂന്നാം വയസ്സിൽ കേംബ്രിഡ്ജിൽനിന്നു് പിരിഞ്ഞ മിൽട്ടൺ അടുത്ത ആറുവഷകാലം പ്രകൃതിസുന്ദരമായ ഹേർട്ടൺഗ്രാമത്തിൽ താമസിച്ച് പഠനത്തിൽ ഏർപ്പെട്ടു. പിൽക്കാലത്തെഴുതാനിടയായ ഒരു മഹത്തായ കൃതിയുടെ തയ്യാറെടുപ്പുകരം ഇക്കാലത്തു് അദ്ദേഹം നടത്തി. 1638—39-ൽ ചില യൂറോപ്യൻ രാജ്യങ്ങരം സന്ദർശിക്കുകയുണ്ടായി.

രണ്ടാം ഘട്ടം: 1639—1660: രാഷ്ട്രീയമായിരുന്നു ഈ കാലഘട്ടത്തിൽ ജനങ്ങരംക്കു താൽപര്യമുണ്ടായിരുന്ന മുഖ്യവിഷയം. ഒരു പ്യൂരിട്ടൻ വിശ്വാസക്കാരനും റിപ്പബ്ലിക്കനുമായിരുന്നു മിൽട്ടൺ. അക്കാരണംകൊണ്ടുതന്നെ ചാറംസ് ഒന്നാമനുമായി ആഭ്യന്തരകലഹത്തിലേർപ്പെട്ടിരുന്ന ക്രോംവെൽപാർട്ടിയോടായിരുന്നു അദ്ദേഹത്തിനു് ഉള്ളടുപ്പം. രാഷ്ട്രീയ സംഘഷങ്ങളിലും സംവാദങ്ങളിലുമുള്ള സജീവ പങ്കാളിത്തം മൂലം കവിതയെഴുതുവാൻ സമയമില്ലാതായി. ക്രോംവെൽഭരണകാലം മുഴുവൻ (1649—1660) പ്രൊട്ടെക്ററുടെ വിദേശകാര്യസെക്രട്ടറിയായിരുന്നു മിൽട്ടൺ. ഈ കാലഘട്ടത്തിനിടയിൽ രണ്ടു തവണ വിവാഹം കഴിച്ചു. ആദ്യഭാര്യയിൽ അദ്ദേഹത്തിനു മൂന്നു പെൺമക്കരം പിറന്നു. ആദ്യഭാര്യയുടെ മരണശേഷം നടന്ന രണ്ടാം വിവാഹം അധികം നീണ്ടുനിന്നില്ല. ഒരു വർഷത്തിനുശേഷം അവരും ലോകത്തോടു വിട പറഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൂന്നാം ഘട്ടം: 1660—74 സ്ററുവർട്ട്‌രാജവംശത്തിൻെറ പുനഃപ്രതിഷ്ഠാപനം മിൽട്ടനെ സംബന്ധിച്ചിടത്തോളം കനത്ത ആഘാതമായിരുന്നു. നിന്ദാവചനങ്ങൾ കേൾക്കേണ്ടിവന്ന ശാപഗ്രസ്തമായ നാളുകളായിരുന്നു അവ. ഔദ്യോഗികജീവിതത്തിൽനിന്നും പിരിച്ചുവിടപ്പെട്ട അദ്ദേഹം ചാൾസ് രാജാവിനെതിരായി എഴുതിയതു മുഴുവൻ ചുട്ടെരിക്കപ്പെട്ടു. താമസിയാതെ അധികാരികൾ അദ്ദേഹത്തെ അറസ്റ്റുചെയ്തു. സ്വാധീനശക്തിയുള്ള സ്നേഹിതൻമാരുടെ ഇടപെടൽമൂലം അദ്ദേഹം മോചിതനായി. നിരന്തരമായ പുസ്തകപാരായണംമൂലം ഇതിനകം അദ്ദേഹം അന്ധനായിത്തീർന്നിരുന്നു. മററൊരാളിൻെറ സഹായം അത്യന്താപേക്ഷിതമായതുമൂലം മൂന്നാമതൊരിക്കൽകൂടി അദ്ദേഹം വിവാഹിതനായി (1663). സാഹിത്യപരമായി നോക്കുമ്പോൾ മിൽട്ടൻെറ ജീവിതത്തിലെ ഏററവും മഹത്തായ അവസരം ഈ മൂന്നാംഘട്ടമാണ്. പാരഡൈസ് ലോസ്ററ്, പാരഡൈസ് റീഗേയ്ൻഡ്, സംസൺ ആഗനിസ്ററിസ് തുടങ്ങിയ മഹത്തായ കൃതികൾ ഈ കാലഘട്ടത്തിലെ സൃഷ്ടികളാണ്.

ഇനി മിൽട്ടൻെറ കാവ്യങ്ങളിലേക്ക് സാരമാത്രമായ ഒരെത്തിനോട്ടം നടത്താം. ആദ്യഘട്ടത്തിൽ പെടുന്ന ഒരു രചനയാണ് 'ഓഡ്ഓൺ ദ നേററിവിററി ഓഫ് ക്രൈസ്ററ്' (1629). ചെറുപ്പത്തിൽതന്നെ അദ്ദേഹത്തിൻെറ മനസ്സ് ദൈവവിശ്വാസത്തിൽ അധിഷ്ഠിതമായിരുന്നു. ശ്രേഷ്ഠമായ ഒരു കാവ്യശൈലി സ്വായത്തമാക്കാനും കഴിഞ്ഞു. അദ്ദേഹത്തിൻെറ പ്രഥമകാവ്യംതന്നെ ശൈലിയുടെ ഗാംഭീര്യംകൊണ്ടു ശ്രദ്ധേയമായി. ഹോർട്ടനിലെ താമസത്തിനിടയ്ക്കാണ് 'ലാ അലിഗ്രോ,' 'ഇൽപെൻസറോസോ' (1632) എന്നീ പരസ്പര പൂരകങ്ങളായ രണ്ടു കവിതകൾ അദ്ദേഹം രചിച്ചതു്. ഇവ യഥാക്രമം സന്തോഷവാനായ ഒരുവനും ദുഃഖനിമഗ്നനായ ഒരുവനും വ്യത്യസ്തരീതിയിൽ ഒരു രാത്രി ചെലവഴിക്കുന്നതിനെ വിവരിക്കുന്നു. മിൽട്ടനെപ്പോലെ കർശനമായ ക്ലാസ്സിക്കൽ സംസ്കാരവും, ഗൗരവമായ ജീവിതവീക്ഷണവും ഉൾക്കൊള്ളുന്ന ഒരു വ്യക്തിയുടെ രണ്ടു ഭാവങ്ങളെയാണ് ഈ കവിതകൾ ആവിഷ്കരിക്കുന്നതെന്നു പറഞ്ഞാലും ശരിയാണ്.

ഇക്കാലത്തുതന്നെ മുഖാവരണമണിഞ്ഞു നടത്തുന്ന നാടകത്തിൻെറ (masque) ഗണത്തിൽപെടുന്ന 'കോമസ്' (1634), 'ആർകേഡിസ്' (1633 ?) എന്നീ രണ്ടു കൃതികളും അദ്ദേഹം രചിച്ചു. നൻമയുടെ മാഹാത്മ്യവും തിൻമയുടെ മേൽ നൻമയുടെ ആത്യന്തിക വിജയവും പ്രതിപാദിക്കുന്നതാണ് ഇതിൽ ആദ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തെ കൃതി. രണ്ടാമത്തേതു് അപൂൎണ്ണമാണു്. മിൽട്ടന്റെ സഹ പാഠിയായിരുന്ന എഡ്‌വേർഡ് കിങ്ങിന്റെ അകാലചരമത്തെ ക്കുറിച്ചെഴുതിയ 'ലിസിഡസ്' എന്ന വിലാപകാവ്യമാണു് ആദ്യകാല കൃതികളിൽവച്ചു് ഏററവും പ്രധാനം. ഡോക്ടർ ജോൺസൻ തന്റെ കുപ്രസിദ്ധമായ ഖണ്ഡനവിമർശനത്തിൽ ആത്മാൎത്ഥത തൊട്ടുതീണ്ടിയിട്ടില്ലാത്ത കൃതിയാണു് 'ലിസി ഡസ്' എന്നു പിന്നീടു കുററപ്പെടുത്തുന്നുണ്ടു്. അജപാലവിലാ പകാവ്യകൎത്താക്കരം ചെയ്യുതെന്തോ അതു മാത്രമേ മിൽട്ടനും ചെയ്യിട്ടുള്ളു. അദ്ദേഹത്തിന്റെ ശ്രേഷ്ഠമായ കാവ്യരചനാപാടവ ത്തിനു തെളിവാണു് 'ലിസിഡസ്.'

മിൽട്ടന്റെ ഏററവും മഹത്തായ കാവ്യങ്ങരം അദ്ദേഹത്തി ന്റെ ജീവിതത്തിന്റെ മൂന്നാം ഘട്ടത്തിൽ എഴുതപ്പെട്ടവയാ ണു്. അവ എഴുതാനിടയായ ദേശീയവും വൈയക്തികവുമായ സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തിയേ അവയെ പഠനവി ധേയമാക്കാൻ പററു. അദ്ദേഹം അടിയുറച്ചു വിശ്വസിച്ചിരുന്ന മതപരവും രാഷ്ട്രീയവുമായ ആദൎശങ്ങളുടെ നേരെ വിപരീത മായിരുന്നു പുനഃപ്രതിഷ്ഠാപനത്തിന്റെ ഫലമായി സംജാത മായതു്. അദ്ദേഹത്തിന്റെ ഭാവിഭാഗധേയത്തിലും ഇതു് സാര മായ വ്യതിയാനങ്ങരം വരുത്തി. ഇതിനൊക്കെ പുറമെ പൂൎണ്ണ മായും അന്ധനായിക്കഴിഞ്ഞിരുന്നതിനാൽ മററു ഗ്രന്ഥങ്ങരം പരിശോധിക്കുന്നതിനു മാൎഗ്ഗവുമില്ലായിരുന്നു. തന്റെ അവഗാ ഹമായ പാണ്ഡിത്യത്തെ മാത്രമാണദ്ദേഹം ആശ്രയിച്ചതു്.

മിൽട്ടന്റെ മാസ്റ്റർപീസാണു് പാരഡൈസ് ലോസ്ററ്. അതു ''നശിച്ചുപോകാൻ ഭാവിതലമുറ അനുവദിക്കില്ല'' എന്നു് അദ്ദേഹം സ്വയം വിശ്വസിച്ചിരുന്നു. ഇതിന്റെ വിഷയത്തെ സംബന്ധിച്ചാണെങ്കിൽ വളരെ പണ്ടേ അദ്ദേഹം ആലോചി ച്ചിരുന്നതാണു്. രചനയാകട്ടെ വളരെ വൈകി മാത്രം ആരം ഭിക്കുകയും ചെയ്തു. മിൽട്ടനെപ്പോലെ പ്യൂരിട്ടൻ വിശ്വാസി യായ ഒരു കവിക്കു് അന്നത്തെ കാലഘട്ടത്തിൽ പാരഡൈസ് ലോസ്ററിന്റെ രചന പ്രസക്തമായിത്തീൎന്നു.

പന്ത്രണ്ടുഭാഗങ്ങളും പതിനായിരത്തോളം വരികളുമുള്ള സുദീൎഘമായ കാവ്യമാണു് പാരഡൈസ് ലോസ്ററ്. പതി വുപോലെ മംഗളാചരണത്തോടെയും ഔപചാരികമായ വി ഷയപ്രഖ്യാപനത്തോടെയും കാവ്യം ആരംഭിക്കുകയും, പിന്നീടു് പൂൎവ്വവൃത്താന്തത്തിലേക്കു കടക്കുകയും അവിടെനിന്നു മുന്നേറുക യും ചെയ്യുന്നു. സാത്താന്റെ നേതൃത്വത്തിൽ മാലാഖമാർ ദൈ വത്തിനെതിരെ നടത്തുന്ന സമരവും സാത്താനേയും കൂട്ടരേയും തോല്പിച്ചു നരകത്തിലേക്കു തള്ളുന്നതും തുടൎന്നുള്ള സംഭവങ്ങളു

CC-0. In Public Domain. Gurukul Kangri Collection, Haridwar

മാണ് കാവ്യത്തിന്റെ പ്രതിപാദ്യം. ഭൂമിയുടെ ഉല്പത്തി, ആദം ഹവ്വാമാരുടെ സൃഷ്ടി, സാത്താന്റെ ഭൂപ്രദേശം, ഹവ്വായുടെ നേർക്കുള്ള പ്രലോഭനം, ഹവ്വായുടേയും തുടർന്ന് ആദത്തിന്റേയും പതനം, ഏദനിൽനിന്നുള്ള ബഹിഷ്കരണം എന്നിങ്ങനെപോകുന്ന പ്രതിപാദ്യവിഷയം.

ഏതു കാഴ്ചപ്പാടിൽകൂടി നോക്കിയാലും പാരഡൈസ് ലോസ്റ്റ് അതിമഹത്തായ ഒരു കൃതിയാണെന്നു കാണാം. പ്രപഞ്ചചരിത്രം മുഴുവൻ ഇതിലടങ്ങുന്നു. അനന്തതയാണ് ക്രിയാകാലം. സ്വർഗ്ഗവും, നരകവും, ശൂന്യതയും, ഭൂമിയും ഉൾപ്പെടുന്ന സർവ്വപ്രപഞ്ചമാണ് പ്രവർത്തനമേഖല. ഈ മഹാപ്രപഞ്ചത്തിലെ അണുമാത്രമായ ഒരു ഗോളമാണ് ഭൂമി. ദൈവവും മാലാഖമാരും സാത്താനും പിശാചുക്കളും ആദ്യത്തെ സ്ത്രീയും പുരുഷനുമായ ആദവും ഹവ്വയും, അമൂർത്തങ്ങളായ ശൂന്യതയും പാപവും, മരണവും എല്ലാം മനസ്സിൽ ആഞ്ഞുപതിക്കുന്ന കഥാപാത്രങ്ങളാണ്. പക്ഷേ, ഇവയെക്കാളേറെ ശ്രേഷ്ഠമായ മഹാകാവ്യശൈലിയാണ് പാരഡൈസ് ലോസ്റ്റിനെ യഥാർത്ഥത്തിൽ മഹത്തരമാക്കുന്നത്.

മിൽട്ടന്റെ എല്ലാ കാവ്യങ്ങളേയുംപോലെ പാരഡൈസ് ലോസ്റ്റും അദ്ദേഹത്തിന്റെ പ്രതിഭയെ വിശദമാക്കുന്നു. അന്നത്തെ സാഹിത്യത്തെ രൂപപ്പെടുത്തിയ രണ്ടു പ്രധാന സംഗതികളായ നവോത്ഥാനം അഥവാ ക്ലാസ്സിക്കൽ സാഹിത്യത്തിന്റെ സ്വാധീനവും മതപരമായ ഹീബ്രൂസ്വാധീനവും മിൽട്ടണിൽ ലയിച്ചു കിടക്കുന്നു.

ആകെക്കൂടി പറഞ്ഞാൽ വിശ്വസാഹിത്യത്തിലെ അതിമഹത്തായ ഒരു സൃഷ്ടിയാണ് പാരഡൈസ് ലോസ്റ്റ്. അതേസമയം ഇതു് ''ക്ലാസ്സിക് കാവ്യങ്ങളിലെ ഏററവും മഹത്തായ കൃതിയല്ല, കാരണം ഇതല്ല ഈ പാരമ്പര്യങ്ങളിൽപ്പെട്ട ആദ്യത്തേ കൃതി'' എന്ന ഡോക്ടർ ജോൺസന്റെ വിലയിരുത്തലിനോട് നമുക്ക് യോജിക്കാതിരിക്കാൻ വയ്യ. അതേസമയം ഈ കാവ്യത്തിന്റെ ശൈലിയുടെ ഗാംഭീര്യത്തെ ആദരിക്കാതിരിക്കാനും നിവൃത്തിയില്ല.

'പാരഡൈസ് ലോസ്റ്റി'നെ അപേക്ഷിച്ചു നോക്കുമ്പോഠം താഴ്ന്ന പടിയിലാണ് 'പാരഡൈസ് റീഗേയ്ൻഡ്'' (1671) എന്നു സാധാരണ വായനക്കാർ അഭിപ്രായപ്പെടുന്നു. എന്നാൽ വേഡ്സ്‌സ് വർത്തിനേയും കോഠംറിഡ്ജിനേയും പോലെയുള്ള മഹാപ്രതിഭകഠം പാരഡൈസ് റീഗേയ്ൻഡിനെ സമീപിക്കുന്നതു് അതാണു മിൽട്ടന്റെ ഏററവും ഉദാത്തമായ കൃതിയെന്ന നിലയ്ക്കാണ്. കാവ്യരചനയുടെ വൈഷമ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങളെപ്പററി ബോധവാൻമാരായ എഴുത്തുകാർ, തീരെ നിസ്സാരമായ ഒരു ആശയത്തിൽനിന്നു് അത്യുജ്ജ്വലമായ ഒരു മഹാകാവ്യം പടുത്തുയർത്തിയിരിക്കുന്ന കവിമനസ്സിൻെറ കല്പനാവൈഭവത്തെ അടിസ്ഥാനമാക്കി ആയിരിക്കാം വിധിനിർണ്ണയം നടത്തുന്നതു്. പാരഡൈസ് റീഗേയ്ൻഡിൽ സാത്താനു് പാരഡൈസ് ലോസ്റ്റ് എന്നതിലെന്നതുപോലെയുള്ള നായകസ്ഥാനമില്ല. ക്രിസ്തുവിനു് അതിജീവിക്കേണ്ടിവന്ന പ്രലോഭനങ്ങൾ അതിശക്തമായിരുന്നുമില്ല. ആദ്യകൃതിയിലെന്നപോലെ ഉദാത്തമെന്നു വിശേഷിപ്പിക്കപ്പെടാവുന്ന കാവ്യസന്ദർഭത്തിനുള്ള വിഷയവും പാരഡൈസ് റീഗേയ്ൻഡിൽ ഇല്ലെന്നുവേണം പറയാൻ. മുൻകൃതിയുമായി തട്ടിച്ചുനോക്കാതെ, പാരഡൈസ് റീഗേയ്ൻഡ് മാത്രമെടുത്തു പരിശോധിച്ചാൽ ഇതും മഹത്തായ ഒരു കാവ്യമാണെന്നു പറയേണ്ടിവരും.

പുതിയ നിയമത്തിൽ വിജനതയിൽവച്ചു ക്രിസ്തുവിൻെറ നേരെ നടത്തുന്ന പ്രലോഭനങ്ങൾ മാത്രമാണു് പാരഡൈസ് റീഗേയ്ൻഡിൽ കൈകാര്യം ചെയ്തിരിക്കുന്നതു്. സാത്താൻെറ പ്രലോഭനങ്ങൾക്കു വശംവദരായി ആദത്തിനും ഹവ്വായ്ക്കും സ്വർഗ്ഗം നഷ്ടപ്പെടുകയായിരുന്നു. സാത്താൻെറ പ്രലോഭനങ്ങളെ അതിജീവിച്ചതിനാൽ യേശു സ്വർഗ്ഗം വീണ്ടെടുക്കുന്നു. സാത്താൻെറ പരീക്ഷണങ്ങളിൽ ക്ഷുധാർത്തി ധനത്തിനോടും അധികാരത്തിനോടുമുള്ള അഭിവാഞ്ഛ, സർവ്വവിജ്ഞാനസമ്പാദനം എന്നിവയെല്ലാം ഉൾപ്പെട്ടിരുന്നു. സാത്താൻെറ പ്രലോഭനങ്ങൾക്കു നേരെ യേശുവിനുള്ള പ്രതിരോധശക്തിയെക്കുറിച്ചു് മുൻകൂട്ടി അറിയാവുന്നതിനാൽ നാടകീയത കൈവരുത്താൻ കവിക്കു കഴിഞ്ഞില്ല.

മിൽട്ടൻെറ കാവ്യകൃതികളെക്കുറിച്ചുള്ള അവലോകനം അവസാനിപ്പിക്കുന്നതിനുമുമ്പു് അദ്ദേഹത്തിൻെറ സോണററുകളെക്കുറിച്ചും, ഒരു വാക്കു പറയേണ്ടിയിരിക്കുന്നു. 23(?) സോണററുകൾ മാത്രമെ മിൽട്ടൺ എഴുതിയിട്ടുള്ളുവെങ്കിലും ഇംഗ്ലീഷ് സോണററുകളുടെ ചരിത്രത്തിൽ അവയ്ക്കു് അതിപ്രധാനമായ സ്ഥാനമുണ്ടു്. ഒന്നാമതായി ഓരേയൊരു ആശയമെ സോണററിൽ പാടുള്ളുവെന്ന അലിഖിതനിയമത്തിൽനിന്നും സോണററിനെ വിമുക്തമാക്കിയെന്നുള്ള കീർത്തി അദ്ദേഹത്തിനുള്ളതാണു്. പ്രേമത്തെ മാത്രം സംബന്ധിക്കുന്നതായിരുന്നു അക്കാലം വരെ സോണററുകളുടെ വിഷയം. മററു വിഷയങ്ങളെ ഉപജീവിച്ചു് വളരെക്കുറച്ചു സോണററുകൾ മാത്രമെ രചിക്കപ്പെട്ടിരുന്നുള്ളു. വിഭിന്നവിഷയങ്ങൾ സോണററിലുപയോഗിച്ചുവെന്ന ബഹുമതിയും അദ്ദേഹത്തിനുതന്നെ. രണ്ടാമതായി വിഷയം പൂർത്തിയാക്കുന്നതിനു് സോണററുകളുടെ ഒരു പരമ്പര രചി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുന്ന രീതി അദ്ദേഹം ഒഴിവാക്കി. മിൽട്ടന്റെ ഓരോ സോണററും സ്വതന്ത്രവും, സ്വയം പൂർണ്ണവുമാണ്. മൂന്നാമതായി പറയാനുള്ളതു് പെട്രാക്കൻ രീതി അദ്ദേഹം പുനരാവിഷ്കരിച്ചുവെന്നതാണ്. സാങ്കേതികമായി നോക്കിയാൽ ഷേക്സ്പീരിയൻ രീതിയേക്കാൾ ശ്രേഷ്ഠമാണ് പെട്രാക്കൻ സോണററുകൾ.

മിൽട്ടണും, ഡ്രൈഡനും, പോപ്പും ചേർന്ന കാലഘട്ടത്തെ നിയോക്ലാസിക്ക്യുഗം അഥവാ ഇംഗ്ലീഷ്കവിതയിലെ അഗസ്റ്റൻയുഗം എന്നു പറയുന്നു. കവിതയിൽ ഹിറോയിക് കപ്പ്ലറിനു പുതുജീവൻ നൽകിയ എഡ്മണ്ട് വാലർ (1606—87) മുതൽക്കാണ് നിയോക്ലാസ്സിക്ക് പ്രസ്ഥാനം ഉടലെടുത്തതു്. രചനയിൽ വിലക്ഷണവും അതിരു കവിഞ്ഞതുമായ ധാരാളിത്തം കാട്ടിയ എലിസബീത്തൻയുഗത്തിന്റെ ഉത്തരാദ്ധത്തിലെ എഴുത്തുകാരുടെ ബ്ലാങ്ക്വേഴ്സിനോടുള്ള പ്രതികരണമെന്ന നിലയ്ക്കാണ് ഇതാരംഭിച്ചതു്. മൽഹെർബിന്റെ നേതൃത്വത്തിൽ ഇതുപോലൊരു പ്രസ്ഥാനം ഫ്രാൻസിലും രൂപംകൊള്ളുകയായിരുന്നു. നിയോക്ലാസ്സിക്ക് പ്രസ്ഥാനം ഉടലെടുത്തതു് ഫ്രാൻസിലാണെന്നും അതു് ഇംഗ്ലണ്ടിലേക്കു് പടരുകയായിരുന്നെന്നും ചിലക്ക് ധാരണയുണ്ട്. എന്നാൽ ആ ധാരണ ശരിയല്ല. എഡ്മണ്ട്പാലറുടെ കപ്പ്ലററ്രീതിയിലുള്ള കവിതകൾ ആദ്യമായി പുറത്തുവരുന്നതു് 1623—ൽ ആണ്. ഏഴുവഷംകൂടി കഴിഞ്ഞാണ് മൽഹെർബിന്റെ കൃതികൾ ഫ്രഞ്ചുഭാഷയിൽ പ്രത്യക്ഷപ്പെടുന്നതു്. ഫ്രഞ്ചുസാഹിത്യത്തിനു് ഇംഗ്ലീഷ്സാഹിത്യത്തിലുള്ള സ്വാധീനം—പ്രത്യേകിച്ചും 1660—ലെ പുനഃപ്രതിഷ്ഠാപനത്തിനുശേഷം—വളരെ വലുതാണ്. എന്നാൽ ഇക്കാര്യത്തിൽ ഫ്രഞ്ചുസാഹിത്യത്തിനു വഴികാട്ടിയായിത്തീൎന്നു ഇംഗ്ലീഷ്. പതിനേഴാം നൂററാണ്ടിന്റെ ആദ്യദശകങ്ങളിൽ ഇംഗ്ലീഷ്കവിതയിലും നാടകത്തിലും ഒരു മിതത്വമൊക്കെ അനുഭവപ്പെട്ടിരുന്നു. സ്പെൻസറുടേയും, ഷേക്സ്പീയറുടേയും അഭംഗുരമായ അധീശശക്തിയും, എലിസബീത്തൻയുഗത്തിലെ കാൽപനികമായ ആജ്ജവവും പഴങ്കഥകളായി. ടൂർണിയോ (1575 ?—1626) തുടങ്ങിയ പിൽക്കാല എലിസബീത്തൻ നാടകകത്താക്കളാണ് ഇക്കാര്യത്തിൽ കൊടുംപാതകികൾ. അവരുടെ ആശയങ്ങളിലും, ഭാഷാശൈലിയിലുമുള്ള വൈകൃതങ്ങൾ ഒരു പ്രത്യാഘാതം അനിവാര്യമാക്കിത്തീൎത്തു. കവിതാരൂപത്തിനു് ഒരു ക്രമവും, നിയന്ത്രണവും ഏൎപ്പെടുത്തുക, സങ്കൽപങ്ങളിൽ ഔചിത്യം ദീക്ഷിക്കുക, അലങ്കാരപ്രയോഗത്തിൽ മിതത്വം പാലിക്കുക എന്നീ ദിശകളിലായിരുന്നു സ്വാഭാവികമായും ഈ തിരിച്ചടി. ജനങ്ങളുടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഭിരുചിയിൽത്തന്നെ മാററങ്ങൾ പ്രകടമായി. ജനങ്ങളിൽ സ്വതന്ത്രചിന്താഗതി വളർന്നുവന്നതും രാഷ്ട്രീയകാര്യങ്ങളിൽ കൗതുകം വർദ്ധിച്ചതും യഥാർത്ഥമായ എന്തിനോടും പ്രത്യേകമായൊരു മമത വളർത്തിയെടുക്കാൻ പര്യാപ്തമായി. മായികമായൊരു ലോകത്തെക്കുറിച്ച് കിനാവു കാണുന്നതിനു പ്രസക്തിയില്ലാതെവന്നു. മനോരാജ്യം കാണുന്നതിനു പകരം യഥാർത്ഥ സംഭവങ്ങളിലായി ഏവർക്കും താല്പര്യം.

പ്രമേയത്തിൽ മാത്രമല്ല ഈ പ്രവണത കണ്ടുതുടങ്ങിയതു്. രൂപഭാവങ്ങളിലും ആവിഷ്കാരത്തിലുംവരെ ഈ മാററം ദൃശ്യമായി. പതിനേഴാം നൂററാണ്ടിന്റെ ആരംഭത്തോടെ എലിസബീത്തൻയുഗത്തിലെ കാൽപനികമായ വികാരോഷ്മളത പൂർണ്ണമായും ക്ഷയിക്കുകയായി. അതോടെ പ്രഗത്ഭരായ എലിസബീത്തൻ എഴുത്തുകാരുടെ ഉന്മത്തമായ ശബ്ദസൗഭഗവും താളൈക്യവും പ്രചണ്ഡമായ ധാരാളിത്തത്തിനും ക്രമരാഹിത്യത്തിനും വഴിമാറിക്കൊടുത്തു. ഇതിനുള്ള തിരിച്ചടിയാണു് ഭാഷയിലെ നിയന്ത്രണവും ഛന്ദസ്സിലും താളക്രമത്തിലുമുള്ള ചിട്ടയും മററും. അങ്ങനെ പദ്യരചനയിൽ ഹീറോയിക് കപ്പ്ലററ് അവശ്യഘടകമായിത്തീർന്നു.

രചനയിൽ മാന്യത പാലിക്കണമെന്നു് അവർ അനുശാസിച്ചു. ഭാവനയെ അവർ കടിഞ്ഞാണയച്ചുവിട്ടില്ല. ഇന്ദ്രിയാതീതമായ ലോകത്തെക്കുറിച്ച് ചിന്തിച്ചുമില്ല. യാതൊരു വിഷയത്തിലും അമിതമായ ആവേശം പാടില്ലെന്നു് അഗസ്റ്റൻ യുഗക്കാർ ആവശ്യപ്പെട്ടു.

ഭാവത്തിനല്ല, രൂപത്തിനാണവർ ഊന്നൽ നൽകിയതു്. ആശയത്തിനു തനതായ കൽപനാശക്തി കൊടുക്കാനല്ല ആശയപ്രകാശനത്തിന്റെ പൂർണ്ണത നല്കാനാണു് അവർ അധികം ശ്രദ്ധിച്ചതു്. പോപ്പിന്റെ വാക്കുകളിൽ പറഞ്ഞാൽ,

True wit is nature to advantage dressed
what oft was thought but ne'er so well expressed.

സാധാരണജീവിതത്തെ (Nature) കൂടുതൽ മെച്ചപ്പെട്ട ഭാഷയിൽ ആവിഷ്കരിക്കുന്നതാണു് യഥാർത്ഥകവിത (True wit). പ്രകൃതിയെ അനുകരിക്കലാണു് കവിതയുടെ ധർമ്മമെന്നായിരുന്നു അഗസ്റ്റൻമാരുടെ വിശ്വാസം. സാങ്കല്പികവും, അപരിമേയവുമായ എന്തെങ്കിലും വർണ്ണിക്കുന്നതിനു പകരം ദൈനന്ദിനജീവിതത്തേയും ആചാരമുറകളെയും സൂക്ഷ്മമായി പുനരാവിഷ്കരിക്കുകയെന്നതാണു് പ്രകൃതിയെ അനുകരിക്കുകയെന്നതുകൊണ്ടു് അവരുദ്ദേശിച്ചതു്. ക്ലാസ്സിക്കവികളും ഇതുതന്നെയാണു് ചെയ്യുന്നതെന്നു് അവർ കരുതുന്നു. അതിനാൽ പ്രകൃതിയെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനുകരിക്കുന്നതിനു പകരം ക്ലാസിക്ക് കവികളെ അനുകരിച്ചാൽ ധാരാളമായെന്നു് നിയോക്ലാസ്സിസ്സുകാർ വിശ്വസിച്ചു.

ഇതു വെറും കൃത്രിമമായ ഒരു ക്ലാസ്സിക് യുഗമായിരുന്നു. ഗ്രീക്ക്സാഹിത്യകാരൻമാരുടെ നൈസർഗ്ഗികതയും ലാളിത്യവും ഇവരിൽ കാണുന്നില്ല. ഇംഗ്ലീഷ് അഗസ്ററൻ സാഹിത്യകാരർ തങ്ങളെക്കുറിച്ചു് അമിതബോധമുള്ളവരായിരുന്നു. പ്രചോദനമായിരുന്നില്ല അവരുടെ സൃഷ്ടിയുടെ ഉറവിടം. ഓരോ കവിതയും തുടർച്ചയായി തിരുത്തുകയും ബോധപൂർവ്വകം മിനുക്കുക, പ്രസാദാത്മകമായ ആശയാവിഷ്കാരം, വികാരക്ഷോഭങ്ങളുടെ നിയന്ത്രണം, ഉൽക്കർഷമായ യുക്തി, വ്യവസ്ഥാപിത നിയമങ്ങളോടും സങ്കേതങ്ങളോടുമുള്ള വിധേയത്വം എന്നിവയുടെ കാര്യത്തിൽ ഇതൊരു ക്ലാസ്സിക് യുഗംതന്നെ ആയിരുന്നെന്നു പറയാം.

ഗ്രാമത്തെക്കാരം നഗരജീവിതത്തെ അഗസ്ററൻ കവികരം ഇഷ്ടപ്പെട്ടു. നഗരജീവിതത്തിന്റെ ശാപമായ ഉപജാപങ്ങളും കൃത്രിമപരിഷ്കാരങ്ങളും, ലഹളകളും ഈ യുഗത്തിലെ കവിതയുടെ മുഖ്യവിഷയമായിരുന്നു. അതുകൊണ്ടുതന്നെയാണു് ഉൽകൃഷ്ടമായ ഹാസ്യകവനങ്ങരം ഇക്കാലത്തുണ്ടായതു്. ഇക്കാലത്തെ പ്രചാരമേറിയ പദ്യരൂപം 'ഹിറോയിക്ക് കപ്ലററാണ്.'

അഗസ്ററൻ കവിത

ഈ സ്കൂളിലെ ഏററവും ഉൽകൃഷ്ടനായ കവി ജോൺഡ്രൈഡൻ (1631—1700) ആണു്. മിൽട്ടൺ കഴിഞ്ഞാൽ പതിനേഴാം നൂററാണ്ടിലെ ഏററവും മഹാനായ കവിയാണു ഡ്രൈഡൻ; മിൽട്ടണും വേഡ്സ്വത്തിനുമിടയ്ക്കു് അത്രയ്ക്കു സമുന്നതനായ കവി ഉണ്ടായിട്ടുമില്ല. വെസ്ററ്മിൻസ്ററിലും, ക്രേംബ്രിഡ്ജിലെ ട്രിനിററി കോളേജിലുമായാണു് ഡ്രൈഡൻ വിദ്യാഭ്യാസം നിർവ്വഹിച്ചതു്. 1663-ൽ ബാർക്ഷയറിലെ ഏളിന്റെ പുത്രി ലേഡി എലിസബെത്ത് ഹവർഡിനെ ഡ്രൈഡൻ വിവാഹം കഴിച്ചു

കവി, നാടകകൃത്തു്, വിമർശകൻ എന്നീ നിലകളിലുള്ള ഒരു ബഹുമുഖപ്രതിഭയായിരുന്നു അദ്ദേഹം. കവിതയിൽ പല മാതൃകകരം അദ്ദേഹം പരീക്ഷിച്ചു നോക്കുകയും, അവയിലെല്ലാം തന്റെ വ്യക്തിത്വം പുലർത്തുകയും ചെയ്തു. വിവരണാത്മകവും ആഖ്യാനപരവുമായ കാവ്യങ്ങളിൽ ഡ്രൈഡന്റെ കഴിവു മുഴവൻ പ്രകടമാക്കുന്നതു് 'ആനസ് മിറാ ബിലിസ്' എന്ന കവിതയിലാണു് (1667). 1665-ൽ ഇംഗ്ലീഷുകാരും ഡച്ചുകാരും തമ്മിൽ നടന്ന നാവികയുദ്ധത്തിലെ നാലു ദിവസത്തെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പോരും 1666-ൽ ഡച്ചുകാരുടെ മേൽ നേടിയ അവസാന വിജയവുമാണ് ഇതിലെ പ്രതിപാദ്യം. ഈ കവിതയിലെ രണ്ടാമത്തെ 'അത്ഭുതം' 1666—ൽ ലണ്ടൻനഗരത്തെ ചുട്ടുകരിച്ച അഗ്നിബാധയാണ്. ഗ്രീക്ക്, ലാററിൻ ഭാഷകളിൽനിന്നു ധാരാളം കാവ്യകഥകളും അദ്ദേഹം വിവർത്തനം ചെയ്തിട്ടുണ്ട്.

വിവാദപരമായ വിഷയങ്ങൾ കവിതയിലൂടെ അവതരിപ്പിക്കുന്നതിൽ ഡ്രൈഡനെ വെല്ലാൻ ആരുമില്ല. ഈ കഴിവ് ഏററവും തെളിഞ്ഞു നിൽക്കുന്നത് 'സാമാന്യജനത്തിൻെറ മതം' എന്നർത്ഥം വരുന്ന 'റിലിജിയോ ലെയ്ച്ചി' (1682) 'ദി ഹൈൻഡ് ആൻഡ് ദ പാന്ഥർ' (1687) എന്നീ കവിതകളിലാണ്. ഇതിൽ ആദ്യത്തേതിൽ റോമൻ കത്തോലിക്കാമതത്തേക്കാൾ ആംഗ്ലിക്കൻ സഭയ്ക്കുള്ള ഉൽക്കർഷം സ്ഥാപിക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. ആംഗ്ലിക്കൻ സഭാവിശ്വാസിയായിരുന്ന കാലത്താണ് ഡ്രൈഡൻ ഇതെഴുതിയത്. എന്നാൽ 1685—ൽ ഡ്രൈഡൻ റോമൻ കത്തോലിക്കാസഭയിലേക്കു പരിവർത്തനം ചെയ്തു. ഒരു പുതുവിശ്വാസിയുടെ വീറോടെ ആംഗ്ലിക്കൻസഭക്കെതിരെ റോമൻകത്തോലിക്കാസഭയ്ക്കുവേണ്ടി വാദിക്കുകയാണ് രണ്ടാമത്തെ കവിതയിൽ. മൃഗങ്ങളെക്കൊണ്ടുള്ള ഒരു കെട്ടുകഥയുടെ രീതിയിലാണ് കാവ്യം. ക്ഷീരധവളമായ മാൻപേട റോമൻ കത്തോലിക്കാസഭയേയും പുള്ളിപ്പുലി ആംഗ്ലിക്കൻസഭയേയും പ്രതിനിധീകരിക്കുന്നു.

ഡ്രൈഡൻെറ അർച്ചനാഗീതങ്ങളും (Odes) വിശിഷ്ടങ്ങളാണ്. ലയർ എന്ന വാദ്യോപകരണത്തിൻെറ ഉപജ്ഞാതാവും, സംഗീതത്തിൻെറ അധിദേവതയുമായ സെയ്ൻറ് സിസിലിയായുടെ ജൻമവാർഷികാഘോഷത്തിനുവേണ്ടി എഴുതിയ രണ്ടു് അർച്ചനാഗീതങ്ങളാണ് ഇവയിൽ പ്രധാനം. 'സോങ്ങ് ഓൺ സെയ്ൻറ് സിസിലിയാസ് ഡേ' (1687), 'അലെക്സാണ്ടേഴ്സ് ഫീസ്റ്റ് ഓർ ദ പവർ ഓഫ് മ്യൂസിക്' (1697) എന്നീ പേരുകളിലാണ് ഇവ അറിയപ്പെടുന്നത്. 'ഓഡ് ഓൺ മിസ്സിസ് ആൻകിലിഗ്രൂ'വും (1686) പ്രസിദ്ധമാണ്. ഇവ കൂടാതെ നാടകഗാനങ്ങൾ ഉപക്രമഗാനങ്ങൾ (പ്രൊലോഗ്സ്) ഉപസംഹാരഗാനങ്ങൾ (എപ്പിലോഗ്സ്), കാവ്യരൂപത്തിലുള്ള കത്തുകൾ, പ്രസംഗങ്ങൾ എന്നിങ്ങനെ ഒട്ടനേകം കവനങ്ങൾ വേറെയുമുണ്ടു്.

അന്നത്തെ രാഷ്ട്രീയസാമുദായികപ്രസ്ഥാനങ്ങളിൽ സജീവതാല്പര്യം കാണിച്ച ഡ്രൈഡൻെറ കവിതകൾക്ക് അത്തരം സംഭവങ്ങൾ പ്രചോദകങ്ങളായി. ഒലിവർ ക്രോം വെൽ അന്തരിച്ചപ്പോൾ ''കോമൺ വെൽത്തിൻെറ രക്ഷകനായിരുന്ന മഹാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നായ ഒലിവർ ക്രോംവെല്ലിൻെറ സ്മരണക്കായി അർച്ചിക്കുന്ന വീരോചിതമായ ശ്ലോകങ്ങൾ'' (1658) ഡ്രൈഡൻ എഴുതുകയുണ്ടായി. പതിനൊന്നു വർഷത്തെ പ്യൂരിററൻ ഭരണത്തിനു ശേഷം 1660–ൽ ചാൾസ് സ്റ്റുവർട്ട് രണ്ടാമൻ ഇംഗ്ലീഷ് സിംഹാസനത്തിൽ പുനരവരോധിക്കപ്പെട്ടപ്പോൾ അതിനെ സ്വാഗതം ചെയ്തുകൊണ്ട് ഡ്രൈഡൻ എഴുതിയതാണ് 'അസ്ട്രിയാ റിഡക്സ്'', 'എ പോയം ഓൺ ദ ഹാപ്പി റെസ്റ്റോറേഷൻ ആൻറ് റിട്ടേൺ ഓഫ് ഹിസ് സേക്രെഡ് മെജെസ്റ്റി ചാൾസ് ദ സെക്കൻറ്.' രാഷ്ട്രീയ മതവിശ്വാസങ്ങളിൽ കൂടെക്കൂടെ വ്യതിചലിച്ചുകൊണ്ടിരുന്നുവെന്ന് ഡ്രൈഡനെ കുററപ്പെടുത്താറുണ്ട്. എന്നാൽ ഡോക്ടർ ജോൺസൺ പറഞ്ഞതു പോലെ, 'അദ്ദേഹം മാറിയിട്ടുണ്ടെങ്കിൽ അതു രാജ്യത്തിൻെറ തന്നെ മാററങ്ങൾക്കനുസൃതമായിരുന്നു. 1661–ൽ വീണ്ടും 'ററ ഹിസ് സേക്രഡ്മെജെസ്റ്റി, എ പാനിജിറിക് ഓൺ ഹിസ് കോറണേഷൻ' എന്നു മറെറാരു കവിതയെഴുതി.

അദ്ദേഹത്തിൻെറ പ്രശസ്തങ്ങളായ കൃതികളൊക്കെ വരാനിരിക്കുന്നതേ ഉണ്ടായിരുന്നുള്ളു. 1681–82 ലെ പന്ത്രണ്ടുമാസക്കാലത്തിനിടയ്ക്കു് തൻെറ കീർത്തിക്കാധാരമായ പ്രശസ്തങ്ങളായ നാലു പരിഹാസകവനങ്ങൾ ഒരു കുത്തൊഴുക്കുപോലെ അദ്ദേഹം പ്രവഹിപ്പിച്ചു. ഹിറോയിക' കപ്ലററിലെഴുതിയ 'ആബ്സലം ആൻറ് അക്കിറേറാഫൽ' എന്ന പരിഹാസകവിതയാണ് ആദ്യത്തേതു്. ചാൾസ് രാജാവിനു് തൻെറ രാജ്ഞിയിൽ കുട്ടികളില്ലാതിരുന്നതിനാൽ അദ്ദേഹത്തിൻെറ പിൻഗാമിയായി ഡ്യൂക്ക് ഓഫ് യോർക്ക് വരുന്നതിനെ തടഞ്ഞു് തൽസ്ഥാനത്തു് രാജാവിനു പരസ്ത്രീയിൽ ജനിച്ച കുഞ്ഞിനെ അവരോധിക്കുന്നതിനുള്ള ലോർഡ് ഷാഫ്ററ്സ് ബറിയുടേയും കൂട്ടരുടേയും ശ്രമങ്ങളാണ് അന്യാപദേശരൂപേണ ഈ കവിതയിൽ വിവരിക്കുന്നതു്. ഈ സംഭവത്തോടു ബന്ധപ്പെട്ടവരുടെ യഥാർത്ഥ വിവരം മറച്ചുവച്ചു് ബൈബിളിലെ പേരുകൾ നൽകിയിരിക്കുന്നു. അങ്ങനെ മോൺ മത്തിനു പകരം ആബ്സലവും, ഷാഫ്ററ്സ്ബെറിക്കു പകരം അക്കിറേറാഫലും കവിതയിൽ പ്രത്യക്ഷപ്പെടുന്നു. ചാൾസ് രണ്ടാമനെ ദാവീദായിട്ടും, ഡ്യൂക്ക് ഓഫ് ബക്കിംഗ് ഹാമിനെ സിമ്റിയായും സങ്കൽപ്പിച്ചിരിക്കുന്നു.

രാജ്യദ്രോഹക്കുററത്തിനു് ഷാഫ്ററ്സ്ബെറിയെ വിചാരണചെയ്യുകൊണ്ടിരിക്കുന്ന അവസരത്തിലാണ് ഡ്രൈഡൻ പ്രസ്തുത കാവ്യമെഴുതിയതു്. വിധിയെ സ്വാധീനിക്കണമെന്ന വ്യക്തമായ ഉദ്ദേശ്യവും അതിനു പിന്നിലുണ്ടായിരുന്നു. എന്നാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഗ്ഗ്കക്ഷിക്ക ഭൂരിപക്ഷമുണ്ടായിരുന്ന ലണ്ടൻ ജൂറി ഷാഫ്റ്റ്സ്ബെറിയെ കുററക്കാരനല്ലെന്നു കണ്ടു വെറുതെവിട്ടു. വിജയോൻമത്തരായ ഷാഫ്ററ്സ്ബെറിയുടെ കൂട്ടുകാർ അദ്ദേഹത്തിൻെറ ബഹുമാനാർത്ഥം ഒരു മെഡൽ ഉണ്ടാക്കി. ഷാഫ്ററ്സ്ബെറിയെ നിശിതമായി വിമർശിച്ചുകൊണ്ടു് ഡ്രൈഡൻ 'ദ മെഡൽ' എന്ന കവിത എഴുതി. ഡ്രൈഡൻെറ ഈ രണ്ടു കവിതകൾക്കും മറുപടിയായി ധാരാളം കവിതകൾ പ്രത്യക്ഷപ്പെട്ടു. നിസ്സാരനായ ഒരു കവിയും, നാടകകൃത്തുമായിരുന്ന തോമസ് ഷാഡ്വെല്ലിൻെറ 'ദ മെഡൽ ഓഫ് ജോൺ ബെയ്സ്' ആയിരുന്നു അവയിലൊന്നു്. ബക്കിങ്ഹാമിൻെറ ദ റിഹേഴ്സൽ എന്ന നാടകത്തിൽ ഡ്രൈഡനെ ആക്ഷേപിച്ചിരുന്നതു് 'ജോൺ ബെയ്സ്' എന്ന പേരിലാണു്. ഇതിനു ശക്തമായ തിരിച്ചടി നൽകുകയായിരുന്നു ഡ്രൈഡൻ 'മാക്ഫ്ളെക്നോ'(1682)യിൽ കൂടി. മൂഢൻമാരുടെ നാട്ടിലെ മന്ദബുദ്ധിയായ രാജാവായിട്ടാണു് ഷാഡ്വെല്ലിനെ ഡ്രൈഡൻ ചിത്രീകരിക്കുന്നതു്. മൂഢൻമാരുടെ രാജാവെന്ന പദവിക്കു് ഷാഡ്വെൽ എങ്ങനെ അർഹനായിരിക്കുന്നുവെന്നും, സ്ഥാനാരോഹണച്ചടങ്ങിൻെറ വിശദാംശങ്ങളും നർമ്മബോധവും, ആക്ഷേപവും കലർത്തി അതീവ ഹൃദ്യമായ രീതിയിലാണു് കവി വിവരിക്കുന്നതു്.

'മാക്ഫ്ളെക്നോ'യിൽ ഷാഡ്വെല്ലിനെ ഒരു സാഹിത്യകാരനെന്ന നിലയ്ക്കു പരിഹസിക്കുന്നതു കൂടാതെ ആബ്സലം ആൻറ് ആക്കിറേറാഫലിൻെറ രണ്ടാം ഭാഗത്തിൽ ക്രൂരവും നിശിതവുമായി വിമർശിക്കുന്നുണ്ടദ്ദേഹം. ഈ കൃതി മുക്കാലും നാഹംടേററിൻേറതാണു്. ഡ്രൈഡൻ അതു പരിശോധിച്ചു പിഴ തീർക്കുകയും പുതുതായി ഇരുനൂറോളം വരികൾ എഴുതിച്ചേർക്കുകയും ഉണ്ടായി. രണ്ടു രേഖാചിത്രങ്ങൾ ഇതിലുൾപ്പെടുന്നു. എൽക്കനാ സെററിൽ എന്ന ഒരു രണ്ടാംകിട കവിയെ ഡോഗ് എന്ന പേരിലും ഷാഡ്വെല്ലിനെ ഓഗ് എന്ന പേരിലുമാണു് ചിത്രീകരിച്ചിരിക്കുന്നതു്. 'മാക്ഫ്ളെക്നോ'യിലുള്ളതിനേക്കാൾ രൂക്ഷമാണു് ഇതിലെ ശകാരം.

കവിയെന്ന നിലയ്ക്കു് ഡ്രൈഡൻെറ യശസ്സ് ഈ നാലു പരിഹാസകവനങ്ങളിലാണു് കുടികൊള്ളുന്നതു്. അദ്ദേഹത്തിൻെറ ഹാസ്യകാവ്യങ്ങളുടെ സാധുത പരിശോധിക്കുന്നതു് ഇവിടെ പ്രസക്തമായിരിക്കും. തൻെറ എതിരാളികളെ വിമർശിക്കുന്നിടത്തു് അളവില്ലാത്ത ധാർമ്മികരോഷം അദ്ദേഹം ഭാവിക്കുന്നില്ല. ധാർമ്മികമൂല്യങ്ങളെപ്പററി പ്രതിപാദിക്കുന്ന തരത്തിലുള്ള ഹാസ്യകവിതകളിലാണെങ്കിൽ പോലും അത്തര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിലുള്ള രോഷപ്രകടനങ്ങാം പെട്ടെന്നു മുഷിപ്പനായിത്തീരും. രാഷ്ട്രീയമായ പരിഹാസകൃതികളിൽ അവ അങ്ങേയററം നിന്ദ്യമായിരിക്കും. ശത്രുക്കളെ തീരെ നിസ്സാരന്മാരായി കാണുന്നതാണ് കൂടുതൽ ഫലപ്രദമെന്നു ഡ്രൈഡൻ കരുതി. എതിരാളികളോട് ശാന്തവും നർമ്മരസം കലർന്നതുമായ അവജ്ഞയാണ് അദ്ദേഹം എപ്പോഴും പ്രകടിപ്പിക്കുന്നതു്. ദുഷ്ടന്മാരും, ദുർവൃത്തന്മാരുമായി ചിത്രീകരിക്കുന്നതിനുപകരം കോംക്കുന്നവക്ക് വെറുപ്പു ജനിപ്പിക്കത്തക്ക രീതിയിലാണ് അദ്ദേഹം അവരെ അവതരിപ്പിക്കുന്നതു്. ''ചിലരുടെ ദുഷ്കൃതങ്ങാംക്കു നേരെ എനിക്കു വേണമെങ്കിൽ ശബ്ദമുയത്താമായിരുന്നു. പക്ഷേ, ഞാൻ അവരുടെ മണ്ടത്തരങ്ങളോർത്തു ചിരിച്ചതേയുള്ളു'' എന്ന ഡ്രൈഡൻെറ വാക്കുകാം എത്ര സത്യസന്ധമാണ്!

ഡ്രൈഡൻെറ തൂലികാചിത്രങ്ങളുടെ ഒരു മെച്ചം അവ തീർത്തും ടൈപ്പുകളോ തികച്ചും വ്യക്തിഗതമോ അല്ല എന്നതാണ്. മിക്ക പരിഹാസകവനക്കാരും ഇതിലേതെങ്കിലുമൊരു ബദ്ധം പിണയാറുണ്ട്. ഡ്രൈഡൻെറ ഛായാചിത്രങ്ങാം അവ പ്രതിനിധീകരിക്കുന്നതിനനുസൃതമായി ഒരേ സമയംതന്നെ വ്യക്തികളും, ടൈപ്പുകളുമായി നിൽക്കുന്നു. അതുകൊണ്ടാണ് സിമ്റി ഒരേ സമയംതന്നെ ഡ്യൂക് ഓഫ് ബക്കിങ് ഹാമും രാഷ്ട്രീയത്തിലും സാഹിത്യത്തിലും പങ്കുവഹിക്കുന്ന ഉന്നതവ്യക്തിയായും തോന്നുന്നതു്. ഷാഫ്ററ്സ്ബെറിയുടെ നേർപതിപ്പായിത്തോന്നും അക്കിറേറാഫൽ. ഉപജാപകനായ മാക്ഫ്ളെക്നോ ഷാഡ്വെല്ലിൻെറ ഹാസ്യചിത്രമാകുന്നതോടൊപ്പം എക്കാലവും പ്രസക്തിയുള്ള ഒരു പൊട്ടക്കവിയുടെ രൂപം കൂടിയാണ്.

വിശദാംശങ്ങളിലും ധ്വനിയിലും മിതത്വം പാലിക്കേണ്ടതിൻെറ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം ബോധവാനായിരുന്നു. പറയാനുള്ളതു മുഴുവൻ അദ്ദേഹം പറഞ്ഞുതീർക്കുന്നില്ല, പറയുന്നതു് കഠിനമോ, ഒച്ചപ്പാടോടുകൂടിയോ അല്ലതാനും, പറയാവുന്നതു മുഴുവൻ പറയാതെ, ഉചിതമായ അംശങ്ങാം തെരഞ്ഞെടുത്തു് കൂടുതൽ ഫലവത്താക്കുന്ന രീതിയാണ് അദ്ദേഹത്തിൻേറതു്. പെട്ടെന്നു ഖണ്ഡിക്കാവുന്ന സൂക്ഷ്മമായ തെററുകളൊന്നും അദ്ദേഹം പരാമർശിക്കുകയേയില്ല. പൊതുവേ കാണുന്ന ലക്ഷണങ്ങളെക്കുറിച്ച് അവ്യക്തമായി സൂചിപ്പിക്കുന്നതു മാത്രമേയുള്ളു. ഇത്തരം ആരോപണങ്ങാം നിഷേധിക്കാൻ അദ്ദേഹത്തിൻെറ ആക്ഷേപങ്ങാംക്കു പാത്രമാകുന്നവർ നന്നെ പണിപ്പെട്ടു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഡ്രൈഡൻെറ ഹാസ്യം പലപ്പോഴും നിർമ്മര്യാദവും, കൊടിയ വിദ്വേഷം ജനിപ്പിക്കുന്നതും മുൻപിൽ നോക്കാത്തതു മാണ് എന്നു സമ്മതിച്ചേ മതിയാവൂ. മനഃസാക്ഷിക്കു നിരക്കാത്ത തരത്തിൽ അതിശക്തമായ ഭാഷയിൽ അദ്ദേഹം നിന്ദയും, അക്ഷേപവും പ്രയോഗിച്ചിട്ടുണ്ട്. ഷാഫ്ററ്സ്ബറിയെ അയാളുടെ പുത്രൻെറ ദൗർബ്ബല്യം എടുത്തുകാട്ടി പരിഹസിച്ചതിനു് ആരും മാപ്പുകൊടുക്കില്ല. ''ചിറകുമുളയ്ക്കാത്ത ആ ഇരുകാലിമൃഗമുണ്ടല്ലോ, ആ സന്തതി. അവനെ ഗർഭം ധരിക്കുമ്പോൾ അയാളുടെ (ഷാഫ്ററ്സ്ബറിയുടെ) മനസ്സ് ഏതോ വിചിത്രമായ ചിന്തകളിൽ കറങ്ങിത്തിരിയുകയായിരുന്നു. അങ്ങനെയാണ് ആ വികൃതമായ മാംസപിണ്ഡം പിറന്നത്.'' ഇങ്ങനെപോകുന്നു അദ്ദേഹത്തിൻെറ ആക്ഷേപം.

ഡ്രൈഡൻ സ്വീകരിച്ച മാദ്ധ്യമം അദ്ദേഹത്തിൻെറ പരിഹാസത്തിൻെറ ഫലപ്രാപ്തിക്കു് ആക്കം കൂട്ടി. ആദ്യകാലകവനങ്ങളിൽപോലും ഹീറോയിക്കപ്ലററ് ഉപയോഗിക്കാനുള്ള പാടവം അദ്ദേഹം തെളിയിച്ചു. ഇരുപതു വർഷത്തെ നാടകരചനയിൽ ഈ രീതി ഉപയോഗിച്ച് അതു വികസിപ്പിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ കവിതകളിൽത്തന്നെ വിഭിന്നങ്ങളായ താളലയങ്ങളുണ്ട്. കാര്യക്ഷമമായ വിരോധാത്മം ശക്തവും ഫലപ്രദവുമായ പ്രഹരം എളുപ്പമാക്കിത്തീർക്കുന്നു. ഡ്രൈഡൻെറ ഹാസ്യകവിതകളിലെ ചില ഈരടികൾക്കു് ചെകിട്ടത്തടിക്കുന്ന ശക്തിമാത്രമല്ല, അതുപോലെ ഉള്ള ശബ്ദം ധ്വനിപ്പിക്കുവാനും കഴിവുണ്ട്. ഒരു ഈരടിയിൽനിന്നു് അടുത്തതിലേക്കു് പെട്ടെന്നു് കടന്നുപോകുവാനുള്ള കഴിവും അവയ്ക്കുണ്ട്. തൻെറ എതിരാളികളെ പുച്ഛരസത്തോടെ വീക്ഷിക്കുന്ന ഡ്രൈഡൻ അശ്രദ്ധനായ ഒരു ഒളിമ്പ്യനെപ്പോലെ ഭാവഗാംഭീര്യത്തോടെ കടന്നുപോകുകയാണ്.

മെററഫിസിക്കൽ കവികൾ

'മെററഫിസിക്കൽ കവികൾ' എന്ന സംജ്ഞ ആദ്യമായി സൃഷ്ടിച്ചതു് ഡ്രൈഡനാണ്. വ്യക്ത്യധിഷ്ഠിതമായ ദൂരാരൂഢകൽപ്പനകളും ബിംബവിധാനങ്ങളും ധാരാളമായി ഉപയോഗിച്ചിരുന്ന പതിനേഴാംനൂററാണ്ടിലെ ഏതാനും കവികളെ പരാമർശിക്കുവാൻ പിന്നീട് ഡോക്ടർ ജോൺസനും ഈ പേരുപയോഗിച്ചു. അദ്ദേഹം ഉദ്ദേശിച്ച കവികളിൽ പ്രമുഖരായിരുന്ന ജോൺസൺ, ഏബ്രഹാം കൗലി എന്നിവർ. ഈ കവികൾക്കു നേരെ ജോൺസൺ പ്രയോഗിച്ച അധിക്ഷേപം ആധുനിക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തലമുറ അത്രകണ്ടു് അംഗീകരിക്കുന്നില്ല. മെററഫിസിക്കൽ കവികളുടെ രചനകൾക്കു് ചില പൊതുസ്വഭാവങ്ങളുണ്ടു്.

1) കവിത അങ്ങേയററം ഗാനാത്മകമായിരിക്കും.

2) ദൈവവിശ്വാസത്തെയോ പ്രേമത്തെയോ സംബന്ധിക്കുന്നതായിരിക്കും കാവ്യവിഷയം.

3) ലളിതമായ ഛന്ദസ്സുകൊണ്ടു് ലാഘവത്വം സൃഷ്ടിക്കുന്നു.

4) ആകസ്മികമായ ആശയപ്രകടനരീതിയും ലയമധുരമായ വചോവിന്യാസവും ചിലപ്പോൾ സംഭ്രമിപ്പിക്കുന്നതായിരിക്കുമെങ്കിലും, ഭാഷാശൈലിയിലുണ്ടാകുന്ന അവിചാരിതമായ മാററങ്ങളും, അലങ്കാരകൽപ്പനകളുംകൊണ്ടു് കവിത ആസ്വാദ്യകാരമായിരിക്കും.

ഡൺ ആത്മീയവാദം (മെററഫിസിക്സ്) പിന്തുടരുന്നുവെന്നു ഡ്രൈഡൻ അഭിപ്രായപ്പെട്ടു. അങ്ങനെയാണു് ഡണ്ണിനേയും (1573—1631), അദ്ദേഹത്തിന്റെ അനുയായികളായ കവികളേയും 'മെററഫിസിക്കൽ കവികൾ' എന്നു വിളിക്കാനിടവന്നതു്. ധനാഢ്യനായ ഒരു കച്ചവടക്കാരന്റെ മകനായിരുന്നു ഡൺ. മാതാപിതാക്കൾ കത്തോലിക്കാ മതവിശ്വാസികളായിരുന്നു. 1592—ൽ ലണ്ടനിലെ നിയമസ്ഥാപനങ്ങളിൽ കയറിപ്പററിയ ഡൺ തന്റെ തിരക്കുപിടിച്ച ജോലിക്കിടയിൽ വളരെയധികം വായിക്കുകയും ചെയ്തു ഇക്കാലത്താണു് (1590—1601) സററയറുകളും, ഗാനങ്ങളും, സോണററുകളും, വിലാപകാവ്യങ്ങളുമെഴുതിയതു്. 1633 ൽ മാത്രമേ അവ പ്രസിദ്ധീകരിക്കുകയുണ്ടായുള്ളു. തന്റെ രക്ഷാധികാരിയുടെ അനന്തിരവളായ ആൻ മൂറുമായി ഒളിച്ചോടുകയും, അവരെ വിവാഹംകഴിക്കുകയും ചെയ്തതോടെ ഡണ്ണിന്റെ ഔദ്യോഗികജീവിതം താറുമാറായി. കഠിനമായ ആത്മസംഘർഷങ്ങൾക്കുശേഷം 1615—ൽ അദ്ദേഹം ആംഗ്ലിക്കൻ സമുദായത്തിൽ ചേർന്നു. 1621-മുതൽ അന്ത്യംവരെ സെയ്ന്റ്പോൾസിലെ ഡീനായി പ്രവർത്തിച്ചുപോന്നു. ആംഗ്ലിക്കൻസഭയിലെ ആദ്യത്തെ എണ്ണപ്പെട്ട മതപ്രഭാഷകനായിരുന്നു അദ്ദേഹം. പ്രശസ്തഗദ്യസാഹിത്യകാരനായ ഐസക്ക്വാൾട്ടൺ (1593—1683) ഡണ്ണിന്റെ ജീവചരിത്രമെഴുതിയിട്ടുണ്ടു്.

എലിസബതീത്തൻ കവികളിൽ തനതായ വ്യക്തിത്വം പുലർത്തിയിരുന്നു ഡൺ. പതിവുഭാവനകളും, ഗ്രാമീണശൈലിയിലുള്ളതും, അനായാസവും, അനർഗ്ഗളവുമായ രചനകളും അദ്ദേഹം എതിർത്തു. വാസ്തവികമായ ചിന്തയും, ആവിഷ്ക്കാരവൈവിദ്ധ്യവുമാണു് അദ്ദേഹം ലക്ഷ്യമാക്കിയതു്. താളപ്പിഴ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കരം ഉണ്ടെങ്കിലും ശക്തിമത്താണ് ആ കവിത. കുററങ്ങൾ കണ്ടുപിടിക്കുന്ന പ്രകൃതവും, നിശിതമായ വിമർശനബുദ്ധിയും ചേർന്നപ്പോൾ പരിഹാസകവനങ്ങൾ രചിക്കാൻ അദ്ദേഹം നിർബ്ബന്ധിതനായി. പരിഹാസകവനങ്ങൾ രചിക്കാൻ ഡൺ സ്വീകരിച്ച കുപ്പററ് രീതിയാണ് പിൽക്കാലത്ത് ഡ്രൈഡെനും പോപ്പും പിൻതുടന്നതു്. സോങ്സ് ആൻറ് സോണററ്സ് എന്ന പേരിലുള്ള പ്രേമകാവ്യങ്ങൾ വികാരം മുററിനിൽക്കുന്നവയാണ്. അപ്രതീക്ഷിതമായ സംഭാഷണശൈലിയിലൂടെ ഒരു കാമുകൻെറ മനസ്സിൻെറ വ്യത്യസ്തഭാവങ്ങളെ സൂക്ഷ്മമായി അവ വിശകലനം ചെയ്യുന്നു. പരിഹാസത്തിൻെറ ഒരു നേർത്ത ഇഴയും അവയിലൂടെ കടന്നുപോകുന്നു. പ്രധാനമായും ഒരു മാനസികാപഗ്രഥനകവിയാണ് അദ്ദേഹം. അദ്ദേഹത്തിൻെറ കവിതകളാകട്ടെ വൈയക്തികവും 'എയറി ആൻറ് ഏയ്ഞ്ജൽസ്'', 'എ നൊക്ടേണൽ അപ്പോൺ സെയ്ൻറ് ലൂയീസ് ഡേയ്'', 'എ വാലിഡിക്ഷൻ: ഫൊർ ബിഡിങ് മോണിങ്'', 'ദി എക്സ്റ്റസി' എന്നിവ ഇത്തരം കവിതകൾക്ക് ഉത്തമദൃഷ്ടാന്തങ്ങളാണ്. ദൈവികകാര്യങ്ങളെക്കുറിച്ചുള്ള കവിതകളെല്ലാം 1610-നു ശേഷം രചിക്കപ്പെട്ടവയാണ്. പോളി സോണെററ്സ് (ആകെ പത്തൊൻപതെണ്ണം), ഭാര്യയുടെ മരണത്തിനുശേഷമെഴുതിയ 'എ ഹിം റു ഗോഡ് ദ ഫാദർ' എന്നിവ മഹത്തരങ്ങളെന്നു പറയാം. വൈയക്തികവും, വികാരതീവ്രവുമാണ് ഇവയും. മതപരമായ കവിതകളിൽ ബുദ്ധിയുടെ നിശിതത്ത്വവും പ്രേമകവനങ്ങളിൽ സാധാരണ കണ്ടുവരുന്ന ദുരാരൂഢകൽപനകളും അനുഭവപ്പെടുന്നു.

അമൂർത്തമായ യുക്തിവാദംകൊണ്ടു മാത്രമല്ല ഡണ്ണിൻെറ കവിത മെററ ഫിസിക്കൽ സ്വഭാവം പുലത്തുന്നതു്. ദർശനഗരിമ, സൂക്ഷ്മമായ നിഗമനം, നിസ്സാരഗൗരവപ്രകൃതികളുടെ സമന്വയവും ദുരാനീതവും വിചിത്രവുമായ അസാധാരണ ഭാവനയും ആ കവിതയുടെ സവിശേഷതകളാണ്. ശ്രദ്ധേയമായ താരതമ്യങ്ങളും അവയിൽ കണ്ടെത്താം.

ധാരാളം ഗദ്യരചനകളും നടത്തിയിട്ടുണ്ട് അദ്ദേഹം. ദ സ്യൂഡോ മാർട്ടിർ (1610), ഇഗ്നേഷ്യസ് ഹിസ് കോൺക്ലേവ് (1611), സുവിശേഷങ്ങൾ എന്നിവയാണ് അവയിൽ പ്രധാനം. അദ്ദേഹത്തിൻെറ ഒടുവിലത്തെ പ്രബോധനമായ ഡെത്ത്സ് ഡ്യുവെൽ (1630) ഡണ്ണിൻെറ കവിതകളുടെ സവിശേഷതകളെല്ലാം ഉൾക്കൊള്ളുന്നതാണ്.

ഏകനായി നിലയുറപ്പിച്ച കവിയാണ് ഡൺ എന്നുവരികിലും അദ്ദേഹത്തിൻെറ കാവ്യങ്ങൾ മതപരമായ അനേകം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കവിതകളുടെ ഉദയത്തിനു വഴി തെളിച്ചിട്ടുണ്ട്. 'ദ മെററാ ഫിസിക്കൽ പോയററ്സ്' 'ആൻഡ്രൂ മാർ വെൽ' എന്നീ ഉപന്യാസങ്ങളിൽ ടി. എസ് എലിയററ് ഡണ്ണിൻെറ കവിതകളെക്കുറിച്ച് സുപ്രധാനമായ ചില നിരീക്ഷണങ്ങൾ നടത്തുകയുണ്ടായി. എലിയററിൻെറ നിഗമനത്തിൽ ഡണ്ണും കൂട്ടരും വ്യാഖ്യാതാക്കളായിരുന്നില്ല; അന്വേഷകരായിരുന്നു. അവരുടെ പ്രമേയമോ, വിചാരവികാരങ്ങളോ പരസ്പരം അകററിനിർത്തുവാൻ സാധിക്കുമായിരുന്നില്ല.

ഡണ്ണിനേക്കാൾ ഇരുപതുവയസ്സു പ്രായം കുറഞ്ഞിരുന്ന ജോർജ്ജ് ഹെർബർട്ട് (1593—1633) ഡണ്ണിൻെറ കാലശേഷം രണ്ടു വർഷംകൂടിമാത്രമേ ജീവിച്ചിരുന്നുള്ളു. രണ്ടുപേരുടേയും കവിതകൾ അവരുടെ മരണാനന്തരം ഒരേ വർഷംതന്നെയാണ് പ്രസിദ്ധീകരിച്ചത്. കേംബ്രിഡ്ജിലെ ഫെലോയും, അധ്യാപകനും, റീഡറുമായി ഹെർബർട്ട് നിയമിതനായി. വൈദികപ്പട്ടം സ്വീകരിച്ച അദ്ദേഹം 1630—ൽ സാലിസ് ബറിക്കടുത്ത ബമർട്ടനിലെ ഇടവകപുരോഹിതനായിത്തീർന്നു. ഒററക്കവിതപോലും തൻെറ ജീവിതകാലത്ത് പ്രസിദ്ധീകരിക്കുകയുണ്ടായില്ല. ദ ടെമ്പിൾ (പ്രസിദ്ധീകരണം 1633—ൽ) എന്ന കൃതിയിൽ ആംഗ്ലിക്കൻ സഭയുടെ കാര്യത്തിലുള്ള ശുഷ്കാന്തിയും പ്രായോഗികവേദാന്തത്തിലുള്ള ആശങ്കയും പ്രകടമാക്കുന്നു. ആംഗ്ലിക്കൻ സഭയുടെ അനുദ്ധതയും, അടിസ്ഥാനപരവുമായ ചൈതന്യം ആവാഹിക്കുന്ന കവിതകളാണവ. അന്തസ്സും, ആത്മാർത്ഥതയും, ലാളിത്യവും തികഞ്ഞ അവയ്ക്ക് അപൂർവ്വമായ നർമ്മരസംകൂടിയുണ്ട്. ആശയങ്ങളുടെ കാര്യത്തിലും വിചാരവികാരങ്ങളുടെ സങ്കലനത്തിലുമാണ് അവ മെററ ഫിസിക്കൽ ആയിത്തീരുന്നത്. 'ഈസ്ററർ വിങ്സ്'പോലുള്ള കവിതകളിൽ അപൂർവ്വമായ ഛന്ദോബദ്ധതയോടുള്ള ആഭിമുഖ്യം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും അവധാനപൂർവ്വം കാര്യങ്ങൾ ഗ്രഹിക്കുന്ന ഒരു കലാകാരനായിരുന്നു ഹെർബർട്ട്.

മറെറാരു മെററ ഫിസിക്കൽ കവിയായിരുന്നു റിച്ചേർഡ് ക്രാഷാ (1613 ?—49), ഒരു പ്യൂരിററൻ വൈദികൻെറ മകനായ അദ്ദേഹം ആഭ്യന്തരസമരകാലത്ത് റോയലിസ്റ്റ് പാർട്ടിയെ പിന്താങ്ങിയതിൻെറ ഫലമായി പീററർ ഹൗസിലെ ഫെലോഷിപ്പ് നഷ്ടമായി. അതിനുശേഷം വിദേശപര്യടനത്തിനു പുറപ്പെട്ട ക്രാഷാ റോമൻകത്തോലിക്കാസഭയിൽ ചേർന്നു. തികച്ചും ആകസ്മികമായിട്ടാണ് അദ്ദേഹം മെററ ഫിസിക്കൽ കവികളുടെ ഗണത്തിൽപെട്ടതെന്നു ചിലർ കരുതുന്നു. അസ്വാഭാവികവും, അംഗീകൃതാശയങ്ങൾക്കു വിരുദ്ധവുമായ ചിന്തകൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ദേഹം പ്രയോഗിച്ചിരുന്നു. സ്റ്റെപ്പ് റ്റു ദ റെമ്പിൾ (1646) എന്ന കൃതി അദ്ദേഹത്തിന്റെ നല്ല കവിതകൾ ഉൾക്കൊള്ളുന്നു. നിർണ്ണായകമായ ചില മാററങ്ങൾ വരുത്തിക്കൊണ്ടു് അവയിൽ മിക്കതും പിന്നീടു് പുനഃപ്രസിദ്ധീകരിക്കുകയുണ്ടായി. ഈ കവിതകളുടെ സമാഹാരമാണു് കാർമൽ ഡിയോനോസ്ടോ (1652). പലപ്രകാരത്തിലും ക്രാഷാ ഒരു മെററഫിസിക്കൽ കവിയല്ല. ആ കവിത മനസ്സിന്റെ സങ്കീർണ്ണതകളെ അനാവരണം ചെയ്യുന്നില്ല. കാവ്യരീതിയാകട്ടെ സംഭാഷണശൈലിയിലുമല്ല. കവി സ്വീകരിക്കുന്ന ബിംബങ്ങൾ ചിത്രത്തിന്റെ ലക്ഷണങ്ങൾ കാണിക്കുന്നവയാണു്. അല്ലാതെ ധൈഷണികമാനമുള്ളവയല്ല. അതേസമയം ആവേശവും വികാരോഷ്മളതയുംകൊണ്ടു് ശ്രദ്ധേയമാണു് അദ്ദേഹത്തിന്റെ കവിതകൾ. അവ വികാരാത്മകമാണു്; ചിന്താബന്ധുരമല്ല. അദ്ദേഹത്തിന്റെ ഗീതകങ്ങൾ ഇന്ദ്രിയസംവേദിയായ ബാഹ്യാഡംബരങ്ങൾകൊണ്ടു് നിറഞ്ഞിരിക്കുന്നു. മതാധിഷ്ഠിത വികാരോജ്ജ്വലത ക്രാഷായുടെ അനേകം കവിതകളിൽ നമുക്കു കാണാൻ കഴിയും.

ഹെൻറി വോൺ (1622 ?—95) വെയ്ല്സിലാണു് ജനിച്ചതു്. ഇംഗ്ലണ്ടിൽ നിയമപഠനം നടത്തിയശേഷം ബ്രെക്കണിൽ അദ്ദേഹം പ്രാക്ടീസാരംഭിച്ചു. പോയംസ് (1646), ഓലർ ഇസ്ക്കാററസ് (1651), സൈലക്സ് സിൻറിലൻസ് (1650), തലൈയാ റെഡിവൈവ (1678) എന്നിവയാണു് കൃതികൾ. സുന്ദരമായ ശൈലിയിൽ നെയ്തെടുക്കുന്നവയാണു് വോണിന്റെ പ്രേമകാവ്യങ്ങൾ. സൈലക്സ് സിൻറിലൻസ് പോലുള്ള ഭക്തിഗാനങ്ങളെ അപേക്ഷിച്ചു് അവ ഒരുപടി താഴെയാണു്. അദ്ദേഹത്തിന്റെ പ്രകൃത്യുപാസന വേർഡ്സ്വത്തിനെയാണു് ഓർമ്മിപ്പിക്കുന്നതു്. അദ്ദേഹത്തിനു ബുദ്ധിവൈഭവമില്ലായിരുന്നുവെന്നാണു് ചില നിരൂപകരുടെ മതം.

നിയമം പഠിക്കുകയും രാജസഭയിൽ ഒട്ടൊക്കെ വിജയം വരിക്കുകയും ചെയ്ത മറെറാരു കവിയാണു് തോമസ് കരൂ (carew) (1594 ?—1639) അദ്ദേഹത്തിന്റെ ഗാനാത്മകതയ്ക്കു തെളിവാണു് പോയംസ് (1640) എന്ന കൃതി. എബ്രഹാം കൗലി (1618—67) കേംബ്രിഡ്ജിൽ പഠിക്കുമ്പോൾത്തന്നെ ക്ലാസിക്കൽ സാഹിത്യത്തിലുള്ള തന്റെ പാണ്ഡിത്യം തെളിയിക്കുകയുണ്ടായി. ആഭ്യന്തരകലഹത്തിൽ രാജ വിഭാഗത്തെ പിന്തുണച്ച അദ്ദേഹം രാജകുടുംബത്തോടൊപ്പം ഒളിവിൽക്കഴിഞ്ഞിരുന്നു. പുനഃസ്ഥാപനഘട്ടത്തിൽ ഇംഗ്ലണ്ടിൽ തിരിച്ചെത്തിയ കൗലി ഗ്രന്ഥരചനയിലാണു് ഏർപ്പെട്ടതു്. ഡണ്ണിന്റെ പ്രസ്ഥാന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിൽപ്പെട്ട ഒരേ ഒരു കവിയുള്ളതു് അദ്ദേഹമാണു്. കവിത ഒരു ഉപജീവനമാർഗ്ഗമായിരുന്നില്ലെങ്കിലും ഒരു പ്രൊഫഷണൽ കവിയായാണു് കൗലി അറിയപ്പെട്ടതു്. തൻെറ കാലഘട്ടത്തിലെ ഏററവും മഹാനായ കവിയെന്ന പേരു് അദ്ദേഹം നിലനിർത്തി. എന്നാൽ പിൽക്കാലത്തു് ഡ്രൈഡൻ അദ്ദേഹത്തെ പെണ്ണുങ്ങളേയും കുട്ടികളേയും മാത്രം രസിപ്പിക്കുന്ന കവിയെന്നു് ആക്ഷേപിക്കുകയുണ്ടായി. പത്താമത്തെ വയസ്സിൽ കൗലി രചിച്ച നീണ്ട പ്രേമകാവ്യമാണു് പിരാമസ് ആൻറ് തിസ്ബി (1628). 1630-ൽ കുറേക്കൂടി നീണ്ട കോൺസ്റ്റൻഷ്യ ആൻറ് ഫിലാററസ് എന്ന ഗാനം അദ്ദേഹം രചിച്ചു. നാടകങ്ങരം, ഉപന്യാസങ്ങരം, ചരിത്രഗ്രന്ഥങ്ങരം എന്നിവയും അദ്ദേഹത്തിൻെറ രചനകളിൽ പെടുന്നു. പുരാണ പുരുഷനായ ദാവീദ് രാജാവിനെക്കുറിച്ചെഴുതിയ ദ ഡേവിഡീസ് (1656) എന്ന മഹാകാവ്യമാണു് അദ്ദേഹത്തിൻെറ മറെറാരു കൃതി. ഹിറോയിക് കുപ്പ്ലററിലുള്ള ഈ കാവ്യം വിരസമാണു്. പ്രേമഗാനങ്ങളുടെ സമാഹാരമാണു് ദ മിസ് ട്രെസ് (1647). ദ പിൻഡാരിക് ഓഡ്സ് ആദ്യകാല എലിസബീത്തൻ യുഗത്തിലെ രചനാസ്വാതന്ത്ര്യവും അനന്തര തലമുറയുടെ ക്ലാസ്സിസിസവും ചേർന്നുള്ള ഒരു സങ്കരമാണു്. എസ്സേയ്സ്, ഡിസ്കോഴ്സ് ബൈ വേ ഓഫ് വിഷൻ കൺസേണിങ് ദ ഗവൺമെൻറ് ഓഫ് ഒലിവർ ക്രോംവെൽ (1661) എന്നിവയാണു് അദ്ദേഹത്തിൻെറ ഗദ്യരചനകളിൽ പ്രധാനം. കൗലിയിൽ മെററ ഫിസിക്കൽ വാസന അത്ര വലിയ സ്വാധീനത ചെലുത്തിയിട്ടില്ല. അദ്ദേഹത്തിൻെറ കവിതകരം അനുവാചകനിൽ വികാരം സൃഷ്ടിക്കുന്നില്ല. അനുഭൂതി പകരുന്നില്ല. അനുവാചകൻെറ ധിഷണക്കുനേരെ വെല്ലുവിളി ഉയർത്തുന്നുമില്ല. കൗലിയുടെ ഹിറോയിക്ക് കുപ്പ്ലററുകളും അനിയതമായ ഭാവഗീതങ്ങളും അടുത്ത യുഗത്തിൽ നിലവിൽ വരാൻപോകുന്ന 'പവിത്രത'യുടെ (Correctness) സൂചനകളായിരുന്നു. അദ്ദേഹത്തിൻെറ ലേഖനങ്ങരംക്കു് ഹൃദ്യമായ ഒരാത്മഭാവമുണ്ടായിരുന്നു. ഋജുവും സുഭഗവുമാണു് കൗലിയുടെ ഗദ്യശൈലി. അദ്ദേഹത്തിൻെറ വൈവിദ്ധ്യമാർന്ന രചനകരം ഭിന്നരുചിക്കാരെ തൃപ്തിപ്പെടുത്താൻ പര്യാപ്തമായിരുന്നു.

ആൻഡ്രൂ മാർവെൽ (1621—71) തൻെറ ഉത്തമ കവിതകളിലധികവും രചിച്ചതു് ലോർഡ് ഫെയർ ഫാക്സിൻെറ മകളുടെ ട്യൂട്ടറായിരുന്ന കാലത്താണു് (1650—52). 1657 മുതൽ 1659 വരെ അദ്ദേഹം മിൽട്ടൻെറ കൂടെ പ്രവർത്തിച്ചു. വിദേശ ഭാഷാസെക്രട്ടറിയായിരുന്ന മിൽട്ടനെതിരെ പിന്നീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ട രാജപക്ഷത്തിനുണ്ടായ വിദ്വേഷത്തിൽനിന്നും അദ്ദേഹത്തെ രക്ഷിക്കുകയും ചെയ്തു. 1659 മുതൽ മരിക്കുന്നതുവരെ മാർവെൽ പാർലമെൻററംഗംകൂടിയായിരുന്നു. മിൽട്ടനെ ന്യായീകരിച്ചുകൊണ്ട് എഴുതിയ ദ റിഹേഴ്സൽ ട്രാൻസ്പോസ്ഡ് (1672—73), ന്യൂസ് ലെറേറഴ്സ് എന്നിവ ഒഴിച്ചുള്ള അദ്ദേഹത്തിൻെറ ഗദ്യരചനകൾക്കൊന്നും ഇന്നു വലിയ പ്രസക്തിയില്ല. 1681 വരെ മാർവലിൻെറ കവിതകളധികവും പ്രസിദ്ധീകരിച്ചിരുന്നില്ല. സഹൃദയർ ആ കവിതകളുടെ കൈയെഴുത്തുപ്രതികൾ കൈമാറിക്കൊണ്ടിരുന്നു. അദ്ദേഹത്തിൻെറ സംഗീതാത്മകകവിതകൾ ആസ്വാദ്യതരമാണ്. നല്ല പ്രകൃത്യുപാസകൻകൂടിയായിരുന്ന അദ്ദേഹത്തിൻെറ കവിതകൾക്കു ഗൗരവവും ആർജ്ജവവും സിദ്ധിച്ചിട്ടുണ്ട്. നിഗൂഢവികാരവും വിദൂരകൽപനകളും നിയന്ത്രിതമായ തോതിൽ സമന്വയിപ്പിച്ചിരിക്കുന്ന 'ററു ഹിസ് കോയ് മിസ്ട്രസ്' ഇതിനുദാഹരണമായി ചൂണ്ടിക്കാട്ടാവുന്നതാണ്. അദ്ദേഹത്തിൻെറ 'ദ ഡെഫിനിഷൻ ഓഫ് ലവ്', 'ഓൺ എ ഡ്രോപ്പ് ഓഫ് ഡ്യൂ' എന്നീ കവിതകളിൽ ഡണ്ണിൻെറ രചനാരീതിയുടെ സ്വാധീനത കാണാം.

പ്രേമവും, യുദ്ധവും പ്രതിപാദിക്കുന്ന ലിറിക്കൽ കവിതകളെഴുതിയ റോയലിസ്റ്റുകളെയാണ് കവലിയർ കവികൾ എന്നു പറയുന്നത്. റോബർട്ട്ഹെറിക്ക് (1591—1674) മതപരവും അല്ലാത്തതുമായ കവിതകൾ ഒരേവിധത്തിൽ അനായാസേന രചിച്ച കവിയാണ്. എന്നാൽ രണ്ടിലും അദ്ദേഹം ഒന്നുപോലെ വിജയിച്ചെന്നു പറയാനാവില്ല. ആദ്യകാലത്തു് ബെൻ ജോൺസൻെറ പങ്കാളിയായിരുന്ന റോബർട്ട് ഹെറിക്ക് പൗരോഹിത്യം സ്വീകരിക്കുകയുണ്ടായി. ആഭ്യന്തരകലഹത്തെത്തുടർന്ന് അദ്ദേഹത്തിനു ജീവിതവൃത്തി നഷ്ടമായെങ്കിലും രാജവാഴ്ചയുടെ പുനഃപ്രതിഷ്ഠാപനത്തിനുശേഷം അദ്ദേഹം പഴയ സ്ഥാനത്തു് വീണ്ടും അവരോധിക്കപ്പെട്ടു. 'ററു ആന്തിയ', 'ററു ജൂലിയ', 'ചെറി റൈപ്പ്' എന്നിവയാണ് ഹെറിക്കിൻെറ അറിയപ്പെടുന്ന കൊച്ചുകവിതകൾ.

കരോലിൻകവികളിലെ (ചാൾസ് ഒന്നാമൻെറ ഭരണകാലത്തെ കവികളെ അങ്ങനെയാണു പറയുന്നത്) കവലിയർ ഗ്രൂപ്പിൽപ്പെടുന്ന പ്രധാനകവിയാണ് റിച്ചേഡ് ലവ്ലേസ് (1618—58). ആഭ്യന്തരസമരകാലത്തു് പ്യൂരിട്ടന്മാർ ലവ്ലേസിനെ തടവിലാക്കുകയുണ്ടായി. കുറെ കാലത്തിനുശേഷം ഫ്രാൻസിൽ സേവനമനുഷ്ഠിച്ച അദ്ദേഹം പിന്നീട് ഇംഗ്ലണ്ടിൽ തിരിച്ചെത്തി. ലൂക്കാസ്റ്റാ (1649) എന്ന കൃതിയിലാണ് അദ്ദേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹത്തിൻെറ സുന്ദരങ്ങളായ ഹ്രസ്വകവിതകൾ അടങ്ങുന്നതു്. ചാൾസ് ഒന്നാമൻെറ പ്രീതിക്കു പാത്രമായ സർ ജോൺ സക്ലിങ് (1609—42) റോയലിസ്റ്റുകളുടെ ഗൂഢാലോചനയിൽ ഉൾപ്പെട്ടതിനെത്തുടർന്നു് 1641–ൽ വിദേശത്തേക്കു രക്ഷപ്പെടുകയായിരുന്നു. സുഖലോലുപനും വിശാലമനസ്കനും രസികനുമായിരുന്നു അദ്ദേഹം. കവിയെന്ന നിലയിൽ അപാരമായ കഴിവുണ്ടായിരുന്നെങ്കിലും കലയെ അദ്ദേഹം ഗൗരവമായി കണക്കാക്കിയിരുന്നില്ല. 'ബാലഡ് അപ്പോൺ വെഡിങ്', 'വൈ സോ പെയ്ൽ ആൻറ് വാൻ, ഫോണ്ട് ലവർ?' തുടങ്ങിയ കവിതകൾ അതിസമർത്ഥവും മനോഹരവുമായ സൃഷ്ടികളാണു്

പ്രത്യാനയന നാടകം (റെസ്റ്റൊറേഷൻ നാടകം)

ചാൾസ് ഒന്നാമൻെറ വധത്തെത്തുടർന്നു് (1649) പ്യൂരിട്ടന്മാർ അധികാരത്തിൽ വന്നതോടെ നാടകശാലകളെല്ലാം അടച്ചുപൂട്ടുകയുണ്ടായി. 1660–ലെ രാജവാഴ്ചയുടെ പ്രത്യാനയനം വരെ നാടകത്തിൻെറ പൊതു പ്രദർശനങ്ങളൊന്നും അനുവദിക്കപ്പെട്ടിരുന്നില്ല. പ്രത്യാനയനത്തിനുശേഷം അവതരിപ്പിക്കപ്പെട്ട നാടകങ്ങൾ പഴയ നാടകങ്ങളിൽനിന്നും തുലോം വിഭിന്നമായിരുന്നു. എല്ലാ വിഭാഗം ഇംഗ്ലീഷുകാരെയും ഉദ്ദേശിച്ചു രചിക്കപ്പെട്ടതെന്ന നിലയിൽ എലിസബീത്തൻ നാടകത്തിനു് ദേശീയസ്വഭാവം കൈവന്നിരുന്നു. ഇംഗ്ലീഷ് ജീവിതമാണു് അവയിൽ ചിത്രീകരിച്ചിരിക്കുന്നതു്. രാജകുടുംബവും സിൽബന്തികളും ഉൾപ്പെടുന്ന ഒരു ചെറിയ വിഭാഗം പ്രേക്ഷകരെ മാത്രമേ റെസ്റ്റൊറേഷൻ നാടകം ആകർഷിച്ചുള്ളു. സമൂഹത്തിൽ ഉന്നതശ്രേണിയിൽ നിൽക്കുന്നവരായിരുന്നു ഇത്തരം നാടകങ്ങളുടെ കർത്താക്കൾ. അവരുടെ നാടകങ്ങളിൽ ചിത്രീകരിച്ചതാകട്ടെ നാഗരികരിലെ ഒരു ചെറിയ വിഭാഗം ആൾക്കാരുടെ ജീവിതവും. പ്യൂരിട്ടൻമാരുടെ ഭരണകാലത്തു് സദാചാരനിയമങ്ങൾക്കു് അമിതപ്രാധാന്യം നൽകിയിരുന്നു. ഇതിനൊരു തിരിച്ചടി എന്നവണ്ണം കുത്തഴിഞ്ഞ അസാൻമാർഗ്ഗികജീവിതമായിരുന്നു പിന്നീടു് നിലവിൽ വന്നതു്. നിർലജ്ജനായ ഒരു വിഷയലമ്പടനായിരുന്നു ചാറത്സ് രണ്ടാമൻ രാജാവു്. സിൽബന്തികൾ രാജാവിൻെറ മാതൃക അനുകരിച്ചു. സദാചാരരഹിതമായ ഈ ജീവിതമാണു് അന്നത്തെ നാടകങ്ങളിൽ പ്രതിഫലിച്ചിരുന്നതു്. അവയിലെ കഥാപാത്രങ്ങൾ ബുദ്ധിജീവികളും അവരുടെ ആശ്രിതൻമാരുമായിരുന്നതിനാൽ നമ്മ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബോധം തികഞ്ഞ സംഭാഷണശൈലി അവയിൽ കാണാമായിരുന്നു. ഈ കാലഘട്ടത്തിലെ ഇംഗ്ലീഷ് നാടകത്തിൽ ഫ്രെഞ്ച് നാടകത്തിൻെറയും, ഒരളവുവരെ സ്പാനിഷ് നാടകത്തിൻെറയും, സ്വാധീനം അനുഭവപ്പെടുന്നുണ്ട്. എന്നുവച്ച്, റെസ്റ്റൊറേഷൻ നാടകം ഇംഗ്ലീഷ് നാടകപാരമ്പര്യത്തിൽനിന്നും പൂർണ്ണമായി വിട്ടുനിൽക്കുന്ന ഒന്നാണെന്നു കരുതരുത്. ആ നൂററാണ്ടിൻെറ ആദ്യ ദശകങ്ങളിലെ ഇംഗ്ലീഷ് നാടകങ്ങളുടെ പല സ്വഭാവങ്ങളും റെസ്റ്റൊറേഷൻ നാടകത്തിലും കാണുന്നുണ്ട്. അമൂർത്തങ്ങളായ ഇന്ദ്രിയഭാവങ്ങൾക്ക് മൂർത്തീഭാവം കൽപിച്ച് കഥാപാത്രങ്ങളായി ചിത്രീകരിക്കുന്ന ബെൻജോൺസൻെറ രീതി റെസ്ററൊറേഷൻ നാടകത്തിലും അനുവർത്തിച്ചിരിക്കുന്നതായി കാണാം.

ഹാസ്യനാടകങ്ങളിൽ ആചാര പ്രധാന നാടകങ്ങൾ (കോമഡി ഓഫ് മാനേഴ്സ്) എന്നൊരു പ്രത്യേക വിഭാഗം ഈ കാലഘട്ടത്തിൽ രൂപംകൊണ്ടു. മുകളിൽ പറഞ്ഞവയാണ് ഇതിൻെറ പ്രത്യേകതകൾ. ഒട്ടാകെ ബൗദ്ധികവും, പ്രേമം, വിവാഹം തുടങ്ങിയ കാര്യങ്ങളിൽ ആചാരവിരുദ്ധവുമായിരുന്നു അവയുടെ മനോഭാവം. പ്രേമവ്യാപാരങ്ങൾകൊണ്ട് ഇതിവൃത്തം കുഴഞ്ഞുമറിഞ്ഞിരുന്നു. കഥാപാത്രങ്ങളുടെ കാര്യത്തിലുമുണ്ടായിരുന്നു ചില പ്രത്യേകതകൾ. കഥാപാത്രങ്ങൾ അധികവും വ്യക്തികളല്ല ടൈപ്പുകളായിരുന്നു.

ഈ കോമഡിപ്രസ്ഥാനത്തിലെ പരമപ്രധാനിയായ നാടകകർത്താവായിരുന്നു വില്യം കോൺഗ്രീവ് (1670—1729). ദി ഓൾഡ് ബാച്ച്ലർ (1693), ദ ഡബ്ൾ ഡീലർ (169?), ലവ് ഫോർ ലവ് (1695), ദ വേ ഓഫ് ദ വേൾഡ് (1700) എന്നിങ്ങനെ നാലു കോമഡികളും, ദ മോണിങ് ബ്രൈഡ് (1697) എന്നൊരു ട്രാജഡിയും അദ്ദേഹം രചിച്ചിട്ടുണ്ട്. റെസ്റ്റൊറേഷൻ നാടകകൃത്തുക്കളിൽ ഏററവും വിദഗ്ദ്ധനായ എഴുത്തുകാരൻ അദ്ദേഹമായിരുന്നു. കോൺഗ്രീവിൻെറ നാടകങ്ങളുടെ ഇതിവൃത്തം കെട്ടിപ്പിണഞ്ഞുകിടന്നിരുന്നു. കഥാപാത്രങ്ങളെല്ലാംതന്നെ ഉന്നത ജാതന്മാരായിരുന്നുവെങ്കിലും, അവരെ യഥാതഥ ശൈലിയിൽ ചിത്രീകരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു എന്നതാണ് ഒരു നേട്ടമാണ്. കർക്കശമായ ആക്ഷേപമായിരുന്നു അദ്ദേഹത്തിൻെറ നാടകങ്ങളുടെ ആന്തരികഭാവം. നാടകങ്ങളിലെ കാച്ചിക്കുറുക്കിയതും നിശിതവുമായ സംഭാഷണശൈലി അതീവ ഹൃദ്യമാണ്. തൻെറ സംഭാഷണങ്ങൾക്ക് ലയവും, സ്വരാവരോഹണവും സൃഷ്ടിക്കുന്നതിൽ കോൺഗ്രീവ് പ്രത്യേകം ശ്രദ്ധവച്ചിരുന്നു. രചനകളെ ബോധപൂർവ്വം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരിഷ്കരിച്ച മിനുസപ്പെടുത്തുന്ന ഒരു കലാകാരനായിരുന്നു കോൺഗ്രീവ്.

മറെറാരു ഹാസ്യനാടകകൃത്തായിരുന്നു വില്യം വിററ്ഷെർലി (1640—1715). മനുഷ്യൻെറ ദൗബ്ബല്യങ്ങരം കണ്ടെത്താനും അവയെ നമ്മമധുരമായി ആവിഷ്കരിക്കാനുമുള്ള കഴിവ് വിററ്ഷെർലിക്കുണ്ടായിരുന്നുവെങ്കിലും, ഒന്നും ഒളിച്ചുവയ്ക്കാതെ വെട്ടിത്തുറന്നു പറയുന്ന രീതിയായിരുന്നു അദ്ദേഹത്തിൻേറതു്. ലവ് ഇൻ എ വുഡ് (1670), ദ ജൻറിൽമൻ—ഡാൻസിങ് മാസ്ററർ (1672), ദ കൺട്രി വൈഫ് (1674), ദ പ്ലെയ്ൻ ഡീലർ (1676) എന്നിവയാണ് വിററ്ഷെർലിയുടെ നാടകങ്ങരം.

രാജസദസ്സിലെ ഒരംഗവും നയതന്ത്രജ്ഞനുമായിരുന്ന ജോർജ്ജ് എഥെറിഡ്ജ് (1635 ?—91). ദ കോമിക്കൽ റിവെഞ്ച് ഓർ ലവ് ഇൻ എ ററബ്ബ് (1664), ഷീ വുഡ് ഇഫ് ഷി കുഡ് (1668), ദ മാൻ ഓഫ് മോഡ് ഓർ സർ ഫോപ്ലിങ് ഫ്ളട്ടർ (1676) എന്നിവയാണ് എഥെറിഡ്ജിൻെറ നാടകങ്ങരം. കോമഡി ഓഫ് മാനേഴ്സിൻെറ ഉപജ്ഞാതാക്കളിൽ ഒന്നാം നിരക്കാരനാണ് അദ്ദേഹം. അദ്ദേഹത്തിൻെറ രീതിയെ പിന്നീടു കുററമററതാക്കിത്തീർത്തതു് കോൺഗ്രീവാണ്. നാഗരികസമൂഹത്തിലെ ഹൃദയശൂന്യരും, വിഷയലമ്പടരും സുഖലോലുപരുമായ ഒരു വിഭാഗം ആരംക്കാരെയാണ് ഈ നാടകങ്ങളിൽ അവതരിപ്പിക്കുന്നതു്. രൂപഭാവങ്ങളിലുള്ള കുറവുകളെ മറച്ചുവയ്ക്കാൻപോരുന്ന തരത്തിൽ ചടുലവും, സുന്ദരവുമായ സംഭാഷണങ്ങരം അവയിൽ നിറഞ്ഞുനിന്നിരുന്നു.

ഇതിവൃത്തരൂപീകരണത്തിൽ എഥെറിഡ്ജിനേക്കാരം ശ്രദ്ധവച്ചിരുന്നു സർ ജോൺ വാൻബ്രൂ് (1664—1726). എങ്കിലും എഥെറിഡ്ജിൻെറയോ കോൺഗ്രീവിൻെറയോ നാടകങ്ങളെപ്പോലെ സുഭഗമായിരുന്നില്ല വാൻബ്രൂ്യുടെ രചനകരം. അവയിലെ ഹാസ്യം ഉന്നതനിലവാരം പുലത്തുന്നില്ല. വാൻബ്രൂ്യുടെ നാടകങ്ങളിൽ അതിപ്രശസ്തങ്ങളാണ് ദ റിലാപ്സ് (1696), ദ പ്രൊവോക്ഡ് വൈഫ് (1697), ദ കോൺഫെഡറസി (1705) എന്നിവ.

ഹ്രസ്വമെങ്കിലും സാഹസികജീവിതം നയിച്ച പ്രശസ്തനായ നാടകകൃത്താണ് ജോർജ്ജ് ഫാക്വ് (Farquhar) (1678—1707). ആകെയുള്ള ഏഴു നാടകങ്ങളിൽ അവസാനത്തെ രണ്ടു കൃതികളായ ദ റിക്രൂട്ടിങ് ഓഫീസർ (1706), ദ ബോസ്സ്ട്രാറെജെം (1707) എന്നിവയാണ് ഏററവും മെച്ചപ്പെട്ടവ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആദ്യകാല റെസ്റ്ററേഷൻ നാടകകൃത്തുക്കളുടെ നാടകങ്ങളെ അപേക്ഷിച്ച് കൂടുതൽ രമ്യവും, അന്തസ്സുററതുമായ നർമ്മബോധമാണ് ഫാക്വോയിൻേറതു്. കോൺഗ്രീവ് തുടങ്ങിയവർ നാഗരികസമൂഹത്തിലെ ഉയന്ന വർഗ്ഗത്തിൻെറ പരിമിതമായ ജീവിതവൃത്തമാണ് ചിത്രീകരിച്ചതെങ്കിൽ കുറേക്കൂടി വിശാലമായ ജീവിതാവിഷ്കാരമാണ് ഫാക്വ് സ്വീകരിച്ചതു്. സാധാരണക്കാരായ കഥാപാത്രങ്ങളെ ചിത്രീകരിച്ചതിനാൽ മിനുസപ്പെടുത്തിയ സംഭാഷണങ്ങൾ ഒഴിവാക്കി സാധാരണ സംഭാഷണശൈലി സ്വീകരിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. ഇങ്ങനെ നോക്കുമ്പോൾ 'കോമഡി ഓഫ് മാനേഴ്സി'നും സ്ററീലിൻെറ നാടകങ്ങൾക്കും ഇടയ്ക്കുള്ള ഒരു ഘട്ടമാണ് ഫാക്വ്ൻേറതെന്നു പറയാം.

'മക്ഫ്ളെക്നോ' എന്ന ആക്ഷേപഹാസ്യത്തിൽ ഡ്രൈഡൻ ചിത്രീകരിച്ചിരിക്കുന്നതുപോലെ തീരെ മോശപ്പെട്ട എഴുത്തുകാരനല്ല തോമസ് ഷാഡ്വെൽ (1642 ?—1692). ഷാഡ്വെൽ രചിച്ച നിരവധി നാടകങ്ങളിൽ ദ സളൻ ലവർസ് (1668), ദ സ്ക്വയർ ഓഫ് അൽസേഷിയ (1688), ബറി ഫെയർ (1689) എന്നിവ പ്രശസ്തങ്ങളാണ്. കോമഡി ഓഫ് മാനേഴ്സ് വിഭാഗത്തിൽ പെടുന്നവയല്ല ഷാഡ്വെല്ലിൻെറ നാടകങ്ങൾ. ബെൻജോൺസൻെറ മനോഭാവനിഷ്ഠമായ നാടകങ്ങളെ(കോമഡി ഓഫ് ഹ്യൂമഴ്സ്)യാണ് ഷാഡ്വെൽ പിൻതുടന്നതു്. കുറെയൊക്കെ പരുക്കനാണെങ്കിലും, നർമ്മമോ പരിഹാസമോ അദ്ദേഹത്തിൻെറ നാടകങ്ങളിൽ കുറവായിരുന്നില്ല. തൻെറ കാലഘട്ടത്തിലെ നിത്യജീവിതത്തിൻെറ യഥാർത്ഥമായ ചിത്രീകരണം നടത്തുന്നതിൽ ഷാഡ്വെൽ വിജയിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ അവസാനകാലനാടകങ്ങളിലെ ഹാസ്യരസം നിലവാരം കുറഞ്ഞതാണ്. മാത്രമല്ല അവയിൽ അതിഭാവുകത്വം മുററിനില്ക്കുന്നു.

അക്കാലത്തെ ദുരന്തനാടകകൃത്തുക്കളിൽ തോമസ് ഓട്ട്വേ (1651—85)യുടെ പേരും എടുത്തുപറയേണ്ടിയിരിക്കുന്നു. തൻെറ ആദ്യനാടകമായ ഡോൺ കാർലോസിൽ ഹിറോയിക് നാടകത്തിൻെറ ലക്ഷണങ്ങൾ കാണാം. ക്രമേണ ഓട്ട്വേയ്ക്കും ഈ സ്വാധീനത്തിൽനിന്നും വിമുക്തനാവുകയും നാടകത്തിൽ ശോകരസം സന്നിവേശിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ മാസ്ററർപീസായ വെനീസ് പ്രിസേർവ്ഡ് (1682) ഷേക്സ്പിയറിനുശേഷമുള്ള ഏററവും മഹത്തായ ദുരന്തനാടകമാണ്. കഥാപാത്രങ്ങളെ അവയുടെ തനിമയോടെ ചിത്രീക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രിക്കുന്ന ഈ നാടകത്തിൽ ദുരന്താംശം അദ്ദേഹം അതിവിദഗ്ദ്ധമായാണു കൈകാര്യം ചെയ്തിരിക്കുന്നതു്.

അനേകം ദുരന്തനാടകങ്ങളുടെ കർത്താവാണു് നഥാനിയെൽ ലീ (1653 ?—92), നീറോ (1674), സോഫനിസ്ബാ (1676), ദ റൈവൽ ക്വീൻസ് (1677), മിത്രി ഡേററീസ് (1678) എന്നിവയാണു് ലീയുടെ നാടകങ്ങളിൽ പ്രധാനം. എൽക്കാനാ സെററിൽ (1648—1724) എഴുതിയ ദ് എംപ്രസ് ഓഫ് മൊറോക്കോ എന്ന കൃതിയിൽ ഹിറോയിക് നാടകത്തിന്റെ വികൃതലക്ഷണങ്ങൾ കണ്ടെത്താൻ കഴിയും. ഡ്രൈഡന്റെ നിശിത വിമർശനത്തിനു് എൽക്കാനാ സെററിൽ ഇരയായിത്തീർന്നു.

ഒട്ടേറെ നാടകങ്ങളുടെ കർത്താവായ നിക്കളസ് റോവ് (1674—1718) ഇന്നു മുഖ്യമായും അറിയപ്പെടുന്നതു് ഷേക്സ്പിയർനാടകങ്ങളുടെ എഡിററർ എന്ന നിലയ്ക്കാണു്. അദ്ദേഹത്തിന്റെ നാടകങ്ങളിൽ ററാമർ ലെയ്ൻ (1702), ദ ഫെയർ പെനിറെൻറ് (1703) എന്നിവ പ്രത്യേകം ശ്രദ്ധയർഹിക്കുന്നു.

ഈ യുഗത്തിലെ എഴുത്തുകാരിൽ ഏററവും പ്രതിഭാധനനെന്നു് നിസ്സംശയം പറയാവുന്ന നാടകകൃത്താണു് ഡ്രൈഡൻ. ട്രാജഡിയും, കോമഡിയും ഒന്നുപോലെ കൈകാര്യം ചെയ്തിരുന്നു അദ്ദേഹം. പ്രാസത്തിലും, ബ്ലാങ്ക്‌വേഴ്സിലുമുള്ള നാടകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ടു്. ഡ്രൈഡന്റെ പ്രഥമ നാടകമായ ദ വൈൽഡ് ഗാലൻറി(1663)ന്റെ ഇതിവൃത്തം സങ്കീർണ്ണമാണു്. എങ്കിലും അരങ്ങത്തു് അതത്ര വിജയമായിരുന്നില്ല. ഡ്രൈഡന്റെ ട്രാജഡികൾക്കു് രണ്ടു പ്രധാന വിഭാഗങ്ങളുണ്ടു്. പ്രത്യാനയനത്തിനുശേഷം പ്രചാരത്തിൽവന്ന പുതിയ രീതിയിലുള്ള നാടകങ്ങളുടെ രചനയിൽ വിദഗ്ദ്ധമായ മാതൃക കാട്ടുന്നു അദ്ദേഹം. റെസ്റ്റൊറേഷൻ നാടകങ്ങൾ സാധാരണയായി ഏതെങ്കിലുമൊരു ധീരോദാത്തനായകന്റെ വീരകൃത്യങ്ങളെ പ്രതിപാദിക്കുന്നതായിരിക്കും. സാധാരണക്കാരായ കഥാപാത്രങ്ങളുടെ സംഭാഷണംപോലും പ്രഭാഷണത്തിന്റെ ശൈലിയിലുള്ളതാണു്. ഈവിധത്തിലുള്ള നാടകങ്ങൾ അധികകാലം നിലനില്ക്കാതിരുന്നതിന്റെ കാരണം ഇത്തരം ധാരാളിത്തമാണു്. ധീരോദാത്ത ദുരന്തനാടകങ്ങൾക്കു് ഉദാഹരണമാണു് ഡ്രൈഡന്റെ ദി ഇൻഡ്യൻ എംപെറർ (1665), ററിറനിക് ലവ് (1669), ദ കോൺക്വസ്റ്റ് ഓഫ് ഗ്രെനഡ (1669—70), ഔറംഗസേബ് (1675) തുടങ്ങിയവ. പ്രാസനിബദ്ധമായ രചനകളാണു് ഇവയെല്ലാം. തന്റെ 'ചിരപ്രാണസഖി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യായ പ്രാസത്തെക്കൊണ്ടു മടുത്തു' എന്നു തുറന്നു സമ്മതിക്കുന്ന ഡ്രൈഡൻ അടുത്ത നാടകം ബ്ലാങ്ക്‌വേഴ്സിലാണെഴുതിയതു്. ഓൾ ഫോർ ലവ് ഓർ ദ വേൾഡ് വെൽ ലോസ്റ്റ് (1678) എന്ന പേരായ ഈ നാടകം ഷേക്സ്പിയറുടെ ആൻറണി ആൻറ് ക്ലിയോപാട്രയുടെ അനുകരണമാണ്. ഡ്രൈഡൻെറ പില്ക്കാല നാടകങ്ങൾ താഴ്ന്ന നിലവാരം പുലത്തുന്നവയാണെന്നതൊരു വസ്തുതയാണ്,

സമകാലീനനാടകത്തിൻെറ സ്വഭാവങ്ങളൊന്നും പ്രകടിപ്പിക്കാതെ, പ്രസ്തുത നൂററാണ്ടിൽ ഒററപ്പെട്ടുനിൽക്കുന്ന ഒരു നാടകമാണ് മിൽട്ടൻെറ സാംസൺ ആഗണിസ്‌റ്റിസ് (1671). മിൽട്ടൻെറ ഒരേയൊരു നാടകമായ സാംസൺ ആഗണിസ്‌റ്റിസ് 'ഒരു പ്യൂരിട്ടൻെറ യവനദുരന്തനാടക'മെന്നു വിശേഷിപ്പിക്കപ്പെടുന്നു. ഇതു് യഥാത്ഥത്തിൽ ഒരു 'യവന ദുരന്തനാടകം' തന്നെയാണ്. കാരണം പ്രാചീന ഗ്രീക്ക്ദുരന്ത നാടകങ്ങളുടെ ലക്ഷണങ്ങളധികവും മിൽട്ടൺ തൻെറ നാടകത്തിൽകൂടി പാലിച്ചിരിക്കുന്നു. അതേസമയം ഗ്രീക്കുനാടകങ്ങളെപ്പോലെ അഭിനയിക്കാൻ ഉദ്ദേശിച്ചുകൊണ്ടു് എഴുതപ്പെട്ടതല്ല ഈ ഗ്രീക്കുനാടകം. നാടകകൃത്തു് തൻെറ സാന്നിദ്ധ്യം കൃതിയിൽ വെളിവാക്കുന്നുവെന്നതും ഗ്രീക്കുനാടകത്തിൽനിന്നു് മിൽട്ടൺ വരുത്തിയ മറെറാരു വ്യതിയാനമാണ്. ഗ്രീക്ക്നാടകങ്ങളുടെ അവിഭാജ്യഘടകമായ ഗായകസംഘം (കോറസ്) കഥാപാത്രങ്ങളോടും സംഭവങ്ങളോടും നിഷ്പക്ഷത പാലിക്കുന്നവരാണ്. എന്നാൽ നാടകകൃത്തിൻെറ വക്താക്കളായിട്ടാണ് മിൽട്ടൻ കോറസിനെ അവതരിപ്പിക്കുന്നതു്. ബൈബിളിലെ പഴയനിയമത്തിൽനിന്നു സ്വീകരിച്ചതാണ് നാടകത്തിൻെറ കഥാംശം. ഇസ്രയേലിലെ ഭീമനായ സാംസനെ ഫിലിസ്‌റ്റീൻകാരിയായ ഭാര്യ ഡെലീലാ ഒററിക്കൊടുക്കുന്നതും സാംസൻെറ വിനാശവുമാണ് നാടകത്തിലെ പ്രമേയം. പ്രമേയം ഇതാണെങ്കിലും തൻെറ നിരാലംബമായ വാർദ്ധക്യത്തിലുള്ള മനോവേദനയും ധമ്മഭ്രംശം സംഭവിച്ച സ്വരാജ്യത്തിൻെറ അവസ്ഥയിലുള്ള പരിദേവനങ്ങളും ആവിഷ്കരിക്കുന്നതിനുള്ള ഉപാധിയായിട്ടാണ് മിൽട്ടൺ നാടകത്തെ കണക്കാക്കിയതു്. മിൽട്ടൻെറ കൃതികളിൽ വികാരതീവ്രവും ആത്മാംശം ഏറിനിൽക്കുന്നതുമാണ് ഈ നാടകം.

ഗദ്യം

ആഖ്യാനപരമായ രചനകൾ തീരെ കുറഞ്ഞിരുന്ന ഒരു കാലഘട്ടമാണിതു്. എന്നാൽ മററു തരത്തിലുള്ള ഗദ്യരചന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാം ഏററിയുമിരുന്നു. 'ഇംഗ്ലീഷ് ധാർമ്മികോപദേശകരുടെ സുവർണ്ണയുഗ'മെന്നു് ഈ കാലഘട്ടത്തെ വിളിക്കാറുണ്ടു്. ജെറമി ടെയ്ലർ (1613—67), റോബർട്ട് സൗത്ത് (1634—1716), ഐസക്ബാരോ (1630—77), റിച്ചേഡ് ബാക്സ്ററർ (1615—91) തുടങ്ങിയവർ ഉന്നതനിലവാരത്തിലുള്ള പ്രബോധനങ്ങളെഴുതിയിരുന്നു. ജെറമി ടെയ്ലറായിരുന്നു അന്നത്തെ സർവ്വാദരണീയനായ സാഹിത്യാചാര്യൻ. ക്ഷുരകൻെറ മകനായി പിറന്ന ടെയ്ലർ പൗരോഹിത്യം സ്വീകരിക്കുകയും റോയലിസ്ററു് മൂല്യങ്ങളുടെ വ്യാഖ്യാതാവായിത്തീരുകയും ചെയ്തു. പ്രബോധനപരങ്ങളായ കൃതികാംക്കു പുറമെ ടെയ്ലറുടെ പ്രചാരമേറിയ മററു കൃതികളാണു് ദ ലിബർട്ടി ഓഫ് പ്രോഫിസയിങ്ങ് (1647), ഹോളി ലിവിങ്ങ് (1650), ഹോളി ഡൈയിങ്ങ് (1651) എന്നിവ. അപാരമായ ഭാഷാസ്വാധീനം, കാതിനു കുളിരേകുന്ന സുന്ദരമായ ശൈലി എന്നിവയൊക്കെ അദ്ദേഹത്തിൻെറ രചനകളുടെ പ്രത്യേകതയായിരുന്നു. ധാരാളം ഉദ്ധരണികളും, സൂചനകളും നൽകുക അദ്ദേഹത്തിൻെറ പതിവായിരുന്നു.

ഒരു വൈദികൻെറ മകനായി പിറന്ന തോമസ് ഫുള്ളർ (1608—61) പൗരോഹിത്യം സ്വീകരിക്കുകയും വിവിധ തുറകളിൽ സേവനം അനുഷ്ഠിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ നർമ്മമധുരമായ മതപ്രഭാഷണങ്ങാം ചാംസ് ഒന്നാമൻെറ ശ്രദ്ധയാകർഷിക്കുകയുണ്ടായി. കാര്യങ്ങളിലേക്കു ചുഴിഞ്ഞിറങ്ങാൻ പോന്ന തനതായ വ്യക്തിത്വമുള്ള ഒരു മനസ്സായിരുന്നു അദ്ദേഹത്തിൻേറതു്. മർമ്മവിധേയമായ പരിഹാസം പ്രയോഗിക്കുന്നതിൽ ഫുള്ളർക്കുണ്ടായിരുന്ന പാടവം അനന്യസാധാരണമായിരുന്നു. കുരിശുയുദ്ധങ്ങളെ സംബന്ധിക്കുന്ന ദ ഹിസ്ററി ഓഫ് ദ ഹോളി വാർ (1639), ദ ചർച്ച് ഹിസ്ററി ഓഫ് ബ്രിട്ടൻ (1655) എന്നിവയാണു് അദ്ദേഹത്തിൻെറ ഗഹനങ്ങളായ ചരിത്രകൃതികാം. ഇതു കൂടാതെ ഒട്ടനേകം ലഘുലേഖകളും രചിച്ചിട്ടുണ്ടു്. ദ വർത്തീസ് ഓഫ് ഇംഗ്ലണ്ട് എന്ന രസകരവും വിവിധവിഷയകവും ആയ കൃതിയാണു് ഫുള്ളറുടെ സ്മരണയെ എക്കാലവും നിലനിർത്തുന്നതു്. 1662–ൽ ഫുള്ളറുടെ മകനാണു് ഈ കൃതി പ്രസിദ്ധപ്പെടുത്തിയതു്.

മറെറാരു പുരോഹിതൻെറ പുത്രനായ തോമസ് ഹോബ്സ് (1588—1679) മാമ്സ് ബറിയിലാണു് ജനിച്ചതു്. തൻെറ കാലഘട്ടത്തിലെ ബൗദ്ധികമായ കോലാഹലങ്ങളിലെല്ലാം ഹോബ്സ് സജീവമായി പങ്കെടുത്തിരുന്നു. അദ്ദേഹത്തിൻെറ കൃതികാം അതിനു മതിയായ തെളിവാണു്. സുശ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്തമായ ഒരു ഭരണകൂടത്തിനുവേണ്ടി വാദിക്കുന്ന ലിവയാഥൻ (1651) ആണ് അദ്ദേഹത്തിന്റെ മുഖ്യകൃതി. കാലികപ്രാധാന്യമുള്ള ഒരു രാഷ്ട്രീയപ്രബന്ധമാണിതു്. സുന്ദരമായ ഭാഷാശൈലി കൃതിയുടെ മിഴിവു വർദ്ധിപ്പിക്കുന്നു. 'മാമ്സ്ബറിയിലെ ഋഷി'യെന്നാണ് ഹോബ്സിനെ വിശേഷിപ്പിക്കുന്നതു്.

ക്ലാരൻഡനിലെ ഏൾ ആയ എഡ്വേഡ് ഹൈഡ് (1607—74) സമർത്ഥനായ ഒരു അഭിഭാഷകനായിരുന്നു. അദ്ദേഹവും റോയലിസ്റ്റ്പക്ഷക്കാരനായിരുന്നു. അന്തഃസാരശൂന്യമായ പ്രത്യാനയനകാലഘട്ടത്തിനു് യോജിക്കുന്നതായിരുന്നില്ല ഹൈഡിന്റെ ഗൗരവപ്രകൃതം. അദ്ദേഹവും കാലവും തമ്മിലുള്ള പൊരുത്തക്കേടു ചെന്നെത്തിയതു് ഹൈഡിന്റെ നാടുകടത്തലിലാണ്. സ്വരാജ്യത്തുനിന്നും പുറത്താക്കപ്പെട്ട ഹൈഡ് 1674-ൽ ഫ്രാൻസിൽവച്ചു് അന്തരിച്ചു. 1704-ൽ മാത്രം പ്രസിദ്ധീകരിക്കപ്പെട്ട ഹിസ്ററി ഓഫ് ദ ഗ്രേയ്റ്റ് റിബെല്യൻ മിക്കതും തന്റെ അറിവിൽനിന്നും രചിക്കപ്പെട്ടതാണ്. പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അത്ര സൂക്ഷ്മമല്ലെന്നതു് ഒരു ന്യൂനതയായി കണക്കാക്കാം. വിപ്ലവവുമായി ബന്ധപ്പെട്ട ചില പ്രധാന വ്യക്തികളുടെ ചിത്രീകരണം ഉൽകൃഷ്ടമെന്നുതന്നെ പറയണം. നെടുനെടുങ്കൻ വാചകങ്ങളാണെങ്കിലും രസകരമായി വായിച്ചുപോകാവുന്ന ഭാഷാശൈലിയാണ് അദ്ദേഹത്തിന്റേതു്.

ഈ കാലഘട്ടത്തിലെ ഗദ്യസാഹിത്യകാരന്മാരിൽ പ്രമുഖൻ ഒരു ഭിഷഗ്വരൻകൂടിയായ സർ തോമസ് ബ്രൗൺ (1605—82) ആയിരുന്നു. അന്നത്തെ രാഷ്ട്രീയ പ്രക്ഷോഭങ്ങളൊന്നും അദ്ദേഹത്തെ ബാധിച്ചിരുന്നില്ല, ആകെ അഞ്ചു കൃതികളേ അദ്ദേഹം രചിച്ചിട്ടുള്ളു. അവ അതിദീർഘങ്ങളായിരുന്നു. എന്നാൽ അവയെല്ലാം ഒരേപോലെ മെച്ചപ്പെട്ടവയാണ്. തന്റെ മതപരമായ വിശ്വാസങ്ങളെ വെളിപ്പെടുത്തുന്ന റിലീജിയോ മെഡിച്ചി (1642) എന്ന കൃതിയാണ് ബ്രൗണിന്റെ കീർത്തി എമ്പാടും പരത്തിയതു്. മതവിശ്വാസവും, അതിനുനേർക്കു ശാസ്ത്രം തൊടുത്തുവിട്ട അന്വേഷണബുദ്ധിയും സമന്വയിപ്പിച്ചുകൊണ്ടെഴുതിയ അസാധാരണമായ കൃതിയാണിതു്. വിചിത്രമായ പാണ്ഡിത്യംകൊണ്ടു് ബർട്ടനെ അനുസ്മരിപ്പിക്കുന്ന കൃതിയാണ് സ്യൂഡോ ഡോക്സിയാ എപ്പിഡെമികാ ഓർ വൾഗർ എറേഴ്സ്. (1646) പുരാതനചിതാഭസ്മകലശങ്ങളെ ആസ്പദിച്ചു മനുഷ്യന്റെ ക്ഷണികജീവിതത്തെക്കുറിച്ചു സർ തോമസ് ബ്രൗൺ, ഏൺ ബറിയൽ (1658) എന്ന കൃതിയിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചിന്തിക്കുന്നു. ദ ഗാർഡെൻ ഓഫ് സൈറസ് (1658), ക്രിസ്റ്റ്യൻ മോറൽസ് എന്നിവയാണ് ഇതരകൃതികൾ. ഇവയിൽ ക്രിസ്റ്റ്യൻ മോറൽസ് ബ്രൗണിന്റെ മരണശേഷം 1716-ൽ മാത്രമേ പ്രസിദ്ധപ്പെടുത്തിയുള്ളു.

ഋജുവായ പ്രതിപാദനംകൊണ്ട് അസാധാരണമായ വിഷയത്തെ ശ്രദ്ധേയമാക്കാമെന്നതിന്റെ ഉത്തമനിദർശനമാണ് ഐസക് വാൾട്ടന്റെ (1593—1683) ദ കംപ്ലീറ്റ് ആങ്ഗ്ലർ ഓർ ദ കോൺടെംപ്ലേറ്റിവ് മാൻസ് റിക്രിയേഷൻ (1653). മുക്കുവരുടെ ശിക്ഷണം ലക്ഷ്യമാക്കി രചിച്ചതാണെങ്കിലും അനേകമനേകം വായനക്കാരുടെ ഇടയിൽ പ്രചുരപ്രചാരമുള്ള ഒരു കൃതിയായിത്തീർന്നു ഇതു്. ഗ്രാമീണജീവിതത്തിന്റെ തുടിപ്പുകളും അകൃത്രിമസുന്ദരമായ സംഭാഷണശൈലിയുമാണ് ഈ കൃതിക്ക് ഇത്രയധികം അംഗീകാരം നേടിക്കൊടുത്തതു്. പ്രശംസാവഹമായ ഏതാനും ജീവിതചരിത്രങ്ങളും രചിച്ചിട്ടുണ്ട് വാൾട്ടൻ. അവയിൽ പ്രധാനം അദ്ദേഹം രചിച്ച ജോൺ ഡണ്ണിന്റെ ജീവചരിത്രമാണ്.

നേരത്തെ പ്രസ്താവിച്ചതുപോലെ മിൽട്ടൺ തന്റെ ജീവിതത്തിന്റെ രണ്ടാംഘട്ടത്തിൽ (1639—60) കാര്യമായ കവിതാരചനകളൊന്നും നടത്തിയിട്ടില്ല. എന്നാൽ രാഷ്ട്രീയവും, മതപരവുമായ അനേകം ലഘുലേഖകൾ അദ്ദേഹം ഇക്കാലത്തെഴുതിയിട്ടുണ്ട്. അവയെല്ലാം വിവാദപരവുമായിരുന്നു. പൊരുത്തപ്പെടാൻ സാദ്ധ്യതയില്ലാത്ത ഭാര്യാഭർത്താക്കൻമാർക്കു വിവാഹമോചനം അനുവദിക്കണമെന്നു വാദിച്ചുകൊണ്ടെഴുതിയ മൂന്നു ലേഖനങ്ങൾക്കു പുറമെയാണ് ഇവയെല്ലാം അദ്ദേഹം രചിച്ചതു്. വിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന ലഘുലേഖയാണ് മറ്റൊന്നു്. രാഷ്ട്രീയവും മതപരവുമായ വിഷയങ്ങളെ അധികരിച്ചും മിൽട്ടൻ രചിച്ച ലേഖനങ്ങൾ രൂക്ഷാക്ഷേപഭരിതമാണ്. മതവിദ്വേഷവും സങ്കുചിതമായ പാർട്ടിപക്ഷപാതവും അവയിൽ പ്രകടമാകുന്നു. ഇത്തരത്തിലുള്ള പോരായ്മകൾ പൂർണ്ണമായും ഒഴിവാക്കപ്പെട്ടിരിക്കുന്ന കൃതിയാണ് അരിയോപെജറ്റിക്ക (1644). പത്രസ്വാതന്ത്ര്യത്തിനുവേണ്ടി സയുക്തികം വീറോടെ വാദിക്കുന്ന ഒരു പ്രബന്ധമാണിതു്. പ്രൗഢമായ ഭാഷാശൈലി മിൽട്ടന്റെ ഗദ്യരചനകളെ എക്കാലവും നിലനിർത്തും. അലംകൃതമായ ഭാഷാപ്രയോഗത്തിൽ അദ്വിതീയനാണു മിൽട്ടനെന്നു് ആ കൃതികൾ വിളിച്ചോതുന്നു.

ഒരു തകരപ്പണിക്കാരന്റെ മകനായാണു ജോൺബെനിയൽ (1628—88) പിറന്നതു്. പിതാവിന്റെ തൊഴിൽ പുത്രനും പിന്തുടർന്നു. തന്റെ കാലഘട്ടത്തിലെ രാഷ്ട്രീയപ്രക്ഷോഭ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങളൊന്നും ബനിയനെ ബാധിച്ചില്ല. എന്നാൽ സ്വന്തം ആത്മാവ്, ദൈവം, പിശാച് എന്നീ മൂന്നു കാര്യങ്ങളെക്കുറിച്ച് അങ്ങേയററം ബോധവാനായിരുന്നു അദ്ദേഹം. ബൈബിളും അതുപോലുള്ള മതഗ്രന്ഥങ്ങളുമായിരുന്നു അദ്ദേഹത്തെ സ്വാധീനിച്ചതു്. ആത്മീയജീവിതത്തേയും മോക്ഷപ്രാപ്തിയേയും സംബന്ധിക്കുന്നതാണ് ബനിയൻെറ നാലു കൃതികളും.

ബനിയൻെറ കൃതികളിൽ പ്രമുഖവും പ്രശസ്തവുമാണ് പിൽഗ്രിംസ് പ്രോഗ്രസ് (പ്ര. 1678). ഇംഗ്ലീഷ് സാഹിത്യത്തിലെ ഒരു ക്ലാസ്സിക്കായി പ്രസ്തുതകൃതി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഓരോ മനുഷ്യജീവിയേയും അലട്ടുന്ന ഒരു വിഷയം പ്രതിപാദിച്ചിരിക്കുന്നുവെന്നതാണ് പിൽഗ്രിംസ് പ്രോഗ്രസ്സിനു സാർവ്വത്രികമായ അംഗീകാരം ലഭിച്ചതിനുള്ള പ്രധാന കാരണം. എങ്ങനെ മോക്ഷം പ്രാപിക്കാം എന്നതാണ് ആ പ്രശ്നം. വിശ്വസനീയമായ രീതിയിൽ ഒരു സാഹസികയാത്ര വിവരിച്ചിരിക്കുന്നുവെന്നതിനാൽ കുട്ടികളുടെ ഇടയിൽ ഇതിനു പ്രചാരമുണ്ട്. ആത്മീയമായ ഒരു അന്യാപദേശകൃതിയെന്ന നിലയ്ക്കു് മുതിർന്നവരേയും ഈ കൃതി ആകർഷിക്കുന്നു. ഇംഗ്ലീഷ് എഴുത്തുകാരന്മാരിൽ പ്യൂരിട്ടാനിസത്തെ പൂർണ്ണമായി പ്രതിനിധീകരിച്ചിരിക്കുന്ന ബനിയനെ സംബന്ധിച്ചിടത്തോളം ലോകജീവിതം മോക്ഷത്തിലേക്കുള്ള ഒരു മാർഗ്ഗം മാത്രമായിരുന്നു.

പിൽഗ്രിംസ് പ്രോഗ്രസ്സിൻെറ രണ്ടാംഭാഗം ഒന്നാം ഭാഗത്തിൻെറതന്നെ ആവർത്തനമാണ്. ഒന്നാം ഭാഗത്തിൽ നായകനായ ക്രിസ്റ്റ്യൻ ഭൗതികജീവിതത്തിലൂടെ സ്വർഗ്ഗത്തെ സമീപിക്കുന്നതിൻെറ വിവരണം നൽകിയിരിക്കുന്നു. ഇതേതരത്തിലുള്ള ഒരു കഥയാണ് രണ്ടാംഭാഗത്തിലും പറയുന്നതു്. ഒരു വ്യത്യാസം പ്രധാന കഥാപാത്രം ക്രിസ്റ്റ്യനു പകരം അയാളുടെ ഭാര്യയായ ക്രിസ്റ്റീനയാണെന്നതാണ്.

ഇംഗ്ലീഷ് നോവൽചരിത്രത്തിൽ പിൽഗ്രിംസ് പ്രോഗ്രസ്സിനു് സുപ്രധാനമായ സ്ഥാനമുണ്ടു്. കാലാനുക്രമമായ സംഭവവിവരണത്തിനു പകരം ബോധപൂർവ്വം സൃഷ്ടിച്ചെടുത്ത ഒരിതിവൃത്തവും പ്രേമസങ്കൽപവുംകൂടിയായാൽ ഇതൊരു നോവലായി. ശ്രദ്ധേയമായ ഒരു കഥയും അനുപേക്ഷണീയമായ പാത്രസൃഷ്ടിയും കൃതിയിലുണ്ടു്. കഥയ്ക്കു് അനുയോജ്യമായ പശ്ചാത്തലവും ഇതിൽ സൃഷ്ടിച്ചിരിക്കുന്നു. ഈ ഘടകങ്ങളാം ഈ കൃതിയെ ഒരു നോവലിനോടു് വളരെയടുപ്പിച്ചുനിർത്തുന്നു.

പ്രസിദ്ധ വാഗ്മിയും പ്രഭുസഭയിലെ പ്രമുഖനായ ഒരംഗവുമായിരുന്നു ലോർഡ്ഹാലിഫാക്സ് (1633—98). രാഷ്ട്രീയലേഖനങ്ങളടങ്ങുന്ന മിസെലനീസ് എന്ന ഹ്രസ്വഗ്രന്ഥമാണ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ദേഹത്തിന്റെ കീർത്തി നിലനിർത്തുന്നത്. അലങ്കാരധോരണിയില്ലാത്ത ശൈലിയാണ് ഹാലിഫാക്സിന്റെ പ്രത്യേകത. മറെറാരു ഗദ്യരചയിതാവായിരുന്ന കുറച്ചൊക്കെ രാഷ്ട്രീയസ്വാധീനമുണ്ടായിരുന്ന സർ വില്യം ററെമ്പിൾ (1628—99). വളരെക്കുറച്ചു മാത്രമേ എഴുതിയിട്ടുള്ളുവെങ്കിലും അദ്ദേഹം എഴുതിയിടത്തോളം കാര്യങ്ങൾ ഹൃദ്യമാണ്. സ്വിഫ്ററിനെപ്പോലെ പ്രതിഭാധനൻമാരായ എഴുത്തുകാരുടെ രക്ഷാധികാരികൂടിയായിരുന്ന അദ്ദേഹം. ലെറേറഴ്സ്, മെംവാസ് (1691), മിസലേനിയ എന്നിവയാണ് മുഖ്യകൃതികൾ. ഇവയിൽ ലെറേറഴ്സ് 1700–ലും 1703–ലുമായി സ്വിഫ്ററാണ് പ്രസിദ്ധീകരിച്ചത്. മിസലേനിയ മൂന്നു ഭാഗങ്ങളായി യഥാക്രമം 1680, 1690, 1701 എന്നീ കൊല്ലങ്ങളിൽ പ്രസിദ്ധപ്പെടുത്തി. അന്ന് വളരെയേറെ ജനപ്രീതിയാർജ്ജിക്കാൻ കഴിഞ്ഞ മതപ്രഭാഷകനായിരുന്ന ജോൺ ടിലററ്സൺ (1630—94). അദ്ദേഹത്തിന്റെ സെർമൺസ് എന്ന കൃതിയെ അഡിസൻ പ്രകീർത്തിക്കുകയുണ്ടായി. അത്രയൊന്നും സമൃദ്ധമോ ശ്രുതിമധുരമോ അല്ലെങ്കിലും പ്രസന്നവും ചുറുചുറുക്കുള്ളതുമാണ് അദ്ദേഹത്തിന്റെ ശൈലി.

ഇംഗ്ലീഷിലെ പ്രശസ്തരായ രണ്ടു ഡയറി എഴുത്തുകാരാണ് സാമുവൽ പെപ്പിസ് (1633—1703), ജോൺ എവലിൽ (1620—1706) എന്നിവർ. ബ്രിട്ടീഷ് നാവികവകുപ്പിലെ സെക്രട്ടറിയും പാർലമെൻററ് അംഗവുമായിരുന്ന സാമുവൽ പെപ്പിസ്. പെപ്പിസിന്റെ ഡയറി 1660 ജനുവരി ഒന്നിന് ആരംഭിച്ച് 1669 മെയ് 31–ന് അവസാനിക്കുന്നു. കാഴ്ചക്കുറവുകൊണ്ട് ഈ സംരംഭം തുടർന്നുകൊണ്ടുപോകാൻ അദ്ദേഹത്തെക്കൊണ്ടായില്ല. നിഗൂഢലിപിയിൽ എഴുതപ്പെട്ട ഈ ഡയറി 1819-ലാണ് ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തത്. മഹാന്മാരായ വ്യക്തികളെക്കുറിച്ചും സംഭവങ്ങളെക്കുറിച്ചും സൂക്ഷ്മമായ വിവരങ്ങൾ ഈ ഡയറിക്കുറിപ്പുകാരൻ നൽകുന്നുണ്ട്. ഇപ്രകാരം നൽകുന്ന വിവരങ്ങളുമായി താൻ അടുത്തു ബന്ധപ്പെട്ടിരുന്നുവെന്ന പ്രതീതി ജനിപ്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. ലോകാനുഭവം വളരെയുള്ള ഒരാളാണു താനെന്ന് വെളിവാക്കുന്നതാണ് സ്വന്തം ന്യൂനതകളും സ്നേഹോഷ്മളതയും മാനുഷികവികാരങ്ങളും പ്രകടമാക്കുന്ന അദ്ദേഹത്തിന്റെ രചനാരീതി. സാഹിത്യഭാഷയെന്ന തോന്നൽ ഡയറി ജനിപ്പിക്കുന്നില്ല. പെപ്പിസ്സിന്റെ മറെറാരു കൃതിയാണ് മെംവാസ് റിലേററിങ് ററു ദ സ്റ്റേററ് ഓഫ് ദ റോയൽ നേവി (1690). സമകാലീനസംഭവങ്ങളെക്കുറിച്ചുള്ള രേഖയെന്ന നിലയ്ക്കാണ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എവലിന്റെ ഡയറി അധികംപേരും ഇന്നു വായിക്കുന്നതു്. വിശ്വസ്തനും ചിന്താശീലനും യഥാർത്ഥ റോയലിസ്റ്റുമായ ഒരാളുടെ കാഴ്ചപ്പാടിലൂടെയാണ് എവലിൻ ഡയറി എഴുതിയതു്. ദീപ്തമെങ്കിലും അദ്ദേഹത്തിന്റെ ശൈലി പെപ്പിസിന്റേതുപോലെ അയത്നലളിതമല്ല. എവലിന്റെ ഡയറിപോലെ മററുള്ളവർക്കുവേണ്ടി എഴുതപ്പെട്ടതല്ലാത്തതിനാൽ പെപ്പിസിന്റെ ഡയറിക്കു പ്രത്യേക വശ്യതയുണ്ടു്.

ഗദ്യശാഖയ്ക്കു് ഈ യുഗത്തിലുണ്ടായ പ്രാധാന്യത്തെക്കുറിച്ചു് രണ്ടഭിപ്രായങ്ങളാം നിലവിലുണ്ടു്. ഡ്രൈഡന്റേയും ബനിയന്റേയും ഗദ്യരചനകളൊഴിവാക്കിയാൽ ഗദ്യശാഖയ്ക്കു് കാര്യമായ സ്ഥാനമൊന്നുമില്ലെന്നതാണ് ഒരു വിഭാഗത്തിന്റെ വാദം. ഇതിനു വിപരീതമായ നിലപാടാണ് മറെറാരു കൂട്ടർ സ്വീകരിച്ചിരിക്കുന്നതു്. അവരുടെ അഭിപ്രായത്തിൽ ആധുനിക ഇംഗ്ലീഷ് ഗദ്യം ഉടലെടുത്തതു് ഈ യുഗത്തിലാണ്.

സാഹിത്യവിമർശനങ്ങളാണ് ഡ്രൈഡന്റെ പ്രധാനപ്പെട്ട ഗദ്യകൃതികാം. അദ്ദേഹത്തിന്റെ വിമർശനങ്ങളാം കാലപ്രവാഹത്തിൽ വലിയ ക്ഷതമേൽക്കാതെ ഇന്നും നിലനില്ക്കുന്നു. അവയുമായി താരതമ്യപ്പെടുത്തുമ്പോഠം മററു സാഹിത്യപ്രബന്ധങ്ങാംക്കു മങ്ങലേൽക്കുന്നതായി കാണാം. മററുള്ളവരുടെ ഗദ്യരചനകളേക്കാം ഔന്നത്യം പുലർത്തുന്ന ഡ്രൈഡന്റെ ഉപന്യാസങ്ങാംക്കു് അക്ഷയമായ ഓജസ്സും സത്തയുമുണ്ടു്.

ഡ്രൈഡനു മുമ്പു് ഒററപ്പെട്ട ചില വിമർശനങ്ങളുണ്ടായിരുന്നതൊഴിച്ചാൽ എണ്ണപ്പെട്ട വിമർശനകൃതികാം ഇല്ലായിരുന്നെന്നു തന്നെ പറയാം. വിമർശനത്തിന്റെ മേഖലയിൽ ചുവടുറപ്പിക്കാൻ ഇതൊരു അനുകൂലസാഹചര്യമായിരുന്നു. അന്നുവരെയുള്ള ഇംഗ്ലീഷ് സാഹിത്യത്തെക്കുറിച്ചു് അഗാധമായ അറിവും ശക്തവും വ്യക്തവുമായ വിവേചനബുദ്ധിയും തന്റെ വാദമുഖങ്ങാം ഉറപ്പിക്കാനുള്ള സാമർത്ഥ്യവും ഡ്രൈഡന്റെ സിദ്ധികളായിരുന്നു. പ്രാചീനസാഹിത്യം ആഴത്തിൽ പഠിച്ചു്, അവയുടെ നിയമങ്ങാം ഏദിസ്ഥമാക്കിയതോടൊപ്പം ആധുനികരുടെ രചനാസങ്കേതങ്ങളും അദ്ദേഹം മനസ്സിലാക്കി. ദി എസ്സേ ഓഫ് ഡ്രമാററിക് പോയസി (1668), ദ പ്രിഫെസ് ററു ദ ഫേബിാംസ് (1699) എന്നിവയാണ് ഡ്രൈഡന്റെ രണ്ടു പ്രധാന വിമർശനകൃതികാം. ഡ്രൈഡനും സ്യാലനായ സർ റോബർട്ട്ഹവർഡുമായുണ്ടായ സാഹിത്യപരമായ വിവാദത്തെ തുടർന്നു രചിച്ച അഞ്ചു് ഉപന്യാസങ്ങളിൽ മൂന്നാമത്തേതാണ് ദി എസ്സേ. നാലുപേർ പങ്കെടുക്കുന്ന ഒരു സംഭാഷണത്തിന്റെ രീതിയിലാണ് പ്രസ്തുത ലേഖനം. പ്രാചീന ഗ്രീസിൽ പ്രചാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രത്തിലിരുന്ന സംവാദരീതി, യുക്ത്യധിഷ്ഠിതമായ വാദമുഖങ്ങൾ അവതരിപ്പിക്കാൻ ഡ്രൈഡനെ സഹായിച്ചു. വാദവിഷയത്തിൻെറ ഓരോ വശവും കൈകാര്യംചെയ്യുന്നതിലെ ന്യായം കൊണ്ടുതന്നെ അറിയാം എത്ര വിശാലമായിരുന്നു അദ്ദേഹത്തിൻെറ മനസ്സെന്നു്. പെട്ടെന്നു് തള്ളിത്താഴെയിടാവുന്ന കച്ചിക്കോലങ്ങളായിരുന്നില്ല അന്നത്തെ സാഹിത്യശില്പികൾ. തനിക്കു സ്വീകാര്യമെന്നു തോന്നാത്ത വിഷയങ്ങൾ അവതരിക്കപ്പെട്ടപ്പോഴും അങ്ങേയററം സംയമനം പാലിക്കാറുണ്ട് ഡ്രൈഡൻ.

മൂന്നു പ്രശ്നങ്ങളാണ് 'ദി എസ്സേ'യിൽ ചർച്ചചെയ്യുന്നതു്. 1) പ്രാചീനവും ആധുനികവുമായ നാടകങ്ങളെ തുലനം ചെയ്തു് അവയുടെ മൂല്യനിർണ്ണയം നടത്തുക. 2) ഫ്രഞ്ചുനാടകവും, എലിസബീത്തൻ നാടകമുൾപ്പെടെയുള്ള ഇംഗ്ലീഷ്നാടകവും താരതമ്യപ്പെടുത്തി വിലയിരുത്തുക. 3) പ്രാസബദ്ധവും പ്രാസമുക്തവുമായ പദ്യം ട്രാജഡിയുടെ രചനയിൽ സ്വീകരിക്കുന്നതിൻെറ നേട്ടങ്ങളും കോട്ടങ്ങളും ചർച്ചചെയ്യുക.

എലിസബീത്തൻ നാടകത്തെക്കുറിച്ചു്, പ്രത്യേകിച്ചും ഷേക്സ്പിയറെക്കുറിച്ചു്, ഡ്രൈഡൻ നടത്തുന്ന വിലയിരുത്തൽ പ്രശസ്തവിമർശകരുടെ പ്രശംസ പിടിച്ചുപററിയിട്ടുണ്ട്. ഇവിടെ ഡോക്ടർ ജോൺസനെ ഉദ്ധരിക്കുന്നതു് ഉചിതമായിരിക്കും:

> സൂക്ഷ്മവും എന്നാൽ നേർത്തുപോകാത്തതും, ഗംഭീരവരവും എന്നാൽ അതിശയോക്തി കലർത്താതെയും ഷേക്സ്പിയറെക്കുറിച്ചു നടത്തുന്ന വിലയിരുത്തൽ മണ്ഡനവിമർശനത്തിനു് എക്കാലവും ഒന്നാന്തരം മാതൃകയായി നിലകൊള്ളും.... ഒരു കഥാപാത്രത്തെക്കുറിച്ചുള്ള സങ്കൽപം അവരുടെ പരിമിതികളെക്കുറിച്ചു് അതീവ ശ്രദ്ധയോടെയും വിപുലമായും ഏതാനും വരികളിൽ അദ്ദേഹം പ്രദർശിപ്പിക്കും. അതിൽ ഒരു തരിപോലും കൂട്ടിച്ചേർക്കാനോ എടുത്തുകളയാനോ പരിഷ്ക്കരിക്കാനോ സാദ്ധ്യമല്ല. ഷേക്സ്പിയറുടെ ആരാധകന്മാർക്കോ എഡിററർമാർക്കോ അവരുടെ ആദരപ്രകടനവ്യഗ്രതയിൽ ഡ്രൈഡൻ പരാവർത്തനംചെയ്തു സംഗ്രഹിച്ചു പറഞ്ഞതിനേക്കാൾ അല്പമെങ്കിലും കൂടുതൽ പറഞ്ഞെന്നു് അഭിമാനിക്കാൻ നിർവ്വാഹമില്ല.

ഡ്രൈഡൻെറ വിമർശനകൃതികളിൽ അടുത്തതു് ഫേബിൾസ്, ഏൻഷ്യൻറ് ആൻറ് മോഡേൺ (1699) എന്ന ഗ്രന്ഥത്തിനെഴുതിയ മുഖവുരയാണ്. ചോസർ, ബൊക്കാച്ചിയോ, ഓവിഡ് എന്നിവരുടെ കഥകളുടെ പദ്യപരാവർത്തനമാണ് പ്രസ്തുത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗ്രന്ഥം. ഹോമറും വെർജിലും തമ്മിലും ഓവിഡും ചോസറും തമ്മിലും ബൊക്കാച്ചിയോയും ചോസറും തമ്മിലുമുള്ള താരതമ്യപഠനങ്ങളാണ് ദ പ്രിഫെസ്. സാഹിത്യരംഗത്തു് ഡ്രൈഡൻെറ എതിരാളികളായ മിൽബൺ, ബ്ലാക്മൂർ, കൊളിയർ എന്നിവക്കു കടുത്ത പ്രഹരമേൽപ്പിച്ചുകൊണ്ടാണ് ഡ്രൈഡൻ വിമർശനം അവസാനിപ്പിക്കുന്നതു്. അവരുടെമേൽ ഡ്രൈഡൻ ചൊരിയുന്ന ആക്ഷേപഹാസം കുത്തുവാക്കുകളുപയോഗിക്കാനും ഒളിയമ്പു പ്രയോഗിക്കാനും അദ്ദേഹത്തിനുള്ള പാടവം ഒട്ടും കുറഞ്ഞിട്ടില്ലെന്നുള്ളതിനു തെളിവാണ്.

ഏകാഗ്രത പാലിക്കാതെ ക്രമരഹിതമായി എഴുതിപ്പോയിരിക്കുന്ന പ്രിഫെസ് ഫ്രെഞ്ച് ഉപന്യാസകർത്താവായ മൺടെയ്നിനെ അനുസ്മരിപ്പിക്കുന്നു. നർമ്മരസം തുളുമ്പിനിൽക്കുന്ന ഈ കൃതി നിറയെ ഓജസ്സുററ ബിംബകൽപനകളുണ്ടു്. ഒരു വിമർശകനെന്ന നിലയ്ക്കു് ഡ്രൈഡൻെറ വൈഭവം മുഴുവൻ ഇതിൽ തെളിഞ്ഞുകാണുന്നു. താരതമ്യവിമർശനത്തിനു തുടക്കം കുറിച്ചതു ഡ്രൈഡനാണ്. ഈ കൃതിയിലും എസ്സേ ഓഫ് ഡ്രമാററിക് പോയസിയിലുംകൂടി താരതമ്യവിമർശനത്തിൻെറ നായകനാണ് താനെന്നു് ഡ്രൈഡൻ തെളിയിക്കുന്നു. പ്രബോധനസ്വഭാവമുള്ള നിരൂപണത്തെ ആദ്യമായി മറികടന്നതും മററാരുമല്ല. സാഹിത്യപരമായ കാര്യങ്ങളിൽ അവസാനവാക്കു് വായനക്കാരുടേതാണെന്നും അവർതന്നെ വിധികൽപിക്കണമെന്നുമാണ് അവരുടെ നിലപാടു്. ആകെക്കൂടി പറഞ്ഞാൽ സാഹിത്യവിമർശനത്തിൽ ഡ്രൈഡൻെറ സംഭാവനകൾ സമൃദ്ധവും വിഭിന്നസ്വഭാവം പുലർത്തുന്നവയുമാണ്. ഡോക്ടർ ജോൺസൺ വിശേഷിപ്പിച്ചതുപോലെ ഇംഗ്ലീഷ് വിമർശനത്തിൻെറ പിതാവെന്ന സ്ഥാനത്തിനു് തികച്ചും അർഹനാണ് ഡ്രൈഡൻ.

ഡ്രൈഡൻെറ ഗദ്യശൈലിയെ പരാമർശിക്കാത്ത പഠനം പൂർണ്ണമാകുകയില്ല. ഉപന്യാസകാരനോ, ലഘുലേഖാകർത്താവിനോ മതപ്രഭാഷകനോ, വിമർശകനോ പ്രയോജനപ്പെടുന്ന ഒരു ശൈലി രൂപപ്പെടുത്തിയെടുക്കുന്നതിൽ മുൻഗാമികളുടെ സഹായം അദ്ദേഹത്തിനു ലഭിച്ചിട്ടില്ല. ഡ്രൈഡനു മുമ്പു് ഗദ്യരചന നടത്തിയ ബേക്കൺ, ഹൂക്കർ, മിൽട്ടൺ, ജെറെമി ടെയ്ലർ, ബനിയൻ തുടങ്ങിയ മഹാരഥന്മാരുടെ ശൈലി തികച്ചും വ്യക്തിഗതമായിരുന്നു. ഒരുവശത്തു് വിലക്ഷണമായ ക്ലാസ്സിസിസത്തിലേക്കും, മറുവശത്തു് അനാഡംബരമായ സംസാരഭാഷയിലേക്കും വഴുതിപ്പോയേക്കാവുന്ന അബദ്ധം ഡ്രൈഡനു പിണഞ്ഞിട്ടില്ല. ധാരാളം പറയാനുണ്ടായിരുന്ന അദ്ദേഹ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിനു്. അതെല്ലാം വ്യക്തവും ദീപ്തവുമായി അവതരിപ്പിക്കാൻ തനിക്കു കഴിഞ്ഞുവെന്നതു് ഒരു നിസ്സാരകാര്യമല്ല. സ്വാഭാവികമായ ഗദ്യശൈലി വികസിപ്പിച്ചെടുക്കുന്നതിൽ ഇതു് കാര്യമായ പങ്കു വഹിച്ചു. നെടുങ്കൻവാചകങ്ങളും വ്യാകീർണ്ണമായ വാക്യങ്ങളും യുക്തിക്കു നിരക്കുന്നതല്ലെന്നു് താൻ കരുതി. ആശയാവിഷ്ക്കാരത്തിനു പ്രസാദവും സൂക്ഷ്മതയും മുഖ്യലക്ഷ്യമായി അദ്ദേഹം അംഗീകരിച്ചു. സരളവും പ്രസന്നവും ചൈതന്യവത്തുമായ ശൈലിയുടെ ഉടമകളായ ഇംഗ്ലീഷ് സാഹിത്യകാരന്മാരിൽ അദ്വിതീയനാണു് ഡ്രൈഡൻ.

ഏഴ്

പോപ്പ്—ജോൺസൺ കാലഘട്ടം

(1700—1798)

ഏതാണ്ടു് പതിനെട്ടാം നൂററാണ്ടു മുഴുവൻ നിറഞ്ഞുനില്ക്കുന്നതാണു് ഈ കാലഘട്ടം. കവിതയുടെ കാര്യത്തിൽ അഗസ്റ്റൻ പാരമ്പര്യമാണു് ഇക്കാലത്തും തുടന്നുവന്നതു്. ഈ കാലഘട്ടത്തിൻെറ അധൃഷ്യനായ പ്രതിനിധിയാണു് അലക്സാണ്ടർ പോപ്പ്. അഗസ്റ്റൻകവിതയുടെ പ്രവണതകൾ ആകാവുന്നിടത്തോളം നിലനിർത്തിയതു് അദ്ദേഹമാണു്. പിന്നീടു് ജോൺസൺ ഈ പാരമ്പര്യം തുടന്നു.

എന്നാൽ പോപ്പിൻെറ മരണത്തിനു മുൻപുതന്നെ വേഡ്സ്‌വത്ത് തുടങ്ങിയ റൊമാൻറിക്പ്രസ്ഥാനക്കാർ കാവ്യശൈലിയെ സ്വാധീനിക്കുവാൻ തുടങ്ങിയിരുന്നു. അഗസ്റ്റൻകവിതയിൽനിന്നു് റൊമാൻറിക്കവിതയിലേക്കുള്ള പരിവർത്തനം സൃഷ്ടിച്ചവരിൽ പ്രമുഖരാണു് ജെയിംസ് തോംസൺ, തോമസ് ഗ്രേ, വില്യം കോളിൻസ്, വില്യം കൂപ്പർ എന്നിവർ. ഇവരെ സംക്രമണകവികൾ (ട്രാൻസിഷൻ പോയററ്സ്) എന്നാണു വിശേഷിപ്പിക്കുന്നതു്. അഗസ്റ്റൻസ്കൂളിൻെറ പ്രത്യേകതകൾക്കൊപ്പം റൊമാൻറിക്കവിതയുടെ സവിശേഷതകളും ഇവരിൽ കണ്ടെത്താം. പ്രകൃതിയിലേക്കുള്ള മടങ്ങിപ്പോക്കു്, സാധാരണക്കാരുടെ ജീവിതത്തോടുള്ള പ്രതിപത്തി, ഹിറോയിക് കപ്പ്ലററിൻെറയും ഹിറോയിക്സ്റ്റാൻസയുടേയും ആധിപത്യത്തിൽനിന്നുള്ള മോചനം എന്നിവ ഇവർ തുടങ്ങിവച്ച

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

റൊമാൻറിക്പ്രസ്ഥാനത്തിൻെറ സ്വഭാവങ്ങളാണ്. നാടകത്തിൻെറ കാര്യത്തിൽ വലിയ നേട്ടമൊന്നും ഈ കാലഘട്ടത്തിന് അവകാശപ്പെടാനില്ല. പുനരവരോധകാലഘട്ടത്തിലെ ആചാരപ്രധാനനാടകങ്ങൾ (കോമഡി ഓഫ് മാനേഴ്സ്) പതിനെട്ടാം നൂററാണ്ടിൻെറ ആദ്യദശകങ്ങളിലെ അതിഭാവുക നാടകങ്ങ(സെൻറിമെൻറൽ കോമെഡി)ളായി മാറിവന്നതായി തോന്നി. ഇവയെ പുറന്തള്ളിക്കൊണ്ട് ഗോൾഡ്സ്മിത്തും ഷെറിഡെനും വികാരപ്രധാനനാടകങ്ങൾ (കോമെഡി ഓഫ് ഹ്യൂമർ) ആവിഷ്കരിച്ചു.

എന്നാൽ പതിനെട്ടാം നൂററാണ്ട് പ്രധാനമായും ഗദ്യസാഹിത്യത്തിൻെറ യുഗമാണ്. പുതിയ സാഹിത്യരൂപങ്ങളുടെ ഉദയവികാസങ്ങൾക്ക് ഈ കാലഘട്ടം സാക്ഷ്യംവഹിച്ചു. ആനുകാലികപ്രസിദ്ധീകരണങ്ങളിൽ ക്രമമായി പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന ഉപന്യാസങ്ങളാണ് ഇവയിലൊന്ന്. റിച്ചേഡ് സ്റ്റീൽ, ജോസഫ് അഡിസൺ, ഒലിവർ ഗോൾഡ്സ്മിത്ത് എന്നിവരുടെ കൈകളിൽ ഇത്തരം ഉപന്യാസങ്ങൾ പൂർണ്ണമായി വികസിച്ചു. വിമർശനത്തെ ഒരു സാഹിത്യരൂപത്തിൻെറ നിലവാരത്തിലേക്കുയർത്തിയതു് വിമർശനാഗ്രേസരനായ ഡോ. ജോൺസൻതന്നെയാണ്. പ്രസിദ്ധ ചരിത്രകാരനായ എഡ്വേർഡ്ഗിബൺ, വിഖ്യാതരാഷ്ട്രീയചിന്തകനായ എഡ്മണ്ട്ബർക്ക് എന്നിവരും ഈ കാലഘട്ടത്തിൻെറ സന്തതികളാണ്. ഉദ്ധതവും, ആർഭാടപൂർവ്വകവുമായ ഇവരുടെ ഗദ്യശൈലി ഇംഗ്ലീഷ്ഭാഷയിൽ ചിരപ്രതിഷ്ഠ നേടി. ഇക്കാലത്തെ യശസ്വികളിലൊരാളാണ് ഉൽകൃഷ്ടഗദ്യകാരനും വ്യാജോക്തിയിൽ അദ്വിതീയനുമായ സ്വിഫ്ററ്.

ഇതൊക്കെയാണെങ്കിലും കഥാസാഹിത്യത്തിൻെറ മേഖലയിലാണ് ഈ കാലഘട്ടം ഏററവും വിശ്രുതമായിരിക്കുന്നതു്. കഥാസാഹിത്യത്തിലെ അതികായന്മാരായ റിച്ചേഡ്സൺ, ഫീൽഡിങ്, സ്റ്റേൺ, സ്മോളററ് എന്നിവരുടെ രചനകൾ നോവൽസാഹിത്യത്തെ വികസിപ്പിച്ചെന്നുമാത്രമല്ല, അതിൻെറ നാനാമുഖമായ വളർച്ചയ്ക്കു വഴിയൊരുക്കിത്തീർക്കുകയും ചെയ്തു. മൊത്തത്തിൽ ഇംഗ്ലീഷ് സാഹിത്യചരിത്രത്തിലെ അതിപ്രധാനമായ ഒരു കാലഘട്ടമാണ് പതിനെട്ടാംനൂററാണ്ട്.

മറേറതു കവികളെക്കാളും വിവാദപുരുഷനാണ് അലക്സാണ്ടർ പോപ്പ് (1688—1744). അദ്ദേഹത്തിൻെറ കൃതികളെ സംബന്ധിച്ചു വിഭിന്നാഭിപ്രായങ്ങളുണ്ട്. പോപ്പിനെ നിന്ദിക്കുന്നവർ ഒരു കവിയെന്നു വിളിക്കപ്പെടാൻ അദ്ദേഹത്തിനുള്ള അർഹതയെത്തന്നെ ചോദ്യംചെയ്യുമ്പോൾ അദ്ദേഹത്തിൻെറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആരാധകൻ അദ്ദേഹത്തെ വാഴ്ത്തിപ്പാടുന്നു. 'പോപ്പ് കവിയല്ലെങ്കിൽ പിന്നെന്താണു കവിത?' എന്നാണ് ഡോ. ജോൺസൻെറ ചോദ്യം. കാവ്യത്തിനു് ആകർഷകമായ രൂപം നല്കാനുള്ള കഴിവും, സദ്ഗ്ഗശക്തിയും, ഭാവനാവിലാസവും, തീക്ഷ്ണവികാരവുമാണ് ഒരു യഥാത്ഥ കവിയുടെ ലക്ഷണങ്ങളെങ്കിൽ പോപ്പ് ഒരു ഒന്നാംകിട കവിയല്ല. പദ്യരചനാവൈഭവവും, സാധാരണമായ ആശയങ്ങൾപോലും വിദഗ്ദ്ധമായും ഉചിതമായും സംക്ഷേപിച്ച് ആവിഷ്കരിക്കാനുള്ള ശക്തിയുമാണ് ഒരു കവിക്കു വേണ്ടതെന്നു സമ്മതിച്ചാൽ പോപ്പിൻെറ അടുത്തെത്തുമെത്താൻ യോഗ്യതയുള്ള കവികൾ ഇംഗ്ലീഷിലില്ലെന്നു പറയേണ്ടിവരും. ഷേക്സ്പിയറെ ഒഴിച്ചുനിർത്തിയാൽ ഇംഗ്ലീഷ് ഭാഷയിൽ ഉദ്ധാരണയോഗ്യമായ വരികൾ ഏററവുമധികം സംഭാവനചെയ്തിരിക്കുന്നതു് പോപ്പാണ്. അദ്ദേഹത്തിൻെറ കവിതകൾ വൈകാരികവും കാല്പനികവുമെന്നതിലുപരി ധൈഷണികവും പ്രബോധനപരവും പരിഹാസാത്മകവുമാണ്.

നന്നെ ചെറുപ്പത്തിൽത്തന്നെ പോപ്പിൻെറ കാവ്യജീവിതം ആരംഭിച്ചുകഴിഞ്ഞു. താൻ കുഞ്ഞായിരിക്കുമ്പോൾ വത്തമാനം പറഞ്ഞു പഠിച്ചതുതന്നെ കവിതയിലാണെന്നതാണ് പോപ്പിൻെറ അഭിപ്രായം. എങ്കിലും പോപ്പിൻെറ ഗഹനമെന്നു പറയാവുന്ന ആദ്യത്തെ കൃതി ആൻ എസ്സേ ഓൺ 'ക്രിട്ടിസിസം പ്രസിദ്ധീകരിച്ചതു് 1711–ൽ മാത്രമാണ്. അദ്ദേഹത്തിൻെറ വിമർശനം മൗലികമല്ല. അതേസമയം വിമർശതത്വങ്ങൾ സൂക്ഷ്മമായും സംക്ഷിപ്തമായും അവതരിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തിൻെറ കൃതിയിൽ അനവരതം ഉദ്ധരിക്കാവുന്ന അനേകം വരികളുമുണ്ട്.

ആൻ എസ്സേ ഓൺ ക്രിററിസിസം പ്രസിദ്ധീകരിച്ച് ഏറെത്താമസിയാതെതന്നെ ഇംഗ്ലീഷിലെ ഏററവും മഹത്തായ പരിഹാസേതിഹാസകാവ്യങ്ങളിലൊന്നായ ദ റേപ് ഓഫ് ദ ലോക്ക് (1712) പുറത്തുവന്നു. ലണ്ടനിലെ രണ്ടു കത്തോലിക്കാ ഭവനങ്ങൾ തമ്മിൽ നടന്ന യഥാർത്ഥ കലഹത്തിൻെറ കാവ്യാവിഷ്കാരമാണിതു് (പോപ്പും ഒരു കത്തോലിക്കനായിരുന്നു). ഒരു യുവതിയുടെ ഒരു മുടിച്ചുരുൾ അവളുടെ ആരാധകൻ മുറിച്ചെടുക്കുന്നതാണ് കലഹത്തിനു കാരണം. സ്ത്രീകളുടെ അൽപ്പത്തരങ്ങളെയും വിഡ്ഢിത്തങ്ങളെയും പരിഹസിക്കുകയാണ് ഇതിൽ ചെയ്തിരിക്കുന്നതു്. തികഞ്ഞ നർമ്മരസത്തോടെ സ്ത്രീകളുടെ തെററുകുററങ്ങളെയെല്ലാം കവി സരസമായി ആക്ഷേപിച്ചിരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ കാവ്യങ്ങളൊക്കെ ഒരു കവിയെന്ന നിലയിൽ പോപ്പിൻെറ കീർത്തി ഉയർത്തി. എന്നാൽ പോപ്പിനു ധനം സമ്പാദിച്ചുകൊടുത്തതും, ഐശ്വര്യപൂർണ്ണമായ ഭാവി വാഗ്ദാനം ചെയ്തതും അദ്ദേഹത്തിൻെറ ഹോമർ പരിഭാഷയാണ്. ഇതു സാമ്പത്തികമായി വലിയ വിജയമായിരുന്നെങ്കിലും യഥാർത്ഥ ഹോമർ കവിതയുടെ സത്ത പരിഭാഷയിൽ നിലനിർത്തുന്നതിൽ ഹോമർ പരാജയപ്പെട്ടു. ഇതിൻെറ മുഖ്യകാരണം പോപ്പിനു ഗ്രീക്ക് ഭാഷയിൽ അഗാധമായ പാണ്ഡിത്യം ഇല്ലായിരുന്നു എന്നതാണ്.

പോപ്പിനു് വേണമെന്നുണ്ടെങ്കിൽ വികാരങ്ങൾ സമർത്ഥമായി ആവിഷ്കരിക്കാൻ കഴിയുമെന്നുള്ളതിനുള്ള തെളിവാണ് 'ദി എലിജി ററു ദ മെമ്മറി ഓഫ് ആൻ അൺഫോർച്ചുനേററ് ലേഡി' (1717), 'ദി എപ്പിസിൽ ഓഫ് ഇലോയിസ ററു അബിലാർഡ്'' (1717) എന്നീ കവിതകൾ.

പോപ്പിനെ ഏതെങ്കിലും തരത്തിൽ പ്രകോപിപ്പിച്ചവരോടെല്ലാം പ്രതികാരം വീട്ടുന്ന ഒരു ഹാസ്യകവനമാണ് ദ ഡൺസിയഡ്. ഇതിൻെറ ആദ്യപതിപ്പ് (1728–ലും, രണ്ടാം പതിപ്പ് 1742-ലും പുറത്തിറങ്ങി. ഇതിൻെറ ആദ്യപതിപ്പിൽ പോപ്പ് തിയബാൾഡിനെ മണ്ടന്മാരുടെ നേതാവായി അവരോധിച്ചിരിക്കുന്നു. ഷേക്സ്പിയർനാടകങ്ങളുടെ ശ്രദ്ധേയമായ പതിപ്പുകൾ പുറത്തിറക്കിയ തിയബാൾഡ് പോപ്പിൻെറ എഡിഷനിൽ വന്നിട്ടുള്ള തെററുകൾ ചൂണ്ടിക്കാണിച്ചുവെന്നതാണു ഇതിനു കാരണം. രണ്ടാം പതിപ്പിൽ തിയബാൾഡിനു സ്ഥാനത്തു കോളിസിബറിനെയാണ് കവി പ്രതിഷ്ഠിച്ചിരിക്കുന്നതു്. ഇതിൻെറ അവസാനവരികൾ സഹൃദയരിൽ നിന്നും അങ്ങേയററം പ്രശംസ പിടിച്ചു പററുകയുണ്ടായി. പോപ്പിൻെറ മഹത്തായ കൃതികൾ ഹോറസിൻെറ അനുകരണങ്ങൾ അല്ലെങ്കിൽ കാവ്യലേഖനങ്ങളും (എപ്പിസിൽസ്), പരിഹാസകാവ്യങ്ങളുമാണ്. ഹോറസിൻെറ ഹാസ്യകൃതികളെ പോപ്പിനും സമകാലികർക്കും അനുരൂപമായ വിധത്തിൽ മാററിയെടുക്കാനുള്ള അദ്ദേഹത്തിൻെറ വൈദഗ്ദ്ധ്യം ശ്ലാഘനീയമാണ്. ഇത്തരം അനുകരണങ്ങളിൽ ഏററവും ഉത്തമമെന്നു പറയാവുന്നതു് 'ആൻ എപ്പിസിൽ ററു ഡോക്ടർ ആർബതുനോട്ട്'' എന്ന കവിതയാണ്. ഇതിൽ കവി സ്വന്തം സ്വഭാവത്തെ ഉജ്ജ്വലമായി വിവരിക്കുകയും, ലോർഡ് ഹാർവി (സ്പോറസ്), അഡിസൺ (അററിക്കസ്) എന്നിവരുടെ നേരെ രൂക്ഷമായ ആക്ഷേപം ചൊരിയുകയും ചെയ്തു.

ദി എസ്സേ ഓൺ മാൻ (1732–34) എന്ന കൃതിയെക്കുറിച്ചു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൂടി ഇവിടെ സൂചിപ്പിക്കേണ്ടിയിരിക്കുന്നു. തൻെറ 'മിത്രവും, തത്വജ്ഞാനിയും, വഴികാട്ടിയു'മായ ലോർഡ് ബോളിങ്ബ്രോക്കിൻെറ ദാർശനികവിശ്വാസങ്ങൾക്ക് കാവ്യപരിവേഷം നൽകുക മാത്രമാണ് ഈ കൃതിയിൽ പോപ്പ് ചെയ്തിരിക്കുന്നതു്. ഇതിലെ പ്രധാന ആശയം 'ഏതൊന്നാണോ ഉണ്മയായിട്ടുള്ളതു് അതുതന്നെയാണ് നല്ലതു്' എന്ന വാക്കുകളിൽ അടങ്ങിയിരിക്കുന്നു. അതായതു് മനുഷ്യരാശിയുടെ ഇന്നത്തെ നിലയാണ് ഏററവും ഉത്തമമായ അവസ്ഥ. ഒരു തത്വശാസ്ത്രം എന്ന നിലയിൽ ഇതിനു വലിയ മൂല്യമൊന്നുമില്ലെന്നു പറയപ്പെടുന്നു. ഇതൊക്കെയാണെങ്കിലും ദി എസ്സേയുടെ കാവ്യഭംഗി അതിവിശിഷ്ടമാണ്. മിക്ക വരികളും ആശയം ഉചിതമായി അഭിവ്യഞ്ജിപ്പിക്കുന്നതും, അക്കാരണംകൊണ്ടുതന്നെ കൂടെക്കൂടെ ഉദ്ധരിക്കാവുന്നതുമാണ്.

പ്രധാനമായും ഒരു സാററിസ്റ്റായ പോപ്പിൻെറ കൃതികളുടെ സവിശേഷതകൾ ഒന്നു പരിഗണിക്കാം. ദ റേപ്പ് ഓഫ് ദ ലോക്കിൽ അദ്ദേഹം അന്നത്തെ സ്ത്രീകളിൽ പൊതുവെ പ്രകടമായിരുന്ന കുററങ്ങളേയും, കുറവുകളേയും ആക്ഷേപിക്കുകയാണെങ്കിൽ ദ ഡൺസിയഡ്, ദ ഇമിറേറഷൻസ് ഓഫ് ഹോറസ് എന്നിവയിൽ പരിഹാസം വ്യക്തിഗതമാണ്. പരിഷ്കാരികളായ സ്ത്രീകളുടെ ചിത്രമാണ് ദ റേപ്പ് ഓഫ് ദ ലോക്ക് കാഴ്ചവെക്കുന്നതു്. പോപ്പിൻെറ അഭിപ്രായത്തിൽ ഒരു സ്ത്രീക്ക് മറെറന്തിനേക്കാളും ശ്രദ്ധ സ്വന്തം മുഖകാന്തിയിലും, ആകാരസൗഷ്ഠവത്തിലുമാണ്. ബെലിൻഡയുടെ അണിഞ്ഞൊരുങ്ങൽ വിവരിക്കുന്നതിലൂടെയാണ് പോപ്പ് ഇവിടെ ഹാസ്യം സൃഷ്ടിച്ചിരിക്കുന്നതു്. അണിഞ്ഞൊരുങ്ങലാണ് അവരുടെ പരിപാവനമായ കർമ്മം. പുഞ്ചിരി രൂപപ്പെടുത്തിയെടുക്കുന്നതും, പ്രസാദം വരുത്തുന്നതും, ലജ്ജ സൃഷ്ടിച്ചെടുക്കുന്നതും, കണ്ണുകളിൽ മിന്നലൊളികൾ വരുത്തുന്നതുമൊക്കെ ചമയങ്ങളുടെ സഹായത്താലാണ്. ഭർത്താവിനെക്കാൾ അവർക്കു പ്രിയപ്പെട്ടതു് തൻെറ മടിത്തട്ടിൽ വളർത്തുന്ന അരുമ നായയാണ്. പരിഷ്കാരത്തിനു വേണ്ടിയുള്ള ചപലമായ വേലകൾക്കാണ് അവരുടെ സമയം മുഴുവനും ചെലവഴിക്കുന്നതു്.

'ദ റേപ്പി ഓഫ് ദ ലോക്കിലെ' പരിഹാസം നർമ്മരസം കലർന്നതും, മനുഷ്യരുടെ പൊതുസ്വഭാവത്തെ വെളിപ്പെടുത്തുന്നതുമാണ്. അതിൽ നിന്ദയോ, വിദ്വേഷമോ അടങ്ങിയിട്ടില്ല. എന്നാൽ ദ ഇമിറേറഷൻസ് ഓഫ് ഹോമർ, ദ ഡൺസിയഡ് എന്നിവയിൽ പരിഹാസം വ്യക്തിഗതമായ പകപോക്കലിനുള്ള ഉപാധിയായി തീർന്നിരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പോപ്പിൻെറ പരിഹാസകാവ്യങ്ങളുടെ ഉദ്ദേശ്യങ്ങളും വ്യത്യസ്തങ്ങളാണ്. ഏതെങ്കിലും തരത്തിൽ തന്നെ പ്രകോപിപ്പിച്ചിട്ടുള്ളവരെല്ലാം തൻെറ ആജന്മശത്രുക്കളാണെന്ന് അദ്ദേഹംതന്നെ ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുണ്ട്. അവരൊക്കെ പോപ്പിൻെറ കൊടിയ വിദ്വേഷത്തിനും, തീക്ഷ്ണമായ ആക്ഷേപത്തിനും ഇരയാകുകയും ചെയ്തു. ലോർഡ്ഹാർവിക്കെതിരേയുള്ള വിമർശനം നിഷ്ഠുരമായ ഒരു നിന്ദാലേഖനമായി തരംതാണിരിക്കുന്നു.

സമർത്ഥനായ ഈ കവി തൻെറ വൈഭവം ദുർവ്യയം ചെയ്തിരിക്കുകയാണെന്നു കാണാം. സാഹിത്യത്തെ ദൂഷിപ്പിച്ച മൂന്നാംകിട കവിതകൾ കവിതയിൽ നിലനില്പു കിട്ടിയതു് പോപ്പിൻെറ ഹാസ്യകവനങ്ങളിലാണ്. ഈച്ചയെ കൊല്ലാൻ കൂററൻ ചുററിക ഉപയോഗിക്കുന്നവരെപ്പോലെയോ, ചാണകക്കുന്ന തകർക്കാൻ പീരങ്കി പ്രയോഗിക്കുന്നവനെപ്പോലെയോ ആണ് പോപ്പ് എന്നു് നമുക്കു തോന്നും.

പൊട്ടക്കവികളെ കുററപ്പെടുത്തുമ്പോൾ അവരുടെ കവിതയെ വിമർശിക്കുന്നതിനു പകരം അവരുടെ ദാരിദ്ര്യത്തെയാണു അദ്ദേഹം പുച്ഛിക്കുന്നതു്. അത്താഴപ്പട്ടിണിക്കാരായ കവികൾ കാവ്യരചന നടത്തുന്നതു് ഏതോ മഹാപാതകം ചെയ്യുന്നതിനു തുല്യമാണെന്നാണ് പോപ്പിൻെറ നിലപാടു്.

പോപ്പിൻെറ പരിഹാസം വിദ്വേഷം നിറഞ്ഞതും, പക പോക്കാൻ ഉദ്ദേശിച്ചുള്ളതുമാണെങ്കിലും അതിൽ യഥാർത്ഥ വികാരം തുളുമ്പിനില്ക്കുന്നു. തൻെറ പരിഹാസത്തിനു ശരവ്യമാകുന്നവരുടെ വൈകല്യങ്ങളും, കളങ്കങ്ങളും ഫലപ്രദമായി സംയോജിപ്പിച്ച് അവരുടെ ഒരു പൂർണ്ണകായചിത്രം അദ്ദേഹം വരച്ചിട്ടുകുന്നു.

പരിഹാസകവനങ്ങളുടെ മാദ്ധ്യമമായി ഹിറോയിക്ക് കപ്ലററാണ് ഡ്രൈഡനെപ്പോലെ പോപ്പും സ്വീകരിച്ചതു്. കപ്ലററിനെ കുറെക്കൂടി സംസ്കരിക്കുകയും, ചിട്ടപ്പെടുത്തുകയും ചെയ്യുന്ന ജോലികൂടി പോപ്പ് ഏറെറടുത്തു. വായനക്കാർക്കു് കൈയടിക്കാൻ സമയം കൊടുക്കാനെന്നോണം ഓരോ വരിയുടെ അന്ത്യത്തിലും, ചിലപ്പോൾ വരിയുടെയും നടുക്കും യതി സൃഷ്ടിച്ചതു് അദ്ദേഹമാണ്. മൂവടി (triplet)കളും നീണ്ടുനീണ്ടുപോകുന്ന (run on) വരികളും പോപ്പ് ഒഴിവാക്കി. ഡ്രൈഡനും, പോപ്പുമാണ് ഹിറോയിക്ക് കപ്ലററിൻെറ മുഖ്യ പ്രയോക്താക്കൾ.

ജെയിംസ് തോംസണെ (1700—'48) സംക്രമണകവികളിൽ ഒരാളായിട്ടാണ് സാധാരണയായി കണക്കാക്കിവരുന്നതു്. ഇങ്ങനെ പറയുന്നതിനു് ഒരടിസ്ഥാനമുണ്ടു്. അലക്സാണ്ടർ പോപ്പിനെപ്പോലെയുള്ള സമകാലീനകവികൾ ലണ്ടൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നഗരത്തിലെ ആഡംബരജീവിതത്തെ സംബന്ധിച്ച കവിതകൾ എഴതിക്കൊണ്ടിരുന്നപ്പോൾ തോംസൺ നാട്ടിൻപുറത്തേക്ക ശ്രദ്ധ തിരിക്കുകയും, പ്രകൃതിദൃശ്യങ്ങൾ ചിത്രീകരിക്കുകയും ചെയ്തു. ഇതിനു നല്ല തെളിവാണ് അദ്ദേഹത്തിൻെറ പ്രധാന കൃതിയായ ദ സീസൺസ് (1726—30). ഓരോ ഋതുവിലും നാട്ടിൻപുറത്തിനു വരുന്ന മാററങ്ങളുടെ വർണ്ണനയാണ് ഈ കവിത. ക്ലാസ്സിക്കൽ സ്കൂളുകാരുടെ തത്ത്വങ്ങളിൽനിന്നും വലിയ വ്യത്യാസമൊന്നും തോംസൻെറ രീതിക്കില്ലായിരുന്നുവെന്ന് ഓക്കണം. (പ്രകൃതിയെ അനുകരിക്കുക എന്നതായിരുന്നു അവരുടെ മുദ്രാവാക്യം). ഓരോ വസ്തുവിനേയും യഥാതഥമായി ചിത്രീകരിക്കുക എന്നാണ് ഇതുകൊണ്ട് തോംസൺ ഉദ്ദേശിച്ചതു്. നഗരജീവിതത്തിൻെറ ചിത്രീകരണത്തിൽ പോപ്പ കാണിച്ചതുപോലെയുള്ള സൂക്ഷ്മനിരീക്ഷണപാടവം, ഗ്രാമീണജീവിതം പകത്തുന്നതിൽ തോംസൺ കൈക്കൊണ്ടു. ദ സീസൺസിലെ പ്രകൃതിവർണ്ണനയിൽ നിഗൂഢമോ, കാൽപനികമോ, പ്രതിരൂപാത്മകമോ ആയ യാതൊന്നുംതന്നെയില്ല.

സമകാലീനരായ കവികളുടെ ഹിറോയിക്ക് കപ്പ്ലെററിലുള്ള രചനയിൽനിന്നും തോംസൺ വ്യതിചലിച്ചു. പകരം ദ സീസൺസിൽ 'ബ്ലാങ്ക്വേഴ്സാ'ണ് അദ്ദേഹം സ്വീകരിച്ചതു്. ഈ പരീക്ഷണം ഇതുകൊണ്ട് അവസാനിച്ചില്ല. ദ കാസിൽ ഓഫ് ഇൻഡോലെൻസ് എന്ന പ്രധാനപ്പെട്ട മറെറാരു കവിത അക്കാലത്തു തീരെ പ്രചാരമില്ലാതിരുന്ന 'സ്പെൻസീരിയൻ സ്റ്റാൻസ'യിലെഴുതാനുള്ള തൻേറടവും അദ്ദേഹം കാണിച്ചു. രണ്ടു ഭാഗങ്ങളാണ് ഈ കവിതയിൽ. അലസനായ ഒരു പ്രഭുവിൻെറ മണിമന്ദിരത്തെയും ചുററുപാടുകളെയും വർണ്ണിക്കുന്ന ഒന്നാംഖണ്ഡം രണ്ടാം ഖണ്ഡത്തെ അപേക്ഷിച്ച് ഉന്നതനിലവാരം പുലത്തുന്നു. വിചിത്രങ്ങളായ ഉപമകളും വിരസമായ ധർമ്മോപദേശങ്ങളുംകൊണ്ടു് വികലമാക്കപ്പെട്ടിരിക്കുകയാണ് രണ്ടാംഖണ്ഡം.

തോംസൻെറ പദപ്രയോഗചാതുരി പ്രത്യേക പരാമർശം അർഹിക്കുന്നു. മിൽട്ടൻെറ കാവ്യഭാഷയെ അനുകരിക്കാനുള്ള ശ്രമത്തിൽ പതിനെട്ടാം നൂററാണ്ടിലെ മാമൂൽഭാഷയെ അന്ധമായി ആശ്ലേഷിക്കുകയായിരുന്നു അദ്ദേഹം. എങ്കിലും ദ കാസിൽ ഓഫ് ഇൻഡൊലെൻസിൽ ഈ രീതിയിൽനിന്നും മുക്തിനേടാൻ കഴിഞ്ഞിട്ടുണ്ട്.

അപാരമായ ബുദ്ധിശക്തിയിലും, ബഹുമുഖമായ വിജ്ഞാനത്തിലും, വിവേകത്തിലും, ധർമ്മനിഷ്ഠയിലും ഡോ. സാമുവൽ ജോൺസനെ (1709—1784) കവച്ചുവയ്ക്കാൻ പതിനെട്ടാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നൂററാണ്ടിൽ പ്രാപ്തിയുള്ളവർ ആരുമില്ല. ബോസ്‌വെൽ എഴുതിയ ജോൺസൻെറ ജീവചരിത്രം സാധാരണക്കാർക്കുകൂടി അദ്ദേഹത്തെ സുപരിചിതനാക്കിത്തീർത്തു. മഹാനായ ഒരെഴുത്തുകാരനെന്നതുപോലെ മഹാനായ ഒരു വ്യക്തികൂടിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിൻെറ പൗരുഷമുള്ള ആകാരം, അന്തസ്സുററ പെരുമാററം, ശക്തമായ പക്ഷപാതം, സമൂഹസ്നേഹം, സംഭാഷണരീതി, നർമ്മബോധം, ചുട്ട മറുപടി നൽകാനുള്ള കഴിവ്, പരുക്കനായ സ്വഭാവം, ദയാദാക്ഷിണ്യം എന്നിവയൊക്കെ പരക്കെ അറിയപ്പെട്ടു.

ജോൺസൻെറ അന്തഃകരണത്തിൻെറയോ, കൃതികളുടെയോ ഒരംശം മാത്രമേ അദ്ദേഹത്തിൻെറ കവിതകളിലുള്ളു. അദ്ദേഹത്തിൻെറ രണ്ടു പ്രധാന കവിതകളായ ലണ്ടൻ (1738), ദ വാനിററി ഓഫ് ഹ്യൂമൻ വിഷസ് (1749) എന്നിവ ജൂവെനലിനെ അനുകരിച്ചെഴുതിയ പരിഹാസകവനങ്ങളാണ്. മനുഷ്യജീവിതത്തിൻെറ ഇരുണ്ടതും, ദുഃഖപൂർണ്ണവുമായ വശങ്ങളാണ് രണ്ടു കാവ്യങ്ങളും അവതരിപ്പിക്കുന്നത്. നിർദ്ധനനും, ദോഷൈകദൃക്കുമായ ഒരാളിൻെറ നിലയിൽ നഗരജീവിതത്തിൻെറ പൊള്ളത്തരങ്ങളും കഷ്ടപ്പാടുകളും ചിത്രീകരിക്കുന്ന കവിതയാണ് ലണ്ടൻ. ദ വാനിററി ഓഫ് ഹ്യൂമൻ വിഷസ് എന്ന കൃതിയിൽ പ്രകടിപ്പിക്കുന്നതും ഇതേ മനോഭാവംതന്നെ. ഉത്തമമായ ധാരാളം ഖണ്ഡികകൾ അടങ്ങുന്ന മഹത്തായൊരു കൃതിയാണിതു്. ഈ രണ്ടു കവിതകളും ഹിറോയിക്ക് കപ്ലെററിലാണ് രചിച്ചിരിക്കുന്നതു്.

താരതമ്യേന പ്രാധാന്യംകുറഞ്ഞ കവിതകളുടെ കൂട്ടത്തിൽ പെടുന്നവയാണ് 'ഓൺ ദ ഡെത്ത് ഓഫ് ഡോക്ടർ ലെവിററ്,' 'ഓൺ ദി ഓപ്പെനിങ് ഓഫ് ഡ്രൂ എറി ലെയ്ൻ' എന്നിവ.

ഒലിവർ ഗോൾഡ്സ്മിത്തിൻെറ (1728—74) രചനകളിൽ മിക്കവാറും എല്ലാ സാഹിത്യവിഭാഗങ്ങളും ഉൾപ്പെടുന്നു. ഗ്രാമീണ ജീവിതത്തിലെയും ഗാർഹിക ജീവിതത്തിലെയും അകൃത്രിമമായ ശാന്തിയും ആർദ്രതയും ആ രചനകളിൽ കാണാം. വ്യാകുലമായ ദാർശനികചിന്തയുടെ നേരിയ ഭാവം നൽകി അവതരിപ്പിക്കുമ്പോൾ അവ നമ്മെ കൂടുതൽ ആകർഷിക്കും. ദ ട്രാവലർ (1764), ദ ഡെസേർട്ടെഡ് വില്ലേജ് (1770) എന്നിവയാണ് അദ്ദേഹത്തിൻെറ പ്രശസ്തമായ കവിതകൾ.

ആൽപ്സ് പർവ്വതത്തിൻെറ ഏകാന്തതയിലിരുന്ന് താഴെയുള്ള ഭൂപ്രദേശം നോക്കിക്കാണുകയും യഥാർത്ഥസുഖം ലഭി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുന്ന ഒരിഞ്ചു സ്ഥലംപോലും ഭൂമിയിലില്ലല്ലോ എന്നു പരിതപിക്കുകയും ചെയ്യുന്ന ചിന്തകനെയാണു് ദ ട്രാവലറിൽ കാണുന്നതു്. തുടന്നു് ഇററലി, സ്വിററ്സർലൻറ്, ഫ്രാൻസ്, ഹോളണ്ടു്, ഇംഗ്ലണ്ടു് മുതലായ രാജ്യങ്ങളെക്കുറിച്ചുള്ള വർണ്ണനകളാണു്. അതിമനോഹരമായ ആവിഷ്ക്കാരശൈലി ഈ വിവരണങ്ങളുടെ മാററു വദ്ധിപ്പിക്കുന്നു. ലോകത്തെവിടെയും സുഖത്തിൻെറ അളവു് ഏറെക്കുറെ ഒന്നുപോലായിരിക്കുമെന്ന നിഗമനത്തിൽ കവി എത്തുന്നു.

ഓബേൺ ഗ്രാമത്തിൻെറ ഐശ്വര്യത്തിൻെറയും നാശത്തിൻെറയും ദിനങ്ങൾ പ്രതിപാദിക്കുന്ന കവിതയാണു് ദ ഡെസേർട്ടഡ് വില്ലേജ്. ഗ്രാമീണജീവിതത്തിൻെറ പശ്ചാത്തലവും പരിശുദ്ധിയും ഇത്ര മനോജ്ഞമായി ഇംഗ്ലീഷ്കവിതയിൽ മറെറങ്ങും കണ്ടെത്തുവരില്ല. ഇതിലെ നാട്ടാശാൻെറയും പുരോഹിതൻെറയും ചിത്രങ്ങൾ ഗ്രാമീണാന്തരീക്ഷത്തിനു മാററു കൂട്ടുന്നു. സുന്ദരമായ ഈ നാട്ടുമ്പുറത്തിൻെറ ദയനീയമായ മറെറാരു ചിത്രവും കവി കാഴ്ചവയ്ക്കുന്നു. ഭൂനിയമംമൂലം ആളൊഴിഞ്ഞു് ക്ഷാമം ബാധിച്ച ഗ്രാമത്തിൻെറ കഥയാണിതു്.

ഗോൾഡ്സ്മിത്തിൻെറ കവിതകളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണു് 'റിട്ടാലിയേഷൻ.' തൻെറ ചങ്ങാതിമാരായ എഡ്മണ്ടു് ബർക്കു്, ഡേവിഡ് ഗാരിക്കു്, സർ ജോഷ്വാ റെയ്നോൾഡ്സ് എന്നിവരുടെ തൂലികാചിത്രങ്ങളാണു് ഇതിൽ. 'എലിജി ഓൺ ദ ഡെത്ത് ഓഫ് എ മാഡ് ഡോഗ്' ഒരു ഹാസ്യകവിതയും, 'ഹെർമിററ്' രസകരമായ ഒരു വ്യാഖ്യാനകവിതയുമാണു്.

കാവ്യസൗന്ദര്യവും സാന്ത്വനസ്വരവും ഔദാര്യവും നേരിയ ശോകരസവുംകൊണ്ടു് എന്നും അനുസ്മരണീയമാണു് ഗോൾഡ്സ്മിത്തിൻെറ കവിത.

തോമസ്ഗ്രേ (1716—71) വളരെ കുറച്ചു മാത്രമേ എഴുതിയിട്ടുള്ളു. കവികളുടെ കൂട്ടത്തിൽ ഇത്ര കുറഞ്ഞ രചനകൾകൊണ്ടു് ഇത്രവലിയ സ്ഥാനം പിടിച്ചുപററിയ കവികൾ ഗ്രേയെപ്പോലെ വേറെയില്ലെന്നാണു് ഡിക്കൻസിൻെറ അഭിപ്രായം. വന്ധ്യമെന്നു പറയാവുന്ന ഗ്രേയുടെ കാവ്യസരണി വളരെയേറെ ചച്ചാവിഷയമായിട്ടുണ്ടു്. അദ്ദേഹത്തിൻെറ കാലത്തെ അനുകൂലമല്ലാത്ത സാഹചര്യങ്ങളും അന്നത്തെ പ്രത്യേക സാമൂഹികാവസ്ഥയുമാണു് ഈ വന്ധ്യതയ്ക്കു കാരണമെന്നു് ചിലക്കു് അഭിപ്രായമുണ്ടു്. പൂർണ്ണതയെക്കുറിച്ചു് അദ്ദേഹത്തിനുണ്ടായിരുന്ന അമിതമായ ബോധമാണു് ഇങ്ങനെ സംഭവിക്കാൻ കാരണമെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്ന മററൊരു കൂട്ടർ വാദിക്കുന്നു. പ്രശ്നത്തിൻെറ കാതലായ വശം പരാമർശിച്ചതു് ഒരുപക്ഷേ, ഫിററ്സ്ജെറാംഡാണ്. ഗ്രേസ്സ് പറയാൻ വളരെക്കുറച്ചേ ഉണ്ടായിരുന്നുള്ളുവെന്നും അതുതന്നെ തൻെറ സൗകര്യമനുസരിച്ചാണു് അദ്ദേഹം പറഞ്ഞതെന്നും ഫിററ്സ് ജെറാംഡ് സ്ഥാപിക്കുന്നു.

ഗ്രേയുടെ ആദ്യകാലകവിതകളായ 'ഓഡ്ററു അഡ്വേർസിററി,' 'ഓഡ് ഓൺ ദ പ്രോസ്പെക്ററ്സ് ഓഫ് ഈററൻ കോളേജ്,' 'ദ സോണററ് ഓൺ ദ ഡെത്ത് ഓഫ് വെസ്റ്റ്' എന്നിവയൊക്കെ അദ്ദേഹം ആ കാലഘട്ടത്തിൻെറ കവിയാണെന്നതിനു തെളിവാണ്. അന്നത്തെ പ്രത്യേകതകളായിരുന്ന ധർമ്മോപദേശം, മൂർത്തീകരണം, കൃത്രിമമായ പദപ്രയോഗരീതി തുടങ്ങിയ ന്യൂനതകൾ ഈ കവിതകളിൽ കാണാം. തൊട്ടടുത്ത തലമുറയിൽപ്പെട്ട കവിതകളുടെ സവിശേഷഘടകങ്ങൾ ആദ്യമായി നാം കാണുന്നതു് അദ്ദേഹത്തിൻെറ അനശ്വരമായ 'എലിജി റിട്ടെൻ ഇൻ എ കൺട്രി ചർച്ച്യാർഡ്'ിലാണ്. അതിശയകരമായ പദപ്രയോഗവും, കുററമററ ശൈലിയുംകൊണ്ടു് ശ്രദ്ധേയമാണു് 'ദ എലിജി' (1750). ഒരു ചെറിയ കവിത; അതിൽ അധികവും ഉദ്ധരിക്കാവുന്ന വാക്യങ്ങൾ; ഇങ്ങനെയൊരു കവിത ഇംഗ്ലീഷ് സാഹിത്യത്തിലുണ്ടെന്നു തോന്നുന്നില്ല. എളിയവരോടുള്ള അനുകമ്പ, വിഷാദച്ഛായ എന്നിവയും ഈ കവിതയുടെ നിലവാരം ഉയർത്തുന്ന ഘടകങ്ങളാണ്. 'ദി എലിജി'യോടുകൂടിയാണു് കവിതയിലെ 'മെലങ്കളി സ്കൂൾ' ഉച്ചസ്ഥാനത്തിലെത്തിയതു്. മിൽട്ടൻെറ 'ഇൽ പെൻസെറോസോ' പ്രസിദ്ധീകരിച്ചശേഷം ഇംഗ്ലീഷ് കവിതയിൽ ഈ വിഷാദഛായ ഒരു ഫാഷനായിത്തീർന്നിരുന്നു. യങ്ങിൻെറ 'നൈററ് തോട്ട്സ്', ബ്ലെയറിൻെറ 'ഗ്രവ്', പാർണലിൻെറ 'നൈററ് പീസ് ഓൺ ഡെത്ത്' എന്നിവ നേരത്തെയുള്ള വിഷാദകാവ്യങ്ങൾക്കു് ഉദാഹരണമാണ്.

'ദി എലിജി'യെത്തുടർന്നു് ഗ്രേ 'ദ ബാർഡ്,' 'ദ പ്രോഗ്രസ് ഓഫ് പോയസി' എന്നീ രണ്ടു പ്രധാന അച്ചനാഗീതങ്ങൾ (odes) പ്രസിദ്ധപ്പെടുത്തി. ഉറച്ച ഒരു കാല്പനികകവിയുടെ ലക്ഷണങ്ങൾ ഇവയിൽക്കൂടി ഗ്രേ പ്രകടിപ്പിക്കുന്നു. ഇംഗ്ലീഷ് കവിതയ്ക്കു് അതുവരെ അപരിചിതമായിരുന്ന 'പിൻഡാരിക്ക്' ഛന്ദസ്സാണു് ഈ ഭാവഗീതങ്ങളിൽ കവി സ്വീകരിച്ചിരിക്കുന്നതും.

ഗ്രേയുടെ സാഹിത്യജീവിതത്തിൻെറ അന്ത്യഘട്ടത്തിലെഴുതിയ മിക്ക കവിതകളുടെയും വിഷയം നോഴ്സ്, കെൽട്ടിക്ക് പുരാണങ്ങളിൽനിന്നു സ്വീകരിച്ചിട്ടുള്ളവയാണ്. പ്രാചീന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാഹിത്യത്തോടുള്ള ഈ പ്രതിപത്തി കാല്പനികകവിതയുടെ പ്രത്യേകതയാണെന്നുള്ളതു ശ്രദ്ധേയമാണ്. അങ്ങനെ നോക്കു മ്പോൾ ഗ്രേയുടെ കാവ്യപ്രതിഭ വളൎന്നുവരുന്നതിനനുസരിച്ച് കാല്പനികകവിതയും വികാസം പ്രാപിക്കുകയായിരുന്നെന്നു പറയേണ്ടിവരുന്നു. ഒരു ക്ലാസ്സിസിസ്റ്റായിത്തുടങ്ങിയ ഗ്രേ തികഞ്ഞ കാല്പനികകവിയായിട്ടാണ് കാവ്യജീവിതം അ വസാനിപ്പിച്ചതു്.

കൃതികളുടെ എണ്ണവും ആശയങ്ങളുടെ വ്യാപ്തിയും മാത്രം പരിഗണിച്ചാൽ കോളിൻസ് ഒരു ചെറുകിട കവിയാണെന്നു തോന്നാം. എന്നാൽ അദ്ദേഹത്തിന്റെ മെച്ചപ്പെട്ട കവിതക ളുടെ ഉന്നതനിലവാരം വച്ചു നോക്കുമ്പോൾ ഇംഗ്ലീഷിലെ പ്രശ സ്തരായ ഭാവഗായകന്മാരുടെ മുൻപന്തിയിൽത്തന്നെ ആയിരി ക്കും കോളിൻസിന്റെ സ്ഥാനം. അദ്ദേഹത്തിന്റെ കവിതക ളിലെ നല്ല അംശങ്ങൾ അദ്ദേഹത്തിന്റെയും ചീത്തവശങ്ങൾ ആ കാലഘട്ടത്തിന്റേതുമാണെന്നു പറയാം. ദ പെർഷ്യൻ ഇക്ലോഗ് (1742) പോലെയുള്ള കവിതകളിലെ മാമൂൽപ്രിയ തവും 'ഓഡ് ററു പിററി', 'ഓഡ് ററു സിംപ്ലിസിററി', 'ഓഡ് ററു ഫിയർ', 'ദി ഓഡ് ററു പാഷൻസ്'' തുടങ്ങിയ ഭാവഗീതങ്ങളിൽ അചേതനവസ്തുക്കൾക്കു് ചേതനത്വം ആരോ പിക്കാനുള്ള ത്വരയും, അന്നത്തെ രീതിയുടെ ലക്ഷണങ്ങൾ വെ ളിവാക്കുന്നുവെന്നേ പറയേണ്ടു. ഇതൊക്കെയാണെങ്കിലും 'ദി ഓഡ് ററു ഈവ്നിങ്ങ്'(1746)ൽക്കൂടി താൻ എക്കാലത്തെ യും കവിയാണെന്നു് കോളിൻസ് തെളിയിക്കുന്നു. ഒരു നൂററാ ണ്ടോളം ഇംഗ്ലീഷ് കവിതയിൽനിന്നും അപ്രത്യക്ഷമായിരുന്ന റൊമാൻറിക് കവിതയുടെ നൈസൎഗ്ഗിക ലക്ഷണങ്ങൾ കോളിൻ സിന്റെ കവിതകളിൽ ഉയിർത്തെഴുന്നേല്ക്കുന്നതായി നാം കാണുന്നു. ഹ്രസ്വമെങ്കിലും കുററമററ ഒരു കവിതയാണ് 'ഹൗ സ്ലീപ് ദ ബ്രേവ്.'

'ദി ഓഡ് ഓൺ ദ പോപ്പുലർ സൂപ്പർ സ്റ്റിഷൻസ് ഓഫ് ദ ഹൈലൻഡ്സ് ഓഫ് സ്കോട്ട്ലൻഡ്'' അദ്ദേഹത്തിന്റെ ഏററവും മെച്ചപ്പെട്ട കവിതയാണ്. കോളിൻസ് മരിച്ച് ഇരു പത്തൊൻപതു വർഷങ്ങൾക്കുശേഷം 1788–ലാണ് ഇതു പ്രസി ദ്ധീകരിക്കുന്നതു്. കോളിൻസിന്റെ പ്രതിഭ അതിന്റെ പാര മ്യതയിലെത്തിയിരിക്കുന്നതു് ഈ കവിതയിലാണെന്നു നമുക്കു കാണാം. മനോജ്ഞവും ഇമ്പമേറിയതുമായ ഭാഗങ്ങൾ ഇതിൽ വളരെയേറെയാണ്. പദപ്രയോഗപാടവത്തിൽ ചിലപ്പോൾ കീററ്സിന്നൊപ്പംതന്നെ അദ്ദേഹം എത്തുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കവികളെന്ന നിലയിൽ തോമസ് ഗ്രേയേയും, കോളിൻസിനേയും നിരൂപകർ അന്യോന്യം താരതമ്യപ്പെടുത്താറുണ്ട്. 'ഓഡ്ററു ഈവ്നിങ്', 'ഹൗ സ്ലീപ് ദ ബ്രേവ്' എന്നിവ ഒഴിച്ചു നിർത്തിയാൽ കോളിൻസിൻെറ മറേറതു കവിതകളെക്കാളും ഗ്രേയുടെ 'ദ ബാർഡും', 'ദ പ്രോഗ്രസ് ഓഫ് പോയെസി'യും മുന്നിട്ടു നില്ക്കുന്നു. എങ്കിലും കോളിൻസിൻെറ കവിതകൾ പുറത്തിറങ്ങിയതിനുശേഷമാണ് ഗ്രേയുടെ നല്ല കവിതകളൊക്കെ എഴുതപ്പെട്ടതു്. അപൂർവ്വമായ സാത്മീകരണശക്തിയാണ് ഗ്രേയുടേതു്. അദ്ദേഹത്തിൻെറ പ്രസിദ്ധമായ എലിജിയിലെ ചില വരികൾക്കു് 'ഓഡ് ററു ഈവ്നിങി'ലെ ചില വരികളുമായി വളരെ അടുത്ത സാദൃശ്യമുണ്ട്. തന്നാലാകുന്ന ഏററവും നല്ല കൃതികൾ രചിച്ചുകഴിഞ്ഞിരിക്കുന്നുവെന്ന തോന്നലാണ് ഗ്രേയുടെ കൃതികൾ വായിക്കുന്ന ഒരാളിനുണ്ടാകുന്നതു്. അതേസമയം കോളിൻസിൻെറ പ്രതിഭ ഇനിയും അവശേഷിക്കുന്നുവെന്നും നാം സമ്മതിച്ചുപോകും. ഗ്രേയേക്കാൾ അനുഗൃഹീതമായ സർഗ്ഗാത്മകപ്രതിഭയായിരുന്നു കോളിൻസിൻേറതു്.

സാഹിത്യപരവും, മതപരവുമായ രണ്ടു പരിവർത്തനങ്ങൾക്കു സാക്ഷ്യം വഹിച്ചിരുന്നു വില്യം കൂപ്പറുടെ (1731—1808) കാലഘട്ടം. രണ്ടു പരിവർത്തനങ്ങളിലും അദ്ദേഹം ഭാഗഭാക്കാകുകയും ചെയ്തു. ഇക്കാലത്തു സംഭവിച്ചതു് 'ക്ലാസ്സിക്ക്' കവിത പുറന്തള്ളപ്പെടുകയും 'റൊമാൻറിക്' കവിത ആധിപത്യം സ്ഥാപിക്കുകയും ചെയ്തുവെന്നതാണ്. പോപ്പിൻേറയും അദ്ദേഹത്തിൻെറ അനുയായികളുടേയും കൃത്രിമശൈലിയോടുള്ള പ്രതികരണമായിരുന്നു ഇതു്. ലളിതവും, സ്വാഭാവികവും, ഗ്രാമ്യവുമായിരുന്നു കൂപ്പറുടെ രീതി. കർക്കശമായ മാമൂലുകളിൽ അധിഷ്ഠിതവും പൊള്ളയായ ആദർശങ്ങൾ നിറഞ്ഞതുമായ ആൻരാജ്ഞിയുടെ കവിതാ പ്രസ്ഥാനത്തിനുപകരം നവ്യവും യഥാർത്ഥ മാനുഷികവികാരങ്ങൾ ഉൾക്കൊള്ളുന്നതുമായ കാവ്യസരണിയാണ് കൂപ്പർ ഉദ്ഘാടനം ചെയ്തതു്. കാവ്യപശ്ചാത്തലങ്ങളെ മനുഷ്യനിർമ്മിതമായ നഗരത്തിൽനിന്നും ദൈവം സൃഷ്ടിച്ച നാട്ടുമ്പുറത്തേക്കു് മാററി പ്രതിഷ്ഠിച്ചതും അദ്ദേഹമാണ്.

മതപരമായ മാന്ദ്യത്തിനെതിരെ വൈററ്ഫീൽഡും വെസ്ലിയും ചേർന്നു നടത്തിയ ഒച്ചപ്പാടുകളോടും അതേത്തുടർന്നു വന്ന നവോത്ഥാനത്തോടും അനുകൂലമനോഭാവമായിരുന്നു കൂപ്പറിനു്. മതവും സദാചാരബോധവും, സാധാരണക്കാരുടെ ഇടയിലെത്തിക്കുകയെന്നതായിരുന്നു അവരുടെ ലക്ഷ്യം. സമൂഹത്തിലെ ഉന്നതന്മാർക്കിടയിലുള്ള വിഷയലമ്പടത്വം അവസാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിപ്പിക്കുന്നതിനും അവർ ശ്രമിക്കുകയുണ്ടായി. ജയിൽ പരിഷ്കാരങ്ങൾ, അടിമക്കച്ചവടത്തിനെതിരേയുള്ള പ്രവർത്തനം, ഇന്ത്യയിലേയും മററു രാജ്യങ്ങളിലേയും അടിച്ചമർത്തലുകൾക്കും മർദ്ദനഭരണങ്ങൾക്കുമെതിരായ മനോഭാവം എന്നിവയെല്ലാം പ്രദർശിപ്പിച്ച കൂപ്പർ വലിയ ഒരു മനുഷ്യസ്നേഹിയായിരുന്നു.

സാത്വികമായ പരിഹാസമായിരുന്നു കോളിൻസിന്റെ ആദ്യകാലകവിതകളുടെ മുഖ്യഭാവം. സാമൂഹികതിന്മകൾക്കെതിരെ ആക്ഷേപം പുറപ്പെടുവിക്കുമ്പോൾ അദ്ദേഹത്തിന്റെ വാക്കുകളിൽ വെറുപ്പും വിദ്വേഷവും നിറഞ്ഞുനിന്നു. സമൂഹത്തിൽനിന്നും ഒററപ്പെട്ട്, ഏകാന്തജീവിതം നയിച്ചിരുന്നതിനാൽ കൂപ്പറുടെ ഹാസ്യത്തിന് അതിന്റേതായ പോരായ്മകളുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പരിഹാസം ചാട്ടകൊണ്ടുള്ള പ്രഹരമായിരുന്നില്ല. കൂപ്പർ തന്റെ ആയുധം അന്തരീക്ഷത്തിൽ വൈരാഗ്യമില്ലാതെ വെറുതെ ചുഴററിയതേയുള്ളു.

തന്റെ സ്നേഹിതയായ ലേഡിഓസ്റ്റിന്റെ നിർദ്ദേശപ്രകാരമെഴുതിയ ദ ടാസ്ക് (1785) എന്ന കവിതയാണ് കൂപ്പറിന്റെ ഏററവും വലുതും പ്രാധാന്യമേറിയതുമായ കൃതി. നഗരജീവിതത്തെ അപേക്ഷിച്ച് ഗ്രാമജീവിതത്തിന്റെ ഉൽക്കർഷം എടുത്തുകാട്ടുകയെന്നതാണ് ഈ കവിതയുടെ മുഖ്യോദ്ദേശ്യം. നന്മയും, ധർമ്മനിഷ്ഠയും വളർത്തുന്നതാണ് ഗ്രാമജീവിതമെന്ന തന്റെ തെററായ ധാരണ ഊട്ടിയുറപ്പിക്കുന്നതിനുള്ള ഒരു ശ്രമവും ഇതിലുണ്ട്. മനോഹരമായ പ്രകൃതിദൃശ്യങ്ങളും നാട്ടുമ്പുറചിത്രങ്ങളുംകൊണ്ട് ഈ കാവ്യം ശ്രദ്ധേയമായിരിക്കുന്നു.

'ജോൺ ഗിൽപിൽ' 'ഓൺ ദ റെസീററ് ഓഫ് മൈ മദേഴ്സ് പിക്ചർ' തുടങ്ങി പ്രസിദ്ധങ്ങളായ ഏതാനും ചെറുകവിതകളും കൂപ്പർ രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രകൃതിവർണ്ണനകൾ സൂക്ഷ്മവും കൃത്യവുമാണ്. എന്നാൽ അഗമ്യമായ ഗിരിശൃംഗങ്ങളും പ്രക്ഷുബ്ധമായ സമുദ്രവുമെല്ലാം അടങ്ങുന്ന പ്രകൃതിയുടെ ഭാവങ്ങൾ അദ്ദേഹം ഒഴിവാക്കുന്നു. പ്രകൃതിയെപ്പററി തന്റേതായ സിദ്ധാന്തമൊന്നും അവതരിപ്പിക്കാൻ കൂപ്പർ മെനക്കെട്ടിട്ടില്ല. പ്രകൃതിക്ക് ആത്മാവും ജീവനുമൊന്നും ആരോപിക്കാനുള്ള ശ്രമവും അദ്ദേഹം നടത്തിയതായി കാണുന്നില്ല.

സരളവും ഋജുവുമായ അദ്ദേഹത്തിന്റെ ശൈലി പ്രസാദാത്മകമാണ്. കൃത്രിമത്വമോ നാട്യമോ അതിൽ കലർന്നിട്ടില്ല. അദ്ദേഹത്തിന്റെ നിഷ്കളങ്കതയും പരിശുദ്ധിയും ആ ശൈലിയിൽനിന്നു വെളിവാകുന്നുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വില്യംബ്ലേക്ക് പത്തൊൻപതാം നൂററാണ്ടിൽക്കൂടി ജീവിച്ചിരുന്നു. അവസാന നാളുകളിൽപോലും അദ്ദേഹം കവിതകളെഴുതി. എങ്കിലും വില്യംബ്ലേക്കിന് (1757—1827) കീർത്തിനേടിക്കൊടുത്ത ഉത്തമകവിതകളെല്ലാം അദ്ദേഹം പതിനെട്ടാം നൂററാണ്ടിൽ എഴുതിയവയാണ്. കാല്പനികനവോത്ഥാനത്തിന്റെ വഴികാട്ടിയായിട്ടു മാത്രമല്ല ബ്ലേക് അറിയപ്പെടുന്നതു്. ഇംഗ്ലണ്ടിലെ കാല്പനികനവോത്ഥാനത്തിന്റെയും അതിന്റെ സാഹിത്യപരവും കലാപരവുമായ വികാസത്തിന്റെയും കുററമററ മാതൃകക്കൂടിയാണദ്ദേഹം. (ബ്ലേക് ഒരു ചിത്രകാരൻകൂടിയായിരുന്നെന്നു് കൂട്ടത്തിൽ പറഞ്ഞുകൊള്ളട്ടെ). വേഡ്സ്‌വത്തിനേയും ഷെല്ലിയേയുംപോലെ സർഗ്ഗാത്മകഭാവനയെ ബ്ലേക്കും മുറുകെപ്പിടിച്ചു. ദ പൊയെററിക്കൽ സ്കെച്ചസ് (1770 നു മുമ്പ് എഴുതിയിരിക്കുമെന്നു വിശ്വസിക്കപ്പെടുന്ന ഇതു് 1783-ലാണ് പ്രസിദ്ധപ്പെടുത്തിയതു്) എന്ന കൃതിയിൽ, തന്റെ മാതൃകകൾക്കുവേണ്ടി ബ്ലേക്ക് വളരെയേറെ പിന്നോക്കം പോയി എലിസബത്തൻ യുഗത്തിലെത്തിയിരിക്കുന്നു. ആശയങ്ങളുടേയും ആവിഷ്കാരത്തിന്റെയും കാര്യത്തിൽ സമകാലികരായ എഴുത്തുകാരുടെ കൃത്രിമത്വത്തിൽനിന്നും അദ്ദേഹം പൂർണ്ണമായി വിട്ടുനിൽക്കുന്നു. ദൃഷ്ടാന്തകഥകളിലും അദ്ദേഹത്തിന് വളരെയേറെ താല്പര്യമുണ്ടായിരുന്നുവെന്നതിനു തെളിവാണ് ഈ ആദ്യകാലകവിതകൾ.

ദ സോങ്സ് ഓഫ് ഇന്നസൻസ് (1789), ദ സോങ്സ് ഓഫ് എക്സ്പീരിയൻസ് (1794) എന്നിവയാണ് ബ്ലേക്കിന്റെ പ്രസിദ്ധ കവിതകൾ. ഈ രണ്ടു കൃതികൾക്കുമിടയ്ക്കുള്ള അഞ്ചു വർഷക്കാലം കവിയെ സംബന്ധിച്ചിടത്തോളം അനുഭവങ്ങളുടെ കാലമായിരുന്നു. ഈ കവിതകളെ ശുഭാപ്തിവിശ്വാസത്തിന്റെയും ദോഷൈകദർശനത്തിന്റെയും കവിതകളെന്നോ, അല്ലെങ്കിൽ സന്തോഷത്തിന്റെയും, വിഷാദത്തിന്റെയും കവിതകളെന്നോ വിളിക്കാം. കാണുന്നതെന്തിലും ദൈവികത്വം കല്പിക്കുകയും ലോകത്തിലെ തിന്മകളെപ്പററി അജ്ഞനായിരിക്കുകയും ചെയ്യുന്ന നിർമ്മലഹൃദയനായ ഒരാളിന്റെ ആഹ്ലാദനിശ്വാസങ്ങളടങ്ങുന്നതാണ് ആദ്യവിഭാഗത്തിലെ കവിതകൾ. രണ്ടാമത്തെ വിഭാഗം കവിതകളിലാകട്ടെ, നിരാശരായ മനുഷ്യരാശിയുടെ മുന്നിൽ പ്രത്യാശയുടെ അരുണകിരണങ്ങളെ മൂടുന്ന ഇരുണ്ട കമ്പിളിയാണു പ്രപഞ്ചമെന്ന കാഴ്ചപ്പാടാണുള്ളതു്. ഈ രണ്ടു കൃതികളിലേയും മിക്ക കവിതകളെയും ജോടികളായിട്ടാണു കാണുന്നതു്. പരസ്പരവിരുദ്ധങ്ങളായ ഭാവങ്ങൾ ഈ കവിതകൾ പ്രതിഫലിപ്പിക്കുന്നു. ഒരുവശത്തു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നന്മ, മറുവശത്തു തിന്മ; 'ദ ലാമ്പ്,' 'ദ ടൈഗർ,' എന്നിവയും, 'ഇൻഫെൻറ് ജോയ്', 'ഇൻഫെൻറ് സോറോ' എന്നിവയും ഇതിനു ഉദാഹരണങ്ങളായി ചൂണ്ടിക്കാട്ടാം.

ബ്ലേക്കിൻെറ ശുദ്ധമായ കവിതകരം ഈ രണ്ടു സമാഹാരങ്ങളിൽ ഉരംപ്പെട്ടിരിക്കുന്നു. പ്രതിരൂപാത്മകസിദ്ധാന്തങ്ങരം നിറഞ്ഞതായിരുന്നു അദ്ദേഹത്തിൻെറ രചനകരം. ഫ്രഞ്ചു വിപ്ലവത്തിൽനിന്നും ഉയന്നുവന്ന ആശയങ്ങളും ദുർഗ്രാഹ്യമായ തത്വശാസ്ത്രവും തൻെറ കവിതകളുടെ ബാല്യദശയിൽനിന്നും അദ്ദേഹത്തെ ബഹുദൂരം മുന്നോട്ടു കൊണ്ടുപോയി. തൽഫലമായി അമാനുഷികപ്രതിബിംബങ്ങളുരംക്കൊള്ളുന്ന പിൽക്കാല കവിതകരം അങ്ങേയററം അവ്യക്തമായിത്തീന്നു. തൻെറ ആദ്യകാല ഭാവാത്മക കവിതകളാണ് ബ്ലേക്കിനു കീത്തി നേടിക്കൊടുത്തതും ഇന്നും അദ്ദേഹത്തിൻെറ കീത്തിയെ നിലനിത്തുന്നതും.

ഇംഗ്ലീഷ് സാഹിത്യചരിത്രത്തിലെ ഒരു പൊരുത്തക്കേടായിത്തോന്നും റോബർട്ട് ബേൺസ് (1759—96). തൻെറ കാലഘട്ടത്തിലെ ഇംഗ്ലീഷ്കവിതയുടെ പരിധിക്കു പുറത്താണ് ബേൺസിൻെറ രചനകരം. സ്കോട്ടിഷ് കവിതയിൽനിന്നും പ്രചോദനമുരംക്കൊണ്ടിട്ടുണ്ടെങ്കിൽക്കൂടി അതുമായി നേരിട്ട് ബന്ധമൊന്നും അദ്ദേഹത്തിൻെറ കവിതകരംക്കില്ല. എന്നാൽ ഭാവാത്മകകാവ്യങ്ങരം സ്കോട്ടിഷ് ഗാനമാധുര്യത്തിൻെറ പശ്ചാത്തലത്തിലാണു സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന കാര്യം വിസ്മരിച്ചുകൂടാ.

ബേൺസിൻെറ കവിതകളെ പൊതുവായി രണ്ടായി തരംതിരിക്കാം. ദരിദ്രരായ കൃഷിക്കാരുടെ ജീവിതത്തെ സംബന്ധിക്കുന്ന കവിതകളാണ് ഒരുവിഭാഗം. മററത് ഗാനങ്ങളാണ്. കിൽമർനോക്ക്പതിപ്പ് (1786) എന്നറിയപ്പെടുന്ന സമാഹാരത്തിലാണു കഷ്കജീവിതത്തെ പരാമശിക്കുന്ന ഭൂരിപക്ഷം കവിതകളും പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. ചെറുകുടിലിൽ പാക്കുന്ന സാധാരണക്കാരായ കഷ്കത്തൊഴിലാളികളുടെ ജീവിതാന്തരീക്ഷത്തിൽ ഗ്രാമീണലാളിത്യം കലന്ന മനോഹരഗാനങ്ങളും അദ്ദേഹം രചിച്ചു. അനിതരസാധാരണമായ സഹാനുഭൂതിയും നർമ്മരസവും ഈ ഗാനങ്ങരംക്കു പ്രിയം വദ്ധിപ്പിക്കുന്നവയായിരുന്നു. പ്രകൃതിയോടുള്ള പ്രത്യേക അഭിനിവേശവും വികാരപരതയും അദ്ദേഹത്തിൻെറ ഗാനങ്ങരംക്ക് ഭാവതീവ്രത നൽകുന്നു.

സ്നേഹത്തിൻെറ വ്യത്യസ്തഭാവങ്ങളാണ് ബേൺസിൻെറ ഒട്ടുവളരെ കവിതകളിലെ പ്രമേയം. ഇവയിൽ ചിലത് ഭാഷ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിലെ ഉദാത്തമായ ഗാനങ്ങളുമാണ്. ദേശഭക്തിഗാനങ്ങളും പാനോപചാരസന്ദർഭങ്ങളിൽ പാടുന്ന പാട്ടുകളുമാണ് അദ്ദേഹത്തിൻെറ മററു ഗാനങ്ങൾ. ബേൺസിൻെറ കവിതകളിൽ കുറെയെല്ലാം ഇംഗ്ലീഷിലും മററുള്ളവ സ്കോട്ടിഷ്ഭാഷയിലുമാണ് എഴുതപ്പെട്ടിരിക്കുന്നത്.

ബേൺസിൻെറ ഈ ഘട്ടത്തിലെ മൈനർ കവികളെക്കുറിച്ച് വളരെ സംക്ഷിപ്തമായി സൂചിപ്പിക്കാം. 'നൈററ് തോട്ട്സ് ഓൺ ലൈഫ്, ഡെത്ത് ആൻറ് ഇമ്മോർട്ടാലിററി,' യുടെ കർത്താവായ എഡ്വേഡ് യങ്ങ് (1683—1765), 'ദ ഹെർമററ്' (1710) രചിച്ച തോമസ് പാർണെൽ (1679—1718), 'ദ ഗ്രേവ്' എഴുതിയ റോബർട്ട് ബ്ലെയർ (1699—1746) എന്നീ വിഷാദാത്മകപ്രസ്ഥാനക്കാരായ കവികളെപ്പററി നേരത്തെ പരാമർശിച്ചുകഴിഞ്ഞു.

ആക്ഷേപഹാസ്യകാവ്യമായ 'ദ ഡിസ്പെൻസറി' (1699)യുടെ കർത്താവായ സാമുവൽ ഗാർത്ത് (1661—1719) കവിയെന്നതിനേക്കാൾ ഒരു ഭിഷഗ്വരനായാണ് അറിയപ്പെടുന്നത്. പ്രകൃതിസൗന്ദര്യം ദർശിക്കാൻ പ്രത്യേകസിദ്ധിയുണ്ടായിരുന്ന ലേഡിവിഞ്ചെൽസി(1661—1720)ക്ക്. ഇതാകട്ടെ, അവരുടെ കാലഘട്ടത്തിലെ കവികളിൽ വളരെ വിരളമായി മാത്രം കണ്ടിരുന്ന ഒരു ഗുണവിശേഷമാണ്. അവരുടെ 'നൊക്ടേർണൽ റെവറി' പോലുള്ള കവിതകളിൽ പ്രകൃതിദൃശ്യങ്ങളുടെ മനോഹരവർണ്ണനകൾ ത്രസിക്കുന്നു. 'ദി കൺട്രി ആൻറ് ദ സിററിമൗസ്' (1687) എന്ന കാവ്യത്തിൻെറ പേരിലാണ് മാത്യു പ്രയർ (1664—1721) സ്മരിക്കപ്പെടുന്നത്. ചാൾസ് മോണ്ടെഗ്യുവുമായി ചേർന്നെഴുതിയ ഈ കാവ്യം ഡ്രൈഡൻെറ ദ ഹൈൻഡ് ആൻഡ് ദ പാന്ഥർ എന്ന കൃതിയുടെ ചുവടുപിടിച്ച് എഴുതിയതാണ്. 'നാംബി പോംബി' ഫിലിപ്പ് എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ആംബ്രോസ് ഫിലിപ്പ് (1675—1749) പാസ്റ്ററൽസ് (1709) എഴുതിയതോടെ പോപ്പിൻെറ ശത്രുവായിത്തീർന്നു. ഡൺസിയഡിലും മററു കാവ്യങ്ങളിലും ആംബ്രോസ് ഫിലിപ്പിനെ കണക്കിനു പരിഹസിച്ചുകൊണ്ടാണ് പോപ്പ് തൻെറ വിദ്വേഷം ശമിപ്പിച്ചത്. സ്കോട്ടിഷ് കവിയായ അലൻ റാംസേ (1686—1758) റോബർട്ട് ബേൺസിനെ ശക്തമായി സ്വാധീനിച്ചു. ദി എവർ ഗ്രീൻ (1724) എന്ന കൃതിയിൽക്കൂടി അദ്ദേഹം സഹൃദയരിൽ പ്രാചീന സ്കോട്ടിഷ് കവിതകളിൽ താല്പര്യം ഉളവാക്കി. ദ ബെഗേഴ്സ് ഓപ്പറ (1728) എന്ന സംഗീതനാടകത്തിൻെറ രചനയിൽക്കൂടി പ്രസിദ്ധനായിതീർന്ന ജോൺഗേ (1685—1732) ചില ഗ്രാമീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണകാവ്യങ്ങളും എഴുതിയിട്ടുണ്ട്. പോപ്പ് തന്റെ കാവ്യങ്ങളിലൂടെ ഗേയെ അനശ്വരനാക്കിത്തീർത്തു. ഭ്രാന്താലയത്തിൽവച്ച് അന്ത്യം സംഭവിച്ച ക്രിസ്റ്റഫർ സ്മാർട്ടി(1722—71)ന്റെ സ്മരണ നിലനിർത്തുന്നതു് 'എ സോങ്ങ് റു ഡേവിഡ്' (1763) എന്ന മനോഹരകവിതയാണ്. വില്യം ഷെൻസ്റ്റനു് (1714—63) കീർത്തി നേടിക്കൊടുത്ത 'സ്കൂം മിസ്ട്രസി'ന്റെ (1742) പ്രത്യേകത സ്പെൻസീരിയൻ സ്റ്റാൻസയിലാണ് അതെഴുതിയിരിക്കുന്നതു് എന്നതാണ്. നിശിതവും പരുഷവുമായ ഹാസ്യത്തിന്റെ ഉടമയാണ് ചാൾസ് ചർച്ചിൽ (1731—64). സമകാലീന നാടകകൃത്തുകളുടെ നേർക്കുള്ള ആക്രമണവും (ദ റോസിയഡ്), സ്കോട്ട്ലൻറുകാരുടെ നേരെയുള്ള കടുത്ത വിമർശനവും ദ പ്രോഫെസി ഓഫ് ഫാമിൻ) അദ്ദേഹത്തെ ഭീകരനായ വിമർശകനാക്കി തീർത്തു.

തന്റെ കാലത്തുതന്നെ വിവാദപുരുഷനായിത്തീന്ന കവിയാണ് ജെയിംസ് മക്ഫേഴ്സൺ (1736—96). പ്രാചീന ഗാലിക് ഭാഷയിൽനിന്നോ ഏഴ്സ് ഭാഷയിൽനിന്നോ വിവർത്തനം ചെയ്യപ്പെട്ടതെന്നു് അവകാശപ്പെടുന്ന ഫ്രാഗ്മെൻറ്സ് ഓഫ് ഏൻഷ്യൻറ് പോയെട്രി അർഹിക്കുംവണ്ണം സ്വാഗതം ചെയ്യപ്പെട്ടു. ഇതിന്റെ വിജയം ഫിങ്ഗൽ, റ്റിമോറ എന്നീ കൃതികൾ പുറത്തിറക്കാൻ അദ്ദേഹത്തിനു പ്രചോദനം നൽകി. പ്രാചീന കെൽററിക് കവിയായ ഓസിയന്റെ കൃതികളുടെ പരിഭാഷയാണ് ഇവയെന്നു് മക്ഫേഴ്സൺ അവകാശപ്പെട്ടു. ഈ അവകാശവാദം പിന്നീടു പൊളിയുകയും ഇവ മക്ഫേഴ്സൻതന്നെ നിർമ്മിച്ചതാണെന്നു തെളിയുകയും ചെയ്തു. എന്നിരുന്നാലും പ്രാചീനകവിതയുടെ പുനരുത്ഥാനം ഇതു പ്രചാരത്തിൽ വരുത്തുകയും അങ്ങനെ റൊമാൻറിക്പ്രസ്ഥാനത്തിനു വഴി തെളിക്കുകയും ചെയ്തു. ഇതേപോലെ, പതിനെട്ടാം വയസ്സിൽ വിഷംകഴിച്ചു മരിച്ച തോമസ് ചാറേറർട്ടന്റെ (1752—70) റൗലി പോയംസും കപടമാണെന്നു പിൽക്കാലത്തു തെളിഞ്ഞു. എന്നാൽ മനോഹരവും പരിപകവവുമായ ആശയങ്ങൾകൊണ്ടു് പ്രൗഢമാണ് ആ കവിതകൾ. അമിതമായി എഴുതിയിട്ടുള്ള ആളാണ് ജോർജ്ജ്ക്രബ്ബ് (1754—1832) ഗോൾഡ്സ്മിത്തിന്റെ ഡെസേർട്ടെഡ് വില്ലേജിനെപ്പോലെ ഗ്രാമീണജീവിതത്തിന്റെ സുന്ദരമായ ചിത്രം കാഴ്ചവയ്ക്കുന്ന വില്ലേജ് (1783) എന്ന കവിതയാണ് ക്രാബിനെ പ്രശസ്തനാക്കിയതു്. വില്ലേജിനെപ്പോലെയുള്ള മററൊരു കവിതയാണ് ദ ബറോ (1810) ഗ്രാമീണരുടെ ദുഃഖപൂർണ്ണവും സന്തോഷഭരിതവുമായ ജീവിതം ചിത്രീകരിക്കുന്ന അനവധി കാവ്യങ്ങളും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ദേഹത്തിൻേറതായിട്ടുണ്ട്. ടെയ്ൽസ് (1812) എന്ന പേരിലാണ് അവ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

നാടകം

നേരത്തെ പറഞ്ഞതുപോലെ പുനരവരോധകാല(റെസ്റ്റൊറേഷൻ ഏജ്)ത്തെ നാടകങ്ങൾ അശ്ലീലം നിറഞ്ഞതും സന്മാർഗ്ഗത്തിനു നിരക്കാത്തതുമായിരുന്നു. ഷോർട്ട് വ്യൂ ഓഫ് ദി ഇമ്മൊററാലിററി ആൻറ് പ്രൊഫേയ്ൻനെസ് ഓഫ് ദി ഇംഗ്ലീഷ് സ്റ്റേജ് (1698) എന്ന കൃതിയിലൂടെ ഇത്തരം ദുർവൃത്തികൾക്കെതിരെ ജെറമി കൊളിയർ ശബ്ദമുയർത്തി. റെസ്റ്റൊറേഷൻ നാടകത്തിൻെറ സ്വഭാവമായിരുന്ന ലമ്പടത്വത്തിനെതിരെയുള്ള നീക്കമെന്ന നിലയ്ക്കാണ് പതിനെട്ടാം നൂററാണ്ടിൻെറ ആദ്യദശകങ്ങളിൽ സെൻറിമെൻെറൽ ഡ്രാമ ഉടലെടുത്തത്. സെൻറിമെൻെറൽ കോമഡിയെന്നോ, ജെൻറീൽ കോമഡി (അഭിജാതനാടകം)യെന്നോ അറിയപ്പെടുന്ന ഈ പുതിയ നാടകം ഏതാണ്ട് അരനൂററാണ്ടുകാലം അരങ്ങു പിടിച്ചടക്കി. 'സെൻറി മെൻെറൽ' എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് കൃത്രിമവും കപടവുമായ മൃദുലവികാരമെന്നോ, ആത്മാർത്ഥതയില്ലാത്തതും മനഃസാക്ഷിക്കു നിരക്കാത്തതുമായ മാനസികഭാവമെന്നോ ആണ്. 'സെൻറിമെൻെറൽ കോമഡി'യെന്ന പ്രയോഗം തന്നെ ആശയത്തിനു നിരക്കാത്തതാണ്. കാരണം ബുദ്ധിചാപല്യങ്ങളും വഷളത്തങ്ങളും ദൗർബ്ബല്യങ്ങളും ഹാസ്യാത്മകമായി അവതരിപ്പിച്ചു ചിരിപ്പിക്കുകയെന്നതാണു കോമഡിയുടെ ലക്ഷ്യം. ഈ നാടകങ്ങളിൽ വൈകാരികചലനത്തിനും കരുണരസത്തിനും വലിയ സ്ഥാനമൊന്നുമില്ല. സെൻറിമെൻെറൽ നാടകകൃത്ത് ഉന്നത സമൂഹത്തിൽനിന്നും ഏതെങ്കിലും കഥാപാത്രത്തെ തെരഞ്ഞെടുക്കുകയും കോമഡിക്കു പകരം ദാരുണമായ രംഗങ്ങൾ സൃഷ്ടിച്ച് കഥാപാത്രങ്ങളെ അതിനനുസൃതമായി ചിത്രീകരിക്കുകയുമാണ് ചെയ്യുന്നത്. കാഴ്ചക്കാരെ ഇളക്കി ചിരിപ്പിക്കുന്നതിനു പകരം അവരെക്കൊണ്ടു കണ്ണീർ പൊഴിപ്പിക്കുന്നതിലാണ് നാടകകൃത്തിനു താൽപര്യം. ഇങ്ങനെ നോക്കുമ്പോൾ ട്രാജഡിയും, സെൻറിമെൻെറൽ കോമഡിയും തമ്മിൽ അവസാന രംഗത്തിലൊഴിച്ച് വ്യത്യാസമൊന്നുമില്ലെന്നു കാണാം. അന്നത്തെ ആചാരരീതികളെ അനുകരിക്കുന്നതിനു പകരം സദാചാരബോധത്തെ നവീകരിക്കുന്നതിലാണ് സെൻറിമെൻറൽ കോമഡി ഊന്നൽ നൽകിയത്. ഇതു നാടകത്തെ വിരസവും നിർവ്വീര്യവുമാക്കിയെന്നു പ്രത്യേകം പറയേണ്ടതില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

റെസ്റ്റൊറേഷൻ പാരമ്പര്യത്തിൽനിന്നും വിഘടിച്ചുനിന്ന ആദ്യത്തെ നാടകമാണ് റിച്ചേഡ് സ്റ്റീലിൻെറ ദ ഫ്യൂണെറൽ (1701). ദ ലയിങ് ലവർ (1703), ദ ടെൻഡർ ഹസ്ബൻറ് (1705), ദ കോൺഷ്യസ് ലവേഴ്സ് (1722) എന്നീ നാടകങ്ങളും സെൻറിമെൻെറൽ കോമഡിക്കു് അംഗീകാരം നേടിക്കൊടുത്തു. റിച്ചേഡ് കംബർലൻറ് (1732—1811), ഹ്യൂ കെല്ലി (1739—77) എന്നിവരും സെൻറിമെൻെറൽ നാടകങ്ങളെഴുതിയിട്ടുണ്ട്. കംബർലൻറിൻെറ വിശിഷ്ടനാടകങ്ങളാണ് ദ ബ്രദേഴ്സ് (1769), ദ വെസ്ററ് ഇൻഡ്യൻ (1771) എന്നിവ. ഫാൾസ് ഡെലിക്കസി (1768), എ വേഡ് ഫോർ ദ വൈസ് (1770), ദ സ്കൂൾ ഫോർ വൈവ്സ് (1773) എന്നിവയാണ് ഹ്യൂ കെല്ലിയുടെ (1739—1777) കൃതികൾ.

ഇംഗ്ലീഷ് നാടകവേദിയെ ദശാബ്ദങ്ങളായി പിടിച്ചടക്കിയിരുന്ന വൈകാരികവും അഭിജാതവും, പ്രബോധനപരവുമായ നാടകങ്ങളോടുള്ള എതിർപ്പു പ്രകടിപ്പിച്ചുകൊണ്ടാണ് ദ ഗുഡ് നേച്ചേഡ് മാൻ (1768) എന്ന നാടകവുമായി ഗോൾഡ്സ്മിത്ത് രംഗത്തുവരുന്നതു്. അഭിജാതനാടകത്തിനെതിരേ യുദ്ധംചെയ്യാനും കോമഡിയുടെ സ്വഭാവഗുണങ്ങളായ യാഥാർത്ഥ്യബോധവും നർമ്മരസവും തിരിച്ചു കൊണ്ടുവരുവാനുമാണ് താൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നതെന്നു് അദ്ദേഹം പ്രഖ്യാപിച്ചു. തൽഫലമായി ആദ്യരാത്രിയിലെ രംഗാവതരണത്തിനുശേഷം പ്രസ്തുതരംഗം നാടകത്തിൽനിന്നും നീക്കംചെയ്യാൻ ഗോൾഡ്സ്മിത് നിർബ്ബന്ധിതനായി. എന്നാൽ നാടകത്തിൻെറ പ്രസിദ്ധീകൃതപതിപ്പിൽ ആ രംഗം അദ്ദേഹം ഉൾപ്പെടുത്തുകതന്നെ ചെയ്തു.

സെൻറിമെൻെറൽ കോമഡിയോടുള്ള സന്ധിയില്ലാ സമരം ഷീ സ്ററൂപ്പ് ററു കോൺകർ അഥവാ മിസ്റേറക്ക്സ് ഓഫ് എ നൈററ് (1773) എന്ന നാടകത്തിലൂടെ അദ്ദേഹം തുടരുകയുണ്ടായി. പൊട്ടിച്ചിരിപ്പിക്കുന്ന ധാരാളം ഹാസ്യരംഗങ്ങൾ ഉൾക്കൊള്ളുന്ന നാടകമാണ് ഷീ സ്ററൂപ്പ് ററു കോൺകർ. നായകനായ മാർലോ തൻെറ ഭാവിവധുവിൻെറ വീടിനെ ഒരു സത്രമായി തെററിദ്ധരിക്കുന്നതിനെ ആസ്പദിച്ചാണ് നാടകത്തിൻെറ രചന. ഈ തെററിദ്ധാരണ നമ്മെ കുടുകുടെ ചിരിപ്പിക്കുന്നു. ആതിഥേയൻെറ പുത്രിയായ മിസ് ഹാഡ്കാസിലിനെ സത്രത്തിലെ മദ്യം വിളമ്പുകാരിയായി തെററിദ്ധരിക്കുകയും അവളോട് അദ്ദേഹം പ്രേമചാപല്യം കാട്ടുകയും ചെയ്യുമ്പോൾ ഹാസ്യം അതിൻെറ പാരമ്യതയിലെത്തുന്നു. മാർലോയുടെ ചങ്ങാതിയായ ഹേസ്ററിങ്സും മിസ് ഹാർഡ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാസിലിൻെറ ബന്ധുവായ കോൺസ്ററൻസും തമ്മിലുള്ള പ്രേമം മറെറാരു പ്രഖ്യാപനമാണ്. മിസ്സിസ് ഹാർഡ്കാസിലിന് അവരുടെ ആദ്യഭത്താവിൽനിന്ന ജനിച്ച അലസനും അജ്ഞനും സൂത്രശാലിയും വികൃതിയുമായ റോമിലംപ്കിൻ ചിരി സൃഷ്ടിക്കുന്ന കഥാപാത്രമാണ്. നാടകത്തിൽ ഹാസ്യജനകങ്ങളായ രംഗങ്ങൾ ആവിഷ്കരിക്കുന്നതിൽ ഗോൾഡ്സ്മിത്തിൻെറ ഈ രണ്ടു നാടകങ്ങളും വിജയിച്ചിട്ടുണ്ട്.

സെൻറിമെൻറൽ നാടകത്തെ മോചിപ്പിക്കുന്നതിൽ ഗോൾഡ്സ്മിത്തിൻെറ പ്രവത്തനം തുടരുകയായിരുന്ന റിച്ചേഡ്ബ്രിൻസ്‌ലി ഷെറിഡെൻ (1751—1816). ഇരുപത്തിമൂന്നാമത്തെ വയസ്സിൽ പ്രസിദ്ധമായ ദ റൈവൽസും (1773), ഇരുപത്തൊൻപതാം വയസ്സിൽ അവസാനനാടകമായ ദ ക്രിട്ടിക്കും (1779) എഴുതി. ഈ രണ്ടു നാടകങ്ങൾക്കുമിടയ്ക്കാണ് സെയ്ൻറ് പാട്രിക്സ് ഡേ: ഓർ ദ സ്കീമിങ് ലഫ്ററനൻറ് എന്ന പ്രഹസനവും ദ ഡ്യൂപന എന്ന സംഗീതനാടകവും മററത്തായ ദ സ്കൂൾ ഫോർ സ്ക്കാൻഡലും അദ്ദേഹം സാഹിത്യത്തിന സംഭാവനചെയ്തതു്.

റെസ്റ്റൊറേഷൻ കോമഡിയുടെ പല സ്വഭാവവിശേഷങ്ങളും ഷെറിഡൻെറ നാടകങ്ങളിലുണ്ട്. മര്യാദ വിടാത്തതും, മാതൃകാപരവുമായ ഒരു ലോകമാണ് ഷെറിഡൻെറ നാടകങ്ങൾ അവതരിപ്പിക്കുന്നതു്. അവയിലെ ഇതിവൃത്തം മാന്യമാണ്. ഉപജാപങ്ങളുടെ സങ്കീർണ്ണതയാണ് ശ്രദ്ധേയമായ മറെറാരു വശം. റെസ്റ്റൊറേഷൻ കോമഡിയിലെപ്പോലെ ഉജ്ജ്വലവും കുറിക്കുകൊള്ളുന്നതുമായ സംഭാഷണങ്ങളാണ് ഷെറിഡെൻേറതും. യാതൊരു വിവേചനവുമില്ലാതെ എല്ലാ കഥാപാത്രങ്ങളും ഉപയോഗിക്കുന്നതു് ഒരേ ഭാഷതന്നെയാണ്. സങ്കീർണ്ണസ്വഭാവം ഷെറിഡൻെറ കഥാപാത്രങ്ങൾക്കില്ല. രംഗത്തു സാധാരണ അവതരിപ്പിച്ചുപോന്ന ടൈപ്പുകളാണ് മിക്ക കഥാപാത്രങ്ങളും. അസാമാന്യമായ പാടവത്തോടെയാണ് അദ്ദേഹം പാത്രരചന നിവ്വഹിച്ചതു്. മിസ്സിസ് മാലപ്രോപ്പ്, സർ ആൻറണി ആബ്സല്യൂട്ട്, ബോബ് ഏക്കേഴ്സ് തുടങ്ങിയ ദ റൈവൽസിലെ പാത്രങ്ങളും, ദ സ്കൂൾ ഫോർ സ്കാൻഡലിലെ ലേഡി ററീസിലും, ചാൾസ് സർഫസും അദ്ദേഹത്തിൻെറ താല്പര്യമുണർത്തുന്ന കഥാപാത്രങ്ങളാണ്.

താരതമ്യേന പ്രാധാന്യം കുറഞ്ഞ മററുചില നാടകകൃത്തുക്കളുമുണ്ട് പതിനെട്ടാംനൂററാണ്ടിൽ സ്ററീലിൻെറ നാടകങ്ങൾ പോലെ അഡിസൻെറ ട്രാജഡിയായ കേറോ (1713) നൂററാണ്ടിൻെറ ആദ്യദശകങ്ങളിൽ പ്രകാശം പരത്തിനില്ക്കുന്നു. ഗേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യുടെ ദ ബെഗേഴ്സ് ഓപ്പറ (1728) അരങ്ങത്ത് വൻവിജയമായിരുന്നു. ഇതു് ഗേയെ ധനികനും തിയേററുടമയായ റിച്ചിനെ സന്തുഷ്ടനമാക്കി. ('ഇററ് മെയ്ഡ് ഗേ റിച്ച് ആൻറ് റിച്ച് ഗേ' എന്നൊരു പറച്ചിലുതന്നെയുണ്ടു് ഇംഗ്ലീഷിൽ). ഇതിൻെറ തുടർച്ചയായ പോളി (1729)ക്കു് അവതരണാനുമതി നിഷേധിക്കപ്പെട്ടു. ഈ നിഷേധം പക്ഷേ, ഉർവ്വശീശാപം ഉപകാരമെന്നു പറഞ്ഞതുപോലെ ആയി. നാടകം നിരോധിച്ചതു് അതിനു ലഭിച്ച പരസ്യപ്രചരണമായിരുന്നു. തൽഫലമായി നാടകം പ്രസിദ്ധീകരിച്ചപ്പോഠം പ്രതീക്ഷിക്കാത്ത നേട്ടമാണുണ്ടായതു്. ഡോക്ടർ ജോൺസൻെറ ഐ റീനി (1749) ഒതുക്കമില്ലാത്തതും നാടകീയത തീരെയില്ലാത്തതുമായ ബ്ലാങ്ക്‌വേഴ്സ് ട്രാജഡിയാണു്. ഗ്രന്ഥകർത്താവിൻെറ പ്രശസ്തി മാത്രമാണു് പൂർണ്ണവിസ്മൃതിയിൽനിന്നും ഈ നാടകത്തെ ഒഴിവാക്കുന്നതു്.

മൊത്തത്തിൽ പറഞ്ഞാൽ നാടകസാഹിത്യത്തെ സംബന്ധിച്ചിടത്തോളം പതിനെട്ടാം നൂററാണ്ടു് വന്ധ്യമാണു്. ഗോൾഡ്സ്മിത്തിനേയും, ഷെറിഡെനേയും ഒഴിച്ചുനിർത്തിയാൽ മഹാന്മാരായ നാടകകൃത്തുക്കളൊരുംതന്നെ ഇക്കാലത്തില്ല.

ഗദ്യം

ഒരു ഇംഗ്ലീഷ്കുടുംബത്തിൽ പിറന്ന ജോനഥൻ സ്വിഫ്ററ് (1667—1745) അയർലൻറിലെ ഡബ്ലിനിലാണു് ജനിച്ചതു്. അദ്ദേഹം ഡബ്ലിനിലെ ട്രിനിററി കോളേജിൽ ചേർന്നു പഠിച്ചു് അവിടെത്തന്നെ ബിരുദവും സമ്പാദിച്ചു. 1688–ൽ ഇംഗ്ലണ്ടിലേക്കു പുറപ്പെട്ട സ്വിഫ്ററ് കുറേക്കാലം പ്രസിദ്ധ രാജ്യതന്ത്രജ്ഞനായ സർ വില്യം ടെമ്പിളിനോടൊപ്പം താമസിക്കുകയും പല നിലകളിലും അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കുകയും ചെയ്തു. സറിയിലെ മൂർപാക്കിൽ തൻെറ രക്ഷാധികാരിക്കൊപ്പം താമസിക്കുമ്പോഴാണു് എസ്തർ സ്വിഫ്ററുമായി പരിചയപ്പെടുന്നതു്. ഇവരാണു് സ്വിഫ്ററിൻെറ പ്രസിദ്ധങ്ങളായ കത്തുകളിലെ സ്റെറല്ല. ഇവിടെവച്ചുതന്നെയാണു് അദ്ദേഹത്തിൻെറ ആദ്യകാല കവിതകളും, പ്രശസ്തങ്ങളായ എ ടെയ്ൽ ഓഫ് എ ററബ്ബ് (1704), ദ ബാററിൽ ഓഫ് ദ ബുക്സ് (1704) എന്നീ ഗദ്യകൃതികളും രൂപംകൊണ്ടതു്. എട്ടു മാത്രകൾ വീതമുള്ള ഈരടികളാണു് സ്വിഫ്ററിൻെറ മിക്ക കവിതകളും. അവ അത്രകണ്ടു കാവ്യാത്മകവുമല്ല. അതുകൊണ്ടാണു് അദ്ദേഹത്തിൻെറ ഒരകന്ന ബന്ധു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വായ ഡ്രൈഡൻ പറഞ്ഞതു്, ''കസിൻ സ്വിഫ്ററ്, താങ്കൾ ഒരിക്കലും ഒരു കവിയായിതീരില്ല'' എന്നു്.

ജീവിതത്തിലെ ഒരു നീണ്ട കാലഘട്ടം വൈദികനായി സേവനം അനുഷ്ഠിച്ചുകൊണ്ടു് സ്വിഫ്ററ് അയർലൻറിൽ കഴിച്ചുകൂട്ടി. ഇംഗ്ലണ്ടിലെ ഒരു ബിഷപ്പായി തീരണമെന്നതായിരുന്ന ആഗ്രഹമെങ്കിലും ഡബ്ലിനിലെ സെയ്ൻറ് പാട്രിക്സിൽ ഡീൻ വരെ ഉയരാനെ അദ്ദേഹത്തിനു സാധിച്ചുള്ളു. എ ടെയ്ൽ ഓഫ് എ ററബ്ബിൻെറ കർത്താവു് ഒരു മതവിരുദ്ധനാണെന്നു് ബ്രിട്ടീഷ് രാജ്ഞിക്കു് സംശയം തോന്നിയതിനാനാലാണു് ബിഷപ്പ് സ്ഥാനത്തെത്താൻ അദ്ദേഹത്തിനു് കഴിയാതെപോയതു്.

സ്വിഫ്ററിനു് ഹെസ്റ്റർ പാൻ ബറോയോടുള്ള ബന്ധവും അത്ര സന്തോഷപ്രദമായിരുന്നില്ല. അവർ സ്വിഫ്ററിനെ അകമഴിഞ്ഞു് സ്നേഹിച്ചപ്പോഴും അവരെ ഒരു വിദ്യാർത്ഥിനിയോ മകളോ ആയി കണക്കാക്കാനെ അദ്ദേഹം തുനിഞ്ഞുള്ളു. ഇതു് അവരെ തളർത്തിക്കളയുകയും, അകാലമൃത്യുവിലെത്തിക്കുകയും ചെയ്തു. 'കാഡെനസ് ആൻറ് വാനെസ' എന്ന കവിതയിൽ സ്വിഫ്ററ് തന്നെ ഇക്കഥ പറയുന്നുണ്ടു്.

വിഗ് മന്ത്രിസഭയെ എതിർത്തും, ടോറിപാർട്ടിയെ പിന്തുണച്ചും സ്വിഫ്ററ് രാഷ്ട്രീയത്തിലും സജീവമായി പങ്കെടുക്കുകയുണ്ടായി. രാഷ്ട്രീയമണ്ഡലത്തിൽ ശക്തമായ സ്വാധീനം ചെലുത്തുവാനും അദ്ദേഹത്തിനു കഴിഞ്ഞു. 1728–ൽ സ്റെറല്ല യുടെ മരണം സ്വിഫ്ററിൻെറ സന്തോഷത്തിൻെറയും ശക്തിയുടെയും മരണമണിയായിരുന്നു. 1745–ൽ അദ്ദേഹം അന്തരിച്ചു.

ഒട്ടുവളരെ രാഷ്ട്രീയലേഖനങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ടു്. സുന്ദരമായ ഗദ്യശൈലി അവയെ സജീവമാക്കിയിരിക്കുന്നു. ഇവയിൽ എ മോഡസ്ററ് പ്രൊപോസൽ (1729) ഒന്നാന്തരം വക്രോക്തിയാണു്. മററു് ഏതു് എഴുത്തുകാരനെക്കാളും ശക്തമായി പരിഹാസധ്വനി പ്രയോഗിക്കുന്ന സ്വിഫ്ററിൻെറ മാസ്ററർ പീസാണു് എ മോഡസ്ററ് പ്രൊപോസൽ.

തൻെറ ഇതരകൃതികളെപ്പോലെ എ ടെയ്ൽ ഓഫ് എററബ്, ദ ബാററിൽ ഓഫ് ദ ബുക്ക്സ് എന്നിവയും അജ്ഞാതനാമാവായിട്ടാണു് അദ്ദേഹം പ്രസിദ്ധീകരിച്ചതു്. 1696—97 കാലഘട്ടത്തിൽ എഴുതിയെങ്കിലും 1704–ൽ മാത്രമേ ഇവ പ്രസിദ്ധപ്പെടുത്തിയുള്ളു. ക്രിസ്തീയസഭയുടെ ആരംഭം തൊട്ടു് തൻെറ കാലഘട്ടംവരെയുള്ള ചരിത്രമാണു് എ ടെയ്ൽ ഓഫ് എ ററബ്ബ് ക്രിസ്തുമതത്തിൻെറ മൂന്നു പ്രധാന വിഭാഗങ്ങളായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കത്തോലിസിസം, ആംഗ്ലിക്കൻസഭയുടെ പ്രോട്ടസ്റ്റാൻറിസം, പ്യൂരിട്ടാനിസം എന്നിവയെ പീററർ, മാർട്ടിൽ, ജാക്ക് എന്നീ പേരുകളിൽ വിവക്ഷിച്ചിരിക്കുന്നു. പരിഹാസപ്രയോഗം മുഖ്യമായും പീററിനും, ജാക്കിനും എതിരായിട്ടാണ് നടത്തിയിരിക്കുന്നതു്. മാർട്ടിനെ (ഇംഗ്ലീഷ്സഭ) താൻ ഒഴിവാക്കിയിരിക്കുന്നുവെന്നു് സ്വിഫ്ററ് തറപ്പിച്ചു പറയുന്നുണ്ടെങ്കിലും മൂന്നു ക്രിസ്തീയവിഭാഗങ്ങളെയും തൻെറ പരിഹാസത്തിനു പാത്രമാക്കിയിരിക്കുന്നുവെന്ന പ്രതീതിയാണ് അനുവാചകരിൽ ഉളവാക്കുന്നതു്. ഇത്തരത്തിലുള്ള അഭിപ്രായമാണ് ആൻ രാജ്ഞി വച്ചു പുലർത്തിയിരുന്നതു്. അതുകൊണ്ടുതന്നെയാണ് ഇംഗ്ലണ്ടിലെ ബിഷപ്പ്സ്ഥാനം അദ്ദേഹത്തിനു് ലഭിക്കാതെപോയതു്. ആൻ ഓഫ് എ ടബ്ബ് ഉജ്ജ്വലവും രമ്യവുമായ ഒരു ആഖ്യാനകൃതിയാണെന്നു പറയാൻ മടിക്കേണ്ടതില്ല. സ്വിഫ്ററിൻെറ മൂർച്ചയുള്ള പരിഹാസം ഇതിൽ നിറഞ്ഞു നിൽക്കുന്നു. ഡോ. ജോൺസൺ ഉൾപ്പെടെ പലരും ഈ കൃതിയെ സ്വിഫ്ററിൻെറ മാസ്റ്റർ പീസായി കരുതുന്നു. സ്വിഫ്ററും അങ്ങനെതന്നെയാണ് കണക്കാക്കിയിരുന്നതു്. അവസാനകാലത്തു് പ്രസ്തുത കൃതിയുടെ താളുകൾ മറിച്ചു നോക്കിക്കൊണ്ടു് 'എന്തൊരു കല്പനാശക്തിയായിരുന്നു ഈ കൃതി എഴുതുമ്പോൾ എൻേറതു്!' എന്നദ്ദേഹം പറഞ്ഞിരുന്നത്രെ.

പതിനേഴാം നൂററാണ്ടിൽ ഇംഗ്ലണ്ടിലും ഫ്രാൻസിലും ഒച്ചപ്പാടു സൃഷ്ടിച്ച പ്രാചീന സാഹിത്യകാരന്മാരുടെയും, ആധുനിക സാഹിത്യകാരന്മാരുടെയും ആരാധകർ തമ്മിലുള്ള വിവാദത്തിനു് സ്വിഫ്ററിൻെറ സംഭാവനയാണ് ദ ബാററിൽ ഓഫ് ദ ബുക്ക്സ്. ഈ തർക്കത്തിലെ തെററും ശരിയും വിവേചിക്കാൻ സ്വിഫ്ററ് മെനക്കെട്ടില്ല. തർക്കവിഷയത്തിൻെറ മൂല്യം പരിഗണിക്കാതെ തൻെറ എതിരാളികളോടുള്ള എതിർപ്പ് ഊററത്തോടെയും, സരസമായ ഹാസ്യത്തിലും അദ്ദേഹം അവതരിപ്പിച്ചു. സാഹിത്യമൂല്യമുള്ള ആക്ഷേപഹാസ്യമാണ്, സാഹിത്യവിമർശനമല്ല ദ ബാററിൽ ഓഫ് ദ ബുക്ക്സ്. 'മോക്ക്—ഹിറോയിക്ക്' രീതിയിൽ എഴുതിയിരിക്കുന്നുവെന്നതാണ് ഈ ഗ്രന്ഥം ആസ്വാദ്യകരമായി തോന്നാൻ പ്രധാന കാരണം.

എ ടെയ്ൽ ഓഫ് എ ററബ്ബ്, ദ ബാററിൽ ഓഫ് ദ ബുക്ക്സ് എന്നിവപോലെ സ്വിഫ്ററിനു് പ്രശസ്തി നേടിക്കൊടുത്ത വേറൊരു കൃതിയാണ് ഗളിവേഴ്സ് ട്രാവൽസ് (1726). കുട്ടികൾക്കു വായിച്ചു രസിക്കാനും മുതിർന്നവർക്കു് ഉപരി ചിന്തിക്കാനും വക നൽകുന്നതാണ് ഈ കൃതി. ഇതിനു നാലു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഗങ്ങളുണ്ട്. ലില്ലിപ്പുട്ട് ദ്വീപിൽ എത്തിച്ചേരുന്ന ഗളിവർ എന്ന സഞ്ചാരിയുടെ സാഹസികകഥകളാണ് പ്രഥമഭാഗം. ആറിഞ്ചുമാത്രം ഉയരമുള്ള കൊച്ചുമനുഷ്യരാണ് ലില്ലിപ്പുട്ടിലെ ജനങ്ങൾ. ബ്രോബ്ഡിന്നാഗിൽവച്ചു ഗളിവർക്കുണ്ടാകുന്ന അനുഭവങ്ങളാണ് രണ്ടാം ഭാഗത്തിൽ വിവരിക്കുന്നത്. ക്ഷേത്ര ഗോപുരങ്ങളെപ്പോലെ ഉയരം കൂടിയവരാണ് ഇവിടുത്തെ ആൾക്കാർ. ലാപ്യൂട്ടദ്വീപും അതിനടുത്ത ഭൂഖണ്ഡവും അതിന്റെ തലസ്ഥാനമായ ലാഗഡോയും സന്ദർശിക്കുന്നതിന്റെ വിവരണങ്ങൾ മൂന്നാം ഭാഗത്തിൽ ഉൾക്കൊള്ളുന്നു. തത്വജ്ഞാനികളുടെയും, ശാസ്ത്രജ്ഞന്മാരുടെയും, ചരിത്രകാരന്മാരുടെയും ആസൂത്രകാരന്മാരുടെയും നേർക്കുള്ള ആക്ഷേപമാണ് ഇതിൽ കൊടുത്തിരിക്കുന്നത്. മനുഷ്യനോട് അദ്ദേഹത്തിനുള്ള വിദ്വേഷം മുഴുവൻ പ്രകടിപ്പിക്കുന്നത് അവസാന അദ്ധ്യായത്തിലാണ്. അങ്ങേയററം വൃത്തികെട്ടവരും, അത്യാഗ്രഹികളും, ഭോഗാസക്തരുമാണ് മനുഷ്യർ എന്നതിനാലാണ് അദ്ദേഹം മനുഷ്യവർഗ്ഗത്തെ വെറുക്കുന്നത്. സ്വിഫ്ററിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ മാതൃകാജീവികളായ 'ഹോയിനിംസ്'' അഥവാ കുതിരകളുടെ മറുപുറമാണ് 'യാ ഹൂസ്'' അല്ലെങ്കിൽ മൃഗസ്വഭാവികളും, പ്രാകൃതരുമായ മനുഷ്യർ.

ഗളിവേഴ്സ് ട്രാവൽസ് (1726) എഴുതിയതിന്റെ ഉദ്ദേശശുദ്ധി പലപ്പോഴും ചോദ്യംചെയ്യപ്പെട്ടിട്ടുണ്ട്. തന്റെ ലക്ഷ്യം എന്താണെന്ന് ഒരു സ്നേഹിതനയച്ച കത്തിൽ അദ്ദേഹം വെളിവാക്കുന്നു. 'യോഹന്നാനേയും, പത്രോസിനേയും പോലെയുള്ളവരെ ഞാൻ അകമഴിഞ്ഞു സ്നേഹിക്കുന്നുണ്ടെങ്കിലും മനുഷ്യനെന്നു വിളിക്കുന്ന ജന്തുവുണ്ടല്ലോ, അതിനെ ഞാൻ കഠിനമായി വെറുക്കുന്നു.' പിന്നീടൊരിക്കൽ അദ്ദേഹം പറയുകയുണ്ടായി, 'മനുഷ്യവിദ്വേഷത്തിന്റെ ഉറച്ച അടിത്തറയിലാണ് ഞാൻ ട്രാവത്സ് എന്ന സൗധം പടുത്തുയർത്തിയിരിക്കുന്നത്'' എന്ന്. ഇങ്ങനെ നോക്കുമ്പോൾ സ്വിഫ്ററിന്റെ മനുഷ്യവിദ്വേഷത്തിന്റെ ബഹിർഗമനമാണ് ഈ കൃതി എന്നതിൽ സംശയം വേണ്ട. ഇങ്ങനെയൊക്കെയാണെങ്കിലും ഈ കൃതിയുടെ ആദ്യത്തെ രണ്ട് അദ്ധ്യായങ്ങളും അവസാനത്തെ രണ്ടദ്ധ്യായങ്ങളും തമ്മിലുള്ള അന്തരം എടുത്തുപറയേണ്ടിയിരിക്കുന്നു. ആദ്യഭാഗങ്ങളിൽ ആക്ഷേപം മൃദുവും സരസവുമാണ്. മൂന്നും നാലും ഭാഗങ്ങളിലാകട്ടെ ആക്ഷേപം കഠിനമായ മനുഷ്യവിദ്വേഷത്തിലാണ് അവസാനിക്കുന്നത്.

സ്വിഫ്ററിന്റെ ഗദ്യശൈലിയെക്കുറിച്ച് ഒരു വാക്ക്. സ്വിഫ്ററിന്റെ കീർത്തിക്കു പ്രധാന കാരണം അദ്ദേഹത്തിന്റെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനുഗ്രഹീതമായ ഗദ്യശൈലിയാണെന്നു് ചില നിരൂപകന്മാർ കരുതുന്നു. ഇതു ശരിയായാലും തെററായാലും അദ്ദേഹം ഇംഗ്ലീഷിലെ ഗദ്യരചയിതാക്കളിൽ അഗ്രഗണ്യനാണെന്നതിനു രണ്ടു പക്ഷമില്ല. ലളിതവും, ഋജുവുമായ അദ്ദേഹത്തിൻെറ ശൈലി ഉദ്ദിഷ്ടഫലം സൃഷ്ടിക്കാൻ പര്യാപ്തമാണു്. 'ഉചിതമായ പദങ്ങൾ ഉചിതമായ സ്ഥലങ്ങളിൽ' എന്നതാണു് ശൈലിക്കു് അദ്ദേഹം നൽകുന്ന നിർവ്വചനം സ്വിഫ്ററിൻെറ ഗദ്യത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിൻെറ നിർവ്വചനം അന്വത്ഥമാണുതാനും.

അക്കാലത്തെ ഗദ്യരചയിതാക്കളുടെ കൂട്ടത്തിൽ സാമ്പത്തിക ശാസ്ത്രചരിത്രത്തിലെ ഒരു മഹാസംഭവമായ വെൽത്ത് ഓഫ് നേഷൻസിൻെറ (1776) കർത്താവായ ആഡംസ് സ്മിത്ത് (1723–90), ആദ്ധ്യാത്മികവും ദാർശനികവുമായ ഏതാനും ഗ്രന്ഥങ്ങളെഴുതിയ വില്യംപേലി (1743–1805) എന്നിവരുടെ പേരുകൾ എടുത്തുപറയേണ്ടിയിരിക്കുന്നു.

പ്രത്യേക പരാമർശം അർഹിക്കുന്നവരാണു് അക്കാലത്തെ കത്തെഴുത്തുകാർ. ഇംഗ്ലീഷ് കത്തുകളുടെ സുവർണ്ണയുഗമാണു് പതിനെട്ടാം നൂററാണ്ടു്. സ്വിഫ്ററ്, സ്റ്റീൽ, ലേഡി മേരി പോർട്ട്ലി മണ്ടേഗു, എൾ ഓഫ് ചെസ്ററർ ഫീൽഡ്, ഹോരസ് വാൽപോൾ, വില്യംകൂപ്പർ എന്നിവരാണു് ഇവരിൽ ഏറെ ശ്രദ്ധേയർ.

അതിപ്രഗത്ഭ ജീവചരിത്രകാരനായ ജെയിംസ് ബോസ്‌വെൽ (1740—95) ഈ കാലഘട്ടത്തിൻെറ സന്തതിയാണു്. ഇംഗ്ലീഷ് ഭാഷയിലെ മഹത്തമമായ ജീവചരിത്രമാണു് ബോസ്‌വെല്ലിൻെറ ദ ലൈഫ് ഓഫ് സാമുവൽ ജോൺസൺ (1791). അദ്ദേഹത്തിൻെറ അതിശയകരമായ ഓർമ്മശക്തിയും സ്വതേയുള്ള വിവേകവും ചിട്ടയും അക്ഷീണമായ ഉത്സാഹവും വീരാരാധനയും ഒത്തുചേർന്നാണു് ഈ കൃതിയെ ഉത്തമമാക്കിതീർക്കുന്നതു്.

പ്രഗത്ഭരായ ഏതാനും ചരിത്രകാരന്മാരെയും രാഷ്ട്രീയ ചിന്തകന്മാരെയും ഈ നൂററാണ്ടു് സൃഷ്ടിച്ചിട്ടുണ്ടു്. ഇവരിൽ ഡേവിഡ് ഹ്യൂമിൻെറ (1711—76) പേർ ആദ്യം പറയണം ട്രീററിസ് ഓഫ് ഹ്യൂമൻ നേച്ചർ (1739—40) എന്ന ദാർശനികഗ്രന്ഥമാണു് അദ്ദേഹത്തെ അറിയപ്പെടുന്നവനാക്കിയതു്. ഇതിനുശേഷമാണു്. 1754 നും, 61–നും ഇടയ്ക്കു് അദ്ദേഹത്തിൻെറ ആറു വാല്യങ്ങളായി പ്രസിദ്ധപ്പെടുത്തിയ ദ ഹിസ്ററി ഓഫ് ഇംഗ്ലണ്ട് പുറത്തുവന്നതു്. ഇംഗ്ലീഷിലെ പ്രചാരമേറിയതും സാഹിത്യപരവുമായ ആദ്യത്തെ ചരിത്രഗ്രന്ഥമാണിതു്. ചുറുചുറുക്കുള്ളതും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉജ്ജ്വലവുമായ ശൈലി ഇതിനെ മററു ചരിത്രഗ്രന്ഥങ്ങളിൽനിന്നും വേർതിക്കുന്നു. മറെറാരു സ്കോട്ട്ലൻറുകാരനായ വില്യം റോബർട്ട്സ് (1721–93) ദ ഹിസ്ററി ഓഫ് സ്കോട്ട്ലൻറ് (1759), ദ ഹിസ്ററി ഓഫ് അമേരിക്ക (1771) മുതലായ ചരിത്രകൃതികളുടെ കർത്താവാണ്. സംഭവങ്ങളുടെ അനലംകൃതവും ക്രമവുമായ ആഖ്യാനങ്ങളാണ് അദ്ദേഹത്തിൻെറ രചനകൾ.

ലോകം കണ്ട മഹാൻമാരായ ചരിത്രകാരൻമാരിൽ ഒരാളാണ് ഏഴ വാല്യങ്ങളായി പ്രസിദ്ധീകരിച്ച ദ ഡിക്ലൈൻ ആൻറ് ഫാൾ ഓഫ് ദ റോമൻ എമ്പയർ (1776—88) എന്ന ബൃഹത് കൃതിയുടെ കർത്താവായ എഡ്വേർഡ് ഗിബ്ബൺ. ഒരു ചരിത്രകാരനെന്നതുപോലെ ഒന്നാന്തരമൊരു സാഹിത്യകാരൻ കൂടിയായിരുന്നു അദ്ദേഹം. ലോകചരിത്രത്തിലെ മഹത്തായ സംഭവങ്ങളിലൊന്നാണ് ഇതിൻെറ പ്രമേയം. ആചാരബദ്ധമായ പഴഞ്ചൻ മതവിശ്വാസങ്ങളെ കഴിച്ചുമൂടി, പുതിയൊരു ക്രിസ്തീയലോകത്തിനു തുടക്കം കുറിച്ചതിൻെറ ചരിത്രമാണ് ഗിബ്ബൺ നല്കുന്നതു്. അങ്ങേയററം കുഴഞ്ഞുമറിഞ്ഞ സംഭവങ്ങളിൽനിന്നും വിശദവും വ്യക്തവുമായ രീതിയിൽ സംഭവങ്ങളെ അടുക്കി ഒതുക്കുകയായിരുന്നു ചരിത്രകർത്താവ്. താൻ എഴുതാൻ പോകുന്ന ഗ്രന്ഥത്തെപ്പററി അദ്ദേഹത്തിനുണ്ടായിരുന്ന വ്യക്തമായ രൂപസങ്കല്പവും, സംഭവങ്ങളെപ്പററിയുള്ള ഗ്രാഹ്യവും അതിശയകരമെന്നു വേണം പറയാൻ. ഇതൊക്കെയാണെങ്കിലും എഴുത്തുകാരൻെറ ആവേശമോ വികാരങ്ങളോ കൃതിയിൽ അനുഭവപ്പെടുന്നില്ലെന്നതു് ഒരു പോരായ്മതന്നെയാണ്. മനുഷ്യജീവിതത്തിലെ ദുരന്തങ്ങൾപോലും അദ്ദേഹത്തെ സ്പർശിക്കുന്നതായി തോന്നുന്നില്ല. ചരിത്രകാരൻ ക്രിസ്തുമതത്തെ കൈകാര്യം ചെയ്തിരിക്കുന്നതു് നിർദ്ദയമായാണെന്നൊരു പരാതിയുണ്ട്. കൃതിയിലുടനീളം നിലനിത്താൻ കഴിഞ്ഞ ഊർജ്ജസ്വലമായ ശൈലിയാണ് ഒരുപക്ഷേ, ഈ ചരിത്രഗ്രന്ഥത്തിൻെറ ഏററവും വലിയ മെച്ചം. ഗംഭീരങ്ങളായ സന്ദർഭങ്ങളേയും മഹദ്വ്യക്തികളേയും അവർ അർഹിക്കുന്ന തരത്തിൽ ഉറപ്പിച്ചു നിത്താനും പ്രൗഢമായി ചിത്രീകരിക്കാനും അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിൻെറ ഉജ്ജ്വലവും പ്രൗഢവുമായ ശൈലിക്കെതിരെ മറെറാരു അരോപണംകൂടിയുണ്ടായിട്ടുണ്ട്. അതായതു് തീരെ നിസ്സാരങ്ങളായ കാര്യങ്ങൾപോലും ഗൗരവപ്രകൃതിയോടെ പ്രൗഢഗംഭീരമായ ശൈലിയിലാണ് അദ്ദേഹം പ്രതിപാദിക്കുന്നതു്.

ഡിക്ലൈൻ ആൻറ് ഫാളിനു പുറമെ ഹൃദ്യവും പാരായണ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്ഷമവുമായ ഓട്ടോബയോഗ്രഫിയുടെ കർത്താവുകൂടിയാണ് ഗിബ്ബൺ.

പതിനെട്ടാംനൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ഇംഗ്ലണ്ടിൻെറ രാഷ്ട്രീയജീവിതത്തിൽ ശക്തമായ ആധിപത്യം സ്ഥാപിച്ചിരുന്ന വ്യക്തിയാണ് എഡ്മണ്ട് ബർക്ക്. ബർക്കിൻെറ പാർലമെൻറിലെ പ്രസംഗങ്ങളും, രാഷ്ട്രീയലേഖനങ്ങളും അവയുടെ സൂക്ഷ്മനിരീക്ഷണശക്തികൊണ്ടും, വാഗ്വൈഭവംകൊണ്ടും, ഭാഷാപ്രൗഢികൊണ്ടും അതുല്യമായി നിലനില്ക്കുന്നു. മൂർത്തസത്യങ്ങളേയും സാമാന്യതത്വങ്ങളേയും തന്മയീഭവിപ്പിക്കുന്നതിനുള്ള ബർക്കിൻെറ വൈഭവം പ്രശംസാർഹമാണ്. പ്രായോഗികപ്രശ്നങ്ങളെ സിദ്ധാന്തവൽക്കരിക്കുന്നതിന് അദ്ദേഹത്തിനു നിരതിശയമായ കഴിവുണ്ട്. ബർക്കിൻെറ അഭിജാതമായ ധാർമ്മികപ്രകൃതത്തെപ്പററി അറിവില്ലാത്ത ഒരാളിന് ഒരു ചിന്തകനെന്ന നിലയിലും പ്രായോഗികരാഷ്ട്രീയക്കാരൻ എന്ന നിലയിലുമുള്ള അദ്ദേഹത്തിൻെറ മഹത്വം അറിയാൻ കഴിഞ്ഞെന്നു വരില്ല. അന്നത്തെ പ്രധാനപ്പെട്ട രാഷ്ട്രീയപ്രശ്നങ്ങളിൽ ഒരെണ്ണമൊഴികെ മററല്ലായ്പ്പോഴും അദ്ദേഹത്തിൻെറ സഹാനുഭൂതി പീഡിതരുടേയും മർദ്ദിതരുടേയും ഒപ്പമായിരുന്നു.

അമേരിക്കൻ നികുതിവ്യവസ്ഥയെക്കുറിച്ചും അമേരിക്കയുമായുള്ള അനുരഞ്ജനത്തെക്കുറിച്ചും ബർക്ക നടത്തിയ രണ്ടു പ്രസംഗങ്ങൾ—ബ്രിട്ടീഷ് പൊതുസഭയിൽ നടന്നിട്ടുള്ളതിൽവച്ച് ഏററവും ഉജ്ജ്വലങ്ങളായ പ്രസംഗങ്ങളാണ് ഇവ രണ്ടും—അമേരിക്കയിലേക്കുള്ള കുടിയേറിപ്പാർപ്പുകാരെ അനുകൂലിച്ചും, ജോർജ്ജ് മൂന്നാമൻെറ സ്വേച്ഛാഭരണത്തെ എതിർത്തുകൊണ്ടുമുള്ളതായിരുന്നു. ഇംഗ്ലീഷുകാർ ഇൻഡ്യയിൽ നടത്തിക്കൊണ്ടിരുന്ന ഹീനമായ ക്രൂരതകളെ അത്യാവേശത്തോടെ പ്രശംസാർഹമാംവണ്ണം അദ്ദേഹം എതിർക്കുകയുണ്ടായി. ബർക്കിൻെറ വിശാലഹൃദയത്തിനും, മർദ്ദനങ്ങളോടും ക്രൂരതകളോടും അന്തസ്സില്ലാത്ത രാഷ്ട്രീയവാണിജ്യ ഇടപാടുകളോടുമുള്ള എതിർപ്പിനും തെളിവാണ് വാറൻ ഹേസ്ററിങ്സിനെ കുററവിചാരണ ചെയ്തുകൊണ്ടും ആർക്കാട്ടു നവാബിൻെറ ബാദ്ധ്യതകളെ അഭിശംസിച്ചുകൊണ്ടും അദ്ദേഹം നടത്തിയ ഉശിരൻ പ്രസംഗങ്ങൾ. അയർലൻറിനെ അമേരിക്കൻ മാതൃക പിന്തുടരാൻ നിർബ്ബന്ധിതമാക്കിയ ശിക്ഷാനടപടിനിയമങ്ങളെ അദ്ദേഹം തിരസ്കരിക്കുകയാണുണ്ടായതു്. വർഗ്ഗത്തിൻെറ ആധിപത്യത്തെ എതിർക്കുകയും അധികാരിവർഗ്ഗത്തിൻെറ തണലിൽ അവർ കാട്ടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൂട്ടിയ അനേകം കൊള്ളരുതായ്മകളെ പുറത്തു കൊണ്ടുവരിക യും ചെയ്യാൻ ഒട്ടൊന്നുമല്ല അദ്ദേഹം ശ്രമിച്ചതു്.

തെററു ചെയ്തവരുടെ പക്ഷത്തിനു് അനുകൂലമായ നിലപാടു് അദ്ദേഹം സ്വീകരിച്ചതു് ഒരുപക്ഷേ, റിഫ്ളെക്ഷൻസ് ഓൺ ദ റെവല്യൂഷൻ ഇൻ ഫ്രാൻസ്, ദ ലെറേഴ്സ് ഓൺ റെജിസൈഡ് പീസ് എന്നിവയിൽ മാത്രമാണു്. ഫ്രഞ്ചു വിപ്ലവകാരികളുടെ അതിരുകടന്ന ആക്രമണങ്ങളേയും അതിനു പിന്തുണ നൽകിയ ഇംഗ്ലീഷുകാരേയും അദ്ദേഹം എതിർക്കുകയായിരുന്നു ഇവയിൽകൂടി. ഇതിൽ പക്ഷേ, എന്തെങ്കിലും വൈരുദ്ധ്യമുണ്ടെന്നു പറയാനാവില്ല. ഗവണ്മെൻറിൽ എന്തെങ്കിലും മൗലികമായ മാററങ്ങൾ വരുത്താൻ സാധിക്കുമെന്ന കാര്യത്തിൽ സംശയാലുവായിരുന്നു ബർക്ക്. രാഷ്ട്രീയത്തിൽ യാഥാസ്ഥിതിക മനസ്ഥിതിക്കാരനായിരുന്ന അദ്ദേഹത്തിൻെറ വാദം അനേകനാളുകളായി നിലനിന്നുപോന്ന ഭരണസമ്പ്രദായത്തെ പെട്ടെന്നൊരു മുഹൂർത്തത്തിൽ നശിപ്പിച്ചുകളയുന്നതു് ഒട്ടും ആശാസ്യമല്ലെന്നായിരുന്നു.

ബർക്കിൻെറ പരാമർശമർഹിക്കുന്ന മറെറാരു രചനയാണു് ലെററർ ററു എ നോബ്ൾ ലോർഡ് (1795). ഇംഗ്ലീഷ് ഗദ്യസാഹിത്യത്തിലെ ഏററവും ഉജ്ജ്വലമായ ആക്ഷേപഹാസ്യത്തിനു് ഉദാഹരണമാണു് ഈ കൃതി. അലംകൃതമായ ഗദ്യശൈലിയുടെ കാര്യത്തിലും ബർക്കിനോടു കിടപിടിക്കാൻ ഇംഗ്ലീഷ് സാഹിത്യത്തിൽ ആരുമില്ലെന്നതാണു് വാസ്തവം.

നോവൽ

തികച്ചും അവിചാരിതമായിട്ടാണു് സാമുവൽ റിച്ചേഡ്സൺ (1689—1761) നോവലിസ്ററായി തീർന്നതു്. അച്ചടിയായിരുന്നു അദ്ദേഹത്തിൻെറ മുഖ്യതൊഴിൽ. നിത്യജീവിതത്തിൽ ഉപയോഗിക്കാവുന്ന തരത്തിൽ സ്വകാര്യകത്തുകളുടെ ഒരു പരമ്പര എഴുതി തയ്യാറാക്കാൻ ലണ്ടനിലെ രണ്ടു സ്ഥാപനങ്ങൾ റിച്ചേഡ്സനെ ചുമതലപ്പെടുത്തി. കത്തുകളുടെ ഈ പരമ്പരയാണു് പാമില (1740) എന്ന ആദ്യനോവലായി വികസിച്ചുവന്നതു്. അതീവ ലളിതമാണു കഥ. തൻെറ ഒരുററ സ്നേഹിതൻ പറഞ്ഞുതന്ന യഥാർത്ഥ കഥതന്നെയാണിതു് എന്നു് റിച്ചേഡ്സൺ അവകാശപ്പെടുന്നു. ധനികനും, തത്ത്വദീക്ഷയില്ലാത്തവനുമായ മിസ്ററർ ബി അയാളുടെ അമ്മയുടെ വാല്യക്കാരിയായ പാമിലയിൽ ആകൃഷ്ടനാകുന്നു. അയാൾ അവളോടു പ്രേമാഭ്യർത്ഥന നടത്തിയെങ്കിലും അവൾ അതു നിരസി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്സുകയാണുണ്ടായതു്. അയാളുടെ ആഗ്രഹം നടക്കുകയില്ലെന്നു കണ്ടപ്പോറം അവളെ ബലാൽസംഗം ചെയ്യാൻപോലും അയാറം മുതിരുകയുണ്ടായി. മിസ്റ്റർ ബി യുടെ ശല്യം സഹിക്കവ യ്യെന്നായപ്പോറം പാമില അവിടെനിന്നും രക്ഷപെട്ടു. എന്നാൽ അവളെ കൂടാതെ ജീവിക്കാൻ വയ്യെന്ന അവസ്ഥയായി മിസ്റ്റർ ബി—ക്കു്. വിവാഹാഭ്യർത്ഥനയുമായി ഒരാളെ അവളുടെ അടുത്തേക്കു് അയാറം അയസ്സുകവരെ ചെയ്യു. അവസാനം ബിയുടെ വീട്ടിൽ തിരിച്ചെത്തുന്ന പാമില അയാളെ വിവാഹം ചെയ്യുന്നു.

ഹ്രസ്വമായ ഈ കഥയെ അസാധാരണമാംവണ്ണം നീട്ടിയാണ് റിച്ചേഡ്സൺ നോവൽ സൃഷ്ടിച്ചതു്. കഷ്ടമെന്നു പറയട്ടെ പാമില ഓർ വർച്യൂ റിവാർഡഡ് എന്നാണു് റിച്ചാർഡ്സൺ ഈ നോവലിനു പേരു കൊടുത്തതു്. കൃതിക്കു നൽകിയ ഈ ഉപശീർഷകം അതിൻെറമേൽ പ്രതികൂലമായ വിമർശനം ക്ഷണിച്ചുവരുത്തുകയാണ ചെയ്യതു്. ഇതിൽ ചാരിത്രശുദ്ധിക്കു പാമിലയ്ക്കു എന്തു പാരിതോഷികമാണു ലഭിച്ചതു്? ദ്രവ്യലാഭത്തിനുവേണ്ടിയാണോ ചാരിത്ര്യം? ചാരിത്രശുദ്ധിയുടെ പ്രതീകമായ പാമില അർഹമായ വില കിട്ടാതെ അതു നൽകുകയില്ലെന്നാണോ? അങ്ങേയററം നികൃഷ്ടമായി പെരുമാറിയ ഒരുവൻ വിവാഹാഭ്യർത്ഥന നടത്തിയപ്പോറം പാമില സന്തോഷത്തോടെ അതു സ്വീകരിക്കുന്നതിനെ മററെന്തു തരത്തിലാണു് വ്യാഖ്യാനിക്കേണ്ടതു്? വിവാഹത്തിനുശേഷവും ദുർനടപ്പുകാരനായ മിസ്റ്റർ ബി പശ്ചാത്തപിക്കും വരെ പാമിലക്കു് വളരെയധികം ക്ലേശങ്ങറം അനുഭവിക്കേണ്ടിവരുന്നുണ്ടു്.

റിച്ചേഡ്സൻെറ രണ്ടാമത്തെ നോവലായ ക്ലാരിസ്സാ ഹാർലോവിലും (1747—48) നേരും നെറിയുമില്ലാത്ത ഒരുവനിൽ നിന്നും പീഡനങ്ങറം അനുഭവിക്കേണ്ടിവന്ന ഒരു ചാരിത്രവതിയെയാണു് നാം കാണുന്നതു്. എന്നാൽ ഇതിലെ ഒരു വ്യത്യാസം പശ്ചാത്താപവിവശനായ കാമുകൻ വിവാഹാഭ്യർത്ഥനയുമായി സമീപിക്കുമ്പോറം നായിക അതു നിരസിക്കുന്നുവെന്നതാണു്. മാനസികമായി തളർന്ന നായിക അവസാനം മരിക്കുന്നു. പാമിലയെക്കാറം ശോകാത്മകവും ആകർഷകവുമാണു് ക്ലാരിസ്സാ ഹാർലോവ്.

അവസാനത്തെ നോവലായ സർ ചാറംസ് ഗ്രാൻഡിസണിൽ (1754) നായികാനായകന്മാരുടെ സ്ഥാനം പരസ്പരം മാററിമറിച്ചിരിക്കുന്നു. പക്വമതിയും ആദർശധീരനുമായ യുവാവിനെ ഒരേസമയം രണ്ടു യുവതികറം പ്രേമിക്കുന്നു. ഇവരിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആരെ ഭാര്യയായി സ്വീകരിക്കണമെന്നതാണ അയാളുടെ പ്രശ്നം. ഒരാഠം ഇംഗ്ലീഷ്കാരി മറെറയാഠം ഇററലിക്കാരി. രണ്ടുപേരിലും അയാളുടെ മനസ്സ് മാറിമാറി ചെന്നുചേരുന്നു. അവസാനം സ്വന്തം നാട്ടുകാരിയെ അയാഠം സ്വീകരിക്കുന്നു.

റിച്ചേഡ്സൻെറ മൂന്നു നോവലുകളും 'എപ്പിസ്റ്റോലറി' രീതിയിലാണ് എഴുതിയിരിക്കുന്നതു് (കത്തുകളുടെ രൂപത്തിൽ നോവലുകളുടെ ആഖ്യാനംനടത്തുന്ന രീതിയാണ് 'എപ്പിസ്റ്റോലറി നോവൽ'). ഈ രീതിക്കു് പല സൗകര്യങ്ങളുമുള്ളതുപോലെ ചില ദൂഷ്യവശങ്ങളും ഉണ്ടു്. 'നോവലിസ്ററ് ഈ വിവരങ്ങളെല്ലാം എങ്ങനെ അറിയുന്നു?' എന്ന സർവ്വസാധാരണമായ ചോദ്യം ഇവിടെ ഉദിക്കുന്നില്ല. കഥാപാത്രങ്ങഠംക്കു നേരിട്ടും വിശദവിവരണം നടത്താൻ ഈ രീതി സഹായകമാണ്. റിച്ചേഡ്സൻെറ പ്രത്യേക സിദ്ധിയായ മാനസികവിശകലനവും ഇവിടെ സാദ്ധ്യമാണ്. ഒരേ സംഭവത്തേയും കഥാപാത്രത്തേയുംകുറിച്ചു് വ്യത്യസ്തവീക്ഷണങ്ങഠം അവതരിപ്പിക്കാനും ഈ രീതിക്കു കഴിയുന്നു. എന്നാൽ 'എപ്പിസ്റേറാലറി' രീതിക്കു് അതിഭാഷണപ്രവണതയുണ്ടെന്നൊരു ദൂഷ്യമുണ്ടു്. ഓരോ കഥാപാത്രവും അപരവരെ സംബന്ധിക്കുന്ന വിവരങ്ങഠം റിപ്പോർട്ടു ചെയ്യുകയായതിനാൽ നേരിട്ടുള്ള സംഭാഷണത്തിൻെറ ആകർഷകത്വം ഇത്തരം ആവശ്യങ്ങഠംക്കു ലഭിക്കാതെപോകുന്നു.

റിച്ചേഡ്സൻെറ കഥകളെല്ലാം ഒരേയൊരു ആശയത്തിൻെറതന്നെ ആവർത്തനങ്ങളാണ്. ഒരു വ്യക്തിയെ, അവർ പുരുഷനോ സ്ത്രീയോ ആകട്ടെ, നന്മയുടെ മൂർത്തിയായി ചിത്രീകരിക്കുകയും പ്രലോഭനങ്ങഠംക്കു വഴിപ്പെടാതെ അവയെ ചെറുത്തുനിൽക്കുകയും ചെയ്യുന്ന കഥയാണ് അദ്ദേഹത്തിൻേറതു്. അമിതമായി ധർമ്മോപദേശം കൊടുക്കുന്നുവെന്ന ന്യൂനതയും ഉണ്ടു്. സ്ത്രീസ്വഭാവത്തെക്കുറിച്ചു് സമഗ്രമായ അറിവുണ്ടു് അദ്ദേഹത്തിനു്. ഇംഗ്ലീഷിലെ ആദ്യത്തെ മനഃശാസ്ത്രനോവലിസ്ററാണ് റിച്ചേഡ്സൺ എന്നു പറയപ്പെടുന്നു. ഇടത്തരക്കാരെയാണ് അദ്ദേഹം കൂടുതലായി ചിത്രീകരിക്കുന്നതു്. സമൂഹത്തിലെ ഉന്നതശ്രേണിയിലുള്ളവരുടെ ജീവിതരീതികളെക്കുറിച്ചു് അദ്ദേഹത്തിനു് വലിയ പിടിപാടില്ല. അത്തരക്കാരുടെ ജീവിതം ചിത്രീകരിക്കാൻ ശ്രമിച്ചിടത്തൊക്കെ അദ്ദേഹം പരാജയപ്പെടുകയും ചെയ്തു. തനിക്കു മാതൃകയാക്കാൻ അന്നേവരെ ആരും ഉണ്ടായിരുന്നില്ലെന്നും നൂതനമായ സാഹിത്യരൂപങ്ങളാണ് താൻ ആവിഷ്കരിച്ചതെന്നുമുള്ള വസ്തുതകഠം കണക്കിലെടുക്കുമ്പോഠം റിച്ചേഡ്സനെ ഇംഗ്ലീഷ്നോവലിൻെറ പിതാവു് എന്നു് ന്യായമായും വിശേഷിപ്പിക്കാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

റിച്ചേഡ്സൻെറ സൃഷ്ടികളിൽ ഏററവും മഹത്തായതു് അദ്ദേഹത്തിൻെറ പിൻഗാമിയും ആക്ഷേപചിത്രകാരനും തന്നെക്കാം മുന്തിയവനുമായ ഹെൻറി ഫീൽഡിങ് (1707—54) ആണെന്നു പറയപ്പെടുന്നു. കാരണം റിച്ചേഡ്സൻെറ പാമിലയാണ് തൻെറ ആദ്യനോവലായ ജോസഫ് ആൻഡ്രൂസ് എഴുതാൻ ഫീൽഡിങിനെ പ്രേരിപ്പിച്ചതു്. ഇതിൽ പാമിലയുടെ ഹാസ്യാനുകരണമാണ് ഫീൽഡിങ് നടത്തിയിരിക്കുന്നതു്. നായകനായ ജോസഫ് ആൻഡ്രൂസിനെ പാമില ആൻഡ്രൂസിൻെറ സഹോദരനായി അവതരിപ്പിച്ചിരിക്കുന്നു. ജോസഫ് ആൻഡ്രൂസിനെ അയാളുടെ യജമാനത്തിയായ ലേഡിബൂബി നിരന്തരം ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. (പാമിലയിലെ മിസ്ററർ ബി—യുടെ സ്ഥാനമാണ് ലേഡി ബൂബിക്കു് ഈ നോവലിൽ.) ലേഡി ബൂബിയുടെ അഭിലാഷത്തെ നായകൻ വെറുക്കുന്നു. റിച്ചേഡ്സൻെറ കൃതിയുടെ ഹാസ്യാനുകരണമായിട്ടാണ് ഫീൽഡിങ് തൻെറ നോവൽ ആരംഭിച്ചതെങ്കിലും ആ ലക്ഷ്യം നോവലിസ്ററു സ്വയം വിസ്മരിച്ചുപോകുന്നു. അതിനുശേഷം നാമമാത്രമായ ഈ കഥാപാത്രം പിന്നിലേക്കു തള്ളപ്പെടുകയും പാർസൺ ആഡംസ് മുഖ്യകഥാപാത്രമായിത്തീരുകയും ചെയ്യുന്നു. നോവൽസാഹിത്യത്തിലെ അനശ്വരന്മാരായ കഥാപാത്രങ്ങളിൽ ഒരാളാണ് അയാാം. കുട്ടികളെപ്പോലെ നിഷ്കളങ്കരും എന്നാൽ അവരെപ്പോലെ കുസൃതിത്തരങ്ങൾ നിറഞ്ഞതുമായ കഥാപാത്രങ്ങളിൽ പാർസൺ ആഡംസിനെ പെടുത്താം. ഡോൺ ക്വിക്സോട്ടിനേയും, സർ റോജർ ഡി കവർലിയേയും, ഡോക്ടർ പ്രിംറോസിനേയും, മിസ്റ്റർ പിക്ക് വിക്കിനേയുംപോലെ നമ്മൾ ഈ കഥാപാത്രത്തേയും പരിഹസിച്ചു ചിരിക്കുകയും അതോടൊപ്പം ഇഷ്ടപ്പെടുകയും ചെയ്യും. പുസ്തകത്തിൻെറ ആകർഷകമായ മുഖവുരയിൽ തൻെറ ഉദ്യമത്തെ ഗദ്യത്തിലുള്ള പ്രഹസനവീരചരിതമായിട്ടാണ് അദ്ദേഹം വിശേഷിപ്പിക്കുന്നതു്.

ഫീൽഡിങിൻെറ രണ്ടാമത്തെ കൃതിയായ ടോം ജോൺസാണ് അദ്ദേഹത്തിൻെറ ഏററവും നല്ല കൃതി; ടോം ജോൺസ് അഥവാ 'ഒരു അനാഥശിശുവിൻെറ ചരിത്രം' (1749) എന്ന നോവലിലാണ് തൻെറ ആശയങ്ങൾ പൂർണ്ണമായും പ്രകടിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞതു്. മൂന്നു ഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഈ കൃതിയുടെ ആദ്യഭാഗം നാട്ടുമ്പുറത്തും, രണ്ടാംഭാഗം അപ്ററണിലും സമീപപ്രദേശങ്ങളിലും, മൂന്നാംഭാഗം ലണ്ടനിലുംവച്ചു നടക്കുന്നു. അനാഥനായ ടോം ജോൺസിനെ ചുററിപ്പററിയാണ് ഇതിവൃത്തം ചുരുളഴിയുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തു്. അയാളുടെ പിതൃത്വം കണ്ടെത്തുകയാണ് നോവലിസ്ററി ന്റെ മുഖ്യവിഷയം. ഓരോ രഹസ്യവും പൂർണ്ണമായും നിരാക്ഷേപമായും തെളിയിച്ചുകൊണ്ട് സുന്ദരമായി ഇതിവൃത്തം സൃഷ്ടിക്കാൻ നോവലിസ്ററിനു് കഴിഞ്ഞിട്ടുണ്ട്. കഥാപാത്രങ്ങളുടെ ഒരു പടതന്നെയുണ്ട് ഇതിൽ. തീരെ അപ്രധാനമായ കഥാപാത്രങ്ങൾ മുതൽ നായികാനായകന്മാർവരെയുള്ളവരെയും യഥാതഥമായി നോവലിസ്ററ് ചിത്രീകരിച്ചിരിക്കുന്നു. ടോംജോൺസിന്റെ സ്വഭാവത്തെക്കുറിച്ച് എതിരഭിപ്രായങ്ങളുണ്ടായിട്ടുണ്ട്. സ്ത്രീയിൽ പെട്ടെന്നു് അകൃഷ്ടനാകുന്ന വിഷയലമ്പടനായ അയാളെ 'ധീരോദാത്തനല്ലാത്ത നായകൻ' എന്നാണ് ഒരു നിരൂപകൻ വിശേഷിപ്പിച്ചതു്. സ്ത്രീവിഷയത്തിൽ അകപ്പെടുന്ന സന്ദർഭങ്ങളിലെല്ലാം അയാൾ സ്ത്രീകളുടെ അഭിലാഷത്തിനു് അനായാസേന ഇരയായിത്തീരുകയാണ്. ഒരിക്കൽ പോലും അയാൾക്കു് അവരെ കീഴ്പ്പെടുത്തേണ്ടിവരുന്നില്ല. ആ കാലഘട്ടം സദാചാരത്തിനു തീരെ വില നൽകിയിരുന്നില്ലെന്നോർക്കണം. മനുഷ്യപ്രകൃതത്തെപ്പററി ഫീൽഡിങിനുണ്ടായിരുന്ന ധാരണ റിച്ചേഡ്സൻേറതിൽനിന്നും തികച്ചും ഭിന്നമായിരുന്നു. ധൈര്യവും, മഹാമനസ്കതയും, സ്വഭാവനന്മയുമാണ് സദാചാരത്തിന്റെ ഫലമായി സിദ്ധിക്കുന്ന വൈശിഷ്ട്യത്തെക്കാൾ പ്രധാനമെന്നു് അദ്ദേഹം വിശ്വസിച്ചു. ടോംജോൺസിൽനിന്നു തികച്ചും വ്യത്യസ്തമായ ഒന്നാണ് ഫീൽഡിങിന്റെ അടുത്ത നോവലായ അമീലിയ (1751). ഭർത്താവിന്റെ തെററുകളേയും, കുററങ്ങളേയും മറക്കുകയും, പൊറുക്കുകയും ചെയ്യുന്ന ആദർശവതിയായ ഒരു ഭാര്യയെ ഇതിൽ നോവലിസ്ററ് അവതരിപ്പിക്കുന്നു.

ജോനഥൻ വൈൽഡ് (1743) അൽപം നീണ്ട ചെറുകഥയെന്നേ പറയേണ്ടൂ. എങ്കിലും മററു കൃതികളേക്കാൾ ഫീൽഡിങ് എന്ന എഴുത്തുകാരന്റെ മഹത്വം തെളിഞ്ഞുകാണുന്നു ഇതിൽ. കുപ്രസിദ്ധനായ ജോനഥൻ വൈൽഡ് എന്ന കൊള്ളക്കാരൻ കഴുകുമരത്തിലേറുന്നതാണ് ഇതിന്റെ കഥ. അതിസമർത്ഥനായ ഒരു കഥാപാത്രമായാണ് നോവലിസ്റ്റ് അയാളെ ചിത്രീകരിക്കുന്നതു്. ആദിമദ്ധ്യാന്തം ധ്വനിസാന്ദ്രമാണിതു്. ഓരോ വാചകത്തിൻേറയും ബാഹ്യാർത്ഥത്തിന്റെ നേരെ വിപരീതമായ ധ്വനിയാണ് പലപ്പോഴും ഗ്രന്ഥകാരൻ ഉദ്ദേശിച്ചിരിക്കുന്നതു്.

ഇംഗ്ലീഷ് നോവൽസാഹിത്യത്തിൽ ഫീൽഡിങിന്റെ സംഭാവനയെപ്പററി വ്യക്തമായ ധാരണ ഉണ്ടാകുന്നതു് അദ്ദേഹത്തിന്റെ മുൻഗാമികളുമായി, വിശേഷിച്ച് റിച്ചേഡ്സനുമാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യി, ഫീൽഡിങ്ങിനെ താരതമ്യം ചെയ്യുമ്പോഴാണ്. ഫീൽഡിങ്ങിനു മുമ്പുവരെ നോവൽരചനാസങ്കേതം മിക്കവാറും ആത്മകഥാപരമോ (ഡീഫോ), എപ്പിസ്റ്റോലറി രീതിയോ (റിച്ചേഡ്സൺ) മാത്രമായിരുന്നു. റിച്ചേഡ്സന്റെ മൂന്നു നോവലുകളുടേയും പ്രമേയം ഏതാണ്ടൊന്നിന്റെതന്നെ വ്യത്യസ്തങ്ങളായ അനുകരണങ്ങളായിരുന്നുവെന്നു പറയാം. അതേസമയം ഫീൽഡിങ്ങിന്റെ നാലു നോവലുകളും പ്രമേയത്തിന്റെ കാര്യത്തിൽ വൈവിദ്ധ്യം പുലർത്തുന്നു. കഥാപാത്രങ്ങളുടേതായ ഒരു ലോകം തന്നെയുണ്ട് ഫീൽഡിങ്ങിന്. റിച്ചേഡ്സന്റെ കഥാപാത്രങ്ങൾ എണ്ണത്തിൽ കുറവും ഉള്ളവതന്നെ ടൈപ്പുകളുമാണ്. വിദഗ്ദ്ധമായി സൃഷ്ടിച്ചെടുത്ത ഇതിവൃത്തങ്ങളാണ് ഫീൽഡിങ്ങിന്റേതു്. റിച്ചേഡ്സന്റെ നോവലുകളിൽ കാര്യമായ ഇതിവൃത്തംതന്നെ ഇല്ല. സംഭാഷണത്തിന്റെയും, ശൈലിയുടേയും കാര്യത്തിലും റിച്ചേഡ്സനെക്കാൾ എത്രയോ മുന്നിലാണ് ഫീൽഡിങ്. പിക്കാരെസ്ക് നോവൽ, നോവൽ ഓഫ് മാനേഴ്സ്, ഡൊമെസ്റ്റിക് നോവൽ തുടങ്ങി വിവിധങ്ങളായ നോവൽരചനാരീതിയുടെ ആദിരൂപങ്ങളോ അവയുടെ സൂചനകളോ ഫീൽഡിങ്ങിന്റെ രചനകളിൽ കണ്ടെത്താം. ചുരുക്കത്തിൽ ഇംഗ്ലീഷ് നോവൽസാഹിത്യത്തിന് മഹത്തും, ബൃഹത്തുമായ സംഭാവനകൾ നൽകിയ മഹാപ്രതിഭയാണ് ഫീൽഡിങ്,

ലോറൻസ് സ്റ്റേണിന്റെ (1713—1768) പ്രധാനപ്പെട്ട കൃതിയാണ് ട്രിസ്റ്റം ഷാൽഡി (1760—67). യോർക്കിലെ അറിയപ്പെടാത്ത വൈദികനായ സ്റ്റേണിന്റെ പ്രസ്തുത കൃതിയുടെ ആദ്യത്തെ രണ്ടു ഭാഗങ്ങൾ പുറത്തുവന്നപ്പോഴേക്കും അദ്ദേഹം പ്രശസ്തനായിത്തീർന്നു. മൊത്തം ഒൻപതു വാല്യങ്ങളുള്ള ഈ കൃതി ഘട്ടംഘട്ടമായിട്ടാണ് പ്രസിദ്ധപ്പെടുത്തിയതു്. ചിലരുടെ ദൃഷ്ടിയിൽ വിലക്ഷണമായ രചനയ്ക്കു് ഒന്നാന്തരം ഉദാഹരണമാണ് ഈ കൃതി. 'ട്രിസ്റ്റം ഷാൽഡി എന്ന മാന്യന്റെ ജീവിതവും, വിശ്വാസങ്ങളു'മാണ് ആഖ്യാനം ചെയ്യപ്പെടുന്നതെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും മൂന്നാംഭാഗത്തിന്റെ അവസാനംവരെ ഇതിലെ നായകൻ ജനിച്ചിട്ടുതന്നെ ഇല്ല. ആറാംഭാഗം തീരുമ്പോഴേക്കും നായകൻ കാൽച്ചട്ട ധരിക്കുന്ന പ്രായം എത്തിയിട്ടില്ല. അവസാനത്തെ രണ്ടു ഭാഗങ്ങളിൽ നായകൻ പ്രത്യക്ഷപ്പെടുന്നുപോലുമില്ല. കൃതിക്കു് രൂപഭദ്രത ലേശവും ഇല്ലെന്നുവേണം പറയാൻ. പ്രധാന പ്രമേയത്തിൽനിന്നും വ്യതിചലിച്ചുപോകുന്ന സന്ദർഭങ്ങൾ നിരവധിയാണ്. ഇത്തരം കാടുകയററമാണ് 'വായനയുടെ ആനന്ദവും, ജീവനും, ആത്മാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വും' എന്നു് നോവലിസ്ററ് അവകാശപ്പെടുന്നു. നോവൽ പുറങ്ങളിൽ ധാരാളമായി വരകളും നക്ഷത്രചിഹ്നങ്ങളും ശൂന്യസ്ഥലങ്ങളും കാണാം. ചില അദ്ധ്യായങ്ങളിൽ കഷ്ടിച്ചു് ഒന്നോ രണ്ടോ വാചകങ്ങൾ മാത്രമെ ഉള്ളൂ. മററു ചില അദ്ധ്യായങ്ങളാകട്ടെ അനുവാചകന്റെ ഭാവനയ്ക്കു വിട്ടുകൊടുത്തിരിക്കുന്നു. വായനക്കാരന്റെ ഇഷ്ടമനുസരിച്ചു് പൂരിപ്പിച്ചുകൊള്ളട്ടെ എന്ന അർത്ഥത്തിൽ ശൂന്യമായി ഇട്ടിരിക്കുന്ന പുറങ്ങളുമുണ്ടു്.

വിലക്ഷണമായ ഈ അസാധാരണത്വമാണു് നോവലിനു് പെട്ടെന്നു് പ്രചാരം വർദ്ധിപ്പിച്ചതെങ്കിലും അതിന്റെ ശാശ്വതമായ അംഗീകാരത്തിനു കാരണം ഉദാത്തമായ പാത്രസൃഷ്ടിയാണു്. നോവലിലെ കഥാപാത്രങ്ങളിൽ ഏററവും പ്രാധാന്യം അർഹിക്കുന്നു അങ്കിൾ റേറാബി. നോവൽസാഹിത്യത്തിലെ അനശ്വരന്മാരായ കഥാപാത്രങ്ങളിൽ ഒരാളായ അങ്കിൾ റേറാബി സർ റോജർ ഡി കവർലിയുടേയും, പാർസൺ ആഡംസിന്റേയും, മിസ്റ്റർ പിക്ക്വിക്കിന്റേയും കുടുംബത്തിൽപെടുന്നു. മനുഷ്യപ്രകൃതത്തിന്റെ ഏററവും സുന്ദരമായ ഭാവത്തെ അങ്കിൾ റേറാബിയിലൂടെ ചിത്രീകരിച്ചിരിക്കുന്നു. ലാളിത്യത്തിന്റേയും അകൃത്രിമത്വത്തിന്റേയും മൂലമാതൃകയായി ഈ കഥാപാത്രത്തെ വിവക്ഷിക്കുന്നതിൽ തെററില്ല. അങ്കിൾ റേറാബിയുടെ സഹായിയായ കോർപൊറൽ ടിം ഉൽക്കൃഷ്ടമായ ആലേഖനത്തിനു് മറെറാരു തെളിവാണു്. സ്ററേണിന്റെ അടുത്ത കൃതിയായ എ സെൻറിമെൻറൽ ജർണി (1768) ഫ്രാൻസ്, ബെൽജിയം, ഇററലി തുടങ്ങിയ രാജ്യങ്ങളിലൂടെയുള്ള സഞ്ചാരത്തെ സംബന്ധിക്കുന്ന വിവരണങ്ങളാണു്. ഹ്രസ്വവും സ്വയംപൂർണ്ണവുമായ കൊച്ചു കൊച്ചു ദൃശ്യങ്ങളുടെ ഒരു നിരതന്നെയുണ്ടു്. ഇതിൽ. സ്റ്റേണിന്റെ മനോഹരമായ ഹ്രസ്വചിത്രങ്ങളെ വെല്ലുന്ന വിവരണങ്ങൾ മറെറങ്ങും കാണാൻ കഴിഞ്ഞെന്നു വരില്ല. തന്റെ മഹത്ത്വത്തിനും പ്രസിദ്ധിക്കും കാരണം വികാരാത്മകതയാണെന്നാണു് സ്ററേൺ വിശ്വസിച്ചിരുന്നതു്. എന്നാൽ അദ്ദേഹത്തിന്റെ വൈകാരികത്വം പലപ്പോഴും അതിന്റെ സീമകളെ അതിലംഘിച്ചു് അപഹാസ്യമായിത്തീർന്നിട്ടുള്ള സന്ദർഭങ്ങളുമുണ്ടു്. ഒരു 'സെൻറിമെൻറലിസ്ററ്' എന്നതിനേക്കാൾ നർമ്മരസികനും, പാത്രസ്രഷ്ടാവുമായിരുന്നു സ്ററേൺ. ഒരു കഥ മെനഞ്ഞെടുക്കാനുള്ള കല്പനാശക്തി അദ്ദേഹത്തിനുണ്ടായിരുന്നില്ല. ലജ്ജാഹീനനായ ഒരു സാഹിത്യചോരനായിരുന്നു സ്ററേൺ. കടപ്പാടു വെളിപ്പെടുത്താതെ ഫ്രെഞ്ചു് ഇംഗ്ലീഷ് കൃതികളിൽനിന്നും ഖണ്ഡികകൾതന്നെ അദ്ദേഹം പകർത്തിവച്ചുമായിരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സെയ്ൻറ്സ്ബറിയുടെ ശൈലി കടമെടുത്തു പറഞ്ഞാൽ പതിനെട്ടാം നൂററാണ്ടിലെ ഇംഗ്ലീഷ് നോവൽശകടത്തിൻെറ നാലാമത്തെ ചക്രമായിരുന്നു റേറാബിയസ് ജോർജ്ജ് സ്മോളെററ് (1721–71). സ്മോളെററ് ഫ്രഞ്ചിലെ 'പിക്കാരെസ്ക്' നോവലിസ്റ്റായ ലിസാജിൻെറ അടുത്ത അനുയായി ആയിരുന്നു. അഞ്ചുനോവലുകളുണ്ട് അദ്ദേഹത്തിൻേറതായി. അവയിൽ ഓരോന്നും സ്മോളററിൻെറ സൃഷ്ടിവൈഭവത്തെ വിളിച്ചോതുന്നു. നർമ്മരസവും ജീവിതാനുഭവങ്ങളും കഥാപാത്രസൃഷ്ടിയും അവയിൽ ഒന്നിനൊന്നു മെച്ചപ്പെട്ടിരിക്കുന്നു. ആദ്യനോവലായ റൊഡ്റിക്ക് റാൻഡം (1748), അവസാനനോവലായ ഹംഫ്റി ക്ലിങ്കർ (1771) എന്നിവ അദ്ദേഹത്തിൻെറ കൃതികളിൽ ശ്രദ്ധയർഹിക്കുന്നു. ഒന്നാന്തരം പിക്കാരസ്ക്ക് നോവലിൻെറ സ്വഭാവമുള്ള പ്രഥമകൃതിയിൽ സ്വന്തമായ ആദർശമോ തത്ത്വദീക്ഷയോ ഇല്ലാത്ത ഒരു ഭാഗ്യാന്വേഷിയെയാണ് അദ്ദേഹം നായകനായി അവതരിപ്പിച്ചിരിക്കുന്നതു്. ഫീൽഡിങ്ങിൻെറ പാത്രസൃഷ്ടിവൈഭവവും രചനാവൈദഗ്ദ്ധ്യവും സ്മോളെററിനു് അപരിചിതമാണ്. കടിഞ്ഞാണില്ലാത്ത വിഷയലമ്പടനും, ആദർശഹീനനും, നിന്ദ്യനും, സാഹസികനുമാണ് റോഡ്റിക്ക് റാൻഡം. റേറാം ജോൺസിൻെറപോലെയുള്ള ഒരാളിൻെറ സ്വഭാവമഹിമയുടെ അംശംപോലും അയാളിലില്ല. നോവലിലെ അസഭ്യങ്ങളും ന്യായീകരിക്കാനാവില്ല.

സ്മോളെററിൻെറ പ്രധാനകൃതി അദ്ദേഹത്തിൻെറ അവസാന നോവലായ ഹംഫ്രിക്ലിങ്കർ ആണെന്നു നിസ്സംശയം പറയാം. ഇംഗ്ലീഷിലെ 'എപ്പിസ്റ്റോലറി' നോവലുകളിൽ ഇതു് ഒന്നാം സ്ഥാനം അർഹിക്കുന്നു. കഥാപാത്രസൃഷ്ടിയിൽ വിവേചനം പാലിച്ചിട്ടുണ്ടെന്നതു് ഈ നോവലിൻെറ മേൻമയ്ക്കു മാററു കൂട്ടുന്നു. രോഗപീഡിതനായ മാത്യു ബ്രാംബ്ൾ എന്ന നായകൻെറ ദേശസഞ്ചാരത്തെക്കുറിച്ചുള്ള വിവരണം വൈവിധ്യപൂർണ്ണവും സംഭവബഹുലവും വർദ്ധിച്ച അളവിൽ നർമ്മരസം കലർന്നതുമാണ്. ഇംഗ്ലണ്ടിലേയും സ്കോട്ട്ലൻറിലേയും ഗ്രാമീണദൃശ്യങ്ങളേയും സമൂഹത്തേയും ആചാരങ്ങളേയും പററി സഞ്ചാരികളായ കഥാപാത്രങ്ങൾ നൽകുന്ന വിശദാംശങ്ങൾ ദീപ്തവും ഭാവനാസമ്പൂർണ്ണവുമാണ്. അസംബന്ധങ്ങൾ ആദ്യകാലകൃതിയിൽ ഏറിയിരുന്നെങ്കിലും ആ ദൂഷ്യം ഈ കൃതിയിൽ ലേശവുമില്ല. പാത്രരചനയിൽ കാര്യമായ പുരോഗതി നേടാൻ അവസാനകൃതിയിൽ നോവലിസ്റ്റിനു കഴിഞ്ഞിട്ടുണ്ട്.

സരസമായി വായിച്ചുപോകാൻ പററുന്ന രചനകളാണ് സ്മോളെററിൻേറതു്. രസകരമായ സംഭവങ്ങളും കഥാപാത്രങ്ങളും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവയിലുണ്ട്. എന്നാൽ ഇതിവൃത്തനിർവ്വഹണത്തിൽ ഫീൽഡിങിനെപ്പോലെയുള്ള നോവലിസ്റ്റുകളുമായി അദ്ദേഹത്തെ താരതമ്യപ്പെടുത്താനാവില്ല.

താരതമ്യേന പ്രാധാന്യം കുറഞ്ഞ ഏതാനും നോവലിസ്റ്ററുകളും ഈ കാലഘട്ടത്തിൽ അവരുടേതായ സംഭാവനകൾ നൽകിയിട്ടുണ്ട്. അവരേയും കുറച്ചൊന്നു പരാമർശിക്കാം.

ഡാനിയൽ ഡി ഫോ (1659 ?—1731)യുടെ ആദ്യകാല രചനകൾ രാഷ്ട്രീയലേഖനങ്ങളാണെങ്കിലും നോവലിസ്റ്റെന്ന നിലയിലാണ് അനന്തരതലമുറ അദ്ദേഹത്തെ അറിയുന്നത്. ഗവണ്മെൻറിൻെറ നേരെയുള്ള കടന്നാക്രമണത്തിൻെറ പേരിൽ ഒരിക്കൽ അദ്ദേഹത്തിന് ജയിലിൽ കിടക്കേണ്ടതായും വന്നിട്ടുണ്ട്. അഡിസൻേറയും സ്ററീലിൻേറയും ആനുകാലിക ലേഖനങ്ങൾ (പീരിയോഡിക് ഏസ്സേ)ക്കു മാതൃക കാട്ടിയതു് ഡിഫോ ആണെന്നു കരുതപ്പെടുന്നു.

ഡിഫോയുടെ ജീവിതത്തിൻെറ ഉത്തരാർദ്ധത്തിലാണ് അദ്ദേഹത്തിൻെറ നോവലുകൾ എഴുതപ്പെട്ടതു്. ഒൻപതു നോവലുകൾ അദ്ദേഹത്തിൻെറതായിട്ടുണ്ടെങ്കിലും അവയിൽ ഏററവും നല്ലതും ഏറെ അറിയപ്പെടുന്നതും റോബിൻസൺ ക്രൂസോ (1719) ആണെന്നതിനു രണ്ടുപക്ഷമില്ല. ഇംഗ്ലീഷ് നോവൽ സാഹിത്യത്തിലെ ഒരു ക്ലാസ്സിക്കും, കുട്ടികളുടെ ഇഷ്ടപ്പെട്ട ഒരു കൃതിയുമാണ് റോബിൻസൺ ക്രൂസോ. യാഥാർത്ഥ്യബോധം ജനിപ്പിക്കുന്ന വിവരണം നടത്തുന്നതിനും സങ്കല്പസൃഷ്ടികൾ വസ്തുതകളാണെന്ന തോന്നൽ ജനിപ്പിക്കുന്നതിനും അദ്ദേഹത്തിനുള്ള വൈഭവം ശ്ലാഘനീയമാണ്. നേരാണെന്നു തോന്നുന്ന തരത്തിൽ നുണ പറയുകയെന്ന കലയാണ് അദ്ദേഹത്തിൻേറതു്.

വിക്കാർ ഓഫ് വേക്ഫീൽഡ് (1766) എന്ന ഒററ നോവൽ മാത്രമെ ഗോൾഡ് സ്മിത്ത് എഴുതിയിട്ടുള്ളുവെങ്കിലും നോവൽസാഹിത്യത്തിലെ ഒരു ക്ലാസ്സിക്കായി നിലകൊള്ളുന്നു പ്രസ്തുത കൃതി. പ്രഗത്ഭമായി സൃഷ്ടിച്ചിരിക്കുന്ന ഒരിതിവൃത്തമില്ലെങ്കിൽക്കൂടി നോവലിൻെറ ആരംഭത്തിലെ കുടുംബാന്തരീക്ഷം ഹൃദയാവർജ്ജകമാണ്. ശുദ്ധഹൃദയനും സ്നേഹധനനുമായ ഒരു വികാരിയാണ് ഡോക്ടർ പ്രിംറോസ്. അയാളുടെ ശുദ്ധഗതി പലപ്പോഴും അയാളെ വിഡ്ഢിയാക്കുന്നു. മററുള്ളവർക്ക് വേഗത്തിൽ വഞ്ചിക്കാവുന്ന ഈ കഥാപാത്രം നോവൽസാഹിത്യത്തിലെ അനശ്വരന്മാരായ കഥാപാത്രങ്ങളിൽ ഒരാളാണ്. ഗോൾഡ് സ്മിത്തിൻെറ സ്ഥായിഭാവമായ നർമ്മവും ശോകവും നോവലിലുടനീളം തെളിഞ്ഞു കാണാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാമുവൽ ജോൺസൻെറ റാസലസ്, പ്രിൻസ് ഓഫ് അബിസീനിയ നോവലെന്ന പേരിനു് അർഹമല്ലെങ്കിലും നോവലായിട്ടാണു് കണക്കാക്കപ്പെടുന്നതു്. അദ്ദേഹത്തിൻെറ റാംബ്ലറിലും, വാനിററി ഓഫ് ഹ്യൂമൻ വിഷസിലും പറഞ്ഞിരിക്കുന്ന ആശയങ്ങളുടെ വിപുലമായ വ്യാഖ്യാനമാണു് റാസലസ് എന്നു പറയുന്നതാകും ശരി. ലോകത്തിൽ എവിടെയും കണ്ടെത്താനാവാത്ത യഥാർത്ഥസുഖത്തിനുവേണ്ടിയുള്ള അന്വേഷണത്തിൻെറ വിവരണം ഇതിൽ നൽകുന്നു.

ഫ്രാൻസിസ് ബർണി (1752—1840)യുടെ നാലു നോവലുകളിൽ പ്രമുഖമാണു് എവ്ലീന (1778). ബർണിയുടെ ആദ്യകൃതിയായ എവ്ലീന പ്രസിദ്ധപ്പെടുത്തുമ്പോൾ ഇരുപത്താറു വയസ്സായിരുന്നു അവർക്കു പ്രായം. സദാചാരത്തെക്കുറിച്ചുള്ള റിച്ചേഡ്സൻെറ വിരസപ്രഭാഷണങ്ങളിൽനിന്നും 'ഹൊറർ സ്കൂളി'ൻെറ ഭീഷണമായ വിവരണങ്ങളിൽനിന്നും ബർണിയുടെ ഗാർഹികജീവിതം ചിത്രീകരിക്കുന്ന നോവലുകൾ മുക്തമാണു്. ഇതും 'എപ്പിസ്റ്റോലറി' രീതിതന്നെയാണു് പിന്തുടർന്നിരിക്കുന്നതു്. പിൽക്കാലത്തു് എം. ഡി. ഭാർബ്ലേ എന്ന ഫ്രഞ്ചുകാരനെ അവർ വിവാഹം ചെയ്യുകയുണ്ടായി.

സംത്രാസനോവലുകളുടെ (ഹോറർ നോവൽ) ഉപജ്ഞാതാവാണു് ഹോറസ് വാൽപോൾ (1717—97) അദ്ദേഹത്തിൻെറ ഒരേയൊരു നോവലാണു് ദ കാസിൽ ഓഫ് ഒട്രാൻേറാ. ഭൂതാവിഷ്ടമായ ഒരു മന്ദിരത്തെ വിവരിക്കുന്ന ഈ നോവലിൽ നടക്കുന്ന അസ്ഥികൂടങ്ങളും, ചട്ടത്തിൽനിന്നും ഇറങ്ങി വരുന്ന ചിത്രങ്ങളും രക്തം മരവിക്കുന്ന തരത്തിലുള്ള സംഭവങ്ങളുമുണ്ടു്. 18-ാം നൂററാണ്ടിൽ വാൽപോളിൻെറ പ്രധാന അനുയായി ആയിരുന്നു മിസ്സിസ് ആൻറാഡ്ക്ലിഫ് (1764—23). അവരുടെ ഏററവും നല്ല കൃതി മിസ്റ്ററീസ് ഓഫ് ഉഡോൾഫോ ആണെന്നു കരുതപ്പെടുന്നു. ഹോറർ നോവലുകളിൽ ഏററവും ഭീകരമാണു് മാത്യൂ ജോർജ്ജ് ലൂയിയുടെ ദ മങ്ക് (1795) എന്ന കൃതി.

സെൻറിമെൻറൽ സ്കൂളിലെ ഏററവും ശക്തനായ നോവലിസ്റ്റെന്ന നിലയിൽ ഹെൻറി മക്കൻസി (1745—1831)യുടെ പേരും പരാമർശയോഗ്യമാണു്.

പതിനെട്ടാം നൂററാണ്ടിലാണു് ഉപന്യാസമെന്ന സാഹിത്യരൂപം പൂർണ്ണത പ്രാപിച്ചതു്. ആനുകാലിക ഉപന്യാസങ്ങൾക്കു് (പീരിയോഡിക്കൽ എസ്സേ) ആരംഭം കുറിക്കുന്നതു് ഡാനിയൽ ഡിഫോയുടെ റിവ്യൂ ഓഫ് ഫ്രാൻസിനോടുകൂടിയാണു്. എങ്കിലും സ്റ്റീലിൻേറയും അഡിസൻേറയും പ്രസിദ്ധീകരണങ്ങ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളായ ടാററ്ലർ, സ്പെക്ടേററർ എന്നിവ പ്രചാരത്തിൽ വന്ന തിനുശേഷം 1716–നും 1729–നും ഇടയ്ക്കാണ് ഡിഫോയുടെ പ്രധാന ഉപന്യാസങ്ങളെല്ലാം വെളിച്ചം കണ്ടതു്.

1709–ൽ ആണ് റിച്ചേഡ്സ്ററീൽ (1672—1729) തന്റെ ടാററ്ലർ തുടങ്ങുന്നതു്. ആഴ്ചയിൽ മൂന്നു ലക്കങ്ങൾവീതം പുറത്തിറക്കിയ ടാററ്ലറുടെ വില ഒരു പെന്നിയായിരുന്നു. സമകാലിക സമൂഹത്തിന്റെ ധാർമ്മികബോധത്തിന്റേയും ജീവിതരീതികളുടേയും നിലവാരം ഉയർത്തുകയെന്നതായിരുന്നു ഈ പ്രസിദ്ധീകരണത്തിന്റെ ലക്ഷ്യം. താമസിയാതെ സ്ററീലിന്റെ സ്നേഹിതനായ ജോസഫ് അഡിസൺ (1672—1719) ഈ ഉദ്യമത്തിൽ പങ്കുചേർന്നു. വികാരജീവിയും അത്യുത്സാഹിയും മഹാമനസ്കനുമായിരുന്ന സ്ററീൽ സ്ത്രീകളോട് അങ്ങേയററം ആദരവോടെയാണ് പെരുമാറിയിരുന്നതു്. ധിഷണാശാലിയും മഹാപണ്ഡിതനുമായിരുന്നു അഡിസൺ. പക്വമതിയായ മാന്യൻ എന്ന സൽപേരുമുണ്ടായിരുന്നു. ഇവരുടെ രണ്ടു പേരുടേയും സ്വഭാവഗുണങ്ങൾ അവരുടെ രചനകളിൽ പ്രതിഫലിച്ചിരുന്നു.

1711–ൽ ടാററ്ലർ പ്രസിദ്ധീകരണം നിർത്തലാക്കി. മൂന്നുമാസത്തിനുശേഷം സ്പെക്ടേററർ ആരംഭിക്കുകയും ചെയ്തു. ടാററ്ലറുടെ നടത്തിപ്പിൽ മുഖ്യപങ്കു വഹിച്ചതു് സ്ററീലാണെങ്കിൽ സ്പെക്ടേറററുടെ നേതൃത്വം വഹിച്ചിരുന്നതു അഡിസണായിരുന്നു. സാമൂഹികപരിഷ്കരണമായിരുന്നു ഇതിന്റേയും ലക്ഷ്യം. സാമൂഹ്യപരിഷ്കാരനിർദ്ദേശങ്ങൾ നർമ്മബോധത്തോടെ ഈ ആനുകാലികങ്ങൾ അവതരിപ്പിച്ചു. അഡിസന്റെ വാക്കുകളിൽ പറഞ്ഞാൽ 'പ്രബോധനങ്ങൾ സരസമാക്കുകയും ഫലിതം ഗുണകരമാക്കുകയും ചെയ്യുക' അഥവാ 'ഫലിതത്തോടൊപ്പം സദാചാരബോധം വളർത്തുകയും ധാർമ്മികബോധവും യുക്തിയും സ്ഫുടമാക്കുകയും ചെയ്യുക' എന്നതിലാണ് പത്രം ശ്രദ്ധയൂന്നിയതു്. ഈ ലക്ഷ്യം നേടുന്നതിൽ പ്രസ്തുത പ്രസിദ്ധീകരണം അങ്ങേയററം വിജയിച്ചിട്ടുണ്ടെന്നുള്ളതിനു തെളിവുകളുണ്ടു്.

സ്പെക്ടേററർ ലേഖനങ്ങളിൽ മുഖ്യം മഹാമനസ്കനും വിചിത്രസ്വഭാവക്കാരനുമായ സർ റോജർ ഡി കവർലി എന്ന നാട്ടുപ്രമാണിയെ സംബന്ധിക്കുന്നവയാണ്. ഈ കഥാപാത്രത്തിന്റെ ഉറവിടം സ്ററീലിൽനിന്നാണെങ്കിലും കവർലി രചനകളുടെ മുഖ്യപങ്കും നിർവ്വഹിച്ചതു് അഡിസൺതന്നെ. രണ്ടോ മൂന്നോ പേർകൂടിയാണ് എഴുതിയതെങ്കിലും കവർലിയുടെ ഛായാചിത്രത്തിനു് ഐകരൂപ്യമുണ്ടെന്നതു് ശ്രദ്ധേയ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാണ്. മൂന്നുപേരെന്നു പറയാൻ കാരണമുണ്ട്. അഡിസനും (21 ലേഖനങ്ങൾ) സ്ററീലിനും (17 ലേഖനങ്ങൾ) പുറമെ ഈ ഗണത്തിൽ യൂസ്ററസ്ബഡ്ജെൽ (1685—1736) രണ്ടു ലേഖനങ്ങൾ എഴുതുകയുണ്ടായി.

നോവൽചരിത്രത്തിൽ പിൽഗ്രിംസ് പ്രോഗ്രസ് പോലെ പ്രാധാന്യമർഹിക്കുന്നതാണ് കവർലി ലേഖനങ്ങൾ. ഉൽകൃഷ്ടമായ കഥാപാത്രങ്ങൾ, പ്രേമം, സാമൂഹികപശ്ചാത്തലം സംഭവ്യമായ കഥ എന്നിവയെല്ലാം ഇതിലടങ്ങുന്നു. ചിന്നിച്ചിതറി കിടക്കുന്ന സംഭവങ്ങളെ ഇതിവൃത്തമെന്ന നിലയ്ക്ക് ഏകോപിപ്പിക്കുകയും സർ റോജേഴ്സിന് ഗർവ്വിഷ്ഠയായ വിധവയോടുള്ള പ്രേമം വിപുലീകരിക്കുകയും ചെയ്താൽ കവർലി പേപ്പേഴ്സ് ഒന്നാന്തരമൊരു നോവലായിത്തീരും.

സമകാലിക സമൂഹത്തിന്റെ നേരെ അഡിസൺ പ്രയോഗിച്ച പരിഹാസം ലക്ഷ്യത്തിൽതന്നെ കൊണ്ടു. എന്നാൽ അദ്ദേഹത്തിന്റെ പരിഹാസം വിദ്വേഷം നിറഞ്ഞതോ, വ്യക്തിപരമായ ആക്ഷേപങ്ങൾ ഉൾക്കൊള്ളുന്നതോ ആയിരുന്നില്ല. സൗമ്യനും നർമ്മബോധമുള്ളവനുമായിരുന്നു അഡിസൺ എന്ന സാററിസ്റ്റ്.

'പീരിയോഡിക്കൽ എസ്സേ'യുടെ പാരമ്പര്യം തുടർന്നുകൊണ്ടുപോകാൻ പലരും ശ്രമിക്കുകയുണ്ടായി. ഇവരിൽ മുമ്പനാണ് ഒലിവർ ഗോൾഡ്സ്മിത്ത്. ഗോൾഡ്സ്മിത്തിന്റെ സിററിസെൻ ഓഫ് ദ വേൾഡ് (1759) സഞ്ചാരിയായ ഒരു ചൈനാക്കാരനെഴുതുന്ന സാങ്കല്പിക കത്തുകളുടെ സമാഹാരമാണ്. ഇംഗ്ലീഷ് സമൂഹത്തെപ്പററി സരസവും യുക്തിപൂർവ്വവുമായ വിമർശനം നടത്തുകയാണ് ഇതിലെ ചൈനാക്കാരൻ. ഗോൾഡ് സ്മിത്തിന്റെ ആക്ഷേപം നർമ്മരസം തികഞ്ഞതും അനർമ്മം ആസ്വാദ്യകരവുമാണ്. മാൻ ഇൻ ബ്ലാക്ക് (ഇതു പല തരത്തിലും ഗോൾഡ്സ്മിത്തിന്റെതന്നെ പ്രതിച്ഛായയാണ്), ബോററിബസ് തുടങ്ങി ഒന്നാന്തരം രേഖാചിത്രങ്ങളും സിററിസെൻ ഓഫ് ദ വേൾഡിൽ കാണാൻ കഴിയും.

ദ റാംബ്ലർ (1750—52) എന്ന പേരിൽ ഡോക്ടർ ജോൺസണും 'പീരിയോഡിക്കൽ എസ്സേ'യുടെ ഒരു പരമ്പര രചിക്കുകയുണ്ടായി. ഗഹനമായ ചിന്തകളും കൃതമായ നിരീക്ഷണങ്ങളുമാണ് അവയുടെ പൊതുസ്വഭാവം. അതുകൊണ്ടുതന്നെ അവയ്ക്ക് ഹൃദ്യതയും, ലാളിത്യവും കുറഞ്ഞിരിക്കുന്നു. അഡിസൺ, സ്ററീൽ, ഗോൾഡ്സ്മിത്ത് എന്നിവരുടെ ലേഖനങ്ങളുടെ സുഷമയും രമ്യമായ നർമ്മരസവും ജോൺസന്റെ ഉപന്യാസങ്ങൾക്കില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാഹിത്യവിമർശനത്തിന്റെ കാര്യത്തിലും പതിനെട്ടാം നൂററാണ്ട് പ്രാധാന്യമർഹിക്കുന്നു. ഈ കാലഘട്ടത്തിലെ അദ്ധ്യക്ഷനായ വിമർശനകേസരി ഡോക്ടർ ജോൺസൺ ഇംഗ്ലീഷ് സാഹിത്യവിമർശനത്തിൽ അഗ്രഗണ്യനാണ്. തികഞ്ഞ കാര്യവിവേകമുള്ളവനും സൂക്ഷ്മമായ സാഹിത്യാസ്വാദനക്ഷമതയുള്ളവനും, ഗ്രീക്ക്, ലാററിൻ, ഇംഗ്ലീഷ് സാഹിത്യത്തിലും ഇംഗ്ലീഷ് ഭാഷയിലും വിപുലമായ പാണ്ഡിത്യമുള്ളവനുമായിരുന്നു അദ്ദേഹം. പ്രസിദ്ധമായ ഡിക്ഷ്ണറി ഓഫ് ദ ഇംഗ്ളീഷ് ലാംഗേജിന്റെ പ്രവർത്തനത്തിൽക്കൂടി അപാരമായ പദസമ്പത്തും ഭാഷാപാണ്ഡിത്യവും ആർജ്ജിക്കുവാനും തന്റെ സമകാലികരെക്കാൾ ഉന്നതനിരൂപകനെന്ന പേരു നിലനിർത്താനും അദ്ദേഹത്തിനു കഴിഞ്ഞു. അതേസമയം സ്വകീയവും ദേശീയവും സാഹിത്യപരവുമായ ഒട്ടേറെ മുൻവിധികളുമുണ്ടായിരുന്നു അദ്ദേഹത്തിന്. ഒരെഴുത്തുകാരനെ വിലയിരുത്തുമ്പോൾ അയാളുടെ വ്യക്തിത്വത്തേയും കൃതികളേയും അദ്ദേഹം ഒന്നിച്ചു കണ്ടിരുന്നു.

ജോൺസന്റെ വിമർശനങ്ങളിൽ റാംബ്ലറിൽ എഴുതിയ ലേഖനങ്ങൾ, റാസലസ് എന്ന കൃതിയിലെ ഇംലക് എന്ന ആദർശയോഗ്യനായ കവിയെപ്പററിയുള്ള വിവരണങ്ങൾ, ഷേക്സ്പിയർപതിപ്പുകൾ, അവയുടെ ആമുഖപഠനം, ലൈവ്സ് ഓഫ് ദ പോയററ്സ് എന്നിവയുൾപ്പെടുന്നു. തന്റെ കാലഘട്ടത്തിന്റെ യഥാർത്ഥ പ്രതിനിധിയെന്ന നിലയിൽ നിയോക്ലാസ്സിക് പ്രസ്ഥാനത്തിലെ കവികളായ ഡ്രൈഡെനേയും പോപ്പിനേയും കുറിച്ചുള്ള അദ്ദേഹത്തിന്റെ വിലയിരുത്തലുകൾ ഏറെ മെച്ചപ്പെട്ടിരിക്കുന്നു. ഉൽകൃഷ്ടസാഹിത്യം, അതു് ഏതു കാലഘട്ടത്തിന്റെ സൃഷ്ടികളാണെങ്കിലും, അദ്ദേഹത്തിന്റെ ആദരം പിടിച്ചുപററിയിരുന്നു. ഷേക്സ്പിയർ കൃതികളെക്കുറിച്ചും, ഗ്രേയുടെ ചർച്ച്യാർഡ് എലിജിയെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ കണ്ടെത്തലുകൾ ഇതിനു തെളിവാണ്. ഇംഗ്ളീഷിലെ ഏററവും മഹാനായ സാഹിത്യവിമർശകനാണ് ഡോക്ടർ ജോൺസൺ എന്നു പൊതുവെ പറയാം.

ജോൺസണു പുറമെ, പതിനെട്ടാംനൂററാണ്ടിൽ പ്രശസ്തരായ മററു ചില ഷേക്സ്പിയർ പ്രസാധകൻമാരുമുണ്ടായിരുന്നു. നിക്കൊളസ് റോവ്, അലെക്സാണ്ടർ പോപ്പ്, ലൂയി തിയോബാൾഡ് (1688—1744), തോമസ് ഹാൻമർ (1667—1746), വാർബർട്ടൻ (1698—1779) എന്നിവരാണ് അവരിൽ പ്രമുഖർ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Forwarded free of cost, and
with the Compliments of
DEPARTMENT OF EDUCATION,
GOVERNMENT OF INDIA,
NEW DELHI.

എട്ട്

റൊമാൻറിക് യുഗം

(1798—1830)

ചാറംസ് രണ്ടാമൻെറ പുനരവരോധം (1660) മുതൽ ഫ്രഞ്ച് വിപ്ലവം (1789) വരെയുള്ള കാലഘട്ടം ഇംഗ്ലീഷ് സാഹിത്യത്തിലെ 'ഗദ്യയുഗം' എന്നു പറയാമെങ്കിൽ അതേത്തുടന്നു വന്ന കാലഘട്ടത്തെ 'കവിതയുടെ യുഗം' എന്നു വിളിക്കാം. 18–ാം നൂററാണ്ടിൻെറ അന്ത്യമായപ്പോഴേക്കും ഇംഗ്ലണ്ടും, ഫ്രാൻസും തമ്മിൽ തുറന്ന യുദ്ധത്തിൽ (1793) ഏപ്പെട്ടു. 1815 വരെ തുടന്ന ഈ ശത്രുതയുടെ ഒടുക്കമായപ്പോഴേക്കും ഇംഗ്ലീഷ് ലിബറലുകറം സഹർഷം സ്വാഗതംചെയ്ത ഫ്രഞ്ച് റിപ്പബ്ലിക് തകന്നിരുന്നു. നെപ്പോളിയൻെറ ഉയർച്ചയ്ക്കെന്നപോലെ പതനത്തിനും, ബൂർബൻ രാജവംശത്തിൻെറ പുനഃപ്രതിഷ്ഠാപനത്തിനും ഈ കാലഘട്ടം സാക്ഷ്യം വഹിച്ചു. ഈ സംഭവവികാസങ്ങറം യൂറോപ്പിൽ, പ്രത്യേകിച്ചും ഇംഗ്ലണ്ടിൽ, സാരമായ ചലനങ്ങറം സൃഷ്ടിച്ചു. ഫ്രഞ്ച് വിപ്ലവം ആരംഭിച്ചപ്പോറം വേഡ്സ് വത്തിനേയും, കോറംറിഡ്ജിനേയും പോലുള്ള മുതിർന്ന എഴുത്തുകാർ അതിനെ വാഴ്ത്തുകയുണ്ടായി. തുടന്നുവന്ന സംഭവങ്ങറം വേഡ്സ്വത്തിൽ നിരാശയും യാഥാർത്ഥ്യബോധവും വളത്തി. ലീഹണ്ട് (Leigh Hunt) ഷെല്ലി, കീററ്സ് തുടങ്ങിയ യുവകവികറം വിപ്ലവാത്മകസിദ്ധാന്തത്തിൽത്തന്നെ ഉറച്ചു നിൽക്കുകയാണുണ്ടായതു്.

യുദ്ധത്തിൻെറ പരിസമാപ്തി അനിവാര്യമായ ദുരിതങ്ങറം വരുത്തിത്തീർത്തു. ഷെല്ലി, എബനിസർ എലിയട്ട് തുടങ്ങിയവർ സാമൂഹ്യനീതിക്കുവേണ്ടി മുറവിളികൂട്ടിയപ്പോറം മിസ്സിസ് ഹെമൻസ്, ററോം ഹുഡ് എന്നിവർ സമൂഹത്തിലെ അനീതിയെക്കുറിച്ചോർത്തു സൗമ്യമായി വിലപിക്കുകയാണുണ്ടായതു്. പീററർ ലൂവിലെ കൂട്ടക്കൊല, റിഫോം ബില്ലിനും, ധാന്യനിയമത്തിനും എതിരെയുള്ള കലാപം എന്നിവയ്ക്കും ഈ കാലഘട്ടം സാക്ഷ്യം വഹിക്കുകയുണ്ടായി.

വിപുലമായ സാഹിത്യസൃഷ്ടികറം ഇക്കാലത്തുണ്ടായി. കവിതയുടെ നഭോമണ്ഡലം ദിവ്യജ്യോതിസ്സുകളുടെ പ്രഭയിൽ മുങ്ങിക്കുളിച്ചു. ഗദ്യസാഹിത്യത്തിൽ ഉപന്യാസങ്ങറംക്കു പുതുജീവനുണ്ടായി. നോവലുകറംക്കും വിമർശനകൃതികറംക്കും മററു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രചനകൾക്കും അത്ഭുതപൂർവ്വമായ വളർച്ച കിട്ടി. ക്ലാസ്സിക്കൽ കൃതികളോടുള്ള ആഭിമുഖ്യം വർദ്ധിക്കുകയും ഷെല്ലിയും കീററ്സും മററും അവരിൽനിന്ന ധാരാളമായി സന്ദർഭങ്ങൾ സ്വീകരിക്കുകയും ചെയ്തു. സ്കോട്ടിൻെറ നോവലുകൾക്കും, കോൾറിഡ്ജ് സൗഥി (Southey) തുടങ്ങി ഒട്ടനവധി കവികൾക്കും പ്രചോദനം നൽകിയതു മദ്ധ്യകാലഘട്ടമാണ്. ചില നോവലിസ്ററുകളും ബൈറനും ആധുനികകാലത്തെ അപഗ്രഥിക്കുകയാണ് ചെയ്തതു്.

കൂപ്പർ, ക്രാബ്, ഗ്രേ തുടങ്ങിയവരേ അപേക്ഷിച്ച പുതിയ ഗോത്രക്കാരായ ഈ കവികളുടെ പ്രകൃത്യുപാസന കുറെക്കൂടി പകവും ആത്മാർത്ഥവുമാണ. വേഡ്സ്വത്തിനെ സംബന്ധിച്ചിടത്തോളം പ്രകൃതിസംപൂജ്യമായ ഏതോ വികാരാവേശമാണ്. അദ്ദേഹത്തിൻെറ പ്രേമഭാജനവും, ആരാധാപാത്രവുമൊക്കെയാണ് പ്രകൃതി.

റൊമാൻറിക് യുഗത്തിൽ സ്വിഫ്ററിനേയോ ബർക്കിനേയോ പോലെ ഒന്നാം നിരയിൽ പെട്ട താർക്കിക ലേഖകരെ കണ്ടെത്താവാനില്ല. ആനുകാലികപ്രസിദ്ധീകരണങ്ങൾ ക്രമാധികമായി വർദ്ധിച്ചു. ഇവയിൽ ദ മോണിങ് ക്രോണിക്കിൾ (1769), ദ മോണിങ്പോസ്ററ് (1772), ദ റൈംസ് (1785), ദ എക്സാമിനർ (1808) എന്നിവ എടുത്തു പറയേണ്ടിയിരിക്കുന്നു. എഡിൻ ബറാ റിവ്യൂ (1802), ദ കാർട്ടർലി റിവ്യൂ (1809), ബ്ലാക് വുഡ്സ് മാഗസിൻ (1817), ദ ലണ്ടൻ മാഗസിൻ (1820), ദ വെസ്ററ് മിൻസ്ററർ റിവ്യൂ (1824) എന്നിങ്ങനെ ശക്തമായ സ്വാധീനമുള്ള സാഹിത്യപ്രസിദ്ധീകരണങ്ങൾ ഉടലെടുത്തതും ഇക്കാലത്താണ്.

ഫ്രഞ്ചുഭാഷയുടെ സ്ഥാനത്തു് ജർമ്മൻഭാഷാസാഹിത്യ പഠനത്തിലായി ഇംഗ്ലീഷുകാരുടെ പ്രതിപത്തി. സ്കോട്ട്, കോൾറിഡ്ജ്, ഷെല്ലി, ബൈറൻ തുടങ്ങി ധാരാളം എഴുത്തുകാരിൽ ജർമ്മൻസാഹിത്യത്തിൻെറ സ്വാധീനം കാണാൻ കഴിയും.

ഈ കാലഘട്ടത്തിലെ മുഖ്യകവിയായ വില്യം വേഡ്സ്വത്ത് (1770—1850) ലേക്ഡിസ്ട്രിക്കിലെ കംബർലൻഡിലെ കോക്കർമത്തിലാണ ജനിച്ചതു്. ആട്ടിടയന്മാരുടെയും, ലേക്താഴ്വരയിലെ സാധാരണക്കാരുടെയും കൂടെയാണ് വില്യം കുട്ടിക്കാലം ചെലവഴിച്ചതു്. ഹോക്സ്ഹെഡ്ഡിലെ ഗ്രാമർസ്കൂളിൽ പ്രാഥമികവിദ്യാഭ്യാസം നടത്തിയ അദ്ദേഹം കേംബ്രിഡ്ജിലെ സെയ്ൻറ് ജോൺസ് കോളേജിൽനിന്നും പുറത്തു വന്നതു് ഉന്നതമായ വിജയം കരസ്ഥമാക്കിക്കൊണ്ടല്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

1790–ൽ ഫ്രാൻസിലേക്കും, ആൽപ്സ് പർവ്വതനിരകളിലേക്കും, ഇററലിയിലേക്കും അദ്ദേഹമൊരു പദയാത്ര നടത്തി. 1791–ൽ ഫ്രാൻസിൽ തിരിച്ചെത്തി ഒരുവർഷത്തോളം അവിടെ പാർത്തു. ഫ്രാൻസിലെ താമസത്തിനിടയ്ക്കാണ് വിപ്ലവത്തോട് ആവേശം തോന്നിയത്. ബ്ല്വാ(Blois)വിലെ ഒരു സർജന്റെ മകളായ ആനററ് വാലനിൽ വേഡ്സ് വർത്ത് അനുരക്തനായിത്തീരുകയും അവളിൽ അദ്ദേഹത്തിനൊരു പെൺകുട്ടി ജനിക്കുകയും ചെയ്തു. 1805–ൽ എഴുതിയ 'വാൺ ഡ്രക്കൂർ ആൻഡ് ജൂലിയ' എന്ന കവിതയിൽ ഈ സംഭവം ഭാഗികമായി പ്രതിഫലിച്ചിട്ടുണ്ട്. കലാശാലാജീവിതത്തിനിടയിൽ രചിച്ച കവിതകൾ ''ആൻ ഇവ്നിങ് വോക്ക്'' (1793), 'ഡിസ്ക്രിപ്റ്റീവ് സ്കെച്ചസ്'' (1793) എന്നീ പേരുകളിൽ പ്രത്യക്ഷപ്പെട്ടു. സാഹിത്യപരമായി നോക്കുമ്പോൾ ഈ കവിതകൾക്കു വലിയ കല്പനാശക്തി ഒന്നുമില്ലെങ്കിലും വേഡ്സ് വർത്തിനു പ്രകൃതിയോടുള്ള ബന്ധം ഇവ പ്രകടിപ്പിക്കുന്നുണ്ട്. ഫ്രഞ്ചുവിപ്ലവത്തിനു പിന്നാലെ ഇംഗ്ളീഷുകാരുടെ യുദ്ധപ്രഖ്യാപനംകൂടിയായപ്പോൾ അദ്ദേഹത്തിന്റെ ജനാധിപത്യത്തോടുള്ള ആവേശം ഒന്നു തണുത്തു. പകരം അദ്ദേഹത്തിലുളവായ ലോകവിദ്വേഷം ദ ബോർഡറേഴ്സ് (1795—96) എന്ന ട്രാജഡിയിൽ വെളിവാകുന്നുണ്ട്. 1795–ൽ തന്റെ ചങ്ങാതിയായ റെയ്സ്ലി കാൽവർട്ടിന്റെ ഒസ്യത്തിൻപ്രകാരം തൊള്ളായിരം പൗണ്ട് അദ്ദേഹത്തിനു ലഭിച്ചു. അതേവർഷംതന്നെയാണ് കോൾറിഡ്ജുമായി സുഹൃദ്ബന്ധം സ്ഥാപിച്ചത്. താമസിയാതെ സഹോദരി ഡോറഥി വേഡ്സ്വർത്തുമൊത്ത് കോൾറിഡ്ജിന്റെ സ്ഥലമായ അൽ ഫോക്സ്ഡനിലേക്ക് താമസം മാററി. ഇവിടെവെച്ചാണ് ഈ രണ്ടു കവികളും ഒന്നിച്ചു ചേർന്നുള്ള നടത്തത്തിനും, സംഭാഷണത്തിനും അവസരമുണ്ടായത്. അതിന്റെ ഫലമാണ് 1798–ൽ പ്രസിദ്ധീകരിച്ച ലിറിക്കൽ ബാലഡ്സ്. ഈ കൃതിക്ക് അനുകൂലമായ സ്വീകരണമല്ല ലഭിച്ചതെങ്കിലും ഇത് ഇംഗ്ളീഷ് കവിതയിൽ ഒരു പുതിയ ഉണർവ്വു സൃഷ്ടിച്ചു. 'ലൈൻസ് റിട്ടൺ എബൗവ്ററിൻറൺ ആബി' എന്ന കവിത ഈ വാല്യത്തിലാണുള്ളത്. 1798—99–ലെ ജർമ്മൻ പര്യടനത്തിനുശേഷം വേഡ്സ്വർത്തും, സഹോദരിയും ലേക് ഡിസ്ട്രിക്ടിൽ താമസമുറപ്പിച്ചു. മാറിമാറി അവർ ഗ്രാസ്മിയറിലെ ടൗൺ എൻഡിലുള്ള ഡവ്കോട്ടേജ് (1799), അലൻബാങ്ക്, ഗ്രാസ്മിയർ പാർസനേജ് (1811) എന്നിവിടങ്ങളിൽ പാർത്തു. 1813 മുതൽ മരണംവരെ റൈഡൽമൗണ്ടിലാണ് അവർ താമസിച്ചത്. റൈഡൽമൗണ്ടിലേക്കു താമസം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാററുന്നതിനു തൊട്ടുമുമ്പ ലഭിച്ച ഡിസ്ട്രിബ്യൂട്ടർ ഓഫ് സ്ററാമ്പ്സ് ഫോർ വെസ്ററ് മോർലൻഡ്'' എന്ന ഉദ്യോഗപദവി അദ്ദേഹത്തിൻെറ സാമ്പത്തികനില ഭദ്രമാക്കി. അതിനുശേഷമുള്ള ജീവിതം സഹോദരിയുടേയും, ഭാര്യ മേരിഹച്ചിൽസൻെറയും ശ്രദ്ധാപൂർവ്വമായ പരിചരണത്തിലാണു കഴിച്ചുകൂട്ടിയതു്. അവർ രണ്ടുപേരും അദ്ദേഹത്തിൻെറ കവിതാരചനയ്ക്കു വേണ്ട സൗകര്യങ്ങൾ ചെയ്തുപോന്നു. യൂറോപ്പുമുഴവൻ പര്യടനം നടത്തിയ വേഡ്സ്വത്ത് 1831–ൽ സ്കോട്ട്ലൻഡിൽവച്ച് വാൾട്ടർ സ്കോട്ടുമായുള്ള സൗഹൃദം പുതുക്കുകയുണ്ടായി. ആദ്യമൊക്കെ നിന്ദയോടെ വീക്ഷിച്ചിരുന്ന വേഡ്സ്വർത്തിൻെറ കവിത അഭിനന്ദനം പിടിച്ചുപററാൻ തുടങ്ങി. 1839–ൽ ഡി. സി. എൽ. ബിരുദവും, 1842–ൽ 300 പൗണ്ട് വാർഷിക പെൻഷനും അനുവദിച്ചു. 1843–ൽ സൗഥിയുടെ നിര്യാണത്തെ തുടൎന്നു് വോർഡ്സ്വർത്ത് ആസ്ഥാനകവിയായി അവരോധിക്കപ്പെട്ടു. അദ്ദേഹത്തിൻെറ പിൽക്കാല രചനകൾ വിപ്ലവകക്ഷിയിൽനിന്നും കൂറുമാറിയ ലിബറലിസത്തിൻെറ എതിരാളിയാണു താനെന്നു തെളിയിക്കുന്നു. 1850–ൽ ഗ്രാസ്മിയറിലെ ശ്മശാനത്തിൽ അദ്ദേഹത്തെ സംസ്കരിച്ചു.

റൊമാൻറിക് പ്രസ്ഥാനത്തിനു നാന്ദി കുറിക്കുന്നുവെന്നതിനാൽ വേഡ്സ്വത്തിൻെറ ലിറിക്കൽ ബാലഡ്സ് ഒരു ചരിത്രസംഭവംതന്നെയാണ്. ഈ കൃതിയുടെ മുഖ്യപങ്കാളി വേഡ്സ്വത്ത് തന്നെ. സാധാരണക്കാരുടെ ജീവിതത്തിൽനിന്നും സംഭവങ്ങളും, സന്ദർഭങ്ങളും തെരഞ്ഞെടുക്കുകയും കഴിയുന്നിടത്തോളം അവരുടെ ഭാഷയിൽതന്നെ അവതരിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു ഈ സംരംഭത്തിൽ അദ്ദേഹത്തിൻെറ ലക്ഷ്യം. അതോടൊപ്പം സാധാരണ സംഗതികൾക്കു ഭാവനയുടെ നിറക്കൂട്ടു നൽകി അസാധാരണത്വം വരുത്താനുള്ള ശ്രമവും നടത്തി. ആശയങ്ങളന്വേഷിച്ച് അദ്ദേഹം പോയതു് ഗ്രാമീണരുടെ എളിയജീവിതത്തിലേക്കാണ്. ഇതിനു് ഉത്തമദൃഷ്ടാന്തമാണ് 'മൈക്കേൾ.' ശബ്ദാഡംബരത്തിനുവേണ്ടി വളച്ചുകെട്ടിപ്പറയുന്ന 18–ാം നൂററാണ്ടുകാരായ എഴുത്തുകാരിൽനിന്നും ഭിന്നമായി യഥാൎത്ഥ ജീവിതത്തിൽനിന്നും അനുയോജ്യമായ ഭാഷയാണ് അദ്ദേഹം സ്വീകരിച്ചതു്. എന്നാൽ ഈ തത്വം മുറുകെപ്പിടിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടില്ല. ലിറിക്കൽ ബാലഡ്സിലെ 'ദ തോൺ', 'ദ ഇഡിയററ് ബോയ്'' തുടങ്ങിയ കവിതകൾ നിസ്സാരവും, അന്തഃസാരവിഹീനവുമായ ശൈലിയിലാണ് രചിക്കപ്പെട്ടതെന്നു് ആക്ഷേപമുണ്ട്. ഈ വാല്യത്തിനു് തിലകക്കുറി ചാൎത്തുന്ന കവിത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാണ് 'ററിൻേറൺ ആബി'. അദ്ദേഹത്തിന്റെ പ്രകൃതിയോടുള്ള മനോഭാവത്തിൻെറ വികാസത്തെ സംക്ഷിപ്തമായി വിവരിക്കുന്നുവെന്നതിനാൽ പ്രസ്തുത കവിത പ്രാധാന്യമർഹിക്കുന്നു.

1798—99-ൽ വേർഡ്സ്വർത്തെഴുതിയ ഉത്തമകവിതകൾ 1800—ലെ ലിറിക്കൽ ബാലഡ്സിനോടൊപ്പം പ്രസിദ്ധീകരിച്ചു. ബ്ലാങ്ക്വേഴ്സിലെഴുതിയ ദ പ്രിലൂഡ് 1805-ൽ പൂർത്തിയാക്കിയെങ്കിലും 1850—ൽ മരണാനന്തരമാണ് അതു പ്രസിദ്ധീകരിച്ചതു്. കവിയെന്ന നിലയിലുള്ള വേഡ്സ്വത്തിൻെറ വികാസത്തിൻെറ ഒരു രേഖയാണ് ഈ കാവ്യം. പതിന്നാലു ഭാഗങ്ങളുള്ള ഈ നീണ്ട കാവ്യം പലപ്പോഴം വിരസമായിത്തീരുന്നു. എന്നാൽ ബോട്ട്യാത്രയെക്കുറിച്ചും, സ്കേററിംഗിനെക്കുറിച്ചുമുള്ള ഖണ്ഡങ്ങൾ മനോഹരങ്ങളാണെന്നു സമ്മതിക്കണം. പൂർത്തിയാക്കാൻ സാധിക്കാതിരുന്ന ദ റിക്ലൂസ് എന്ന നീണ്ട ദാർശനികകാവ്യത്തിൻെറ ഭാഗമെന്ന നിലയ്ക്കാണ് കവി ദ പ്രിലൂഡ് ഉദ്ദേശിച്ചിരുന്നതു്. ഒൻപതു പുസ്തകങ്ങളുള്ള ദി എക്സ്കർഷൻ (1814) എന്ന മുഷിപ്പനായ കാവ്യവും റിക്ലൂസിൻെറതന്നെ ഭാഗമാണ്. ഇതിലും ഗ്രാമീണജീവിതത്തിൻെറ സുന്ദരങ്ങളായ ചില ചിത്രങ്ങളുണ്ടു്. 1807—ൽ രണ്ടു കൃതികൾ കൂടി പ്രസിദ്ധീകരിക്കുകയുണ്ടായി. വേഡ്സ്വത്തിൻെറ അത്യുത്തമമായ ചില കവിതകൾ ഇവയിലുണ്ടു്. 'ദ സോളിററി റീപ്പർ,' 'ദ ഗ്രീൻ ലിനററ്,' 'ഐ വാൺഡേർഡ് ലോൺലി ആസ് എ ക്ലൗഡ്'' എന്നിവ ഗാനാത്മകമാണ്. ദാർശനികഭാവമുള്ള കവിതകളാണ് 'ഓഡ് ഓൺ ദ ഇൻറിമേഷൻസ് ഓഫ് ഇമ്മോർട്ടാലിററി,' 'റെസല്യൂഷൻ ആൻറ് ഇൻഡിപെൻഡെൻസ്'', 'ഓഡ് ററു ഡ്യൂട്ടി' എന്നിവ. 'സോണററ് ഡെഡിക്കേററഡ് ററു നാഷനൽ ഇൻഡിപ്പെൻഡെൻസ് ആൻഡ് ലിബർട്ടി ഒരുപക്ഷേ, ഇംഗ്ലീഷിലെ മഹത്തമമായ സോണററാണെന്നു പറയാം. കുറെ കവിതകൾകൂടി പ്രസിദ്ധീകരിച്ചുവെങ്കിലും വൃദ്ധനായതോടെ പ്രചോദനം നഷ്ടപ്പെട്ട വേർഡസ്വത്തിൻെറ പിൽക്കാലകൃതികളിൽ കാവ്യാംശം നന്നെ കുറവാണ്.

ലിറിക്കൽ ബാലഡ്സിൻെറ രണ്ടാംപതിപ്പിനെഴുതിയ സുപ്രസിദ്ധമായ ആമുഖത്തിൽ കവിതയെപ്പററിയുള്ള തൻെറ സിദ്ധാന്തം അദ്ദേഹം ആവിഷ്കരിച്ചിട്ടുണ്ടു്. 'നിർവ്വതിയിൽ സമാഹിതമാകുന്ന ഉൽക്കടവികാരങ്ങളുടെ നൈസർഗ്ഗികപ്രവാഹമാണു കവിത' എന്നാണ് വേഡ്സ്വത്തിൻെറ നിർവ്വചനം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വേഡ്സ്‌വത്തിൻെറ കവിതകളിൽ ഒരു വലിയ പങ്കം ഉന്നതനിലവാരം പുലത്തുന്നില്ല. നമ്മബോധം അവയിൽ തീരെയില്ലെന്നു പറയാം. നാടകീയമായി ആവിഷ്കരിക്കാനുള്ള സാമത്ഥ്യം കഷ്ടിയാണു്. ആഖ്യാനപാടവമാകട്ടെ ദുബ്ബലവും. അഹംബോധം ആ കവിതകളിൽ ഏറിയിരിക്കുന്നു. എഴുതുന്ന തിനു് അനിയന്ത്രിതമായ പ്രേരകശക്തിയുണ്ടെങ്കിലും ഗാനാത്മകത തീത്തും അപര്യാപ്തമാണു്. ബേൺസിനെപ്പോലെ മനസ്സിനെ അനാവരണംചെയ്തു കാട്ടാനുള്ള കഴിവോ, ഷെല്ലിയെപ്പോലെ അലൗകികാന്തരീക്ഷത്തിലേക്കു് ചാടാനുള്ള സാമത്ഥ്യമോ വേഡ്സ്‌വത്തിനില്ല. എന്നിരുന്നാലും ധ്യാനനിമഗ്നവും വൈശ്ലേഷികവുമായ വികാരത്തോടെ പ്രകൃതിയെ ആവിഷ്കരിക്കാൻ അദ്ദേഹത്തിനു കഴിയും. സോണററുകളിൽ ഗാനാത്മകത ജ്വലിച്ചുനില്ക്കുന്നു. അതുകൊണ്ടുതന്നെയാണു് അവ ഇംഗ്ലീഷ് കവിതയിലെ ഒന്നാന്തരം സോണററുകളായി അറിയപ്പെടുന്നതു്. അവയിൽ മിൽട്ടൺെറ സ്വാധീനം സ്പഷ്ടമായിക്കാണാം. ദേശഭക്തിപരമാണു ചില സോണററുകളെങ്കിൽ മററു ചിലതു് സ്വാതന്ത്ര്യാഭിനിവേശത്തെ പ്രകടിപ്പിക്കുന്നു. 'വെസ്റ്റ് മിൻസ്ററർ ബ്രിഡ്ജ്'' പോലുള്ള ഏതാനുമെണ്ണം പ്രകൃതിസ്നേഹത്തെ വെളിവാക്കുന്നു.

പ്രകൃതിഗായകനെന്ന നിലയിലാണു് വേഡ്സ്‌വത്ത് കൂടുതലായി അറിയപ്പെടുന്നതു്. പ്രകൃതിയെക്കുറിച്ചുള്ള പുത്തൻ അറിവുകൾ വച്ചാണു് അദ്ദേഹം എഴുതുന്നതു്. പ്രകൃതി നല്കുന്ന ഹർഷോൻമാദത്തിൻെറ അഗാധതകളിലേക്കു് ആണ്ടിറങ്ങി അതിൻെറ നിഗൂഢമായ സ്രോതസ്സ് കണ്ടെത്തുകയും അതിനോടുള്ള ആദരവു പ്രകടിപ്പിക്കുകയുമാണു് ഈ പ്രകൃത്യുപാസകൻ. ''വിശ്വസൗഹൃദത്തിൻെറ ശോകമൂകമായ സംഗീതം'' കേൾക്കാനാണു് പ്രകൃതിയിൽ അദ്ദേഹം ശ്രദ്ധിച്ചിരിക്കുന്നതു്. 'ദ സോലിററി റീപ്പർ', 'റെസലൂഷൻ ആൻഡ് ഇൻഡിപെൻഡെൻസ്'', 'മൈക്ക്ൾ' എന്നീ കവിതകളിൽ പ്രകൃതിയുടെ പശ്ചാത്തലത്തിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്ന മനുഷ്യനെയാണു് കാണുന്നതു്. ചുരുക്കത്തിൽ വേഡ്സ്‌വത്തിനെ സംബന്ധിച്ചിടത്തോളം പ്രമാണിയായ ബോധകനും, ദൈവികസത്തയുടെ മൂത്തീകരണവുമെല്ലാം പ്രകൃതിതന്നെയാണു്.

ശൈലിയുടെ കാര്യമെടുത്താൽ ഉദാത്തമായ ശൈലിമുതൽ അപഹാസ്യമായ ശൈലിവരെ ഉണ്ടു് അദ്ദേഹത്തിനു്. കുലീനവും പ്രസാദാത്മകവുമായ ഒരുതരം മദ്ധ്യസ്ഥിതശൈലിയും അദ്ദേഹത്തിനു വശമാണു്. വേഡ്സ്‌വത്തിൻെറ ഉത്തമ കവിതകൾ അദ്ദേഹത്തിൻെറ നീണ്ട കവിതകളല്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലിറിക്കൽ ബാലഡ്സിൽ വേഡ്സ്വത്തുമായി സഹകരിച്ചു പ്രവത്തിച്ച സാമുവൽ ടെയ്ലർ കോൾറിഡ്ജ് (1772—1834) ഒരു കവിയും നിരൂപകനും സർവ്വോപരി ഒരു സാഹിത്യചിന്തകനുമായിരുന്നു. ഓട്ടറി സെയ്ൻറ് മേരിയിലെ വികാരിയുടെ പതിമൂന്നാമത്തെ പുത്രനായി ഡെവൺഷയറിൽ ജനിച്ച കോൾറിഡ്ജ് അസാധാരണ ബുദ്ധിശാലിയായിരുന്നു. തൻെറ ഒൻപതാംവയസ്സിൽ പിതാവു മരിച്ചശേഷം ക്രൈസ്റ്റ് ഹോസ്പിററൽ സ്കൂളിലാണ് പഠിച്ചതു്. അവിടെ കോൾറിഡ്ജിൻെറ സഹപാഠിയായിരുന്നു ചാൾസ്ലാം. സ്കൂളിൽ പഠിക്കുന്ന കാലത്താണ് ചരിത്രപ്രസിദ്ധമായ ബാസ്റ്റീൽ നിലംപതിച്ചതു്. 1791–ൽ വിപ്ലവാശയങ്ങളുമായി കേംബ്രിഡ്ജിലേക്കു പോയി. പഠിത്തമുപേക്ഷിച്ച് ലൈററ് ഡ്രഗൂണിൽ ഒരു യോദ്ധാവായി ചേൎന്ന കോൾറിഡ്ജ് ഏതാനും മാസത്തിനു ശേഷം പട്ടാളസേവനം മതിയാക്കി. 1794–ൽ കേംബ്രിജിൽ തിരിച്ചെത്തിയശേഷം ഓക്സ്ഫോഡിൽവച്ച് മററൊരു കവിയായ സൗഥിയുമായി ബന്ധപ്പെട്ടു. സൗഥിയോടൊപ്പം ബ്രിസ്റ്റലിൽ താമസിക്കുമ്പോൾ സൗഥിയുടെ ഭാര്യാസഹോദരിയുമായി കോൾറിഡ്ജ് പരിചയപ്പെടുകയും പിന്നീട് അവരെ വിവാഹം കഴിക്കുകയും ചെയ്തു. 1796–ൽ ദ വാച്മൻ എന്നൊരു വൃത്താന്തപത്രം ആരംഭിച്ചു. 1797–ൽ ആണ് വേർഡ്സ്വത്തിനെ കണ്ടുമുട്ടിയതു്. അവരുടെ സംയുക്ത പ്രവത്തനഫലമായി 1798–ൽ ലിറിക്കൽ ബാലഡ്സ് പ്രസിദ്ധീകരിച്ചു. കുറെക്കാലം ഒരു യൂണിറേററിയൻ ക്രിസ്തീയ സഭയിൽ വൈദികനായും പ്രവർത്തിച്ചിട്ടുണ്ട്.

ധനികരായ രണ്ടു സ്നേഹിതൻമാരിൽനിന്നും കോൾറിഡ്ജിനു് ഒരു ചെറിയ തുക വാഷികവേതനമായി ലഭിക്കുകയുണ്ടായി. ജർമ്മൻ തത്വശാസ്ത്രവും ഇതിനിടെ കുറെ വശമാക്കി. 1799–ൽ ഇംഗ്ളണ്ടിലേക്കു മടങ്ങുകയും, ലേക് ഡിസ്ട്രിക്ടിൽ കുറെക്കാലം പാക്കുകയും ചെയ്തു. രാഷ്ട്രീയ പത്രസാഹിത്യത്തിൽ നടത്തിയ കാര്യമായ ശ്രമം പരാജയപ്പെടുകയാണുണ്ടായതു്. അതിശയകരമായ പ്രതിഭയുള്ള ആളായിരുന്നെങ്കിലും അദ്ദേഹത്തിൻെറ ഇച്ഛാശക്തി തീത്തും ബലഹീനമായിരുന്നു. കറുപ്പിൻെറ അടിമക്കൂടി ആയപ്പോൾ, ഉള്ള വീര്യംകൂടി അദ്ദേഹത്തിനു നഷ്ടപ്പെട്ടു. അനാരോഗ്യവും, വേഡ്സ്വർത്തിൻെറ ഭാര്യാസഹോദരിയായ സാറാ ഹച്ചിൻസനോടുള്ള പ്രേമത്തിൽ നിന്നുണ്ടായ അതൃപ്തിയും അദ്ദേഹത്തെ അസ്വസ്ഥനാക്കി. തുടൎന്ന് മാൾട്ടയിലേക്കും, ഇററലിയിലേക്കും പോയ (1804—06) കോളറിഡ്ജ് തിരിച്ചെത്തിയശേഷം അവിടവിടെ അലഞ്ഞു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നടന്നു. തുടന്ന് ഒരു പ്രഭാഷണപരമ്പര നടത്തുകയുണ്ടായി. 1811—ൽ ഷേക്സ്പിയറേയും, മററു കവികളേയുംകുറിച്ച നടത്തിയ പ്രഭാഷണങ്ങരം ഈ പരമ്പരയിലെ ഉത്തമങ്ങളായ പ്രഭാഷണങ്ങളാണ്. തൊട്ടുപുറകെയുള്ള രണ്ടു വർഷങ്ങളിൽ മററൊരു പ്രസംഗപരമ്പരയും നടത്തിയിരുന്നു. 1816-ൽ ഹൈഗേററിലെ ഗിൽമാൻെറ വസതിയിലേക്ക് അദ്ദേഹം കടന്നു ചെന്നു. ദയാലുവായ അയാളുടെ സഹവർത്തിത്വത്തിൽ കറുപ്പു തിന്നുന്ന സ്വഭാവത്തിൽനിന്നും ക്രമേണ അകലാൻ കോംറിഡ്ജിനു സാധിച്ചു. ഹൈഗേററിൽവച്ച് ഏതാനും കൃതികരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

കോംറിഡ്ജിൻെറ കവിതകളിൽ ഉത്തമമെന്നു പറയാവുന്നതു് വളരെ കുറച്ചുമാത്രമേയുള്ളു. പക്ഷേ, ഉള്ളതു് അതിവിശിഷ്ടമെന്നുതന്നെ പറയാം. ആദ്യകൃതിയായ പോയംസ് ഓൺ വേരിയസ് സബ്ജെക്ററസ് (1796) സാമാന്യം ഭേദപ്പെട്ടതെന്നേ പറഞ്ഞുകൂടു. ലിറിക്കൽ ബാലഡ്സിൽ (1798) കോംറിഡ്ജിൻെറ നാലും, വേഡ്സ്വത്തിൻെറ പത്തൊൻപതും കവിതകളുണ്ട്. ഈ നാലെണ്ണത്തിൽ ഏററവും ശ്രദ്ധേയമായതു് 'ദ റൈം ഓഫ് ദി ഏൻഷെൻറ് മാരിനർ' എന്ന കവിതയാണ്. ഹിമധ്രുവങ്ങളിലൂടെയുള്ള കപ്പൽയാത്ര, നാവികൻ അൽബട്രോസ് എന്ന പക്ഷിയെ അമ്പെയ്തു കൊല്ലുന്നതു്, ശാന്തമായ കടലിലെ വിസ്മയിപ്പിക്കുന്ന ദൃശ്യങ്ങരം, കൊടുങ്കാററ്, നാവികൻ വീട്ടിൽ തിരിച്ചെത്തുന്നതു് എന്നിവയെപ്പററിയുള്ള വിവരണങ്ങരം നിസ്തുലങ്ങളാണ്. കവിയുടെ ഉജ്ജ്വലമായ ഭാവനയെയാണ് ഇതു് വെളിവാക്കുന്നതു്. 1797—ൽ 'ക്രിസ്റ്റബലി'ൻെറ ഒന്നാംഭാഗം പൂർത്തിയാക്കി. ഒരു ദുർമ്മന്ത്രവാദിനി മായാമോഹിനിയുടെ രൂപത്തിൽ വന്നു് ക്രിസ്ററബലിൻെറ വിശ്വാസമാർജ്ജിച്ച് അവളെ വശത്താക്കുന്നതാണ് ഇതിൻെറ കാതൽ. കഥ ആരംഭിക്കുമ്പോഴേക്കും ഒന്നാംഭാഗം തീരുന്നു. ഒന്നാംഭാഗത്തെ അപേക്ഷിച്ച് രണ്ടാംഭാഗം (1800) താണ നിലവാരം പുലർത്തുന്നു. കോംറിഡ്ജിൻെറ കവിത്വ സിദ്ധിക്ക് ഉത്തമനിദർശനമാണ് ഈ കവിത. അവ്യക്തമായ അലൗകികപരിവേഷമേ പകന്നിട്ടുള്ളു. എന്നാൽ നേർത്തതും, ലോലവുമായ ചില സൂചനകരം നൽകിയിട്ടുണ്ട്. 'ക്രിസ്ററബെൽ മീററർ' എന്നു് ഇന്നറിയപ്പെടുന്ന ശ്ലഥവും, അത്യന്തം ഗാനാത്മകവുമായ ഇതിൻെറ ഛന്ദസ്സ് എട്ടു മാത്രകരം വീതമുള്ള ഈരടികളാണ്. അപൂർണ്ണമായ 'കുബ്ലഖാൻ' (1798) നിർമ്മലമായ മാന്ത്രികച്ഛായ നൽകുന്ന കോംറിഡ്ജിൻെറ കവിതയ്ക്കു് ഉത്തമോദാഹരണമാണ്. സാനഡുവിൽ കുബ്ലാഖാൻ നി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ർമ്മിച്ച രമ്യഹർമ്മ്യത്തിന്റെ വിവരണത്തോടെ തുടങ്ങുന്ന ഈ കവിത ഭ്രമാത്മകദർശനങ്ങളായി പരിണമിക്കുന്നു. കറുപ്പിന്റെ ലഹരിയിൽ അനുഭവപ്പെട്ട ഈ സ്വപ്നദർശനം തടസ്സപ്പെടുന്നതു് പോർലോക്കിൽനിന്നൊരു സന്ദർശകൻ വരുന്നതോടെയാണു്. 'ഫ്രോസ്ററ് അററ് മിഡ്നൈററ്,' 'ഫ്രാൻസ്'' എന്നിവയാണു് അതേ വർഷത്തിലെഴുതിയ മററു കവിതകൾ. തന്റെ നഷ്ടപ്പെട്ടുപോയ പ്രചോദനത്തെക്കുറിച്ചു വിലപിക്കുന്നതാണു് മഹത്തരമായ 'ഡിജെക്ഷൻ ഓഡ്'' (1802), റിമോഴ്സ് എന്ന നാടകം അരങ്ങത്തു ശോഭിച്ചുവെങ്കിലും സാഹിത്യപരമായി പറയത്തക്ക മൂല്യമുള്ള കൃതിയല്ല.

കോൾറിഡ്ജിന്റെ കവിതയുടെ പ്രമുഖമായ ഒരു സവിശേഷത അവയുടെ നിരതിശയമായ ഭാവനാശക്തിയാണു്. അദ്ദേഹംതന്നെ പറയുംപോലെ അവയ്ക്കു് 'അവിശ്വാസത്തെ സ്വമനസ്സാലെ തടഞ്ഞുനിത്താ'നുള്ള കഴിവുണ്ടു്. പ്രകൃതിയെ, പ്രത്യേകിച്ചും ആകാശത്തേയും, കടലിനേയും മററു് അലൗകിക വസ്തുക്കളുടെ ഭാവത്തേയും, ഉചിതമായി വർണ്ണിക്കാൻ അദ്ദേഹത്തിനു കഴിയും. 'ഭാഷകൊണ്ടൊരു മന്ത്രവാദം' നടത്താൻ കോൾറിഡ്ജിനെപ്പോലെ മററൊരു കവിക്കും സാധിച്ചിട്ടില്ല. സമർത്ഥമായി ഛന്ദസ്സു് ഉപയോഗിക്കാൻ പ്രത്യേക വിരുതു തന്നെയുണ്ടു് അദ്ദേഹത്തിനു്. ലളിതമായ പദഘടനകൊണ്ടു് അദ്ദേഹം വ്യക്തമായി കാര്യങ്ങൾ അവതരിപ്പിക്കും.

യാഥാർത്ഥ്യത്തിനു ഭാവനയുടെ സ്പർശം നൽകിക്കൊണ്ടു് പ്രകൃതിയെ ആപ്പാടെ പകർത്തിവയ്ക്കുന്ന മുഷിപ്പൻ രീതി അവസാനിപ്പിക്കുകയായിരുന്നു വേർഡ്സ്‌വർത്ത്. കോൾറിഡ്ജാകട്ടെ, അലൗകികമായ വസ്തുക്കൾക്കു വൈകാരികവിക്ഷോഭം വരുത്തുന്ന പരുക്കൻ രീതി മാററി, അതിനു മനഃശാസ്ത്രപരമായ യാഥാർത്ഥ്യബോധം വരുത്തി.

യുവത്വവും, വിപ്ലവാവേശവും മുററിനിന്നിരുന്ന നാളുകളിൽ വേഡ്സ്‌വർത്തും കോൾറിഡ്ജും ഉൾപ്പെട്ട ത്രിമൂർത്തികളിൽ ഒരാളായിരുന്നു റോബർട്ടു് സൗഥി (1774—1843). സൗഥിയുടെ അതിവിപുലമായ രചനകൾ മികച്ച നിലവാരം പുലർത്തുന്നു. 1813-ൽ സൗഥി ആസ്ഥാനകവിയായി അവരോധിക്കപ്പെട്ടു. ജോൺ ഓഫ് ആർക്ക് (1798), തലാബാ ദ ഡിസ്ട്രോയർ (1801), ദ കഴ്സ് ഓഫ് കെഹാമ (1810), റോഡ്റിക് ദ ലാസ്ററ് ഓഫ് ദ ഗോത്സ് (1814) എന്നിവയാണു് പ്രധാനപ്പെട്ട കൃതികൾ. റൊമാൻറിക് കവിതയുടെ ലക്ഷണങ്ങളെല്ലാം ഒത്തിണങ്ങുന്ന അവയിൽ മിക്കതും സൗഥിയുടെ പരിമിതികൾ വച്ചുനോക്കുമ്പോൾ അമിതാഭിലാഷം പ്രകടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പിക്കുന്നില്ലേ എന്നു തോന്നും. അനേകം ഗദ്യകൃതികളും അദ്ദേഹം രചിച്ചിട്ടുണ്ട്. എന്നാൽ ദ ലൈഫ് ഓഫ് നെൽസൺ (1813) മാത്രമേ ഇന്നു വായിക്കപ്പെടുന്നുള്ളു. ആയാസരഹിതവും 'മദ്ധ്യസ്ഥിത'വുമായ ശൈലിയാണ് ഇതിൽ സ്വീകരിച്ചിരിക്കുന്നതു്.

ഫ്രഞ്ച് വിപ്ലവത്തിന്റെ അവസാനം ആയപ്പോഴേയ്ക്കും പഴയ പ്രതീക്ഷകളൊക്കെ അസ്തമിച്ചു. കവികളെയും ചിന്തകരെയും നിന്ദയും, നിരാശയും അസ്വസ്ഥതയും ബാധിച്ചു. ബൈറനും, ഷെല്ലിയും, കീററ്സും ഇതേ അന്തരീക്ഷം ശ്വസിച്ചവരാണെങ്കിലും അവരുടെ കവിത തികച്ചും വിഭിന്നമാണ്.

ആറാംമുറ പ്രഭുവായ ജോർജ് ഗോർഡൻ ബൈറനു് (1788—1824) തന്റെ കവിതപോലെതന്നെ അസാധാരണത്വം പുലത്തുന്ന പൂർവ്വപിതാക്കളുമുണ്ടു്. ബൈറന്റെ മുത്തച്ഛൻ കുപ്രസിദ്ധനായ ഒരു അഡ്മിറലായിരുന്നു. ഭോഗാസക്തനും തെമ്മാടിയുമായിരുന്നു പിതാവു്. സ്കോട്ട്ലൻഡിലെ ഒരു പ്രഭുകുമാരിയെ വിവാഹം ചെയ്ത അദ്ദേഹം അവരുടെ സമ്പത്തെല്ലാം ധൂർത്തടിച്ചു. ലണ്ടനിൽ ജനിച്ചെങ്കിലും ബൈറന്റെ കുട്ടിക്കാലം സ്കോട്ട്ലണ്ടിലെ ആബർഡീനിലായിരുന്നു കഴിച്ചുകൂട്ടിയതു്. പത്താം വയസ്സിൽ മാതുലനെത്തുടന്നു് പ്രഭുപദവി ലഭിച്ചതോടെ ബൈറൻ ഇംഗ്ലണ്ടിലേക്കു തിരിച്ചു. ഹാരോയിലും, കേംബ്രിജിലുമായിട്ടാണ് വിദ്യാഭ്യാസം നിർവ്വഹിച്ചതു്. ഇരുണ്ട നിറവും, ഭോഗലാലസതയും വിഷാദാത്മകത്വവുമെല്ലാം ചേന്ന പൂർവ്വപാരമ്പര്യം ബൈറൻ ശരിക്കും പ്രകടിപ്പിച്ചു. കുറെയൊക്കെ കൃത്രിമമായ ഈ 'ബൈറോണിക്' പ്രകൃതം അന്നത്തെ ഒരു ഫാഷനായിത്തീന്നു. തന്റെ വികലമായ കാല്പാദം തിരുമ്മി നേരെയാക്കുന്നതിൽ ചെറുപ്പകാലത്തു് അനുഭവിച്ച പീഡനങ്ങളുടെ നൊമ്പരപ്പെടുത്തുന്ന ഓർമ്മകൾ മരണംവരെ ബൈറനെ പിന്തുടന്നു. കലാശാലാവിദ്യാഭ്യാസത്തിനുശേഷം വിഷയസുഖങ്ങൾ തേടിയുള്ള ജീവിതമാണ് അദ്ദേഹം നയിച്ചതു്. അനന്തരം രണ്ടുകൊല്ലക്കാലം (1809—11) യൂറോപ്പിൽ പര്യടനം നടത്തി. നേരത്തെതന്നെ പ്രഭുസഭയിൽ അംഗമായിക്കഴിഞ്ഞിരുന്നെങ്കിലും രാഷ്ട്രീയകാര്യങ്ങളിൻ ശ്രദ്ധ ചെലുത്തിയില്ല. ചൈൽഡ് ഹാരൾസ് പിൽഗ്രിമേജ് (1812) പ്രസിദ്ധപ്പെടുത്തിയതോടുകൂടി ബൈറൻ പെട്ടെന്നു പ്രസിദ്ധിയിലേക്കുയന്നു. 1815–ൽ ഒരു പ്രഭുകുമാരിയെ വിവാഹം കഴിച്ചെങ്കിലും ഒരുവർഷത്തിനുശേഷം അവർ ഭർത്താവിനെ ഉപേക്ഷിച്ചുപോകുകയാണുണ്ടായതു്. അതോടെ ബൈറന്റെ പ്രിയത്തിനു മങ്ങലേററു. തന്റെ നേരെ അസഭ്യത്തിന്റെ ശര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വഷമുണ്ടായതോടെ 1816–ൽ അദ്ദേഹം ഇംഗ്ലണ്ടു വിട്ടു. ശേഷിച്ച കാലമെല്ലാം യൂറോപ്പിൽ അലഞ്ഞുതിരിയുകയായിരുന്നു. സ്വാതന്ത്ര്യത്തിനുവേണ്ടി ടക്കിക്കെതിരെ ഗ്രീസ് സമരം നടത്തുന്ന കാലമായിരുന്നു അതു്. അവിടെവച്ചു് ഗ്രീസിൻെറ സമരത്തിൽ പങ്കാളിയാകകക്കൂടി ചെയ്തു. 1824–ൽ മിസലംഗിയിൽ വച്ചു് ജ്വരം ബാധിച്ചു് അന്തരിച്ച ബൈറൻെറ മൃതദേഹം ഇംഗ്ലണ്ടിലാണു് സംസ്കരിച്ചതു്.

അവേർസ് ഓഫ് ഐഡിൽനസ് (1807) എന്ന പ്രഥമ സമാഹാരത്തിൽ ഉദാസീനമായി രചിച്ച ഏതാനും ഭാവഗീതങ്ങളും, ലാററിനിലും ഗ്രീക്കിലുംനിന്നു വിവത്തനംചെയ്ത ചില കാവ്യഭാഗങ്ങളുമാണുള്ളതു്. ദുബ്ബലമായ പ്രസ്തുതകൃതിയെ ദി എഡിൻബറ റിവ്യൂ നിശിതമായി വിമർശിച്ചു. ഇംഗ്ലീഷ് ബാർഡ്സ് ആൻഡ് സ്കോച്ച് റിവ്യൂവേഴ്സ് (1809) എന്ന പരിഹാസകാവ്യം രചിച്ചുകൊണ്ടാണു് ബൈറൻ അതിനു പകരംവീട്ടിയതു്. പോപ്പിനെ അനുകരിച്ചു് ഹിറോയിക് കുപ്ലററിൽ എഴുതിയിരിക്കുന്ന ഈ കൃതി തൻെറ സമകാലികരായ എഴുത്തുകാരെയും വിമർശകരെയും കണക്കിനു് പരിഹസിക്കുന്നു. താമസിയാതെതന്നെ തൻെറ പര്യടനത്തിൻെറ ഫലമായ ചൈൽഡ് ഹാരോൾഡ്സ് പിൽഗ്രിമേജിൻെറ ആദ്യത്തെ രണ്ടു ഖണ്ഡങ്ങൾ പ്രത്യക്ഷപ്പെട്ടു (1812). ഇതിലെ ഹീറോ ബൈറൻെറ സ്വന്തം പതിപ്പാണു്. ആദരണീയമായ ഒരു പൂവ്വകാലമുള്ള അദ്ദേഹം യൂറോപ്പിലെ പ്രസിദ്ധങ്ങളും സുന്ദരങ്ങളുമായ പ്രകൃതിദൃശ്യങ്ങളൊക്കെ സന്ദർശിക്കുന്നു. ഏതാനും കാവ്യകഥകളും ബൈറൻ രചിച്ചിട്ടുണ്ടു്. ഇവയിലും 'ബൈറോണിക് ഹീറോ'യെ കണ്ടെത്താം. ഇംഗ്ലണ്ടു വിട്ടതിനുശേഷമുള്ള അലസജീവിതം ചൈൽഡ് ഹാരോൾഡിൻെറ മൂന്നും (1816) നാലും (1818) ഖണ്ഡങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. സത്തയിലും ശൈലിയിലും ഇതു് ആദ്യഖണ്ഡങ്ങളെ അപേക്ഷിച്ചു് വ്യത്യസ്ത സ്വഭാവം പുലത്തുന്നു. കുറെക്കൂടെ ആത്മാത്ഥമായ സ്വരവും ഇവയിലടങ്ങുന്നു. കടുത്ത ലോകവിദ്വേഷവും ഇവയിൽ കാണാം. 'ദ പ്രിസണർ ഓഫ് ഷിലൻ' (1816), 'മാസപ്പ' (1819) എന്നിവ നീണ്ട കവിതകളാണു്. ഒട്ടനവധി ഭാവഗീതങ്ങളും ബൈറൻ രചിച്ചിട്ടുണ്ടു്. പരിഹാസകാവ്യങ്ങളിൽ എടുത്തുപറയാനുള്ളതു് 'ബെപ്പോ' (1819), 'ദ വിഷൻ ഓഫ് ജഡ്ജ്മെൻറ്' (1822), 'ഡോൺ ജുവൻ' എന്നിവയാണു്. ഒട്ടാവറീമ ഛന്ദസ്സിലുള്ള ഇതു് മുഖ്യമായും സൗഥിയെ പരിഹസിക്കുകയാണു്. വീര്യത്തിലും, വിഷയവൈവിദ്ധ്യത്തിലും 'ഡോൺ ജുവൻ' പ്രഥമസ്ഥാനത്തു നില്ക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതു പ്രസിദ്ധീകരിച്ചപ്പോഠം ആഭാസകൃതിയെന്നും, അസാന്മാഗ്ഗിക രചനയെന്നും പറഞ്ഞു് പലരും ആക്ഷേപിക്കുകയുണ്ടായി ബൈറൻെറ സങ്കീർണ്ണമായ വ്യക്തിത്വം വിളിച്ചോതുന്നതാണു് ഇതിൽ പ്രകടമാകുന്ന വ്യത്യസ്ത വികാരങ്ങഠം.

'ററു തർസാ', 'ഷി വോക്സ്' ഇൻ ബ്യൂട്ടി' തുടങ്ങി മുഷിപ്പില്ലാതെ വായിച്ചുപോകാവുന്ന ഏതാനും കവിതകളുണ്ടെങ്കിലും ബൈറൻെറ കവിതകഠംക്കു് ഗാനാത്മകത നന്നെ കുറവാണു്. എന്നിരുന്നാലും ശക്തമായി ഹാസ്യം പ്രയോഗിക്കാനറിയാം. മികച്ച ഒരു പരിഹാസകവനക്കാരൻെറ ഉഠംക്കാഴ്ച അദ്ദേഹത്തിനില്ല. പോപ്പിൻെറ ആരാധകനായിരുന്ന ബൈറൻെറ ശൈലി മററു റൊമാൻറിക് കവികളിൽനിന്നും തുലോം വിഭിന്നമാണു്. അദ്ദേഹത്തിൻെറ കവിതകഠംക്കു് ശ്രുതിമാധുര്യം തീരെ പോരാ. ശബ്ദായമാനമായ അലങ്കാരധോരണിയുടെ പുറകെ പോകുമ്പോഠം പലപ്പോഴും കവിത ബലികഴിക്കപ്പെടുന്നു. ചിലപ്പോഴെങ്കിലും അതു് ഗദ്യത്തിൻെറ വക്കോളമെത്തുന്നു. എന്നാൽ അമ്പരപ്പിക്കുന്ന ശക്തിയും ഊജ്ജസ്വലതയും അദ്ദേഹത്തിൻെറ കവിതകഠംക്കുണ്ടു്. അങ്ങേയററം വികാരവിജ്രംഭിതമായ അവസ്ഥയിൽ കുതിച്ചൊഴുകുന്ന ഒരു മഹാപ്രവാഹമാണു് ബൈറൻെറ കവിത. ഒരു പ്രകൃതിഗായകനെന്ന നിലയിൽ പ്രകൃതിയുടെ പ്രചണ്ഡമായ ഭാവങ്ങഠം ആവിഷ്കരിക്കാനാണു് അദ്ദേഹത്തിനു താല്പര്യം.

വിപ്ലവകാരിയായ ആദശ്വാദിയായിരുന്ന പെർസി ബിഷ് ഷെല്ലി (1792—1822) വിശ്വാസത്തിൻെറയും, പ്രതീക്ഷയുടെയും കാവ്യഭാവനയുള്ള പ്രവാചകൻകൂടിയായിരുന്നു അദ്ദേഹം. ടോറി പാർട്ടിയിലുഠംപ്പെട്ട ഒരു പ്രഭുകുടുംബാംഗമായിരുന്നു പിതാവു്. ശ്മശാനങ്ങഠം സന്ദശിക്കുക അദ്ദേഹത്തിനൊരു വിനോദമായിരുന്നു. രാസവിദ്യകളും കുറെ വശമാക്കി. ഭയജനകമായ പൊരുളുകളുള്ള ഗ്രന്ഥങ്ങഠം വായിച്ചു മനസ്സിലാക്കി. ഈററൻകോളേജിലെ പഠിത്തത്തിനിടയ്ക്കു് 'ഭ്രാന്തൻ ഷെല്ലി' എന്ന പരിഹാസപ്പേരു പതിഞ്ഞു. ഈററനിലെ സുഖകരമല്ലാത്ത നാളുകഠംക്കുശേഷം ഓക്സ്ഫേഡിലെത്തിയെങ്കിലും ദ നെസ്സസിററി ഓഫ് എയ്ത്തീയ്സം എന്ന ലഘുലേഖ അടിച്ചിറക്കിയതിനു് അവിടെനിന്നും പുറത്താക്കപ്പെട്ടു. ഹാരിയററ് വെസ്റ്റ്ബ്രൂക്ക് എന്ന സ്കൂഠം വിദ്യാത്ഥിയെ വിവാഹം കഴിച്ചതിൻെറ പേരിൽ കുടുംബത്തിൽ ഭിന്നിപ്പുണ്ടാകുകയും ഷെല്ലി നിരാലംബനായിത്തീരുകയുംചെയ്തു. ഏറെ താമസിയാതെ നദിയിൽ ചാടി ഭാര്യ ആത്മഹത്യചെയ്തു. പൊളിററിക്കൽ ജസ്റ്റിസിൻെറ കത്താവായ വില്യം ഗോഡ്വിൻെറ പുത്രി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മേരിയെയാണ് ഷെല്ലി രണ്ടാമതു വിവാഹം ചെയ്തതു്. അങ്ങേയററം വിപ്ലവകരമായ ആശയങ്ങരം പ്രചരിപ്പിക്കുന്ന വില്യം ഗോഡ്‌വിൻ ഷെല്ലിയെ വളരെയധികം സ്വാധീനിച്ചു. 1818-ൽ മേരിയുമൊത്തു് ഷെല്ലി ഇററലിയിലേക്കു തിരിച്ചു. അവിടെവച്ചാണ് അദ്ദേഹത്തിൻെറ സുന്ദരമായ കാവ്യഭാവന വികാസം പ്രാപിച്ചതു്. 1822-ൽ സ്പെസിയ ഉരംക്കടലിൽ കൂടിയുള്ള ഒരു തോണിയാത്രയിൽ അദ്ദേഹം മുങ്ങിമരിച്ചു. ഷെല്ലിയുടെ മൃതദേഹം കണ്ടെത്തിയ കടൽത്തീരത്തുതന്നെ അദ്ദേഹത്തെ ദഹിപ്പിക്കുകയാണുണ്ടായതു്. പിന്നീടു് അദ്ദേഹത്തിനു പ്രിയങ്കരമായിരുന്ന റോമൻ സെമിത്തേരിയിൽ കീററ്സിൻെറ ശവകുടീരത്തിനു സമീപം ഷെല്ലിയുടെ ചിതാഭസ്മം സ്ഥാപിച്ചു.

ആചാരക്രമങ്ങരം മനുഷ്യനെ ദുഷിപ്പിക്കുന്നുവെന്നു പ്രഖ്യാപിക്കുന്ന 'ക്വീൻ മാബ്'' (1813) ഷെല്ലിയുടെ നാസ്തികത്വം വെളിവാക്കുന്നു. പാകതവന്ന ഒരു കവിതയല്ല 'ക്വീൻ മാബ്''. 'അലാസ്റ്റർ, ഓർ ദ സ്പിരിററ് ഓഫ് സോളിററ്യൂഡ്'' (1816) ആത്മീയപരിവേഷം നൽകുന്ന ഒരുതരം ആത്മകഥയാണ്. വളരെ നീണ്ടതും, അവ്യക്തവുമാണെങ്കിലും ഗാനാത്മകമാണ് ഈ കാവ്യം. ഷെല്ലിയുടെ ശ്രദ്ധേയമായ ബിംബകല്പനകളടങ്ങുന്ന ഭാഗങ്ങളും ഇതിലുണ്ടു്. 'അലാസ്റ്റ'റിനു ശേഷമാണ് 'ലയോൺ ആൻഡ് സിൻഥ്യ' പുറത്തുവന്നതു്. ഈ കാവ്യത്തിനു പില്ക്കാലത്തു് 'ദ റിവോരംട്ട് ഓഫ് ഇസ്ലാം' എന്നു പേരു നൽകി. വർണ്ണനാപരമായ ഖണ്ഡങ്ങരംകൊണ്ടു് ഈ കാവ്യം നിറഞ്ഞിരിക്കുന്നു. ഇററലിയിലെ ജീവിതത്തിൻെറ ആദ്യഫലമാണ് പ്രൊമിത്യൂസ് അൺ ബൗണ്ട് എന്ന അതിമനോഹരമായ കാവ്യനാടകം. 'ജൂലിയൻ ആൻഡ് മഡാലോ' (1818) 'ദ മാസ്ക്ക് ഓഫ് ആനക്കി' (1822) എന്നിവ ഈ കാലഘട്ടത്തിൽ ഷെല്ലി രചിച്ച ദൈർഘ്യമേറിയ കവിതകളാണ്. 'ദ വിച്ച് ഓഫ് അററ്ലസ്'' (1824), 'എപ്പിസൈക്കിഡിയൻ' (1821) എന്നീ കൃതികളിൽ ഷെല്ലിയുടെ കവിഭാവന ഉയൎന്നുയൎന്നു പോകുകയും അവസാനം അതു നമ്മുടെ സംവേദനത്തിനും അപ്പുറമായിത്തീരുകയും ചെയ്യുന്നു. ഗ്രീക്കുവിലാപകാവ്യങ്ങളുടെ മാതൃകയിലുള്ള ഒരു വിലാപകാവ്യമാണ് 'അഡൊണെയ്സ്'' (1821). കീററ്സിൻെറ മരണത്തിൽ വിലപിക്കുന്ന ഈ കാവ്യത്തിൻെറ രചന സ്പെൻസീരിയൻ സ്റ്റാൻസയിലാണ്. ഈ നീണ്ട കാവ്യങ്ങരംക്കൊപ്പം ചെറുകവിതകളുടെ ഒരു നിർഝരംതന്നെയുണ്ടായി. ഈ രചനകളെല്ലാം അദ്ദേഹത്തെ മഹാന്മാരായ കവികളുടെ നിരയിൽ പ്രതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷ്ലിക്കുന്നു. 'ദ സ്സൈലാക്ക്'', 'ദ ക്ലൗഡ്'', 'ദ ഓഡ് ററു ദ വെസ്റ്റ് വിൻഡ്'' മുതലായ കവിതകളെ എത്ര പ്രശംസിച്ചാലും അധികമാവില്ല.

ബാലചാപല്യമെന്നു പറയാവുന്ന രണ്ടു കഥകഠം എഴുതിക്കൊണ്ടാണ് ഷെല്ലി സാഹിത്യജീവിതം ആരംഭിക്കുന്നതു്. മേന്മകുറഞ്ഞ ഗദ്യശൈലിയാണ് അവയുടേതു്. പിൽക്കാലത്തു് ദ ഡിഫെൻസ് ഓഫ് പോയട്രി (1840) എന്നൊരു ഉപന്യാസവും രചിച്ചിട്ടുണ്ട്. എങ്കിലും ഒരു കവിയെന്ന നിലയിൽ മാത്രമാണ് അദ്ദേഹം അറിയപ്പെടുന്നതു്. ഏതു ഭാവവും നന്നായി ആവിഷ്കരിക്കാൻ അദ്ദേഹത്തിനു കഴിവുണ്ട്. ഭാവനയെ തൊട്ടുണർത്തുന്ന വർണ്ണനാവൈഭവമാണ് അദ്ദേഹത്തിൻേറതു്. മഹത്തമങ്ങളായ എല്ലാ കാവ്യശൈലിയേയുംപോലെ ഷെല്ലിയുടെ ശൈലിയും ലളിതവും, അവക്രവും, വികാരതീക്ഷ്ണവുമാണ്. വ്യക്തവും ദീപ്തവുമാണതു്. ഷെല്ലിയുടെ ശേഷിപോലെതന്നെ സ്പഷ്ടമാണ് അദ്ദേഹത്തിൻേറ പരിമിതികളും. അദ്ദേഹത്തിൻേറ തടസ്സമില്ലാത്ത കാവ്യപ്രബന്ധങ്ങഠം വിരസവും വ്യർത്ഥവും ആയിത്തീരുന്നു. ആഖ്യാനപരമായ രചനകഠം പലപ്പോഴും വിവാദപരമാകുന്നു. നമ്മരസം നന്നെ കുറവാണ്. രാഷ്ട്രീയമായ ആദർശം പുലർത്തുന്ന കവിതകളാകട്ടെ അനുചിതവും, കൊടിയതുമാണ്.

ഷെല്ലിയുടെ ജീവിതകാലത്തു് അദ്ദേഹത്തിൻേറ വിശ്വാങ്ങഠം തൻേറ കവിത്വസിദ്ധിക്കു മങ്ങലേല്പിച്ചിരുന്നു. എന്നാൽ മരണശേഷം ആ പ്രതിഭ ഔന്നത്യം പ്രാപിച്ചു. ഈ നൂററാണ്ടിൽ വീണ്ടും ഷെല്ലിക്കു മങ്ങലേററുതുടങ്ങിയിട്ടുണ്ട്.

വിപ്ലവചിന്താഗതിക്കാരിൽ അവസാനത്തെ ആളാണ് ജോൺ കീററ്സ് (1795—1891). ബൈറനിൽനിന്നും ഷെല്ലിയിൽനിന്നും വളരെ അന്തരമുണ്ട് കീററ്സിനു്. ഒരു വിപ്ലവകാരിയോ, സാങ്കല്പികസ്വർഗ്ഗം സ്വപ്നംകണ്ടു കഴിയുന്നവനോ ആയിരുന്നില്ല അദ്ദേഹം. കലയിൽമാത്രം ആനന്ദം കണ്ടെത്തിയ കീററ്സ് പൂർണ്ണമായ നിസ്സംഗത്വം പാലിക്കുകയായിരുന്നു. സൗന്ദര്യത്തിൻേറ മൂർത്തിയാണു കവിതയെന്നു വിശ്വസിച്ച അദ്ദേഹം, കവിതയെ തത്വശാസ്ത്രത്തിൻേറയും, മതബോധത്തിൻേറയും സാമൂഹ്യരാഷ്ട്രീയാദർശങ്ങളുടേയും മാദ്ധ്യമമാക്കുന്നതിനോടു് എതിരായിരുന്നു. എൻഡിമിയനിലെ 'സൗന്ദര്യമുള്ള വസ്തു എന്നെന്നും അനന്ദകരമാണ്'' എന്ന പ്രസിദ്ധമായ പ്രസ്താവനതന്നെ അദ്ദേഹത്തിൻേറ വിശ്വാസത്തിൻേറ കാതലാണ്.

പതിനഞ്ചാംവയസ്സിൽ വൈദ്യം പഠിക്കാൻ ഒരു സർജ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്റെ കീഴിൽ കീററ്സ് നിയോഗിക്കപ്പെട്ടു. ആദ്യപാഠങ്ങൾ കുറെയൊക്കെ വശമാക്കുകയുംചെയ്തു. വൈദ്യശാസ്ത്രപഠനത്തിൽ ആഭിമുഖ്യം തോന്നാതിരുന്ന കീററ്സിന് അന്നേ കവിതയിലായിരുന്നു താല്പര്യം. കവിയും പരിവർത്തനവാദിയായ പത്രപ്രവർത്തകനുമായിരുന്ന ലീ ഹണ്ടിനെ കണ്ടുമുട്ടിയതോടെ (1816) കവിതയുടെ സാദ്ധ്യതകളെപ്പററി അദ്ദേഹത്തിനു ബോധമുണ്ടായി. അതോടെ പരിവർത്തനവാദികളുടെ സംഘത്തിൽ ചേരുകയും, ഷെല്ലി മുതലായവരുടെ കൃതികളുമായി പരിചയപ്പെടുകയും ചെയ്തു. 1817-ൽ തന്റെ ആദ്യത്തെ കവിതാസമാഹാരം പ്രസിദ്ധപ്പെടുത്തി. 1818-ൽ ഫാനി ബ്രാണിനെ (Fanny Brawne) കണ്ടെത്തിയ കീററ്സ് അവരിൽ അനുരക്തനായിത്തീർന്നെങ്കിലും അവരുടെ പ്രേമജീവിതം പരിസമാപ്തിയിലെത്തിയില്ല. പാരമ്പര്യമായുണ്ടായിരുന്ന ക്ഷയരോഗത്തിന്റെ ലക്ഷണങ്ങൾ കീററ്സിലും പ്രകടമായിത്തുടങ്ങി. രോഗം വർദ്ധിച്ചതോടെ ശാരീരികവും മാനസികവുമായ വേദനകൊണ്ട് അദ്ദേഹം വലഞ്ഞു. നിരാശനായ കവി തന്റെ കാമുകിക്ക് നിരന്തരം കത്തുകളയച്ചുകൊണ്ടിരുന്നു. കവിയുടെ മരണശേഷം 1878-ൽ ഈ കത്തുകൾ സമാഹരിച്ചു പ്രസിദ്ധീകരിക്കുകയുണ്ടായി. 1818-ൽ തന്റെ രണ്ടാമത്തെ കവിതാസമാഹാരവും പുറത്തുവന്നു. ദ ക്വാർട്ടേർലി റിവ്യൂവും, ബ്ലാക് വുഡ്സ് മാഗസിനും ഈ കൃതിയെ നിശിതമായി വിമർശിക്കുകയുണ്ടായി. ടോറി പാർട്ടിയുടെ മുഖപത്രങ്ങളായിരുന്നു ഇവ രണ്ടും. കീററ്സ് ലീ ഹണ്ടിന്റെ സുഹൃത്തും. ഈ പശ്ചാത്തലമാണ് കടുത്ത ആക്ഷേപം ചൊരിയാൻ ഈ പ്രസിദ്ധീകരണങ്ങളെ പ്രേരിപ്പിച്ചതു്. പുറമെ ശാന്തനായി കാണപ്പെട്ടെങ്കിലും ഇതു് അദ്ദേഹത്തിന്റെ ആരോഗ്യനിലയെ കാര്യമായി ബാധിച്ചു. ഇംഗ്ലണ്ടിലെ അതിശൈത്യത്തിൽനിന്നു രക്ഷനേടാനായി 1820-ൽ ഇററലിയിലേക്കു പോയ കീററ്സ് അടുത്തവർഷം റോമിൽ വച്ച് അന്തരിച്ചു.

പതിനേഴാംവയസ്സിൽ തന്നെഅദ്ദേഹം സ്പെൻസറുടെ കൃതികളുമായി പരിചയപ്പെട്ടു. എലിസബീത്തൻയുഗത്തിലെ ഭാഷാപരമായ പ്രത്യേകതകളുമായി കീററ്സ് പൊരുത്തപ്പെട്ടുതുടങ്ങി. 'പതിനെട്ടാംവയസ്സിലാണ് കീററ്സ് 'ഇമിറേഷൻ ഓഫ് സ്പെൻസർ' എഴുതുന്നതു്. ഇതും ഏതാനും ലഘുകവിതകളും ചേർത്ത് പോയംസ് എന്ന പേരിൽ 1817-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ ഗ്രന്ഥത്തിലുൾപ്പെടുന്ന മനോഹരങ്ങളായ കവിതകളിൽ 'ഓൺ ഫസ്റ്റ് ലുക്കിങ് ഇൻറു ചാപ്മൻസ് ഹോമർ' എന്ന ഗീതികയും പെടുന്നു. സ്പെൻസറുടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യും ലീ ഹണ്ടിൻെറയും സ്വാധീനം 'സ്ലീപ് ആൻഡ് പോയട്രി' 'ഐ സ്റ്റുഡ് ററിപ്ററോ അപ്പോൺ എ ഹിൽ' എന്നിവയിൽ കാണാം. കീററ്സിൻെറ നീണ്ട കവിതകളിൽ ആദ്യത്തേതായ എൻഡിമിയൺ (1818) ഗ്രീക്ക് ഐതിഹ്യത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. മൗണ്ട് ലാററ്മോസിലെ ഇടയനായ എൻഡിമിയനോട് നിലാവിൻെറ ദേവതയ്ക്കുണ്ടാകുന്ന പ്രേമമാണ് കവിതയുടെ വിഷയം. അടക്കമില്ലാത്ത ധാരാളിത്തംകൊണ്ട് അപകവമാണ് ഈ കാവ്യം. എങ്കിലും മനോഹരങ്ങളായ പല ഭാഗങ്ങളും ഇതിലുണ്ട്. വിമർശകർ ഇതിനെ കഠിനമായി ആക്ഷേപിക്കുകയുണ്ടായി. ഇററാലിയൻ കവിയായ ബൊക്കാച്ചിയോവിൻെറ ഒരു കഥയെ അവലംബിച്ചെഴുതിയതാണ് 'ഇസബെല്ലാ ഓർ ദ പോട്ട് ഓഫ് ബേസിൽ' (1818). ക്രൂരന്മാരായ രണ്ടു സഹോദരന്മാർ തങ്ങളുടെ സഹോദരിയുടെ കാമുകനെ നിഷ്ഠുരമായി വധിക്കുന്നതാണ് സംഭവം. മറെറാരു നീണ്ട കാവ്യമായ 'ഹൈപീരിയൻ' 1818-ൽ ആരംഭിച്ചെങ്കിലും അടുത്ത കൊല്ലം അതുപേക്ഷിച്ചുകളഞ്ഞു. ദേവന്മാരുടെ ആദ്യപരമ്പരയിൽപ്പെട്ട സാററൺ, ഹൈപീരിയൻ തുടങ്ങിയവരും പുതിയ തലമുറക്കാരായ അപ്പോളോ തുടങ്ങിയവരും തമ്മിലുള്ള സംഘട്ടനമാണ് കാവ്യത്തിൻെറ പ്രമേയം. മിൽട്ടൻെറ പാരഡൈസ് ലോസ്റ്റിൻെറ സ്വാധീനം ഇതിൽ വ്യക്തമായി കാണാം. എന്നാൽ കാവ്യം പുരോഗമിക്കുന്നതോടെ സ്വരം കീററ്സിൻേ‍തു മാത്രമായിത്തീരുന്നു. ഇതു പൂർത്തിയാക്കാതെ വിട്ടുകളഞ്ഞെങ്കിലും, മിൽട്ടൻെറ സ്വാധീനം കുറച്ചുകൊണ്ട്, 'ദ ഫാൾ ഓഫ് ഹൈപീരിയൻ' എന്ന പേരിൽ പുനഃസൃഷ്ടിക്കുകയുണ്ടായി. രാഗബദ്ധരായ കാമുകീകാമുകന്മാരുടെ ഒളിച്ചോട്ടത്തെക്കുറിച്ചുള്ള 'ദ ഈവ് ഓഫ് സെയ്ൻറ് ആഗ്നസ്' കീററ്സിൻെറ വിശിഷ്ടമായ വിവരണാത്മകകാവ്യമായി പരിഗണിക്കപ്പെടുന്നു. സ്പെൻസീരിയൻ സ്റ്റാൻസയിലുള്ള ഈ കാവ്യത്തിൽ സ്പെൻസറെ ഓർമ്മിപ്പിക്കുന്ന അലങ്കാരശൈലിയും ബിംബവിധാനവും കാണാം. മദ്ധ്യയുഗത്തിലെ ജീവിതരീതിയും ആചാരാനുഷ്ഠാനങ്ങളും അന്ധവിശ്വാസവും ആഘോഷവും ആഡംബരവും ചേർന്ന പശ്ചാത്തലത്തിലാണ് കാവ്യം സൃഷ്ടിച്ചിരിക്കുന്നത്. ധാരാളമായി അലങ്കാരധോരണി ഉപയോഗിച്ചിട്ടുള്ള ഈ കാവ്യം ഇന്ദ്രിയസംവേദിയാണ്. അപൂർണ്ണമായ, 'ദി ഈവ് ഓഫ് സെയ്ൻറ്മാർക്കും' അതേവർഷം തന്നെയാണ് രചിക്കപ്പെട്ടതു്. സുന്ദരിയായ ഒരു ആഭിചാരക്കാരിയെ സംബന്ധിക്കുന്ന 'ലാമിയ'യുടെ കഥ ബർട്ടൻെറ അനാട്ടമി ഓഫ് മെലങ്കളി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിൽനിന്നും കടമെടുത്തതാണ്. കീററ്സിന്റെ സമൃദ്ധമായ ചിത്രീകരണം 'ലാമിയ'യിൽ തിങ്ങിനിറഞ്ഞിരിക്കുന്നു. മനോഹരമായ അനേകം ഹ്രസ്വകവനങ്ങളുമുണ്ട് കീററ്സിന്റേതായിട്ട്. കുററമററ ഭാവഗീതങ്ങളായ 'ററു എ നൈററിംഗേൽ', 'ഓഡ് ഓൺ എ ഗ്രീഷിയൻ ഏർണർ' 'ററു സൈക്കി', 'ഓൺ മെലങ്കളി', 'ററു ഓട്ടം''(To Autumn) എന്നിവയെല്ലാം 1819-കാലഘട്ടത്തു രചിക്കപ്പെട്ടവയാണ്. യഥാർത്ഥ സൗന്ദര്യത്തോട് എക്കാലത്തും പ്രത്യേക പ്രതിപത്തി അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. ഗീതികാകാരനെന്ന നിലയിൽ കീററ്സ് ഇംഗ്ലീഷിലെ മഹാകവികളോടൊപ്പം നിൽക്കുന്നു. അദ്ദേഹത്തിന്റെ ആകെയുള്ള അറുപത്തൊന്നു ഗീതികകളിൽ 'ഓൺ ഫസ്റ്റ് ലുക്കിങ് ഇൻറു ചാപ്മൻസ് ഹോമർ', 'വെൻ ഐ ഹാവ് ഫിയേഴ്സ്....', 'ബ്രൈററ് സ്റ്റാർ, വുഡ് എവേർ....', തുടങ്ങി ഏതാനുമെണ്ണം അങ്ങേയററം പ്രശംസയർഹിക്കുന്നു. നാടോടിഗാനത്തിന്റെ ശൈലിയിലുള്ള 'ലാ ബെൽ ഡെയ്ം സാൻ മേർസി' ('La Belle Dame Sans Merci') സ്വാധീനമുള്ള ഒരു ഗാനമാണ്. ദ കാവ്സ് ആൻറ് ബെൽസ് എന്ന യക്ഷിക്കഥ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഗദ്യസാഹിത്യത്തിനുള്ള അദ്ദേഹത്തിന്റെ സംഭാവനയാണ് കത്തുകൾ.

വിഷയസ്വീകാര്യത്തിൽ കീററ്സ് മററു റൊമാൻറിക് കവികളെ അപേക്ഷിച്ച് വ്യത്യസ്തത പുലർത്തുന്നു. ഗ്രീസിനേയും, ഗ്രീക്കുഭാഷയേയും സംബന്ധിച്ച് കാര്യമായ പരിജ്ഞാനമൊന്നുമില്ലായിരുന്നെങ്കിലും അതിന്റെ സത്ത അദ്ദേഹത്തിന്റെ മനസ്സിനെ ചലിപ്പിക്കുകതന്നെ ചെയ്തു. തീവ്രമായ പ്രകൃതിസ്നേഹം ഉണ്ടായിരുന്നെങ്കിലും വേഡ്സ്വർത്തിനെപ്പോലെ പ്രകൃതിയുടെ നിഗൂഢതയെ ആരാധിക്കുന്നവനായിരുന്നില്ല കീററ്സ്. ബൈറന്റെ പരിഹാസധ്വനിയോ, ഷെല്ലിയുടെ ധർമ്മോപദേശമോ കീററ്സിന്റെ കവിതകളിൽ കാണില്ല. തനതായ ശൈലിയായിരുന്നു അദ്ദേഹത്തിന്റേതു്. ക്ലാസ്സിക് ശൈലിയിലുള്ള ഈരടികൾ അദ്ദേഹം ഒഴിവാക്കി. കീററ്സിന്റെ കവിത സമകാലികജീവിതത്തിൽനിന്നും ബഹുദൂരം പിന്നോട്ടു പോകുന്നു. പഴമയിലേക്കു തിരിഞ്ഞ കവി ഒരു സൗന്ദര്യാരാധകനായി സ്വയം ഉഴിഞ്ഞുവച്ചു. പത്തൊൻപതാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിലുള്ളവർക്ക് സ്പെൻസറായിരുന്നില്ല, കീററ്സ് ആയിരുന്നു 'കവികളുടെ കവി.'

വിദഗ്ധനായ ഒരു വ്യാഖ്യാതാവിനെയാണ് കാല്പനിക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രസ്ഥാനം സർ വാംട്ടർ സ്കോട്ടിൽ (1771–1830) ദശിച്ചതു്. ജർമ്മൻകൃതിയായ ലെനോറിൽനിന്നുള്ള വിവർത്തനങ്ങളാണു് സ്കോട്ടിന്റെ ആദ്യകാലകവിതകൾ (1796). അപക്വമെങ്കിലും ഇവയ്ക്കു തികഞ്ഞ ഓജസ്സുണ്ടു്. മിനിസ്ട്രെൻസി ഓഫ് ദ സ്കോട്ടിഷ് ബോർഡർ എന്ന കൃതിയുടെ ആദ്യത്തെ രണ്ടു വാല്യങ്ങൾ 1802-ലും, മൂന്നാം വാല്യം തൊട്ടടുത്ത വർഷവും പുറത്തുവന്നു. അതിർത്തിസംഭവങ്ങളെ പരാമർശിക്കുന്ന ദ ലേ ഓഫ് ദ ലാസ്റ്റ് മിൻസ്ട്രൽ (1805) വലിച്ചു നീട്ടിയ ഒരുതരം നാടോടി ഗാനമാണു്. വികലവും ക്ലിഷ്ടവുമായ ഇതു് ഒരിടത്തരം കവിതയെന്നേ പറയേണ്ടു. ഈ കാവ്യത്തിന്റെ അപ്രതീക്ഷിതമായ വിജയം മററാരെക്കാളും അത്ഭുതപ്പെടുത്തിയതു് സ്കോട്ടിനെ തന്നെയാണു്. ഇതിനു ശേഷമുള്ള പദ്യകൃതികളിൽ പ്രധാനപ്പെട്ടതെന്നു പറയാവുന്നതു് മാർമിയൺ 1808), ദ ലേഡി ഓഫ് ദ ലേക്ക് (1810), റോക്ക്ബി (1813) എന്നിവയാണു്. ഏതാനും ഗാനങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ടു്. താൻതന്നെ വിശേഷിപ്പിക്കുന്ന 'കാല്പനിക കാവ്യകഥകൾ' പഴയ നാടോടിഗാനങ്ങളുടേയും മദ്ധ്യകാലവീരഗാഥകളുടേയും സ്വാഭാവികമായ വികാസത്തിന്റെ പ്രതിച്ഛായകളാണു്. ഊർജ്ജസ്വലവും, നിയന്ത്രണമില്ലാത്തതും, ദ്രുതവുമായ ശൈലിയാണു് അദ്ദേഹത്തിന്റേതു്. ശ്ലാഘനീയമായ തരത്തിൽ ഒരു കഥ പറയാൻ അദ്ദേഹത്തിനു കഴിയും.

ഈ കാലഘട്ടത്തിലെ അപ്രധാനനായ ഒരു കവിയായിരുന്നു തോമസ് മൂർ (1779—1852). ഡബ്ലിനിൽ ജനിച്ച മൂറിന്റെ മനസ്സു മുഴുവൻ വിപ്ലവാശയങ്ങൾകൊണ്ടു നിറയ്ക്കപ്പെട്ടിരുന്നു. ബൈറന്റെ അടുത്ത ചങ്ങാതിയായിരുന്നു അദ്ദേഹം. പരമ്പരാഗതമായ ഐറിഷ് അന്തരീക്ഷത്തിൽ അയർലണ്ടിലെ ഓർമ്മകൾ പ്രതിപാദിക്കുന്ന ഐറിഷ്മെലഡീസ് (1807—34) എന്ന കൃതി ലാളിത്യവും, മാധുര്യവും നിറഞ്ഞതാണു്. സ്ക്കോട്ടിന്റെയും, ബൈറന്റെയും രീതിക്കനുസരിച്ചു രചിച്ച ലാലറൂഖ് (1817) എന്ന പൗരസ്ത്യവീരഗാഥ അക്കാലത്തു് അങ്ങേയററം സമ്പന്നമായ ഒരു കൃതിയായി അംഗീകരിക്കപ്പെട്ടിരുന്നു. മൂർ പല രാഷ്ട്രീയ പരിഹാസകാവ്യങ്ങളും രചിച്ചിട്ടുണ്ടു്. ലൈഫ് ഓഫ് ബൈറൺ (1830) എന്ന ജീവചരിത്രം മൂറിന്റെ ഗദ്യകൃതികളിൽ പ്രാധാന്യം അർഹിക്കുന്നു.

പ്ലെഷേഴ്സ് ഓഫ് ഹോപ്പ് (1799) എന്ന കൃതിയിൽ ക്കൂടി പ്രശസ്തിയിലേക്കുയന്ന കവിയാണു് തോമസ് കാംബെൽ (1777—1844). 1820 മുതൽ 1830 വരെ ദ ന്യൂ മന്ത്ലി മാഗസിന്റെ എഡിററായിരുന്നു. പ്ലെഷേഴ്സ് ഓഫ് ഹോപ്പി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നോടൊപ്പം ഒട്ടനേകം നീണ്ട കാവ്യങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. മനസ്സിനെ ഉത്തേജിപ്പിക്കുന്ന തരത്തിലുള്ള ഗാനങ്ങളിലൂടെയാണ് അദ്ദേഹം കൂടുതൽ അറിയപ്പെടുന്നത്. 'യീ മാറിനേഴ്സ് ഓഫ് ഇംഗ്ലണ്ട്', 'ദ ബാററിൽ ഓഫ് ദ ബാൾട്ടിക്' എന്നീ യുദ്ധഗാനങ്ങളിലൂടെയാണ് ഇന്നു കാംബൽ അറിയപ്പെടുന്നത്.

പേരുകേട്ട ബാങ്കറും കവിയുമായിരുന്ന സാമുവൽ റോജേഴ്സ് (1763—1855) വിക്ടോറിയൻ യുഗത്തിലും ജീവിച്ചിരുന്നു. വിപ്ലവാവേശം അദ്ദേഹത്തെ തൊട്ടുതീണ്ടിയില്ല. പ്ലെഷേഴ്സ് ഓഫ് മെമ്മറി (1792), കൊളംബസ് (1812), ബൈറോണിക് രീതിയിലുള്ള ജാക്ലിൻ (1814) എന്നിവ അദ്ദേഹത്തിൻെറ കൃതികളാണ്. ബ്ലാങ്ക്‌വേഴ്സിൽ രചിച്ച ഇററലി (1822) എന്നൊരു ഗൈഡ്ബുക്കും അദ്ദേഹത്തിൻെറ സംഭാവനയാണ്. തികഞ്ഞ അവധാനതയോടെ എഴുതിപ്പോന്നയാളാണ് സാമുവൽ റോജേഴ്സ്.

ഷെല്ലിയേയും കീററ്സിനേയും വളരെയേറെ സ്വാധീനിക്കുകയും അവരുമായി അടുത്തിടപഴകുകയും ചെയ്ത പുരോഗമനാശയക്കാരനായിരുന്നു ജെയിംസ് ഹെൻറി ലീഹണ്ട് (1784—1859). ക്രൈസ്റ്റ് ഹോസ്പിററലിൽ അദ്ധ്യയനം നടത്തിയ ലീഹണ്ട് കൗമാരത്തിൽതന്നെ പത്രപ്രവർത്തനത്തിലേക്കു കടക്കുകയും ജീവിതം മുഴുവൻ ആ തൊഴിലിൽ തുടരുകയും ചെയ്തു. തൻെറ ഇടതുപക്ഷചായ്‌വുള്ള ദി എക്സാമിനർ എന്ന പ്രസിദ്ധീകരണം ഗവൺമെൻറിനെ നിശിതമായി വിമർശിച്ചുപോന്നു. അതിൻെറ പേരിൽ രണ്ടു വർഷക്കാലം ജയിൽശിക്ഷ അനുഭവിക്കേണ്ടിതായും വന്നു. ഡാൻറിയെ അവലംബിച്ചു കൊണ്ടെഴുതിയ ദ സ്റേറാറി ഓഫ് റിമിനിയാണ് ഒരു സ്വതന്ത്രകാവ്യരൂപത്തിനുവേണ്ടി ക്ലാസ്സിക്കൽ കപ്ലററിനെ ആദ്യമായി നിരാകരിച്ചത്. കീററ്സിൻെറ എൻഡിമിയൺ ഈ മാതൃകയാണ് പിന്തുടന്നത്. ഹ്രസ്വകവിതകളായ 'ദ നൈൽ', 'അബു ബെൻ ആദം' തുടങ്ങിയ ഗീതികകളാണ് ലീഹണ്ടിൻെറ സ്മരണ നിലനിത്തുന്നത്.

'ദി എൽട്രിക് ഷെപ്പേർഡ്' എന്ന ഓമനപ്പേരുള്ള ജെയിംസ് ഹോഗ് (1770—1835) സെൽകേർക്ഷയറിലെ എൽട്രിക് (Eltrick) താഴ്‌വരയിലുള്ള ഒരു ഇടയകുടുംബത്തിലാണ് ജനിച്ചത്. കുട്ടിക്കാലത്തു തന്നെ തൻെറ പ്രദേശത്തെ നാടോടിപ്പാട്ടുകൾ സശ്രദ്ധം കേട്ടുപഠിച്ചാണ് ഹോഗ് വളന്നത്. ഹോഗിൻെറ നാടോടിഗാനങ്ങൾക്ക് സ്കോട്ട്ലൻഡിലെ പ്രദേശികഭാഷാസാഹിത്യത്തിൽ ആദരണീയമായ സ്ഥാനമു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്ടു്. 'കിൽമനി', 'ദ ക്വീൻസ്‌പേക്'' എന്നീ നീണ്ട കവിതകറംക്കു് തനതായ കല്പനാശക്തിയുണ്ടു്.

നിലവിലിരുന്ന വ്യവസ്ഥിതിക്കെതിരെ തൻെറ കവിതയിലൂടെ ഭീഷണമായ ശബ്ദമുയർത്തിയ ആളാണു് എബനിനിസർ എലിയട്ടു് (1781—1849). ധാന്യനിയമംമൂലം പൊറുതിമുട്ടിയ ദരിദ്രരുടെ സമരം അദ്ദേഹത്തിൻെറ മനസ്സിൽ ചലനങ്ങറം സൃഷ്ടിച്ചു. തൻെറ ഉത്തമസൃഷ്ടിയായ കോൺ ലോ റൈംസ് (1828) എന്ന കൃതിയിലൂടെ 'കോൺ ലോ റൈമർ' എന്ന വിശേഷണം എലിയട്ടിനു സിദ്ധിച്ചു. ജനപ്രീതിയാർജ്ജിച്ച ഒരു കവിയിത്രി ആയിരുന്നു മിസ്സിസ് ഫെലീഷ്യാ ഡോറൊത്തിയാ ഹിമൻസ് (1793—1835). ലാളിത്യമാന്നും താരതമ്യേന ഇമ്പമേറിയതുമാണു് അവരുടെ കവിത. 'ദ ഹോംസ് ഓഫ് ഇംഗ്ലണ്ട്'' 'ദ ഗ്രേവ്സ് ഓഫ് എ ഹൗസ് ഹോറംഡ്'' 'ദ ലാൻഡിങ് ഓഫ് ദ പിൽഗ്രിം ഫാദേഴ്സ് ഇൻ ന്യൂ ഇംഗ്ലണ്ട്,' 'കസബിയാങ്ക' എന്നീ കവിതകറം അവരുടെ രചനകളിൽ ഭേദപ്പെട്ട നിലവാരം പുലത്തുന്നു. മററൊരു കവിയിത്രിയെ ചൂണ്ടിക്കാട്ടാനുള്ളതു് ലെററീഷ്യാഎലിസബെത്ത്ലാണ്ടനാണു്. അനഗ്ഗളമായി, മുഗ്ദ്ധമായ കാവ്യം ചമയ്ക്കാനുള്ള വൈഭവമുണ്ടായിരുന്നു അവക്കു്. സാഹിത്യസപര്യയിൽ ഏർപ്പെട്ട തോമസ് ഹുഡ് (1799—1845) ദ ന്യൂ മന്ത്ലി മാഗസിൻ പ്രസാധനം ചെയ്തിരുന്നു. നമ്മരസം കലന്ന കവിതകളാണു് ഹുഡിൻെറ സ്മരണ നിലനിത്തുന്നതു്. ദ്വയാത്ഥപ്രയോഗത്തിലും ഉരുളയ്ക്കുപ്പേരിപോലുള്ള വാഗ്പ്രയോഗത്തിലും അസാമാന്യമായ പാടവമുണ്ടായിരുന്നു ഹുഡ്ഡിനു്. പക്ഷേ, അസഭ്യം ഒഴിവാക്കാൻ അദ്ദേഹത്തിനു് കഴിയുമായിരുന്നില്ല. വിശിഷ്ടമായ ഏതാനും നാടൻപാട്ടുകളും, 'ദ ഡ്രീം ഓഫ് യൂജീൻ ആരം' (1829), 'ദ ബ്രിഡ്ജ് ഓഫ് സൈസ്'' (1846) തുടങ്ങി സുന്ദരങ്ങളായ ഏതാനും കവിതകളും അദ്ദേഹത്തിൻെറ രചനകളിൽ പെടുന്നു. 'ഐ റിമെംബർ, ഐ റിമെംബർ' എന്ന കവിത പലരുടേയും ചുണ്ടുകളിൽ ഇന്നും തങ്ങിനില്ക്കുന്നു. നീണ്ട കവിതകളും അദ്ദേഹം രചിച്ചിട്ടുണ്ടു്.

ഒരു യഥാത്ഥ ഗ്രാമീണകവി ആയിരുന്നു ജോൺക്ലെയർ (1793—1864). റോംസൻെറ ദ സീസ്ൺസ് എന്ന കാവ്യത്തിൻെറ സ്വാധീനവലയത്തിൽ നിന്നുകൊണ്ടു രചിച്ച കൃതികളാണു് പോയംസ് ഡിസ്ക്രിപ്റ്റിവ് ഓഫ് റൂറൽ ലൈഫ് ആൻഡ് സീനറി (1820), ദ വില്ലേജ് മിൻസ്ട്രൽ (1821), ദ ഷെപ്പേർഡ്സ് കലണ്ടർ (1827), ദ റൂറൽ മ്യൂസ് (1835) എന്നിവ. സഹോദരന്മാരായ ജെയിംസ്സ്മിത് (1775

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

—1839) ഹോറസ്സ്മിത്ത് (1779—1849) എന്നിവരേക്കൂടി പരാമർശിക്കേണ്ടിയിരിക്കുന്നു. ഇരുവരും ചേർന്നെഴുതിയ റിജെക്റ്റഡ് അഡ്രസ്സെസ് (1812) അക്കാലത്തെ 'ഹിററ്' ഗാനങ്ങളായിരുന്നു. ശ്രദ്ധേയരായ സമകാലീനകവികളുടെ രചനകാംക്ക പാരഡി നിർമ്മിക്കുക സ്മിത്ത്സഹോദരന്മാരുടെ വിനോദമായിരുന്നു. വെബ്സ്റ്റർ തുടങ്ങിയ ജക്കോബിയൻ നാടകകൃത്തുക്കളുടെ രചനകളിൽ ഒഴിയാബാധപോലെ കണ്ടുവന്നിരുന്ന ഭീകരദൃശ്യങ്ങളുടെ ചിത്രീകരണം വീണ്ടെടുക്കാൻ ആഗ്രഹിച്ച എഴുത്തുകാരനാണ് തോമസ് ലവൽ ബെഡോസ് (1803—49).

നാടകം

റൊമാൻറിക്യുഗത്തിൽ നാടകങ്ങൾ എഴുതപ്പെട്ടിട്ടുണ്ടെങ്കിലും നാടകത്തെ സംബന്ധിക്കുന്ന നവീനമായ ഒരു നിലവാരം സൃഷ്ടിച്ചെടുക്കാനുള്ള ഗൗരവതരമായ ശ്രമമൊന്നും നടന്നിട്ടില്ല. ദുരന്തനാടകങ്ങൾ പ്രമാണികളായ കവികളുടെ മണ്ഡലത്തിൽ മാത്രമായി ഒതുങ്ങിനിന്നു. വേഡ്സ്വത്തിൻെറ ബോർഡറേഴ്സും (1795—96) കോളറിഡ്ജിൻെറ റിമോർസും അവരുടെ കീർത്തി വർദ്ധിപ്പിക്കാൻ ഉതകിയില്ലതന്നെ. ബൈറൻെറ നാടകങ്ങളെല്ലാം ദുഃഖപര്യവസായികളും ബ്ലാങ്ക് വേഴ്സിൽ രചിക്കപ്പെട്ടവയുമാണ്. അവയിൽ മിക്കതും ഇററലിയിൽവച്ചാണ് എഴുതപ്പെട്ടതു്. മാൻഫ്രെഡ് (1817), മാരിനോ ഫാലിയെറോ (1821), ദ റ്റൂ ഫൊസ്കാരി (1821), കെയ്ൻ (1821), തൻെറതന്നെ വൈരൂപ്യത്തെ പ്രകടിപ്പിക്കുന്ന ദ ഡിഫോംഡ് ട്രാൻസ്ഫോംഡ് (1824) എന്നിവയാണ് ബൈറൻെറ പ്രധാനപ്പെട്ട ദുരന്തനാടകങ്ങൾ. അദ്ദേഹത്തിൻെറ നായകന്മാർ അധികവും 'ബൈറോണി'ക്കാണ്. ഷെല്ലിയുടെ ഇററലിയിലെ ജീവിതത്തിൻെറ ആദ്യഫലമായ പ്രൊമീത്യൂസ് അൺബൗണ്ഡ് എന്ന അതിമനോഹരമായ കാവ്യനാടകം 1820-ലാണ് പ്രസിദ്ധീകരിച്ചതു്. ദേവന്മാരെ വഞ്ചിച്ച പ്രൊമിത്യൂസിനു് അനുഭവിക്കേണ്ടിവന്ന യാതനകളുടെ കഥയാണിതു്. സ്വേച്ഛാപ്രഭുത്വത്തിനെതിരെ നിരന്തരസമരം നടത്തുന്ന മനുഷ്യരാശിയുടെ ആദിരൂപമാണ് പ്രൊമിത്യൂസ്. ബ്ലാങ്ക്‌വേഴ്സിലുള്ള മറെറാരു നാടകമാണ് ദ ചെഞ്ചി (1819). നിഷ്കളങ്കയായ ഒരു പെൺകുട്ടിയും അവളുടെ രണ്ടാനമ്മയും അവളുടെ വെറിയനായ പിതാവിൻെറ ക്രൂരതയും ഉപദ്രവവും അഗമ്യഗാമിയായ വിഷയാസക്തിയും നിമിത്തം ഉന്മാദം പിടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പെട്ട് അയാളെ കൊലപ്പെടുത്താൻ ശ്രമിക്കുന്നതാണ് ചെഞ്ചിയിലെ പ്രതിപാദ്യം. അങ്ങേയററം സ്തോഭജനകമാണ് ഈ നാടകം. പാത്രസൃഷ്ടിയിൽ കാര്യമായ വൈദഗ്ധ്യമൊന്നും അവകാശപ്പെടാനില്ലെങ്കിലും വെബ്സ്റ്ററിൻെറ കൃതികൾ ശേഷമുള്ള ഏററവും നല്ല ദുരന്തനാടകമായിട്ടാണ് ഇതു കണക്കാക്കപ്പെടുന്നതു്. ഹാസ്യനാടകങ്ങളെ അകററിനിർത്തിയിരുന്ന കാലഘട്ടമാണിതു്. ഷെല്ലിയുടെ ഈഡിപ്പസ് ററിറാനസോ, സ്വെൽ ഫൂട്ട് ദ റൈററൻേറാ മാത്രമാണ് പരാമർശയോഗ്യമായിട്ടുള്ളതു്.

നോവൽ

വിഭിന്നങ്ങളായ ഗദ്യരചനകളിൽ നോവൽ ശ്രദ്ധേയമായ വികാസം പ്രാപിച്ചു. സ്കോട്ടിൻെറയും, ജെയ്ൻ ഓസ്റ്റിൻെറയും ശ്രമഫലമാണ് നോവലിനു് ഇത്രയധികം വളർച്ചയുണ്ടായതു്. എഡിൻബറയിൽ ജനിച്ച സർ വാംൾട്ടർ സ്കോട്ട് (1771—1832) ഒരു അഭിഭാഷകൻെറ പുത്രനായിരുന്നു. പതിനെട്ടു മാസം പ്രായമുള്ളപ്പോൾ ബാധിച്ച ഒരസുഖത്തെത്തുടർന്നു് ജീവിതകാലംമുഴുവൻ മുടന്തനായി കഴിയേണ്ടിവന്ന അദ്ദേഹത്തിനു്. സ്കൂളിലും, കോളേജിലുംവച്ചു് അപാരമായ ഓർമ്മശക്തി വളർത്തിയെടുക്കാൻ സ്കോട്ടിനു കഴിഞ്ഞു. അശ്രദ്ധനായ ജോൺ ബാലൻൈറനുമായി കൂട്ടുചേർന്നു നടത്തിയ പുസ്തകപ്രസിദ്ധീകരണം അദ്ദേഹത്തെ സാമ്പത്തികമായി നശിപ്പിച്ചു. സ്കോട്ടും വളരെയധികം പണം ധൂർത്തടിച്ചുകളഞ്ഞു. അദ്ദേഹത്തിൻെറ കടബാദ്ധ്യതകൾ ഒരുലക്ഷത്തി പതിനായിരം പൗണ്ടായി ഉയർന്നു. എങ്കിലും മരണത്തിനു മുൻപു് തൻെറ കടബാദ്ധ്യതയിൽ എഴുപതിനായിരം പൗണ്ടു് വീട്ടിത്തീർക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ശേഷിച്ച ബാദ്ധ്യതകൾ സ്കോട്ടിൻെറ മരണശേഷം അദ്ദേഹത്തിൻെറ ജാമാതാവായ ലോക് ഹാർട്ട് കൊടുത്തുതീർത്തു. ഇതിനു് ലോക്ഹാർട്ടിനെ സഹായിച്ചതു് ലൈഫ് എന്ന പേരിൽ അദ്ദേഹമെഴുതിയ സ്കോട്ടിൻെറ ജീവചരിത്രമാണ്. ആബട്സ് ഫോർഡിൽ തനിക്കേററവും പ്രിയങ്കരമായിരുന്ന നദിക്കരയിലാണ് സ്കോട്ട് അന്ത്യശ്വാസം വലിച്ചതു്.

1814 ആയപ്പോഴേക്കും സ്കോട്ട് കവിതാരചന തീർത്തും ഉപേക്ഷിച്ചുകഴിഞ്ഞു. ആദ്യനോവലായ വേവർലി 1814–ൽ പ്രസിദ്ധപ്പെടുത്തിയതു് വ്യാജനാമത്തിലാണ്. വേവർലിക്കു മമ്പു് റൊമാൻസും, റിയലിസവും കൂട്ടിക്കലർത്തുന്ന രീതിയുണ്ടായിരുന്നില്ല. ഈ കൃതിക്കുശേഷം കുറെക്കൂടി മെച്ചപ്പെട്ട

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗൈ മാനറിങ്ങ് (1815), ദി ആൻറികചറി (1816), ദ ബ്ലാക് ഡ്വാർഫ് (1816), ഓാംഡ് മോർട്ടാലിററി (1816), റോബ് റോയ് (1818), ദ ഹാർട്ട് ഓഫ് മിഡ്ലോത്തിയൻ (1818), ദ ബ്രൈഡ് ഓഫ് ലാമർ മൂർ (1819), എ ലെജെണ്ട് ഓഫ് മൊൺട്രോസ് (1819) എന്നീ കൃതികഠം പുറത്തുവന്നു. ദ ബ്ലാക്ക് ഡ്വാർഫ് ഒരുപക്ഷേ, ഈ ഗണത്തിലെ ഏററവും ദുർബ്ബലമായ കൃതിയാണെന്നു പറയാം. ചരിത്രപരമായ നോവലുകളുടെ വ്യാപ്തിവച്ചു നോക്കുമ്പോഠം സ്കോട്ട് അധൃഷ്യനായി നില്ക്കുന്നു. എങ്കിലും പതിനേഴും പതിനെട്ടും നൂററാണ്ടുകളിലെ സ്കോട്ട്ലണ്ടിനെ സംബന്ധിക്കുന്ന നോവലുകളാണു് സ്ക്കോട്ടിൻെറ ഉത്തമമായ കൃതികഠം. എന്നാൽ ഐവൻഹോ (1820)യുടെ രചനയ്ക്കു് അദ്ദേഹം തെരഞ്ഞെടുത്തതു് പ്ലാൻറ ജെനററ് വംശത്തിൻെറ ഭരണത്തിൻകീഴിലുള്ള ഇംഗ്ലണ്ടാണു്. വീണ്ടും സ്ക്കോട്ട്ലൻഡിലേക്കു തിരിഞ്ഞ സ്ക്കോട്ട് ദ മൊണാസ്ട്രി (1820) എഴുതി പരാജയപ്പെടുകയുണ്ടായി. അതിൻെറതന്നെ തുടർച്ചയായി കണക്കാക്കാവുന്ന ദി ആബട്ട് (1820) സ്ക്കോട്ട്ലൻഡിൻെറ പശ്ചാത്തലം ആവർത്തിച്ചുറപ്പിക്കുന്നു. ഇതിനുമേൽ പൂർത്തിയാക്കിയ കെനിൽവർത്ത് (1821), ദ പൈററ് (1822), ദ ഫോർച്ച്യൂൺസ് ഓഫ് നൈജെൽ (1822), ദ ററാലിസ്മൻ (1825) മുതലായ കൃതികളുടെയെല്ലാം പശ്ചാത്തലം സ്കോട്ട്ലണ്ടോ. സ്കോട്ട്ലൻഡിനു പുറത്തുള്ള പ്രദേശങ്ങളോ ആണു്. പിൽക്കാലകൃതികളിൽ, ആഖ്യാനം പലപ്പോഴും കടുകട്ടിയും, നർമ്മം ലാളിത്യം കുറഞ്ഞതും, വിവരണം ക്ലേശകരവുമാണെന്നും കാണാം. പിന്നീടാണു് സാമ്പത്തികമായ പതനം സംഭവിച്ചതു്. ദൗർഭാഗ്യത്തോടും അസുഖത്തോടും പടവെട്ടി പരാജയപ്പെടുകയായിരുന്നു സ്കോട്ട് ഇക്കാലമത്രയും. വുഡ്സ്റ്റോക്ക് (1826), ദ ഫെയർ മെയ്ഡ് ഓഫ് പെർത്ത് (1828), ആൻ ഓഫ് ഗയർ സ്റ്റൈൻ (1829) മുതലായവ അവസാനകാലത്തെ ചില കൃതികളാണു്. മാനസികമായും, ശാരീരികമായും വേദന അനുഭവിക്കുന്നെങ്കിലും പണ്ടത്തെ പ്രഭാവം ഇവയിൽ ഉയിർത്തെഴുന്നേൽക്കുന്നതു കാണാം.

സാഹിത്യജീവിതത്തോടൊപ്പം സെഷൻസ് ക്ലാക്ക് എന്ന ഉദ്യോഗവും അദ്ദേഹം വഹിച്ചുകൊണ്ടുപോന്നു. പലവക ഗദ്യകൃതികഠം ശേഖരിക്കുകയും എഡിററുചെയ്യുകയും ചെയ്തിരുന്നു. ഡ്രൈഡൻെറയും (1808) സ്വിഫ്ററിൻെറയും (1814) കൃതികളെ ഇപ്രകാരം എഡിററുചെയ്യുകയുണ്ടായി. ലൈവ്സ് ഓഫ് ദ നോവലിസ്ററ്സ് (1821—24), ലൈഫ് ഓഫ് നെപ്പോളിയൻ (1827), ബൃഹത്തും ,ശ്ലാഘനീയവുമായ ടെയ്ൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ് ഓഫ് എ ഗ്രാൻഡ്ഫാദർ (1828—30) എന്നിവയും സ്ക്കോട്ടിൻെറ സംഭാവനകളാണ്. ഇതുകൂടാതെ ലേഖനങ്ങരം, പാംഫ്ലററുകരം, പത്രലേഖനങ്ങരം, കത്തുകരം തുടങ്ങിയ പല വക രചനകളും സ്ക്കോട്ടിൻെറ ഗദ്യസാഹിത്യത്തിൽ ഉരംപ്പെടുന്നു.

അദ്ദേഹംതന്നെ സമ്മതിക്കുംപോലെ വളരെ ധൃതിപിടിച്ചും, അശ്രദ്ധമായും എഴുതുന്ന സ്വഭാവക്കാരനാണ് സ്ക്കോട്ട്. അതുകൊണ്ട് നോവലുകളുടെ സൃഷ്ടിയിൽ വലിയ അപാകതകരം സംഭവിക്കാറുണ്ട്.

പാത്രങ്ങളെ വിശകലനം ചെയ്യുമ്പോരം ആഴത്തിലേക്കു കടക്കാറില്ലെങ്കിലും വിശാലമായ ചട്ടക്കൂട്ടിൽ അവരെ ചിത്രീകരിക്കാറുണ്ട്. സങ്കീർണ്ണമായ മാനസികധാർമ്മികാവസ്ഥകരം കൈകാര്യം ചെയ്യാൻ അദ്ദേഹത്തെക്കൊണ്ടാവില്ല. എളിയ പാത്രങ്ങളെക്കൊണ്ട് വലിയ വിജയം കൈവരുത്തുന്ന ഈ നോവലിസ്റ്റ്. അദ്ദേഹത്തിൻെറ നർമ്മം വീര്യമുള്ളതും, സുഖകരമായതും, രമ്യവും ആണ്. സംഭവങ്ങളുടെ ഉപരിതലത്തിൽ നിന്ന് അടിത്തട്ടിലേക്ക് അദ്ദേഹം നമ്മെ കൊണ്ടുപോകാത്തതുകൊണ്ട് ചരിത്രത്തിൻെറ ബാഹ്യദൃശ്യങ്ങരം മാത്രമേ നൽകുന്നുള്ളു. ഇങ്ങനെയൊക്കെയാണെങ്കിലും നോവൽസാഹിത്യത്തിന് സ്കോട്ടിൻെറ സംഭാവന അതിവിപുലമാണ്. വിജ്ഞാനപരമായി നോക്കുമ്പോരം അത്ര സൂക്ഷ്മമല്ലെങ്കിലും നിർവ്വഹണക്ഷമവും വിശാലവും, സമൃദ്ധവുമായ അറിവുകരം ചരിത്രനോവലുകളിൽ അദ്ദേഹം സന്നിവേശിപ്പിച്ചു. കുടുംബനോവലുകളുടെ വികാസത്തിനും സ്കോട്ട് യത്നിച്ചിട്ടുണ്ട്. ഗൈമാനറിങ്ങും, ദി ആൻറിക്വറിയും പോലുള്ള കൃതികരം കുടുംബനോവലുകളെ പ്രതിനിധീകരിക്കുന്നു.

ഗദ്യകാരനായ ഷേക്സ്പിയർ എന്നു സ്കോട്ടിനെ വിശേഷിപ്പിക്കാറുണ്ട്. ഫീൽഡിങ്ങിനെ അനുസ്മരിപ്പിക്കുന്ന തരത്തിലുള്ള രമ്യവും ഉദാരവുമായ നർമ്മരസമാണ് അദ്ദേഹത്തിൻേറതു്. സ്കോട്ടിൻെറ ശൈലി ശക്തവും ദൃഢവുമാണ്. സ്വാഭാവികവും പ്രസരിപ്പുള്ളതുമായ സ്കോട്ടിഷ്ഭാഷാപ്രയോഗം അദ്ദേഹത്തിൻെറ പ്രത്യേകതയാണ്.

നോവൽസാഹിത്യത്തിൽ സ്കോട്ടിൻെറ സമകാലികരായ എഴുത്തുകാരിൽ പ്രധാനികരം മൂന്നു വനിതകളാണ്. അവർ പക്ഷേ, സാമൂഹ്യ, കുടുംബനോവലുകളുടെ രംഗത്താണ് വർത്തിച്ചതു്. സ്റ്റീവൻടണിൽ ജനിച്ച ജെയിൻ ഓസ്ററിൻ (1775—1817) ഹാംപ്ഷയറിലെ ഒരു പുരോഹിതൻെറ മകളാണ്. സംഭ്രമജനകമായ ഒരു ജീവിതകഥ അവക്കില്ല. 'ബാത്ത്'

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉംപ്പെടെ വിഭിന്നസ്ഥലങ്ങളിൽ അവർ മാറിമാറിപ്പാർത്തു. പിതാവിൻെറ മരണശേഷം സതാംപ്ററൺപരിസരത്തേക്കു് കുടുംബം മാറിത്താമസിച്ചു. അവിടെവച്ചാണു് അവരുടെ നോവലുകളിലധികവും എഴുതിയതു്. തൻെറ ആദ്യകാലകൃതികളെല്ലാം പേരു വയ്ക്കാതെയാണു് അവർ പ്രസിദ്ധപ്പെടുത്തിയതു്. രചനയുടെ കാലക്രമത്തിലല്ല അവരുടെ കൃതികളുടെ പ്രസിദ്ധീകരണം. 1796—97–ൽ എഴുതി 1813–ൽ പ്രസിദ്ധപ്പെടുത്തിയ പ്രൈഡ് ആൻഡ് പ്രെജുഡിസ് അവരുടെ മററു നോവലുകളെപ്പോലെ സാധാരണ മണ്ഡലത്തിൽ വർത്തിക്കുന്ന ഇടത്തരക്കാരെ സംബന്ധിക്കുന്നതാണു്. ഇതിലെ ഊർജ്ജസ്വലയായ നായിക മുൻവിധിയുള്ളവളും തൻെറ നിലയേയും, വിലയേയും കുറിച്ചു് ഗർവ്വമുള്ളവളുമാണു്. മൃദുലവും എന്നാൽ നിശിതവുമായ വ്യംഗ്യാർത്ഥം ജനിപ്പിക്കുന്ന സ്നിഗ്ദ്ധമായ ശൈലീപ്രയോഗത്തിൽ അവർ അതിനിപുണയാണു്. അവരുടെ ഏററവും ഉത്തമമായ കൃതിയായി ഇതു പരിഗണിക്കപ്പെടുന്നു. ഇതേ ചുവടുപിടിച്ചുകൊണ്ടെഴുതിയതാണു് രണ്ടാമത്തെ നോവലായ സെൻസ് ആൻഡ് സെൻസിബിലിററി. ഇതു് 1797—98–ൽ പൂർത്തിയാക്കിയെങ്കിലും 1811–ൽ ആണു് പ്രസിദ്ധീകരിച്ചതു്. ഇതേത്തുടർന്നു് നോർത്താങ്ഗർ ആബി (1818) പുറത്തു വന്നു. (1798–ലാണു് ഇതിൻെറ രചന). റാഡ്ക്ലിഫിൻെറ ഭീകരനോവലുകളുടെ ഒരു ഹാസ്യാനുകരണമായിട്ടാണു് ഇതാരംഭിക്കുന്നതു്. സർവ്വസാധാരണമായ സംഭവങ്ങളും ശരാശരി കഥാപാത്രങ്ങളുമേ ഇതിലുള്ളു. എങ്കിലും പ്രതിപാദനം സമർത്ഥമാണു്. അതിസൂക്ഷ്മമായി അവലോകനം നടത്തി പരിഹസിക്കാൻ അവക്കു കഴിഞ്ഞിട്ടുണ്ടു്. മാൻസ് ഫീൽഡ് പാർക്കു് (1811—13; പ്രസിദ്ധീകരണം 1814), എമ്മ (1815, പ്ര. 1816), പെഴ്സുവേഷൻ (1815—16; പ്ര. 1818) എന്നിവയാണു് ഇതര നോവലുകൾ. ഓസ്റ്റിൻെറ നോവലുകളെല്ലാം ഏകദേശം ഒന്നുപോലെയാണെങ്കിലും സൂക്ഷ്മാംശത്തിലും കലാപരമായും വ്യത്യസ്തമാണു് അവ.

മിസ്സ് ഓസ്റ്റിൻെറ വിദഗ്ദ്ധമായി കെട്ടിപ്പടുത്തിരിക്കുന്ന ഇതിവൃത്തങ്ങളെല്ലാംതന്നെ തീർത്തും വികാരരഹിതമാണു്. പ്രത്യേകിച്ചും എമ്മ പോലുള്ള പിൽക്കാലകൃതികൾ. ദൈനംദിനജീവിതചിത്രങ്ങളാണു് അവ. തീക്ഷ്ണമായ അനുരാഗമോ, കടുത്ത വികാരമോ അവയിൽ പ്രത്യക്ഷപ്പെടുന്നില്ല. ധീരമായ പ്രവൃത്തികളുടേയോ തീവ്രമായ വികാരത്തിൻേറയോ ഏതെങ്കിലുമൊരംശം അവരുടെ നോവലുകളിലില്ല. എന്നിട്ടും ‚ ‚ ‚ ‚ തിവൃത്തത്തെ ആകർഷകമാക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂക്ഷ്മവും കൃത്യവുമായി അവർ കഥാപാത്രങ്ങളെ വികസിപ്പിച്ചിട്ടുകുന്നു. അവരുടെ സാധാരണ പാത്രങ്ങളും ജീവൻ തുടിക്കുന്നവയാണെന്നു ബോദ്ധ്യപ്പെടും. അനേകം വൈവിധ്യം അവരുടെ കൃതികളിൽ കണ്ടെത്താമെങ്കിലും ഓരോരുത്തരും അവരവരുടേതായ പ്രത്യേക സ്വഭാവരീതികൾ പുലർത്തുന്നവരാണ്. 'ടൈപ്പ്'' കഥാപാത്രങ്ങളെ മിസ്ഓസ്ററിൻ സൃഷ്ടിച്ചിട്ടില്ല. അടിമപ്പണിക്കാരനായ മിസ്ററർ കോളിൻസ് (പ്രൈഡ് ആൻഡ് പ്രിജുഡിസ്), വായാടിയായ മിസ്സ് ബേററ്സ് (എമ്മ), സ്വാതന്ത്ര്യം ദുഷ്ടനമായ ജോൺതോർപ് (നോർത്താങ്ഗർ ആബി) എന്നിങ്ങനെ തനതായ വ്യക്തിത്വമുള്ള പാത്രങ്ങളാണ് ഓരോരുത്തരും. സ്ത്രീകഥാപാത്രങ്ങളെആവിഷ്കരിക്കുന്നതിലാണ് ഓസ്ററിൻ ഏറെ വിജയിച്ചിരിക്കുന്നതു്. അവരുടെ കൃതികളുടെ ഇഴകൾ അതിലോലമാണെങ്കിലും അസന്നിദ്ധമായ പ്രയോഗവും കണിശമായ നർമ്മവും ജീവവത്തായ പാത്രസൃഷ്ടിയുംകൊണ്ടു് ഇംഗ്ലീഷ് സാഹിത്യത്തിലെ മേൽത്തരം നോവലിസ്ററുകളിൽ ഒരാളായി ജെയിൻ ഓസ്ററിനെ വിമർശകരെല്ലാം അംഗീകരിക്കുന്നു.

മറൈയ എഡ്ജ്വർത്ത് (1767—1849) സംഭവബഹുലമല്ലാത്ത അവരുടെ ജീവിതത്തിന്റെ പ്രധാന പങ്കും കഴിച്ചുകൂട്ടിയതു് അയർലണ്ടിലാണ്. ധാരാളം എഴുതുന്ന കൂട്ടത്തിലായിരുന്നുവെങ്കിലും അവരുടെ ഭേദപ്പെട്ട കൃതികൾ ചെറുകഥകളും കാസിൽ റാക്ക്റെൻററ് (1800). ദി ആബ്സൻറി (1809), ഓർമണ്ട് (1817) എന്നീ ഐറിഷ്നോവലുകളുമാണ്. കാസിൽ റാക്ക്റെൻററ് ഒഴികെയുള്ള കൃതികളെല്ലാം പ്രബോധനപരമായ അംശങ്ങൾകൊണ്ടു വികലമാക്കപ്പെട്ടിരിക്കുന്നു. എങ്കിലും അവയിലെല്ലാം ഹാസ്യവും കരുണവും നിറഞ്ഞു നില്ക്കുന്നു. സ്കോട്ടിനെ സ്വാധീനിക്കുവാൻ അവക്കു കഴിഞ്ഞിട്ടുണ്ടു്.

സ്കോട്ടിന്റെ പ്രശംസ പിടിച്ചുപററാൻ കഴിഞ്ഞ എഴുത്തുകാരിയാണ് സൂസൻ എഡ്മൺസ്റ്റൻ ഫെറിയർ (1782—1854). മാരിജ്, ഡെസ്റ്റിനി, ദി ഇൻഹെറിട്ടെൻസ് എന്നിങ്ങനെ മൂന്നു നോവലുകൾ അവർ രചിച്ചിട്ടുണ്ടു്.

വിഷയത്തിലും സമ്പ്രദായത്തിലും പുരുഷന്മാരായ നോവലിസ്റ്റുകളുടെ രചനകൾ വൈവിധ്യം പുലർത്തി. ചാൾസ് റോബർട്ട് മാററൂറിൻ (1782—1824), തിയഡോർ ഹുക്ക് (1788—1841), ജോൺ ഗാൾട്ട് (1799—1839) മുതലായവരും നോവലുകൾ രചിച്ചിട്ടുണ്ടു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വളരെക്കാലം ഈസ്റ്റ് ഇൻഡ്യാകമ്പനിയിൽ പ്രവർത്തിച്ചിരുന്ന തോമസ് ലവ് പീകോക്ക് (1785—1866) തികഞ്ഞ നമ്മബോധമുള്ളവനും ഹാസ്യകൃത്തുമായിരുന്നു. 1812–ൽ ഷെല്ലിയുമായി കണ്ടുമുട്ടിയ പീകോക്ക് ഷെല്ലിയുടെ മരണംവരെ അവരുടെ സൗഹൃദം പുലർത്തിക്കൊണ്ടുപോന്നു. കവികൂടിയായിരുന്ന പീകോക്കിൻെറ സുന്ദരങ്ങളായ ഗാനങ്ങൾ അദ്ദേഹത്തിൻെറ നോവലുകളിൽ ചിതറിക്കിടക്കുകയാണ്. വളരെയേറെ കവിതാഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെങ്കിലും പീകോക്കിൻെറ പ്രസിദ്ധി നിലനില്ക്കുന്നതു് അദ്ദേഹത്തിൻെറ നോവലുകളിലൂടെയാണ്. ഹെഡ്ലോങ്ഹാൾ (1816), മെലിൻകോർട്ട് (1817), നൈററ്മേർ ആബി (1818), മെയ്ഡ്മാരിയൻ (1822), ദ മിസ്ഫോർച്യൂൺസ് ഓഫ് എൽഫിൻ (1829), ക്രോചെററ് കാസിൽ (1831), ഗ്രിൽഗ്രേഞ്ച് (1860) എന്നിങ്ങനെ ഏഴ നോവലുകളാണ് പീകോക്കിൻെറ സംഭാവന. ഇതിവൃത്തത്തിന മേന്മ അവകാശപ്പെടാനില്ലെങ്കിലും തൻെറ കാലഘട്ടത്തിലെ വക്രതകളേയും ആദർശഭ്രാന്തിനെയും വ്യംഗ്യമായും; പരിഹാസാത്മകമായും എതിർക്കുന്നതിനു് അവ ഉപകരിച്ചു. റൊമാൻറിസിസത്തോട് അമിതാഭിനിവേശം കാണിക്കുന്നവരേയും അദ്ദേഹം കണക്കിന പരിഹസിക്കുന്നു. വിമർശിക്കുന്നതിൽ മെലിൻകോർട്ട് ഒരേ സമയം സാങ്കല്പികവും അത്ര കണ്ടു വ്യക്തിഗതവുമാണ്. തൻെറ നോവലുകളിൽ കോൾറിഡ്ജ്, സൗഥി, വേഡ്സ്വത്ത്, ഷെല്ലി, ബൈറൻ മുതലായവരെ പീകോക്ക് പരിഹസിക്കുന്നു. നാടകത്തിലെപ്പോലെയുള്ള സംഭാഷണങ്ങളിൽക്കൂടി വ്യക്തികളുടെ ദൗർബ്ബല്യങ്ങളെ കളിയാക്കുക പീകോക്കിൻെറ നോവലിൻെറ സ്വഭാവമാണ്.

തൻെറ കാലഘട്ടത്തെ 'പിത്തളയുഗ'മെന്നും 'കവിതയുടെ രണ്ടാം ബാല്യദശ'യെന്നും പരിഹസിക്കുന്ന പീകോക്കിൻെറ ദ ഫോർ ഏജസ് ഓഫ് പോയട്രി അദ്ദേഹത്തിൻെറ നോവലുകളുടെ അതേ ശൈലിയിലുള്ളതാണ്. ഷെല്ലിയുടെ പ്രസിദ്ധമായ ദ ഡിഫെൻസ് ഓഫ് പോയെട്രി എഴുതാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു് പീകോക്കിൻെറ ദ ഫോർ ഏജസ്സാണ്.

സ്കോട്ടിൻെറ അനുയായികളായിരുന്ന ജോർജ്ജ് പേയ്ൻ റെയ്ൻസ്ഫോർഡ് ജെയിംസും (1801—60), വില്യം ഹാരിസൺ എയ്ൻസ്‌വത്തും (1805—82). ഫ്രെഡ്റിക് മാരിയററ് (1792—1848) സ്മോളററ് പാരമ്പര്യം പിന്തുടൎന്നുകൊണ്ടു് കടൽക്കഥകളെഴുതി. കൗമാരത്തിൽ (1806) നാവികസൈന്യത്തിൽ ചേൎന്ന മാരിയററ് നെപ്പോളിയൻെറ യുദ്ധം നേരിട്ടു കാണുകയുണ്ടായി. ലോകത്തിൻെറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവിധ ഭാഗങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം പിന്നീട് നാവികസേനയിൽ ക്യാപ്റ്റനായിത്തീർന്നു. ആദ്യനോവലായ ഫ്രാങ്ക് മൈൽഡ്മേയ് 1829 വരെ പ്രസിദ്ധീകരിക്കുകയുണ്ടായില്ല. ദ കിങ്സ് ഓൺ (1830), ജേക്കബ് ഫെയ്ത്ത്ഫുൾ (1834), മിസ്ററർ മിഡ്ഷിപ്മൻ ഈസി (1836) മുതലായവയാണ് മററു ചില കൃതികൾ. കടൽജീവിതത്തെ സംബന്ധിക്കുന്ന ഏററവും സരസവും കൗതുകകരവുമായ കഥകളെഴുതിയ നോവലിസ്ററ് ഒരുപക്ഷേ, മാരിയററാണ്. അദ്ദേഹത്തിൻെറ കഥാപാത്രങ്ങൾ സ്ഥിരം ടൈപ്പുകളാണെങ്കിലും ജീവൻ തുടിക്കുന്നവയാണ്.

കടൽജീവിതത്തെക്കുറിച്ചെഴുതിയ മൈക്കൾ സ്ക്കോട്ട് (1789—1835) കച്ചവടക്കാരനായിരുന്നു. അദ്ദേഹത്തിൻെറ ററോം ക്രിങ്ഗിൾസ് ലോഗ്, ദ ക്രൂസ് ഓഫ് ദ മിഡ്ജ് എന്നീ രണ്ടു കഥകൾ ബ്ലാക്ക്വുഡ് മാഗസിനിൽ പ്രസിദ്ധീകരിച്ചിരുന്നു (1829—31). പിക്കാരെസ്ക് നോവൽ എന്ന നിലയിൽ അവ മെച്ചപ്പെട്ടവയാണ്. കഠിനമായ വികാരവിക്ഷോഭം നിറഞ്ഞവയാണ് ഈ കഥകൾ.

ഗദ്യസാഹിത്യം

ആനുകാലികപ്രസിദ്ധീകരണങ്ങളും, പുസ്തകനിരൂപണങ്ങളും ഉടലെടുത്തതാണ് വേഡ്സ്വർത്ത് യുഗത്തിൻെറ ഒരു പ്രധാന സവിശേഷത. ആദ്യരംഗത്തു വന്നതു് 1802-ൽ സ്ഥാപിച്ച എഡിൻബറ റിവ്യൂ ആണ്. ജെഫ്രിബ്രു, സിഡ്നി സ്മിത്ത് തുടങ്ങിയവരും വിഗ്പാർട്ടിക്കാരായ ചില ഉന്നത സാഹിത്യകാരന്മാരും ചേർന്നാണ് ഇതാരംഭിച്ചതു്. ഇതിനെ വെല്ലു വിളിച്ചുകൊണ്ടു് ഏഴു വർഷത്തിനുശേഷം ററോറി പാർട്ടിയുടെ ക്വാർട്ടർലി പ്രസിദ്ധീകരണം ആരംഭിച്ചു. വില്യം ഗിഫോർഡ് ആയിരുന്നു ആദ്യത്തെ എഡിററർ. ഗിഫോർഡ് വിരമിച്ചപ്പോൾ സ്കോട്ടിൻെറ ജാമാതാവായ ലോക്ക്ഹാർട്ട് പത്രാധിപരായി. വിൽസണും, ലോക്ക്ഹാർട്ടും, ഹോഗ്ഗും ചേർന്ന് ററോറിപാർട്ടിയുടെ പേരിൽ 1817—ൽ ആരംഭിച്ച ബ്ലാക്ക്വുഡ്സ് എഡിൻബറ മാഗസിനും ഇതിനെതിരെ രംഗത്തിറങ്ങിയ ലണ്ടൻ മാഗസിനുമാണ് പ്രധാനപ്പെട്ട മററു രണ്ടു പ്രസിദ്ധീകരണങ്ങൾ. ലണ്ടൻ മാഗസിനിലെ ആദ്യപരമ്പരയിൽപ്പെട്ട എഴുത്തുകാരിൽ ചാൾസ്ലാം, ഹേസ്ലിററ്, ബ്ലാക്ക്വുഡുകാരനായ ഡികിൻസി, കാർലൈൽ എന്നിവരുൾപ്പെടുന്നു. പേരുകേട്ട മറെറാരു ആനുകാലിക പ്രസിദ്ധീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കരണമാണ് 1830-ൽ പ്രസിദ്ധീകരിച്ചു തുടങ്ങിയ ഫ്രേസേർ'സ്.

ഇംഗ്ലീഷുകാരുടെ ആദരണീയനായ ചാറംസ് ലാം (1775—1834) ക്രൈസ്റ്റ് ഹോസ്പിററലിൽ കോറംറിഡ്ജിൻെറ സഹപാഠിയായിരുന്നു. ആദ്യം സൗത്ത് സീ ഹൗസിലും (1792) പിന്നീട് ഇൻഡ്യാഹൗസിലും ക്ലാക്കായി സേവനമനുഷ്ഠിച്ചു. മുപ്പതു വർഷത്തെ സേവനത്തിനുശേഷം 1825—ൽ റിട്ടയർ ചെയ്തു. കുടുംബത്തിനു പാരമ്പര്യമായുണ്ടായിരുന്ന ഭ്രാന്ത് അദ്ദേഹത്തെയും വെറുതെവിട്ടില്ല. അദ്ദേഹത്തിൻെറ സഹോദരി മേരിലാം ഭ്രാന്തു മൂത്തുനിന്ന ഒരവസരത്തിൽ സ്വന്തം മാതാവിനെ കൊലപ്പെടുത്തി (1796). സഹോദരിയെ ശുശ്രൂഷിച്ചുകൊണ്ടു ലാം അവിവാഹിതനായിത്തന്നെ ജീവിച്ചു. 'കസിൻ ബ്രിജിററ' എന്ന പേരിൽ അവർ അദ്ദേഹത്തിൻെറ ലേഖനങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ടു്. ആകർഷകമായ വ്യക്തിത്വമുള്ളവനും, സരസനായ പ്രാസംഗികനും അശേഷം ഗർവ്വില്ലാത്ത എഴുത്തുകാരനുമായിരുന്നു ലാം. ലാമിൻെറ സ്വഭാവവിശേഷങ്ങളായ നർമ്മബോധവും കരുണാരസവും സന്മനോഭാവവും അദ്ദേഹത്തിനു നേടിക്കൊടുത്ത കീർത്തി ഇന്നും മായാതെ നില്ക്കുന്നു. ശരാശരി നിലവാരം പുലർത്തുന്ന കൊച്ചു കവിതകളെഴുതിക്കൊണ്ടാണ് ലാം സാഹിത്യജീവിതം ആരംഭിക്കുന്നതു്. അദ്ദേഹത്തിനു പ്രിയങ്കരമായിരുന്ന എലിസബീത്തൻശൈലിയിൽ ജോൺവുഡ്‌വിൽ (1802) എന്നൊരു ട്രാജഡിയും രചിച്ചിട്ടുണ്ടു്. മേരി ലാമുമായി ചേർന്ന് എഴുതിയ ടെയ്ൽസ് ഫ്രം ഷേക്സ്പിയർ (1807) വിദഗ്ദ്ധമായി തയ്യാറാക്കിയതാണ്. ഷേക്സ്പിയറിനു ശേഷമുള്ള എലിസബീത്തൻ നാടകത്തേയും ജക്കോബിയൻ നാടകത്തേയും സ്വാധീനിക്കാനും നവ്യമായ ഒരു നാടകബോധം വളർത്തിയെടുക്കാനും പര്യാപ്തമായിരുന്നു—അദ്ദേഹത്തിൻെറ സ്പെസിമെൻസ് ഓഫ് ഇംഗ്ലീഷ് ഡ്രമാററിക് പോയററ്സ് ഹു ലിവ്ഡ് എബൗട്ട് ദ റൈം ഓഫ് ഷേക്സ്പിയർ (1808). മേരിയോടൊപ്പം തയ്യാറാക്കി കുട്ടികൾക്കു വേണ്ടി പ്രസിദ്ധീകരിച്ചതാണ് ദി അഡ്വഞ്ചേഴ്സ് ഓഫ് യുളിസീസ് (1808). ഇംഗ്ലീഷ് സാഹിത്യത്തിൽ മററാർക്കും കിടപിടിക്കാനാകാത്ത ഉപന്യാസങ്ങളാണ് ലാമിൻെറ ഏററവും പ്രധാന സൃഷ്ടികൾ. ആദ്യകാല ലേഖനങ്ങൾ ദ ലണ്ടൻ മാഗസിനിലാണ് പ്രസിദ്ധീകരിച്ചതു് (1820), 'ഈലിയ' എന്ന പേരിലാണ് ഇവ പ്രസിദ്ധപ്പെടുത്തിയതു്. ദി എസ്സേയ്സ് ഓഫ് ഈലിയയുടെ ആദ്യപതിപ്പ് 1823—ലും ദ ലാസ്ററ് എസ്സേയ്സ് ഓഫ് ഈലിയ എന്ന പരിഷ്കരിച്ച

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രണ്ടാം പതിപ്പ് 1833-ലും പുറത്തിറങ്ങി. വിചിത്ര സ്വഭാവക്കാരിലും അപൂർവ്വ പ്രദേശങ്ങളിലും അദ്ദേഹത്തിനുള്ള താല്പര്യവും, ലണ്ടൻജീവിതത്തിൻെറ ആർഭാടത്തിലും, വൈവിധ്യത്തിലുമുള്ള ആവേശവും, കരുതലോടെ പ്രവർത്തിക്കുന്ന വികാരാത്മകത്വവും, ആത്മാവിഷ്കാരവും പ്രദർശിപ്പിക്കുന്നതാണ് കലാപരമായ വ്യക്തിത്വവും, അകൃത്രിമമായ സംഭാഷണധ്വനിയുമുള്ള ലാമിൻെറ ലേഖനങ്ങൾ. പൂർവ്വകാല സ്മരണകളും ഗൃഹാതുരത്വവും ഈ ലേഖനങ്ങളുടെ പ്രത്യേകതയാണ്. ലേഖനകർത്താവിൻെറ സഹജലക്ഷണം എല്ലായ്പ്പോഴും അവയിൽ കാണാം. അദ്ദേഹത്തിൻെറ വൈവിദ്ധ്യമാർന്ന ലേഖനങ്ങളുടെ വിഷയം പുകക്കുഴൽ അടിച്ചുവാരുന്നവൻ മുതൽ പുരാതനചൈനയും, മാനസപുത്രന്മാരും പൊരിച്ച പന്നിയിറച്ചിയുംവരെ നീണ്ടുകിടക്കുന്നു. ലാമിൻെറ തനതായ ശൈലി, ബർട്ടൻ, ഫുള്ളർ, സർ തോമസ് ബ്രൗൺ എന്നിവരുമായുള്ള നിരന്തര സമ്പർക്കത്താൽ ആസ്വാദ്യതരമായിരിക്കുന്നു. പുരാതനത്വത്തിനുവേണ്ടിയാണു താനെഴുതുന്നതെന്നുവരെ അദ്ദേഹം പറയുകയുണ്ടായി. അസാധാരണവും പഴയ മട്ടിലുള്ളതുമാണ് ആ ശൈലി. നിറയെ അപൂർവ്വപദങ്ങളും, ആശ്ചര്യചിഹ്നങ്ങളും തിരുകിക്കയററുക അദ്ദേഹത്തിൻെറ സ്വഭാവമാണ്. 'ഡ്രീം ചിൽഡ്രൻ', 'കൈസ്ററ് ഹോസ്പിററൽ ഫൈവ് ആൻഡ് തർട്ടി ഇയേഴ്സ് അഗോ' എന്നിവയിലെപ്പോലെ ഹാസ്യവും കരുണവും സമത്ഥമായി കൂട്ടിച്ചേർത്തെഴുതാൻ അദ്ദേഹത്തിനു കഴിയും.

ലാമിൻെറ സ്വഭാവവിശേഷത്തിൻെറയും വിചാരങ്ങളുടേയും എല്ലാ വശവും ഇതിനേക്കാൾ വ്യക്തമായി തുടിച്ചു നില്ക്കുന്ന അദ്ദേഹത്തിൻെറ അകൃത്രിമവും, ആത്മാർത്ഥവുമായ ലെറേറഴ്സിൽ അദ്ദേഹത്തിനു കത്തിടപാടുകളുണ്ടായിരുന്ന അനേകരിൽ വേഡ്സ്വർത്ത്, കോൾറിഡ്ജ്, സൗഥി ഹോസ് ലിററ് എന്നിവരെല്ലാം പെടുന്നു.

ധനികനായ ഒരു വ്യാപാരിയുടെ പുത്രനായ തോമസ് ഡികിൻസി (1785—1859) പണമിടപാടിൽ ദീർഘദൃഷ്ടിയില്ലാത്തവനും വിശ്വസിക്കാൻ കൊള്ളാത്തവനുമായിരുന്നു. ഓക്സ്ഫേഡിൽ വിദ്യാഭ്യാസം നിർവ്വഹിച്ച ഡികിൻസി ഗ്രീക്ക് ഭാഷയിലുള്ള വൈഭവംകൊണ്ട് ഉന്നതമായ വിജയം കരസ്ഥമാക്കി. ബിരുദവിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ കറുപ്പിനടിമയായിത്തീർന്നു അദ്ദേഹം. ധാരാളം പണം പാഴാക്കിയ ഡികിൻസിക്കു പത്രപ്രവർത്തനത്തിലൂടെ അരിഷ്ടിച്ചു ജീവിക്കുന്നതിനുള്ള വക കണ്ടെത്തേണ്ടിവന്നു. 1809—30) കാലത്ത് ഏറിയകൂറും ലേക് ഡിസ്ട്രിക്റ്റിൽത്തന്നെയാണ് കഴിച്ചുകൂട്ടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യതു്. മയക്കമരുന്നിനോടുള്ള ആഭിമുഖ്യം അമിതമായിത്തീ ന്നെങ്കിലും എഴുത്തിനെ അതു ബാധിച്ചില്ല. ബ്ലാക്ക്വുഡ്സ് മാഗസിനുമായി ബന്ധപ്പെട്ടു് എഡിൻബറയിലേക്കു താമസം മാററി. അവിടെത്തന്നെയാണു് അദ്ദേഹത്തെ അടക്കം ചെയ്തതും. പ്രാഥമികമായും അദ്ദേഹം ഒരു ഉപന്യാസകാരൻ ആയിരുന്നു. 17 വാല്യങ്ങളുള്ള തൻെറ സമ്പൂർണ്ണകൃതികളിലധികവും വിവിധ വിഷയങ്ങളെ അധികരിച്ചെഴുതിയിട്ടുള്ള ലേഖനങ്ങളാണു്. ലണ്ടൻ മാഗസിനിൽ പ്രസിദ്ധീകരിച്ച കൺഫെഷൻസ് ഓഫ് ആൻ ഓപിയം ഈററർ (1821) എന്ന കൃതിയാണു് അദ്ദേഹത്തിൻെറ പ്രശസ്തിക്കു് അടിസ്ഥാനം. ആകെ താറുമാറായിക്കിടക്കുന്ന സ്വഭാവമാണു് ഈ കൃതിക്കു്. സ്വപ്നം പോലെ മാഞ്ഞുപോകുന്ന ദർശനങ്ങളുടെ ഒരു പരമ്പരയാണിതു്. ജോൺ ഓഫ് ആർക്ക്, ദി ഇംഗ്ലീഷ് മെയ്ൽ കോച്ച്, ഡ്രീം ഫ്യൂഗ് എന്നിവയിലൊക്കെ ശക്തമായ വിവരണം കണ്ടെത്താം. സസ്പീരിയ ഡി പ്രൊഫണ്ടിസ്, ഓൺ മർഡർ കൺസിഡേർഡ് ആസ് വൺ ഓഫ് ദ ഫൈൻ ആർട്ട്സ് എന്നിവയാണു് മെച്ചപ്പെട്ട മററു കൃതികൾ. ടെയ്ററ്സ് മാഗസിനിൽ 1830—കളിൽ പ്രസിദ്ധപ്പെടുത്തിയ റെമിനിസെൻസെസ് ഓഫ് ദി ഇംഗ്ലീഷ് ലേക്ക് പോയററ്സ് കോംറിഡ്ജിനേയും, വേഡ്സ്വത്തിനേയും, ഡോറത്തി വേർഡ്സ്വത്തിനേയും കുറിച്ചുള്ള നിപുണവും വിശദവുമായ സ്വഭാവപഠനങ്ങളാണു്. ഒരേ സ്വരത്തിലും അപ്രാപ്യവുമായ ഹാസ്യവും അടക്കമില്ലാത്ത വലിച്ചുനീട്ടിയുള്ള പറച്ചിലുംകൊണ്ടു് വിരസമാണു് മിക്ക കൃതികളും. അപാരമായ പാണ്ഡിത്യത്തിൻെറ പ്രസ്ഫുരണം അവയിൽ കാണാമെങ്കിലും സൂക്ഷ്മത ഇല്ലെന്ന പോരായ്മ അവയ്ക്കുണ്ടു്. കൈവിട്ടുപോകുന്ന കാടുകയററമാണു് മറെറാരു ദൂഷ്യം. വികാരവിജൃംഭിതവും, കാവ്യാത്മകവുമായ ഗദ്യരചനയിൽ ഡികിൻസി വിദഗ്ദ്ധൻ തന്നെയാണു്. ഈണവും, താളവും പാലിക്കുന്നതിൽ അദ്ദേഹം മുൻപന്തിയിൽ നില്ക്കുന്നു.

ഒരു യൂണിറേററിയൻ പാതിരിയുടെ പുത്രനായ വില്യം ഹേസ്ലിററ് (1778—1830) ലാമിൻെറ സമകാലികനായിരുന്നു. അമേരിക്കയിൽ അല്പകാലം തങ്ങിയതൊഴിച്ചാൽ ഷ്രോപ്ഷയറിൽത്തന്നെയായിരുന്നു ചെറുപ്പകാലം കഴിച്ചുകൂട്ടിയതു്. 1798-ൽ കോംറിഡ്ജിനെ കണ്ടുമുട്ടുകയും അദ്ദേഹവുമായി ഫ്രഞ്ചുവിപ്ലവത്തിൻെറ ആവേശം കൈമാറുകയും ചെയ്തു. സാഹിത്യജീവിതത്തിനുവേണ്ടി ചിത്രകാരനായിത്തീരണമെന്ന മോഹം ഹേസ്ലിററ് ഉപേക്ഷിക്കുകയാണുണ്ടായതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രഭാഷകൻ, പാർലമെൻററിലെ റിപ്പോർട്ടർ, നാടകനിരൂപകൻ എന്നിങ്ങനെ പലപ്പോഴായി പല പ്രവൃത്തികളിലും ഏർപ്പെട്ടിരുന്നു. 1814-മുതൽ മരണംവരെ ആനുകാലികപ്രസിദ്ധീകരണങ്ങൾക്കുവേണ്ടി ധാരാളം എഴുതിയിരുന്നു. തൻേറടിയും മുൻകോപിയുമായിരുന്നതിനാൽ വീട്ടിലും പുറത്തും സദാ വഴക്കടിക്കുന്ന പ്രകൃതക്കാരനായിരുന്നു അദ്ദേഹം. സാഹിത്യത്തെക്കുറിച്ചും പൊതുവിഷയങ്ങളെ സംബന്ധിച്ചുമുള്ള പ്രഭാഷണങ്ങളിലും, ലേഖനങ്ങളിലുംകൂടിയാണ് അദ്ദേഹത്തിൻെറ പ്രശസ്തി നിലനില്ക്കുന്നത്. ഇത്തരം ലേഖനങ്ങളും, ഉപന്യാസങ്ങളും പ്രസിദ്ധീകരിച്ചതു് 1817–നും 1825-നും ഇടയ്ക്കാണ്. കാരക്ടേഴ്സ് ഓഫ് ഷേക്സ്പിയേഴ്സ് പ്ലേയ്സ് (1817), ദി ഇംഗ്ലീഷ് പോയററ്സ് (1818), ദി ഇംഗ്ലീഷ് കോമിക് റൈറ്റേഴ്സ് (1819), ദ ഡ്രമാററിക് ലിററ്റേച്ചർ ഓഫ് ദ ഏജ് ഓഫ് എലിസബെത്ത് (1820) എന്നിവയാണ് സാഹിത്യപരമായ ലേഖനങ്ങൾ. ദ റൗണ്ട് റേറബ്ൾ (1817), റേറബ്ൾടോക്ക് ഓർ ഒറിജിനൽ എസ്സേയ്സ് ഓൺ മെൻ ആൻഡ് മാനേഴ്സ് (1821—22), ദ സ്പിരിററ് ഓഫ് ദി ഏജ് ഓർ കണ്ടെംബററി പോർട്രെയ്ററ്സ് (1825) എന്നീ കൃതികളിലായി അദ്ദേഹത്തിൻെറ മെച്ചപ്പെട്ട ലേഖനങ്ങൾ സമാഹരിച്ചിരിക്കുന്നു. നെപ്പോളിയൻെറ ഒരു ജീവചരിത്രവും അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അത്ര കേമമെന്നു പറയാനാവില്ല. ഉൾക്കാഴ്ചയും വിവേചനവും കൃതിയോടുള്ള സമ്പർക്കവും അഭിരുചിയും കാരണം 'വിമർശകരുടെ വിമർശകൻ' എന്നദ്ദേഹത്തെ വിളിക്കുന്നതു് തികച്ചും ന്യായയുക്തമാണ്. ശങ്കാഹീനവും ആത്മാർത്ഥവുമായ അഭിപ്രായം പ്രകടിപ്പിക്കുന്നതിനാൽ ശ്രദ്ധേയമാണ് അദ്ദേഹത്തിൻെറ രചനകൾ. ലബ്ധപ്രതിഷ്ഠരായ ആധുനികനിരൂപകന്മാരുടെ വിമർശനോപാധികൾ അദ്ദേഹത്തിനില്ലെങ്കിലും ഒരു കൃതിയിൽനിന്നും ലഭിക്കുന്ന അനുഭവം പകർന്നു കൊടുക്കുന്നതിൽ അദ്ദേഹത്തെ വെല്ലാൻ ആരുമുണ്ടെന്നു തോന്നുന്നില്ല. വ്യക്തിപരമായ പക്ഷപാതം അവയെ ചിലപ്പോൾ സ്വാധീനിക്കുന്നില്ലെന്നില്ല. ഉചിതവും, വിദഗ്ദ്ധവുമായ ഉദ്ധരണികൾ ലേഖനങ്ങൾക്കും പ്രഭാഷണങ്ങൾക്കും മാററു കൂട്ടുന്നു. ശുദ്ധമായ ഭാഷാശൈലിയും അദ്ദേഹത്തിൻെറ പ്രത്യേകതയാണ്.

ഈ കാലഘട്ടത്തിലെ ഗദ്യസാഹിത്യകാരന്മാരിൽ പ്രസ്താവയോഗ്യമായ പേരാണ് വാൾട്ടർ സാവേജ് ലാണ്ടറു (1775—1864) ടേതു്. ഗദ്യസാഹിത്യകാരനെന്നറിയപ്പെടുന്നുവെങ്കിൽ കൂടി കാവ്യസപര്യയ്ക്കാണ് അദ്ദേഹം അധികസമയവും വി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിയോഗിച്ചതു്. അനേകം കാവ്യഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റേതായിട്ടുണ്ടു്. 'റോസ് എൽമർ', 'മദർ, ഐ കനോട്ട് മൈൻഡ് മൈ വീൽ', 'ഓൺ ഹിസ് സെവെൻറിയെത്ത് ബർത്ത് ഡേയ്' തുടങ്ങിയ ലഘുകവിതകൾ ഇന്നും അറിയപ്പെടുന്നു. ഏതാനും നാടകങ്ങൾ രചിച്ചിട്ടുള്ളതിൽ മെച്ചപ്പെട്ടതാണു് കൗണ്ട് ജൂലിയൻ (1812). 1824–മുതൽ അപ്പപ്പോഴായി പ്രസിദ്ധീകരിച്ച ദി ഇമാജിനറി കോൺവർസേഷൻസ് എന്ന ലേഖനപരമ്പരയാണു് അദ്ദേഹത്തിനു കീർത്തിയുണ്ടാക്കിയതു്. പോയ കാലത്തെ കഥാപുരുഷന്മാരെ അവതരിപ്പിച്ചു് അവരുമായി ഗഹനമായ സംഗതികൾ അതിനിപുണമായി സംവാദം നടത്തുന്ന രീതിയാണു് ദി ഇമാജിനറി കോൺവർസേഷൻസിൽ സ്വീകരിച്ചിരിക്കുന്നതു്. കഴിഞ്ഞ കാലത്തെ യഥാർത്ഥ വ്യക്തികളുമായോ, അല്ലെങ്കിൽ തന്റെ കാലഘട്ടത്തിലെതന്നെ ആൾക്കാരുമായോ അദ്ദേഹം സംഭാഷണത്തിൽ ഏർപ്പെടുന്നു. ബിംബകല്പനയും, അലംകൃതമായ വാഗ്‌വൈഭവവും ചേർന്ന നവീനമായ കാവ്യാത്മകഗദ്യരീതിക്കു ദൃഷ്ടാന്തമാണു് അദ്ദേഹത്തിന്റെ രചനകൾ.

കവിതാവിഭാഗത്തിൽ പരാമർശിച്ചുകഴിഞ്ഞ ലീ ഹണ്ടിനെ ഗദ്യരചയിതാക്കളുടെ ഗണത്തിലും പെടുത്താം. ലേഖനങ്ങളുടെ കാര്യത്തിൽ ലാൻഡറേക്കാൾ മന്ദപ്രകൃതിയും പത്രലേഖനങ്ങളിൽ മാത്രം ഒതുങ്ങിക്കൂടിയവനുമാണു് ലീ ഹണ്ട്. എഴുത്തുകൊണ്ടു ജീവിതം പുലർത്തിയ അദ്ദേഹം വളരെ ധൃതിയിയിൽ എഴുതിപ്പോകുകയും ചെയ്തിരുന്നു. സുഗ്രാഹ്യതയും, അപാരമായ ഭാവനാവിലാസവുംകൊണ്ടു് പാരായണക്ഷമമാണു് അവ. അദ്ദേഹത്തിന്റെ കൃതികളിൽ ഓട്ടോ ബയോഗ്രഫി (1850) വളരെ പ്രചാരം നേടിയിരിക്കുന്നു. ഒരു വിമർശകനെന്ന നിലയിൽ തന്റെ കാലഘട്ടത്തിൽപെട്ട എഴുത്തുകാരിൽ അതുല്യമായ സ്ഥാനമുണ്ടു് ലീഹണ്ടിനു്.

രാഷ്ട്രീയ പരിവർത്തനവാദിയും പത്രപ്രവർത്തകനും ഉപന്യാസകാരനും അനേകം ഗ്രന്ഥങ്ങളുടെ കർത്താവുമായ വില്യം കോബിററ് (1762—1835) എഴുത്തുകാരുടെ സമൂഹത്തിൽ ഒററപ്പെട്ടുനില്ക്കുന്നു. 1830–ൽ സമാഹരിച്ചു പ്രസിദ്ധപ്പെടുത്തിയ റൂറൽ റൈഡ്സ് കോബിന്റെ സ്വിശേഷതകളെല്ലാമടങ്ങുന്ന കൃതിയാണു്. സ്ഡിയുടെ മാസ്റ്റർ പീസാണു് ദ ലൈഫ് ഓഫ് നെൽസൺ (1813). കോൾറിഡ്ജിന്റെ ഗദ്യകൃതികളിൽ പലതും അദ്ദേഹത്തിന്റെ കവിതകളെപ്പോലെ മികവുറ്റവയായില്ല. വിമർശനങ്ങൾ നിർദ്ദേശരൂപത്തിലുള്ളതും, പ്രചോദനം നൽകുന്നതുമായിരിക്കുമെന്നതാണു് ഒരു പ്രത്യേകത. ക്രോഡീകരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഡ്ജിൻെറ തുണ്ടുതുണ്ടായി താറുമാറായി കിടക്കുന്ന ഗദ്യലേഖനങ്ങറം പരീക്ഷണാൎത്ഥം എഴുതിയവയാണെന്നു കരുതേണ്ടിയിരിക്കുന്നു. മൊത്തത്തിലെടുത്താൽ അവ സ്വതന്ത്രവും, മന്ദഗതിയിലുള്ളതുമാണ്. ആനുകാലികപ്രസിദ്ധീകരണങ്ങറംക്കു വേണ്ടി എഴുതപ്പെട്ടവയാണ് അവയിലധികവും. ദ വാച്ച് മൻ, ദ മോണിങ് പോസ്റ്റ്, ദ ഫ്രെണ്ട് എന്നീ പ്രസിദ്ധീകരണങ്ങറംക്കുവേണ്ടി എഴുതിയ ലേഖനങ്ങറംക്കു പുറമെ തൻെറ ഏററവും മൂല്യവത്തായ ബയോഗ്രഫിയ ലിററേററിയയും, സിബിലിൻ ലീവ്സ്-ഉം 1817-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. 1825-ൽ ഏയ്ഡ്സ് റു റിഫ്ളെക്ഷനും, മരണശേഷം 1835-ൽ റേബ്ററം ടോക്ക് എന്ന കൃതിയും പ്രസിദ്ധപ്പെടുത്തി.

എഡിൻബറ റിവ്യൂവിൻെറ സ്ഥാപകരിലൊരാളായ ഫ്രാൻസിസ് ജെഫ്രി അന്നത്തെ സ്വാധീനമുള്ള വിമൎശകൻമാരിൽ ഒരാളായിരുന്നു. കൃതികളോട് തെല്ലെങ്കിലും അനുകമ്പയോ, കൃതികളുടെ മൂല്യനിൎണ്ണയം നടത്തുമ്പോറം അയവുള്ള സമീപനമോ അദ്ദേഹം സ്വീകരിച്ചില്ല. ക്രൂരമായ തരത്തിൽ കൃതികളെ കുററവിചാരണ നടത്തുന്ന രീതിയായിരുന്നു അദ്ദേഹത്തിൻേറതു്. എങ്കിലും നീണ്ട പുസ്തകാഭിപ്രായങ്ങറംക്കു വഴി വയ്ക്കാനും വിമർശനത്തിൻെറ നിലവാരം ഉയർത്താനും എഡിൻബറ റിവ്യൂവിനു് കഴിഞ്ഞിട്ടുണ്ടു്. കുറെക്കാലം ജഫ്രിയുടെ സഹപ്രവൎത്തകനായിരുന്ന സിഡ്നി സ്മിത്ത് (1771—1845) രാഷ്ട്രീയസ്വഭാവമുള്ള പലവക ലേഖനങ്ങളാണ് അധികമെഴുതിയിട്ടുള്ളതു്. നിപുണനായ ഒരു വൈദികനായിരുന്നു സ്മിത്ത്. കത്തോലിക്ക വിഭാഗക്കാരുടെ വിമോചനത്തെ സംബന്ധിക്കുന്ന പീററർ പ്ലിംലീസ് ലെറേഴ്സ് (1807—08) അദ്ദേഹത്തിൻെറ ഏററവും ശ്രദ്ധേയമായ കൃതിയാണ്. വിററ് ആൻഡ് വിസ്ഡം (1860) എന്ന കൃതിയും പ്രസിദ്ധമാണ്. ക്രിസ്റ്റഫർ നോർത്ത് എന്ന തൂലികാനാമത്തിലെഴുതിയിരുന്ന ജോൺവിൽസൺ (1785—1854) പദ്യഗദ്യങ്ങറം ഒന്നുപോലെ കൈകാര്യം ചെയ്തിരുന്നു. നൊക്റെറസ് ആംബ്രോയ്സനേ (അഥവാ നൈററ്സ് അററ് ദ ആംബ്രോസ്ററാവേൺ ഇൻ എഡിൻബറ) അദ്ദേഹത്തിൻെറ കൃതികളിൽ പ്രഥമസ്ഥാനത്തുനില്ക്കുന്നു. വിവിധ വിഷയങ്ങളെ സംബന്ധിക്കുന്ന നീണ്ട സംവാദങ്ങളാണ് ഈ കൃതി.

വാറംട്ടർസ്കോട്ടിൻെറ ജാമാതാവായ ജോൺലോക്ക് ഹാർട്ട് (1794—1854) 1817 മുതൽക്കുതന്നെ ബ്ലാക്വുഡ്''സ് മാഗസിനിൽ എഴുതിത്തുടങ്ങിയിരുന്നു. 1825 മുതൽ 1853 വരെ ക്വാർട്ടർലി റിവ്യൂവിൻെറ പത്രാധിപരായി പ്രവൎത്തിച്ചു. നാലു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നോവലുകൾക്കൊപ്പം കവിതയും രചിച്ചിരുന്നു അദ്ദേഹം. എഡിൻബറയിലേയും ഗ്ലാസ്ഗോയിലേയും മനുഷ്യജീവിതത്തിൻെറ ഉജ്ജ്വലമായ രേഖാചിത്രങ്ങളാണ് പീറ്റേഴ്സ് ലെറ്റേഴ്സ് റ്റു ഹിസ് കിൻസ്ഫോക് (1819). മെംവാസ് (Memoirs) ഓഫ് സർ വാൾട്ടർ സ്കോട്ട് ലോക്ഹാർട്ടിൻെറ യശസ്സു വദ്ധിപ്പിച്ചു. ഇംഗ്ലീഷിലെ പ്രശസ്തമായ ജീവചരിത്രങ്ങളിലൊന്നാണിതു്. അദ്ദേഹത്തിൻെറ ലൈഫ് ഓഫ് ബേൺസ് ശ്ലാഘനീയമായ മറെറാരു ജീവചരിത്രകൃതിയാണ്. വേഡ്സ്വർത്തിനോട് സഹാനുഭൂതി പ്രകടിപ്പിച്ചിരുന്നെങ്കിലും ഇളംതലമുറയിൽപ്പെട്ട ഷെല്ലി, കീററ്സ് തുടങ്ങിയവരോട് ഒരുതരം ശത്രുതാമനോഭാവമാണ് പുലത്തിയിരുന്നതു്. ടെനിസനോട് തുടക്കം മുതൽക്കേ എതിർപ്പു പ്രകടിപ്പിച്ചിരുന്നു. ബ്ലാക്വുഡ്സ് മാഗസിനിൽ കീററ്സിനെതിരേ നടത്തിയ നീചമായ ആക്രമണത്തിനു പിന്നിൽ പ്രവത്തിച്ച കരങ്ങൾ ലോക്ഹാർട്ടിൻെറതാണെന്നും സംശയിക്കുന്നുണ്ട്. ക്വാർട്ടർലി റിവ്യൂവിൽ ടെനിസനെതിരേ നടത്തിയ കിരാതമായ വിമർശനവും അദ്ദേഹത്തിൻെറതന്നെയാണ്. ഇത്തരം വിമശനങ്ങൾ 'തേൾ' എന്ന പരിഹാസപ്പേരു് അദ്ദേഹത്തിനു സമ്പാദിച്ചു കൊടുത്തതിൽ അതിശയിക്കാനില്ല.

അന്നത്തെ അനേകം ചരിത്രകാരൻമാരുടെ കൂട്ടത്തിൽ നാടകകൃത്തുകൂടിയായ ഹെൻറി ഹാർട്ട് മിൽമൻ (1791—1868) പരാമർശമർഹിക്കുന്നു. സാഹിത്യപരവും, ചരിത്രപരവുമായ വിഷയങ്ങളെക്കുറിച്ചു കൃതികൾ രചിച്ചവരാണ് ജോർജ്ഗ്രോട്ട് (1794—1871), ഹെൻറി ഹാലം (1777—1859) എന്നിവർ. ഗിബണിനെപ്പോലെ വിഷയത്തിനനുസരിച്ച ശൈലി പ്രയോഗിക്കാനുള്ള ശ്രമം നടത്തിയിരുന്നു ഹാലം. പക്ഷേ, അതിൽ അദ്ദേഹം വിജയിച്ചില്ല. ടെനിസൻെറ ഇൻ മെമ്മോറിയം എന്ന വിലാപകാവ്യത്തിലെ സ്മര്യപുരുഷനായ ആർതർ ഹെൻറി ഹാലത്തിൻെറ പിതാവാണ് ഹെൻറി ഹാലം.

ചുരുക്കത്തിൽ, വ്യക്തിഗതവികാരങ്ങൾ പ്രകടിപ്പിക്കുന്ന ലിറിക്ക് കവിതയുടെ സുവണ്ണകാലമാണ് റൊമാൻറിക്യുഗം അഥവാ കാൽപനികയുഗം. വണ്ണനാപരവും ആഖ്യാനപരവുമായ കവിതകളെക്കൊണ്ടു് സമൃദ്ധമായിരുന്നു ഈ കാലഘട്ടം. പരിഹാസകവിതകളും എണ്ണത്തിൽ കുറവായിരുന്നില്ല. അവയുടെ ധ്വനി പക്ഷേ, ഭീഷണമായിരുന്നു. കവികൾ നാടകരചനയിലേർപ്പെട്ടിരുന്നെങ്കിലും അവ ഉന്നതനിലവാരം പുലത്തുന്നതായിരുന്നില്ല. പൊതുവെ പറഞ്ഞാൽ നാടകത്തിൻെറ രംഗത്തു് ഒരുവിധത്തിലുള്ള ആലസ്യം ബാധിച്ചിരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗദ്യസാഹിത്യരംഗത്തു് സ്കോട്ടിന്റെ ചരിത്രനോവലുകളും, ജെയ്ൻ ഓസ്റ്റിന്റെ കുടുംബനോവലുകളും ഗണ്യമായ പുരോഗതി സൃഷ്ടിച്ചു. അഭൂതപൂർവ്വമായ തരത്തിൽ സാഹിത്യവിമർശനം വിപുലമായതോടൊപ്പം അവയുടെ നിലവാരത്തിലും പുരോഗതിയുണ്ടായി. കാലികപ്രാധാന്യമുള്ള വിഷയങ്ങളെ അധികരിച്ചുള്ള സാഹിത്യരചനകളിലുമുണ്ടായി ഈ പുരോഗതി. പുതിയ പുതിയ പ്രസിദ്ധീകരണങ്ങൾ പ്രതിഭയുള്ളവരെ ആകർഷിച്ചുകൊണ്ടിരുന്നു. ധാരാളമായി ഗ്രന്ഥനിരൂപണം നടത്താൻ അവർക്കൊട്ടും മടിയുമില്ലായിരുന്നു. ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വളർച്ച ഉപന്യാസത്തിനു് ഒരു പ്രത്യേക മാനം നേടിക്കൊടുത്തു. സാഹിത്യവിഷയകമായ കത്തുകൾ ഈ കാലഘട്ടത്തിലും തഴച്ചുവളർന്നുകൊണ്ടിരുന്നു. മൂറിന്റെ ദ ലൈഫ് ഓഫ് ബൈറൺ, ലോക്ഹാട്ടിന്റെ ദ ലൈഫ് ഓഫ് സ്കോട്ട് എന്നിവ ജീവചരിത്രസാഹിത്യത്തിനു പ്രാതിനിധ്യം നൽകുന്നു. മഹത്തായ ചരിത്രഗവേഷണങ്ങളും ഇക്കാലത്തു നടന്നിട്ടുണ്ട്.

ഒൻപത്

വിക്ടോറിയൻ കാലഘട്ടം

(1830—1900)

1837 ലാണു് വിക്ടോറിയാരാജ്ഞി അധികാരത്തിലെത്തുന്നതു്. ശാന്തിയുടേയും സമാധാനത്തിന്റേയും കാലഘട്ടമാണു് വിക്ടോറിയയുടെ ഭരണകാലം. അവിടവിടെ പൊട്ടിപ്പുറപ്പെട്ട അല്ലറചില്ലറ കോളനിവഴക്കുകൾ ദേശീയജീവിതത്തിൽ സാരമായ യാതൊരു ചലനവും സൃഷ്ടിച്ചില്ല. ബ്രിട്ടനെ നേരിട്ടു ബാധിച്ച ക്രിമിയൻയുദ്ധവും പരോക്ഷമായി ബാധിച്ച ഫ്രാങ്കോ_ജർമ്മൻ യുദ്ധവുമാണു് ഇക്കാലത്തുണ്ടായ രണ്ടു പ്രതിബന്ധങ്ങൾ. യാന്ത്രികസംവിധാനങ്ങളിൽ ഇക്കാലത്തു് ഇംഗ്ലണ്ട് അപാരമായ മുന്നേററം കൈവരിച്ചു. ബ്രിട്ടന്റെ അതിമഹത്തായ വ്യാവസായിക നേട്ടങ്ങളുടെ പ്രദർശനമായിരുന്നു 1851–ലെ 'എക്സിബിഷൻ.' ഈ വ്യാവസായികവികസനത്തിനു് ഒരു മറുവശംകൂടിയുണ്ട്. വ്യാവസായികനഗരങ്ങളിലെ സാമൂഹികസ്ഥിതി ഞെട്ടിക്കുന്നതായിരുന്നു. വൃത്തിഹീനങ്ങളായ ധാരാളം ചേരിപ്രദേശങ്ങൾ വളർന്നുവന്നു. പാവപ്പെട്ട തൊഴിലാളികൾ ചൂഷണം ചെയ്യപ്പെട്ടു. പ്രബുദ്ധരായ ഒരു ന്യൂനപക്ഷം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതിനെതിരെ പോരാടാൻ തയ്യാറായി. സാമൂഹികനിയമങ്ങൾക്ക വേണ്ടിയും സമരങ്ങളാരംഭിച്ചു. പ്രായപൂർത്തി വോട്ടവകാശവും ക്രമേണ വ്യാപകമായി. ഡിക്കൻസിനേയും, മിസ്സ് ഗാസ്കലിനേയുംപോലുള്ള എഴുത്തുകാർ വ്യാവസായികവിപ്ലവത്തിൻെറ ദൂഷ്യവശങ്ങളെക്കുറിച്ച് വ്യക്തമായ ചിത്രങ്ങൾ വരച്ചുകാട്ടി.

എണ്ണമററ ശൈഷണികപ്രവർത്തനങ്ങളുണ്ടായിരിക്കുന്നതു് വിക്ടോറിയൻ യുഗത്തിൻെറ അഭിമാനകരമായ നേട്ടമാണ്. ഡാർവിൻെറ സിദ്ധാന്തങ്ങളെത്തുടർന്ന് ശാസ്ത്രീയമായ ചിന്താഗതികളിൽ ഗണ്യമായ പരിവർത്തനങ്ങളുണ്ടായി. പ്രശസ്ത താത്വികനായ ഹെർബട്ട് സ്പെൻസർ, രാഷ്ട്രീയ സാമ്പത്തിക വിദഗ്ദ്ധനായ ജോൺ സ്റ്റുവർട്ട്മിൽ എന്നിവർ ഈ യുഗത്തിൻെറ സൃഷ്ടികളാണ്. ശൈഷണികവിജ്ഞാനദാഹംമൂലം പത്രപ്രസിദ്ധീകരണരംഗത്തും അഭൂതപൂർവ്വമായ വികാസം വന്നുചേർന്നു.

വിക്ടോറിയൻ യുഗമെന്നു കണക്കാക്കപ്പെടുന്ന അറുപതുകൊല്ലക്കാല(1830—90)ത്തിനിടയിൽ പല വൈരുദ്ധ്യങ്ങളും കാണാമെങ്കിലും അവയ്ക്കു ചില പൊതുസ്വഭാവങ്ങളുണ്ടെന്നും നാം മനസ്സിലാക്കുന്നു. ആചാരങ്ങളോടും, മാമൂലുകളോടും അവർ ആദരം കാണിച്ചിരുന്നു. ഈ ഘട്ടത്തിൽ പൊതുസ്ഥലത്തുവച്ചു പുകവലിക്കുന്നതും സ്ത്രീകൾ സൈക്കിൾ സവാരി നടത്തുന്നതും അനുചിതമായി കരുതിയിരുന്നു. ഇത്തരം സങ്കുചിത ധാർമ്മികബോധം വിക്ടോറിയൻ സാഹിത്യത്തിൽ തെളിഞ്ഞു കാണാം. കവിതയിൽ ടെന്നിസൺ ഇതിനു് ഉത്തമദൃഷ്ടാന്തമാണ്. 'ധാർമ്മികബോധ'ത്തെക്കുറിച്ചുള്ള ഡിക്കൻസിൻെറ അമിതമായ ഉൽക്കണ്ഠ നമ്മെപലപ്പോഴും ചിരിപ്പിച്ചെന്നുവരും.

മാമൂലുകൾക്കും അന്ധമായ ആചാരങ്ങൾക്കുമെതിരെ ചില പ്രതിഷേധങ്ങളുയർന്നുവന്നു. കാർലൈൽ, ആർനോൾഡ്', താക്കറേ, ബ്രൗണിങ് തുടങ്ങിയവർ ഇത്തരത്തിൽ ആഞ്ഞടിച്ചവരാണ്. സ്വിൽ ബേണിൻെറയും മോറിസിൻെറയും നേതൃത്വത്തിലുള്ള 'പ്രീറാഫലൈററുകൾ' കലാകാരനു കലയെന്ന പരിഗണനയേ ഉള്ളൂ, ധാർമ്മികമായ കടപ്പാടൊന്നുമില്ലെന്നു തുറന്നു പ്രഖ്യാപിച്ചു. മനുഷ്യൻെറ പ്രവർത്തനങ്ങളെ തുറന്ന മനസ്സോടെ കാണുന്നതിനുവേണ്ടി ഒരു മഹാഗുരുവിൻെറ സഹിഷ്ണതയോടെ വിക്ടോറിയൻ സമൂഹത്തിൻെറ മുഖംമൂടികളും അടച്ചുപൂട്ടുകളും തുറന്നുകാട്ടിയതു് തോമസ് ഹാർഡിയാണ്.

ശാസ്ത്രത്തിലും മതവിശ്വാസങ്ങളിലും രാഷ്ട്രീയത്തിലുമുണ്ടായ പുതിയ ആശയങ്ങൾ അന്നത്തെ സാഹിത്യകൃതികളിലും പ്രകടമായി. ഡാർവിൻെറ ഓൺ ദ ഒറിജിൻ ഓഫ് സ്പീഷീസ് (1859) ശാസ്ത്രീയമായ യുക്തിബോധത്തിൻെറ അടിത്തറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാകി. ഓക്സ്ഫോഡ് മൂവ്മെൻറ് മതാധിഷ്ഠിതവും സദാചാരപരവുമായ വിചിന്തനങ്ങളിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. പിില്ക്കാലത്തു് റോമൻ കത്തോലിക്കാസഭയിൽ ചേർന്ന (1845) ന്യൂമനാണ് ഇതിനു നേതൃത്വം വഹിച്ചതു്. മതപരമായ ഒരു പ്രസ്ഥാനമെന്ന നിലയിൽ ചർച്ച് ഓഫ് ഇംഗ്ലണ്ടിൻെറ നിലവിലുള്ള വിശ്വാസങ്ങളിൽ ഓക്സ്ഫോഡ് മൂവ്മെൻറ് അതൃപ്തി പ്രകടിപ്പിച്ചു. ശക്തിയുള്ള ഒരു സാഹിത്യപ്രസ്ഥാനമെന്ന നിലയ്ക്കു് എണ്ണപ്പെട്ട എഴുത്തുകാരായ ഫ്രോയ്ഡ്, മോറിസ്, കിങ്സ്ലി, ഗ്ലാഡ്സ്റ്റൺ എന്നിവരേയും, എന്തിനു് ന്യൂമാനെത്തന്നെയും, ഈ പ്രസ്ഥാനം സ്വാധീനിക്കുകയുണ്ടായി.

വിദ്യാഭ്യാസം നിർബ്ബന്ധിതമാക്കിക്കൊണ്ടുള്ള വിദ്യാഭ്യാസനിയമം വന്നതോടെ വായനക്കാരുടെ എണ്ണം ക്രമാതീതമായി പെരുകി. അച്ചടി എളുപ്പവും കടലാസ് സുലഭവുമായതോടെ പുസ്തകങ്ങളുടെ എണ്ണവും ഉല്പാദനവും ഇരട്ടിച്ചു. ഏററവും പ്രചാരമേറിയ സാഹിത്യരൂപമായിത്തീർന്നു നോവൽ. ഇംഗ്ലീഷ് നോവൽചരിത്രത്തിൽ ഏററവും ധന്യമായ കാലഘട്ടമാണ് പത്തൊൻപതാം നൂററാണ്ടിൻെറ മദ്ധ്യകാലം.

പത്തൊൻപതാം നൂററാണ്ടിൽ അമേരിക്കൻ എഴുത്തുകാരും യൂറോപ്യൻ എഴുത്തുകാരും പരസ്പരം ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്നു. അതിൻെറ ഫലമായി പ്രസരിപ്പുള്ളതും ശക്തവുമായ സാഹിത്യസൃഷ്ടികൾ ഉടലെടുക്കുകയുണ്ടായി. ഉൽകൃഷ്ടരായ ജർമ്മൻ എഴുത്തുകാരുടെ നിരന്തരമായ സ്വാധീനമുണ്ടായി ബ്രിട്ടനിൽ. കാർലൈലും ആർനാൾഡുമാണ് ഇവക്കു പ്രേരണ നൽകിയതു്. ഇററലിയെപ്പോലുള്ള ആശ്രിതരാജ്യങ്ങൾ ബ്രൗണിങ് ദമ്പതികളേയും, സ്വിൻബേൺ, മോറിസ്, മെറഡിത്ത് തുടങ്ങിയവരേയും വശീകരിച്ചു.

അതിബൃഹത്തായ സാഹിത്യസൃഷ്ടികളുണ്ടായെങ്കിലും ഷേക്സ്പിയറേയോ മിൽട്ടനേയോപോലൊരു മഹാപ്രതിഭയെ വിക്ടോറിയൻ യുഗം സൃഷ്ടിച്ചില്ല. സാക്ഷരതയുടെ കാര്യത്തിൽ ഉന്നതമായ നിലവാരം പുലർത്തിയിരുന്ന കാലഘട്ടമായിരുന്നു ഇതു്. വിശാലമായ വിജ്ഞാനമണ്ഡലവും മഹത്തായ ഉദ്യമങ്ങളും, ശോഭനമായ ശുഭകാംക്ഷയും നിറഞ്ഞുനിന്നിരുന്ന വിക്ടോറിയൻ യുഗത്തിൽ.

കവിത

ആൽഫ്രഡ്, ലോഡ് ടെന്നിസൺ (1809—92) ഒരു വൈദികൻെറ പുത്രനായിരുന്നു. ലിങ്കൻഷയറിലെ സമേഴ്സ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബിയിൽ ജനിച്ച ടെന്നിസൺ ക്രേംബ്രിഡ്ജിലാണ് വിദ്യാഭ്യാസം നിർവ്വഹിച്ചതു്. പഠിക്കുന്ന കാലത്തു് തികഞ്ഞ മാമൂൽ പ്രിയനായിരുന്ന അദ്ദേഹത്തിൻെറ ഏകലക്ഷ്യം ററിംബക്ററു വിനെക്കുറിച്ചൊരു കവിതയെഴുതി ചാൻസലറുടെ മെഡൽ വാങ്ങുകയെന്നതായിരുന്നു. ബിരുദമെടുക്കാതെ യൂണിവേഴ്സിററിയോടു വിടപറഞ്ഞെങ്കിലും അതിനു മുൻപുതന്നെ ഇടത്തരം കവിതകളുടെ ഒരു സമാഹാരം അദ്ദേഹം പുറത്തിറക്കുകയുണ്ടായി. അടുത്ത ഇരുപതു വർഷക്കാലം മാതാപിതാക്കളോടൊത്തു താമസിച്ചുകൊണ്ടു് അദ്ദേഹം വളരെയധികം കവിതകളെഴുതി. 1845–ൽ ഗവണ്മെൻററിൽനിന്നും അദ്ദേഹത്തിനു് അടിത്തൂൺ അനുവദിച്ചു. 1850–ൽ വേർഡ്സ്‌വർത്തിനെത്തുടർന്നു് ഭരണകൂടം ടെനിസനെ ആസ്ഥാനകവിയായി നിയമിച്ചു. എമിലി സെൽവുഡിനെ വിവാഹം ചെയ്തശേഷം (1853) വൈററ് ഐലൻഡിലെ ഫ്രഷ്‌വാട്ടറിലേക്കു താമസം മാററിയ അദ്ദേഹം അടുത്ത ഇരുപതുകൊല്ലം അവിടെത്തന്നെയാണു ചെലവഴിച്ചതു്. തൻെറ കാലഘട്ടത്തിലെ പ്രഥമസ്ഥാനീയനായ കവിയെന്ന പേരു സമ്പാദിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. 1884–ൽ പ്രഭുപദവി നൽകി ആദരിക്കപ്പെട്ടശേഷം പ്രഭുസഭയിൽ ചെന്ന അദ്ദേഹം കുറെക്കാലം സജീവരാഷ്ട്രീയത്തിലും പ്രവത്തിച്ചു. 1892–ൽ ഡറിയിലെ ആൽഡ്‌വത്തിൽ അന്തരിച്ച ടെനിസനെ വെസ്റ്റ് മിൻസ്റ്റർ ആബിയിലാണു സംസ്കരിച്ചതു്.

ടെനിസൻെറ ആദ്യത്തെ പ്രധാനപ്പെട്ട കൃതി പുറത്തുവന്നതു് 1833-ലാണു്. പല വലിപ്പത്തിലും വ്യത്യസ്ത ആശയങ്ങളും കൈകാര്യം ചെയ്യുന്നതുമായ മുപ്പതു കവിതകളുണ്ടിതിൽ. ക്ലാസ്സിക്കലും റൊമാൻറിക്കും വ്യക്തിപരവും വിവരണാത്മകവുമായ വിഭിന്ന ടെനിസോണിയൻ ആശയങ്ങളും അവ ഉൾക്കൊള്ളുന്നു. 'ദ ലോട്ടസ് ഈറേറഴ്സു', 'ദ ഹെസ്പെരൈഡ്സ', 'ഈനോനീ', 'ദ ലേഡി ഓഫ് ഷാലററ്', 'എലിയനോർ', 'ദ സിസ്റ്റേഴ്സ്', 'മരിയാന ഇൻ ദ സൗത്ത്,' 'ദ മില്ലഴ്സ് ഡോട്ടർ', 'ദ മേകപീൻ,' 'ദ പാലസ് ഓഫ് ആർട്ട്,' 'ദ ഡ്രീം ഓഫ് ഫെയർ വിമൻ' എന്നീ മനോഹരങ്ങളായ കവിതകളൊക്കെ ഇതിലാണു് വരുന്നതു്. സ്പെൻസറുടെ കാവ്യത്തിൻെറ ആലസ്യവും ചാരുതയുമുണ്ടു് 'ലോട്ടസ് ഈററഴ്'സിനു്. ക്ലാസ്സിക്കൽ സ്മരണകളുണത്തുന്നതും, പകിട്ടേറിയതും എന്നാൽ ലളിതവുമായി ചിത്രീകരിച്ചിരിക്കുന്ന മനോഹരമായ പ്രകൃതിദൃശ്യങ്ങളുംകൊണ്ടു് സമ്പന്നമാണു് ഈ കവിത. കുററമററ ഈ കവിത ഹോമറുടെ ഓഡിസിയിലെ സംഭവത്തെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആസ്പദിച്ചാണ് രചിച്ചിരിക്കുന്നതു്. മയക്കമരുന്നിന്റെ ലഹരിയുള്ള ലോട്ടസ്പൂക്കരം ഭക്ഷിക്കുന്നവരുടെ ഒരു ദ്വീപും അവിടത്തെ ഉറക്കംവരുന്ന അന്തരീക്ഷവും കവി വിവരിക്കുന്നു. ട്രോജൻ യുദ്ധത്തിനുശേഷം ട്രോയിയിൽനിന്നു് ഇത്താക്കയിലേക്കു മടങ്ങുന്ന ഒഡീസിയൂസും (യുലിസിസ്) നാവികസൈനികരും ഈ ദ്വീപിൽ എത്തിച്ചേരുന്നു. ലോട്ടസ് പൂക്കരം കഴിച്ചു് നിവ്വീര്യരും അലസരുമായിത്തീന്ന അവർ സംഘഗാനവും പാടി മയങ്ങിക്കഴിയുകയാണവിടെ. 'യുലിസിസ്സി'ലെ മനോഭാവത്തിനു വിപരീതമായ ഭാവമാണിതിൽ. 'യുലിസിസ്സി'ലെ വീരപുരുഷനായ യുലിസിസ്സ് ഊജ്ജസ്വലനാണ്. ഒരു നവലോകം തേടി, 'തികഞ്ഞ ഇച്ഛാശക്തിയോടെ, 'യത്നിക്കാനും, ആരായാനും, കണ്ടെത്താനും, കീഴടങ്ങാത്ത' ഒരു യാത്രയ്ക്കുകൂടി ഒരുമ്പെട്ടിറങ്ങുകയാണ് യുലിസ്സിസും കൂട്ടരും. മാന്ത്രികപരിവേഷമുള്ളതും നിഗൂഢവുമായ മറെറാരു സുന്ദരകാവ്യമാണ് 'ലേഡി ഓഫ് ഷാലററ്.' ഷാലററിലെ വനിതയ്ക്കു മനുഷ്യരേയോ, വസ്തുക്കളേയോ നേരിട്ടു നോക്കിക്കൂടാ. അവരുടെ കണ്ണാടിയിൽ പതിയുന്ന പ്രതിബിംബങ്ങരം അവർ തന്റെ മാന്ത്രികത്തുണിയിൽ നെയ്തെടുക്കുന്നു. എന്നാൽ സർ ലാൻസിലട്ട് കടന്നുപോകുമ്പോരം അയാളെ നേരിട്ടു കാണണമെന്ന ആഗ്രഹം അവക്കു തടുക്കാനാവുന്നില്ല. അവളുടെമേലുള്ള ശാപം ഫലിക്കുകയും, നദിയിൽകൂടി ഒരു തോണിതുഴഞ്ഞു് കാമിലട്ടിൽ എത്തുമ്പോരം മരിച്ചുവീഴുകയും ചെയ്യുന്നു. അതിമനോഹര വാങ്മയചിത്രങ്ങളും ഉജ്ജ്വലമായ വണ്ണഭംഗിയും കൊണ്ടു് ഇതിലെ ഓരോ ദൃശ്യവും വിശദവും അതിവിശിഷ്ടവുമായിരിക്കുന്നു. വസ്തു ശബ്ദപ്രതീതിവരുത്തുന്ന പദങ്ങളും ഇമ്പമുള്ള സ്വരങ്ങളും അതിസമത്ഥമായി കൂട്ടിയിണക്കി കവി സുഖകരമായ താളലയം സാധിച്ചിരിക്കുന്നു. സ്വരൈക്യമുള്ള ശബ്ദങ്ങളുടെ ആവത്തനംകൊണ്ടു് ആ താളലയത്തിനു് കൊഴുപ്പു കൂട്ടുന്നുമുണ്ടു്. 1842-ൽ പ്രസിദ്ധീകരിച്ച രണ്ടു കവിതാസമാഹാരങ്ങളാണ് ടെനിസന്റെ പദവി ഉറപ്പിച്ചു നിത്തിയതു്. ''ജീവിക്കുന്ന മഹാകവിയെന്നു നിശ്ചയമായും പറയാം''മെന്നാണ് ടെനിസനെക്കുറിച്ചു വേർഡ്സ്വത്ത് അഭിപ്രായപ്പെട്ടതു്. 'മോർട്ട് ഡി ആർതരി'ൽ തുടങ്ങുന്ന രണ്ടാമത്തെ പുസ്തകത്തിലാണ് ടെനിസന്റെ കവിത്വസിദ്ധിയുടെ പരമകാഷ്ഠയിലെത്തിയ 'യുലിസ്സിസ്' 'ലോക്സ്‌ലി ഹാരം', തുടങ്ങിയ ഒട്ടുവളരെ കവിതകരം ഉരംക്കൊള്ളുന്നതു്. 'ദ ന്യൂ വുമൺ' എന്നു് അക്കാലത്തറിയപ്പെട്ടിരുന്ന ആശയത്തെ ഹാസ്യവും ഗൗരവവും കലന്ന സ്വരത്തിൽ കൈകാര്യം ചെയ്യാനുള്ള

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രമമാണ് ദ പ്രിൻസസ്സിൽ കാണുന്നതു്. ബ്ലാങ്ക് വേഴ്സിലാണ് ഇതെഴുതിയിരിക്കുന്നതെങ്കിലും ഇടയ്ക്കിടെ ഒററപ്പെട്ട മനോഹരമായ ഗാനങ്ങളുമുണ്ട്. നമ്മരസം സാന്ദ്രമാണെങ്കിലും വിവരണങ്ങരം സാരവത്തും വിസ്മയനീയവുമാണ്. തൻെറ ഉററചങ്ങാതിയായിരുന്ന ആർതർ ഹെൻറി ഹാലത്തിൻെറ അകാലമൃത്യുവിൽ മനംനൊന്തെഴുതിയ, ദാശ്നികമാനമുള്ള നീണ്ട വിലാപകാവ്യമാണ് ഇൻ മെമ്മോറിയം (1850). ടെനിസൻെറ സഹോദരി എമിലിയുമായി വിവാഹമുറപ്പിച്ചിരുന്ന ഹാലം 1833–ൽ വിയന്നയിൽ വച്ചാണ് അന്തരിച്ചതു്. ഈ വിഷയത്തെക്കുറിച്ച് അനേകം വർഷങ്ങരം അദ്ദേഹം ചിന്തിക്കുകയുണ്ടായി. ജനനമരണങ്ങളെക്കുറിച്ചും, ആധുനിക സിദ്ധാന്തങ്ങരം ഇതിനെ എങ്ങനെ പരിഗണിക്കുന്നുവെന്നതിനെക്കുറിച്ചുമെല്ലാം അദ്ദേഹം അഗാധമായി ചിന്തിച്ചതിനുശേഷമാണ് കാവ്യരചന ആരംഭിച്ചതു്. ഇംഗ്ലണ്ടിൻെറ പ്രകൃതിദൃശ്യങ്ങളുടെ മനോഹരമായ രേഖാചിത്രങ്ങരംകൊണ്ടു് കാവ്യം മോടിപിടിപ്പിച്ചിരിക്കുന്നു. അസാധാരണമായ കരവിരുതോടെയാണ് ഛന്ദസ്സ് കൈകാര്യം ചെയ്തിരിക്കുന്നതു്. തൻെറ ദുഃഖത്തിൻെറ തീക്ഷ്ണത പ്രകടിപ്പിച്ചുകൊണ്ടാണ് കാവ്യം ആരംഭിക്കുന്നതെങ്കിലും എല്ലാ വിലാപകാവ്യങ്ങളേയും പോലെ ഇതു് അവസാനിക്കുന്നതു് പ്രത്യാശയോടെയാണ്. ഇൻ മെമ്മോറിയം ടെനിസൻെറ ഏററവും മഹത്തായ കൃതിയാണെന്നു് ഒട്ടുവളരെപ്പേർ സമ്മതിക്കുന്നുണ്ടെങ്കിലും അതിൽ ഗാഢമായ പുത്തൻ ചിന്തകളോ, വികാരങ്ങളോ ഇല്ല. യഥാർത്ഥദുഃഖത്തിൻെറ ആത്മാർത്ഥമായ ആവിഷ്കാരംതന്നെയാണിതു്. ഇക്കാര്യത്തിൽ മിൽട്ടൻെറ 'ലിസിഡസി'നേയും ഷെല്ലിയുടെ 'അഡൊനേയ്സി'നേയുംകാരം വളരെ മുന്നിലാണ് ടെനിസൻെറ കൃതി എന്നു പറയാം. ബൈബിരം കഴിഞ്ഞാൽ താൻ ഏററവും അധികം ആശ്വാസം കണ്ടെത്തിയിരുന്നതു് ഇൻ മെമ്മോറിയത്തിലാണെന്നു് വിധവയായ വിക്ടോറിയരാജ്ഞി പറയുമായിരുന്നു.

മോഡ് ആൻഡ് അദർ പോയെംസ് (1855) ആശ്ചര്യത്തോടെയാണ് ജനങ്ങരം സ്വീകരിച്ചതു്. ഒരു ഏകാന്തനാടകം എന്നാണ് 'മോഡി'നെ വിശേഷിപ്പിക്കുന്നതു്. കാമിനിയുടെ സഹോദരനെ കൊലപ്പെടുത്തുകയും അതിനുശേഷം ശിഥിലമാനസനായി ഫ്രാൻസിലേക്കു കടന്നുകളയുകയും ചെയ്യുന്ന ഒരു കാമുകൻെറ പ്രേമവും, വിദ്വേഷവും, മോഹവും, നിരാശയും പ്രതിഫലിപ്പിക്കുന്ന ഗാനങ്ങളുടെ ഒരു പരമ്പരതന്നെയുണ്ടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തിൽ. രൂക്ഷമായ പരിഹാസത്തിൻെറയും, ആസക്തിയുടെയും അംശങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യുദ്ധത്തേയും, രക്തച്ചൊരിച്ചിലിനേയും പ്രകീർത്തിച്ചുകൊണ്ടാണ് കാവ്യം അവസാനിക്കുന്നത്.

1859–ലും, 1869–ലും, 1889–ലും ആർതർ രാജാവിനേയും, റൗണ്ട് ടേബിളിനേയും കുറിച്ചുള്ള ഒരോ പരമ്പര ഇഡിൽസ് ഓഫ് ദ കിങ്ങ് എന്ന പേരിൽ ടെനിസൻ പുറത്തിറക്കുകയുണ്ടായി. ഇഡിൽസിൽ മനുഷ്യാത്മാവിൻെറ അന്യാപദേശരൂപം കാണുന്ന ആരാധകൻമാരുണ്ട്. മാലറിയുടെ കഥകളിൽ നിന്നാണ് ഇതിലെ ആഖ്യാനത്തിനു നിദാനമായ സംഭവങ്ങൾ സ്വീകരിച്ചിരിക്കുന്നത്. ഇതര കൃതികളെ അപേക്ഷിച്ച് കൂടുതൽ പ്രചാരം സിദ്ധിച്ച മററൊരു നീണ്ട കാവ്യമാണ് 'ഈനക് ആർഡൻ' (1864). അനേകം വിദേശഭാഷകളിലേക്ക് ഇതു് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ടെന്നു പറയുമ്പോൾത്തന്നെ ഇതിൻെറ പ്രചാരം ഊഹിക്കാവുന്നതേയുള്ളു. കടലിൽ മുങ്ങിമരിച്ചെന്നു കരുതപ്പെട്ടിരുന്ന ഒരു മുക്കുവൻ തിരിച്ചു വരുന്നതും തൻെറ സഹധർമ്മിണി വേറൊരുവനെ വിവാഹം ചെയ്തു സുഖമായി ജീവിക്കുന്നതുകണ്ട് സ്വയം വെളിപ്പെടുത്താതെ ദുഃഖിതനായി മടങ്ങിപ്പോകുന്നതുമാണ് പ്രതിപാദ്യം. ടെനിസോണിയൻ അലങ്കാരങ്ങൾ കാവ്യത്തെ സമ്പന്നമാക്കുന്നു. ഈനക് നാശത്തിൽപെട്ട ഉഷ്ണമേഖലാദ്വീപിനെക്കുറിച്ചുള്ള മനോജ്ഞമായ വർണ്ണനകളാണ് ശ്രദ്ധേയമായ മററൊരു ഘടകം. കുറേക്കൂടി കർക്കശമായ രീതി അവസാനനാളുകളിലെ കവിതകളിൽ നാം കണ്ടെത്തുന്നു.

ഒരുപക്ഷേ, ബ്രിട്ടീഷ് സാഹിത്യത്തിൽ മിൽട്ടനുശേഷമുള്ളവരിൽ ഏററവും അധികം ആത്മാർത്ഥതയോടേയും, ശ്രദ്ധാപൂർവ്വവും പ്രയത്നിച്ചു കലാപരത കൈവരിച്ച കവിയാണ് ടെനിസൺ. കുററമററ ശൈലിയും, സരളവും അലംകൃതവുമായ ഭാഷ പ്രയോഗിക്കുന്നതിലുള്ള അതിശയകരമായ പാടവവും, രംഗവൈവിദ്ധ്യമാർന്ന സംഗീതഗുണവുംകൊണ്ട് സവിശേഷമായിരിക്കുന്നു അദ്ദേഹത്തിൻെറ കവിത. ചരിത്രപരമായി നോക്കുമ്പോൾ കാലഘട്ടത്തിൻെറ യഥാർത്ഥ പ്രതിനിധി എന്ന നിലയിൽ ടെനിസൺ പ്രത്യേക താല്പര്യമുയർത്തുന്നു. അദ്ദേഹത്തിൻെറ കൃതികളുടെ അനിതരസാധാരണമായ ബഹുമുഖത്വം തന്നെ വിഭിന്ന സ്രോതസ്സുകളിൽനിന്നും ഒഴുകിവന്ന അന്നത്തെ തത്ത്വശാസ്ത്രത്തിൻെറ പ്രാതിനിധ്യസ്വഭാവമുള്ളതാണ്. വ്യത്യസ്തങ്ങളായ അനേകം കാര്യങ്ങൾ ആ കവിതകൾക്കു വിഷയമായിട്ടുണ്ട്. ക്ലാസ്സിക്, റൊമാൻറിക് വസ്തുതകൾ മാത്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മല്ല, ആധുനികവിഷയങ്ങൾവരെ അദ്ദേഹം കൈകാര്യം ചെയ്യുന്നു. ഇംഗ്ലീഷ്ചരിത്രത്തിൽനിന്നും, കെൽട്ടിക് ഐതിഹ്യങ്ങളിൽനിന്നും അദ്ദേഹം പ്രതിപാദ്യങ്ങൾ സ്വീകരിച്ചിട്ടുണ്ട്. വിഷയവൈവിദ്ധ്യത്തിൽനിന്നും ഒട്ടും താഴെയല്ല രചനാസമ്പ്രദായങ്ങളുടെ വൈവിധ്യവും വ്യാപ്തിയും. ഇംഗ്ലീഷ് പാരമ്പര്യത്തിന്റെ പൈതൃകത്തിൽ അടിയുറച്ചു നില്ക്കുന്ന കവിയാണ് ടെനിസൺ. ഏകാന്തപഥികനും, അഭിജാതനുമാണെങ്കിലും സാധാരണജനങ്ങളിലും ചില്ലറ കാര്യങ്ങളിലും തല്പരനായിരുന്നു ടെനിസൺ.

വിക്ടോറിയൻ യുഗത്തിലെ ബൗദ്ധികവും, ആത്മീയവുമായ ജീവിതത്തിന്റെ രേഖയെന്ന നിലയിലും ടെനിസന്റെ കവിത പ്രാധാന്യമർഹിക്കുന്നു. യാഥാർത്ഥ്യത്തെ സംശയദൃഷ്ടിയോടെ വീക്ഷിക്കുകയും അതേസമയം ദുർഗ്രാഹ്യമായതിനേക്കുറിച്ച് പരിചിന്തനം നടത്തുകയും ചെയ്യുന്ന പ്രകൃതമായിരുന്നു ടെനിസന്റേതു്. അക്കാരണംകൊണ്ടുതന്നെ തന്റെ നൂററാണ്ടിലെ സന്ദേഹങ്ങളുടേയും, ക്ലേശങ്ങളുടേയും, മതവിശ്വാസങ്ങൾക്കു വേണ്ടിയുള്ള അഭിലാഷങ്ങളുടേയും വക്താവായിത്തീർന്നു അദ്ദേഹം. പ്രകൃതിയെ വളരെ അടുത്തു കണ്ടു പഠിച്ച ടെനിസൺ വേർഡ്സ്വർത്തിനോളമോ, അതിലധികമോ പ്രകൃതിയെപ്പററി പഠിക്കുകയും, ആത്മാർത്ഥവും, സൂക്ഷ്മതരവുമായി പ്രകൃതിസൗന്ദര്യം കവിതയിൽ പകർത്തുകയും ചെയ്തു. ഒരു ശാസ്ത്രജ്ഞന്റെ കാഴ്ചപ്പാടിൽക്കൂടി പ്രകൃതിയെ കാണാനും അദ്ദേഹം ശ്രമിക്കുകയുണ്ടായി. ചിത്രരചനാപരമായ കാര്യങ്ങളിൽ കീററ്സിന്റെ മാർഗ്ഗമാണ് അദ്ദേഹം പിന്തുടർന്നതു്. മിക്കവാറും എല്ലാ കാവ്യങ്ങളിലും പ്രകൃതിദൃശ്യങ്ങളുടെ സുന്ദരമായ വർണ്ണനകൾ കാണാം. കുറെയൊക്കെ വിഷമംപിടിച്ച ഗാനാത്മകതയാണ് അദ്ദേഹത്തിന്റേതു്. എന്നാൽ 'ബ്രേക്, ബ്രേക്, ബ്രേക്,' 'ക്രോസിങ് ദ ബാർ' തുടങ്ങിയ കവിതകളിൽ അദ്ദേഹത്തിന്റെ മഹത്വം തെളിഞ്ഞു കാണുന്നു.

ടെന്നിസൺ തന്റെ രചനകളിൽ കാണിക്കുന്ന ശ്രദ്ധയും, വൈദഗ്ദ്ധ്യവും ആർക്കും നിരാകരിക്കാൻ കഴിയില്ല. അർത്ഥത്തിനു ചേരുന്ന ശബ്ദം പ്രയോഗിക്കുന്ന കാര്യത്തിലും, പ്രാസവും സ്വരസംഗീതവും പാലിക്കുന്നതിലും ടെന്നിസനെ വെല്ലാനാരുമില്ല. ഇംഗ്ലീഷ്ഛന്ദസ്സുപയോഗിക്കുന്നതിലും അദ്ദേഹത്തിന്റെ ശിൽപവൈദഗ്ദ്ധ്യം വ്യക്തമാകുന്നു. 'ദ ബ്രൂക്ക്,' 'വിൽ വാട്ടർ പ്രൂഫ്സ് ലിറിക്കൽ മോണൊലോഗ്സ്' എന്നിവയിലെപ്പോലെ അതിലളിതമായ ശൈലിയിലെഴുതാനും അദ്ദേഹത്തിനു കഴിയും. സമകാലികർക്ക് അദ്ദേഹം ഒരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്ദൈവമായിരുന്നു. ഇളം തലമുറയാകട്ടെ അദ്ദേഹത്തെ ശൈലീശീലങ്ങളേയും, അക്കാലത്തെ പീഡകളെ സൗമനസ്യത്തോടെ അംഗീകരിക്കുന്ന മനോഭാവത്തേയും ശക്തമായി എതിർക്കുകയാണുണ്ടായത്. അദ്ദേഹം ചിരപ്രതിഷ്ഠിതനെന്ന് അംഗീകരിക്കപ്പെട്ടതിന്റെ ഔദ്ധത്യവും അവക്ക് വകവെച്ചു കൊടുക്കാനായില്ല. ഈ ന്യൂനതകളെല്ലാമുണ്ടെന്നുവച്ചാൽത്തന്നെയും കീർത്തിഗോപുരത്തിൽ അദ്ദേഹത്തിന് ഉന്നതമായ സ്ഥാനമുണ്ട്.

ചിട്ടയായ സ്കൂൾ വിദ്യാഭ്യാസമോ സർവ്വകലാശാലാ വിദ്യാഭ്യാസമോ ലഭിക്കാതിരുന്ന കവിയാണ് റോബർട്ട് ബ്രൗണിങ്. (1812—1889). അദ്ദേഹം ധിഷണാശാലിയും വലിയ വായനക്കാരനുമായിരുന്നു. നന്നെ ചെറുപ്പംതൊട്ടുതന്നെ കലാവാസന പ്രകടിപ്പിക്കയും ചെയ്തിരുന്നു. പോപ്പിന്റെ ഹോമർതർജ്ജമയായിരുന്നു ആദ്യകാലത്തു് അദ്ദേഹം ഏററവും കൂടുതൽ ഇഷ്ടപ്പെട്ട കൃതി. പിന്നീട് ബൈറന്റെയും ഷെല്ലിയുടേയും കൃതികളുമായി പരിചയപ്പെട്ടു. ബൈറനെപ്പററി ബ്രൗണിങ് പറഞ്ഞതു്, ''പല കാര്യത്തിലും എനിക്കു മമത ബൈറനോടായിരുന്നു. അദ്ദേഹത്തിന്റെ ഒരു മുടിച്ചുരുളോ, കൈയ്യുറയോ കാണാൻ ഏതു സമയത്തും ഞാൻ ഫിഞ്ച്ലി (ബൈറന്റെ തറവാട്) യിൽ പോകുമായിരുന്നു'' എന്നാണ്. ശൈലിയിലും ആശയങ്ങളുടെ കാര്യത്തിലും ഷെല്ലിയാണ് വളരെക്കാലത്തേക്കു് ബ്രൗണിങ്ങിനെ സ്വാധീനിച്ചതു്.

ബ്രൗണിങ് ഏതു തൊഴിൽ സ്വീകരിക്കണമെന്ന് അന്തിമമായി നിശ്ചയിച്ചതു് ഇത്തരം സ്വാധീനങ്ങളാണ്. തന്റെ തലമുറയോട് പുതുതായി ചിലതു പറയാനുണ്ടെന്നു തോന്നിയ അദ്ദേഹം അതിനു സ്വീകരിച്ച മാർഗ്ഗം കവിതയാണ്. 1832 ആയപ്പോഴേക്കു് ടെന്നിസൺ കവിതകൾ പ്രസിദ്ധീകരിച്ചുതുടങ്ങി. ആദ്യകാലകവിതകളെല്ലാം നിഗൂഢമായ അർത്ഥങ്ങളും, ആശയങ്ങളുംകൊണ്ട് വായിച്ചു മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ളവയായിരുന്നു. ഈ നിഗൂഢത അദ്ദേഹത്തിന്റെ കവിതകളിൽ ആദ്യന്തം അനുഭവപ്പെട്ടിരുന്നുതാനും. കുറെ പ്രായമായതിനുശേഷം മാത്രം അവതരിപ്പിക്കേണ്ട ചിന്തകളും, അഭിപ്രായങ്ങളും ബ്രൗണിങ്ങിന്റെ ആദ്യകാലകൃതികളിൽത്തന്നെ അദ്ദേഹം പ്രകടിപ്പിച്ചിരുന്നു.

1838-ൽ ബ്രൗണിങ് ഇററലിയിലേക്കു് കപ്പൽ കയറി. വളരെ നീണ്ട ഒരു കാലഘട്ടം സന്തോഷകരമായ ജീവിതം നയിച്ചതു് അവിടെയാണ്. ഇററലിയിലെ താമസത്തിനിടയ്ക്കു് അദ്ദേഹം ഏതാനും നാടകങ്ങളെഴുതുകയുണ്ടായി. പ്രഥമനാടകമായ സ്ട്രാഫോഡ് അരങ്ങത്തു് വമ്പിച്ച വിജയമായിത്തീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നു. അദ്ദേഹത്തിന്റെ ഏററവും നല്ല കവിതകളിൽ ചിലതട ങ്ങുന്ന ബെൽസ് ആൻറ് പോമൊഗ്രാനേററ്സിന്റെ ആദ്യ പതിപ്പ് 1841–നും 46–നുമിടയ്ക്കാണ് പ്രസിദ്ധപ്പെടുത്തി യതു്.

എലിസബത്ത് ബാരററ് എന്ന കവയത്രിയുമായി പരി ചയപ്പെടുന്നതു് ഈ സന്ദർഭത്തിലാണ്. അന്നവൾക്ക് നാല്പതും, അദ്ദേഹത്തിനു മുപ്പത്തിനാലുമായിരുന്നു പ്രായം. അവർ പരസ്പ രാനുരാഗബദ്ധരായെങ്കിലും എലിസബത്തിന്റെ പിതാവ് അവരുടെ വിവാഹത്തെ അനുകൂലിച്ചില്ല. കവിതാരചനയൊ ഴികെ മറെറാരു തൊഴിലുമില്ലാത്തവന്റെ കൂടെ എങ്ങനെ ജീവി ക്കുമെന്നതാണ് അതിനദ്ദേഹം കണ്ടെത്തിയ ന്യായം. അവരു ടെ രഹസ്യവിവാഹവും ഇററലിയിലേക്കുള്ള ഒളിച്ചോട്ടവും ബെസ്സിയറുടെ പ്രസിദ്ധമായ ദ ബാരററ്സ് ഓഫ് ഹം പോസ് സ്റ്റീററ് എന്ന നാടകത്തിനു വിഷയമായി. സന്തുഷ്ട മായ വിവാഹജീവിതത്തിന് ഏററവും നല്ല ദൃഷ്ടാന്തമാണ് ബ്രൗണിങ് ദമ്പതികളുടെ ജീവിതം. അവരുടെ ഒന്നിച്ചുള്ള ജീ വിതത്തിൽ ഏറിയപങ്കും കഴിച്ചുകൂട്ടിയതു് ഇററലിയിലാണ്. ഇരുവരുടേയും നല്ല കവിതകളുണ്ടായതും അവിടെവച്ചുതന്നെ.

1861-ൽ ഭാര്യ മരിച്ചതോടെ അങ്ങേയററം ദുഃഖിതനായി ത്തീർന്ന ബ്രൗണിങ് ഇംഗ്ലണ്ടിലേക്കു് മടങ്ങി. പിന്നീടും അദ്ദേ ഹം ഇററലി സന്ദർശിച്ചിട്ടുണ്ട്. ഇതുപോലൊരു യാത്രയ്ക്കിട യ്ക്ക് വെനിസിൽ തങ്ങുമ്പോഴാണ് 1889–ൽ ബ്രൗണിങ് അന്ത രിച്ചതു്.

നാടകീയസ്വഗതാഖ്യാനം (ഡ്രമാററിക് മോണലോഗ്) എന്ന നൂതനമായ കാവ്യരൂപമാണ് ഇംഗ്ലീഷ്കവിതയിൽ ബ്രൗ ണിങ്ങിന്റെ വിലപ്പെട്ട സംഭാവന. തന്റെ പ്രത്യേക സിദ്ധി നാടകീയമാണെങ്കിൽക്കൂടി തന്റെ കൃതികൾ രംഗാവതരണ യോഗ്യമല്ലെന്ന് അദ്ദേഹം കണ്ടെത്തി. നിരന്തരമായി കാവ്യ സപര്യയിലേർപ്പെട്ടിരുന്ന ബ്രൗണിങ് ഏഴോ എട്ടോ നാടക ങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും അവയെല്ലാം ഒരു നാടകകൃത്തെന്ന നിലയിൽ അദ്ദേഹത്തിനുള്ള കുറവുകളെയാണ് തെളിയിക്കു ന്നതു്. കഥയിൽനിന്നകന്നുകൊണ്ടു് കഥാപാത്രങ്ങളെ ചിത്രീ കരിക്കുകയും അവരെ എടുത്തുകാട്ടുകയും ചെയ്യുന്ന നാടകകൃത്തി ന്റെ രീതികൾ അദ്ദേഹത്തിനു പൂർണ്ണമായും സ്വായത്തമായി രുന്നു. എന്നാൽ കഥാപാത്രങ്ങളെ അവരുടെ പ്രവൃത്തികളിൽ ക്കൂടി തുറന്നുകാട്ടുന്ന നാടകീയത അദ്ദേഹത്തിനു തീരെ ഉണ്ടായി രുന്നില്ല. ഒരു നടന്റെ ഏതെങ്കിലും മാനസികാവേശമോ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇംഗിതമോ വിചാരങ്ങളോ അഭിനയിച്ചു ഫലിപ്പിക്കുന്നതിനു മുമ്പുതന്നെ അദ്ദേഹം ഇടസ്സുവച്ചു നിർത്തിക്കളയുന്നു. പന്ത്രണ്ടു പൂർണ്ണമായ കാവ്യങ്ങളടങ്ങുന്ന ദ് റിങ് ആൻറ് ദ ബുക്കിൽ (1868—69) ഒരേയൊരു ഇതിവൃത്തമേയുള്ളൂ. മനുഷ്യമനസ്സിൻെറ ഉള്ളിലുള്ള ലോകം കണ്ടെത്തുകയായിരുന്നു ബ്രൗണിങ്ങിനു ഏററവും കൂടുതൽ താല്പര്യം.

നാടകീയ സ്വഗതാഖ്യാനത്തിൻെറ ഒരു പ്രത്യേകതയാണ് എല്ലാ കവിതയിലും ഒരാൾ മാത്രമേ സംസാരിക്കുന്നുള്ളുവെന്നതു്. അതുകൊണ്ടാണ് അത്തരം കവിതകൾക്ക് 'മോണലോഗ്' എന്നു പറയുന്നതു്. എന്നാൽ ഇതു് ആത്മഗതം മാത്രമല്ല. നാടകീയ സ്വഗതാഖ്യാനം ഒന്നോ അതിലധികമോ ശ്രോതാക്കളെ അഭിസംബോധനചെയ്യുന്നു. കേൾവിക്കാർ പക്ഷേ, യാതൊന്നും സംസാരിക്കുന്നില്ല. (അവരുംകൂടി സംസാരിച്ചിരുന്നെങ്കിൽ കാവ്യം 'മോണലോഗിനു പകരം, 'ഡയലോഗ്' ആകുമായിരുന്നു!) വക്താവിൻെറ വാക്കുകൾ ശ്രോതാക്കൾ ശ്രദ്ധിക്കുന്നു; അവരിൽ ഉണ്ടാകുന്ന പ്രതികരണങ്ങൾ ആഖ്യാനം ചെയ്യുന്ന കഥാപാത്രം കാണുന്നുണ്ടു്. നാടകീയ സ്വഗതാഖ്യാനം നാടകീയമാകുന്നതിനുള്ള കാരണം കാവ്യത്തിൽ അവതരിപ്പിക്കപ്പെടുന്ന അഭിപ്രായങ്ങൾ വക്താവിൻെറതന്നെ ആണെന്നുള്ളതാണ്. ബ്രൗണിങ്ങിൻെറ സ്വന്തവീക്ഷണങ്ങളായിരുന്നു അവതരിക്കപ്പെട്ടിരുന്നതെങ്കിൽ അവ 'ലിറിക്ക്' ആയിത്തീരുമായിരുന്നു.

ബ്രൗണിങ്ങിൻെറ സ്വഗതാഖ്യാനങ്ങളെ രണ്ടു ഗണത്തിൽ പ്പെടുത്താം. 'ഒരു നാഴികക്കുള്ളിൽ നടക്കുന്ന ഒരാത്മാവിൻെറ ചരിത്രം' പറയുന്നതാണ് അതിലൊന്നു്. ഇവയിൽ ബ്രൗണിങ് മനുഷ്യഹൃദയത്തിൻെറ ആഴങ്ങളിലേക്കു ചുഴിഞ്ഞിറങ്ങുന്നു. സിദ്ധാന്തങ്ങളെ മാറെറാലികൊള്ളിക്കുന്ന സ്വരത്തിൽ ഉറപ്പിച്ചു പറയുന്നതാണ് മറേറതു്. രണ്ടാമത്തെ വിഭാഗത്തെ അപേക്ഷിച്ച് ആദ്യവിഭാഗത്തിലുള്ള കവിതകൾ ഔന്നത്യം പുലർത്തുന്നു. ഇത്തരം കവിതകളിൽ മനുഷ്യമനസ്സിൻെറ അഗാധതകളുളക്കുന്ന ബ്രൗണിങ്, ആഴത്തിലിറങ്ങുകയും നല്ലതും ചീത്തയും അന്ധവുമായ ലക്ഷ്യങ്ങളുടേയും പശ്ചാത്താപങ്ങളുടേയും ആത്മവഞ്ചനകളുടേയും സങ്കീർണ്ണതകളുടേയും ഊരാക്കുടുക്കുകൾ അഴിക്കുകയും ചെയ്യുന്നു. ഒന്നോ, അതിലധികമോ ശ്രോതാക്കൾ നാടകീയസ്വഗതാഖ്യാനങ്ങൾക്കുണ്ടായിരിക്കണമെന്നതു നിർബ്ബന്ധമാണ്. ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏററവും നിർണ്ണായകമായ ഒരു സന്ദർഭമായിരിക്കും ആഖ്യാനത്തിനു തെരഞ്ഞെടുക്കുക. ബ്രൗണിങ്ങിൻെറ കവിതതന്നെ സാഹചര്യങ്ങളു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ടെ സൃഷ്ടിയാണ്). അനുയോജ്യമായ ഒരു സന്ദർഭം ലഭിച്ചുകഴിഞ്ഞാൽ ആ വ്യക്തിയുടെ അപ്പോഴത്തെ സാഹചര്യമോ അയാളുടെ പൂർണ്ണവിവരങ്ങളോ വെളിവാക്കുന്നു. 'ഫ്രാലിപ്പോ ലിപ്പി'യിൽ ഈ രീതിയാണു സ്വീകരിച്ചിരിക്കുന്നത്. ചിത്രകാരനായ സന്യാസി നിശയുടെ നിശ്ശബ്ദതയിൽ ഫ്ളോറൻസ് നഗരത്തിലെ വൃത്തികെട്ട തെരുവിൽനിന്നു കടന്നുവരുമ്പോഴാണ് പാറാവുകാർ അയാളെ പിടികൂടുന്നത്. അപകീർത്തികരമായ സാഹചര്യത്തിൽ പിടിക്കപ്പെട്ട അയാൾ അതിനു വിശദീകരണം നൽകേണ്ടതുണ്ട്. അങ്ങനെയാണ് ഫ്രാലിപ്പോ എന്ന ആ ചിത്രകാരൻ തന്റെ കഥ മുഴുവൻ അവരോടു പറയുന്നതും ചിത്രരചനയെപ്പററി തനിക്കുള്ള വീക്ഷണങ്ങൾ വെളിവാക്കുന്നതും. പാറാവുകാരുടെ ക്യാപ്ററനോടും അയാളോടൊപ്പമുള്ള ഭടൻമാരോടുമാണ് ഫ്രാലിപ്പോ സംസാരിക്കുന്നത്. സംഭവം നടക്കുന്നതിന്റെ പശ്ചാത്തലവും അവസരവും അയാളുടെ വാക്കുകളിൽനിന്നു തന്നെ സ്വഷ്ടമാകുന്നുണ്ട്. കേൾക്കുന്നവരുടെ പ്രതികരണംപോലും ആഖ്യാതാവിന്റെ വാക്കുകളിൽനിന്നറിയാൻ കഴിയുന്നു. 'ആൻഡ്രിയ ഡെൽ സാർട്ടോ,' 'ദ ലാസ്റ്റ് ഡച്ചസ്സ്,' 'ദ ബിഷപ്പ് ഓർഡേർസ് ഹിസ് ററൂം അററ് സെയ്ൻററ് പ്രാക്സിഡ്സ് ചർച്ച്,' 'ബിഷപ്പ് ബ്ലൂഗ്രാംസ് അപ്പോളജി' എന്നീ കവിതകളിലെല്ലാം ഇതേ രീതിയാണ് പിന്തുടർന്നിരിക്കുന്നത്. ഈ സ്വഗതാഖ്യാനങ്ങളിലെല്ലാം തന്നെ ഒന്നോ അധിലധികമോ കേൾവിക്കാരുണ്ട്. സംഭവത്തിന്റെ രംഗചിത്രീകരണവും അതിൽത്തന്നെ അടങ്ങിയിരിക്കുന്നു.

രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്ന സ്വഗതാഖ്യാനങ്ങൾക്ക് ആദ്യം പറഞ്ഞ തരത്തിലുള്ള യാഥാർത്ഥ്യബോധമോ, നാടകീയതയുടെ ദൃഢബദ്ധതയോ ഇല്ലെന്നു പറയാം. ഇവ ബ്രൗണിങ്ങിന്റെ ജീവിതദർശനങ്ങൾ ആവിഷ്കരിക്കുന്ന കവിതകളാണ്. കവിയുടെ ശുഭാപ്തിവിശ്വാസം നേരെ ആവിഷ്കരിക്കുന്ന കവിതയാണ് 'റബ്ബൈ ബെൻ എസ്ര.' വാർദ്ധക്യകാലത്തെ ദ്യോതിപ്പിക്കുന്ന ഒരു കവിതയാണെങ്കിലും യൗവനത്തിലെ ചുറുചുറുക്കിന്റെയും, സാഹസികതകളുടേയും നിശ്വാസമുതിരുന്നതാണിത്. ബ്രൗണിങ്ങിന്റെ കവിതജീവിതത്തിന്റെ ഉത്തരാർദ്ധത്തിൽപ്പെടുന്ന ഈ കവിതകളിൽ മാനസികാപഗ്രഥനത്തേക്കാൾ ജീവിതത്തെക്കുറിച്ചുള്ള പര്യാലോചനകളും യുക്തികളും ഉൽബോധനങ്ങളുമാണ് നിറഞ്ഞുനിൽക്കുന്നത്. ആദ്യകാലസ്വഗതാഖ്യാനങ്ങൾ ബ്ലാങ്ക്വേഴ്സിലാണു രചിക്കപ്പെട്ടതെന്നും ഇവിടെ ഓർക്കേണ്ടതുണ്ട്. സ്വതന്ത്രവും ഊർജ്ജസ്വലവുമായ താളബോധവും പുളകംകൊള്ളിക്കുന്ന സാധാരണ സം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷണരീതികളും അവയുടെ പ്രത്യേകതകളാണ്. ഈ സ്വഭാവം അനന്തരകാലകവിതകളിൽ അനുഭവപ്പെടുന്നില്ല. സംഗീതാത്മകമായ ശീലുകൾക്കാണ് അവയിൽ പ്രാധാന്യം കല്പിച്ചിരിക്കുന്നതു്. 'റബ്ബെ ബെൻ എസ്ര' 'ദ ഗ്രമേറിയൻസ് ഫ്യൂണറൽ', 'അബ്റ്റ് വോഗ്ളർ' എന്നിവ ഇതിനുദാഹരണമായി ചൂണ്ടിക്കാട്ടാം.

നാടകങ്ങൾക്കും നാടകീയസ്വഗതാഖ്യാനങ്ങൾക്കും പുറമെ 'ബൈ ദ ഫയർ സൈഡ്'', 'ലൈഫ് ഇൻ എ ലവ്'', 'ലവ് ഇൻ എ ലൈഫ്'' തുടങ്ങിയ ഏതാനും പ്രേമകാവ്യങ്ങളും ബ്രൗണിങ്ങ് രചിച്ചിട്ടുണ്ടു്. ഇവയിൽ ഏററവും ഉദാത്തമെന്നു പറയാവുന്നതാണ് 'വൺ വേഡ് മോർ'. 'മെൻ ആൻറ് വിമെൻ' എന്ന പേരിലുള്ള അമ്പതു നാടകീയസ്വഗതാഖ്യാനങ്ങളുടെ സമാഹാരത്തിലെ അവസാനത്തെ കവിതയാണ് 'വൺ വേഡ് മോർ'. കവി തൻെറ ഭാര്യയെ അഭിസംബോധന ചെയ്തുകൊണ്ടെഴുതിയ കവിതയാണിതു്. തൻെറ ഒരേ ഒരു പ്രേമഭാജനത്തിനു സമപ്പിക്കാൻവേണ്ടി തൻെറ സ്ഥിരം പ്രവത്തനമേഖലയിൽനിന്നും വ്യത്യസ്തമായ മാദ്ധ്യമം സ്വീകരിക്കാത്ത കലാകാരന്മാരില്ല എന്നദ്ദേഹം പറയുന്നു. ബ്രൗണിങ് തൻെറ ഭാര്യയോടുള്ള തീവ്രമായ പ്രേമം പ്രകടിപ്പിക്കുന്ന 'വൺ വേഡ് മോർ.' എന്ന കവിത ഇംഗ്ലീഷ് കവിതാസാഹിത്യത്തിലെ അതിവിശിഷ്ടമായ കവിതകളിലൊന്നായിരിക്കുന്നു.

മറെറാരു സുന്ദരകാവ്യമായ 'പ്രോസ്പിസ്'', ('പ്രത്യാശ' എന്നത്ഥം) മരണത്തോടുള്ള വെല്ലുവിളിയാണ് പ്രകടിപ്പിക്കുന്നതു്. ഒരു ധീരയോദ്ധാവാണ് കവിതയിലെ നായകൻ ഒരു ക്ലേശലേശംകൂടാതെ അവസാനംവരെ താൻ പോരാടും എന്നാണ് അയാളുടെ പ്രതിജ്ഞ. കാരണം മരണത്തിനുശേഷം തനിക്ക തൻെറ പ്രാണപ്രേയസിയെ സ്വർഗ്ഗത്തിൽ കണ്ടുമുട്ടാമെന്ന യാൾ പ്രത്യാശിക്കുന്നു. ഏതു കാവ്യരൂപവും തനിക്കു് അനായാസം കൈകാര്യം ചെയ്യാനാകുമെന്നു് ദാർശനികനായ ബ്രൗണിങ് തെളിയിക്കുന്നു. കുട്ടികളിഷ്ടപ്പെടുന്ന ആവേശകരമായ ആഖ്യാനകവിതകളും അദ്ദേഹം രചിച്ചിട്ടുണ്ടു്. 'ഹർവ് റീൽ', 'ഹൗ ദേ ബ്രോട്ട് ദ ഗുഡ് ന്യൂസ് ഫ്രം ഖെൻറ് റ്റു ഐക്സ' 'ആൻ ഇൻസിഡൻറ് ഓഫ് ദ ഫ്രെഞ്ച് കാമ്പ്,' 'ദ പൈഡ്പൈപ്പർ ഓഫ് ഹാംലിൻ '' എന്നിവയാണ് ഇത്തരം ആഖ്യാനകവിതകൾക്കുദാഹരണങ്ങൾ.

ബ്രൗണിങ്ങിൻെറ കാവ്യനാടകമായ 'പിപ്പാ പാസ്സസി' നെക്കുറിച്ചും ഒരു വാക്ക പറയേണ്ടിയിരിക്കുന്നു. നെയ്ത്തുശാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലയിലെ തൊഴിലാളിയാണ് പിപ്പാ എന്ന പെൺകുട്ടി. അവളുടെ തൊഴിൽജീവിതത്തിലെ ഏക വാർഷികാവധിദിനമാണ് നാടകത്തിൻെറ പശ്ചാത്തലം. ആ ഒരു ദിവസമെങ്കിലും പൂർണ്ണസന്തോഷവതിയായിരിക്കാൻ അവരം ആഗ്രഹിക്കുന്നു. അവളുടെ നാട്ടിൽ ഏററവും സന്തോഷത്തോടെ ജീവിക്കുന്നവെന്നു് അവരം വിശ്വസിച്ചിരുന്നവരിൽ ഒരാളാണു് താനെന്നു കരുതിക്കൊണ്ടു് ആ കൊച്ചു പട്ടണത്തിലൂടെ പാട്ടും പാടി മന്ദമായി നടന്നു നീങ്ങുകയാണു് പിപ്പാ. യഥാർത്ഥത്തിൽ അവരെല്ലാം ആത്മീയമായ അധഃപതനത്തിൻെറ വക്കത്താണു്. പിപ്പായുടെ ഗാനം അവരെ ചലിപ്പിക്കുകയും, നാശത്തിൽ നിന്നും രക്ഷിക്കുകയും ചെയ്യുന്നു.

ദാശ്നികന്മാരായ കവികളിൽ പ്രഥമഗണനീയനാണു് ബ്രൌണിങ്ങ് എന്നു കരുതപ്പെടുന്നു. ഇക്കാരണംകൊണ്ടുതന്നെ അദ്ദേഹത്തിൻെറ പ്രധാനപ്പെട്ട ആശയങ്ങരം എന്തൊക്കെയെന്നു് അറിഞ്ഞിരിക്കേണ്ടതുണ്ടു്. തൻെറ കവിതകളിൽക്കൂടി ആവിഷ്കരിച്ച ആശയങ്ങളെല്ലാം ബ്രൌണിങ്ങിൻെറ സ്വന്തവിശ്വാസങ്ങളാണെന്നു് തെററിദ്ധാരണ ഉണ്ടാകാൻ പാടില്ല. അദ്ദേഹത്തിൻെറ കൃതികളിൽ ഒരു വലിയ പങ്കം നാടകീയ സ്വഗതാഖ്യാനങ്ങളാണെന്നു പറഞ്ഞല്ലോ. അവയിൽക്കൂടി ആവിഷ്കരിക്കുന്ന ആശയങ്ങളും വിശ്വാസപ്രമാണങ്ങളും അവയിലെ വക്താവിൻേറതു മാത്രമായിരിക്കും. എന്നിരുന്നാലും എല്ലാ കവിതകളിലും ഒന്നുപോലെ ആവിഷ്കരിക്കുന്ന ചില മൗലികാശയങ്ങളുണ്ടു്. അത്തരം ദൃഢവിശ്വാസങ്ങളെന്തൊക്കെയാണെന്നു് അദ്ദേഹത്തിൻെറ കൃതികളിൽനിന്നും നാം മനസ്സിലാക്കുന്നു.

സർവ്വശക്തനായ ഒരീശ്വരൻ ഉണ്ടെന്നുള്ള വിശ്വാസം അദ്ദേഹത്തിൻെറ ജീവിതനിരീക്ഷണങ്ങളിൽനിന്നു തെളിയുന്നു. ഇതു് ചർച്ചാവിഷയമോ വാദവിഷയമോ ആയ ഒരു സംഗതി അല്ല. സർവ്വശക്തനും, സർവ്വജ്ഞനുമായ ഈ പ്രതിഭാസം വിശ്വപ്രേമത്തിൻെറ മൂർത്തിക്കൂടിയാണു്. മറെറാരു വിധത്തിൽ പറഞ്ഞാൽ ഈ ശക്തിയുടെ അഭേദ്യമായ ഗുണം ദൈവം സ്നേഹമാണെന്നതാണു്.

സർവ്വത്തേയും സ്നേഹിക്കുന്ന ഈശ്വരൻ സൃഷ്ടിച്ച ഒരു ലോകത്തിൽ എന്തുകൊണ്ടു് ദുഷ്ടതകളും, യാതനകളും നിലനില്ക്കുന്നു എന്നതിനു് തൃപ്തികരമായ വിശദീകരണം നല്ലാത്തം ദാർശനികസിദ്ധാന്തങ്ങളൊന്നുംതന്നെ മൂല്യവത്താവില്ല. പ്രപഞ്ചത്തെ നയിക്കുന്ന ധാർമ്മികമായ മൂലതത്വങ്ങളും ലോകസ്വഭാവമായ പീഡകളും, ക്ലേശങ്ങളും തമ്മിലൊരു അനുരഞ്ജനമാണു് ബ്രൌണിങ്ങ് സാധിക്കുന്നതു്. ഒരിക്കലും പൂർണ്ണമായി എത്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ച്ചേരാത്ത അഥവാ എത്തിച്ചേരാനാവാത്ത ദിവ്യമായ ആദർശത്തിനുവേണ്ടിയുള്ള നിരന്തരമായ ഉദ്യമമാണ് ജീവിതം. പരിപൂർണ്ണമായ സാക്ഷാത്കാരം നേടുന്നതിലുള്ള പ്രയത്നത്തിലാണ് ജീവിതമൂല്യങ്ങൾ അടങ്ങിയിരിക്കുന്നത്. സാക്ഷാത്കാരമല്ല, അതിനുള്ള യത്നമാണു പ്രധാനം. പൂർണ്ണതയിലെത്തിച്ചേരാനുള്ള പരിശ്രമത്തിലാണ് നാമെങ്കിൽ നമ്മൾ പൂർണ്ണതയുള്ളവരല്ല എന്നാണല്ലോ അർത്ഥം. അപൂർണ്ണതയാണ് ജീവിതത്തിന്റെ അവസ്ഥ. എതിരാളിയില്ലെങ്കിൽ വിജയമില്ല. ലോകത്തിന്റെ ഇന്നത്തെ നിലയാണ് മനുഷ്യരാശിയുടെ ഏററവും അനുയോജ്യമായ അവസ്ഥയെന്ന അലക്സാണ്ടർ പോപ്പിന്റെ ആദർശത്തോട് ബ്രൌണിങ് യോജിക്കുന്നില്ല. ഇന്നത്തെ അവസ്ഥ അനഭിലഷണീയമാണെന്നും അഭിലഷണീയമായ ഒരവസ്ഥ കൈവരിക്കാനുള്ള ഒരവസരമാണ് മനുഷ്യജീവിതമെന്നും അദ്ദേഹം കരുതുന്നു. ഓരോ തെററും, ഓരോ തിന്മയും, നമ്മുടെ നേർക്കുള്ള വെല്ലുവിളിയും അതിനെ നേർവഴിക്കു നയിക്കാൻ നമുക്കു ലഭിക്കുന്ന അവസരവുമാണ്. തെററു തിരുത്താനുള്ള ആത്മാർത്ഥമായ ശ്രമമാണ് ജീവിതമൂല്യങ്ങൾ അളക്കുന്നതിന്റെ യഥാർത്ഥ മാനദണ്ഡം. നന്മയെപ്പോലെതന്നെ ശാശ്വതമാണ് തിന്മയും. അധർമ്മം നിലനില്ക്കുന്നുവെന്നതാണ് അതിനെ എതിക്കാൻ ഒരുവനെ പ്രേരിപ്പിക്കുന്ന ശക്തി. നിസ്സംഗതയാണ് മനുഷ്യന്റെ കൊടിയ പാപം. കർമ്മം ചെയ്യാതിരിക്കുന്നത് അധർമ്മമാണ്. കർമ്മം ചെയ്യാതിരിക്കുന്നത് പാപമാണെന്ന പാഠമാണ് 'സ്റ്റാച്യ ആൻറ് ദ ബസ്ററ്,' 'ലവ് ഇൻ എ ലൈഫ്'' എന്നീ കവിതകളിലെ പ്രമേയം.

അധർമ്മത്തിന്റെ വിളയാട്ടവും അതിനെ ഇല്ലാതാക്കുന്നതിലുള്ള നമ്മുടെ പരാജയവും ബ്രൌണിങിന്റെ ജീവിതവീക്ഷണത്തെ കെടുത്തുന്നില്ല. ഈ ലോകജീവിതത്തിനുശേഷം മറെറാരു ജന്മമുണ്ടെന്നാണ് അദ്ദേഹത്തിന്റെ വിശ്വാസം. അവിടെ നമ്മുടെ വീഴ്ചകളേയും അപര്യാപ്തതകളേയും പരിഹരിച്ച് സാക്ഷാൽകരിക്കുന്ന ഈശ്വരനുണ്ട്. നേട്ടങ്ങളല്ല നേട്ടങ്ങൾക്കുവേണ്ടിയുള്ള ഉദ്യമമാണ് മനുഷ്യന്റെ ജീവിതവിജയത്തിനുള്ള യഥാർത്ഥ പരീക്ഷ. ഭൗതികലോകം നമ്മെ വിലയിരുത്തുന്നത് നമ്മുടെ നേട്ടങ്ങളുടെ അടിസ്ഥാനത്തിലാകാം. എന്നാൽ നമ്മുടെ നല്ല ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും ദൈവം നമ്മെ വിലയിരുത്തുന്നത്. ലക്ഷ്യം എത്ര ഉന്നതമായിരിക്കുന്നുവോ, വിജയവും അത്രകണ്ട് മഹത്തായിരിക്കും. ബ്രൌണിങിന്റെ അഭിപ്രായത്തിൽ പരാജയങ്ങൾക്കാണ്‌ദൈവത്തിന്റെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവസാനവിധിയിൽ സ്ഥാനം ലഭിക്കുന്നത്. കാരണം വലിയ കാര്യങ്ങൾക്കാണ് എപ്പോഴും പരാജയം സംഭവിക്കുന്നത്. ലോകത്തിലെ നന്മകളൊന്നും ഒരിക്കലും നശിക്കുന്നില്ല. ഇവിടത്തെ പരാജയങ്ങൾ പരലോകത്തിലെ വിജയങ്ങളായി മാററപ്പെടുന്നു. ''ഭൂമിയിൽ എല്ലാം മുറിഞ്ഞ വൃത്തഖണ്ഡങ്ങളാണ്, സ്വർഗ്ഗത്തിലോ അവ പൂർണ്ണവൃത്തങ്ങളാകുന്നു.''

നേടാൻ കഴിയുന്നതിനും അപ്പുറത്താണ് മഹാശയൻെറ ലക്ഷ്യങ്ങളെന്ന് ഇതിൽനിന്നും അർത്ഥമാകുന്നു. ''ഒരു മനുഷ്യൻെറ പ്രാപ്തി അയാളുടെ ഗ്രഹണശക്തിയെ മറികടക്കണം. അല്ലെങ്കിൽ പിന്നെന്തിനാണ് ഈ സ്വർഗ്ഗം?'' അദ്ദേഹം ചോദിക്കുന്നു. ഉൽകൃഷ്ടനായ ഒരുവനും നിസ്സാരനായ ഒരുവനും തമ്മിലുള്ള അന്തരം ശ്രദ്ധേയമായ ഒരു കവിതയിലൂടെ അദ്ദേഹം വെളിവാക്കുന്നു.

എളിയ വസ്തുക്കളെന്വേഷിക്കുന്ന അല്പൻ
അതു കണ്ടെത്തി, കൈവശമാക്കുന്നു,
ഉൽകൃഷ്ടാശയങ്ങളുടെ പിമ്പേ പോന്നവനാകട്ടെ
അതെന്താണെന്നറിയുംമുമ്പു മരിക്കുന്നു
ഒന്നോടൊന്നു കൂട്ടിപ്പോന്ന നിസ്സാരൻ
ലക്ഷ്യശതത്തിൽ പെട്ടെന്നെത്തുന്നു
ദശലക്ഷങ്ങൾ മോഹിക്കുന്നവ-
നംശം പോലും കിട്ടുന്നില്ല.

ബ്രൌണിങ്ങിൻെറ കവിതകൾക്കെതിരെയുള്ള ഒരാരോപണം അവ അവ്യക്തമാണെന്നാണ്. അതിനെക്കുറിച്ചുകൂടി ഒരു വാക്ക് സോർഡെല്ലോ എന്ന കാവ്യം പ്രസിദ്ധീകരിച്ചപ്പോൾ മിസ്സിസ് കാർലൈലിൻെറ ആക്ഷേപമുയർന്നു. കവിത വായിച്ചു കഴിഞ്ഞിട്ടും സോർഡെല്ലോ ഒരു സ്ഥലത്തിൻെറ പേരാണോ അതോ ഒരു വ്യക്തിയുടേയോ ഗ്രന്ഥത്തിൻെറയോ പേരാണോ എന്നു തനിക്കു വ്യക്തമായില്ലെന്നായിരുന്നു അവരുടെ ആക്ഷേപം. രോഗവിമുക്തനായി വന്ന ഒരു കലാവിമർശകൻ ഈ കവിത വായിക്കാനിടയാകുകയും ഒരു വാക്കുപോലും മനസ്സിലാവാതെ തരിച്ചിരുന്നു പോകുകയും ചെയ്തു. അസുഖം തൻെറ പ്രജ്ഞയെ തകർത്തുകളഞ്ഞെന്നും അതിനാലാണ് തനിക്ക് കാവ്യത്തിൻെറ ഒരംശവും മനസ്സിലാകാതെ പോയതെന്നും അയാൾ വിലപിച്ചു. കാവ്യം മുഴുവൻ വായിച്ച മററൊരു വിമർശകൻ പറഞ്ഞു, തനിക്ക് അതിൽ രണ്ടു വരികൾ മാത്രമേ ഗ്രഹിക്കാൻ കഴിഞ്ഞുള്ളുവെന്ന്. 'ആരാണോ സോർഡെല്ലോയുടെ കഥ കേൾക്കാനാഗ്രഹിക്കുന്നത്, അവർക്കുവേണ്ടിയാണ് ഇതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പറയുന്നതു്'' എന്ന ആദ്യവരിയും, 'ആരാണോ, സോർഡെല്ലോയുടെ കഥ കേൾക്കാനിഷ്ടപ്പെട്ടതു്, അവർ സോർഡെല്ലോയുടെ കഥ കേട്ടുകഴിഞ്ഞു' എന്ന അവസാനവരിയുമാണു്, പ്രസ്തുത നിരൂപകൻ മനസ്സിലാക്കിയ രണ്ടേരണ്ടു വരികൾ.

തൻെറ കവിത അസ്പഷ്ടമാണെന്ന ആരോപണമുയൎന്നപ്പോൾ ബ്രൗണിങ് പറയുകയുണ്ടായി, അവ താൻ മനഃപൂർവ്വം ദുർഗ്രാഹ്യമാക്കാൻ ശ്രമിക്കുന്നതല്ലെന്നു്. അതേസമയം അദ്ദേഹം മറെറാന്നുകൂടി വ്യക്തമാക്കി. അലസനായ ഒരുവനു് ചുരുട്ടു വലിക്കുന്നതിനോ, ഡോമിനോ കഴിക്കുന്നതിനോ പകരമായി ഉപയോഗിക്കാവുന്നതല്ല തൻെറ കവിത.

ബ്രൗണിങ്ങിൻെറ കവിതയുടെ അവ്യക്തതയ്ക്കു കാരണം ചുരുക്കി പ്രതിപാദിക്കാം. ആശയങ്ങൾകൊണ്ടു തിങ്ങി നിറഞ്ഞിരിക്കുകയാണു് അദ്ദേഹത്തിൻെറ മനസ്സു്. ഒരാശയം വ്യക്തമായി ആവിഷ്കരിക്കുന്നതിനു മുൻപുതന്നെ മറെറാന്നു് പുറത്തു ചാടാനായി മുറവിളി കൂട്ടുന്നു. അങ്ങനെ വരുമ്പോൾ ആദ്യത്തെ ആശയത്തിനു് വാക്കുകളിലൂടെയുള്ള ആവിഷ്കാരം പൂർത്തിയാക്കുന്നതിനു മുൻപു് രണ്ടാമത്തെ ആശയത്തെ പകർത്തേണ്ടി വരുന്നു. ആവശ്യമായ വാക്കുകൾപോലുമുപേക്ഷിച്ചു് ടെലിഗ്രാഫിക് സന്ദേശത്തിൻെറ രീതിയിലായിപ്പോകുന്നു ചിലപ്പോൾ അദ്ദേഹത്തിൻെറ ശൈലി. അപൂർവ്വവും അപരിചിതവുമായ പദങ്ങളുപയോഗിക്കുന്നതിൽ അദ്ദേഹത്തിനു പ്രത്യേക വാസനയുമുണ്ടായിരുന്നു. തനിക്കു പ്രാപ്യമായ എല്ലാ നിഘണ്ടുക്കളും അദ്ദേഹം ഉപയോഗിക്കുമായിരുന്നു. ഇങ്ങനെ ആകെക്കൂടി ഞെരുക്കിയമൎന്ന ഒരു ശൈലിയിലാണു് ബ്രൗണിങ് എഴുതിപ്പോന്നതു്. ഇതിനൊക്കെ പുറമെ, നാടകീയസ്വഗതാഖ്യാനങ്ങൾക്കു് ആകസ്മികമായ ഒരു തുടക്കവും വേണ്ടിയിരുന്നു. കവിത മനസ്സിലാക്കുന്നതിനുള്ള ഒരു സമാനരൂപം കവി നൽകിയതുമില്ല. കവിയെപ്പോലെ അസ്പഷ്ടമായ ആശയങ്ങളുൾക്കൊള്ളുന്ന കഥാപാത്രങ്ങളെക്കുറിച്ചു് അനുവാചകനു് ശരിയായ ധാരണകളുണ്ടെന്നാണു് അദ്ദേഹം കരുതിയതു്. എന്നാൽ അദ്ദേഹത്തിൻെറ കുറെ കവിതകൾ വായിക്കുകയും കവിയുടെ ശൈലീപരമായ പ്രത്യേകതകളും ശീലവൈകൃതങ്ങളുമായി സമ്പർക്കം പുലൎത്തുകയും ചെയ്യുന്നതോടെ ഈ അവ്യക്തത ക്രമേണ കുറഞ്ഞു വരുന്നു.

അദ്ദേഹത്തിൻെറ കൃതികളുടെ വൈപുല്യവും, വൈവിധ്യവും കണക്കിലെടുക്കുകയും, ആശയങ്ങളുടെ തനതായ കല്പനാവൈഭവം പരിഗണിക്കുകയും ചെയ്യുമ്പോൾ ബ്രൗണിങ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇംഗ്ലീഷ് കവിതാരംഗത്തെ മഹാരഥന്മാരുടെ മുൻനിരയിലാണെന്നുള്ളതിനു സംശയമില്ല.

റഗ്ബിയിലെ പ്രസിദ്ധനായ ഹെഡ്മാസ്റ്റർ തോമസ് ആർനാൾഡിൻെറ സീമന്തപുത്രനാണ് മാത്യു ആർനാൾഡ് (1822—1888) വിഞ്ചസ്റ്ററിലും റഗ്ബിയിലും ഓക്സ്ഫേഡിലെ ബേലല്യൽകോളേജിലുമായിട്ടാണ് മാത്യു ആർനാൾഡു വിദ്യാഭ്യാസം പൂർത്തിയാക്കിയതു്. പിന്നീടു് ഓക്സ്ഫേഡിലെ ഓറിയൽകോളേജിലെ 'ഫെലോ' ആയിത്തീൎന്നു. ഓക്സ്ഫേഡ് വിട്ടു് അധികം താമസിയാതെ പ്രഥമ കവിതാ സമാഹാരമായ ദ സ്ട്രേയ്ഡ് റെവെലർ ആൻറ് അദർ പോയംസ് (1849) പ്രസിദ്ധപ്പെടുത്തി.

1851-ൽ ഇൻസ്പെക്ടർ ഓഫ് സ്കൂൾസ് ആയി അദ്ദേഹം നിയമിതനായി. തൊട്ടടുത്ത വൎഷം എംപിഡോക്ലിസ് ഓൺ എററ്നാ ആൻറ് അദർ പോയംസ് എന്ന ഹ്രസ്വമായ കവിതാസമാഹാരം വെളിച്ചം കണ്ടു. എന്നാൽ അമ്പതുപ്രതികൾപോലും ചെലവാകുന്നതിനു മുൻപ് ഈ കൃതി അദ്ദേഹം പിൻവലിച്ചു. ഗ്രന്ഥനാമം സ്വീകരിച്ചിരുന്ന കവിത അദ്ദേഹത്തിനു തൃപ്തികരമല്ലാതിരുന്നതുകൊണ്ടാണ് ഈ കൃതി പിൻവലിച്ചതു്. 1853—ൽ പോയംസ് ബൈ മാത്യു ആർനാൾഡ് പ്രകാശിതമായി. നേരത്തെ പ്രസിദ്ധപ്പെടുത്തിയിരുന്ന കുറെ കവിതകളും 'സോറബ് ആൻറ് റസ്റ്റം' തുടങ്ങിയ ഏതാനും പുതിയ കവിതകളും ഇതിൽ ഉൾപ്പെട്ടിരുന്നു. ഈ കൃതിയുടെ രണ്ടാംവാല്യം പ്രസിദ്ധപ്പെടുത്തിയതു് 1855—ലാണ്. ഗ്രീക്ക് ദുരന്തനാടകങ്ങളുടെ മാതൃകയിലെഴുതിയ 'മെറപി'യാണു (1857) അദ്ദേഹത്തിൻെറ ഒരേയൊരു നാടകം.

1857—ൽ ഓക്സ്ഫേഡ് സൎവ്വകലാശാലയിലെ പ്രൊഫെസ്സർ ഓഫ്പോയട്രിയായി അദ്ദേഹം തെരെഞ്ഞെടുക്കപ്പെട്ടു. 1862—ൽ വീണ്ടുമൊരഞ്ചുകൊല്ലത്തേക്കു് അതേ ഉദ്യോഗത്തിൽ അദ്ദേഹത്തിനു നിയമനം ലഭിച്ചു. ഈ കാലഘട്ടത്തിൽ പ്രാഥമികവിദ്യാഭ്യാസനിലവാരത്തെക്കുറിച്ചുള്ള അന്വേഷണകമ്മീഷനായും അദ്ദേഹം പ്രവൎത്തിച്ചിട്ടുണ്ടു്. പിൽക്കാലത്തു് സെക്കൻഡറി വിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന കമ്മീഷൻെറ ചുമതല ഫ്രാൻസ്, ജൎമ്മനി, ഹോളണ്ട് എന്നീ രാജ്യങ്ങളിൽ അദ്ദേഹത്തിനു് ഏറ്റെടുക്കാൻ കഴിഞ്ഞു. ഓക്സ്ഫേഡിൽ പ്രൊഫസറായിരിക്കെ പൂൎത്തിയാക്കിയ രണ്ടു പ്രധാന കൃതികൾ അദ്ദേഹത്തിൻെറ ഉപന്യാസങ്ങളാണ്. എസ്സേയ്സ് ഇൻ ക്രിട്ടിസിസം എന്ന പേരിലുള്ള രണ്ടു വാല്യങ്ങൾ 1865_ലും 1889—ലുമായി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ന്യൂ പോയംസ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബൈ മാത്യൂ ആർനാംഡ് 1867–ലും പ്രസിദ്ധീകരിച്ചു. ഇതിനു ശേഷം കാര്യമായ കവിതാരചനയൊന്നും അദ്ദേഹത്തിൽനിന്നു മുണ്ടായില്ല. സാഹിത്യപരവും മതപരവുമായ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ഗദ്യവിമർശനങ്ങളാണ പിന്നീടധിക വും. 1888–ൽ അദ്ദേഹം പെട്ടെന്നു് മരണമടഞ്ഞു. ഹൃദയ സ്തംഭനമായിരുന്നു കാരണം.

ആർനാംഡിൻെറ കവിതകൾ സൗകര്യത്തിനുവേണ്ടി ആഖ്യാനകവിതകളെന്നും, ഭാവാത്മക കവിതകളെന്നും രണ്ടായി തിരിക്കാം. അടിയുറച്ച ക്ലാസ്സിസിസ്റ്റ് ആയിരുന്നു ആർനാംഡ്. കവിത എഴുതുന്നതിന് അദ്ദേഹത്തിനു മാതൃകയായിരുന്നതും ക്ലാസ്സിക്കൽ കൃതികൾ തന്നെ. ആഖ്യാനകവിതകളെഴുതുമ്പോൾ അദ്ദേഹത്തിൻെറ മനസ്സിലുണ്ടായിരുന്നതു് ഗ്രീക്കും റോമൻ ഇതിഹാസകാവ്യങ്ങളുമായിരുന്നു. ട്രിസ്ട്രം ആൻറ് ഈസൂംട്ട്, ദ സിക്ക് കിങ്ങ് ഇൻ ബൊഖാറ, ബാംഡർ ഡെഡ്, സോറബ് ആൻറ് റസ്റ്റം എന്നീ ആഖ്യാനകവിതകളിൽ ഇതിഹാസകാവ്യങ്ങളുടെ പല സവിശേഷതകളും കാണാനുണ്ട്. സോറബ് ആൻറ് റസ്റ്റത്തിലെ ഉപമകൾ ഹോമർ പ്രചാരം നൽകിയ ഉപമകളുടെ അതേ നിലവാരത്തിലുള്ളതാണ്.

ഈ ആഖ്യാനകവിതകൾ തമ്മിൽ വളരെയടുത്ത സാദൃശ്യം കാണുന്നു. ആധുനികജീവിതത്തിലെ സന്തപ്തവും, പ്രക്ഷുബ്ധവും, വിഭാഗീയവുമായ ലക്ഷ്യങ്ങളേയും, ഉദ്ദേശശുദ്ധിയില്ലായ്മയേയും കുറിച്ചുള്ള വിമർശനമാണ് 'സ്കോളർ ജിപ്സി.' ആദർശങ്ങളോടുള്ള അചഞ്ചലവും ആത്മാർത്ഥവുമായ കൂറും, അതു നേടിയെടുക്കുന്നതിൽ അക്ഷീണമായ നിശ്ചയദാർഢ്യവും കൈമുതലായുണ്ടായിരുന്ന പതിനേഴാം നൂററാണ്ടുകാരനായ ഒരു ഓക്സ്ഫേഡ് വിദ്യാർത്ഥിയുടെ മനോഭാവത്തോടുള്ള ഉൽക്കടമായ അഭിലാഷമാണ് ഇതു പ്രകടിപ്പിക്കുന്നതു്. ഇതേ തരത്തിലുള്ള ജീവിതവിമർശനമാണ് 'തർസിസും' ഉൾക്കൊള്ളുന്നതു്. പ്രത്യക്ഷത്തിൽ ഇതു് ഓറിയൽ കോളേജിലെ സഹപാഠിയായിരുന്ന ആർതർ ഹ്യൂ ക്ലൗവിൻെറ ദേഹവിയോഗത്തിലുള്ള ഒരു വിലാപകാവ്യമാണ്. എല്ലാ വിലാപകാവ്യങ്ങളേയും പോലെ 'തർസി'സും ഒരു സ്നേഹിതൻെറ മരണത്തിലുള്ള കൊടിയ ദുഃഖം പ്രകടിപ്പിക്കുന്നതിൽനിന്നും ഒഴിഞ്ഞുനിൽക്കുന്നു. അതുപോലെ, പ്രത്യാശാകിരണങ്ങൾ നൽകിക്കൊണ്ടാണ് കാവ്യം അവസാനിക്കുന്നതും. ഈ പ്രത്യാശയുടെ പ്രതിരൂപമെന്ന നിലയിൽ ഓക്സ്ഫേഡ് പ്രദേശത്തെ കുന്നിൻെറ നെറുകയിൽ നിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കുന്ന പട്ടക്കുററൻ എം (Elm) വൃക്ഷത്തെ അവതരിപ്പിക്കുന്നുണ്ട് അദ്ദേഹം രണ്ടു കവിതയിലും.

പിതാവായ തോമസ് ആർനാൾഡിന്റെ മരണത്തിൽ വിലപിക്കുന്ന കാവ്യമാണ് 'റഗ്ബി ചാപ്പൽ.' ഇവിടെയും അഗാധമായ വൈയക്തികദുഃഖം ആവിഷ്കരിക്കുന്നില്ല. ഇതിലും ജീവിത വിമർശനങ്ങൾ ഉൾക്കൊള്ളുന്നു. ഭൂരിപക്ഷം പേരും പ്രത്യേക ജീവിതാദർശങ്ങളോ ലക്ഷ്യങ്ങളോ ഇല്ലാതെ ജീവിതത്തിന്റെ ഒഴുക്കിലകപ്പെടുകയാണ്. അവർ ജനിക്കുകയും മരിക്കുകയും വിസ്മരിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ ചിലരുണ്ട് സ്വന്തം ആത്മാവിനെ രക്ഷപ്പെടുത്താൻ കെല്പുള്ളവരായി. തങ്ങളുടെ സഹജീവികളെ രക്ഷിക്കാൻ അവക്കാവില്ല. അദ്ദേഹത്തിന്റെ പിതാവിനെപ്പോലെ ചുരുക്കം ചിലർ സ്വയം രക്ഷിക്കുന്നതോടൊപ്പം തങ്ങളുടെ സഹജീവികളെക്കൂടി രക്ഷിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്.

കവിയെന്ന നിലയിൽ ആർനാൾഡ് അർഹിക്കുന്ന ജനപ്രീതി അദ്ദേഹത്തിനു് ലഭിച്ചിട്ടില്ല എന്നതു് വിചിത്രമായ ഒരു യാഥാർത്ഥ്യമാണ്. അദ്ദേഹത്തിന്റെ കവിത തികച്ചും നൈസർഗ്ഗികമായിരുന്നില്ല എന്നതാവും അതിന്റെ ഒരു കാരണം. ശുദ്ധവും, കേവലവുമായ വികാരങ്ങൾ ആവിഷ്കരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടില്ല. സ്വന്തം മാനസിക വ്യാപാരങ്ങളെ പ്രതിഫലിപ്പിക്കുകയായിരുന്നു അദ്ദേഹം. ധിഷണയുടെ അംശമാണ് ആ കവിതകളിൽ നിറഞ്ഞു നിന്നിരുന്നതു്. 'കാവ്യസത്യവും, കാവ്യസൗന്ദര്യവുമായി യോജിച്ചു പോകുന്ന ജീവിതവിമർശനമാണു കവിത' എന്ന അദ്ദേഹത്തിന്റെ സിദ്ധാന്തത്തിൽനിന്നുതന്നെ ധിഷണയ്ക്കു് അദ്ദേഹത്തിന്റെ കവിതയിലുള്ള സ്ഥാനമെത്രയെന്നു് ഊഹിക്കാം.

ആർനാൾഡിന്റെ 'ജീവിത വിമർശനം' അഥവാ ജീവിതദർശനം എന്തെന്നു ചിന്തിക്കുന്നതു് ഈ സന്ദർഭത്തിൽ പ്രസക്തമായിരിക്കും. സംഘർഷാത്മകമായ ലോകത്തിൽ ശാന്തിക്കും സമാധാനത്തിനും വേണ്ടിയുള്ള ദാഹം അദ്ദേഹത്തിന്റെ കവിതകളിൽ ആവർത്തിച്ചു് അവതരിക്കപ്പെടുന്ന പ്രമേയമാണ്. ലോകജീവിതത്തിലെ അല്ലലും അലച്ചിലും ആവിഷ്കരിക്കുന്ന അദ്ദേഹത്തിന്റെ കവിതകളിൽ മരണത്തിലൂടെ നിത്യശാന്തി ആഗ്രഹിക്കുന്ന ഒരാളിനെ കാണാം. ''മൃതമായ ലോകത്തിനും പുനർജനിക്കാൻ അശക്തമായ ഒരു ലോകത്തിനുമിടയ്ക്കു് ലക്ഷ്യമില്ലാതെ അലഞ്ഞുതിരിയുന്നവനാണു താനെന്നു് ഒരു കവിതയിൽ അദ്ദേഹം പറയുന്നു. ''ഡോവർ ബീച്ച്'' എന്ന മനോഹര കവിതയിൽ അദ്ദേഹം പറയുന്നു, ലോകത്തിൽ—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യഥാർത്ഥത്തിൽ സന്തോഷമില്ല, സ്നേഹമില്ല, പ്രകാശമില്ല
ഒരു നിശ്ചയവും. ശാന്തിയും, വേദനയിൽ നിന്നു
മോചനവുമില്ല
വേദനയുടേയും പാച്ചിലിൻേറയും വ്യാമിശ്രമായ
ആപൽസൂചനകളിലൂടെ തുത്തുവാരിയെറിയപ്പെടുന്ന
ഒരിരുണ്ട പുൽമേട്ടിലാണു നാം.
അവിടെ മൂഢരായ സൈനികർ ഇരുളിൽ തമ്മിലടിക്കുന്നു.

വിഷാദാത്മകത്വം ആർനാൾഡിൻെറ എല്ലാ കവിതകളിലും നിഴൽ പരത്തിയിരിക്കുന്നു. എന്നിരുന്നാലും അദ്ദേഹത്തിൻെറ കവിത മ്ലാനമാണെന്നു പറഞ്ഞുകൂടാ. നിർവൃതികരമായ ഒരു ശക്തിയുണ്ട് അദ്ദേഹത്തിൻെറ പ്രകൃതിവർണ്ണനകൾക്ക്, വ്രണിതഹൃദയരുടെ വേദന ശമിപ്പിക്കുന്നതിനുള്ള ഉത്തമൗഷധം പ്രകൃതിയിലെ സുന്ദരമായ വസ്തുക്കളും, മനോഹരദൃശ്യങ്ങളുമാണെന്ന് അദ്ദേഹം വിശ്വസിക്കുന്നതായി തോന്നുന്നു. പ്രകൃതിയുടെ അടക്കിവയ്ക്കപ്പെട്ട ഭാവങ്ങളാണ് അദ്ദേഹത്തിനു കൂടുതൽ ഹൃദ്യമെന്നറിയുമ്പോൾ അതിൽ അത്ഭുതം തോന്നേണ്ട കാര്യമില്ല. പകൽവെളിച്ചത്തേക്കാൾ അദ്ദേഹത്തിനിഷ്ടം നിലാവാണ്. ഉജ്ജ്വലപ്രകാശത്തേക്കാൾ ആഭിമുഖ്യം മൂടൽമഞ്ഞിനോടാണ്. പ്രചണ്ഡമായ സമുദ്രത്തേക്കാൾ പ്രശാന്തമായ കടലാണ് അദ്ദേഹത്തിനു കാര്യം. വിവിധങ്ങളായ പൂക്കളുടെ വിവരണം അദ്ദേഹത്തിൻെ കവിതകളിൽ ഉടനീളം നിറഞ്ഞു നില്ക്കുന്നു.

ഇത്തരം കാര്യങ്ങളിലും മററു നിരവധി സംഗതികളിലും ആർനാൾഡ് ഒരു ക്ലാസ്സിസിസ്റ്റുതന്നെയാണ്. രൂപത്തിലും, ഉള്ളടക്കത്തിലും ശൈലിയിലുമെല്ലാം ഉദാത്തമായ ക്ലാസ്സിക്കൽ മാതൃകകളാണ് അദ്ദേഹത്തിനു പ്രചോദനമരുളിയതു്. ആധുനികനു് സുരക്ഷിതമായ മാതൃകകൾ അവ മാത്രമാണെന്ന് അദ്ദേഹം കരുതുന്നു. ക്ലാസിക്കൽ ഇതിഹാസങ്ങളെ അദ്ദേഹം അനുകരിച്ചിരുന്നുവെന്നു നേരത്തെ പറഞ്ഞുകഴിഞ്ഞല്ലോ. 'തർസി'സിൽ പുരാതന ഗ്രീസിലെ അജപാലവിലാപകാവ്യങ്ങളെ അനുകരിക്കുന്നതിൽ അദ്ദേഹം ശ്രദ്ധേയമായ വിജയം കൈവരിച്ചിട്ടുണ്ട്. വികാരാവിഷ്കാരത്തിൽ പാലിക്കുന്ന സംയമനം ഏററവും ശ്രദ്ധേയമാകുന്നതു് അദ്ദേഹത്തിൻെറ വിലാപകാവ്യങ്ങളിലാണ്. തീവ്രമായ വികാരവിക്ഷോഭങ്ങളെ അടക്കുന്ന കാര്യത്തിലും, വിവേചനബുദ്ധിയിലും, വികാരാതിരേകത്തിൻെറ അഭാവത്തിലും, വികാരത്തിൻെറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്പഷ്ടതയിലും, പൂർണ്ണതയിലുമെല്ലാം അദ്ദേഹം ക്ലാസിക്കൽ ശൈലിയാണ് അനുവർത്തിക്കുന്നത്.

ബ്രൗണിങ്ങിന്റെ ജീവിതസഖിയായ എലിസബെത്ത് ബാരററ് ബ്രൗണിങ്ങിന്റെ (1806—61) ആദ്യത്തെ കൃതിയാണ് എസ്സേ ഓൺ മൈൻഡ്: വിത്ത് അദർ പോയംസ് (1826). രോഗിണിയായ അവർ നാല്പതാമത്തെ വയസ്സിലാണ് തന്നെക്കാൾ ആറുവയസ്സിനിളപ്പമായ ബ്രൗണിങ്ങിനെ വിവാഹം ചെയ്തത്. പ്രൊമിത്ത്യൂസ് ബൗണ്ട് (1833), ദ സെറാഫിം ആൻഡ് അദർ പോയംസ് (1838), സോണററസ് ഫ്രം ദ പോർട്ടുഗീസ് (1847), കാസാ ഗൈഡി വിൻഡോസ് (1851), ബ്ലാങ്ക്‌വേഴ്‌സിലുള്ള ബൃഹത്തായ അറോറാ ലീ (1857), ലാസ്ററ് പോയംസ് (1862) എന്നിവയാണ് അവരുടെ പ്രധാനപ്പെട്ട കൃതികൾ. സോണെററ്സ് ആണ് അവരുടെ കീർത്തിക്ക് ആധാരം.

കേംബ്രിഡ്ജിൽനിന്നു ബിരുദമെടുത്ത എഡ്‌വേഡ് ഫിററ്സ് ജെറാൾഡ് (1809—83) ഏകാന്തപഥികനായിരുന്നു. 1859-ൽ പ്രാചീന പേർഷ്യൻ കവിയായ ഒമർ ഖയ്യാമിന്റെ റുബായിയാതിന്റെ വിവർത്തനം അദ്ദേഹം പ്രസിദ്ധപ്പെടുത്തി. ഈ വിവർത്തനം മൂലത്തെപ്പോലെ സുന്ദരമാണെന്നാണു നിരൂപകമതം.

മാത്യു ആർനോൾഡിനെപ്പോലെ ഓറിയൽ കോളജിലെ ഫെലോ ആയിത്തീർന്നയാളാണ് ആർതർ ഹ്യൂക്ലൗ (1819—61). പിന്നീട് ലണ്ടനിലെ യൂണിവേഴ്‌സിററി ഹാളിന്റെ വാർഡനായെങ്കിലും താമസിയാതെ തൽസ്ഥാനം രാജിവയ്ക്കുകയുണ്ടായി. ക്ലൗവിന്റെ മരണത്തിൽ വിലപിച്ചുകൊണ്ട് ആർനോൾഡ് രചിച്ച മനോഹരമായ വിലാപകാവ്യമാണ് തർസിസ്. ദ ബോഥീ ഓഫ് റോപർ-നാ-ഫൂസിക്ക് (1848), അമോർസ് ഡി വോയേജ് (1849), ഡിസൈക്കസ് (1850) എന്നിവയാണ് ഹ്യൂ ക്ലൗയുടെ പ്രധാന കവിതകൾ. ആർനോൾഡിന്റെ കവിതയിൽ ആഴത്തിൽ വേരോടിയിരിക്കുന്ന അസ്വാസ്ഥ്യതകളും, നൈരാശ്യവും ഹ്യൂ ക്ലൗവിന്റെ കവിതകളിലും കാണാം. 'സേ നോട്ട് ദ സ്ട്രഗിൾ നോട്ട് അവെയ്‌ലത്ത്' എന്ന കവിതയിലൊഴികെ ഗാനാത്മകത കാര്യമായി അനുഭവപ്പെടുന്നില്ല.

വിക്ടോറിയൻ യുഗത്തിലെ പ്രബലമായ ശാസ്ത്രീയ വാണിജ്യചിന്തകൾക്ക് എതിരായി ഉയർന്നുവന്ന പ്രസ്ഥാനമെന്ന നിലയിൽ കാല്പനികപുനരുത്ഥാനത്തിനു നേതൃത്വം വഹിച്ചയാളാണ് ഡാൻറി ഗേയ്‌ബ്രിയൽ റോസററി (1828—82).

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'പ്രീ-റാഫലൈററിസം' എന്നറിയപ്പെടുന്ന കലാപ്രസ്ഥാനത്തിനു നേതൃനായകത്വം വഹിച്ചതും മററാരുമല്ല. പ്രീ-റാഫലൈററുകൾ കീററ്സിനെ അനുകരിക്കുകയായിരുന്നു. ഇന്ദ്രിയഗോചരമായ വിഷയങ്ങളും മദ്ധ്യകാലാദർശങ്ങളോടുള്ള ഭക്തിയും അവരുടെ കവിതയിലെ പ്രധാന ഘടകങ്ങളാണ്. 'മാംസള സമിതി' ('ഫ്ളെഷി സ്കൂൾ')യിൽപ്പെട്ടവർ എന്നാണവർ അറിയപ്പെട്ടിരുന്നത്. വിചാരഗതികളിലും ധാരണകളിലും പഴഞ്ചൻ മനഃസ്ഥിതി പുലർത്തിയ റോസററിക്കു ഘട്ടത്തിലെ ജീവിതത്തോടു ലേശവും പ്രായോഗികപ്രതിപത്തി തോന്നിയില്ല. അദ്ദേഹം കാലത്തിൻെറ കവിയായിരുന്നില്ല. റോസററിയുടെ ഭാവനയിലുള്ള സങ്കേതം ഡാൻറിയുടെ കാലഘട്ടത്തിലെ ഫ്ളോറൻസായിരുന്നു. മദ്ധ്യകാലാശയങ്ങളും അനുഭവങ്ങളുമായി താദാത്മ്യം പ്രാപിച്ചുകഴിഞ്ഞ അദ്ദേഹത്തിൻെറ 'ദ ബ്ലെസ്സഡ് ഡാമൊസെൽ', 'വേഡ്സ്‌വത്ത്', 'ആവി' ('Ave') എന്നീ കവിതകളിൽ ഡാൻറിയുടേയും മഹാന്മാരായ കത്തോലിക്കാ ചിത്രകാരന്മാരുടേയും ബാഹ്യപ്രേരണ കാണാം. നാടോടിഗാനരചയിതാവെന്ന നിലയിൽ 'ദ വൈററ് ഷിപ്പ്', 'സിസ്റ്റർ ഹെലൻ', 'ഈഡൻ ബവർ' എന്നിവയിലെന്നപോലെ തീവ്രദുരന്തങ്ങളും കൈകാര്യം ചെയ്യുന്നതിലും റോസററി അങ്ങേയററം ശോഭിച്ചു. 'ദ ഹൗസ് ഓഫ് ലൈഫ്' എന്ന സോണററ്പരമ്പര അദ്ദേഹത്തെ മഹാകവികളുടെ നിരയിൽ പ്രതിഷ്ഠിക്കുന്നു. സവിശേഷമായ കവിസങ്കേതവും ഉച്ചിതമായ പദപ്രയോഗവൈഭവവും എടുത്തു പറയേണ്ട പ്രത്യേകതകളാണ്. റോസററിയുടെ പത്നിയുടെ സംശയാസ്പദമായ മരണം മൂലമുണ്ടായ വിഷാദവും, കറുപ്പുതീററയും അദ്ദേഹത്തിൻെറ കവിതാസൃഷ്ടിയെ മരവിപ്പിച്ചു. പോയംസ് (1870), ബാലഡ്സ് ആൻഡ് സോണററ്സ് (1881) എന്നീ രണ്ടു കാവ്യസമാഹാരങ്ങളെ ഉള്ളൂ അദ്ദേഹത്തിൻേറതായി.

റോസററിയുടെ ഇളയസഹോദരിയായ ക്രിസ്റ്റീനാ ജോർജിനാ റോസററിയും (1830—94) എണ്ണപ്പെട്ട എഴുത്തുകാരിയായിരുന്നു. സഹോദരനെപ്പോലെ ഉദാത്തമായ കവിത രചിക്കാൻ കഴിഞ്ഞില്ലെങ്കിലും ശുദ്ധമായ ഗാനാത്മകതയും അഗാധവും അഭംഗുരവുമായ വികാരം മുററിനിൽക്കുന്നതുമായ രചന നടത്താൻ അവർക്കു വൈഭവ്യമുണ്ടായിരുന്നു. അവരുടെ പ്രചോദനത്തിൻെറ മുഖ്യധാരയായിരുന്നു മതവിശ്വാസം. അവരുടെ ചില പ്രധാനപ്പെട്ട കൃതികൾ ഗോബ്ലിൻ മാർക്കെററ് ആൻഡ് അദർ പോയംസ് (1864), ദ പ്രിൻസ്സസ് പ്രോഗ്രസ് ആൻഡ് അദർ പോയംസ് (1866), വേഴ്സസ് (1893)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നിവ ഉൾപ്പെടുന്നു. മരണശേഷം പ്രസിദ്ധീകരിച്ച ന്യൂ പോയംസ് (1896) എന്ന കൃതിയിൽ വിശിഷ്ടമായ ഏതാനും ആദ്യകാലകവിതകളുമുണ്ട്.

വളരെയേറെ എഴുതിയ വില്യം മോറിസ് (1834—96) പ്രീ-റാഫലൈററുകളിൽ ഗണനീയമായ സ്ഥാനമർഹിക്കുന്നു. സുന്ദരവസ്തുക്കളോടും നാദവർണ്ണങ്ങളോടും പ്രകൃതിദൃശ്യങ്ങളോടും മദ്ധ്യകാലസംസ്കാരത്തോടുമുള്ള പ്രിയം ദ്യോതിപ്പിക്കുന്ന കവിതകളാണ് ദ ഡിഫെൻസ് ഓഫ് ഗ്വിനിവിയർ ആൻഡ് അദർ പോയംസ് (1858) എന്ന സമാഹാരത്തിലുള്ളത്. രചനാപരമായ പോരായ്മകൾ ഈ കവിതകളിൽ കാണുന്നുണ്ട്. ആയാസരഹിതമായ ഈരടികളിൽ സ്നിഗ്ദ്ധമായി പാടിപ്പോയിരിക്കുന്ന ദ ലൈഫ് ആൻറ് ഡെത്ത് ഓഫ് ജേസൺ (1867) എന്ന വീരഗാഥയിൽ മോറിസിൻെറ വിഷാദസ്വരത്തിൻെറ ഛായ അനുഭവപ്പെടുന്നു. പഴയ കാലത്തെയും മദ്ധ്യകാലത്തിലേയും ഐതിഹ്യങ്ങളുടെ സമാഹാരമാണ് എർത്ത്ലി പാരഡൈസ് (1868—70) നോഴ്സ് ഇതിഹാസകഥകളെ അടിസ്ഥാനമാക്കി ഓജസ്സുററ ഭാഷയിൽ താളാത്മകമായി രചിച്ച കൃതിയാണ് ദ സ്റ്റോറി ഓഫ് സിഗേർഡ് ദ പൂൾസങ് ആൻറ് ദ ഫോൾ ഓഫ് ദ നീബ്ലങ്ങ്സ് (1877). ഭേദപ്പെട്ട പലവക കവിതകളാണ് പോയംസ് ബൈ ദ വേ (1891). റോസററിയെപ്പോലെ മോറിസിനും മദ്ധ്യകാല പ്രതിപത്തി കൂടുതലായിരുന്നു. സൗന്ദര്യത്തോടുള്ള കാലകാരൻെറ ആവേശവും അദ്ദേഹത്തിൽ കാണാം. ഭാവനാമാത്രമായ വിഷാദമാണ് അദ്ദേഹത്തിൻെറ രചനയുടെ മുഖഭാവം.

അനിയന്ത്രിതമായ ജീവിതംകൊണ്ട് ആകെ തകർന്ന ആൾജേണൻ ചാൾസ് സ്വിൻബേൺ (1837—1909) വളരെയധികം എഴുതിക്കൂട്ടിയിരിക്കുന്നു. അവ പലപ്പോഴും വിവേകപൂർണ്ണമായ രചനകളായിക്കൊള്ളണമെന്നില്ല. അററലാൻറാ ഇൻ കാലിഡൺ (1865), പോയംസ് ആൻഡ് ബാലഡ്സ് (1866), സോങ്സ് ബിഫോർ സൺറൈസ് (1871), ഇറെക്ത്യൂസ് (1876), ട്രിസ്റ്റ്രം ആൻഡ് അദർ പോയംസ് (1882) എന്നിവയാണ് പ്രധാനപ്പെട്ട കൃതികൾ. പദങ്ങൾകൊണ്ടു സംഗീതം സൃഷ്ടിക്കുന്ന അത്ഭുതശക്തിയുണ്ടായിരുന്നു സ്വിൻബേണിനു്.

കലാകാരന്മാരായ കവികളിൽ വളരെ കൂടുതലെഴുതിയ തോമസ് വൂൾനർ (1825—92) പ്രീറാഫലൈററുകളിലെ ആദ്യകാല അംഗങ്ങളിൽ ഒരാളാണ്. അനുഗൃഹീതനായ ഒരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശില്പികൂടിയായിരുന്നു അദ്ദേഹം. വൂൾനക്ക് അന്യൂനമായി കവിതയിൽ ഉന്നതനിലവാരം പുലർത്തുവാൻ കഴിഞ്ഞിരുന്നില്ല.

ലണ്ടനിൽ ജനിച്ച ഐറിഷ് വംശജനാണ് ആർതർ എഡ്ഗർ ഓഷോനസി (1844—81) വളരെക്കുറച്ചു മാത്രമെ ഷോനസി എഴുതിയിട്ടുള്ളു. ആൻ എപ്പിക് ഓഫ് വിമൻ ആൻഡ് അദർ പോയംസ് (1870), ലേയ്സ് ഓഫ് ഫ്രാൻസ് (1872), മ്യൂസിക് ആൻഡ് മൂൺലൈററ് (1874) മുതലായവ പ്രാധാന്യമർഹിക്കുന്നു. 'വി ആർ ദ മ്യൂസിക് മേക്കേഴ്സ്' എന്നു തുടങ്ങുന്ന അച്ചനാഗീതം കൂടെക്കൂടെ ഉദ്ധരിക്കാറുള്ളതാണ്. ഓ ഷോനസിയുടെ നീണ്ട കാവ്യങ്ങളേക്കാൾ ആകർഷകമാണ് അദ്ദേഹത്തിന്റെ കൊച്ചു കവിതകൾ.

കവിതയിലെ 'സ്പാസ്മോഡിക്ക് സ്കൂൾ' എന്ന പ്രസ്ഥാനത്തിനു തുടക്കംകുറിച്ചതു് ഫിലിപ്പ് ജെയിംസ് ബെയ്ലി (1816—1902)യുടെ 'ഫെസ്റ്റസ്' എന്ന കവിതയാണെന്നു കരുതപ്പെടുന്നു. ഏയ്ററനാണ് ആദ്യമായി ഈ പേരുപയോഗിച്ചതു്. ഈ പ്രസ്ഥാനത്തിലെ ശ്രദ്ധേയരായ രണ്ടെഴുത്തുകാരാണ് സിഡ്നി ഡോബെലും (1824—74), അലക്സാണ്ടർ സ്മിത്തും (1830—67). റോബൾട്ട് ബൾക്കാനൻ(1841—1901), ടെനിസനുശേഷം ആസ്ഥാനകവിയായിത്തീർന്ന ആൽഫ്രഡ് ഓസ്റ്റിൻ (1835—1913) എന്നിവരും പരാമർശയോഗ്യരാണ്.

ലണ്ടനിലെ കിങ്സ് കോളേജിലും, ഓക്സ്ഫേഡ് യൂണിവേഴ്സിററി കോളേജിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കിയ സർ എഡ്വിൻ ആർനൾഡ് (1832—1904) 1856 മുതൽ 61 വരെ ബോംബെ പ്രസിഡൻസിയിലെ പൂനാ കോളേജിൽ പ്രിൻസിപ്പലായിരുന്നു. അതിനുശേഷം 'ഡെയ്ലി ടെലഗ്രാഫിൽ' ഉദ്യോഗസ്ഥനായി. അദ്ദേഹത്തിന്റെ ഇന്ത്യയിലെ അനുഭവങ്ങൾ 'ദ ലൈററ് ഓഫ് ഏഷ്യ' (1879) എന്ന മഹത്കൃതിയിൽ തെളിഞ്ഞു കാണാം. ശ്രീബുദ്ധനെ സംബന്ധിക്കുന്നതാണ് പ്രസ്തുത കാവ്യം. സംസ്കൃതത്തിൽ നിന്നും വിവർത്തനം ചെയ്തതുൾപ്പെടെ അനേകം കവിതകൾ അദ്ദേഹത്തിന്റെ സൃഷ്ടികളിൽപെടുന്നു. കഴിവുററ പത്രപ്രവർത്തകനും പത്രാധിപരുമായിരുന്ന ഡബ്ല്യൂ. ഇ. ഹെൻലി. (1849—1903). നെടുനാൾ രോഗാതുരനായിക്കഴിഞ്ഞ ഹെൻലിയും ധാരാളം കവിതകളെഴുതിയിട്ടുണ്ട്. ബുക്ക് ഓഫ് വേഴ്സസ് (1888), ദ സോങ് ഓഫ് ദ സോഡ്, ഹാതോൺ ആൻഡ് ലാവൻഡർ (1899) എന്നിവയൊക്കെ അദ്ദേഹത്തിന്റെ കൃതികളിൽ പെടുന്നു. എഡിൻബറയിലെ ആതുരശുശ്രൂഷാലയത്തിൽ കിടന്നുകൊണ്ടെഴുതിയ ഇൻ ഹോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്പിററൽ (1903) എന്ന കൃതി പ്രശസ്തമാണ്. 'ഇൻ വിക്ടസ്', 'ഇംഗ്ലണ്ട്', മൈ ഇംഗ്ലണ്ട്' എന്നിവയാണ് ഏറെ പ്രചാരമുള്ള കവിതകൾ. കാവ്യസമ്പത്ത് തുലോം കുറഞ്ഞിരിക്കുന്ന ജോൺ ഡേവിഡ്സണിൽ (1857—1909). അറിയപ്പെട്ടിരുന്ന മറെറാരു കവിയായിരുന്നു സ്റ്റീഫൻ ഫിലിപ്സ് (1866—1915). ടെനിസൻെറയും, റസ്കിൻെറയും മററും സുഹൃത്തായിരുന്ന കവൻററി പാററ്മോർ (1823—96) ബ്രിട്ടീഷ് മ്യൂസിയത്തിലെ അച്ചടിച്ച പുസ്തകങ്ങളുടെ വകുപ്പിൽ അസ്സിസ്ററൻറായിരുന്നു. പ്രീറാഫലൈററുകളുമായും അദ്ദേഹം ബന്ധപ്പെട്ടിരുന്നു. വിവാഹാനന്തരപ്രേമത്തിനു ദിവ്യത്വം കല്പിച്ചുകൊണ്ടെഴുതിയ ദി ഏൻജൽ ഇൻ ദ ഹൗസിൽ കൂടി 'പരിണിതപ്രേമകവിതിലകൻ' എന്നദ്ദേഹം അറിയപ്പെടാൻ തുടങ്ങി. വൈവാഹികജീവിതത്തിൻെറ അനന്തരഫലങ്ങളെ പ്രതിപാദിക്കുന്നു ദ വിക്ടറീസ് ഓഫ് ലവ്. ദ ബിട്രോഥൽ (1854), ദി എസ്പൗസൽ (1856) എന്നു രണ്ടു ഭാഗങ്ങളുണ്ട് ദി ഏൻജൽ ഇൻ ദ ഹൗസിനു്. പോയംസ് (1844), ററാമർട്ടൺ ചർച്ച്ടവർ (1853), അമീലിയ (1878) എന്നിവയാണ് മററു ചില കൃതികൾ. വിവാഹജീവിതത്തെ പുകഴ്ത്തിയ പാററ്മോറിനു് മൂന്നു തവണ വിവാഹിതനാകേണ്ടിവന്നു—ആദ്യത്തെ ഭാര്യയും രണ്ടാമത്തേ ഭാര്യയും മരിച്ചുപോയതുകൊണ്ടു് അദ്ദേഹം ഒരു പ്രേമഗായകനാണ്.

സ്വകീയവും, വികാരതീവ്രവുമായ മിസ്റ്റിക് കവിതകളാണ് ഫ്രാൻസിസ് റേറാംപ്സൺ (1859—1907) രചിച്ചതു്. തൻെറ പ്രതിഭ മുഴുവൻ വിളിച്ചോതുന്ന 'ദ ഹൗണ്ട് ഓഫ് ഹെവൻ' അദ്ദേഹത്തിൻെറ സ്മരണയെ നിലനിർത്താൻ പര്യാപ്തമാണ്. ദൈവത്തിൽനിന്നു് ഒളിച്ചോടാൻ ശ്രമിക്കുന്ന മനുഷ്യനെ പിന്തുടരുന്ന വേട്ടപ്പട്ടിയായി ദൈവത്തെ ഇതിൽ ചിത്രീകരിച്ചിരിക്കുന്നു. കോരിത്തരിപ്പിക്കുന്ന ലേയ്സ് ഓഫ് ഏയ്ൻഷെൻറ് റോം (1842) എന്ന കൃതികൊണ്ടു ലോർഡ് മെക്കാളെ പ്രശസ്തനായി. ബഹുമുഖപ്രതിഭയായ ലോർഡ് ലിററനാകട്ടെ തൻെറ റൊമാൻറിക് ഇതിഹാസമായ കിങ് ആർതർ, ലോസ്റ്റ് ടെയ്ൽസ് ഓഫ് മിലീററസ് എന്നീ കൃതികൾകൊണ്ടു പ്രസിദ്ധിനേടി. ഹാസ്യരസപ്രധാനവും അതേ സമയം ഗൗരവപൂർണ്ണവുമായ കവിതകളെഴുതാനുള്ള വാസനയുണ്ടായിരുന്ന താക്കറേയ്ക്കു് ജോർജ്ജ് എലിയട്ടിൻെറ കവിതകൾക്കു് അവരുടെ നോവലുകളെപ്പോലെ ധൈഷണികവും സദാചാരപരവുമായ മേൻമയുണ്ടായിരുന്നു. പക്ഷേ, അവ നൈസർഗ്ഗികമാണെന്നു പറഞ്ഞുകൂടാ. ചാൾസ് കിങ്സ്ലിയുടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കവിതകൾക്കു പററിയ പോരായ്മ അവ വേണ്ടതിലേറെ ജനങ്ങളുടെയിടയിൽ പ്രചരിച്ചു എന്നതാണ്.

എമിലി ബ്രോൺടിയുടെ കവിതകളിൽ ചിലതു മാത്രമെ ഉന്നതനിലവാരം പുലത്തുന്നുള്ളു. അവരുടെ വൈകാരിക പ്രകൃതത്തിൻെറ ശക്തിയും ധീരതയും വെളിവാക്കുന്നു ആ കവിതകൾ. കഴിയുന്നിടത്തോളം ലളിതമായ രീതിയിലാണ് എഴുതുന്നതെങ്കിലും അതിനു് ആഴവും ഗൗരവവുമുണ്ട്. 'നോ കവേഡ് സോൾ ഇസ് മൈൻ,' 'കോൾഡ് ഇൻ ദി എർത്ത്, ആൻഡ് ദ ഡീപ്സ്നോ പൈൽസ്, എബൗവ് ദീ' എന്നീ രണ്ടുകവിതകൾ ഉത്തമങ്ങളാണ്.

മറെറാരു നോവലിസ്റ്റായ മെരിഡിത്തിൻെറ കവിതകൾ ശൈലിയിലും വിഷയത്തിലും തൻെറ നോവലുകളുടെ പൂരണങ്ങളാണെന്നു പറയാം. ഏഴു കവിതാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള മെരിഡിത്തിൻെറ കവിതകളിൽ രൂപത്തിനല്ല, ഭാവത്തിനാണു പ്രാധാന്യം. നോവലിസ്റ്റായ സ്റ്റീവൻസണും കവിതകളെഴുതിയിട്ടുണ്ട്. വിദഗ്ദ്ധവും, വശ്യവുമാണ് അദ്ദേഹത്തിൻെറ കവിതകൾ. എ ചൈൽഡ്സ് ഗാർഡൻ ഓഫ് വേഴ്സസ് (1885), അണ്ടർവുഡ്സ് (1887), ബാലഡ്സ് (1890) എന്നിവ ഹൃദയഹാരിയായ കൃതികളാണു്.

കനത്ത ഒരു കാവ്യഗ്രന്ഥംതന്നെയുണ്ട് ഓസ്കർ വൈൽഡിനു് (1856—1900). എങ്കിലും അവ അദ്ദേഹത്തിൻെറ സാഹിത്യസൃഷ്ടികളിൽ ഏററവും മൂല്യം കുറഞ്ഞവയാണെന്നു പറയണം. ഇതിൽ ഒട്ടു മുക്കാലും 1881–ൽ പ്രസിദ്ധീകരിച്ച പോയംസ് എന്ന കൃതിയിൽ പെടുന്നു. ദ ബാലഡ് ഓഫ് റെഡിങ് ജയിൽ (1898) എന്ന മറെറാരു കൃതികൂടിയുണ്ട് പറയേണ്ടതായി. യഥാൎത്ഥ പന്ഥാവു് തേടുന്ന നിപുണനായ യുവാവായാണ് ആ രചനകളിൽ വൈൽഡ് പ്രത്യക്ഷപ്പെടുന്നതു്. പേററുടേയും പ്രീ–റാഫലൈററുകളുടേയും പാരമ്പര്യം ഓസ്കർ വൈൽഡിൻെറ ആദ്യകാലകവിതകളിൽ അനുഭവപ്പെടുന്നു. അവയിൽ തീവ്രവികാരത്തിൻെറ സ്വരമില്ലെന്നു മാത്രമല്ല കൃത്രിമവും അലംകൃതവുമായ ഒരു ശൈലിയുമാണ് കാണാൻ കഴിയുന്നതു്. ദ് സ്ഫിങ്ക്സ് പ്രസിദ്ധീകരിച്ചതു് 1894 ലാണ്. ജയിൽജീവിതകാലത്തെഴുതിയ ലളിതവും, ശക്തവുമായ കൃതിയാണ് ദ ബാലഡ് ഓഫ് റെഡിങ് ജയിൽ.

നാടകം

നാടകത്തിൻെറ കാര്യത്തിൽ വിക്ടോറിയൻ യുഗം തീരെ പിന്നോക്കമാണ്. എന്നാൽ അക്കാലത്തെ ഉന്നതന്മാരായ കവി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കളിൽ വളരെയേറെപ്പേർ അംഗീകൃതമാതൃകയിലുള്ള ട്രാജഡികരം രചിച്ചിട്ടുണ്ട്. ഇവയിൽ വളരെക്കുറച്ചു മാത്രമേ യഥാർത്ഥത്തിൽ മഹത്തെന്ന് അവകാശപ്പെടാവുന്നതായിട്ടുള്ളു. കാവ്യനാടകങ്ങളെ പുനരുജ്ജീവിപ്പിക്കുകയെന്ന അസാദ്ധ്യമായ സംരംഭത്തിലേർപ്പെട്ടവരുടെ ബോധപൂർവ്വമായ യത്നത്തിൻെറ ഫലമാണ് അത്തരം നാടകങ്ങരം. ഇവയിൽ സ്വിൻബേണിൻെറ നാടകങ്ങരം പ്രാധാന്യമുള്ളവയാണ്. സ്കോട്ട്ലൻറിലെ ക്വീൻ മേരിയെ സംബന്ധിക്കുന്ന നാടകങ്ങരം ഊഷ്മളമാണ്. ഒരു പ്രാചീന ഗ്രീക്ക് ദുരന്തനാടകത്തിൻെറ ഇംഗ്ലീഷ് പാഠാന്തരമായ അററലാൻറാ ഇൻ കാലിഡൺ (1865) കാവ്യരൂപത്തിലുള്ള നാടകങ്ങളെഴുതാൻ സ്വിൻബേൺ നടത്തിയ ആദ്യശ്രമത്തിൻെറ ഫലമാണ്. ഇതു പെട്ടെന്ന് ശ്രദ്ധയാകർഷിച്ചെന്നു പറഞ്ഞുകോള്ളട്ടെ. ഇമ്പമേറിയ കാവ്യരീതിയാണെങ്കിലും ഈ നാടകത്തിനു ന്യൂനതകരം പലതുമുണ്ട്. നാടകീയത ആയിരുന്നില്ല, ഗാനാത്മകതയായിരുന്നു സ്വിൻബേണിൻെറ നേട്ടം. ബ്രൗണിങ്ങും കാവ്യനാടകങ്ങളെഴുതിയിട്ടുണ്ടെന്ന് നേരത്തെ പറഞ്ഞിരുന്നുവല്ലോ. ഹാർഡിയുടെ കാവ്യനാടകമായ ദ ഡൈനാസ്റ്റ്സ് (I 1903, II 1906, III 1908) ഒരു വൻവിജയമായിരുന്നു. ആകെ 130 രംഗങ്ങളുള്ള ദ ഡൈനാസ്റ്റിൽ കഥാപാത്രങ്ങളുടെ ഒരു നീണ്ട നിരതന്നെയുണ്ട്. ചിലയിടങ്ങളിൽ അനാവശ്യമായി വലിച്ചു നീട്ടിയിരിക്കുകയാണെങ്കിലും മനോഹരമായ ദൃശ്യങ്ങരം ഈ കവിതയിൽ നിരവധിയുണ്ട്. നെപ്പോളിയൻെറ യുദ്ധത്തെ സംബന്ധിക്കുന്ന ഒരു ഇതിഹാസനാടകമാണിതു്. ദ ഫേമസ് ട്രാജഡി ഓഫ് ദ ക്വീൻ ഓഫ് കോൺവോരം (1923) എന്നു മറെറാരു നാടകംകൂടി ഹാർഡി രചിച്ചിട്ടുണ്ട്. കോമഡി ഇക്കാലത്തു തീർത്തും അവഗണിക്കപ്പെട്ടിരുന്നു. ഇക്കാലത്തുതന്നെയാണ് നാടകീയ സ്വഗതാഖ്യാനത്തിനു് (ഡ്രമാററിക് മോണലോഗിനു്) പ്രചാരം സിദ്ധിച്ചതു്. 'യുലിസ്സീസ്', 'ററിഥോണസ്' എന്നീ കാവ്യങ്ങളിലൂടെ ടെനിസൺ ഈ വിഭാഗത്തിൽ തൻെറ പാടവം പ്രകടിപ്പിക്കുകയുണ്ടായി. ബ്രൗണിങ്ങ് സാഹിത്യത്തിനു നൽകിയ മഹത്തായ സംഭാവനയാണ് അദ്ദേഹത്തിൻെറ അനേകം നാടകീയ സ്വഗതാഖ്യാനങ്ങരം.

യാന്ത്രികവും നിയതവുമായ ചട്ടക്കൂടുകളിൽനിന്നുള്ള പലായനമാണ് ററി. ഡബ്ല്യു. റോബർട്ട്സൻെറ (1829–71) കോമഡികരം. പത്തൊൻപതാം നൂററാണ്ടിൻെറ ആദ്യകാലങ്ങളിൽ കണ്ടുവന്ന ക്രമീകൃതമായ വികാരാത്മകത്വത്തിൽനിന്നകന്നുനിന്നു്, അന്നത്തെ സാമൂഹികജീവിതത്തിൻെറ നേക്കു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആശങ്കയോടെ നോക്കുകയാണ് റോബർട്ട്സൺ. എന്നാൽ അന്നത്തെ ആചാരത്തിൽനിന്നും യഥാർത്ഥത്തിൽ അദ്ദേഹം അകന്നുപോകുന്നില്ല. അദ്ദേഹത്തിന്റെ വിപരീതാർത്ഥപ്രയോഗത്തിനു് ആഴത്തിൽ മുറിവേല്പിക്കാനുള്ള ശക്തിയില്ല. അതേ സമയം മററു വിക്ടോറിയൻ നാടകകൃത്തുകരം പാടെ അവഗണിച്ച സമകാലീന സാമൂഹികപ്രശ്നങ്ങളെ ഗൗരവമായി വീക്ഷിക്കാൻ അദ്ദേഹം തുനിഞ്ഞുവെന്നതു് കണക്കിലെടുക്കേണ്ട വസ്തുതയാണ്. ഉത്തരവാദപരവും ഗൗരവതരവുമായ കോമഡിയിലേക്കുള്ള മുന്നേററമാണ് റോബർട്ട്സന്റെ നാടകങ്ങരം കാണിക്കുന്നതു്. ഈ ശതാബ്ദത്തിന്റെ ആദ്യപകുതിയിൽ ഇംഗ്ലീഷ് നാടകവേദി കണ്ടു പരിചയിച്ചതിൽനിന്നും ഭിന്നങ്ങളായ നാടകങ്ങളായിരുന്നു അദ്ദേഹത്തിന്റെ സൊ സൈററി (1865), ഔവഴ്സ് (1866), കാസ്റ്റ് (1867), പ്ലേ (1868), സ്കൂരം (1869), എം. പി. (1870) തുടങ്ങിയവ. ഡേവിഡ് ഗാരിക് എന്ന ആദ്യകാല നാടകവും അർഹിക്കുംവിധം സ്വാഗതം ചെയ്യപ്പെടുകയുണ്ടായി.

ഹെൻറി ആർതർ ജോൺസ് (1851—1929) ആർതർ വിങ് പിനിയറോ (1855—1934) എന്നിവരുടെ ആഗമനത്തോടെ വിക്ടോറിയൻ നാടകം കൂടുതൽ സംസ്കൃതവും സാങ്കേതികമായി പരിഷ്കൃതവുമായിത്തീന്നു. പത്തൊൻപതാം നൂററാണ്ടിലെ നാടകത്തേക്കാരം സമകാലീനവും ധാമ്മികവുമായ പ്രശ്നങ്ങരംക്കു് ഇവരുടെ കൃതികരം ഊന്നൽ നൽകി. റോബർട്ട്സന്റെ സ്വാധീനത്തിൽപ്പെട്ട ജോൺസ് ആധുനിക നാടകത്തിനു രംഗം സജ്ജമാക്കുന്നതിൽ വളരെയധികം പ്രയത്നിച്ചിട്ടുണ്ടു്. അദ്ദേഹം എഴുതിയതൊക്കെ കോമഡികളായിരുന്നെങ്കിലും അദ്ദേഹത്തിന്റെ വീക്ഷണത്തിനു ഗൗരവമുണ്ടായിരുന്നു. യഥാർത്ഥ ജീവിതത്തെ പ്രതിഫലിപ്പിക്കുന്നതായിരിക്കണം നാടകമെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. സംഭ്രമജനകവും വികാരാത്മകവുമായ ദ സിൽവർ കിങ് (1882) അതിന്റെ രീതിവച്ചു നോക്കുമ്പോരം ഉജ്ജ്വലമായിട്ടുണ്ടു്. ഇബ്സന്റെ എ ഡോരംസ് ഹൗസിന്റെ അനുവത്തനമായ ബ്രേക്കിങ് എ ബട്ടർഫ്ളൈ (1884), സെയ്ൻറ്സ് ആൻറ് സിന്നേഴ്സ് (1884), ദ ക്രൂസേഡേഴ്സ് (1893), ദ കേയ്സ് ഓഫ് ദ റിബലിയസ് സൂസൻ (1894) എന്നീ കൃതികരം ഇടത്തരക്കാരുടെ ജീവിതത്തിലെ സദാചാരപരമായ ധമ്മസങ്കടങ്ങളെ പ്രതിപാദിക്കുന്ന 'പ്രശ്നനാടകങ്ങ'ളാണ്. ചടുലമായ സംഭാഷണങ്ങളോടും തികഞ്ഞ നാടകാവബോധത്തോടുംകൂടി സൃഷ്ടിച്ചിരിക്കുന്ന ജോൺസിന്റെ നാടകങ്ങരം സംഭവബഹുലവും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്തോഭജനകവുമായ നാടകങ്ങളുടെ പാരമ്പര്യത്തിൽനിന്നും കീഴ്നടപ്പുകളിൽനിന്നും അകന്നു മാറാൻ കൂട്ടാക്കുന്നവയല്ല. നാടകവേദിയെക്കുറിച്ച് അവഗാഹമായി അറിയാവുന്ന വിദഗ്ധനായ നാടകകൃത്താണദ്ദേഹം. പ്രയോഗക്ഷമമായ രംഗങ്ങൾ സൃഷ്ടിക്കാൻ അദ്ദേഹത്തിനു പ്രത്യേക സിദ്ധിതന്നെയുണ്ട്. ആഴത്തിലുള്ള ചിന്തകളോ, വിശാലമായ കാഴ്ചപ്പാടോ അദ്ദേഹത്തിൻെറ ഗൗരവമായ കൃതികളിൽ പോലും കണ്ടെത്തുവരില്ല. ശരിയായ പ്രചോദനമില്ലാതിരുന്നതിനാൽ കാവ്യനാടകങ്ങളെഴുതാനുള്ള അദ്ദേഹത്തിൻെറ ശ്രമങ്ങൾ വിഫലമായിട്ടുണ്ടെന്നും പറയാം. ജോൺസിൻെറ കോമഡി പലപ്പോഴും വികലമായിത്തീരാറുണ്ട്. അദ്ദേഹത്തിൻെറ അറുപതോളം നാടകങ്ങളിൽ പ്രത്യേകപരാമർശമർഹിക്കുന്നവയാണ് ജൂഡാ (1850), മൈക്കേൽ ആൻറ് ഹിസ് ലോസ്റ്റ് ഏഞ്ചൽ (1896), മിസ്സിസ് ഡെയ്ൻസ് ഡിഫൻസ് (1900) എന്നിവ.

നാടകാഭിനയം നിർത്തി നാടകരചനയിലേക്കു കടന്നുവന്നയാളാണ് സർ ആർതർ വിങ് പിനിയറോ (1855—1934). ജോണിനെപ്പോലെ യഥാതഥനാടകം അഭ്യസിച്ചവനാണ് പിനിയറോ. ചുറുചുറുക്കുള്ളതും ദീപ്തവുമായ കോമഡികളാണ് തുടക്കക്കാരനായ പിനിയറോവിൻെറ രചനകൾ. ദ വീക്കർ സെക്സ് (1888) പോലുള്ള സാമൂഹിക പരിഹാസങ്ങളായിരുന്നു പിന്നീടു വന്ന നാടകപരമ്പര. ആ കാലഘട്ടത്തിലെ മാനസികവികാരങ്ങൾ പിന്തുടർന്നിരിക്കുകയാണ് സ്വീററ് ലാവൻഡറിൽ (1888). നാലു സാമൂഹികനാടകങ്ങളിലൂടെയാണ് അദ്ദേഹത്തിൻെറ കഴിവു മുഴുവൻ പ്രകടമാകുന്നത്. ഇവയിൽ പരക്കെ അറിയപ്പെടുന്നത് ദ സെക്കൻഡ് മിസ്സിസ് ടാങ്കറി (1893) ദ നൊട്ടോറിയസ് മിസ്സിസ് എബ്സ്മിത്ത് (1895) എന്നീ രണ്ടു കൃതികളാണ്. തൻെറ ഏററവും ശ്രമകരവും, 'അത്യാന്താധുനികവു'മായ കൃതിയാണ് ദ സെക്കൻഡ് മിസ്സിസ് ടാങ്കറി. 'പൂർവ്വാനുഭവങ്ങളുള്ള ഒരു സ്ത്രീ'യുടെ മുന്നിൽ ഉയർന്നുവരുന്ന ധർമ്മസങ്കടങ്ങളാണ് ഇതിൽ പ്രതിപാദിക്കുന്നത്. ഇതൊക്കെയാണെങ്കിലും അദ്ദേഹത്തിൻെറ കൃതികൾ ഗഹനമല്ല. ഉയർന്ന വർഗ്ഗക്കാരുടെ ജീവിതം ചിത്രീകരിക്കുന്നതിൽ ഒതുങ്ങിനില്ക്കുകയാണ് അദ്ദേഹത്തിൻെറ കൃതികൾ. വളരെ വിരളമായേ ആഴത്തിലുള്ള പാത്രചിത്രീകരണംപോലും നടത്തുന്നുള്ളൂ.

ഫലിതപ്രയോഗപാടവവും കുറിക്കുകൊള്ളുന്ന സംഭാഷണവും, സമകാലീനസാഹിത്യത്തോടുള്ള നീരസം കലർന്ന മനോഭാവവും തെളിഞ്ഞു നിൽക്കുന്ന ഡബ്ലിയൂ. എസ്. ഗിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബർട്ടി(1836—1911)ൻെറ സംഗീതനാടകങ്ങളം മിഴിവുററതാണ്. ഗാൽബർട്ടിനെ രസിപ്പിക്കുന്ന സംഗീതാത്മകമായ ഭ്രമകല്പനകളാണ് എച്ച്. എം. എസ്. പിനഫോർ (1878), പൈറററ്സ് ഓഫ് പെൻസാൻസ് (1880), പേഷ്യൻസ് (1881), ദ മിക്കാ ഡോ (1885) എന്നീ നാടകങ്ങളം.

കവിതയിലും, ഗദ്യത്തിലും തൊണ്ണൂറുകളിലെ 'ഡെക്കേഡൻറ് സ്കൂളി'നെ പൂർണ്ണമായി ഉൾക്കൊള്ളുന്ന ഓസ്കർ വൈൽഡ് (1856—1900). പ്രശസ്തനായ ഒരു ഐറിഷ് സർജൻെറ മകനായി ഡബ്ലിനിലാണ് വൈൽഡ് ജനിച്ചത്. കഴിവുററ എഴുത്തുകാരനായിരുന്നെങ്കിലും തലതിരിഞ്ഞതും അനുസരണംകെട്ടതുമായ പ്രതിഭയായിരുന്നു അദ്ദേഹത്തിൻേറത്. ഡബ്ലിനിലെ ട്രിനിററി കോളേജിൽ രാജ്ഞിയുടെ പേരിലുള്ള സ്കോളർഷിപ്പോടെയാണ് അദ്ദേഹം പഠിച്ചത്. ഗ്രീക്ക്പഠനത്തിൽ ബക്ക്ലിയുടെ സ്വർണ്ണമെഡലും കരസ്ഥമാക്കുകയുണ്ടായി. 1874–ൽ മഗ്ദലീൻ കോളേജിൽ പഠിക്കുമ്പോഴാണ് പേറററുടെ കലോപാസനയിൽ ആകൃഷ്ടനായതും അതിൻെറ പ്രചാരകനായിത്തീന്നതും. ക്ലാസ്സിക്കൽ സാഹിത്യത്തിൽ ഒന്നാം ക്ലാസ്സ് നേടിയ വൈൽഡിൻെറ 'റാവെന' എന്ന കൃതിക്കു് 1878–ലെ ന്യൂഡിഗേററ് സമ്മാനം ലഭിക്കുകയുണ്ടായി. ഓക്സ്ഫേഡിൽനിന്നും ലണ്ടനിലേക്കു പോയ വൈൽഡ് തൻെറ ഉജ്ജ്വലമായ സംഭാഷണരീതികൾകൊണ്ടും ബുദ്ധിവൈഭവംകൊണ്ടും പെട്ടെന്നു പ്രശസ്തനായിത്തീന്നു. 1822-ൽ അമേരിക്കൻ പര്യടനംനടത്തിയ അദ്ദേഹത്തിനു പ്രശംസാർഹമായ സ്വീകരണമാണ് അവിടെ ലഭിച്ചത്. വൈൽഡിൻെറ പ്രതിഭ ഔന്നത്യത്തിലെത്തി നിൽക്കുമ്പോഴാണ് രണ്ടു വർഷത്തെ തടവുശിക്ഷയ്ക്കു് അദ്ദേഹം വിധിക്കപ്പെട്ടതു്. ജയിലിൽവച്ചെഴുതിയ കൃതിയാണ് ഡി പ്രൊഫണ്ഡിസ് (1897). നാല്പത്തിനാലാമത്തെ വയസ്സിൽ പാരീസിൽവച്ച് അദ്ദേഹം അന്തരിച്ചു.

പേറററുടെയും, പ്രീറാഫലൈററുകളുടെയും നേരിട്ടുള്ള സ്വാധീനം വൈൽഡിൻെറ ആദ്യകാലകവിതകളിൽ തെളിഞ്ഞു കാണാം. ആദ്യകാലകവിതകളുടെ സവിശേഷതകൾ അദ്ദേഹത്തിൻെറ ഗദ്യത്തിലുമുണ്ട്. ഒരു നാടകകൃത്തെന്ന നിലയ്ക്കാണ് വൈൽഡ് ഇന്നു് അറിയപ്പെടുന്നതു്. വെറാ ഓർ ദ നിഹിലിസ്റ്റ്സ് (1880), ദ ഡച്ചസ് ഓഫ് പാഡുവ (1883) എന്നീ രണ്ടു ഹ്രസ്വരചനകളോടെയാണ് സാഹിത്യരംഗത്തു പ്രവേശിക്കുന്നതു്. പിന്നീട് സലോമി (1892) പുറത്തുവന്നു. ഇതേത്തുടന്നു വന്നതു് നാലു കോമഡികളാണ്. ലേഡി വിൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഡർമിയേഴ്സ് ഫാൻ (1892), എ വുമൺ ഓഫ് നോ ഇംപോർട്ടൻസ് (1893), ആൻ ഐഡിയൽ ഹസ്ബൻറ് (1895), ദി ഇംപോർട്ടൻസ് ഓഫ് ബീയിങ് ഏണസ്റ്റ് (1895) എന്നീ നാലു പ്രഹസനങ്ങളാണ് അദ്ദേഹത്തിൻെറ യശസ്സ് വദ്ധിപ്പിച്ചതു്. ഷെറിഡൻെറ പാരമ്പര്യം പിന്തുടരുന്ന, അഭിജാതന്മാരുടെ ജീവിതാദൾങ്ങൾ പ്രകടിപ്പിക്കുന്ന 'കോമഡി ഓഫ് മാനേഴ്സി'ൻെറ ശൈലിയിലുള്ളതാണിവ. അപഹാസ്യമായ ഇതിവൃത്തം പലപ്പോഴും വിലകുറഞ്ഞ പ്രഹസനമായിത്തീരുന്നു. എന്നാൽ താൻ അവതരിപ്പിക്കുന്ന പ്രത്യേക സമൂഹത്തിൻെറ എല്ലാ രീതികളും വെളിച്ചത്തുകൊണ്ടുവരുവാൻ അദ്ദേഹത്തിൻെറ സംഭാഷണങ്ങൾക്കു കഴിവുണ്ട്. യഥാത്ഥ വികാരങ്ങളോ സദാചാരമൂല്യങ്ങളോ ഇല്ലാത്ത, സുഖലോലുപന്മാരായ ഒരു വിഭാഗം ഇംഗ്ലീഷ് നാഗരികന്മാരുടെ പൊങ്ങച്ചങ്ങളേയും, പൊള്ളത്തരങ്ങളേയും അവരുടെ സംഭാഷണങ്ങളിലൂടെ അപഗ്രഥിച്ച് തുറന്നുകാട്ടുന്നുവെന്നതിനാൽ ശ്രദ്ധേയമായിട്ടുണ്ട്. ദി ഇംപോർട്ടൻസ് ഓഫ് ബീയിങ് ഏണസ്റ്റ്. അദ്ദേഹത്തിൻെറ രചനകൾക്ക് ധൈഷണികമാനമുണ്ട്. വേർതിരിക്കാൻ വയ്യാത്തത്ര തരത്തിൽ ഒന്നുപോലെയിരിക്കുന്ന കാർട്ടൂൺചിത്രങ്ങളാണ് കഥാപാത്രങ്ങളെല്ലാംതന്നെ. യഥാത്ഥ മനുഷ്യരുടെ നിശ്വാസങ്ങൾ ഈ കഥാപാത്രങ്ങൾ ഉൾക്കൊള്ളുന്നില്ല. വൈൽഡിനെ സംബന്ധിച്ചിടത്തോളം സംഭാഷണത്തിനാണു പ്രഥമസ്ഥാനം. ഇതിവൃത്തവും കഥാപാത്രങ്ങളും ഇതിനു പിന്നിലേ സ്ഥാനം പിടിക്കുന്നുള്ളു. ആത്മാത്ഥതയില്ലാത്ത വികാരപരതയാണ് ആദ്യത്തെ നാടകങ്ങളിൽ അദ്ദേഹം പ്രകടിപ്പിക്കുന്നതു്.

ഗദ്യം

വ്യത്യസ്തങ്ങളായ ഗദ്യസാഹിത്യരൂപങ്ങളുടെ കാലമായിരുന്നു വിക്ടോറിയൻയുഗം. ചരിത്രം, സാമുദായികവും ശാസ്ത്രീയവുമായ അഭിപ്രായവ്യത്യാസങ്ങൾ പ്രകടിപ്പിക്കുവാൻ വേണ്ടിയുള്ള താക്കികലേഖനങ്ങൾ, സാഹിത്യവിമർശനം, ജീവചരിത്രം, ആത്മകഥ, യാത്രാവിവരണം എന്നിങ്ങനെ വിഭിന്നങ്ങളായ വിഭാഗങ്ങൾ ഗദ്യസാഹിത്യത്തിൽ വളന്നുവന്നു.

സാമാന്യഗദ്യസാഹിത്യത്തിലെ അതുല്യ പ്രതിഭാധനനും ആധുനികയുഗത്തിലെ സാമൂഹികപരിഷ്കത്താക്കളിൽ ഒരുവനുമായിരുന്നു തോമസ് കാർലൈൽ (1795—1881). എക്ക്ൾഫെക്കനിലെ ഒരു കൽപ്പണിക്കാരൻെറ മകനായി പിറന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാർലൈൽ എഡിൻബറ യൂണിവേഴ്സിററിയിൽനിന്നാണ് മെട്രിക്കുലേററ് ചെയ്തതു്. അതിനു ശേഷം കുറെക്കാലം അദ്ദേഹം സ്കൂളദ്ധ്യാപകനായി ജോലി നോക്കുകയുണ്ടായി. താമസിയാതെ അദ്ധ്യാപകവൃത്തി ഉപേക്ഷിച്ച കാർലൈൽ ജീവിതായോധനത്തിനായി കൂലിക്കെഴുതുന്ന പണിയിലേർപ്പെട്ടു. 1826-ൽ ജയിൻ വെൽഷിനെ വിവാഹംചെയ്തു. 1834-ൽ കാർലൈൽദമ്പതികൾ ചെൽസിയിൽ സ്ഥിരതാമസമായി. സ്വന്തം ജീവിതകാലഘട്ടത്തിലെ എണ്ണപ്പെട്ട ബുദ്ധിജീവികളിൽ അഗ്രഗണ്യനായിരുന്നു കാർലൈൽ. പക്ഷേ, ജീവിതം മുഴുവൻ അദ്ദേഹം അസന്തുഷ്ടനായിരുന്നു.

പരിഭാഷകളും, ഉപന്യാസങ്ങളും, ജീവചരിത്രങ്ങളുമാണ് ആദ്യകാലകൃതികൾ. ഇവയിൽ ഉത്തമങ്ങളായ സൃഷ്ടികളാണ് ഗേററ (Goethe) യുടെ വിൽഹെം മൈസ്റ്റേഴ്സ് അപ്രൻറീസ് ഷിപ്പി(1834)ൻെറ പരിഭാഷയും, ദ ലൈഫ് ഓഫ് ഷില്ലറും (1825) ബേൺസിനേയും, സ്കോട്ടിനേയും പററിയുള്ള ലേഖനങ്ങളും. സാർട്ടർ റിസാർട്ടസ്, ദ ലൈഫ് ആൻറ് ഒപ്പീനിയൻസ് ഓഫ് ഹെർട്യൂഫൽസ് ഡ്രോക് (1833—34) എന്നിവയാണ് പ്രധാനപ്പെട്ട മററു രണ്ടു കൃതികൾ. ഇതിൽ ഒടുവിൽ പറഞ്ഞ അസാധാരണമായ കൃതി ഒരു ജർമ്മൻ പ്രൊഫസ്സറുടെ നിഗമനങ്ങളെന്ന വ്യാജേന എഴുതിയ ആത്മകഥാപരമായ നിബന്ധമാണ്. ചരിത്രപരമായ രചനകളിലേക്കാണ് പിന്നീടദ്ദേഹം തിരിഞ്ഞതു്. ഫ്രെഞ്ച് റെവല്യൂഷനെക്കുറിച്ചും, ജോൺസ്റ്റെർലിങ്, ഫ്രെഡറിക്ക് ദ സെക്കൻഡ് ഓഫ് പ്രഷ്യ മുതലായവരെക്കുറിച്ചും ചരിത്രകൃതികൾ രചിച്ചിട്ടുണ്ട്. ഒലിവർ ക്രോംവെൽസ് ലെറേറഴ്സ് ആൻഡ് സ്പീച്ചസ് പ്രസിദ്ധീകരിച്ചതു് 1845-ലാണ്.

സമകാലീനസംഭവങ്ങളെ ആസ്പദമാക്കിയെഴുതിയ അനേകം രചനകൾ അദ്ദേഹത്തിൻെറ വകയായിട്ടുണ്ട്. ചാർട്ടിസം (1840), പാസ്റ്റ് ആൻഡ് പ്രെസെൻറ് (1843), ലാററർ ഡേ പാംഫ്ലററ്സ് (1850) എന്നിവയൊക്കെ ഇപ്പറഞ്ഞ വിഭാഗത്തിൽപെടുന്നു. 1837-ൽ നടത്തിയ പ്രഭാഷണപരമ്പര ഓൺ ഹീറോസ്, ഹീറോവർഷിപ്പ് ആൻഡ് ദ ഹിറോയിക് ഇൻ ഹിസ്ററററി (1841) എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

ധാർമ്മികവും രാഷ്ട്രീയവുമായ കാര്യങ്ങളിൽ ഋഷിതുല്യനായിട്ടാണ് തൻെറ കാലഘട്ടത്തിൽ അദ്ദേഹം അംഗീകരിക്കപ്പെട്ടിരുന്നതു്. എന്നാൽ പില്ക്കാലത്തു് ആ പരിവേഷം അദ്ദേഹത്തിനു നഷ്ടപ്പെട്ടു. സത്യസന്ധനും ബുദ്ധിശാലിയുമായി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രുന്ന അദ്ദേഹം തന്റെ കഴിവുകൾ കാലഘട്ടത്തിന്റെ പ്രശ്ന ങ്ങൾക്കുവേണ്ടി വിനിയോഗിക്കാൻ തെല്ലും മടിച്ചില്ല. കാർലൈലിന്റെ അഭിപ്രായങ്ങൾ സർവ്വത്ര ചർച്ചചെയ്യപ്പെടുകയും പരക്കെ അംഗീകരിക്കപ്പെടുകയും ചെയ്തു. കപടതന്ത്രങ്ങളേയും സ്വേച്ഛാധിപത്യത്തേയും ഭർത്സിക്കുന്ന കാര്യത്തിലും കാർലൈൽ കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. കഠിനാദ്ധ്വാനത്തിനും ശുദ്ധമായ ചിന്തകൾക്കും വേണ്ടിയുള്ള അദ്ദേഹത്തിന്റെ ആഹ്വാനം അതിശക്തമായിരുന്നു.

കാർലൈലിന്റെ രീതി പ്രാഥമികമായും ജീവചരിത്രപരമായിരുന്നു. ജനങ്ങളെ ദയാപൂർവ്വം അടക്കി ഭരിക്കുകയും അവരെക്കൊണ്ടു നല്ലതുമാത്രം ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന ഒരാളായിട്ടാണ് അദ്ദേഹം തന്റെ 'ഹീറോ'യെ സങ്കല്പിച്ചതു്. ചരിത്രത്തെ എപ്പോഴും ഉണർവ്വുള്ളതാക്കി നിർത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ മറെറാരു ലക്ഷ്യം. പുരുഷത്വമുള്ള ഭാവനയും ഊർജ്ജസ്വലമായ ശൈലിയും കൊണ്ട് തന്റെ ആശയം വായനക്കാരുടെ മുൻപിൽ വ്യക്തമായി അവതരിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

തികച്ചും സ്വകീയമാണ് കാർലൈലിന്റെ ശൈലി. ഒററനോട്ടത്തിൽ ചില ഭാഗങ്ങൾ ചിലപ്പോൾ പരുഷവും, കർക്കശവുമാണെന്നു തോന്നാം. ജർമ്മൻ രീതിയിൽ ധാരാളമായി കാപ്പിററൽ ലൈററുകളുപയോഗിച്ച്, വാക്യഖണ്ഡങ്ങളും അഭിപ്രായപ്രകടനങ്ങളും നടത്തി, വാക്കുകളുടെ കുത്തിയൊഴുകുന്ന നീർച്ചുഴിയിലൂടെ അദ്ദേഹം മുന്നേറുന്നതു കാണാം. എങ്കിലും മധുരവും തുളഞ്ഞുകയറുന്നതുമായ ഈണം അവയ്ക്കുണ്ട്. ഫലവത്തായി പരിഹാസവും, വിപരീതാർത്ഥപ്രയോഗവും, ആക്ഷേപവും പ്രയോഗിക്കാൻ അദ്ദേഹത്തിനു കഴിയും.

തന്റെ തത്വശാസ്ത്രങ്ങളിലെല്ലാംതന്നെ മൗലികമായും സദാചാരനിയമനിഷ്ഠ പാലിക്കുന്നതിൽ അദ്ദേഹം മഹാ കണിശക്കാരനായിരുന്നു. ജനാധിപത്യത്തിൽ വിശ്വാസമില്ലാതിരുന്ന കാർലൈൽ ജനതയെ നയിക്കുന്നതിനു് ഒരു 'ഹീറോ' അല്ലെങ്കിൽ 'പ്രാപ്തനായ ഒരുവൻ' വേണമെന്ന അഭിപ്രായത്തിൽ അടിയുറച്ചു വിശ്വസിച്ചു. ശാസ്ത്രീയമായ ഭൗതികവാദത്തേയും അദ്ദേഹം നിരാകരിക്കുകയാണുണ്ടായതു്. ദൈവവിശ്വാസവും, ആത്മീയ സ്വാതന്ത്ര്യവുമാണ് ചൈതന്യവത്തായ സത്യമെന്ന് കാർലൈൽ ഉൽബോധിപ്പിച്ചു.

തങ്ങളുടെ കാലഘട്ടത്തിലെ അതുല്യനായ ഗദ്യരചയിതാവെന്നു് സമകാലികർതന്നെ കൈയടിച്ചു സമ്മതിച്ച എഴുത്തു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാരനാണ് തോമസ് ബാബിങ്ടൺ മെക്കോളെ (1800—59). ഇന്നു് ആ അഭിപ്രായത്തിനു പക്ഷേ, മങ്ങലേററിട്ടുണ്ട്. എഡിൻബറ റിവ്യൂ(ആഗസ്റ്റ് 1825)വിൽ മിൽട്ടനെക്കുറിച്ചെഴുതിയ ഗംഭീരവും വിപുലവുമായ ലേഖനത്തോടെയാണ് തൻെറ പ്രതിഭ മെക്കോളെ തെളിയിക്കുന്നതു്. അഭിഭാഷകവൃത്തി ആരംഭിച്ചശേഷം കോമൺസ് സഭയിലെത്തിയ അദ്ദേഹം മികച്ച വാഗ്മിയും തികഞ്ഞ രാജ്യതന്ത്രജ്ഞനുമെന്ന കീർത്തി സമ്പാദിച്ചു. 1834 മുതൽ 1838 വരെ സുപ്രീം കൗൺസിലിൻെറ നിയമോപദേഷ്ടാവായി ഇന്ത്യയിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. തിരിച്ചു് ഇംഗ്ലണ്ടിലെത്തിയതോടെ വീണ്ടും അദ്ദേഹം പൊതുജീവിതത്തിൽ പ്രവേശിച്ചു. അനേകവഷത്തെ സമത്ഥമായ രാഷ്ട്രീയപ്രവർത്തനങ്ങൾക്കുശേഷം 'ബാരൻ മെക്കോളെ ഓഫ് റോത്ത്ലി' എന്ന പ്രഭുപദവിയും ലഭിച്ചു. ഹിസ്ററി ഓഫ് ഇംഗ്ലണ്ട് ഫ്രം ദ ആക്സെഷൻ ഓഫ് ജയിംസ് ദ സെക്കൻഡ്യാണ് മെക്കോളെയുടെ ഏററവും പ്രശസ്തമായ കൃതി. 1848—ൽ ഇതിൻെറ ആദ്യത്തെ രണ്ടു വാല്യങ്ങൾ പുറത്തുവന്നു. പെട്ടെന്നു് ഈ ഗ്രന്ഥം പ്രശസ്തി നേടി. ആരോഗ്യം തീർത്തും ക്ഷയിക്കുകയും നിത്യരോഗിയായിതീരുകയും ചെയ്തെങ്കിലും സ്ഥിരോത്സാഹവും, അതിശയകരമായ ബുദ്ധിശക്തിയുംകൊണ്ടു് തൻെറ ചരിത്രകൃതിയുടെ മൂന്നും നാലും ഭാഗങ്ങൾ പൂർത്തിയാക്കാൻ (1855) അദ്ദേഹത്തിനു കഴിഞ്ഞു. മരണശേഷം 1859—ലാണ് പ്രസ്തുതകൃതിയുടെ അഞ്ചാംഭാഗം പ്രസിദ്ധീകരിച്ചതു്. ആദ്യത്തെ നാലു വാല്യങ്ങളിൽ ഏതാനും വർഷത്തെ ചരിത്രം മാത്രം ഉൾക്കൊള്ളിക്കാനെ അദ്ദേഹത്തിനു കഴിഞ്ഞിട്ടുള്ളു. അതിമനോഹരമായ രീതിയിൽ വിശദാംശങ്ങൾ നൽകുന്നതുകൊണ്ടു് ആഖ്യാനത്തിനു തടസ്സം വരുന്നുണ്ടെങ്കിലും വായനക്കാരുടെ താല്പര്യം നിലനിർത്താൻ അതു് ഉതകുന്നു. വിഗ്ഗ് പാർട്ടിയോടു് അദ്ദേഹത്തിനുണ്ടായിരുന്ന ചായ്വ് ചരിത്രപ്രസ്താവനകളേയും നിർഭാഗ്യവശാൽ ബാധിച്ചെന്നു പറയാം. വായിച്ചുപോകാൻ രസമുള്ളതാണെങ്കിലും ചരിത്രവസ്തുതകളെന്ന നിലയിൽ അവയെ അംഗീകരിക്കാൻ വളരെ ബുദ്ധിമുട്ടുണ്ടു്. താൻ കൈവെയ്ക്കുന്ന രചനകളിലേതും വായനക്കാരിൽ താല്പര്യം സൃഷ്ടിക്കാനുതകുംവിധം മനോഹരമാക്കിത്തീർക്കാൻ മെക്കോളേക്കു കഴിയും. കഥ പറച്ചിലുകാരുടെ ഇടയിൽ തൻെറ കാലഘട്ടത്തിലെ ഉന്നതന്മാർക്കൊപ്പം നില്ക്കാനുള്ള യോഗ്യത അദ്ദേഹത്തിനുണ്ടു്. പ്രഫുല്ലമായ ആ രചനകൾക്കു ചൊടിചൊടിപ്പും പ്രസന്നതയുമുണ്ടു്. ശക്തമായ കാര്യവിവേകത്തിൻെറ മൂർത്തീമദ്ഭാവംകൂടിയാണ് അദ്ദേഹം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപാരമായ ഓർമ്മശക്തിയാണ് അദ്ദേഹത്തിന്റെ മറെറാരു സിദ്ധി.

മെക്കോളേയുടെ രചനകളിൽ രണ്ടു വിഭാഗത്തിലുള്ള ഉപന്യാസങ്ങൾ കാണാം. മിൽട്ടനേയും ബൈറനേയും ബനിയനേയും കുറിച്ചുള്ള സാഹിത്യപരമായ ലേഖനങ്ങളാണ് ഒന്ന്. രണ്ടാമതായി ചരിത്രപരമായ ലേഖനങ്ങൾ. ഇതിൽ വാറൻ ഹേസ്ററിംഗ്സിനേയും, ലോർഡ് ക്ലൈവിനേയുംകുറിച്ചുള്ള പ്രൗഢമായ ലേഖനങ്ങൾ ഉൾപ്പെടുന്നു. അദ്ദേഹത്തിന്റെ നിഗമനങ്ങൾ പലപ്പോഴും ഏകപക്ഷീയമായി തീരാറുണ്ട്. ഇതൊക്കെയാണെങ്കിലും വ്യക്തവും, നിപുണവുമായി കാര്യം ചെയ്തിരിക്കയാണ്. ഉപന്യാസങ്ങളെല്ലാംതന്നെ മററ് ഏതു് എഴുത്തുകാരെക്കാളും സാധാരണക്കാരിൽ സാഹിത്യതാല്പര്യമുണർത്താൻ തന്റെ ഉപന്യാസങ്ങൾക്ക കഴിഞ്ഞിട്ടുണ്ടെന്ന് മെക്കോളേക്ക് അവകാശപ്പെടാം. ചരിത്രാഖ്യാനങ്ങളിൽവച്ച് അദ്ദേഹത്തിന്റെ ഹിസ്ററിക്ക് പ്രത്യേകമായ ആകർഷകത്വമുണ്ട്.

ഗദ്യസാഹിത്യകാരന്മാരിൽ എന്തുകൊണ്ടും ശ്രദ്ധേയനാണ് ജോൺറസ്കിൻ (1819—1900). കൃതിയുടെ വ്യാപ്തിയും മൗലികത്വവുംകൊണ്ട് കാർലൈലിന്റെ തൊട്ടടുത്തുനില്ക്കുന്നു അദ്ദേഹം. കലയെക്കുറിച്ചും ജീവിതത്തെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ ധാരണകളും ശൈലിയുടെ പ്രത്യേകതയും അദ്ദേഹം കാർലൈലിന്റെ പിന്മുറക്കാരനാണെന്നു വിളിച്ചറിയിക്കുന്നു. ലണ്ടനിൽ ജനിച്ചെങ്കിലും സ്കോട്ടിഷ് വംശജനാണ് റസ്കിൻ. വീഞ്ഞുവ്യാപാരിയായ പിതാവിനോടൊപ്പം ഇംഗ്ലണ്ടിലും പുറത്തും അദ്ദേഹം ധാരാളം സഞ്ചരിച്ചിട്ടുണ്ട്. സർവ്വകലാശാല വിട്ടശേഷം നേരെ സാഹിത്യജീവിതത്തിലേക്കാണ അദ്ദേഹം തിരിഞ്ഞതു്. ഓക്സ്ഫേഡിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ 'സോൾസെററ് ആൻറ് എലിഫൻറാ' (1839) എന്ന അദ്ദേഹത്തിന്റെ കവിതയ്ക്കു് ന്യൂഡിഗേററ്പ്രൈസ് ലഭിക്കുകയുണ്ടായി. നാലുവർഷത്തിനുശേഷം മോഡേൺ പെയ്ന്റേഴ്സ് എന്ന കൃതിയുടെ ആദ്യവാള്യം അദ്ദേഹം പ്രസിദ്ധപ്പെടുത്തി. ടേർണറുടെ പ്രതിഭ സ്ഥാപിച്ചെടുക്കുക ആയിരുന്നു ഈ കൃതിയുടെ പ്രാഥമികോദ്ദേശ്യം. അഞ്ചാമത്തേതും അവസാനത്തേതുമായ വാള്യം 1860–ൽ പുറത്തിറക്കി. ഇതിനിടയിൽത്തന്നെ ചിത്രരചനയിലും ശില്പവിദ്യയിലും അദ്ദേഹം മുഴുകി. അങ്ങനെയാണ് ദ സെവൻ ലാംപ്സ് ഓഫ് ആർക്കിടെക്ചർ (1849), ദ സ്ററോൺസ് ഓഫ് വെനിസ് (1851—53) എന്നീ കൃതികൾ പുറത്തുവന്നതു്. 1859–ൽ ദ റ്റൂ പാത്ത്സ് പ്രസിദ്ധീകരിച്ചു. കലയെക്കുറിച്ചുള്ള പഠനം സാമൂഹികാവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്ഥയെക്കുറിച്ചു പഠിക്കാൻ അവസരം നൽകി. കാർലൈലിന്റെ സ്വാധീനംകൂടിയായപ്പോൾ കലാനിരൂപകനിൽനിന്നും മനുഷ്യസ്നേഹിയെന്ന നിലയിലേക്കുള്ള പരിവർത്തനം പൂർണ്ണമായി. 1869–ൽ ഓക്സ്ഫേഡിലെ 'സ്ലേഡ് പ്രൊഫസർ ഓഫ് ഫൈൻ ആർട്ട്' ആയി അദ്ദേഹം നിയമിക്കപ്പെട്ടു. അനാരോഗ്യംനിമിത്തം 1879–ൽ തൽസ്ഥാനം രാജിവച്ച റസ്കിൻ 1883–ൽ വീണ്ടും ആ ജോലി തുടന്നു. എന്നാൽ അവസാനം അതുപേക്ഷിക്കാതെ നിവൃത്തിയില്ലെന്നു വന്നു. ദ കോൺഹിൽ മാഗസിനിൽ തുടച്ചയായി പ്രസിദ്ധീകരിച്ചുവന്ന ലേഖനങ്ങളുടെ സമാഹാരമാണ് അൺ ററു ദ ലാസ്ററ് (1860). രാഷ്ട്രീയ സാമ്പത്തികശാസ്ത്രത്തെക്കുറിച്ചുള്ള ഈ ലേഖനപരമ്പര എതിർപ്പു കാരണം ഇടയ്ക്കുവച്ചു നിർത്തേണ്ടിവന്നു. ഇതേ വിഷയത്തെ അധികരിച്ചുള്ള മറെറാരു ലേഖനസമാഹാരമാണ് മുനർവ പൾവരിസ് (1862—63). ഫ്രേസേഴ്സ് മാഗസിനിൽ പ്രസിദ്ധീകരിച്ചുവന്ന ഈ ലേഖനങ്ങളും ഇതിലെ നൂതനവീക്ഷണങ്ങളുടെ പേരിൽ അദ്ദേഹത്തിനു പിൻവലിക്കേണ്ടിവന്നു. അദ്ദേഹത്തിന്റെ രണ്ടു പ്രഭാഷണങ്ങൾ ചേർത്തു പ്രസിദ്ധപ്പെടുത്തിയതാണ് സെസമി ആൻഡ് ലില്ലീസ് (1865). മൂന്നാമതൊരു പ്രസംഗംകൂടി ചേർത്ത് 1871-ൽ ഇതു പുനഃപ്രസിദ്ധീകരിക്കുകയുണ്ടായി. റസ്കിന്റെ ഹ്രസ്വമായ കൃതികളിൽ ഇവയ്ക്കു രണ്ടിനുമാണ് ഇന്നു് ഏറെ പ്രചാരം. പ്രസംഗങ്ങളുടെ ഒരു പരമ്പരയാണ് ദ ക്രൗൺ ഓഫ് വൈൽഡ് ഓലിവ് (1866). 1855-ൽ ആരംഭിച്ച പ്രോട്ടറിററ ഒരുതരം ആത്മകഥയാണ്. 1900–ാമാണ്ടിൽ ലേക്ഡിസ്ട്രിക്ടിലെ ബ്രാൻറ്വുഡിൽ ആ പ്രതിഭ അന്ത്യശ്വാസം വലിച്ചു.

എഴുത്തുകാരനെന്ന നിലയ്ക്കു റസ്കിനിൽ പല കുററങ്ങളും കുറവുകളും കണ്ടെത്താനാകും. ചഞ്ചലപ്രകൃതിയായ അദ്ദേഹത്തിന്റെ ചിത്തവൃത്തിയിൽ വളരെ പെട്ടെന്നാണു വ്യതിയാനം സംഭവിച്ചുകൊണ്ടിരുന്നതു്. അദ്ദേഹത്തിന്റെ തക്‌വാദങ്ങൾ നമ്മെ അലോരസപ്പെടുത്തുമെന്നു തീച്ച. മക്കടമുഷ്ടിയായ അദ്ദേഹത്തിന്റെ മനോഭാവത്തിലുമുണ്ടു് ധാർഷ്ട്യം. ഇങ്ങനെ പല കാരണങ്ങൾകൊണ്ടു് അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളിൽ നമുക്കുള്ള വിശ്വാസം വിനഷ്ടമാകുന്നു. ഇതൊക്കെയാണെങ്കിലും അദ്ദേഹത്തിന്റെ ചേതന നിർമ്മലവും കലീനവും ധീരോദാത്തവുമാണെന്നു സമ്മതിക്കണം. ധാർമ്മികോപദേഷ്ടാവെന്ന നിലയിൽ അദ്ദേഹത്തിനുള്ള സ്വാധീനം അജ്ഞേയററം തൃപ്തികരമാണ്.

പ്രശംസ പിടിച്ചു പററുന്നതാണ് റസ്കിന്റെ ശൈലി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മോടിപിടിപ്പിക്കപ്പെട്ട ആദ്യകാലഗദ്യശൈലിയെടുത്താലും, പില്ക്കാലത്തെ സംഭാഷണരീതിയിലെ ശൈലിയെടുത്താലും ശരി, ഉന്നതന്മാരുടെ മുൻനിരയിൽത്തന്നെയാണ് അദ്ദേഹത്തിന്റെ സ്ഥാനം. വാങ്മയചിത്രങ്ങൾ രചിക്കാനുള്ള കഴിവാണ് അദ്ദേഹത്തിന്റെ ശൈലിയുടെ ഒരു സവിശേഷത. അനലംകൃതമായ രചനകളിൽ റസ്കിന്റെ പദഘടന മധുരവും ലളിതവുമാണ്. പലപ്പോഴും റസ്കിന്റെ ഗദ്യം ഭാവാത്മകഗാനത്തിന്റെ തലത്തിലേക്ക് ഉയരുന്നു.

കവിയും, വിമർശകനുമെന്നറിയപ്പെടുന്ന മാത്യു ആർനാൾഡ് എണ്ണപ്പെട്ട ഗദ്യരചയിതാക്കളിലൊരാളാണ്. സാഹിത്യപരവും ജീവിതസംബന്ധിയുമെന്നു രണ്ടു വിഭാഗങ്ങളുണ്ട് അദ്ദേഹത്തിന്റെ ഗദ്യ രചനകൾക്ക്. എസ്സേയ്സ് ഇൻ ക്രിട്ടിസിസം (രണ്ടു ഭാഗങ്ങൾ—1865, 1888), മിക്സ്ഡ് എസ്സേയ്സ് (1879), ഒക്സ്ഫേഡ് ലെക്ച്ചേഴ്സ് ഓൺ ട്രാൻസ്ലേററിങ് ഹോമർ (1861, 1862) എന്നീ കൃതികളാണു സാഹിത്യപരമായ ലേഖനങ്ങൾ ഉൾക്കൊള്ളുന്നതു്. ഉൾക്കാഴ്ച, ചിന്ത, സുഭഗമായ ഇന്ദ്രിയാനുഭൂതി, എന്നിവയൊക്കെ ഇവയുടെ പൊതുസ്വഭാവങ്ങളാണ്. സംവേദനക്ഷമതയാണ് മറെറാരു പ്രത്യേകത. ജീവിത വിമർശനമാണ് സാഹിത്യം എന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. അതുകൊണ്ടുതന്നെ താൻ ചർച്ച് ചെയ്യുന്ന എഴുത്തുകാരുടെ ധാർമ്മിക മൂല്യത്തെക്കുറിച്ച് അദ്ദേഹം ബോധവാനായിരുന്നു. ഒരു കലാരൂപത്തിന്റെ സാധുത കണക്കാക്കുമ്പോൾ ഗ്രീക്ക് കലകളുമായി താരതമ്യപ്പെടുത്താനാണ് ആർനാൾഡ് ഉദ്യമിച്ചതു്. ഒരു കൃതിയുടെ അഗാധതയിലേക്കു പോകാൻ കൂട്ടാക്കാത്ത ആർനാൾഡിനു് ക്രമബദ്ധമായ സമീപനരീതിയില്ല. സ്വന്തം നിലപാടിൽ വരുന്ന വ്യതിയാനങ്ങൾ ഒരു കൃതിയെ വിശകലനം ചെയ്ത് നിഗമനങ്ങളിലെത്തുമ്പോൾ അദ്ദേഹത്തെ കുഴപ്പത്തിൽ ചാടിച്ചിട്ടുണ്ട്. ജീവിതവീക്ഷണവും, രാഷ്ട്രീയമനോഭാവവും ആർനാൾഡിന്റെ നിഗമനങ്ങളെ വികലമാക്കുന്ന അവസരങ്ങളുണ്ട്. എങ്കിലും അദ്ദേഹത്തിന്റെ സാഹിത്യവിമർശനങ്ങളെ ഒന്നായി പരിഗണിക്കുമ്പോൾ അവ അതിശയകരമാംവണ്ണം പരിപൂർണ്ണവും ആന്തരികാത്മത്തെ പ്രകാശിപ്പിക്കുന്നവയുമാണെന്നു കാണാം. ഉത്തമങ്ങളായ വിമർശനങ്ങളെല്ലാമടങ്ങുന്ന കൃതിയാണ് എസ്സേയ്സ് ഇൻ ക്രിട്ടിസിസം. ജീവിത വിമർശനമെന്ന നിലയിൽ ഉൽബുദ്ധരായ ഇംഗ്ലീഷ്ജനതയുടെ മാനസികവും, ധാർമ്മികവുമായ ചക്രവാളസീമകളെ വികസിപ്പിക്കാൻ പോന്നവയാണ് കൾച്ചർ ആൻഡ് ആനർക്കി (1869),

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഫ്രെൻഡ്ഷിപ്സ് ഗാർലൻഡ് (1871) എന്നീ കൃതികൾ. ലിററ്ററച്ചർ ആൻഡ് ഡോഗ്മ (1873), ഗോഡ് ആൻഡ് ദ ബൈബിൾ (1875) എന്നീ കൃതികളിൽ വേദാന്തത്തിലേക്കു നീങ്ങുന്ന ആർനാൾഡ് ശുദ്ധമായ നാച്ചുറലിസത്തിൻെറ അടിസ്ഥാനത്തിൽ ക്രിസ്തുമതത്തിൻെറ അന്തഃസത്തയെ പുനഃസൃഷ്ടിക്കാൻ ശ്രമിക്കുന്നു.

ദീപ്തവും, അലംകൃതവും, മനോജ്ഞവുമായ ആർനാൾഡിൻെറ ഗദ്യശൈലി പ്രശംസനീയമാണ്. എന്നാൽ ചിലപ്പോഴെങ്കിലും ആവർത്തനവും ശീലവൈകൃതത്വവും കൊണ്ട് അത് അസുഖം ജനിപ്പിക്കുന്നില്ലെന്നില്ല. സുകരവും, താളാത്മകവുമായ ആ ശൈലി സുഭഗവും വിശിഷ്ടവുമാണ്. ഗ്രാമ്യഭാഷ ഉപയോഗിക്കാറുണ്ടെങ്കിൽത്തന്നെ സംസ്കൃതവും നാഗരികവുമായ ശൈലിയിൽ നിന്ദയും പരിഹാസവും ചൊരിയാൻ അദ്ദേഹത്തിനു സാമർത്ഥ്യമുണ്ട്. കാർലൈലിനേയും, റസ്കിനേയുംപോലെ തൻെറ കാലഘട്ടത്തിലെ ഭൗതികവാദത്തെ എതിർക്കാനും അദ്ദേഹം മടിച്ചില്ല.

ഒട്ടനേകം ഗദ്യരചയിതാക്കളിൽ ഏതാനും ചരിത്രകാരന്മാരുടെ പേരുകൾ മാത്രമെ ഇവിടെ പരാമർശിക്കുന്നുള്ളു. വില്യം ഹിക്ക്ലിങ് പ്രെസ്കോട്ട് (1796—1859), ഹെൻറി തോമസ് ബക്ൾ (1821—1862), എഡ്വേഡ് അഗസ്ററസ് ഫ്രീമൻ (1823—92), ഗംഭീരവും എന്നാൽ അത്ര കൃത്യവുമല്ലാത്ത ഹിസ്ററി ഓഫ് ഇംഗ്ലണ്ട് ഫ്രം ദ ഫാൾ ഓഫ് വുൾസി റു ദ ഡിഫീററ് ഓഫ് സ്പാനിഷ് ആർമഡ എന്ന ഗ്രന്ഥത്തിൻെറ കർത്താവായ ജെയിംസ് ആൻറണി ഫ്രൂഡ് (1818—94), സ്ററവർട്ട് വംശത്തിൻെറയും, ആഭ്യന്തരകലാപത്തിൻെറയും ചരിത്രമെഴുതിയ സാമുവൽ റോഡൺഗാർഡിനർ (1829—1902), വില്യം എഡ്വേർഡ് ഹാർട്ട്പോൾലെക്കി (1838—1903), ഷോർട്ട് ഹിസ്ററി ഓഫ് ദ ഇംഗ്ലീഷ് പീപ്പ്ൾ രചിച്ച ജോൺ റിച്ചേഡ് ഗ്രീൻ (1837—83) എന്നിവരൊക്കെ അക്കൂട്ടത്തിൽ പ്രാധാന്യമർഹിക്കുന്നു. ഏഴ് വാല്യങ്ങളുള്ള ദ റെനയ്സൻസ് ഇൻ ഇററലി എന്ന ബൃഹദ്ഗ്രന്ഥം പ്രസിദ്ധീകരിച്ച ജോൺ ആഡിങ്ടൺ സൈമണ്ട്സ് ചരിത്രവും സൗന്ദര്യാത്മകവിമർശനവും തമ്മിൽ ഘടിപ്പിക്കുകയായിരുന്നു. ലിറററി സ്റ്റഡീസിൻെറ (1879) കർത്താവായ വാൾട്ടർ ബാജററ് രചിച്ച ദ ഇംഗ്ലീഷ് കോൺസ്റ്റിററ്യൂഷൻ (1867) മികച്ച ഒരു ചരിത്രപഠനമാണ്.

സൈമണ്ട്സിനേക്കാൾ ശ്രേഷ്ഠനും സ്വകീയവും ഉദാത്തമായ ഒരു ശൈലിയുടെ ഉടമയും, സാഹിത്യനിരൂപകനുമായിരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നു വാംട്ടർ പേററർ (1839—94). സ്ററഡീസ് ഇൻ ദ ഹി സ്ററി ഓഫ് ദ റെനയ്സൻസ് (1873) ഉംപെടുത്തിയി രിക്കുന്നതു് മുഖ്യമായും കലയെപ്പററി പ്രതിപാദിക്കുന്ന ആദ്യകാ ല ഉപന്യാസങ്ങളാണ്. അദ്ദേഹത്തിൻെറ മഹത്തായ ശൈ ലിക്കു ദൃഷ്ടാന്തമാണ് ശ്രദ്ധേയമായ മാരിയസ് ദ എപ്പിക്യൂ രിയൻ (1885) എന്ന ദാർശനികനോവൽ. ഇമാജിനറി പോർ ട്രെയ്ററ്സ് (1887) കാലകാരന്മാരെക്കുറിച്ച ചർച്ചചെയ്യു മ്പോം, സാഹിത്യപരമായ ആശയങ്ങളുംക്കൊള്ളുന്ന അപ്രീ സിയേഷനിൽ (1889) സൗന്ദര്യാത്മകനിരൂപണത്തിൻെറ വക്താവായിത്തീരുന്നു. സൗന്ദര്യദാഹവും, കലാഭിരുചിയും ചേർന്ന് അദ്ദേഹത്തിൻെറ നിഗമനങ്ങളെ കുഴച്ചുമറിക്കാറുണ്ടു്. പേറററിൻെറ ഗദ്യം ശൈലിയുടെ സവിശേഷതകൊണ്ടു 19—ാം നൂററാണ്ടിൻെറ ഉത്തരാദ്ധത്തിൽ ഏററവും ശ്രദ്ധേയമായി ത്തീർന്നു.

ചെറുകിടക്കാരായ എഴുത്തുകാരിൽ മുമ്പനാണ് പ്രസിദ്ധ നോവലിസ്റ്റും വിമർശകയുമായ വർജീനിയ വൂംഫിൻെറ പി താവ് സർ ലെസ്ലി സ്റ്റീഫൻ (1832—1904). അവർസ് ഇൻ എ ലൈബ്രറി എന്ന കൃതിയിൽ ജീവചരിത്രപഠനങ്ങളാ ണ് ഉള്ളതു്. ഇവയിലെ വിശാലവീക്ഷണവും, അഭിരുചിക ളുമാണ് ഈ കൃതിയുടെ മേന്മയ്ക്കു പ്രധാന കാരണം. ഹിസ്ററി ഓഫ് ഇംഗ്ലീഷ് തോട്ട് ഇൻ ദി എയ്ററീന്ത് സെഞ്ചുറി (1876), ദി ഇംഗ്ലീഷ് യൂട്ടിലിറേററിയനിസം (1900) എന്നി വയും അദ്ദേഹം പ്രസിദ്ധപ്പെടുത്തി. ഡിക്ഷ്ണറി ഓഫ് നാ ഷണൽ ബയോഗ്രഫിയുടെ എഡിററർ കൂടിയായിരുന്ന ലെസ് ലി സ്ററീഫൻ പ്രശസ്തരായ പലരുടേയും ജീവചരിത്രം അതിൽ ഉംക്കൊള്ളിച്ചിട്ടുണ്ടു്. ധാരാളം സാഹിത്യവിമർശ നങ്ങളം നടത്തിയിട്ടുള്ള ആളാണ് സ്വിൻബേൺ. എന്നാൽ തൻെറ ശക്തമായ മുൻവിധികളും അംഗീകാരങ്ങളും ഒരെഴുത്തു കാരനെ വിലയിരുത്തുന്നതിൽ സ്വിൻബേണിനെ വഴി തെററിച്ചിട്ടുണ്ടു്. വില്യംബ്ലേക്ക് (1868), എ സ്ററഡി ഓഫ് ഷേക്സ്പിയർ (1880)എ സ്റ്റഡി ഓഫ് ബെൻ ജോൺ സൺ (1889) എന്നിവയാണ് എണ്ണപ്പെട്ട കൃതികം. മോറി സിൻെറ സാഹിത്യജീവിതത്തിൻെറ രണ്ടാംഘട്ടം പ്രേമ കഥകളുടേയും, പ്രഭാഷണങ്ങളുടേയും, ലേഖനങ്ങളുടേയും കാല മാണ്. ഹോപ്പ് ആൻഡ് ഫിയേഴ്സ് ഫോർ ആർട്ട്(1882), സൈൻസ് ഓഫ് ചേഞ്ച് (1888) എന്നീ കൃതികളിൽ മോറി സിൻെറ മെച്ചപ്പെട്ട പ്രസംഗങ്ങളം കാണാം.

ശാസ്ത്രവിഷയങ്ങളിൽ താല്പര്യം വദ്ധിപ്പിക്കാൻ പോന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശാസ്ത്രകൃതികൾ വിക്ടോറിയൻ യുഗത്തിൽ വളരെയേറെ ഉണ്ടായിട്ടുണ്ട്. ജോൺ ടിൻഡൽ, തോമസ് ഹെൻറി ഹക്സ്ലി ഗ്രാൻറ് അലെൻ എന്നീ പേരുകൾ ഇത്തരുണത്തിൽ പ്രസ്താവ്യമാണ്. ഇവരിൽ പരമപ്രധാനി ഹക്സ്‌ലി (1825—95)തന്നെ. ഡാർവിൻെറ പിന്തുണക്കാരിൽ ശക്തനും കഴിവുററവനുമായിരുന്നു അദ്ദേഹം. ഡാർവിനെപ്പോലെ ഒരു യുദ്ധക്കപ്പലിൽ വിദേശസഞ്ചാരം നടത്തിയ ഹക്സ്ലി നാലുവഷത്തെ പര്യടനത്തിനിടയിൽ (1846—50) വളരെയധികം കാര്യങ്ങൾ പഠിക്കുകയുണ്ടായി. നാവികസേനയിൽനിന്നും പിരിഞ്ഞതോടെ ശാസ്ത്രീയഗവേഷണത്തിലാണദ്ദേഹം ആനന്ദം കണ്ടെത്തിയത്. പ്രഭാഷണങ്ങളും, പ്രബോധനപരമായ ലേഖനങ്ങളും സമാഹരിച്ച് മാൻസ് പ്ലെയ്സ് ഇൻ നേച്ചർ (1863), ലേസെർമൺസ്, അഡ്രസ്സസ് ആൻഡ് റിവ്യൂസ് (1870), അമേരിക്കൻ അഡ്രസ്സസ് (1877) എന്നു മൂന്നു കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശാസ്ത്രീയ ദൗത്യവുമായി ലോകം ചുററി സഞ്ചരിച്ച ചാൾസ് ഡാർവിൻ (1809—82) നല്ല ഒരു യോദ്ധാവുകൂടി ആയിരുന്നു. ദ വോയജ് ഓഫ് ദ 'ബീഗ്ൾ' (1839), പ്രപഞ്ചത്തിൽ മനുഷ്യൻെറ പ്രാധാന്യം കുറച്ചു കാണിക്കുന്നതും. വളരെയേറെ ഒച്ചപ്പാടുണ്ടാക്കിയതുമായ ഓൺ ദി ഓറിജിൻ ഓഫ് സ്പീഷീസ് (1859), ദ ഡിസെൻറ് ഓഫ് മാൻ (1871) എന്നിവയാണ് ഡാർവിൻെറ മുഖ്യ കൃതികൾ.

ശാസ്ത്രവിഷയങ്ങൾപോലെ വേദാന്തവും സാധാരണ സാഹിത്യരചനകളുടെ നിലയിലേക്കു കടന്നുവന്നു. 'വെളിച്ചമേ നയിച്ചാലും' ('ലീഡ് കൈൻഡ്ലി ലൈററ്') എന്ന പ്രസിദ്ധമായ ഗാനം രചിച്ച ജോൺ ഹെൻറി ന്യൂമൻ (1801—90) തൻെറ പ്രഭാഷണങ്ങളിലും. ഉപന്യാസങ്ങളിലുംകൂടി ഇതിനു നേതൃത്വം വഹിച്ചു. കത്തോലിക്കാ വിശ്വാസിയായിത്തീന്ന ന്യൂമാനെ കത്തോലിക്കാസഭ കർദ്ദിനാളായി അവരോധിക്കുകയുണ്ടായി. കത്തോലിക്കാ വിശ്വാസിയായിത്തീരുന്നതിനു മുൻപു് ട്രാക്ടേറിയൻ അഥവാ ഓക്സ്ഫേഡ് പ്രസ്ഥാനത്തിനു നേതൃത്വം വഹിച്ചതു് അദ്ദേഹമായിരുന്നു. ഇംഗ്ലീഷിലെ ആത്മീയപരിവേഷമുള്ള ആത്മകഥകളിൽ മഹത്തരമാണ് അദ്ദേഹത്തിൻെറ അപ്പൊളോജിയ പ്രോവിററ സ്വ (1864) ദി എഡിയ ഓഫ് എ യൂണിവേഴ്സിററി(1873)യാണ് ന്യൂമാൻെറ പ്രധാനപ്പെട്ട മറെറാരു കൃതി.

അനേകം ലേഖനങ്ങളുടെയും പ്രബന്ധങ്ങളുടേയും കർത്താവാണ് സാമുവൽ ബട്ട്ളർ (1835—1902) ഡാർവിൻെറ പരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണാമ സിദ്ധാന്തത്തിന്റെ സ്വാധീനം പ്രകടമാകുന്ന കൃതിക ളാണ് ലൈഫ് ആൻഡ് ഹാബിററ് (1877), എവല്യൂഷൻ ഓൾഡ് ആൻഡ് ന്യൂ (1879), അൺകോൺഷ്യസ് മെമ്മറി (1880) എന്നിവ ബട്ട്‌ളറുടെ പല കൃതികളും അദ്ദേഹത്തിനു ക്ലാസ്സിക്കൽ സാഹിത്യത്തോടുള്ള താല്പര്യത്തിനു തെളിവാണ്. അനേകം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള സാമുവൽ ബട്ട്‌ള റിന്റെ മരണാനന്തരം പ്രസിദ്ധപ്പെടുത്തിയതാണ് ദ നോട്ട് ബുക്ക് ഓഫ് സാമുവൽ ബട്ട്‌ളർ (1912).

നോവൽ

ഇംഗ്ലീഷ് നോവൽചരിത്രത്തിലെ മഹത്തായ ഒരു കാല ഘട്ടമാണ് പത്തൊൻപതാം നൂററാണ്ട്. മദ്ധ്യവർഗ്ഗക്കാർ അധികാരത്തിൽ വന്നതോടെയാണ് അവരുടെ സാഹിത്യരൂപ മായ നോവലിന് ഇത്രകണ്ട് പ്രചാരം ലഭിച്ചത്. പുസ്തകം കടംകൊടുക്കുന്ന ഗ്രന്ഥശാലകൾ പെരുകിയതോടെ വായന ക്കാരുടെ എണ്ണവും താല്പര്യവും വർദ്ധിച്ചതും ഇന്നത്തെ അർത്ഥ ത്തിൽ പുസ്തകപ്രസിദ്ധീകരണം വളച്ച് പ്രാപിച്ചതും മററു കാരണങ്ങളായി ചൂണ്ടിക്കാണിക്കാവുന്നതാണ്. ഒരു നിർദ്ദിഷ്ട സമൂഹത്തിന്റെ യഥാർത്ഥജീവിതചിത്രീകരണം നടത്താൻ ഏററവും അനുയോജ്യമായ സാഹിത്യരൂപം നോവലാണെന്നു സാഹിത്യകാരൻ ഇക്കാലത്ത് മനസ്സിലാക്കി. വിനോദത്തിനു മാത്രമുള്ളതും അതിനാൽ ജീവിതത്തിൽ നിന്നകന്നു നില്ക്കുന്നതു മാവണം നോവലെന്നായിരുന്നു പൊതുവെയുള്ള ധാരണ. ഉല്ലാ സത്തിനുവേണ്ടിയുള്ളവയായിരിക്കേണ്ട നോവൽ നിഷ്കൃഷ്ട മായ സാഹിത്യനിയമങ്ങൾ മുറുകെപ്പിടിക്കേണ്ടതില്ലെന്ന് അവർ വിചാരിച്ചു. അതേസമയം നോവൽ ചരിത്രവസ്തുത തന്നെയാണെന്നു ഭാവിച്ചുകൊണ്ട് അതുമായി ഇഴകിച്ചേരുന്ന തിന്നും അവർ ആഗ്രഹിച്ചു. കുലപതികളായ നോവലിസ്ററു കളെങ്കിലും അവരെ അങ്ങനെ വിശ്വസിപ്പിച്ചുപോന്നു. വായ നക്കാരെക്കൊണ്ട് അവരുടെ ആവശ്യങ്ങൾപോലും വിസ്മരി പ്പിച്ച് തങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിപ്പിക്കുവാൻ തക്ക പ്രാപ്തിയുള്ളവരായിരുന്നു മഹാന്മാരായ വിക്ടോറിയൻ നോവ ലിസ്ററുകൾ. വിക്ടോറിയൻ ജീവിതത്തിന്റെ പ്രത്യേകത കൾ വസ്തുനിഷ്ഠമായി അപഗ്രഥിക്കാമെന്നതുകൊണ്ടും മററു പല കാരണങ്ങളാലും പില്ക്കാലത്തും അവരുടെ കൃതികൾ താല്പര്യ പൂർവ്വം പഠിക്കുന്നുണ്ടെന്നതാണ് സത്യം. ഈ കാലഘട്ടത്തിന്റെ സിദ്ധികൾ മുഴുവൻ ഉൾക്കൊള്ളുന്നതിനാൽ ഒരു വിനോദോ പാധിയെന്നതിലുപരി ആശയപ്രചരണത്തിനുള്ള മാദ്ധ്യമമാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യും അവ നിലകൊള്ളുന്നു. വിഷയവൈവിധ്യംകൊണ്ടും അതു കൈകാര്യം ചെയ്യുന്നതിലുള്ള പ്രത്യേകതകൊണ്ടും വിക്ടോറിയൻയുഗത്തിന്റെ പരസ്പരവിരുദ്ധങ്ങളും, ബഹുമുഖങ്ങളുമായ ഘടകങ്ങളിലേക്കുള്ള ഒരു ചൂണ്ടുവിരൽക്കൂടിയാണ് അന്നത്തെ നോവൽ. സാമാന്യേന ജീവിതനിരീക്ഷണം ഒരു പ്രത്യേക വിഷയമായിട്ടാണ് അവർ കണ്ടതു്. വിക്ടോറിയൻ നോവലിനെ കുറിച്ച് വിശദമായ പരിശോധന നടത്തുക അത്ര എളുപ്പമല്ല.

ചാൾസ് ഡിക്കൻസ് (1812—1870) രംഗത്തു വന്നതോടെ പത്രസാഹിത്യവും, സ്തോഭജനകങ്ങളായ കഥകളും നോവലിൽ സ്ഥാനം പിടിച്ചു. ഇടത്തരക്കാരിൽ ഇതു വമ്പിച്ച പ്രചാരമാർജ്ജിച്ചു. പോർട്ട്സീയിലാണ് ഡിക്കൻസ് ജനിച്ചതു്. അവിടെ നേവി പേ ഓഫീസിൽ ഗുമസ്തനായിരുന്നു പിതാവ്. എട്ടു കുട്ടികളിൽ രണ്ടാമനായ ഡിക്കൻസ് തീരെ ദുർബ്ബലനായിരുന്നതിനാൽ കുട്ടിക്കാലത്തു് അധികസമയവും വീട്ടിൽത്തന്നെയാണ് കഴിച്ചുകൂട്ടിയതു്. എന്നാൽ വെറുതെ സമയം കളയുകയായിരുന്നില്ല ഡിക്കൻസ്. സ്മോളെററ്, ഫീൽഡിങ്, ലിസാജ് തുടങ്ങിയവരുടെ നോവലുകളുമായി അദ്ദേഹം അടുത്തബന്ധം പുലർത്തിയതു് അക്കാലത്താണ്. ഇവരുടെ കൃതികൾ ഡിക്കൻസിനെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. നന്നെ ചെറുപ്പത്തിൽത്തന്നെ നാടകത്തിൽ ആകൃഷ്ടനായിത്തീർന്നിരുന്ന ഡിക്കൻസ് അവസാനംവരെയും ആ താൽപര്യം പുലർത്തിയിരുന്നു. നാടകത്തോടുള്ള ആഭിമുഖ്യം അദ്ദേഹത്തിന്റെ നോവലുകളിൽ പ്രകടമാകുന്നുമുണ്ട്. 1823-ൽ ഡിക്കൻസിന്റെ കുടുംബം ലണ്ടനിലേക്കു താമസം മാററുകയുണ്ടായി. ഡേവിഡ് കോപ്പർഫീൽഡിലെ മിക്കോബറിനെ അനുസ്മരിപ്പിക്കുന്ന സ്വഭാവക്കാരനായിരുന്ന ഡിക്കൻസിന്റെ പിതാവ് സാമ്പത്തിക പരാധീനതയിലകപ്പെട്ടു. തന്മൂലം താല്ക്കാലികമായിട്ടെങ്കിലും പഠനം അവസാനിപ്പിക്കാൻ ഡിക്കൻസ് നിർബ്ബന്ധിതനായി. പിതാവ് മാർഷൽസീയിലെ പാപ്പർ ജയിലിൽ കിടന്ന അവസരത്തിൽ കുറെക്കാലം ഡിക്കൻസിന് ഒരു ഫാക്ടറിത്തൊഴിലാളിയായി ജോലി നോക്കേണ്ടിവന്നു. ഏകദേശം ഒരുവർഷം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടെന്നു പറയാം. അതിന്റെ പിൻബലത്തിൽ വിദ്യാഭ്യാസം അദ്ദേഹം പുനരാരംഭിച്ചു. 1827-ൽ അറേറാർണിയുടെ ഓഫീസിൽ പ്രവേശിച്ച ഡിക്കൻസ് പ്രഗത്ഭനായ ഒരു ചുരുക്കെഴുത്തുകാരനായിത്തീർന്നു. 1834-ൽ ദ മോണിങ് ക്രോണിക്കിൾ എന്ന പത്രത്തിൽ ചേർന്നു. ജോലിക്കാര്യത്തിനായി സ്റ്റേജ്കോച്ച് എന്നറിയപ്പെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ടുന്ന കുതിരവണ്ടിയിൽ അതിദീർഘമായി സഞ്ചരിച്ച ഡിക്കൻസ് തന്റെ യാത്രയിൽ കണ്ട കാര്യങ്ങളെല്ലാം അസാമാന്യ പാടവത്തോടെ ഉപയോഗപ്പെടുത്തുമായിരുന്നു. 1833–ൽ സ്കെച്ചസ് ബൈ ബോസ് എന്നു താൻ പേരു നൽകിയ ഏതാനും രചനകൾ ദ മന്ത്‌ലി മാഗസിനിൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തി.

1836–37 ൽ ദ പോസ്തുമസ് പേപ്പേഴ്സ് ഓഫ് ദ പിക് വിക് ക്ലബ്ബ് പല ഭാഗങ്ങളായി പ്രസിദ്ധപ്പെടുത്തി. പിക്കാരസ്ക്പാരമ്പര്യമാണ് ഇതു നമ്മെ ഓർമ്മിപ്പിക്കുന്നതു്. പിക്ക്‌വിക്ക് ഒരു പിക്കാരെസ്ക് കോമഡിയാണ്. മിസ്റ്റർ സാമുവൽ പിക്ക്‌വിക്കിന്റെ നേതൃത്വത്തിൽ ട്രേസി ടപ്മൻ, അഗസ്റ്ററസ് സ്നോഡ്ഗ്രാസ്, നഥാനിയൽ വിങ്കിൾ തുടങ്ങിയവർ ചേർന്ന് പിക്ക് വിക്ക് ക്ലബ്ബ് എന്നൊരു സംഘടന രൂപീകരിക്കുകയുണ്ടായി. ഈ സംഘത്തിലെ അംഗങ്ങൾ അവരുടെ പര്യടനങ്ങളിലും സാഹസികസംരംഭങ്ങളിലും നിന്നു കിട്ടുന്ന വിവരങ്ങളും നിരീക്ഷണങ്ങളിൽനിന്നും ലഭിക്കുന്ന മനുഷ്യസ്വഭാവങ്ങളും പെരുമാററ രീതികളും സംഘത്തിൽ അവതരിപ്പിക്കണമെന്നായിരുന്നു ധാരണ. ഡിക്കൻസിന്റെ പിക്ക്‌വിക്ക് പേപ്പേർസ് എന്ന നോവൽ ഒരു മഹാസംഭവമായിത്തീർന്നെന്നു സംശയരഹിതമായി പറയാം. താൻ സന്ദർശിച്ച അനേകം രാജ്യങ്ങളിൽ അമേരിക്ക, ഇററലി, സ്വിററ്സർലണ്ട് എന്നിവയെല്ലാം പെടുന്നു. ദ ഡെയ്‌ലി ന്യൂസ് (1846) എന്ന പത്രം എഡിററ് ചെയ്യുകയും. ഹൗസ്ഹോൾഡ് വേർഡ്സ് (1849), ആൾ ദ ഇയർ റൗണ്ട് (1859) എന്നിവ സ്ഥാപിക്കുകയും ചെയ്തു. പൊതുസ്ഥലങ്ങളിൽ വച്ച് തന്റെ കൃതികൾ പരസ്യമായി വായിച്ചു കേൾപ്പിക്കുന്ന രീതി ഡിക്കൻസ് അവലംബിച്ചു. ഇതു് അദ്ദേഹത്തിനു ധാരാളം പണം നേടിക്കൊടുത്തെങ്കിലും ആരോഗ്യത്തെ ക്ഷയിപ്പിക്കുകയായിരുന്നു. റോച്ചസ്റററിൽ തനിക്കു പ്രിയങ്കരമായ ഗോഡ്സ്ഹിൽ പ്ലെയ്സ് എന്ന വസതിയിൽവച്ച് ഡിക്കൻസ് അന്ത്യശ്വാസം വലിച്ചു. ബ്രിട്ടീഷ്ഭരണം വെസ്ററ് മിൻസ്ററർ ആബിയിൽ അദ്ദേഹത്തെ സംസ്കരിച്ചു.

പിക്ക്‌വിക്ക് പൂർത്തിയാക്കുന്നതിനുമുമ്പുതന്നെ ബെൻറ്ലീസ് മിസലനയിൽ ഒലിവർട്വിസ്ററ് ഘട്ടംഘട്ടമായി പ്രസിദ്ധപ്പെടുത്തിയിരുന്നു (1837—38). സമൂഹത്തിലെ ചില പ്രത്യേക അനാചാരങ്ങൾക്കെതിരേ ശബ്ദമുയർത്തുന്ന ഡിക്കൻസിന്റെ ആദ്യത്തെ നോവലാണ് ഒലിവർ ട്വിസ്ററ്. നിർദ്ധനരും അനാഥരുമായ കുട്ടികളെ ക്രൂരമായ രീതിയിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വളർത്തുന്ന ഒരു തൊഴിൽശാലയിൽ ജനിക്കുകയും അവിടത്തെ കിരാതമായ സാഹചര്യത്തിൽ വളരുകയും ചെയ്ത ഒലിവർ ടിസ്ററിന്റെ കഥയാണിതു്. വിദഗ്ധമായി ചിത്രീകരണം ചെയ്തിട്ടുള്ള ഒരു 'പിക്ച്ചർ ഗാലറി'യാണു് ഒലിവർ ടിസ്റ്റ്. ഓർമ്മയിൽ മായാതെ നിൽക്കുന്ന അനേകം രംഗങ്ങളും ഇതിലുണ്ടു്. നിക്കൊളസ് എന്ന ബാലൻ അനുഭവിക്കുന്ന യാതനകളും, ഡൂത ബോയ്സ്സ്സ്കൂറം നടത്തുന്ന സ്ക്വീയേർസിന്റെ ക്രൂരതകളുമാണു് നിക്കൊളസ്നിക്കൽബിയിലെ പ്രതിപാദ്യം.

ഡിക്കൻസിന്റെ നോവലിനോടു വായനക്കാർക്കു പ്രതിപത്തി ഏറിവന്ന അവസരമാണിതു്. അതറിഞ്ഞുകൊണ്ടു നിരന്തരം പ്രയത്നിക്കാൻ നോവലിസ്റ്റ് തയ്യാറായി. മാസ്റ്റർ ഹംഫ്രീസ് ക്ലോക്ക് എന്ന അടുത്ത കൃതി കുറച്ചുകൂടി വിശാലമായ ചട്ടക്കൂട്ടിൽ സൃഷ്ടിച്ചെടുത്തതാണു്. രണ്ടു പ്രത്യേക നോവലുകളാക്കി വിഭജിക്കപ്പെട്ട ഇതിൽ ദി ഓൾഡ് ക്യൂരിയോസിററി ഷോപ്പ്(1840)വൻവിജയമായിത്തീർന്നു. ബാർണബി റഡ്ജ് (1841) ഒരു ചരിത്രനോവലാണു്. പഴയ അപൂർവ്വ വസ്തുക്കളം കച്ചവടം നടത്തുന്ന നെൽ എന്ന പെൺകുട്ടിയുടേയും അവളുടെ അപ്പൂപ്പന്റെയും ദയനീയമായ കഥ പറയുന്ന ദി ഓൾഡ് ക്യൂരിയോസിററി ഷോപ്പിൽ. വളരെ അടുത്തറിയാവുന്ന ധാരാളം കഥാപാത്രങ്ങളുണ്ടിതിൽ. തന്റെ അമേരിക്കൻ അനുഭവങ്ങളുടെ ആവിഷ്കാരം നടത്തിയതു് അമേരിക്കൻ നോട്ട്സ് (1842), മാർട്ടിൻ ചസിൽവിററ് (1843) എന്നീ രണ്ടു കൃതികളിൽക്കൂടിയാണു്. അമേരിക്കക്കാർക്കു് അവ അത്ര രുചിക്കുന്നതായിരുന്നില്ല. അതിനാൽ ഡിക്കൻസിനു് അമേരിക്കയിലുള്ള പ്രചാരം കുറഞ്ഞുവന്നു. ഇതിനു പുറമെ വന്ന കൃതികളാണു് എ ക്രിസ്മസ് കാരൽ (1843), ഡോംബി ആൻറ് സൺ (1846—48) എന്നീ രണ്ടു നോവലുകൾ. ഇതിനുശേഷം 1849–ൽ ഡേവിഡ് കോപ്പർഫീൽഡിന്റെ രചന ആരംഭിച്ചു. ആത്മകഥാപരമായ ധാരാളം സംഗതികളടങ്ങുന്ന ഈ നോവൽ ഡിക്കൻസിന്റെ ഏററവും വിശിഷ്ടമായ കൃതിയായി കണക്കാക്കപ്പെടുന്നു. 'എന്റെ എല്ലാ കൃതികളിലും വച്ച് ഞാനിതിനെ ഏററവുമധികം ഇഷ്ടപ്പെടുന്നു'വെന്നു ഡിക്കൻസ് തന്നെ പറയുകയുണ്ടായി. ബാലനായ ഡേവിഡ് കോപ്പർ ഫീൽഡിന്റെ കഥയാണിതു്. വിപുലമായ കഥാപാത്രസമ്പത്തും, സംഭവങ്ങളും ഈ നോവലിൽ സന്നിവേശിപ്പിച്ചിട്ടുണ്ടു്. ഡേവിഡ് കോപ്പർ ഫീൽഡിനുശേഷം ഡിക്കൻസിന്റെ പ്രതിഭയൊന്നു മങ്ങുന്നതായി കാണുന്നു. കഥകൾ മിക്കതും ഇഴഞ്ഞുനീങ്ങുന്നു. പലേടത്തും ശീലവൈകൃതങ്ങൾ കാണുന്നു. പഴയ ചാൻസറി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കോടതികളിലെ പോരായ്മകളേയും കാലതാമസം വാദികൾക്കു നാശം സൃഷ്ടിക്കുന്നതിനേയും അപഹസിച്ചുകൊണ്ടെഴുതിയ കൃതിയാണ് ബ്ലീക്ഹൗസ് (1852—53). ഭാവനയ്ക്ക് ലേശവും വില കല്പിക്കാത്ത ഭൗതികവാദത്തിനു തികച്ചും വസ്തുതാധിഷ്ഠിതമായ വിദ്യാഭ്യാസരീതിക്കും എതിരായുള്ള ശബ്ദമാണ് ഹാർഡ് ടൈംസ് (1854) ഉൾക്കൊള്ളുന്നത്. ലിററിൽ ഡോറിററ് 1855–57ലും, എ ടെയ്ൽ ഓഫ് ററു സിററീസ് 1859-ലും, ഗ്രേററ് എക്സ്പെക്റേറഷൻസ് 1860—61-ലും പ്രസിദ്ധപ്പെടുത്തി. ഡിക്കൻസിൻെറ ഇതര നോവലുകളിൽനിന്നും വ്യത്യസ്തമായ എ ടെയ്ൽ ഓഫ് ററു സിററീസ് പാരീസ് നഗരത്തിൻെറ ഉജ്ജ്വലമായ ചിത്രങ്ങൾ വരച്ചുകാട്ടുന്നു. കാർലൈലിൻെറ ദ ഫ്രഞ്ച് റെവല്യൂഷൻ എന്ന കൃതിയുടെ അതേ മാതൃകയിലാണ് ടെയ്ൽ ഓഫ് ററു സിററീസ് രൂപപ്പെടുത്തിയിരിക്കുന്നത്. കഥാരംഭത്തിൽ ഡോവറിലേക്കു നടത്തുന്ന വണ്ടിയാത്ര നോവലിലെ മനോഹരമായ രംഗങ്ങളിലൊന്നാണ്. ഫ്രഞ്ചുവിപ്ലവകാലത്തെ പാരീസും ലണ്ടനുമാണ് ഇതിൽ പരാമർശിക്കപ്പെടുന്ന 'രണ്ടു നഗരങ്ങൾ.' പിപ്പ്'' എന്നു വിളിക്കുന്ന ഫിലിപ്പ് പിരിപ്പ് എന്ന കഥാപാത്രത്തിൻെറ വികാസത്തിൻെറ കഥയാണ് ഗ്രേററ് എക്സ്പെക്ടേഷൻസ്. ഔവർ മ്യൂ ചൽഫ്രെണ്ട് (1864—65) സാമ്പത്തികവും, സാമൂഹികവുമായ അഭിലാഷങ്ങൾ സ്വഭാവത്തിൽ വരുത്തുന്ന ഫലത്തെപ്പററി ഡിക്കൻസ് നടത്തുന്ന സരസമായ അവതരണമാണ്. ദ മിസ്ട്രി ഓഫ് എഡ്വിൻ ഡ്രൂഡ് എന്ന സംഭ്രമകഥ പൂർത്തിയാക്കാൻ വിധി അദ്ദേഹത്തെ അനുവദിച്ചില്ല.

ഡിക്കൻസിൻെറ നോവലുകളോടു വായനക്കാർക്കുള്ള പ്രതിപത്തി അതിരുകവിഞ്ഞതായിരുന്നതിനാൽ പലപ്പോഴും വളരെ ധൃതിപിടിച്ച് അദ്ദേഹത്തിനെഴുതേണ്ടിവന്നു. ഇതിൻെറ ഫലമായി അപകടമായ ഇതിവൃത്തവും, അയഥാർത്ഥമായ കഥാപാത്രങ്ങളും ശ്ലഥമായ ശൈലിയും വരെ സ്വീകരിക്കേണ്ടിവന്നിട്ടുണ്ട് അദ്ദേഹത്തിനു. കഥകൾ പല ഭാഗങ്ങളായി പ്രസിദ്ധപ്പെടുത്തുന്നതിനും ഇതു വഴി വെച്ചു. തുടക്കത്തിൽത്തന്നെ ഒരു സമുദായപരിഷ്കർത്താവെന്ന നിലപാടാണ് ഡിക്കൻസ് സ്വീകരിച്ചതു്. സാമൂഹ്യപ്രശ്നങ്ങളിലുള്ള അദ്ദേഹത്തിൻെറ പങ്കാളിത്തം തൻെറ കൃതികളെ ഒന്നിലധികം തവണ വിഷമിപ്പിച്ചിട്ടുണ്ട്. കഥയുടെ പരിസമാപ്തിയിൽ കാവ്യനീതിക്കുവേണ്ടിയുള്ള ശ്രമംകൂടിയാകുമ്പോൾ കഥ പിന്നെയും വിശ്ലഥമാകുന്നു. ഹാർഡ് ടൈംസിലെ ഗ്രാഡ്ഗ്രൈൻഡിനെപ്പോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലെ അതിഭാവുകത്വം കലർത്തിയ കഥാപാത്രങ്ങളും, ദരിദ്രവിഭാഗങ്ങളെ സംബന്ധിക്കുന്ന കാല്പനിക ചിത്രങ്ങളും ഇതേ ഫലമാണുളവാക്കുന്നതു്,

ഡിക്കൻസ് സൃഷ്ടിക്കുന്ന മനുഷ്യരുടേതായ ഒരു ലോകം തന്നെ നമുക്ക കാഴ്ച വച്ചിരിക്കുകയാണു്. താണ വിഭാഗങ്ങളുടേയും ഇടത്തരക്കാരുടേയും കഥ പറയുമ്പോഴാണു് ഡിക്കൻസ് ഏററവും അധികം ശോഭിക്കുന്നതു്. എന്നാൽ അദ്ദേഹത്തിൻെറ ഹാസ്യകഥാപാത്രങ്ങൾപോലും യാഥാർത്ഥ്യത്തോടു പൊരുത്തപ്പെട്ടുപോകുന്നുണ്ടോ എന്നു സംശയം പ്രകടിപ്പിക്കുന്ന നിരൂപകൻമാരുണ്ടു്. ഇതൊക്കെയാണെങ്കിലും ഷേക്സ്പിയർ കഴിഞ്ഞാൽ ഇത്രയധികം കഥാപാത്രങ്ങളെ ഇംഗ്ലണ്ടിൻെറ നമ്മപാരമ്പര്യത്തിലെ ചിരപ്രതിഷ്ഠിതങ്ങളായ ഘടകങ്ങളായി അവതരിപ്പിക്കാൻ ഡിക്കൻസിനല്ലാതെ മററൊരാൾക്കും കഴിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല.

സ്വന്തം വികാരങ്ങളെ പ്രകടിപ്പിക്കുന്നുവെന്നതു് ഡിക്കൻസിൻെറ ഒരു ന്യൂനതയായി ചൂണ്ടിക്കാട്ടാം. നാടകത്തോടു ഡിക്കൻസിനുള്ള പ്രതിപത്തി നാടകീയമായ രംഗങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമത്തിൽ പ്രകടമാകുന്നുണ്ടു്. കാലക്രമത്തിൽ ഡിക്കൻസിൻെറ ശൈലി മാനറിസമായിത്തീർന്നു. പണ്ഡിതോചിതമായ ശൈലിയല്ല അദ്ദേഹത്തിൻേറതു്, ഒരു പത്ര ലേഖകൻേറതുപോലെ സ്പഷ്ടവും, ദ്രുതവുമാണതു്. വളച്ചു കെട്ടിപ്പറയുന്ന ശീലവും അദ്ദേഹത്തിനുണ്ടായിരുന്നു. തീവ്രമായ ശോകത്തിൻെറ ആവിഷ്കാരം നടത്തുന്നിടത്തു് ഡിക്കൻസിൻെറ ശൈലി ഗാനാത്മകമാണു്. നെൽ എന്ന പെൺകുട്ടിയുടെ മരണത്തെക്കുറിച്ചുള്ള വിവരണങ്ങൾ ഗദ്യകവിതയായി ഉയരുന്നു.

സമൃദ്ധമായ ഭാവനയായിരുന്നു അദ്ദേഹത്തിൻേറതു്. ലാഘവമനസ്ഥിതിക്കാരനും ഊർജ്ജസ്വലനുമായിരുന്നു ഡിക്കൻസ്. വിക്ടോറിയൻ യുഗത്തിലെ ഇടത്തരക്കാരുടെ മഹാപ്രവാചകനായിരുന്നു ടെനിസനെങ്കിൽ അവരെ ഏററവും രസിപ്പിച്ച എഴുത്തുകാരൻ ചാൾസ് ഡിക്കൻസ് ആയിരുന്നു.

ഡിക്കൻസിനെപ്പോലെ അവിചാരിതമായി ഈ രംഗത്തേയ്ക്കു കടന്നുവന്ന നോലിസ്റ്റാണു് വില്യം താക്കറേ (1811—63). എഴുത്തിനേക്കാൾ ചിത്രരചനയിൽ താല്പര്യമുണ്ടായിരുന്ന താക്കറേ പത്രപ്രവത്തനത്തിലൂടെയാണു് എഴുത്തുകാരനായിത്തീന്നതു്. യോർക്ഷയറിലെ അതിപുരാതനമായ ഒരു കുടുംബത്തിലെ അംഗമായ താക്കറേ കൽക്കത്തയിലാണു ജനിച്ചതു്. പിതാവ് അന്നു കൽക്കത്തയിലെ കളക്ടറായിരുന്നു. 1816–ൽ പിതാവു മരിച്ചതോടെ പഠിത്തം പൂത്തിയാക്കാൻ ബാലനായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താക്കറേ ഇംഗ്ലണ്ടിലേക്കു് അയയ്ക്കപ്പെട്ടു. പോകുന്ന വഴിയിൽ സെൻറ് ഹെലീനയിൽ തടവുകാരനായി കഴിഞ്ഞിരുന്ന നെപ്പോളിയനെ ഒരു നോക്കു കാണാൻ താക്കറേക്കു കഴിഞ്ഞു. കേംബ്രിഡ്ജിലാണു് സർവ്വകലാശാലാ പഠനം പൂർത്തിയാക്കിയതു്. സ്കൂളിലും കോളേജിലും വച്ചു് പരിഹാസചിത്രങ്ങളും ആക്ഷേപ ഹാസ്യലേഖനങ്ങളും രചിക്കുക അദ്ദേഹത്തിനു് ഒരു വിനോദമായിരുന്നു. ഉദാസീനനും കുററം കണ്ടെത്താൻ നടക്കുന്നവനെന്നുമുള്ള അഭിപ്രായമാണു് സഹപാഠികൾ താക്കറേയെപ്പററി സ്വരൂപിച്ചിരുന്നതു്. കുറെക്കാലം പാരീസിൽ കല അഭ്യസിച്ചെങ്കിലും വൈകാതെ ജേർണലിസത്തിലേക്കു് അദ്ദേഹം ശ്രദ്ധ തിരിച്ചു. 1836–ൽ ഇസബെല്ല ഷായെ വിവാഹം കഴിച്ചു് ഇംഗ്ലണ്ടിലേക്കു മടങ്ങി. എന്നാൽ ഭാര്യയ്ക്കു ചിത്തഭ്രമം ബാധിച്ചതിനാൽ 1840-ൽ അവരുടെ വിവാഹബന്ധം വേർപെടുത്തേണ്ടിവന്നു. ഈ ദൗർഭാഗ്യം അദ്ദേഹത്തിൻെറ രചനകളിൽ പ്രതിഫലിക്കുന്നുണ്ടു്. ഇസബെല്ലയിൽ മൂന്നുപെൺമക്കളുണ്ടായിരുന്നു അദ്ദേഹത്തിനു്. പത്തൊൻപതാം നൂററാണ്ടിൻെറ മദ്ധ്യത്തോടെ വാനിററി ഫെയർ (1847—48) പുറത്തു വന്നു. അതിനു ശേഷമാണു്. അദ്ദേഹത്തിനു് അംഗീകാരം ലഭിക്കുന്നതു്. എങ്കിലും മടിച്ചു മടിച്ചാണു് ആദ്യമൊക്കെ വായനക്കാർ ഈ കൃതിയെ സ്വീകരിച്ചതു്. അതിനുശേഷം 1863–ൽ പെട്ടെന്നു് അന്ത്യം സംഭവിക്കുന്നതുവരെ അദ്ദേഹം സാഹിത്യരചന അനുസ്യൂതം തുടർന്നുപോന്നു.

താക്കറേയുടെ ആദ്യകാലകൃതികളിൽ ദി യേല്ലാപ്ലഷ് കറസ്പോണ്ടൻസ് (1837—38), ദ ബുക്ക് ഓഫ് സ്നോബ്സ് (1849) എന്നിവ പ്രാധാന്യമർഹിക്കുന്നു. രണ്ടാമത്തെ കൃതി പ്രതിപാദിക്കുന്നതു മനുഷ്യരുടെ അഹമ്മതിയെക്കുറിച്ചാണു്. ദ ഹിസ്റ്ററി ഓഫ് സാമുവൽ ടിററ്മാർഷ് ആൻറ് ദ ഹോഗർട്ടി ഡയമണ്ട് (1841), ഫിററ്സ് ബൂഡിൽ പേപ്പേഴ്സ് (1842—43) എന്നിവയും ഫ്രേസേഴ്സ് മാഗസിനിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. മനുഷ്യൻെറ ദൗർബ്ബല്യങ്ങളെ നിഷ്കരുണം നിരീക്ഷിച്ചു് നിശിതമായ ഹാസ്യത്തിൽ അവതരിപ്പിക്കുന്നതാണു് ഫിററ്സ് ബൂഡിൽ പേപ്പേഴ്സ്. വ്യത്യസ്തമായ ഒരു മുന്നേററമാണു് ചൂതുകളിക്കാരനായ ഒരു തെമ്മാടിയുടെ സാഹസികകൃത്യങ്ങൾ വിവരിക്കുന്ന, 'പികാരസ്ക്' ശൈലിയിലുള്ള ദ മെംവാസ് ഓഫ് ബാരിലിൻഡൻ (1844) എന്ന കൃതി. വാനിററിഫെയറിൽ താക്കറേയുടെ പ്രതിഭ അതിൻെറ ഉച്ചകോടിയിലെത്തുന്നു. ബെക്കി ഷാർപ് എന്ന സാഹസികബുദ്ധിയുടെ വളർച്ചയെ സംബന്ധിക്കുന്നതാണു കാതലായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രമേയം. ബനിയന്റെ പിൽഗ്രിംസ് പ്രോഗ്രസ് എന്ന കൃതിയിൽനിന്നാണ് താക്കറേ ഗ്രന്ഥനാമം സ്വീകരിച്ചിരിക്കുന്നത്. വളരെ എളിയ കുടുംബത്തിൽ പിറന്ന ബെക്കി ഷാർപ് ഔദാര്യത്തിലാണ വളർന്നത്. ഭൗതികമായി ഉന്നതനിലവാരം പ്രാപിക്കണമെങ്കിൽ തന്റെ ബുദ്ധിയും കൗശലവും ഉപയോഗിക്കണമായിരുന്നു അവൾക്ക്. മനുഷ്യരാശിയുടെ പൊള്ളത്തരങ്ങളെ അതിവിദഗ്ദ്ധമായി ഉപഹസിക്കുന്ന ഈ നോവൽ ഇംഗ്ലീഷ് ഭാഷയിലെ മഹത്തായ കൃതികളുടെ പട്ടികയിൽ പെടുന്നു. തുളഞ്ഞുകയറുന്നതും കൃത്രിമവുമായ നർമ്മവും പരിഹാസവും നിറഞ്ഞുനില്ക്കുകയാണ് നോവലിൽ ആകമാനം. വാനിററി ഫെയറിന്റെ രീതിയാണ ദ ഹിസ്റ്ററി ഓഫ് പെൻഡെന്നിസിൽ താക്കറേ അവലംബിച്ചിരിക്കുന്നത്. (1848—50). ഗ്രന്ഥകർത്താവിനു് ജീവിതം എങ്ങനെ അനുഭവപ്പെടുന്നുവോ അതേപോലെയാണ് ജീവിതചിത്രീകരണം നടത്തിയിരിക്കുന്നത്. പ്രൗഢമായ രംഗങ്ങളും സംഭവങ്ങളും ഉൾക്കൊള്ളുന്ന ഈ കഥ ഉപാഖ്യാനനിബിഡമാണ്. തന്റെ ഗുരുവായി കണക്കാക്കപ്പെടുന്ന ഫീൽഡിങ്ങിനോടുള്ള കടപ്പാട് ഈ കൃതിയിലൂടെ തുറന്നു പ്രഖ്യാപിക്കുന്ന താക്കറേ ഫീൽഡിങ്ങിനു സമാനനും ചില സ്ഥലങ്ങളിലെങ്കിലും അദ്ദേഹത്തെ കവച്ചുവെക്കുന്നവനുമാണെന്നു പറയാം. ബൃഹത്തും സങ്കീർണ്ണവുമായ ചരിത്രാഖ്യായികയാണ് ഹെൻറി എസ്മണ്ട് (1852). തികഞ്ഞ അവധാനതയോടെയും ദീർഘവീക്ഷണത്തോടെയും രചിച്ചിരിക്കുന്ന ഈ നോവൽ ആൻരാജ്ഞിയുടെ കാലഘട്ടത്തെക്കുറിച്ചും അന്നത്തെ പരിതഃസ്ഥിതികളെയും ജീവിതരീതികളേയും പററി നോവലിസ്റ്റിനുണ്ടായിരുന്ന കൃത്യവും സൂക്ഷ്മവുമായ പരിജ്ഞാനത്തിനു തെളിവു നൽകുന്നു. അദ്ദേഹത്തിന്റെ മറെറാരു ഉൽകൃഷ്ട നോവലാണ് ഹെൻറി എസ്മണ്ട്. മൂന്നാംപ്രഭുവായ കാസിൽവുഡിന്റെ രഹസ്യസന്തതിയെന്നു കരുതപ്പെടുന്ന ഹെൻറി എസ്മണ്ട് നാലാം പ്രഭുവിന്റെ പരിചാരകനായി അദ്ദേഹത്തിന്റെ ഭവനത്തിൽ കഴിയുന്നു. പട്ടാളത്തിൽ ചേർന്നു പിന്നീടു തിരിച്ചെത്തുന്ന എസ്മണ്ടും, വിധവയായ ലേഡി കാസിൽ വുഡും ഒത്തുചേരുന്ന രംഗം താക്കറേയുടെ കൃതികളിൽ ഏററവും നാടകീയവും ഹൃദയസ്പർശിയുമായ ഒന്നാണ്. ലേഡി കാസിൽവുഡ് തന്റെ ഹൃദയം എസ്മണ്ടിനുവേണ്ടി തുറന്നിടുന്നു. അവരുടെ സുന്ദരിയും ഉന്നതപദകാംക്ഷിയുമായ മകളു ബിയാട്രിക്സിലാണ് അയാളുടെ ഭ്രമം. ഹാമിൽട്ടണിലെ ഡ്യൂക്കുമായി ബിയാട്രിക്സ് വിവാഹനിശ്ചയം നടത്തി. എന്നാൽ ഡ്യൂക്ക് കൊല്ലപ്പെട്ട

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കയും ബിയാട്രിക്സ് രാജകുമാരനുമായി പ്രേമചാപല്യം കാട്ടുകയും ചെയ്യുന്നു. നിരാശനായ ഹെൻറി എസ്മണ്ട് ബിയാട്രിക്സിനോടുള്ള കമ്പം അവസാനിപ്പിച്ച് ലേഡികാസിൽവുഡിനെത്തന്നെ വിവാഹം കഴിക്കുന്നു. അതിനുശേഷം വർജീനിയയിലേക്കു കുടിയേറിപ്പാർക്കുകയാണ് അവർ. അവരുടെ വർജീനിയയിലെ ജീവിതചരിത്രമാണ് ദ വർജീനിയൻസ് (1857—59). ബിഷപ്പ് ററോം ററമ്പറിനെയാണു ബിയാട്രിക്സ് വിവാഹം ചെയ്തത്. ബിഷപ്പിന്റെ മരണശേഷം അവർ ബാരൻ ബേൺസ്ററെനെ വിവാഹം കഴിക്കുകയുണ്ടായി. താക്കറെ വളരെ അടുത്തുബന്ധപ്പെട്ടിരുന്ന മിസ്സിസ് ബ്രൂക്ക് ഫീൽഡിന്റെ ഛായ ബിയാട്രിക്സിലും, ലേഡികാസിൽവുഡിലും കാണാൻ കഴിയും. ദ് ന്യൂ കംസ് (1853—55) ഇതിനു മുൻപെഴുതിയ കൃതികളെ അപേക്ഷിച്ചു മെച്ചമാണ്. വൃദ്ധനായ കേണൽ ന്യൂകമിന്റെ മരണത്തോടെ ഈ നോവൽ ശോകപര്യവസായി ആയിരിക്കുന്നു.

1860—ൽ ദ കോൺഹിൽ മാഗസിന്റെ പ്രഥമ പത്രാധിപരായി താക്കറേ നിയമിതനായി. ഈ മാസികയിൽ അദ്ദേഹം പല ലേഖനപരമ്പരകളും എഴുതി പ്രസിദ്ധീകരിച്ചു. ഡെനിഡ് ഡ്യുവൽ എന്നൊരു നോവലിന്റെ രചനയിലേർപ്പെട്ടിരിക്കുകയായിരുന്നു അന്ത്യനാളുകളിൽ. അതു പൂർത്തിയാക്കാൻ അദ്ദേഹത്തെക്കൊണ്ടായില്ല. ഡിക്കൻസിനെപ്പോലെ അററ്ലാൻറിക്കിന്റെ ഇരുകരകളിലും അറിയപ്പെടുന്ന ഒരു പ്രഭാഷകനായിരുന്നു താക്കറേ. ഹാസ്യാനുകരണങ്ങളും (burlesque) താക്കറേ എഴുതിയിട്ടുണ്ട്.

ആരംഭംമുതൽക്കുതന്നെ ഡിക്കൻസ് വിജയത്തിന്റെ കൊടുമുടിയിലായിരുന്നുവെങ്കിൽ അവഗണനയും പുച്ഛവുമായിരുന്നു താക്കറേക്ക് ആദ്യകാലത്തു ലഭിച്ചിരുന്നത്. ഫീൽഡിങ്ങിനെപ്പോലെ വളരെ സാവധാനമാണ് താക്കറേയുടെ പ്രതിഭ വികാസം പ്രാപിച്ചത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ കൃതികൾ ആസ്വാദ്യവും പരിപക്വവുമായിരുന്നു. ഒരിക്കൽ വായനക്കാരുടെ അംഗീകാരം പിടിച്ചുപററിയ താക്കറേ എക്കാലവും അതു നിലനിർത്തിയെന്നതാണ് അദ്ദേഹത്തിന്റെ നേട്ടം.

താക്കറേയുടെ പ്രതിപത്തി എല്ലായ്പോഴും കഥാപാത്രങ്ങളിൽ കേന്ദ്രീകരിച്ചിരുന്നു. ഇതിവൃത്ത ഘടനയ്ക്ക് അദ്ദേഹം കാര്യമായ വില കല്പിച്ചില്ല. എങ്കിലും സാങ്കേതികമായ എല്ലാ കുറവുകളും അദ്ദേഹത്തിന്റെ പാത്രസൃഷ്ടി പരിഹരിക്കുന്നു. കഥാപാത്രങ്ങളിലേക്ക് അവിശ്വസനീയമാംവണ്ണം ചുഴിഞ്ഞി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

റങ്ങി, തികഞ്ഞ യാഥാർത്ഥ്യബോധത്തോടെ അവരെ അവതരിപ്പിക്കാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു.

താക്കറേയുടെ നർമ്മരസം പരിഹാസത്തിൽനിന്നും ഉടലെടുക്കുന്നതാണ്. സത്യം വെളിപ്പെടുത്തുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതിനു സ്വീകരിച്ച മാർഗ്ഗമോ പരിഹാസവും. ഡിക്കൻസിൽനിന്നു വിപരീതമായി ജീവിതത്തെക്കുറിച്ച് വിഷാദാത്മകമായ വീക്ഷണമാണ് അദ്ദേഹം പ്രകടിപ്പിച്ചത്.

അചഞ്ചലനും നിർഭയനുമായി കഥാപാത്രങ്ങളെ നോക്കിക്കാണുകയും അവരുടെ നേട്ടങ്ങൾക്കും കഴിവുകൾക്കുമൊപ്പം അവരുടെ വീഴ്ചകൾകൂടി അവതരിപ്പിക്കുകയും ചെയ്യുന്ന സ്വഭാവമായിരുന്നു അദ്ദേഹത്തിന്റേതു്. മനുഷ്യജീവിതത്തിലും അവരുടെ നേട്ടങ്ങളിലും അഭിമാനിക്കത്തക്കതായി എന്തെങ്കിലും ഉള്ളതായി അദ്ദേഹം കണ്ടില്ല. അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ 'ഉരുണ്ട'തും സമഗ്രവും ജീവത്തും യാഥാർത്ഥ്യബോധം ജനിപ്പിക്കുന്നതുമാണ്.

ഒരു നോവലിസ്റ്റിന് ഏററവും അനുയോജ്യമായ ശൈലിയാണ് അദ്ദേഹത്തിന്റേതു്. ആയാസരഹിതമായ ആ ശൈലി വെറുതെ വലിച്ചിഴയ്ക്കപ്പെടുന്നതല്ല. കഥാപാത്രത്തിന് ഉതകുന്ന തരത്തിലുള്ളതും വഴങ്ങിത്തരുന്നതുമാണ് താക്കറേയുടെ ശൈലി.

ഡിക്കൻസിനെ സംബന്ധിച്ചിടത്തോളം മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതായിരുന്നു നോവൽ. താക്കറേക്കാകട്ടെ, അതു പരിഹാസാത്മകവുമായിരുന്നു. എന്നാൽ മേരി ആൻ അഥവാ മേരിയൻ ഇവാൻസിന്റെ കൈകളിൽ നോവൽ സദാചാരനിഷ്ഠവും ദാർശനികമായ മാനങ്ങൾ ഉൾക്കൊള്ളുന്നതുമായിരുന്നു. ജോർജ്ജ് എലിയട്ട് എന്ന തൂലികാനാമത്തിലാണ് മേരി ആൻ അറിയപ്പെടുന്നതു്. അവരുടെ കുട്ടിക്കാലത്തു പരിചയിച്ചുവന്ന നാഗരികമല്ലാത്ത പ്രാദേശികജീവിതമാണ് അവരുടെ നോവലുകളിലെ ലോകം. പൂർവ്വകാലത്തേക്കൊരു പര്യടനം നടത്തിയിരിക്കുകയാണ് റൊമൊല (1863) എന്ന കൃതിയിൽ. വാറിക്ഷയറിലെ ഒരു ഭൂപ്രതിനിധിയുടെ മകളായ ജോർജ്ജ് എലിയട്ട് കർക്കശമായ ആചാരവിശ്വാസങ്ങളുടെ അന്തരീക്ഷത്തിലാണ് വളർന്നുവന്നതു്. കർക്കശമായ സദാചാരനിഷ്ഠ പാലിക്കുന്ന മെഥേഡിസ്റ്റ് സഭാംഗമായ ഒരമ്മായിയുടെ നേരിട്ടുള്ള പരിശീലനമാണ് കുട്ടിക്കാലംമുതല്ക്കേ അവർക്കു ലഭിച്ചതു്. ആഡം ബീഡിലെ ദീനാ മോറിസ് എന്ന കഥാപാത്രത്തിനു മാതൃകയായിത്തീർന്നതു് മേൽപ്പറഞ്ഞ മെഥേഡി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്സായ അമ്മായിയാണ്. കവൻററ്റിയിൽവച്ച് യാഥാസ്ഥിതികത്വം വെടിഞ്ഞെങ്കിലും സത്യവിശ്വാസിയായിട്ടുതന്നെ അവർ ജീവിതം തുടൎന്നു. ജോർജ്ജ് ഹെൻറി ലൂയിസ് എന്ന പ്രഗത്ഭനായ എഴുത്തുകാരനിൽ മിസ് എലിയട്ട് ആകൃഷ്ടയായിത്തീൎന്നു. ഭാര്യ ഉപേക്ഷിച്ചുപോയെങ്കിലും നിയമപരമായ വിവാഹമോചനം നേടാൻ അയാൾക്ക കഴിഞ്ഞിരുന്നില്ല. 1854-ൽ ഹെൻറി ലൂയിസുമൊത്തു ജീവിക്കാൻ ജോർജ്ജ് എലിയട്ട് തീരുമാനമെടുത്തു. 1878-ൽ അദ്ദേഹം മരിക്കുന്നതുവരെ ഈ ബന്ധം തുടരുകയുണ്ടായി. ലൂയിസിന്റെ മരണത്തോടെ എലിയട്ടിന്റെ കഴിവുകൾ അസ്തമിച്ചെന്നു കരുതേണ്ടിയിരിക്കുന്നു. 1880-ൽ ക്രോസ്സ് എന്ന ഒരാരാധകനെ അവർ വിവാഹം കഴിച്ചു. എന്നാൽ ഏതാനും മാസങ്ങൾക്ക ശേഷം ചെൽസിയിൽവച്ച് അവർ അന്തരിച്ചു.

മതപരവും ദാർശനികവുമായ കാര്യങ്ങളോട് കൂടുതൽ ചായ്‌വുണ്ടായിരുന്നു അവർക്ക്. 1846-ൽ സ്ട്രനസ്സിന്റെ ലൈഫ് ഓഫ് ജീസസ് അവർ വിവൎത്തനം ചെയ്തു. 1851-ൽ ദ വെസ്റ്റ് മിൻസ്റ്റർ റിവ്യൂവിന്റെ അസിസ്ററന്റ് എഡിററായി നിയമിതനായ ശേഷം സാഹിത്യമണ്ഡലത്തിൽ പ്രവൎത്തിക്കാൻ തുടങ്ങി. 1857-ൽ ബ്ലാക്ക്‌വുഡ് മാഗസിനിൽ പ്രസിദ്ധീകരിച്ച മൂന്നു ചെറുകഥകളാണ് ആദ്യത്തെ സാഹിത്യ സൃഷ്ടികൾ. സീൻസ് ഓഫ് ക്ലെറിക്കൽ ലൈഫ് എന്ന പേരിൽ അതിനടുത്തവർഷം ഇതു പ്രസിദ്ധപ്പെടുത്തുകയുണ്ടായി. പിൽക്കാല നോവലുകളിലെപ്പോലെ സാധാരണക്കാരുടെ ജീവിതത്തിലെ ദുരന്തങ്ങളുടെ കഥയാണ് ഇതിലും പ്രതിപാദിക്കുന്നത്. തികഞ്ഞ സഹതാപവും അഗാധമായ ഉൾക്കാഴ്ചയും പ്രദർശിപ്പിക്കുന്നതാണ് ഇവ. കഴിവുററ ഒരു എഴുത്തുകാരിയുടെ ആഗമനം വിളംബരം ചെയ്യുന്നതായിരുന്നു ആഡം ബീഡ് (1859). ഇംഗ്ലീഷ്ഗ്രാമീണ ജീവിതത്തിന്റെ സുന്ദരമായ ചിത്രങ്ങൾ വരച്ചു കാട്ടുകയാണ് ഇതിൽക്കൂടി. ഹെററി സോറൽ എന്ന സുന്ദരിയായ ഗ്രാമീണകന്യകയെ നശിപ്പിക്കുന്നതും, അവസാന നിമിഷത്തിൽ തൂക്കുമരത്തിൽനിന്നും രക്ഷപെടുന്നതുമെല്ലാം ചേൎന്നാൽ 'മെലോഡ്രാമ'യുടെ ബാഹ്യസ്വഭാവങ്ങൾ പ്രകടിപ്പിക്കുന്ന കൃതിയാണ് ഈ നോവൽ. ഹെററിയെ പ്രേമിച്ചു നിരാശയനായ, കടുത്ത മതവിശ്വാസിയായ ദീനാ മോറിസിൽ ഹെററി അനുരക്തയാണെന്ന സത്യം മനസ്സിലാക്കുന്നു. ഒരു മെഥഡിസ്ററ് മതവിശ്വാസിയായ അവരുടെ സ്വാധീനം കഥയിൽ ആദ്യന്തം നിഴലിച്ചുകാണാം. ആഡം ബീഡിന്റെ സഹോദരനായ സേത്ത് അവരെയൊന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രേമിച്ച പിൻതിരിഞ്ഞതാണ്. ദീനാ മോറിസിനു മാതൃകയായിത്തീർന്ന, മെഥേഡിസ്ററ് വിശ്വാസക്കാരിയായിരുന്ന എലിസബത്ത് ഇവാൻസ് പറഞ്ഞ ഒരു കഥയെ ആസ്പദമാക്കിയാണ് നോവലിസ്റ്റ് ഇതിവൃത്തം മെനെഞ്ഞെടുത്തിരിക്കുന്നത്. ദീനയുടെ അമ്മായിയായ മിസ്സിസ് പോയ്സർ നോവലിസ്റ്റിന്റെ അമ്മയെ അനുസ്മരിപ്പിക്കുന്ന കഥാപാത്രമാണ്. നല്ലൊരു തടിപ്പണിക്കാരനായിരുന്ന ജോർജ്ജ് എലിയട്ടിന്റെ പിതാവിന്റെ സ്വഭാവത്തെ അടിസ്ഥാനമാക്കിയാണ് ആഡംബീഡ് എന്ന കഥാപാത്രത്തിനു രൂപം നൽകിയിരിക്കുന്നത്. നോവൽ ശ്രദ്ധേയമായിരിക്കുന്നതുതന്നെ അതിലെ കഥാപാത്രങ്ങളുടെ വ്യക്തിത്വംകൊണ്ടാണ് സുന്ദരമായ പ്രകൃതിദൃശ്യവർണ്ണനകളാണ് ആകർഷകമായ മറെറാരു ഗുണം. പോയ്സറുടെ കൃഷിസ്ഥലത്തെക്കുറിച്ചുള്ള വിവരണം പ്രത്യേകം പറയേണ്ടതുണ്ട്.

ജോർജ്ജ് എലിയട്ടിന്റെ ഉത്തമമായ കൃതിയെന്നു പൊതുവെ കണക്കാക്കപ്പെടുന്നത് അവരുടെ ദ മിൽ ഓൺ ദ ഫ്ളോസ് (1860) എന്ന നോവലാണ്. ഇതു കുറെക്കൂടി സങ്കീർണ്ണമാണ്. ആത്മകഥാംശം ഇതിൽ ഏറിനില്ക്കുന്നു. മാഗിയും ററോംററലിവറും മേരിയൻ ഇവാൻസിന്റെയും സഹോദരന്റെയും തന്നെ പ്രതിച്ഛായകളാണ്. ഗ്രാമീണ പശ്ചാത്തലത്തിൽ അവതരിപ്പിച്ചിരിക്കുന്ന മാഗിയുടേയും ററോമിന്റേയും കഥ മനസ്സലിയിക്കുന്നതാണ്. മാഗിയെന്ന കഥാപാത്രത്തിൽക്കൂടി മനുഷ്യമനസ്സിന്റെ രഹസ്യത്തെക്കുറിച്ച് ആഴത്തിൽ അദ്ദേഹം ആരായുന്നു. ഇതൊക്കെയാണെങ്കിലും സദാചാരമൂല്യങ്ങളാം തിരുകിക്കയററാൻ ഈ നോവലിൽ അവർ ശ്രമിച്ചിട്ടില്ല. എന്നാൽ ഒടുക്കമൊയപ്പോഴേക്കും ഈ വഴിയായിരുന്നു അവരുടെ പോക്ക്. രസിപ്പിക്കുന്ന ഏതാനും കഥാപാത്രങ്ങളുള്ളതുകൊണ്ട് നോവലിലെ ദുരന്തരംഗങ്ങളിൽനിന്ന് അല്പമൊരാശ്വാസം ലഭിക്കുന്നു. സരളവും, കാവ്യാത്മകവുമായ ശൈലി ഹൃദ്യമായിരിക്കുന്നു. ലളിതവും ഹ്രസ്വവുമായ നോവലാണ് സൈലസ് മാർനർ ദ വീവർ ഓഫ് റാവ്ലോ (1861) ഗ്രാമീണജീവിതത്തിന്റെ മനോഹരചിത്രങ്ങളാം ഇതിലും കാണാം. കുറെക്കൂടി അയവുള്ള സമീപനം സ്വീകരിച്ചിരിക്കുന്ന ഈ നോവലിൽ ശോകത്തോടൊപ്പം വളരെ നിപുണമായ രീതിയിൽ നർമ്മരസവും കലർത്തിയിട്ടുണ്ട്. ഏതാണ്ടൊരു യക്ഷിക്കഥയുടെ മട്ടുണ്ട് ഇതിന്, ഏകനായിക്കഴിയുന്ന ഒരു നെയ്ത്തുകാരന്റെ സമ്പാദ്യമായ സ്വർണ്ണമെല്ലാം അപഹരിച്ച ശേഷം ഒരു പിഞ്ചുകുഞ്ഞിനെ വീട്ടുപടിക്കലുപേക്ഷിച്ച് തസ്കരൻ കടന്നുകളയുന്നു. ആ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കുട്ടിയെ ശുശ്രൂഷിച്ചുവളർത്തുന്നതിനനുസൃതമായി അയാളുടെ സ്വഭാവത്തിൽ വരുന്ന മാററങ്ങളാണ് കഥയ്ക്ക് ആധാരം. റൊമൊലയുടെ പ്രസിദ്ധീകരണത്തോടെ എലിയട്ടിൻെറ രചനകൾക്ക് ഒരു പ്രത്യേകമാനം കൈവരുന്നു. ധാർമ്മികമൂല്യങ്ങൾക്ക് അവരുടെ നോവലുകളിൽ പരമപ്രധാനമായ സ്ഥാനം ലഭിക്കുന്നതു് ഇതുമുതല്ലാണ്. മദ്ധ്യകാല ഫ്ളോറൻസാണ് കഥയുടെ പശ്ചാത്തലം, ചരിത്ര പശ്ചാത്തലത്തെക്കുറിച്ചു സമഗ്രമായ ഗവേഷണം നടത്തിയിട്ടുണ്ടെങ്കിലും യഥാർത്ഥചരിത്രത്തിൻെറ പിന്തുണ അവകാശപ്പെടാനാവില്ല. അവരുടെ പ്രധാനപ്പെട്ടതെന്നു പറയാവുന്ന അവസാനത്തെ കൃതിയാണ് ഫെലിക്സ് ഹോൾട്ട് ദ റാഡിക്കൽ (1866). റിഫോം ബില്ലിൻെറ കാലഘട്ടത്തിലെ സംഭവങ്ങളാണ് നോവലിനാധാരം. ഇതിനു ശേഷമെഴുതിയ മിഡിൽ മാർച്ച് എ സ്ററഡി ഓഫ് പ്രൊവിൻഷ്യൽ ലൈഫ് (1871—72) അവരുടെ 'മാസ്ററർ പീസാ'ണെന്നു ചിലർക്കെങ്കിലും ധാരണയുണ്ട്. അനേകം കഥാപാത്രങ്ങളെ വളരെ ആഴത്തിൽ പഠിച്ച് ഒരു ചെറുനഗരത്തിലെ ജീവിതത്തിൻെറ സങ്കീർണ്ണമായ ചിത്രങ്ങൾ വരച്ചുകൊണ്ടാണ് ഈ നോവൽ പടുത്തുയർത്തിയിരിക്കുന്നതു്. സ്വന്തം വിശ്വസ്തങ്ങളും ദൗർബ്ബല്യങ്ങളും കൊണ്ടു സ്വയം കഷ്ടപ്പെടുന്ന കഥാപാത്രങ്ങളാണ് അധികവും. ധാർമ്മികപ്രശ്നങ്ങൾ വിശദമാക്കുന്നതിവേണ്ടി, യാഥാർത്ഥ്യബോധത്തെ പണയപ്പെടുത്തി അവർ രചിച്ച ഡാനിയൽ ഡെറോണ്ട(1876)യാണ് അവരുടെ അവസാനത്തെ കൃതി. ഇതൊരു നോവലെന്നതിനു പകരം പ്രബന്ധമെന്നു പറഞ്ഞാലും തെററില്ല. ഉദാത്തമായ ചില രംഗങ്ങൾ ഇതിലുണ്ടെന്നതിനു പുറമെ ഉജ്ജ്വലമായ രചനാരീതിയും ഇതിൽ കണ്ടെത്താം. 1879—ൽ ഇംപ്രെഷൻസ് ഓഫ് തിയോഫ്രാസ്ററസ് സച്ച് എന്ന പേരിൽ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ഒരു ലേഖനസമാഹാരവും അവർ പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

മതത്തേയും, സദാചാരമൂല്യങ്ങളേയും, ചരിത്രത്തേയും മനുഷ്യസ്വഭാവങ്ങളേയും കുറിച്ചു പരിചിന്തിക്കുകയും വ്യാകുലപ്പെടുകയും ചെയ്ത വിക്ടോറിയൻ യുഗത്തിലെ 'ഋഷി'കളിലൊരാളാണ് ജോർജ്ജ് എലിയട്ട്. മനുഷ്യാത്മാവിൻെറ വികാസവും, ആത്മാവിനു് അതിനുമപ്പുറമുള്ള തത്ത്വത്തോടുള്ള ബന്ധവുമായിരുന്നു അവരുടെ പരമപ്രധാനമായ ചിന്താവിഷയം. വിദഗ്ദ്ധമായി കൊരുത്തെടുക്കുന്ന ഇതിവൃത്തമുണ്ടെങ്കിലും അതിനനുസരിച്ച് ശ്രദ്ധേയമായ സംഭവങ്ങൾ നോവലിൽ കുറവാണ്. അവരുടെ കൃതികളുടെയെല്ലാം പിന്നിൽ ജീവിതദുരന്ത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തെക്കുറിച്ചുള്ള ബോധം ഒളിഞ്ഞിരിക്കുന്നു. മനുഷ്യൻ ഈ ദുരന്തം വരുത്തിവയ്ക്കുന്നതു് സ്വന്തം പാപത്തിൻെറയോ വിഡ്ഢിത്തങ്ങളുടെയോ ഫലമാണെന്നു് നോവലിസ്ററു വിശ്വസിക്കുന്നു.

സമൂഹത്തിൻെറ താഴത്തെ തട്ടിൽനിന്നുള്ള കഥാപാത്രങ്ങളെയാണു് അവർ തെരെഞ്ഞെടുക്കുന്നതു്. സാധാരണക്കാരായ ഇംഗ്ലീഷുകാരെ കുലങ്കഷമായും ഉൾക്കാഴ്ചയോടും കൂടിയാണു അവർ അവതരിപ്പിക്കുന്നതു്. കഥാപാത്രങ്ങളെ വികസിപ്പിച്ചെടുക്കുന്നതിൽ അതിവിദഗ്ദ്ധയാണവർ. സാധാരണക്കാരുടെ മോഹങ്ങളേയും പ്രതികരണങ്ങളേയും ആഴത്തിലും സൂക്ഷ്മമായും വിശകലനം ചെയ്യുന്നതിൽ ഈ നോവലിസ്ററിനു് പ്രത്യേക കഴിവുണ്ടു്. അവസാനഘട്ടകൃതികളിലെ മനോഭാവം ഉഗ്രവും കർക്കശവുമാണെങ്കിലും നർമ്മബോധംകൊണ്ടു് അതിനൊരയവു വരുത്താൻ അവക്കു സാധിച്ചിട്ടുണ്ടു്. വളരെ വ്യക്തമായ രീതിയിൽ പ്രകൃതിചിത്രീകരണം നടത്താൻ അവക്കു കഴിഞ്ഞിട്ടുണ്ടു്. ആദ്യകാലകൃതികളിൽ ഇതു കൂടുതൽ മിഴിവുററതാകുന്നു.

ഷാർലററ് ബ്രോൺടി (1816—55), എമിലി ബ്രോൺടി (1818—48), ആൻ ബ്രോൺടി (1820—49) എന്നീ മൂന്നു സഹോദരിമാരെ, ജീവചരിത്രപരമായ കാഴ്ചപ്പാടു മാററിവച്ചാൽ, ഒററ വ്യക്തിയായി ഗണിക്കാവുന്നതാണു്. അവരുടെ സാങ്കല്പികവും ഭൗതികവുമായ ജീവിതം ഏറെക്കുറെ ഒന്നുപോലെയായിരുന്നു. യോർക്ഷയറിലെ ഹാവത്ത് ഇടവകയിലെ ഐറിഷ് വംശജനായ പാട്രിക് ബ്രോൺടി എന്ന വൈദികൻെറ മക്കളാണു് അവർ. അഞ്ചുപെൺമക്കളേയും ഏകപുത്രനായ ബ്രാൻവെൽ ബ്രോൺടിയേയും വെടിഞ്ഞു് 1821—ൽ അവരുടെ മാതാവു് ലോകവാസം അവസാനിപ്പിച്ചു. ഷാർലററിൻെറ മൂത്ത രണ്ടു സഹോദരിമാർ സ്കൂൾ വിദ്യാർത്ഥികളായിരിക്കുമ്പോൾത്തന്നെ ക്ഷയരോഗം പിടിപെട്ടു് അകാലമൃത്യുവിനിരയായി. മയക്കുമരുന്നിനടിമപ്പെട്ട ബ്രാൻവെൽ (1817—47) അതേ രോഗത്താൽ മരണമടഞ്ഞു. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം രണ്ടുമൂന്നുകൊല്ലം (1835—38) ഷാർലററ് അദ്ധ്യാപികയായി പ്രവത്തിച്ചു. അതിനുശേഷം കുറെക്കാലം ഗവണ്ണസ്സായും ജോലി ചെയ്തു. 1842—ൽ സഹോദരി എമിലിയോടൊപ്പം ഭാഷാപഠനത്തിനായി ബ്രസ്സൽസിലേക്കു തിരിച്ചു. വീട്ടിൽ തിരിച്ചെത്തിയ ഷാർലററിനു് കുടുംബകാര്യങ്ങൾ നോക്കേണ്ടതുണ്ടായിരുന്നതിനാൽ വീട്ടിൽത്തന്നെ അടച്ചു പൂട്ടി കഴിയേണ്ടി വന്നു. പിൽക്കാലത്തു് അവരുടെ കൃതികൾ പ്രസി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്ധങ്ങളായതോടെ സാമ്പത്തിക ക്ലേശങ്ങളിൽനിന്നും അവർ മുക്തരായി. 1854–ൽ പിതാവിൻെറ വൈദികസഹായിയായ റവറണ്ട് ഏ. ബി. നിക്കൊസിനെ അവർ വിവാഹം കഴിച്ചു. എങ്കിലും ഏതാനം മാസങ്ങൾക്കകം ഷാർലററ് അന്തരിച്ചു. എമിലിയും, ആനും നേരത്തെതന്നെ അവരെപ്പോലെ ക്ഷയം ബാധിച്ചു മരിച്ചു. പിതാവിൻെറ സഹായിയായിരുന്ന വില്യം വെയ്റ്റ്മൻ എന്ന യുവാവിൽ മൂവരും ആകൃഷ്ടരായിരുന്നതായി വിശ്വസിക്കപ്പെടുന്നു. സ്ത്രീകളുമായി കൊഞ്ചിക്കുഴഞ്ഞു നടക്കുന്ന സ്വഭാവക്കാരനായിരുന്ന ആ യുവാവും നന്നെ ചെറുപ്പത്തിൽത്തന്നെ ലോകത്തോടു വിടപറഞ്ഞു.

ബ്രോൺടി സഹോദരിമാർ അവരുടെ കവിതകൾ സമാഹരിച്ച് ഒററവാല്യമായി പ്രസിദ്ധീകരിച്ചുകൊണ്ടാണ് സാഹിത്യരംഗത്തേക്കു കടന്നു വരുന്നത്. അവർ യഥാക്രമം കറർ, എലിസ്, ആക്റ്ററൻ ബെൽ എന്ന തൂലികാനാമമാണ് അന്നു സ്വീകരിച്ചത്. ഇവരിൽ എമിലിയുടെ കവിതകൾക്കു മാത്രമെ എന്തെങ്കിലും പ്രത്യേകത അവകാശപ്പെടാനുള്ളു. ബാഹ്യമായ സംഭവവികാസങ്ങളൊന്നുമില്ലാതെ, അതിശയകരമായ ഭാവനയിൽനിന്നും ഉടലെടുത്ത വികാരതീവ്രമായ സന്ദർഭങ്ങളുടെ ആവിഷ്കാരമാണ് അവരുടെ കവിത.

ഷാർലററിൻെറ പ്രഥമനോവലായ ദ പ്രൊഫെസർ സ്വീകരിക്കാൻ പ്രസിദ്ധീകരണക്കാരാരും തയ്യാറായില്ല. അവരുടെ മരണശേഷം 1857–ൽ മാത്രമാണ് പ്രസ്തുത കൃതി വെളിച്ചം കണ്ടത്. നോവലിസ്ററിൻെറ ജീവിതാനുഭവങ്ങളുടെ നേർപതിപ്പായ ഇതിൽ താൽപര്യമുളവാക്കുന്ന ഒരു കഥാബീജമോ വൈകാരികമായ ഉൾക്കാഴ്ച നൽകുന്ന കഥാപാത്രങ്ങളോ ഇല്ല തന്നെ. അവരുടെ ഏററവും ഉൽകൃഷ്ടമായ നോവലാണ് ജെയ്ൻ എയർ (1847) നായികയായ ജെയ്ൻ എയർ നിർദ്ധനയും അനാഥയുമാണ്. ലോവുഡ് അസൈലമെന്ന ധർമ്മസ്ഥാപനത്തിലെത്തിയ അവർ അവിടത്തെ ദുരിതപൂർണ്ണമായ വാസത്തിനുശേഷം അദ്ധ്യാപികയായിത്തീരുന്നു. തോൺഫീൽഡ് ഹാളിലെ മിസ്ററർ റോച്ചസ്ററുടെ മകളുടെ ഗവർണ്ണസ്സായിട്ടാണ് പിന്നീടവർ സേവനമനുഷ്ഠിക്കുന്നത്. വലിയ അഹംഭാവിയാണ് റോച്ചസ്ററർ. ജെയിൻ എയറിൻെറ ശാലീനത്വം അയാളെ ആകർഷിക്കുന്നു. അങ്ങനെ അവർ പരസ്പരം പ്രേമബദ്ധരുമായി. അവരുടെ വിവാഹമുറപ്പിച്ചെങ്കിലും റോച്ചസ്റററിനു മാനസികരോഗിയായ ഒരു ഭാര്യയുണ്ടെന്നും അവരെ തോൺ ഫീൽഡ് ഹാളിൽ അടച്ചിട്ടിരിക്കുകയാണെന്നും വെളിവാകുന്നതോടെ വിവാഹം തടസ്സപ്പെടുന്നു. അവിടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിന്നു കടന്നുകളഞ്ഞ ജെയ്നിനെ റെവറണ്ട് സെയ്ൻറ് ജോൺ റിവേഴ്സും അദ്ദേഹത്തിൻെറ സഹോദരിമാരും ചേർന്നു സ്വീകരിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു. റെവറണ്ട് റിവേഴ്സിൻെറ വിവാഹാഭ്യർത്ഥന സ്വീകരിക്കാൻ ജെയ്ൻ തയ്യാറാകുമ്പോഴാണ് തോൺ ഫീൽഡ് ഹാൾ കത്തിച്ചാമ്പലായ കാര്യം അവളറിയുന്നതും അങ്ങോട്ടു പോകുന്നതും. കത്തിയെരിയുന്ന വീട്ടിൽനിന്നും ഭാര്യയെ രക്ഷിക്കാൻ റോച്ചസ്ററർ കഠിനമായി യത്നിച്ചെങ്കിലും ആ ശ്രമം പാഴിലായി. അന്ധനും വിഷണ്ണനുമായിത്തീർന്ന റോച്ചസ്റററെ ജെയ്ൻ വിവാഹം കഴിക്കുകയും അയാളുടെ നഷ്ടപ്പെട്ട ഉന്മേഷമെല്ലാം അയാൾക്കു നൽകുകയും ചെയ്യുന്നു. ഷാർലററ് ബ്രോൺടി തൻെറയും തൻെറ സഹോദരിമാരുടെയും പല അനുഭവങ്ങളെയും ഇതിൽ ചിത്രീകരിച്ചിട്ടുണ്ട്. ഇതിവൃത്തം തീരെ ദുർബ്ബലമാണെങ്കിലും പ്രധാന കഥാപാത്രങ്ങളെ വളരെ ആഴത്തിൽ ഉൾക്കൊള്ളാൻ നോവലിസ്ററിനു് കഴിഞ്ഞിട്ടുണ്ട്. ഉദ്വേഗജനകങ്ങളായ സന്ദർഭങ്ങളും ഈ നോവലിലുണ്ട്.

ഷേർലി (1849) എന്ന അടുത്ത നോവലിൽ സ്വഭാവികവും വികാരം കുറഞ്ഞതുമായ ജീവിതത്തിൻെറ ചിത്രീകരണത്തിലേക്കാണ് നോവലിസ്റ്റ് തിരിഞ്ഞിരിക്കുന്നതു്. ഒരു പെൺകുട്ടിയുടെ പ്രേമകഥയാണ് ഇവിടെയും വിഷയം. പൂർവ്വസ്മരണകളുടെ രൂപത്തിലാണ് വില്ലെററ് (1853) എഴുതപ്പെട്ടിരിക്കുന്നതു്. ഇതിലെ ലൂസിസ്നോയെന്ന കഥാപാത്രം നോവലിസ്റ്റിനെ അടിസ്ഥാനമാക്കിയാണ് രൂപകല്പന ചെയ്തിട്ടുള്ളതു്.

ഒററ നോവൽ മാത്രമേ എഴുതിയിട്ടുള്ളവെങ്കിലും ബ്രോൺടി സഹോദരിമാരിൽ പ്രഥമഗണനീയയായിത്തീർന്നവളാണ് എമിലി. ഇംഗ്ലീഷ് സാഹിത്യത്തിലെ നിസ്തുലമായ കൃതിയാണ് അവരുടെ വതറിങ് ഹൈററ്സ് (1847). ഏകാന്തവും വിജനവുമായ ഒരു പ്രദേശത്തിൻെറ ആത്മാവു മുഴവൻ ഇതിൽ നിറഞ്ഞു നില്ക്കുന്നു. വിഷണ്ണനും ഭാവനാസമ്പുഷ്ടനുമായ കേന്ദ്രകഥാപാത്രം ഹീത്ത് ക്ലിഫ് എന്ന അനാഥനായ ജിപ്സിയാണ്. ഹീത്ത് ക്ലിഫ് വളരെ അസാധാരണമായ ഒരു കഥാപാത്രമാണ്. ഇത്തരമൊരു നായകൻ ഇംഗ്ലീഷ് നോവൽ ചരിത്രത്തിൽ ഇല്ലെന്നു വേണം പറയാൻ. മഹത്തായ ഒരു നോവലാണിതു്. വീട്ടിനുള്ളിൽ അടച്ചു പൂട്ടിക്കഴിഞ്ഞ ഒരു സ്ത്രീയാണ് വികാരതീവ്രവും സംഭ്രമജനകവുമായ ഇത്തരമൊരു നോവലെഴുതിയതെന്നു വിശ്വസിക്കാൻ പ്രയാസം തോന്നും.

ബ്രോൺടി സഹോദരിമാരിൽ ഇളയവളായ ആൻ പ്രായേണ പ്രചാരം കുറഞ്ഞ എഴുത്തുകാരിയാണ്. ആഗ്നസ് ഗ്രേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(1847), ദ ടെനൻററ് ഓഫ് വൈൽഡ് ഫെൽ ഹാം (1848) എന്നിങ്ങനെ രണ്ടു നോവലുകൾ അവർ രചിച്ചിട്ടുണ്ടെങ്കിലും സഹോദരിമാരുടെ കൃതികളെ അപേക്ഷിച്ചു താണ നിലവാരം പുലർത്തുന്നവയാണവ. മററു രണ്ടു പേർക്കുമുള്ളതുപോലെ ശക്തവും സാന്ദ്രവുമായ കല്പനാശക്തി ആൻ ബ്രോൺടിക്കില്ല.

പത്തൊൻപതാം നൂററാണ്ടിൻെറ ആരംഭത്തോടുകൂടി കവിതയിലുണ്ടായ പരിണാമം ബ്രോൺടി സഹോദരിമാരുടെ രംഗപ്രവേശത്തോടെ ഇംഗ്ലീഷ് നോവലിലും പ്രകടമായി. മനുഷ്യമനസ്സിൻെറ വ്യാപാരങ്ങൾക്ക് ഊന്നൽ കൊടുക്കുന്ന കാല്പനികപ്രസ്ഥാനത്തിനു നോവലിൽ സ്ഥാനം നൽകിയതിൽ അഗ്രഗാമിത്വം വഹിച്ചതു് അവരാണ്. ജെയ്ൻ ഓസ്ററിനിൽനിന്നു വ്യത്യസ്തമായി വ്യക്തികളുടെ ഒററപ്പെട്ടോററസ്ലുള്ള മാനസികസംഘർഷങ്ങളാണു് ബ്രോൺടി സഹോദരിമാർ ചിത്രീകരിച്ചതു്. തീവ്രമായ വൈയക്തിക വികാരങ്ങളും കരുത്തുററ മനസ്സുമുള്ള വളാണ് സ്ത്രീയെന്ന നൂതനസങ്കല്പവും അവർ ആവിഷ്കരിച്ചു. വികാരം മുററി നിൽക്കുന്ന രംഗങ്ങളിൽ കാവ്യാത്മകമാകുന്നു അവരുടെ ഗദ്യശൈലി.

പിൽക്കാല വിക്ടോറിയൻ നോവലിസ്ററുകളിൽ ഏററവും ശ്രദ്ധേയനായ എഴുത്തുകാരനാണ് കവികൂടിയായിരുന്ന ജോർജ്ജ് മെരിഡിത്ത് (1828). മനഃശാസ്ത്രപരമായ സമീപനത്തിൽ ജോർജ്ജ് എലിയട്ടിനെക്കാൾ താല്പര്യമുണ്ടായിരുന്നെങ്കിലും തൻെറ മനഃശാസ്ത്രപരവും ധാർമ്മികവുമായ ഉൾക്കാഴ്ചകൾ നോവലിസ്റ്റിലൂടെ പൂർണ്ണമായി സാക്ഷാൽക്കരിക്കുവാൻ മെരിഡിത്തിനു കഴിഞ്ഞില്ല. നിയമപഠനത്തിനു പുറപ്പെട്ട മെരിഡിത്ത് തൊഴിലെന്ന നിലയിൽ തിരഞ്ഞെടുത്തതു് സാഹിത്യമാണ്. ശൈലിയുടേയും വിഷയത്തിൻെറയും കാര്യത്തിൽ തൻെറ നോവലുകളുടെ അനുബന്ധമാണ് അദ്ദേഹത്തിൻെറ കവിതകൾ എന്നു പറയാം. ദി ഓർഡിയൽ ഓഫ് റിച്ചേർഡ് ഫെവറൽ (1859) ആദ്യകാലകൃതികളിൽ പ്രാധാന്യമർഹിക്കുന്നു. ആഭിജാതനും സർ ഓസ്ററിൻ ഫെവറലിൻെറ പുത്രനുമായ റിച്ചേർഡ് എന്ന യുവാവിനെ സംബന്ധിക്കുന്നതാണ് പ്രസ്തുത നോവൽ. ഒരു കവിയോടൊപ്പം ഭാര്യ ഒളിച്ചോടിപ്പോയതോടെ സർ ഓസ്ററിൻ ഫെവറൽ അങ്ങേയററം നിയന്ത്രണത്തോടെ തൻെറ പുത്രനെ വളർത്തിയെങ്കിലും, യുവത്വത്തിൻെറ തിളപ്പിൽ റിച്ചേർഡിനു പല അബദ്ധങ്ങളും പററുന്നു. ദയനീയമായ പല സംഭവങ്ങളും ഈ നോവലിൽ ഉണ്ടു്. 1857—58 കാലഘട്ടത്തിൽ മെരിഡിത്ത് ഈ നോവലിൻെറ രചനയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അദ്ദേഹത്തിൻെറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദാമ്പത്യജീവിതവും തകർച്ചയിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. മെരിഡിത്തിന്റെ പത്നി ഒരു ചിത്രകാരനോടൊത്തു സഞ്ചരിക്കുകയും അയാളിൽനിന്നും ഗർഭവതിയാകുകയും ചെയ്തു. ഈ ബന്ധത്തിനു് ഉടവുതട്ടിയതോടെ മേരി ഇംഗ്ലണ്ടിലേക്കു മടങ്ങിയെങ്കിലും, മെരിഡിത്ത് അവളെയൊന്നു കാണാൻപോലും കൂട്ടാക്കിയില്ല. അമ്മയുടെ മരണശേഷം സന്തോഷമെന്തെന്നറിഞ്ഞിട്ടില്ലാത്ത മെരിഡിത്ത് തന്റെ ജീവനായ ഏകപുത്രനോടൊത്തു് ഏകാന്തവാസം ആരംഭിച്ചു. മെരിഡിത്തിന്റെ സ്വന്ത അനുഭവങ്ങൾവച്ചു നോക്കുമ്പോൾ ദി ഓർഡിയൽ ആത്മകഥാപരമാണെന്നു കാണാം. മെരിഡിത്തിനെ പരാമർശിച്ചു് ജെ. ബി. പ്രീസ്റ്റ്ലി പറയുകയുണ്ടായി കഥ പറയുന്നതൊഴിച്ചു് എന്തു കാര്യവും മെരിഡിത്തിനെക്കൊണ്ടാകുമെന്നു്. എല്ലാ നിരൂപകന്മാരും അഭിപ്രായപ്പെട്ടതുപോലെ ഉൽകൃഷ്ടമായ രംഗങ്ങൾ അവിഷ്കരിക്കുന്ന നോവലിസ്റ്റാണു് മെരിഡിത്ത്. അദ്ദേഹത്തിന്റെ ഭാഷാശൈലി അങ്ങേയററം അന്തസ്സുററതാണു്. മെരിഡിത്തിന്റെതന്നെ കുടുംബജീവിതത്തിന്റെ വിശദാംശങ്ങളുൾപ്പെടുന്ന നോവലാണു് ഇവാൻ ഹാരിങ്ടൺ (1861). തുടന്നു് എമിലിയ ഇൻ ഇംഗ്ലണ്ട് (1864) പുറത്തുവന്നു. സാൻഡ്രാബെലോണി എന്നു പില്ക്കാലത്തു പേരിട്ട ഈ നോവലിന്റെ പഞ്ചാത്തലം ഭാഗികമായി ഇററലിയാണു്. ഇതിനുശേഷം റോഡാഫ്ളെമിങ് (1865), വിറേറാറിയ (vittoria) (1867), ദ അഡ്വഞ്ചേഴ്സ് ഓഫ് ഹാരി റിച്ച്മണ്ട് (1871), ബ്യൂചാമ്പ്സ് കരിയർ (1876) എന്നീ കൃതികൾ പ്രസിദ്ധപ്പെടുത്തി. അദ്ദേഹത്തിന്റെ കലാസൃഷ്ടികളുടെ പാരമ്യതയിലെത്തി നില്ക്കുന്നു ദി ഇഗോയിസ്ററ് (1879) എന്നു പറയാം. ശൈലി ഇതിൽ പരിപക്വമായിട്ടുണ്ടു്. ഉപരിതലത്തിലുള്ള പകിട്ടിനു പകരം ആഴത്തിലും സാന്ദ്രതയിലുമാണു് ശ്രദ്ധ വച്ചിരിക്കുന്നതു്. പരിഹാസ കഥാപാത്രത്തെ സൃഷ്ടിക്കുന്നതിലുള്ള വൈദഗ്ധ്യത്തിനു തെളിവാണു് അഹംഭാവിയായ സർ വില്ലബി പാറേറൺ.

പൊതുവെ പ്രാധാന്യം കുറഞ്ഞ അനന്തരകാല നോവലുകളുടെ കൂട്ടത്തിൽപെടുന്ന ദ ട്രാജിക് കൊമീഡിയൻസ് (1880), ഡയാന ഓഫ് ദ ക്രോസ്വേസ് (1885), വൺ ഓഫ് അവർ കോൺകറേഴ്സ് (1891), ദി അമേസിങ് മാരേജ് (1895) എന്നിവ. ആഖ്യാനത്തിൽ അന്യൂനമല്ലെങ്കിൽക്കൂടി കാവ്യാത്മകവും ദാർശനികവും വിമർശനാത്മകവുമായ ഒരു മനസ്സിനെ കഥാസാഹിത്യത്തിലേക്കു കടത്തിക്കൊണ്ടുവരുവാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മെരിഡിത്തിനു സാധിച്ചു. വിക്ടോറിയൻ നോവലിസ്ററുകളുടെ ശൃംഖലയിലെ അവസാന കണ്ണിയായിട്ടല്ലാ ആധുനിക പ്രസ്ഥാനക്കാരുടെ പരമ്പരയിലെ ആദ്യകണ്ണിയായിട്ടാണ് മെരിഡിത്തിനെ ആർനാൾഡ്ബെനററ് കാണുന്നതു്.

ഡോർസെററ് പ്രവിശ്യയിലെ അപ്പർ ബോക്ക് ഹാംപ്ടണിലാണ് തോമസ്ഹാർഡി (1840—1928) ജനിച്ചതു്. കൽപ്പണിക്കാരനായ പിതാവു് ഒരു സംഗീതപ്രേമികൂടിയായിരുന്നു. പിതാവിൻെറ സംഗീതവാസന കിട്ടിയ ഹാർഡി ഫിഡിൽ വായന അഭ്യസിച്ചു. ഡോർചെസ്ററിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഹാർഡിയുടെ ലോകം ഡോർചെസ്ററർ ടൗണിൻെറ ചുററുമുള്ള നാട്ടുമ്പുറങ്ങളായിരുന്നു. പതിനാറാമത്തെ വയസ്സിൽ ജോൺഹിക്ക്സ് എന്ന ആർക്കിടെക്ടിൻെറ കീഴിൽ പണി പഠിക്കാനാരംഭിച്ചു. ഇക്കാലത്തു കവിത എഴുതിയിരുന്നെങ്കിലും ഒരു പ്രസിദ്ധീകരണക്കാരനെ അദ്ദേഹത്തിനു കണ്ടെത്താനായില്ല. ഇരുപത്തിരണ്ടാമത്തെ വയസ്സിൽ ഹാർഡി ലണ്ടനിലേക്കു പുറപ്പെട്ടു. 'ആധുനിക വാസ്തുശില്പത്തിൽ വണ്ണക്കട്ടകളുടേയും ടെറാ കോട്ടയുടേയും ഉപയോഗം' എന്ന വിഷയത്തേക്കുറിച്ചെഴുതിയ ഉപന്യാസത്തിനു സമ്മാനം ലഭിക്കുകയുണ്ടായി. 1865 ആയപ്പോഴേയ്ക്കും അദ്ദേഹത്തിനു മനസ്സിലായി, ഒരു കവിയായിത്തീരുകയാണ് അഭികാമ്യമെന്നു്. 1867—ൽ ബോക്ക്ഹാംപ്ററണിലേക്കു മടങ്ങിവന്ന ഹാർഡി ഹിക്സിൻെറ സഹായിയായി ഡോർച്ചെസ്ററിൽ ജോലിനോക്കി. ഹിക്സിൻെറ മരണത്തോടെ മററൊരു ആർക്കിടെക്ററിൻെറ സ്ഥാപനത്തിലേക്കു മാറുകയും വേമത്തിലേക്കു പോകുകയും ചെയ്തു. 1871—ൽ വികാരവിക്ഷുബ്ധമായ ഡെസ്പറേററ് റെമഡീസ് എന്ന നോവൽ പ്രസിദ്ധപ്പെടുത്തി. തൊട്ടടുത്ത കൊല്ലമാണ് അണ്ടർ ദ ഗ്രീൻവുഡ് ട്രീ പ്രസിദ്ധപ്പെടുത്തിയതു്. ഇതോടെ ഹാർഡി തൻെറ തൊഴിലായ ആർക്കിടെക്ചർ ഉപേക്ഷിച്ചു. 1874—ൽ തനിക്കു നേരത്തെ പരിചയമുണ്ടായിരുന്ന എമ്മാ ലവീനിയ ഗിഫോർഡിനെ വിവാഹം കഴിച്ചു. ഇംഗ്ലണ്ടിൻെറ തെക്കേമൂലക്കു കിടക്കുന്ന പ്രദേശത്തിന് വെസെക്സ് എന്നു പേരുനൽകിക്കൊണ്ടു്, അവിടെയാണു തൻെറ കഥാപാത്രങ്ങളെയെല്ലാം അദ്ദേഹം ഉറപ്പിച്ചു നിർത്തിയതു്. വിശാലമായ ഈ കൃഷിഭൂമി ചരിത്രത്തിൽവരെ സ്ഥാനംപിടിച്ചുകളഞ്ഞു. ഗ്രാമീണജീവിതത്തിൻെറ സ്പന്ദനങ്ങളിൽനിന്നും ആധുനികവ്യാവസായിക ലോകത്തിലേക്കു സാവധാനം ഉയർന്നു വരികയായിരുന്നു വെസെക്സു്. സാഹചര്യങ്ങളിൽ വരുന്ന മാററങ്ങൾക്കനെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വതമായി മനുഷ്യരുടെ വൈകാരികസമീപനങ്ങളിൽ പ്രകടമാകുന്ന വ്യത്യാസം ഇവരിലൂടെ ഹാർഡി മനസ്സിലാക്കി. 1912–ൽ ഭാര്യ മരിച്ചതോടെ ഹാർഡി അസന്തുഷ്ടനും ഏകാകിയുമായിത്തീൻ. 1913–ൽ കേംബ്രിഡ്ജ് സർവ്വകലാശാല ഡി.ലിററ് ബിരുദം നൽകി അദ്ദേഹത്തെ ആദരിക്കുകയും മഗ്ദലിൻ കോളേജിലെ ഓണററി ഫെലോ ആയി നിയമിക്കുകയും ചെയ്തു. 1928–ൽ അന്തരിച്ച ഹാർഡിയെ വെസ്റ്റ്മിൻസ്റ്റർ ആബിയിൽ സംസ്കരിച്ചുകൊണ്ട് രാഷ്ട്രം അദ്ദേഹത്തെ ആദരിച്ചു.

അണ്ടർ ദ ഗ്രീൻവുഡ് ട്രീ (1872) സുന്ദരമായ ഗ്രാമീണ പശ്ചാത്തലത്തിൽ മെനഞ്ഞെടുത്തതാണ്. അതിലോലമെങ്കിലും ആകർഷകമാണ് ഈ കൃതി. വെസെക്സ് എന്ന പേരിൽ അദ്ദേഹം വിഖ്യാതമാക്കിത്തീർത്ത നാട്ടുംപ്രദേശത്താണ് കഥ നടക്കുന്നതു്. ഇതിൻെറ പ്രചാരത്തെ എ വെയർ ഓഫ് ബ്ലൂ ഐസ് (1873) എന്ന കൃതി അതിശയിച്ചുകളഞ്ഞു. വെസെക്സിൻെറ പശ്ചാത്തലത്തിൽത്തന്നെയുള്ള ഒരു ട്രാജി–കോമെഡിയാണ് ഫാർ ഫ്രം ദ മാഡിങ് ക്രൗഡ് (1874). കുറെക്കൂടി വലിയ പശ്ചാത്തലമാണ് നോവലിസ്ററ് ഇതിൽ ഉപയോഗിച്ചിരിക്കുന്നതു്. മനുഷ്യപ്രകൃതിയേയും, മനുഷ്യൻ വികാരങ്ങൾക്ക് അടിമപ്പെടുന്നതിൻെറ അനന്തരഫലങ്ങളേയുമാണ് ഇതിൽ ചിത്രീകരിക്കുന്നതു്. ഗേബ്രിയൽ ഓക്ക്, ബാത്ത് ഷീബ എവർ ഡീൻ, ഫാർമർ ബോംഡ്‌വുഡ്, സാർജൻറ് ട്രോയ് എന്നിവരാണ് പ്രധാന കഥാപാത്രങ്ങൾ. ദ ഹാൻഡ് ഓഫ് എതർ ബർട്ട (1876) കോമഡി എന്ന നിലയിൽ പരാജയമായിരുന്നു. കരുത്തനായ വിധിയുടെ മുന്നിൽ നിസ്സാരനായ മനുഷ്യൻെറ നിസ്സഹായാവസ്ഥ വെളിവാക്കുന്ന ദ റിട്ടേൺ ഓഫ് ദ നേററിവ് (1878) അങ്ങേയററം ഹൃദയസ്പർശിയും മഹത്തരവുമാണ്. വിധിയുടെ ഇരകളായ ക്ലിംയോ ബ്രൈററും, യൂസ്റേറഷ്യവൈയും ഹാർഡിയുടെ അതിവിശിഷ്ടമായ കഥാപാത്രങ്ങൾക്കു് ഉത്തമോദാഹരണങ്ങളാണ്. എഗ്ഡൺ ഹീത്ത് എന്ന ഭൂപ്രദേശത്തിൻെറ വിവരണം പ്രസിദ്ധമാണ്. താന്തോന്നിയും, സ്വാതന്ത്ര്യമായ യൂസ്റേറഷിയ ഹാർഡിയുടെ സ്ത്രീ കഥാപാത്രങ്ങളിൽ ഏററവും മികച്ചുനില്ക്കുന്നു. ഈ കൃതിയുടെ തൊട്ടുപുറകെ ദി ട്രമ്പററ് മേജർ (1880) എ ലേയൊഡീഷൻ (1881), ററു ഓൺ എ ടവർ (1882) എന്നീ നോവലുകൾ പ്രസിദ്ധപ്പെടുത്തി. മനുഷ്യനെ നിരന്തരം വേട്ടയാടി, അവനെ ദുരന്തത്തിൻെറ പടുകുഴിയിലേയ്ക്കു തള്ളിയിടുന്ന വിധിയെ അപഗ്രഥിക്കുക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാണ് മാസ്റ്റർപീസായ ദ മേയർ ഓഫ് കാസ്റ്ററർ ബ്രിഡ്ജ് (1886) എന്ന നോവലിൽ. ഹാർഡിയുടെ പ്രതിഭയുടെ തെളിവാണ് ഈ കൃതി. വൈക്കോൽ കച്ചവടക്കാരനായ മൈക്കൽ ഹെൻചേർഡ് കുടിച്ചു ബോധംകെട്ട് ഒരു ചന്തയിൽ വച്ചു തന്റെ ഭാര്യയേയും കുട്ടിയേയും സൂസൺ എന്ന നാവികനു വില്ക്കുകയും, പിന്നീട് പശ്ചാത്തപിക്കുകയും, അതേത്തുടർന്നു ധനികനായ ഹെൻചേർഡ് മേയറാകുകയും, ഫാർഫ്രേയുടെ കടുത്ത വിരോധിയായിത്തീരുകയും, ബുദ്ധിഹീനമായ പ്രവൃത്തികൾ കൊണ്ട് വീണ്ടും അധഃപതിച്ച ഒരു കുടിലിൽ വച്ച് ദയനീയമായി മരിക്കുന്നതുമാണ് ഈ നോവലിന്റെ ഇതിവൃത്തം. മൈക്കൽ ഹെൻ ചേർഡ് എന്ന കഥാപാത്രത്തെ ആഴത്തിൽ ഉൾക്കൊള്ളാനും വ്യക്തമായി ചിത്രീകരിക്കാനും നോവലിസ്ററിനു കഴിഞ്ഞിട്ടുണ്ട്. അതിവിദഗ്ദ്ധമായ രീതിയിലാണ് കാസ്റ്റർ ബ്രിഡ്ജിലെ സാധാരണക്കാരെ ഹാർഡി അവതരിപ്പിക്കുന്നത്. ഓർമ്മയിൽനിന്നു മായാത്ത ഏതാനും രംഗങ്ങളുണ്ട് നോവലിൽ. അതിലൊന്നാണ് ചന്തയിൽ വച്ച് ഹെൻചേർഡ് ഭാര്യയെ ലേലം ചെയ്യുന്ന രംഗം. ഗ്രാമീണജീവിതത്തെ കുറെക്കൂടി ഹൃദയസ്പൃക്കായി അവതരിപ്പിച്ചിട്ടുണ്ട്. ദ വുഡ് ലാൻഡേഴ്സിൽ (1887) ഹാർഡിയുടെ അന്തസ്സുററ കഥാപാത്രങ്ങളായ ഗൈൽസ് വിൻറർ ബണിന്റെയും, മാർട്ടിസൗത്തിന്റെയും ദയനീയമായ കഥയാണ് പറയുന്നത്. ടെസ്സ് ഓഫ് ദ ഡ അർബവിൽസ് (1891), ദ വെൽ ബിലവഡ് (1892), ജൂഡ് ദ ഒബ്സ്ക്യൂവർ (1895) മുതലായ നോവലുകളിൽ ടെസ്സിലും ജൂഡിലും, സെക്സിനെയും, മതത്തേയും തുറന്നു പ്രതിപാദിക്കുന്നതിനാൽ യാഥാസ്ഥിതികരായ വായനക്കാരുടെ എതിർപ്പുകൾ ഒട്ടൊന്നുമല്ല ഇവയ്ക്കു നേരിടേണ്ടിവന്നത്. ഇന്നത്തെ നിലവാരംവച്ചുനോക്കുമ്പോൾ സെക്സിനെക്കുറിച്ചുള്ള പ്രതിപാദനം മിതമാണെന്നു പറയാം. രണ്ടു പ്രസിദ്ധീകരണക്കാർ ടെസ്സ് പ്രസിദ്ധപ്പെടുത്താൻ ആദ്യം തയ്യാറായില്ല. ജൂഡ് പ്രസിദ്ധീകരിച്ചതോടെ മുറവിളി വീണ്ടും ഉച്ചത്തിലായി. ഇതു രണ്ടും കൂടിയായപ്പോൾ ഹാർഡിക്കു മനംമടുത്തു. ടെസ്സ് ഹാർഡിയുടെ മാസ്റ്റർപീസാണെന്നു് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ബ്ലാക് മൂർ വെയ്ലിലെ ശുദ്ധനായ ഒരു ഗ്രാമീണന്റെ മകളാണ് ടെസ്സ് ഡർബെഫീൽഡ്. പുരാതനമായ ഡി അർബർ വിൽസ് തറവാട്ടിലെ അനന്തരാവകാശികളിലൊരാളാണു താനെന്നറിയുന്നതോടെ നിർദ്ദോഷിയായ ടെസ്സിന്റെ പിതാവ് ഇളകിപ്പോയി. ഡി അർബർ വിൽസ് ദമ്പതികളുടെ മകനായ അലക് ടെസ്സിനെ വഴിപിഴപ്പിക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നു. അലക് അർബർവില്ലിനു് അവളിലുണ്ടായ കുഞ്ഞു് അധികം നാറം ജീവിച്ചിരുന്നില്ല. ഏൻജൽ ക്ലെയറുമായി ടെസ്സിന്റെ വിവാഹമുറപ്പിച്ചു. വിധിവിപരീതമെന്നു പറയട്ടെ, ചാരിത്രം നഷ്ടപ്പെട്ട അവളെ പ്രഥമരാത്രിയിൽത്തന്നെ അയാളുപേക്ഷിച്ചുപോയി. വളരെ നാളത്തെ കാത്തിരിപ്പിനുശേഷം അലകിനെത്തന്നെ അവൾക്കു സ്വീകരിക്കേണ്ടിവന്നു. അപ്പോഴാണു് ക്ലെയറിന്റെ തിരിച്ചുവരവു്. ഏൻജൽ ക്ലെയറിനുവേണ്ടി ജീവിതം മുഴുവൻ കാത്തിരുന്ന ടെസ്സ് തന്നെ നശിപ്പിച്ച അലകിനെ കുരുതികഴിച്ചു. ക്ലെയറുമായി കുറഞ്ഞ നാളുകൾ മാത്രം ചെലവഴിച്ച ടെസ്സിനെ നീതിപീഠം കൊലക്കയറിൽ കയററി. ടെസ്സിന്റെ അന്ത്യത്തോടെ അനാഥയായിത്തീർന്ന അവളുടെ ഇളയ സഹോദരിയെ ക്ലെയർ സ്വീകരിക്കുന്നു. വിധിയുടെ വിളയാട്ടത്തിനു് പരമമായ സ്ഥാനമുണ്ടു് ഈ കൃതിയിലും. മറക്കാനാവാത്ത ചിത്രങ്ങളാണു് ടെസ്സും, ജൂഡും കാഴ്ചവയ്ക്കുന്നതു്. ഏൻജൽ ക്ലെയറിന്റെ സൃഷ്ടി അവിശ്വസനീയമായിരിക്കുന്നു. ചില കഥാപാത്രങ്ങൾ കൃത്രിമമാണെങ്കിൽ മററു ചിലർ ഹാസ്യം ജനിപ്പിക്കുന്നു. ഒരു നിരൂപകൻ പറഞ്ഞതു് ഈ നോവലിൽ കന്നുകാലികളെപ്പററിയുള്ള ഭാഗമൊഴിച്ചാൽ മററതെല്ലാം വിരസമാണെന്നാണു്. എന്തൊക്കെയായാലും ടെസ്സ് മഹത്തും ചിരപ്രതിഷ്ഠിതവുമായ കൃതിയാണെന്നുള്ളതിനു സംശയമില്ല.

സൗത്ത് വെസെക്സ്കാരനായ ജൂഡ്ഫാലിയെന്ന ഗ്രാമീണന്റെ ധൈഷണികമായ അഭിലാഷങ്ങളുടെ കഥയാണു് ജൂഡ് ദി ഒബ്സ്ക്യൂവർ. സ്ത്രീകളോടുള്ള അഭിനിവേശവും, ചീത്ത സ്വഭാവവും, സാഹചര്യങ്ങളും അയാളുടെ അഭിലാഷങ്ങളെ ദഗ്നമാക്കുന്നു. ഹാർഡി അതുവരെ നേടിയതിനെയെല്ലാം കവച്ചുവയ്ക്കുന്നതാണു് വളരെ ഉൾക്കാഴ്ചയോടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഈ കഥാപാത്രം.

സമഗ്രമായ ഈ നോവലുകൾക്കു പുറമെ ഏതാനും ചെറുകഥാസമാഹാരങ്ങളും ഹാർഡിയുടേതായിട്ടുണ്ടു്. എങ്കിലും നോവലിസ്റ്റെന്ന നിലയിലാണു് ഹാർഡിയുടെ പ്രതിഭ തെളിഞ്ഞു നില്ക്കുന്നതു്.

താൻ ജീവിച്ചിരുന്ന കാലഘട്ടത്തെക്കുറിച്ചുള്ള അതൃപ്തി നിറഞ്ഞു നിൽക്കുകയാണു് ഹാർഡിയുടെ നോവലുകളിലും കവിതകളിലും. ഗതകാലത്തെ ഓർത്തു വേദനിക്കുന്നവനാണു് അദ്ദേഹം ആധുനിക നാഗരികതയെ അദ്ദേഹം വെറുത്തു. പഴയ സംസ്കാരത്തെ ദൂഷിപ്പിക്കുകയാണു് പുതിയ സംസ്കാരം കൊണ്ടുവരാൻ പോകുന്ന വിപത്തെന്നും അദ്ദേഹം വിശ്വസിച്ചു. പ്രാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചീനവും നവീനവുമായ ആശയങ്ങളുടെ മത്സരം അദ്ദേഹത്തിന്റെ കൃതികളിൽ കാണാം. പഴയ കാലത്തിന്റെ സങ്കല്പങ്ങൾ നിറഞ്ഞു നില്ക്കുന്നതാണ് അദ്ദേഹത്തിന്റെ വെസെക്സ്. ഏതോ പ്രതികാരശക്തിയുടെ കടന്നാക്രമണത്തെ അഭിമുഖീകരിക്കാൻപോകുന്ന മനുഷ്യവർഗ്ഗത്തെയാണ് തന്റെ ഉൽക്കൃഷ്ടങ്ങളായ നോവലുകളിലൂടെ ഹാർഡി സൂക്ഷ്മമായി ചിത്രീകരിക്കുന്നതു്. വ്യക്തിയെന്ന നിലയിൽ മനുഷ്യനു പ്രതീക്ഷയ്ക്കു വകയില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ ദൃഢവിശ്വാസം. പരസ്പരവിരുദ്ധങ്ങളായ വിശ്വാസങ്ങളിൽ അദ്ദേഹത്തിന്റെ മനസ്സ് മാറി മാറി സഞ്ചരിച്ചു. എന്നാൽ ദ ഡൈനാസ്റ്റിൽ അധൃഷ്യമായ ഒരാജ്ഞാശക്തിയുണ്ടെന്നുള്ള ആശയം അദ്ദേഹം സ്വരൂപിച്ചുറപ്പിച്ചു. പലപ്പോഴും അപ്രതീക്ഷിതമായ സംഭവങ്ങളെ അവലംബിച്ചാണ് ഇതിവൃത്തം സൃഷ്ടിച്ചിരിക്കുന്നതു്. അതിനാൽ തന്റെ നോവലുകളെ ശക്തമായ ദുരന്തത്തിന്റെ പാരമ്യതയിലെത്തിക്കാൻ ഹാർഡിക്കു സാധിക്കാതെപോകുന്നു. നോവൽ സ്തോഭജനകമായിരിക്കണമെന്ന വിശ്വാസവും അദ്ദേഹത്തിന്റെ ദൗർബ്ബല്യമായിരുന്നു. എന്നിരുന്നാലും ഹൃദയസ്പർശിയായ സന്ദർഭങ്ങൾ സൃഷ്ടിക്കുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു.

മണ്ണിന്റെ ഉപ്പുള്ള സാധാരണ സ്ത്രീപുരുഷന്മാരാണ് ഹാർഡിയുടെ ഒട്ടുമുക്കാലും കഥാപാത്രങ്ങൾ. ഇന്നത്തെ നിലവാരംവച്ചു നോക്കുമ്പോൾ കഥാപാത്രങ്ങളുടെ മനഃശ്ശാസ്ത്രപരമായ വിശകലനത്തിൽ അധികം ആഴത്തിൽ കടക്കാൻ ഹാർഡിക്കു കഴിഞ്ഞിട്ടില്ലായിരിക്കാം. എങ്കിലും ജൂഡ്, സ്യൂ, ടെസ്സ്, ഹെൻചർഡ്, യൂസ്റേഷ്യാ വൈ തുടങ്ങിയ കഥാപാത്രങ്ങളെ അതിസൂക്ഷ്മമായി അപഗ്രഥിക്കാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ടു്.

ഗ്രാമീണജീവിതത്തെക്കുറിച്ചുള്ള അറിവിന്റെ കാര്യത്തിൽ ഹാർഡി പരമപ്രധാനിയാണ്. പ്രകൃതിയെ ഒരു പശ്ചാത്തലം മാത്രമായിട്ടല്ല അദ്ദേഹം കണക്കാക്കിയതു്. നോവലിലെ ഒരു മുഖ്യകഥാപാത്രംതന്നെയാണ് ഹാർഡിക്കു പ്രകൃതി. ഇതിനുദാഹരണമാണ് ദ റിട്ടേൺ ഓഫ് ദ നേററിവിലെ എഗ്ഡൺ ഹീത്തും, ടെസ്സിലെ ബ്ലാക്മൂർ താഴ്വരയും.

നോവലിസ്റ്റായ ബെഞ്ചമിൻ ഡിസ്റേലി (1804—81) പാർലമെൻറംഗവും, റോറികക്ഷിയുടെ നേതാവുമായിത്തീരുകയുണ്ടായി. രണ്ടുതവണ ഇംഗ്ലണ്ടിന്റെ പ്രധാനമന്ത്രിയായിരുന്ന ഡിസ്റേലി രചിച്ചിട്ടുള്ള നോവലുകളിൽ പിവിയൻ ഗ്രേ (1826—27). ഹെൻറിയെററാ ടെമ്പ്ൾ (1837) എന്നിവ എടുത്തു പറയേണ്ടിയിരിക്കുന്നു. കുറെയൊക്കെ അന്യാപദേശ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രൂപത്തിലുള്ളതും അല്പമൊരു അലൗകികപരിവേഷമുള്ളതുമായ പ്രഹസനങ്ങളാണ് ഇവ രണ്ടും. ആർഭാടം നിറഞ്ഞ ഗദ്യശൈലിയാണ് ഇതിൽ കാണുന്നത്.

എഡ്‌വേഡ് ബുംവർ ലിട്ടൺ എന്ന ലോഡ് ലിട്ടനാണ് മറെറാരു നോവലിസ്റ്റ്. ഇദ്ദേഹത്തിന്റെ ഏററവും പ്രശസ്തി നേടിയ കൃതി ദ ലാസ്റ്റ് ഡേയ്സ് ഓഫ് പോംപി (1834) ആണ്. ചരിത്രകഥകൾക്കു പുറമെ ദ കാക്സ്റ്റൺസ്, എ ഫാമിലി പിക്ച്ചർ (1849), മൈ നോവൽ (1853) തുടങ്ങിയ കുടുംബകഥകളും രചിച്ചിട്ടുണ്ട്. ഭീതിജനകവും പ്രകൃത്യതീത ശക്തികളെ സംബന്ധിക്കുന്നതുമായ കൃതികളാണ് എ സ്ട്രെയ്ഞ്ച് സ്റ്റോറിയും (1862), ദ കമിങ് റേസും (1871). നോവലിസ്റ്റെന്ന നിലയിൽ രണ്ടാം കിടക്കാരനായിരുന്നെങ്കിലും ലിട്ടന്റെ നാടകങ്ങൾ വൻവിജയമായിരുന്നു. നാടകകൃത്തുകൂടിയായ ചാൾസ് റീഡ് (1814—84) 1853–ൽ ആണ് തന്റെ പ്രഥമ നോവലായ പെഗ് വോഫിങ്ടൺ പ്രസിദ്ധപ്പെടുത്തിയത്. പിന്നാലെ വന്ന കൃതികളാണ് ഇററിസ് നെവർ ററൂ ലേററ് ററു മെൻഡ് (1856), ദ ക്ലോയിസ്ററർ ആൻഡ് ദ ഹാത്ത് (1861)മുതലായവ. നാടകാവബോധമുണ്ടെങ്കിലും സംഭവബഹുലമായ കഥകൾക്കാണ് അദ്ദേഹം പ്രാധാന്യം കല്പിക്കുന്നത്.

മഹത്ത്വത്തിന്റെ വാതിൽക്കലോളമെത്തിയ ആൻറണി ട്രോലപ്പ് (1815—82) വിപുലമായ രചനകളുടെ ഉടമയും കരുത്ത റിയലിസ്ററുമായിരുന്നു. വിക്ടോറിയൻ യുഗത്തിലെ പ്രാദേശികജീവിതത്തെക്കുറിച്ച് അദ്ദേഹം രചിച്ച ഛായാപടങ്ങൾക്ക് ചരിത്രപരമായ മൂല്യമുണ്ട്. പുരോഹിതജീവിതത്തെക്കുറിച്ചെഴുതുമ്പോൾ അദ്ദേഹത്തിന്റെ നോവലുകൾക്ക് ഉൽകൃഷ്ടമായ മൂല്യം കൈവരുന്നു. ദ വാർഡൻ (1855), ഫ്രാംലി പാർസനേജ് (1861) എന്നിവ ഇത്തരം നോവലുകൾക്ക് ഉദാഹരണമാണ്. ദ കെല്ലിസ് ആൻറ് ദ ഓ കെല്ലിസ് (1848) പോലുള്ള ഐറിഷ് കഥകളിലൂടെയാണ് ട്രോലപ്പ് സാഹിത്യജീവിതം ആരംഭിക്കുന്നത്. ബാർസെററ്ഷയർ എന്ന സാങ്കല്പികരാജ്യത്തേയും അതിന്റെ ആത്മീയകേന്ദ്രമായ ബാർചെസ്ററററിലേയും ജീവിതം ചിത്രീകരിക്കുന്നവയാണിവ. ദ വാർഡനും, ഫ്രാംലി പാർസനേജിനും പുറമെ ബാർ ചെസ്ററർ ടവേഴ്സ് (1857), ഡോക്ടർ തോൺ (1858), ദ സ്മോൾ ഹൗസ് അററ് ആലിങ്ടൺ (1864), ദ ലാസ്ററ് ക്രോണിക്ക്ൾ ഓഫ് ബാർ സെററ് (1866—67) മുതലായവ ഈ പരമ്പരയിലെ മററു നോവലുകളാണ്. രണ്ടു രാഷ്ട്രീയനോവലുകൾ കൂടി രചിച്ചിട്ടുള്ള അദ്ദേഹത്തിന്റെ കൃതികളിൽവച്ച് ഏററവും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രസകരമാണ് ആൻ ഓട്ടോ ബയോഗ്രഫി (1883). ഇടത്തരക്കാരുടെ നോവലിസ്ററാണ് ട്രോലപ്പ്. നഗരജീവിതത്തെക്കുറിച്ചുള്ള അറിവും സമത്ഥമായ ജീവിതനിരീക്ഷണവുംകൊണ്ട് അവരുടെ ശാന്തമായ ജീവിതത്തിൻെറ വ്യക്തവും വിശദവുമായ ചിത്രം വരയ്ക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. കാര്യമാത്രപ്രസക്തമായ രീതിയിൽ ചിത്രീകരിക്കുന്നതിനാൽ അവ യഥാർത്ഥ ജീവിതത്തിലെ സംഭവവിവരണങ്ങളാണെന്നേ തോന്നു. ഇതിവൃത്തത്തേക്കാം കൂടുതൽ കഥാപാത്രങ്ങളിലാണ് അദ്ദേഹം ശ്രദ്ധവെയ്ക്കുന്നത്. എങ്കിലും ആഴമുള്ള കഥാപാത്രങ്ങളെ സൃഷ്ടിക്കുന്നതിനോ ഉൽക്കടമായ വികാരങ്ങൾ ആവിഷ്കരിക്കുന്നതിനോ ട്രോലപ്പിനു കഴിഞ്ഞിട്ടില്ല. ഋജുവും, ലളിതവും ദീപ്തവുമായ ശൈലി സംഭാഷണങ്ങൾക്ക വളരെ സഹായകമാകുന്നു. ആയാസരഹിതമായ ഹാസ്യത്തിൻെറ വേരോട്ടം അദ്ദേഹത്തിൻെറ മിക്ക നോവലുകളിലും കാണാം. ശോകരസം പകരുന്നതിലും ഈ വൈദഗ്ധ്യം തെളിഞ്ഞു കാണുന്നുണ്ട്.

ഡിക്കൻസിൻെറ അനുയായികളിൽ സവ്വഥാ സമ്പന്നനാണ് വിൽക്കി കോളിൻസ് (1824—89). ദുർജ്ഞേയമായ സംഗതികളെക്കുറിച്ച് നോവലെഴുതുന്നതിലാണ് അദ്ദേഹത്തിൻെറ പ്രാവീണ്യം. അവയിൽ അലൗകികതയുടെ സ്വാദു ചേർക്കാനും മടിക്കാറില്ല. ഡിക്കൻസിൻെറ മാതൃകയിൽ നമ്മ ബോധത്തിനും ചില പ്രത്യേക സ്വഭാവരീതികൾക്കും ഊന്നൽ കൊടുത്തുകൊണ്ടുള്ള കഥാപാത്രസൃഷ്ടിയാണ് കോളിൻസിനു വശം. ഇരുപത്തഞ്ചിൽപരം നോവലുകൾ രചിച്ചതിൽ ദ ഡെഡ് സീക്രട്ട് (1857), ദ വുമൺ ഇൻ വൈററ് (1860), നോ നെയം (1862), ദ മൂൺസ്റേറാൺ (1865) എന്നിവ ശ്രദ്ധേയങ്ങളാണ്. ഇവയിൽ ദ വുമൺ ഇൻ വൈററ് എന്ന നോവലിനു വളരെയേറെ പ്രചാരം സിദ്ധിച്ചു. ഇന്നു പ്രചുരപ്രചാരമുള്ള കുററാന്വേഷണകഥകളുടെ ആദ്യകാലസൃഷ്ടികളിലൊന്നും ഉത്തമവുമാണ് ദ മൂൺസ്റേറാൺ. ഏതാനും നല്ല ചെറുകഥകളുടെ സമാഹാരമാണ് ആഫ്ററർ ഡാർക്ക്. ഒററപ്പെട്ട കഥകളാണെങ്കിലും ബന്ധപ്പെട്ട സംഭവാഖ്യാനങ്ങൾകൊണ്ട് അന്വയിക്കപ്പെട്ടിരിക്കുകയാണ് ഈ ചെറുകഥകൾ.

മാനുഷികമൂല്യങ്ങളുടെ നോവലിസ്റ്റായിട്ടാണ് മിസ്സിസ് എലിസബത്ത് ക്ലെഗ്ഹോൺ ഗാസ്ക്കൽ (1810—65) അറിയപ്പെടുന്നത്. വ്യാവസായികവിപ്ലവം എന്തെല്ലാം ദുരിതങ്ങൾ വരുത്തിവയ്ക്കുന്നുവെന്ന് തൊഴിലാളികളുടെ കാഴ്ചപ്പാടിലൂടെ വിശകലനം ചെയ്യുകയാണ് മേരിബാർട്ടൺ, എ ടെയ്ൽ ഓഫ് മാഞ്ചസ്റ്റർ ലൈഫ് (1848) എന്ന നോവലിൽ. പ്രശ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്തമായ ക്രാൻഫോർഡ് (1853) ഒരു നോവലെന്നതിനുപരി ലേഖനസമാഹാരമെന്നു പറയുന്നതായിരിക്കും ശരി. അവർ ചിത്രീകരിക്കുന്ന ഇംഗ്ലീഷ് ഗ്രാമീണജീവിതം യഥാതഥമായിട്ടുണ്ട്. ഗ്രന്ഥകർത്ത്രിക്കു നേരിട്ടറിയാവുന്ന നട്ട്സ്ഫോർഡിലെ മനുഷ്യരെയാണ് അവർ അവതരിപ്പിക്കുന്നതു്. മിസ്സ് മാററി എന്ന കഥാപാത്രം ഓർമ്മയിൽ എന്നും തങ്ങിനില്ക്കും. നോർത്ത് ആൻറ് സൗത്ത്(1855), സിൽവിയാസ് ലവേഴ്സ് (1863), വൈവ്സ് ആൻറ് ഡോട്ടേഴ്സ് (1866) എന്നിവയാണ് മററു നോവലുകൾ. ഗാസ്കലിൻെറ അപൂർണ്ണമായ അവസാനകൃതിയാണ് അവരുടെ ഏററവും നല്ല നോവലെന്നു പലരും കരുതുന്നു. മൈ ലേഡി ലഡ്ലോ (1858), കസിൻ ഫിലിസ് (1863—64) എന്നിവ കഥാസമാഹാരങ്ങളാണ്. ഗാസ്കലെഴുതിയ ഷാർലററ് ബ്രോൺടിയുടെ ജീവചരിത്രം (1857) വിഖ്യാതമാണ്. ജെയ്ൻ ഓസ്ററിൻെറ നർമ്മബോധവും, ജോർജ്ജ് എലിയട്ടിൻെറ ധാർമ്മികബോധവും മിസ് ഗാസ്കലിൽ ഒത്തുചേരുന്നു. അകൃത്രിമവും സരളവുമാണ് അവരുടെ ശൈലി.

'പ്രശ്നവിഷയമായ ഇംഗ്ലണ്ടിൻെറ അവസ്ഥ ചർച്ചചെയ്യാൻ നോവലിനെ ഉപാധിയാക്കിയ മറെറാരെഴുത്തുകാരനാണ് ചാൾസ് കിങ്സ്ലി (1819—75). യീസ്ററ്, എ പ്രോബ്ലം (1848), ഓൾട്ടൻ ലോക്ക്, ടെയ്ലർ ആൻറ് പോയററ്സ് (1850) എന്നിവ അന്നത്തെ സാമൂഹികപ്രശ്നങ്ങളെ ഊർജ്ജസ്വലമായ രീതിയിൽ കൈകാര്യം ചെയ്യുന്നു. അദ്ദേഹത്തിൻെറ നോവലുകളിൽവച്ച് ഏററവും അറിയപ്പെടുന്നതു് വെസ്ററ്വേഡ് ഹോ! (1855) ആണ്.

മൂല്യമൊന്നുമവകാശപ്പെടാനില്ലാത്ത കവിതകൾ എഴുതിക്കൊണ്ടാണ് റിച്ചേഡ് ഡി ബ്ലാക് മൂർ (1825—1900) സാഹിത്യരംഗത്തു പ്രത്യക്ഷപ്പെടുന്നതു്. പ്രാദേശികനോവലിസ്ററായ അദ്ദേഹത്തിൻെറ ഡെവൺഷയർ നോവലുകൾ നാട്ടുമ്പുറജീവിതചിത്രങ്ങൾ സ്നേഹനിർഭരവും അസാമാന്യവുമായ രീതിയിൽ പകർത്തുന്നവയുമാണ്. മോൺമത്ത് വിപ്ലവത്തിൻെറ കാലഘട്ടത്തിലെ ശത്രുതയുടേയും സ്നേഹത്തിൻേറയും പശ്ചാത്തലത്തിൽ രചിച്ചിരുന്ന ചരിത്രപരവും പ്രാദേശികവുമായ ലോർണാ ഡൂൺ (1869), ദ മെയ്ഡ് ഓഫ് സ്കേർ (1871), ക്രിപ്പ്സ് ദ കാരിയർ (1876) എന്നിവ അദ്ദേഹത്തിൻെറ ഏററവും മെച്ചപ്പെട്ട നോവലുകളാണ്. ആകെ പതിനഞ്ചു നോവലുകൾ രചിച്ച ബ്ലാക്മൂറിനു് കഥ പറയാൻ പ്രത്യേക വാസനതന്നെയുണ്ട്. പ്രാദേശിക ചരിത്രത്തെ സംബ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്ധിക്കുന്ന നോവലുകളിൽവച്ച് ലോർണാ ഡൂണിനു പ്രഥമ സ്ഥാനമുണ്ട്.

പത്തൊൻപതാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ സാഹിത്യപരമായ വിനോദോപാധികരം സംഭാവന ചെയ്തവരിൽ അഗ്രഗണ്യനാണ് റോബർട്ട് ലൂയി സ്ററീവെൻസൺ(1850—94). എഡിൻബറയിൽ ജനിച്ച അദ്ദേഹം സ്കോട്ട്ലൻറിൽ ബാരിസ്റററായി നിയമിക്കപ്പെട്ടു. എന്നാൽ അഭിഭാഷകവൃത്തിയിൽ തീരെ താല്പര്യമുണ്ടായിരുന്നില്ല സ്ററീവെൻസണ്. ക്ഷയരോഗത്തിൻെറ ലക്ഷണങ്ങരംകൂടി കണ്ടതോടെ കൂടുതൽ യാത്രചെയ്യുവാൻതുടങ്ങി. സമോവയിൽ കുടിയേറിപ്പാർത്ത അദ്ദേഹം അവിടെവച്ച് അന്തരിച്ചു. ആത്മബോധമുള്ള ഉപന്യാസകർത്താവായി സാഹിത്യരചനയാരംഭിച്ച സ്ററീവൻസൻെറ ആദ്യകാലസഞ്ചാരസാഹിത്യകൃതികളാണ് ആൻ ഇൻഡ്യൻ വോയേജ് (1878), ട്രാവൽസ് വിത്ത് എ ഡോങ്കി (1879) എന്നിവ. വീരാത്ഭുതകഥകളിലേക്കാണ് അദ്ദേഹം പിന്നീട തിരിഞ്ഞത്. ഞെട്ടിക്കുന്ന കടൽക്കൊള്ളക്കാരുടേയും ആപൽകരമായ സമുദ്രയാത്രകളുടെയും കഥയായ ട്രെഷർ ഐലൻറ് (1883) ആണ് ഇത്തരം രചനകരംക്കു തുടക്കം കുറിച്ചത്. ഇതേത്തുടർന്നാണ് ദ സ്ട്രേയ്ഞ്ച് കേസ് ഓഫ് ഡോക്ടർ ജെയ്ക്കിൽ ആൻറ് മിസ്റ്റർ ഹൈഡ് (1886) എന്ന സംഭ്രമജനകവും നിഗൂഢവുമായ നോവൽ പുറത്തു വന്നത്. തൊട്ടുപിന്നാലെ കിഡ്നാപ്പ്ഡ് (1886), ദ ബ്ലാക് ആരോ (1888), ദ മാസ്റ്റർ ഓഫ് ബാലൻട്രി (1889), കാട്രിയോണ (1893) എന്നീ ചരിത്രനോവലുകളുമുണ്ടായി. ഇതിൽ കാട്രിയോണ എന്ന കൃതി കിഡ്നാപ്പ്ഡിൻെറ തുടർച്ചതന്നെയാണ്. വെയ്ർ ഓഫ് ഹെർമിസ്റ്റൺ എന്നൊരു കൃതി മരണസമയത്ത് അപൂർണ്ണമായി അവശേഷിക്കുന്നുണ്ടായിരുന്നു. തൻെറ മേഖലയിൽ വിദഗ്ധനായ ഒരു തൊഴിലാളിയും ഒന്നാന്തരമൊരു കഥ പറച്ചിലുകാരനുമായിരുന്നു സ്ററീവൻസൺ.

വിക്ടോറിയൻ യുഗത്തിൻെറ അവസാനനാളുകളിൽ പ്രാമുഖ്യം നേടിയിരുന്ന നോവലിസ്ററുകളിൽപ്പെടുന്നു വാരംട്ടർ ബെസൻറ് (1836-1901). ജയിംസ് റൈസുമായി പങ്കുചേർന്ന് അദ്ദേഹം രചിച്ച കൃതികളാണ് റെഡി—മണി മോർട്ടിബോയ് (1872), ദ ഗോരംഡൻ ബട്ടർഫ്ളൈ (1876) തുടങ്ങിയവ. ദ ബൈബിരം ഇൻ സ്പെയിൻ (1843), ലാവൻ ഗ്രോ (1851), ദ റോമനി റൈ (1857), വൈൽഡ് വെയ്ൽസ് (1862) എന്നിവയാണ് ജോർജ്ജ് ബോറോ(1803—81)യുടെ കൃതികരം. ഗോരംഡ് സ്മിത്തിനെപ്പോലെ അകൃത്രിമമായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലാളിത്യവും, കട്ടത്ത പരിഹാസവും ത്വരിതവും സ്വാഭാവികമായ ചാതുര്യവും അദ്ദേഹത്തിൻെറ മുഖമുദ്രകളാണ്.

ഡോക്ടർ സാമുവൽ ബട്ളറുടെ പുത്രനായ സാമുവൽ ബട്ളർ (1835—1902) ഷ്റൂസ്ബറി സ്കൂളിൻെറ ഹെഡ്മാസ്ററും ലിച്ച്ഫീൽഡിലെ ബിഷപ്പുമായിത്തീർന്നു. തൻെറ കുട്ടിക്കാലമോഹങ്ങളുടേയും, വൈദികനായിരുന്ന പിതാവുമായിട്ടുള്ള ബന്ധത്തിൻെറയും വിശദാംശങ്ങൾ ദ വേ ഓഫ് ആം ഫ്ളഷ് (1903) എന്ന കൃതിയിൽനിന്നു ലഭിക്കും. ന്യൂസിലൻറിലെ ആട്ടവളത്തലിൽനിന്നുള്ള അനുഭവങ്ങളാണ് ദ ഫസ്ററ് ഇയർ ഇൻ കാൻറർബറി സെററിൽമെൻറ് (1863) എന്ന കൃതിയിൽ വിവരിക്കുന്നത്. ബട്ളറുടെ പ്രശസ്തിക്കു നിദാനമായ മൂന്നു കൃതികളാണ് എറിവൊൺ (1872), ഇതിൻെറ തുടർച്ചയായ എറിവൊൺ റീവിസിററഡ് (ആദ്യത്തെ കൃതി വിപുലീകരിച്ച് എറിവൊൺ ആൻറ് എറിവൊൺ റീവിസിററഡ് [1901] എന്ന പേരിലാണ് ഇതു പ്രസിദ്ധീകരിച്ചത്), ദ വേ ഓഫ് ആം ഫ്ളഷ് എന്നിവ. സമൂഹം, കടമ, ധാർമ്മികബോധം, മതവിശ്വാസം എന്നിവയോടുള്ള വിക്ടോറിയൻ യുഗത്തിൻെറ മനോഭാവത്തെ പരിഹസിക്കുന്ന കൃതിയാണ് എറിവൊൺ. ['Now here' തിരിച്ചെഴുതിയതാണ് Erewhon]. പൊള്ളയായ വിശ്വാസങ്ങളെ അനാദരിച്ചുകൊണ്ട്, അങ്ങേയററം പ്രകോപനകരമായ രീതിയിൽ ഒരു സാങ്കല്പിക സ്വർഗ്ഗം (യൂട്ടോപ്പിയ) ചിത്രീകരിക്കുകയാണ് തൻെറ ലക്ഷ്യം നേടാൻ ബട്ളർ കണ്ടുപിടിച്ച മാർഗ്ഗം. ക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണമെന്ന സിദ്ധാന്തത്തിൽ ബട്ളർക്കുണ്ടായിരുന്ന അവിശ്വാസമാണ് എറിവൊൺ റീവിസിററഡ് എന്ന കൃതിക്ക് അടിസ്ഥാനം. ആധുനിക നോവലിൻെറ കൂട്ടത്തിൽ പ്രസക്തമാണ് ദ വേ ഓഫ് ആം ഫ്ളെഷ്. വിക്ടോറിയൻ കുടുംബ ജീവിതത്തിലെ കാപട്യങ്ങൾക്കും ജാടകൾക്കും നേർക്കുള്ള കുസലില്ലാത്ത കടന്നാക്രമണമാണിതു്. തുറന്ന പ്രതിപാദനം കൊണ്ടും, മനഃശാസ്ത്രപരമായ അപഗ്രഥനങ്ങൾക്ക് ആഴം നൽകുന്ന വിധത്തിൽ അബോധമനസ്സിനെക്കുറിച്ചുള്ള സൂക്ഷ്മമായ പഠനങ്ങൾകൊണ്ടും ഇതു ശ്രദ്ധേയമായിരിക്കുന്നു. ഒരുപക്ഷേ, സ്വിഫ്ററിനു ശേഷമുള്ള ഗദ്യഹാസ്യകാരന്മാരിൽ ഏററവും പ്രഗത്ഭനാണു ബട്ളർ. ബട്ളറുടെ സ്വാധീനത്തിൽപ്പെട്ട അനേകം എഴുത്തുകാരിൽ ബർണാഡ്ഷാ, ഡി. എച്ച് ലോറൻസ്, സമസെററ് മോം, എച്ച്. ജി. വെൽസ് തുടങ്ങിയ പ്രശസ്തരും ഉൾപ്പെടുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Forwarded free of cost, and
with the Compliments of
DEPARTMENT OF EDUCATION,
GOVERNMENT OF INDIA,
NEW DELHI.

പത്ത്

ആധുനികയുഗം

ആധുനികസാഹിത്യത്തിന്റെ പിറവി

1901–ൽ സുദീർഘമായ വിക്ടോറിയാഭരണം അവസാനിച്ചു. രാജ്യം അതുവരെ അനുഭവിച്ചുവന്ന രാഷ്ട്രീയസ്ഥിരതയ്ക്ക് അതോടെ അറുതിവരികയായി. സാമ്രാജ്യത്വഭരണത്തിന്റെ അവസാനനാളുകളിലെ ക്രൂരതകൾക്ക് ബൊഎർ (Boer) യുദ്ധം കനത്ത ആഘാതമേല്പിച്ചു. അതേത്തുടർന്ന് അഭൂതപൂർവ്വമായ സാമൂഹികപരിഷ്കാരങ്ങൾ ഭരണകൂടം നടപ്പിൽ വരുത്തി. തൊഴിലാളിപ്രസ്ഥാനത്തിന്റെ ഉദയത്തിനും ദ്രുതഗതിയിലുള്ള വളർച്ചയ്ക്കും ഈ കാലഘട്ടം സാക്ഷ്യം വഹിച്ചു. അയർലൻറിന്റെ സ്വയംഭരണം, സ്വതന്ത്രമായ വാണിജ്യ ഇടപാടുകൾ, സ്ത്രീകളുടെ വോട്ടവകാശം കാർഷികമേഖലയുടെ ക്ഷയം, നഗരവൽക്കരണം എന്നിവയൊക്കെയാണ് അന്നത്തെ പ്രധാനപ്പെട്ട സംഭവവികാസങ്ങൾ 1914—18 കാലഘട്ടത്തിലെ മഹായുദ്ധമായപ്പോഴേക്കും രാഷ്ട്രീയവൈരങ്ങൾ ഏതാണ്ടൊരു സന്ദിഗ്ദ്ധാവസ്ഥയിലായി.

1902 ലെ വിദ്യാഭ്യാസനിയമം ഏററവും നിർദ്ധനനായ കുട്ടിക്കുപോലും വിദ്യാഭ്യാസത്തിനുള്ള സൗകര്യം നൽകാൻ വ്യവസ്ഥ ചെയ്തു. 1870–ലെ വിദ്യാഭ്യാസനയത്തെ ശക്തമാക്കുന്നതായിരുന്നു ഈ പുതിയ വിദ്യാഭ്യാസനയം. സാക്ഷരത ഒരു സാധാരണസംഗതിയായി. ഇതു സാഹിത്യത്തിലുളവാക്കിയ ഫലം അഗാധമായിരുന്നു. അതുവരെ അറിഞ്ഞിട്ടില്ലാത്ത തരത്തിലുള്ള പുസ്തകപ്രേമം ജനങ്ങളിൽ വളർന്നു. സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിൽ സാഹിത്യം ഒരുപാധിയായിത്തീർന്നു. അമ്പരപ്പിക്കുന്ന വേഗത്തിലായിരുന്നു അച്ചുകൂടങ്ങളിൽനിന്നു പുസ്തകങ്ങൾ പ്രവഹിച്ചുകൊണ്ടിരുന്നതു്. അവയ്ക്കിടയിലുമുണ്ടായിരുന്നു അനേകം 'ഉദരംഭരികൾ.'

ഏററവും പ്രധാനപ്പെട്ട സാഹിത്യരൂപമെന്ന സ്ഥാനം തുടർന്നും നോവൽതന്നെയാണ് കരസ്ഥമാക്കിയതു്. വ്യാവസായികവിപ്ലവത്തിന്റെ തിക്തഫലങ്ങളെക്കുറിച്ചും, അവ സൃഷ്ടിക്കുന്ന സാമൂഹികപ്രശ്നങ്ങളെക്കുറിച്ചും നാടകകൃത്തുക്കൾ അവരുടെ കൃതികളിലൂടെ സൂചിപ്പിച്ചിരുന്നെങ്കിലും നോവലിനായിരുന്നു കൂടുതൽ പ്രചാരം. കവിതയിലായാലും നാടകത്തിലായാലും,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരമ്പരാഗതമായ രീതിക്കു നിലനില്പില്ലെന്ന സത്യം 1918-നു മുമ്പുതന്നെ വ്യക്തമായിക്കഴിഞ്ഞിരുന്നു. നാടകത്തിലാണ് ഈ വളർച്ച ഏറെ പ്രകടമായതു്. മഹാപ്രതിഭകളുടെ കൈയിൽ നോവലിനും അഭിലഷണീയമായ പരിവർത്തനങ്ങളുണ്ടായി. ഒരുകണക്കിൽ കവിതയായിരുന്നു അപ്രധാനമായ സാഹിത്യരൂപം.

കവിത

സ്വാഭാവികമുന്നേററത്തിലൂടെ സ്വിൻബേൺ, മോറിസ് റോസററിമാർ എന്നീ പ്രീ റാഫലൈററ് കവികളുടെ രചനകളാണ് 1890കളിലെ അവസാദകവിതയ്ക്കു വഴിവച്ചതു് ''കല കലയ്ക്കുവേണ്ടി'' എന്ന മുദ്രാവാക്യം മുഴക്കി, പേററെ ഞങ്ങളുടെ പ്രവാചകനായി കണക്കാക്കിയിരുന്ന ''പ്രീ–റാഫലൈററുകൾ'' തങ്ങളുടെ കാലഘട്ടത്തിലെ നഗ്നയാഥാർത്ഥ്യങ്ങളെ പുറന്തള്ളുകയാണുണ്ടായതു്. ഏണസ്ററ് ഡോസൺ (1867–1900). ലയണൽ ജോൺസൺ (1867–1902) എന്നിവർ മററു ചില കവികളോടൊപ്പം 'ദ റൈമേഴ്സ് ക്ലബ്ബി'നു രൂപം നൽകി. ഇതിൽ യേററ്സ് കുറേക്കാലം അംഗമായിരുന്നിട്ടുണ്ട്. ഗഹനമായ വിഷയങ്ങളെക്കുറിച്ച് ഈ സംഘത്തിനു കാര്യമായൊന്നും പറയാനുണ്ടായിരുന്നില്ല. പക്വതയാർജ്ജിച്ചു തുടങ്ങിയിരുന്ന യേററ്സ്, ബ്രിഡ്ജസ് എന്നിവരുടെ കൃതികളിൽ സ്പഷ്ടവും അന്തഃസത്തയുള്ളതുമായ ആശയങ്ങൾ പ്രകടമായിരുന്നു. ഇംഗ്ലീഷ് കവിതയ്ക്കു് നവചൈതന്യവും ശക്തിയും പകർന്നു കൊടുക്കാൻ തുടങ്ങിയിരുന്നു കിപ്ലിങ്.

1900 ആയപ്പോഴേക്കും അകൃത്രിമമായ കവിതാരീതിക്കു വേണ്ടിയുള്ള അന്വേഷണം ആരംഭിച്ചുകഴിഞ്ഞിരുന്നു. ഇതിന്റെ ഫലമാണ് ജോർജ്ജിയൻസിദ്ധാന്തക്കാരുടെ കവിത. 1912–നും 1922–നും ഇടയ്ക്ക് ഹാരൾഡ്മൺറോയുടെ ദ പോയട്രി ബുക്ക്ഷോപ്പ് പ്രസിദ്ധീകരിച്ച ജോർജ്ജിയൻ പോയട്രിയുടെ അഞ്ചു വാല്യങ്ങളിലൂടെ ഈ കവിതകൾ പുറത്തുവന്നു. 1912 സെപ്തംബർ 20–നു് ഗ്രേസ്സ്ഇന്നിൽവച്ച് മാർഷ് നൽകിയ അത്താഴവിരുന്നാണ് ജോർജ്ജിയൻ പോയട്രിക്കു് ഉദയം കുറിച്ചതു്. പ്രസ്തുത കവിതാസമാഹാരങ്ങളിൽ റൂപ്പർട്ട് ബ്രൂക്ക്, എഡ്മണ്ട് ബ്ലൻഡൻ, ഡബ്ല്യു. എച്ച്. ഡേവിഡ്, വാൾട്ടർ ഡിലാമേർ, ലാസൽസ് ആബർക്രോംബി എന്നിവരുടെ രചനകൾക്കു പുറമെ ഗോർഡൻ ബോട്ടംലി (1874—1948), ജോൺ ഡ്രിങ്ക്വാട്ടർ (1882—1937), ജെയിംസ് എൽ റോയ് ഫ്ളെക്കർ (1884—1915), ജോൺ ഫ്രീമൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(1880—1929) ഡബ്ല്യിയു. ഡബ്ല്യിയു. ഗിബ്സൺ (1878—1963), റാൽഫ് ഹോഡ്ജ്സൺ (1871—1962), എഡ്വേർഡ് ഷാങ്ക്സ് (1892—1953), സർ ജോൺ (ജെ. സി.) സ്കചയർ (1884—1958) എന്നിവരുടെ കവിതകളും ഉാംപ്പെട്ടിട്ടുണ്ട്. നീണ്ട ആഖ്യാനകവിതകളോ ദാർശനിക കവിതകളോ എഴുതുകയെന്നതു് അവരുടെ ലക്ഷ്യമായിരുന്നില്ല. ഭാവഗായകരായിരുന്ന ജോർജ്ജിയൻ കവികാം. പ്രശ്നങ്ങളിൽനിന്നും ഒഴിഞ്ഞുമാറുന്ന എസ്കേപ്പിസ്റ്റുകളായിരുന്ന അവരെന്ന തീർത്തു പറയാം. തങ്ങളെ ചൂഴ്ന്നുനിന്ന വ്യാവസായികലോകത്തെക്കുറിച്ചു് അവക്കു ധാരണയുണ്ടായിരുന്നില്ല. അകൃത്രിമലാളിത്യം കൊണ്ടു് ജോർജ്ജിയൻ കവികളോടു സാദൃശ്യമുള്ള എഴുത്തുകാരനാണു് എഡ്വേഡ് തോമസ് (1878—1917).

ജോർജ്ജിയൻ പോയട്രിയുടെ ഒന്നാം വാല്യം പുറത്തുവരുന്നതിനു മുൻപുതന്നെ അതിന്റെ ആശയഗതികളോടുള്ള എതിർപ്പിന്റെ വിത്തുകാം ററി. ഈ. ഹ്യൂം (1883—1917) തന്റെ പ്രഭാഷണങ്ങളിലൂടെ വിതറിയിരുന്നു. ഇന്ദ്രിയഗോചരമായ ലോകത്തിൽ അധിഷ്ഠിതമായിരിക്കണം കവിതയെന്നു് ഹ്യൂം അടിയുറച്ചു വിശ്വസിച്ചു. സംക്ഷിപ്തവും, മൂർത്തവുമായ ബിംബങ്ങളിലൂടെ, സവിസ്തരപ്രതിപാദനത്തിൽ കൃത്യത പാലിച്ചുകൊണ്ടു് സൂക്ഷ്മാർത്ഥങ്ങാം വെളിവാക്കുന്ന തരത്തിൽ കവിതയെഴുതണമെന്ന കാര്യത്തിൽ ഹ്യൂമിനു് നിർബ്ബന്ധമുണ്ടായിരുന്നു. സംസാരഭാഷയോടു് ഏററവുമടുത്ത പദങ്ങളുപയോഗിക്കാൻ അനിയന്ത്രിതമായ സ്വാതന്ത്ര്യം നൽകുന്ന 'വേർസ്ലിബ്ര്' ഉപയോഗിക്കണമെന്ന വാദക്കാരനായിരുന്നു അദ്ദേഹം. കേവലം അഞ്ചു കൊച്ചുകവിതകാം മാത്രമെ എഴുതിയിട്ടുള്ളെങ്കിലും ബ്രിട്ടീഷ് കവിതയിലും അമേരിക്കൻ കവിതയിലും പ്രകടമായ സ്വാധീനം ചെലുത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ഒന്നാം ലോകമഹായുദ്ധകാലത്തു് ധാരാളം യുദ്ധകവിതകാം എഴുതപ്പെട്ടിരുന്നു. വിൽഫ്രഡ് ഓയിന്റെ രചനകളൊഴിച്ചാൽ 1914—18 കാലത്തെ യുദ്ധം ഇംഗ്ലീഷ്കവിതയുടെ വളർച്ചയിൽ കാര്യമായ സ്വാധീനമൊന്നും ചെലുത്തിയിട്ടില്ല. അങ്ങനെ നോക്കുമ്പോാം അവസാദകവികാം വേഗത്തിൽ ജോർജ്ജിയൻ കവികാംക്കും അവർ ഇമേജിസ്ററുകാംക്കും വഴിമാറിക്കൊടുത്തെന്നു കാണാം. ഒരു പ്രസ്ഥാനമെന്ന നിലയിൽ വളരെ കുറഞ്ഞ നാളുകളേ ഇമേജിസ്ററുകാംക്കു പിടിച്ചുനില്ക്കാൻ കഴിഞ്ഞുള്ളു. ഒരു പുതിയ കാവ്യസംസ്കാരം സൃഷ്ടിച്ചെടുക്കാനുള്ള ഉത്തരവാദിത്തം നിക്ഷിപ്തമായിരുന്നതു് യുദ്ധാനന്തരകവികളിലായിരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കെൻറിലെ വാമർ പ്രദേശത്ത് സാമാന്യം ഭേദപ്പെട്ട കുടുംബത്തിലാണ് റോബർട്ട് ബ്രിഡ്ജസ് (1844—1930) ജനിച്ചത്. ലണ്ടനിലെ ബാത്ത്ലോമ്യോ ഹോസ്പിററലിൽ വൈദ്യപഠനത്തിനു പോയ ബ്രിഡ്ജസ് 1874–ൽ വൈദ്യശാസ്ത്രത്തിൽ ബിരുദമെടുക്കുകയും മൂന്നുവർഷക്കാലം (1878—81) ലണ്ടനിലെ ആശുപത്രികളിൽ ആതുരസേവനം അനുഷ്ഠിക്കുകയും ചെയ്തു. ന്യുമോണിയാബാധയെത്തുടന്ന് വൈദ്യശുശ്രൂഷാരംഗത്തോട് വിടപറഞ്ഞ അദ്ദേഹം ബക്ക്ഷയറിലെ യാററൻഡനിലേക്കു മടങ്ങി. ഓക്സ്ഫേഡിൻെറ പ്രാന്തപ്രദേശമായ ചിൽസ് വെല്ലിലാണ് അവസാനനാളുകൾ കഴിച്ചുകൂട്ടിയത്. ആൽഫ്രഡ് ഓസ്റ്റിനെത്തുടന്ന് 1913–ൽ അദ്ദേഹം ആസ്ഥാനകവിയായി അവരോധിക്കപ്പെട്ടു. അക്കൊല്ലംതന്നെ 'സൊസൈററി ഫോർ പ്യൂഅർ ഇംഗ്ലീഷ്' എന്ന സംഘടനയ്ക്കു രൂപംനൽകുന്നതിൽ അദ്ദേഹം കാര്യമായ പങ്കുവഹിക്കുകയുണ്ടായി.

ഈററനിൽ സ്കൂൾ വിദ്യാർത്ഥിയായിരുന്നപ്പോൾത്തന്നെ കവിതകളെഴുതിയിരുന്നെങ്കിലും ബ്രിഡ്ജസിൻെറ ആദ്യകാല കവിതകളിൽ വളരെ കുറച്ചുമാത്രമെ ലഭ്യമായിട്ടുള്ളു. പ്രഥമ കവിതാസമാഹാരമായ ഷോർട്ടർ പോയംസ് 1873–ൽ പുറത്തുവന്നു. കവിയുടെ പേരു് ഗ്രന്ഥത്തിൽ ചേർത്തിരുന്നില്ല. 1879, 1880, 1890, 1894 എന്നീ കൊല്ലങ്ങളിൽ ഈ കൃതിയുടെ അനന്തരവാല്യങ്ങളും പ്രസിദ്ധപ്പെടുത്തി. 'എ പാസർ–ബൈ', 'ലണ്ടൻ സ്നോ', 'ഐ വിൽ നോട്ട് ലെററ് ദീ ഗോ', 'ദ ഡൗൺസ്' എന്നിവയാണ് അദ്ദേഹത്തിൻെറ അറിയപ്പെടുന്ന ഭാവഗീതങ്ങൾ. ഒരു വിദഗ്ദ്ധകലാകാരനെപ്പോലെ നിയന്ത്രണം പാലിച്ചുകൊണ്ട് അവികലസുന്ദരമായിട്ടാണ് തൻെറ ഇഷ്ടപ്പെട്ട വിഷയങ്ങളായ പ്രേമവും പ്രകൃതിയും അദ്ദേഹം കൈകാര്യം ചെയ്യുന്നതു്. തികഞ്ഞ താളബോധവും ഇമ്പമരുളുന്ന പദപ്രയോഗവും, ലോലമായ വികാരവും ചേന്ന് എലിസബിത്തൻ ഗാനത്തിൻെറ മാധുര്യം പകരുന്നുവെന്നതാണ് അദ്ദേഹത്തിൻെറ കവിതയുടെ പ്രത്യേകത. 79 സോണററുകൾ അടങ്ങുന്ന ദ ഗ്രോത്ത് ഓഫ് ലവ് 1876–ൽ അദ്ദേഹം സ്വയം അച്ചടിപ്പിക്കുകയായിരുന്നു. പെട്രാക്കിൻെറയും ഷേക്സ്പിയറുടേയും സോണററുകൾ മാതൃകയായി സ്വീകരിച്ചുകൊണ്ട് അവയുടെ രൂപങ്ങൾ സമന്വയിപ്പിച്ചു സൃഷ്ടിച്ച ഒരു പ്രത്യേക രൂപമാണ് ബ്രിഡ്ജസിൻെറ സോണററുകൾക്കുള്ളതു്. സാങ്കേതികമായി മുന്നിലാണെങ്കിലും അവയ്ക്കു വികാരതീവ്രത കുറവാണ്. പ്രൊമിഥ്യൂസ് ദ ഫയർ ഗിവർ 1883–ലും ഇറോസ് ആൻറ് സൈക്കി 1885–ലും പുറത്തുവന്നു. അതിനുശേഷം 1889 വരെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യുള്ള കാലഘട്ടം കാവ്യാത്മകനാടകങ്ങളും സാഹിത്യവിമർശനങ്ങളും രചിക്കാനാണ് വിനിയോഗിച്ചത്. ന്യൂ പോയംസ് (1899) ബ്രിഡ്ജസിൻെറ സാധാരണ കവിതകളുടെ നിലവാരത്തിൽനിന്നും ഒരുപടി താഴെയെ നില്ക്കുന്നുള്ളു. നിസ്സാരമായ കുറെ കവിതകൾ ഉൾക്കൊള്ളുന്ന പോയംസ് ഇൻ ക്ലാസിക്കൽ പ്രോസഡി (1903), ലേററർ പോയംസ് (1914) എന്നിവക്കുശേഷം പുറത്തുവന്ന ഒക്ടോബർ അൻറ് അദർ പോയംസ് (1920), ന്യൂവേഴ്സ് (1925) എന്നിവ ഭാവഗായകനെന്ന നിലയിൽ വീണ്ടും ബ്രിഡ്ജസിൻെറ കീർത്തി ഉയർത്തിപ്പിടിക്കുന്നു. സൗന്ദര്യമാണ് ജീവിതത്തിലെ നിർണ്ണായകമായ ശക്തിയെന്നു വരുത്തിത്തീർക്കാനുള്ള ഒരു ശ്രമമാണ് ദാർശനികമൂല്യമുള്ള ദ ടെസ്ററമെൻറ് ഓഫ് ബ്യൂട്ടി (1929) എന്ന നീണ്ട കാവ്യം. പ്രത്യുൽപന്നമതിത്വത്തിലേക്കുള്ള മനുഷ്യൻെറ വളർച്ചയെ അന്വേഷിച്ചു പോകുന്നതിനും ഇതിൽ തെളിവുണ്ട്. അദ്ദേഹത്തിൻെറ ആദ്യകാലകവിതകളെ അപേക്ഷിച്ച് സങ്കീർണ്ണമാണിത്. ദൈർഘ്യവും, മാമൂൽവിരുദ്ധമായ വർണ്ണവിന്യാസങ്ങളും ഗൂഢമായ സങ്കേതങ്ങളും കാവ്യത്തിനു രസക്ഷയം വരുത്തുന്ന ഘടകങ്ങളാണ്. എന്നിരുന്നാലും സുന്ദരങ്ങളായ അനേകം ഭാഗങ്ങൾ ഇതിലുണ്ട്.

ഇംഗ്ലീഷ് പ്രേമഗാനത്തെ ബ്രിഡ്ജസ് ധന്യമാക്കിത്തീർത്തു. എല്ലായ്പ്പോഴും ഒരു പരീക്ഷണകുതുകിയായിരുന്നു അദ്ദേഹം. പ്രത്യേകിച്ചും ഛന്ദസ്സുപയോഗിക്കുന്നതിൽ. ദ ടെസ്ററമെൻറ് ഓഫ് ബ്യൂട്ടിയിലെ 'ലൂസ് അലക്സാൻഡ്രൈൻസ്' ഇതിൻെറ ഏററവും നല്ല തെളിവാണ്.

ബ്രിഡ്ജസിൻെറ ഒരു മഹത്തായ സംഭാവനയാണ് ജെറാൾഡ് മാൻലി ഹോപ്കിൻസ്. കാലഗണനാക്രമം നോക്കിയാൽ ഹോപ്കിൻസ് (1844—89) 19-ാം നൂററാണ്ടുകാരനാണെങ്കിലും 1918-ൽ അദ്ദേഹത്തിൻെറ സുഹൃത്തായ റോബർട്ട് ബ്രിഡ്ജസ് ഹോപ്കിൻസിൻെറ കത്തുകളിലും കൈയെഴുത്തുപ്രതികളിലുംനിന്നു ശേഖരിച്ച കവിതകളുടെ ഒരു ചെറിയ സമാഹാരം പ്രസിദ്ധപ്പെടുത്തുന്നതുവരെ അദ്ദേഹത്തിൻെറ രചനകൾ ലഭ്യമായിരുന്നില്ല. ഓക്സ്ഫേഡിലെ ബേലിയൽ കോളേജിൽ പഠനം പൂർത്തിയാക്കിയ ഹോപ്കിൻസ് 1866—ൽ റോമൻ കത്തോലിക്കാ സഭയിൽ ചേരുകയും അടുത്ത വർഷം ജോൺ ഹാർവി ന്യൂമൻ നടത്തിപ്പോന്ന ബർമിങ്ഹാമിലെ ഓറററിസ്കൂളിൽ സഹായിയായി ചേരുകയും ചെയ്തു. നെടുനാളത്തെ കഠിന പരിശീലനത്തിനുശേഷം 1877—ൽ അദ്ദേഹത്തിനു വൈദികപ്പട്ടം ലഭിച്ചു. 1884—ൽ ഡബ്ലിനിലെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

റോയൽ യൂണിവേഴ്സിററി ഓഫ് അയർലണ്ടിൽ ഗ്രീക്കുഭാഷാ വിഭാഗത്തിൻെറ അദ്ധ്യക്ഷസ്ഥാനം ലഭിച്ച ഹോപ്കിൻസ് മരണംവരെ ആ സ്ഥാനം കൊണ്ടുനടന്നു.

സ്കൂളിലായിരിക്കുമ്പോഴുംത്തന്നെ കീററ്സിൻെറ രീതിയിൽ തൻെറ തീവ്രമായ പ്രകൃതിസൗന്ദര്യാസ്വാദനം വെളിവാക്കുന്ന കവിതകൾ അദ്ദേഹം എഴുതിയിരുന്നു. ഓക്സ്ഫഡിൽ വച്ചെഴുതിയ കവിതകളിൽ ഒരു പരിവ്രാജകൻെറ വീക്ഷണങ്ങൾ പ്രതിഫലിക്കുന്നുണ്ട്. 1868-ൽ ജസ്യൂട്ട് സന്യാസ സഭയിൽ ചേരുന്നതിനു മുമ്പ് ആദ്യകാലത്തെഴുതിയ വൈകാരികതീവ്രതയുള്ള കവിതകൾ കത്തിച്ചു കളയുകയുണ്ടായി. ഹോപ്കിൻസിൻെറ മഹത്തായ ഒരു അച്ചനാഗീതമാണ് 'ദ റെക്ക് ഓഫ് ദ ഡോയ്ഷ്ലൻറ്.' 1875—ൽ മതപീഡനത്തെത്തുടന്ന് നാടുവിട്ട അഞ്ചു കന്യാസ്ത്രീകൾ കയറിയ ഡോയ്ഷ്ലൻറ് എന്ന ജമ്മൻകപ്പലിന് തെമ്സ് നദീമുഖത്തുവച്ചു ഛേദം സംഭവിക്കുന്നതിനെ പരാമർശിച്ചെഴുതിയതാണ് ഈ ഗീതം. ആത്മകഥാപരമായ പ്രാധാന്യവും ഇതിനുണ്ട്. ഇതിൽ എട്ടു പാദങ്ങളുള്ള പദ്യഖണ്ഡങ്ങളിൽ ഹോപ്കിൻസിൻെറ സവിശേഷതകളായ ശിഥിലതാളം (സ്പ്രംഗ്റിഥം), എതിർതാളം (കൗണ്ടർപോയിൻറ്റിഥം), ആമ്രേഡനം, സ്വരശബ്ദപ്രാസം, ആന്തരപ്രാസം, പദകല്പനകൾ, അസാധാരണ പദവിന്യാസക്രമം എന്നിവ കാണാം.

1875--മുതൽ മതപരമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന കവിതകളാണ് ഹോപ്കിൻസ് രചിച്ചുപോന്നത്. ഈശ്വരചൈതന്യത്തിൻെറ പ്രാദുർഭാവമാണു പ്രകൃതിയെന്നാണ് അദ്ദേഹത്തിൻെറ സോണററുകളിൽ നിറഞ്ഞുനില്ക്കുന്ന വിശ്വാസം. മനുഷ്യവർഗ്ഗത്തോടുള്ള സ്നിഗ്ദ്ധമായ സഹാനുഭൂതിയും അവരുടെ അന്തഃസത്തയുടെ കാര്യത്തിൻ തനിക്കുള്ള ഉൽക്കണ്ഠയും വെളിപ്പെടുത്തുന്ന കവിതയാണ് 'ഫെലിക്സ് റാൻഡൽ.' 1884—89 കാലഘട്ടം ഹോപ്കിൻസിൻെറ ജീവിതത്തിൽ കടുത്ത മാനസിക ക്ലേശം അനുഭവിച്ച അവസരമാണ്. തീക്ഷ്ണം വൈയക്തികമാണ് അക്കാലത്തെഴുതിയ കവിതകൾ, പ്രത്യേകിച്ചും 1884—85 കാലത്തെഴുതിയ സോണററുകൾ.

ഹോപ്കിൻസിൻെറ പ്രകൃതിപ്രേമത്തെക്കുറിച്ചു സൂചിപ്പിച്ചുവല്ലോ. ഓരോ വസ്തുവിനും അതിൻേറതു മാത്രമായ ഭംഗി നൽകുന്ന ഒരു ചൈതന്യമുണ്ട്. 'ഇൻസ്കേപ്'' എന്നാണദ്ദേഹം അതിനു നൽകിയ പേരു്. ഈ ചൈതന്യം ഗ്രഹിക്കാനുള്ള വികാരത്തെ 'ഇൻസ്ട്രെസ്സ്'' എന്നും വിളിച്ചു. ഗദ്യത്തിൽനിന്നും വ്യത്യസ്തമായ ഒരു ഭാഷയാണു കവിതയുടേതു് എന്നാണ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്ദേഹത്തിൻെറ പക്ഷം. ലുപ്തപ്രചാരമായ വാക്കുകളും ഗ്രാമ്യപദങ്ങളും ദേശ്യഭാഷയും കവിതകളിൽ പ്രയോഗിക്കുക ഹോപ്കിൻസിൻെറ പതിവായിരുന്നു. ധാരാളം പദങ്ങൾ സ്വന്തമായും നിർമ്മിച്ചിട്ടുണ്ട്. 'അരുണോദയം ഞാൺ വലിക്കുന്ന പ്രാപ്പിടിയൻ' (dapple—dawn—drawn—falcon), 'രക്തത്തുള്ളികളും, നരപ്പാടുകളും വർണ്ണാങ്കിതമായ ചെറി' (drop—of—blood and foam—dapple—cherry) തുടങ്ങിയ നീണ്ട വിശേഷണപദങ്ങൾ അദ്ദേഹത്തിൻെറ ഒരു ദൗർബ്ബല്യമാണ്. ഹോപ്കിൻസിൻെറ അസാധാരണരീതികളായ സ്വരലോപം, ആപേക്ഷികസർവ്വനാമങ്ങളുടെ തിരസ്കാരം, വികലമായ പദക്രമം എന്നിവയെല്ലാം അദ്ദേഹത്തിൻെറ വ്യക്തിത്വത്തിൻെറ ശക്തിയും ദൗർബ്ബല്യവുമാണ്.

ഹോപ്കിൻസിൻെറ പ്രധാന പരീക്ഷണമായ സ്പ്രങ് റിഥം മിൽട്ടൻെറ സംസൺ ആഗണിസ്റ്റിസിൽ സ്വീകരിച്ചിരിക്കുന്ന അനിയതമായ ശീലിനെ മാതൃകയാക്കി സൃഷ്ടിച്ചതാണ്. ബിംബവിധാനത്തിൻെറ കാര്യത്തിൽ അനുഗൃഹീതമാണ് ഹോപ്കിൻസിൻെറ കവിത. ഇംഗ്ലീഷിലെ അസ്പഷ്ടകാവ്യരചയിതാക്കളുടെ കൂട്ടത്തിൽ മുൻപന്തിയിലാണ് അദ്ദേഹം.

ഹോപ്കിൻസ്, ബ്രിഡ്ജസ് മുതലായവരെക്കാൾ പ്രധാനപ്പെട്ട കവിയായിരുന്നു വില്യം ബട്ട്ളർയേററ്സ് (1865—1939). ഐറിഷ് നവോത്ഥാന സാഹിത്യത്തിൽ ഏററവും ശ്രദ്ധേയനായ വ്യക്തി യേററ്സാണ്. ഡബ്ലിനിലെ സംസ്കാരസമ്പന്നമായ ഒരു ഐറിഷ്കുടുംബത്തിലാണ് യേററ്സ് പിറന്നതു്. ലണ്ടനിൽ വിദ്യാഭ്യാസം നിർവ്വഹിച്ച യേററ്സ് 1880-ൽ മടങ്ങിവരികയും സാഹിത്യപരമായ വൃത്തികളിൽ ഏർപ്പെടുകയും ചെയ്തു. കുട്ടിക്കാലത്തെ ആദ്യനാളുകൾ സ്ലൈഗോയിലാണു ചെലവഴിച്ചതു്. പർവ്വതങ്ങളും, തടാകങ്ങളും, വനങ്ങളും പൗരാണികാവശിഷ്ടങ്ങളുംകൊണ്ടു പേരുകേട്ട ഈ സ്ഥലം ഇതിഹാസങ്ങളും, മിത്തുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രീറാഫലൈററ് പ്രസ്ഥാനവുമായി ബന്ധപ്പെട്ടു വിജയം കൈവരിക്കാനാവാതെപോയ ഒരു ചിത്രമെഴുത്തുകാരനാണു് പിതാവായ ജോൺബട്ട്ളർ യേററ്സ്. സൗന്ദര്യാരാധനയും റൊമാൻറിക് അഭിരുചികളും പിതാവിൽനിന്നാണ് യേററ്സിനു കിട്ടിയതു്. സാഹസികരും, വികാരജീവികളുമായ സ്ത്രീകളുടെ പരമ്പരയിൽപ്പെട്ടവരായിരുന്ന യേററ്സിൻെറ മാതാവു്. താനൊരു ആഭിജാതകുടുംബാംഗമാണെന്ന മനോഭാവം ആദ്യംമുതൽക്കേ യേററ്സിനുണ്ടായിരുന്നു. 1887-ൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യേററ്സ്കുടുംബം ലണ്ടനിലേക്കു മടങ്ങി. അവിടെവെച്ച് ഒരു ചിത്രകലാവിദ്യാലയത്തിൽ ചേൎന്നു പഠിക്കാൻ യേററ്സിനു് അവസരം ലഭിച്ചു. 1885-ൽ ഡബ്ലിൻ യൂണിവേഴ്സിററി റിവ്യൂവിലാണു് ആദ്യകവിത അച്ചടിച്ചുവന്നതു്. പ്രീറാഫ ലൈററുകളുടെ സ്വാധീനവലയത്തിൽപ്പെട്ട യേററ്സിൻെറ ആദ്യകാലകവിതകൾ ഭാവനാമാത്രവും ശോകാത്മകവും ആത്മ നിഷ്ഠവുമായിരുന്നു. 1891-ൽ 'ദ റൈമേഴ്സ് ക്ലബ്ബിൽ' അംഗ മായ യേററ്സ് പേററുടേയും വൈൽഡിൻേറയും സുന്ദരകലാ ശാസ്ത്രതത്ത്വങ്ങളിൽ ആകൃഷ്ടനായി. ഫ്രഞ്ച് സിംബലിസ്റ്റ് പ്രസ്ഥാനവുമായി ബന്ധപ്പെടുന്നതും ഇക്കാലത്താണു്. നിഗൂഢ രഹസ്യവിജ്ഞാനീയത്തിലും, ബ്രാഹ്മവിദ്യയിലും അദ്ദേഹം തല്പരനായി. ചെറുപ്പത്തിൽത്തന്നെ ഐറിഷ് ദേശീയപ്ര സ്ഥാനത്തിൽ ആകൃഷ്ടനായിത്തീൎന്ന അദ്ദേഹം വിപ്ലവകാരി കളുമായി ബന്ധപ്പെട്ട പ്രവൎത്തിക്കുകയുണ്ടായി. 1889_ൽ ഭീകര രാഷ്ട്രീയപ്രവൎത്തകയും, സുന്ദരിയുമായ മോഡ്ഗോണിനെ കണ്ടു മുട്ടിയ യേററ്സ് അവളിൽ അനുരക്തനായിത്തീൎന്നു. യേററ് സിൻെറ അനേകം കവിതകളിൽ മോഡ്ഗോണിനെക്കുറിച്ചു പ്രത്യക്ഷമോ പരോക്ഷമോ ആയ പരാമർശങ്ങൾ അടങ്ങിയിട്ടു ണ്ടു്. 1896-ൽ ഐറിഷ് നവോത്ഥാനപ്രസ്ഥാനത്തിൻെറ നട്ടനായകത്വം വഹിച്ചിരുന്ന ലേഡി അഗസ്റ്റാഗ്രിഗറിയെ കൂൾ പാൎക്കിൽവച്ചു കണ്ടുമുട്ടി. അക്കൊല്ലംതന്നെയാണു് ഐറിഷ് നവോത്ഥാനകാലത്തെ ശക്തനായ നാടകകൃത്തായ ജെ. എം. സിഞ്ചുമായി പരിചയപ്പെടാനിടയായതു്. 1904-ൽ ആബി തിയേററർ തുറന്നതോടെ ഐറിഷ് ദേശീയ പ്രസ്ഥാനത്തി ൻെറ സാംസ്കാരികമണ്ഡലത്തിൽ യേററ്സ് കൂടുതൽ വ്യാപൃ തനായി. 1903-ൽ മോഡ്ഗോൺ മക്ബ്രൈഡിനെ വിവാഹം കഴിച്ചെങ്കിലും 1905 ൽ ആ ബന്ധം വേർപെടുത്തപ്പെട്ടു. മോ ഡിൻെറ വിവാഹം യേററ്സിനു കനത്ത ആഘാതമായിരുന്നു. 1907-ൽ ആബിതിയേറററുമായുള്ള ബന്ധം ഉപേക്ഷിച്ച യേററ് സ് ഇററലി, അമേരിക്ക മുതലായ രാജ്യങ്ങളിൽ പര്യടനം നടത്തി. 1917-ൽ നേരത്തെ പരിചയമുണ്ടായിരുന്ന ജോർജ്ജി ഹൈലീസിനെ തൻെറ ജീവിതപങ്കാളിയാക്കി. വിവാഹത്തി നുശേഷം യേററ്സിനു് ഒരു കാര്യം ബോദ്ധ്യമായി—തൻെറ ഭാര്യയ്ക്കു് പരേതാത്മാക്കളുമായി ബന്ധം പുലൎത്താനുള്ള അസാ ധാരണ സിദ്ധിവിശേഷമുണ്ടെന്നു്. 1922-ൽ സ്വതന്ത്ര അയർ ലൻറിലെ സെനെറററായി യേററ്സ് തെരഞ്ഞെടുക്കപ്പെട്ടു. 1923-ൽ നോബൽസമ്മാനം അദ്ദേഹത്തിനു ലഭിച്ചു. ജീവി താന്ത്യംവരെ അദ്ദേഹം കവിതകളെഴുതിയിരുന്നു. ഓക്സ്ഫേഡ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബുക്ക് ഓഫ് മോഡേൺ വേഴ്സ് അദ്ദേഹം എഡിററ് ചെയ്തിട്ടുണ്ട്. 1939–ൽ തെക്കൻഫ്രാൻസിൽവച്ച് അന്തരിച്ച യേററ്സിൻെറ ഭൗതികാവശിഷ്ടം 1948-ൽ അയർലൻററിൽ കൊണ്ടുവന്നു പുനഃസംസ്കരിക്കുകയുണ്ടായി.

സമകാലികരെപ്പോലെ യേററ്സും തൻെറ കാലഘട്ടത്തിലെ ആത്മീയമായ വന്ധ്യതയെക്കുറിച്ച് അങ്ങേയററം ബോധവാനായിരുന്നു. അദ്ദേഹത്തിൻെറ ആദ്യകാലകവിതകളിൽ പ്രീ–റാഫലൈററ്സ്വാധീനം കാണാം. അദ്ദേഹം ഗന്ധർവ്വലോകത്തിൽ അഭയം കണ്ടെത്താനാണ് ആഗ്രഹിച്ചതു്. ദ വാണ്ടറിങ്സ് ഓഫ് ഓയ്സിൻ (1889), പോയംസ് (1895), ദ വിൻഡ് എമങ് ദ റീഡ്സ് (1899), ദ ഷാഡോയി വാട്ടേഴ്സ് ((1900) എന്നീ ആഖ്യാനകവിതകൾ ഇക്കാലത്തെ സൃഷ്ടികളാണ്. 'ദ ലേക്ക് ഐൽ ഓഫ് ഇന്നിസ്ഫ്രീ' (1893) മുതലായ ലളിതവും, ഇമ്പമേറിയതുമായ ധാരാളം ഗാനങ്ങൾ രചിച്ചിട്ടുണ്ട്. 1900–നും 1910–നും ഇടയ്ക്കുള്ള ഒരു ദശാബ്ദം നാടകരചനയ്ക്കും ദർശനപരവും സാഹിത്യപരവുമായ ഉപന്യാസങ്ങളുടെ രചനയ്ക്കുമാണ് വിനിയോഗിക്കപ്പെട്ടതു്. ദ ഗ്രീൻ ഹെൽമററ് ആൻഡ് അദർ പോയംസ് (1910), റെസ്പോൺസിബിലിററീസ് (1914) എന്നിങ്ങനെ വൈയക്തികാനുഭവങ്ങൾ കൂടുതലുള്ള കൃതികളിൽ കവിയുടെ യാഥാർത്ഥ്യബോധം ഏറിവരുന്നതായി കാണാം. മഹായുദ്ധവും ഐറിഷ് പ്രശ്നങ്ങളും വരുത്തിവച്ച ആഘാതം ജീവിതയാഥാർത്ഥ്യങ്ങളുടെ ബീഭത്സമുഖം കുറേക്കൂടി അടുത്തുനിന്നു കാണുന്നതിനു് അദ്ദേഹത്തെ സഹായിച്ചു. തൻെറ ദർശനത്തേയും പ്രതീകപ്രയോഗസിദ്ധാന്തത്തെയും ആവിഷ്കരിക്കുന്ന ഒരു കൃതിയാണ് എ വിഷൻ (1925) എന്ന ഗദ്യ പ്രബന്ധം. ദ വൈൽഡ് സ്വാൻസ് അററ് കൂൾ (1919) എന്ന സമാഹാരത്തിലെ കവിതകൾ റെസ്പോൺസിബിലിററീസിലെ കവിതകളോടു സാദൃശ്യമുള്ളവയാണെങ്കിലും അനുഭവങ്ങളിൽനിന്നും ആർജ്ജിച്ച പക്വത ഇതിൽ തെളിഞ്ഞുനില്ക്കുന്നു. ദ വൈൻഡിങ് സ്റ്റെയഴ്സ് ആൻഡ് അദർ പോയംസ് (1933), ദ ററവർ (1928) എന്നിവ യേററ്സിൻെറ മഹത്തായ നേട്ടങ്ങളാണ്. അവസാനകാലരചനകളായ ക്രേസിജെയ്ൻ കവിതകളിൽ ചിലതു് ദ ററവറിലും, ദ വൈൻഡിങ് സ്റ്റെയറിലും പ്രത്യക്ഷപ്പെട്ടവയാണ്. ന്യൂ പോയംസ് (1938), ലാസ്റ്റ് പോയംസ് (1939) എന്നീ പേരുകളിലാണ് അവ പ്രസിദ്ധീകരിക്കപ്പെട്ടതു്. ക്രോസ് വേസ് (1889), ദ റോസ് (1892), ഇൻ ദ സെവൻ വുഡ്സ് (1904), ദ ഗ്രീൻ ഹെൽമെററ് (1910), മൈക്കാം റോബർട്ട്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ് ആൻറ് ദ ഡാൻസർ (1920) എന്നിവയാണ് ഇതര കൃതികൾ.

യേററ്സിൻെറ പ്രതിരൂപങ്ങൾ, പ്രത്യേകിച്ച്, അവസാനഘട്ടത്തിലേതു്, അങ്ങേയററം സങ്കീർണ്ണമാണ്. എങ്കിലും ആദ്യകാലകവിതകളിൽനിന്നും പാടെ വ്യത്യസ്തമാണ് അവസാനകാലകവിതകളെന്നു കരുതുന്നതു് തെററായിരിക്കും. യക്ഷിക്കഥകളിലും മന്ത്രതന്ത്രങ്ങളിലും വിഭിന്നരീതിയിലുള്ള അന്ധവിശ്വാസങ്ങളിലും അടിയുറച്ചു വിശ്വസിച്ചിരുന്ന അദ്ദേഹത്തിൻെറ പില്ക്കാലചിന്തകളെ ഭാരതീയദർശനങ്ങളും മററു് അദ്ധ്യാത്മചിന്തകളും സ്വാധീനിച്ചിട്ടുണ്ടു്. അതിമാനുഷഗ്രഹണശക്തിയുള്ള ഒരുവളെ വിവാഹം കഴിച്ചതിനുശേഷം ആത്മീയതയിലേക്കുള്ള യേററ്സിൻെറ പ്രയാണം ത്വരിതഗതിയിലായി. ശ്രദ്ധാപൂർവ്വം സങ്കല്പിച്ചെടുത്ത ഒരു പ്രതിരൂപാത്മക സിദ്ധാന്തംതന്നെയുണ്ടായിരുന്നു അദ്ദേഹത്തിനു്. അവയിൽ ചിലതു് തീർത്തും സ്വകാര്യപരവും മററു ചിലതു് തൻെറ തത്ത്വശാസ്ത്രപഠനങ്ങളിൽനിന്നും ഫ്രഞ്ച് 'സിംബലിസ്ററു'കളുടേയും മുൻകാല സിംബോളിക്ക് കവികളായ ബ്ലേക്, ഷെല്ലി എന്നിവരുടെ രചനകളിൽനിന്നു സ്വീകരിച്ചവയുമാണ്. ഒരു പ്രതിരൂപംതന്നെ വ്യത്യസ്ത പ്രമേയങ്ങൾക്കു സ്വീകരിക്കുന്നതിനാൽ അനുവാചകൻ അനുഭവിക്കുന്ന ക്ലേശം ചെറുതൊന്നുമല്ല.

ആരംഭംമുതല്ക്കുതന്നെ ഒരനുഗൃഹീതകലാകാരനായിരുന്നു യേററ്സ്. അദ്ദേഹത്തിൻെറ ഭാഷാസ്വാധീനവും താളബോധവും തൻെറ പ്രവർത്തനഗതിയിൽനിന്നു വളർന്നുവന്നവയാണ്, സാന്ദ്രവും ദൃഢബദ്ധവുമായ രീതിയും അളന്നുതൂക്കിയുള്ള പദപ്രയോഗവും ഏതു വിഷയത്തിനും ഏതവസരത്തിലും യോജിക്കുന്നതായിരുന്നു.

ബ്രിഡ്ജസിൻെറ പിൻഗാമിയായി പോയററ് ലോററായിത്തീർന്ന ജോൺമേസ്ഫീൽഡ് (1878—1967) ഹാഫെഡ്ഷയറിലെ ലെഡ്ബറിയിൽ ജനിച്ചു. ദേശാടനസ്വഭാവക്കാരനായിരുന്ന അദ്ദേഹത്തിനു് കപ്പൽജോലിക്കിടയ്ക്കും അമേരിക്കയിലെ കൂലിവേലയ്ക്കിടയ്ക്കും ജീവിതത്തെക്കുറിച്ച് നേരിട്ടുള്ള അറിവുകൾ നേടാനായി. 1930-ൽ പോയററ്ലോറററായ അദ്ദേഹത്തിനു് 1934-ൽ ഓർഡർ ഓഫ് മെറിററ് എന്ന ഉന്നത ബഹുമതിയും ലഭിച്ചു.

കിപ്ലിങ്ങിനെ അനുകരിച്ച് എഴുതിത്തുടങ്ങിയ മേസ്ഫീൽഡിൻെറ ആദ്യകാലകവിതകൾ വ്യാപാരത്തേയും സാഹസകൃത്യങ്ങളേയും കുറിച്ചായിരുന്നു. എങ്കിലും അവയ്ക്കു് ചോസറുടെ വിശ്വസൗഹൃദത്തിൻെറ വിസ്തൃതിയുണ്ടായിരുന്നു. കടൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജീവിതവുമായി ബന്ധപ്പെട്ട കവിതകളുടെ ഒരു നീണ്ട നിര തന്നെയുണ്ട് അദ്ദേഹത്തിന്. സോംട്ട് വാട്ടർ ബാലഡ്സ് (1902) ഇതിനു തുടക്കം കുറിക്കുന്നു. സാഗരഗീതങ്ങൾ എന്നു വിശേഷിപ്പിക്കാവുന്ന കവിതകൾ ഉൾക്കൊള്ളുന്ന അനേകം കൃതികൾ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷ് സാഗരഗീതങ്ങൾക്കു മുതൽക്കൂട്ടാകുന്ന കവിതകൾ ഉൾക്കൊള്ളുന്ന സോംട്ട് വാട്ടർ ബാലഡ്സ്, കോളിങ്ഡൺ ഡൗൺ പരമ്പരയിലുള്ള സോണററുകൾ റെയ്നാർഡ് ദ ഫോക്സ്, ബയോഗ്രഫി, ഓഗസ്റ്റ് 1914 എന്നിവയാണ് അദ്ദേഹത്തിൻെറ വിശിഷ്ട കൃതികൾ.

നൈസർഗ്ഗികസിദ്ധിയുള്ള കലാകാരനായിരുന്നു മേസ്ഫീൽഡ്. തീവ്രമായ ജീവിതാർത്തിയും വിശാലമായ മനുഷ്യസ്നേഹവും താൻ വിലമതിച്ചിരുന്ന രണ്ടു സ്വഭാവവിശേഷങ്ങളാണ്. സമകാലിക ഇംഗ്ലീഷ് കവിതയിൽ റിയലിസം തിരിച്ചു കൊണ്ടുവന്നതു് അദ്ദേഹമാണ്. അദ്ദേഹത്തിൻെറ ചേതനയ്ക്കും ലളിതമായ ശൈലിക്കും നിശ്ചിതമായ ആകർഷകത്വമുണ്ടായിരുന്നു. ചില അനുഗൃഹീതനിമിഷങ്ങളിൽ മാത്രമേ അദ്ദേഹം മനുഷ്യാനുഭവങ്ങളുടെ അഗാധതലങ്ങളെ സ്പർശിക്കുന്നുള്ളു.

കെൻറിൽ ജനിച്ചു് സെയ്ൻറ് പോൾസ് കത്തീഡ്രൽ കൊയർസ്കൂളിൽ വിദ്യാഭ്യാസം നിർവ്വഹിച്ച വാൾട്ടർ ഡിലാമെയർ (1873—1956) ഒരു വ്യാപാരസ്ഥാപനത്തിൻെറ ലണ്ടൻ ഓഫീസിൽ ജോലിയിലേർപ്പെട്ടു. ബാലസാഹിത്യ രചയിതാവായിട്ടാണ് ലാ മെയർ സാഹിത്യജീവിതം ആരംഭിച്ചതു്. കുട്ടികളുടേതുപോലെ അകൃത്രിമവും ലളിതവുമായ ശൈലിയാണ് അദ്ദേഹത്തെ ശ്രദ്ധേയനാക്കിയതു്. ഒരു യഥാർത്ഥ ജോർജ്ജിയനായ അദ്ദേഹത്തിനു് ആധുനിക ലോകത്തിലെ നീറുന്ന പ്രശ്നങ്ങൾ പ്രചോദനമരുളിയിട്ടില്ല. വീരാത്ഭുതകഥകളും, പ്രകൃതിയുമാണ് അദ്ദേഹത്തിൻെറ പ്രമേയങ്ങൾ. കുററമററതും അലൗകികവുമായ നമ്മരസം ലാമെയറിൻെറ കവിതകളിലുണ്ട്. ദ ലിസനേഴ്സ് ആൻഡ് അദർ പോയംസ് (1912), പീകോക്ക്പൈ (1913), ദ ഫ്ളീററിങ് ആൻറ് അദർ പോയംസ് (1933), ബെൽസ് ആൻഡ് ഗ്രാസ് (1941), കലക്ടെഡ് പോയംസ് (1942), ദ ബേണിങ് ഗ്ലാസ് ആൻഡ് അദർ പോയംസ് (1945), ദ ട്രാവലർ (1946) എന്നിയാണു മുഖ്യകൃതികൾ.

ക്രൈസ്റ്റ് ഹോസ്പിററലിലും ഓക്സ്ഫേഡിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കിയ എഡ്മണ്ട് ചാൾസ് ബ്ലണ്ടൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(1896) റോയൽ സസ്സെക്സ് റെജിമെൻററിൽ ചേരുകയും ഒന്നാം ലോകമഹായുദ്ധത്തിൽ പങ്കെടുത്തു് ധീരതയ്ക്കുള്ള അവാർഡ് കരസ്ഥമാക്കുകയും ചെയ്തു. 1922—ൽ ബ്ലണ്ടൻെറ ദ ഷെപ്പേർഡ് എന്ന കൃതി ഹാത്തോൺഡൻ പ്രൈസ് നേടി.

ബ്ലണ്ടംനപ്പോലെ ഇംഗ്ലീഷ് കവിതയുടെ നേരായ പാരമ്പര്യത്തിൽ അടിയുറച്ചവരായി അധികം പേരില്ല. പ്രാഥമികമായും ഒരു ഗ്രാമീണഗാനരചയിതാവാണ് അദ്ദേഹം. ലോകമഹായുദ്ധാനുഭവങ്ങൾ തൻെറ കവിതയിൽ പ്രത്യക്ഷപ്പെടാതിരുന്നില്ല. എങ്കിലും അവയ്ക്കു് തൻെറ കലയിൽ പ്രകടമായ മാററങ്ങളൊന്നും വരുത്താൻ കഴിഞ്ഞില്ലെന്നതാണ് വാസ്തവം. ബ്ലണ്ടൻെറ അതിമനോഹരമായ ഭാവഗീതങ്ങൾ ഉൾക്കൊള്ളുന്ന കൃതിയാണ് ഷെൽസ് ബൈ എ സ്ട്രീം (1944). അദ്ദേഹത്തിൻെറ രചനകളുടെ കൂട്ടത്തിൽ പാസ്റററൽസ് (1916), ദ വാഗണർ ആൻഡ് അദർ പോയംസ് (1920), ഇംഗ്ലീഷ് പോയംസ് (1925), ചോയ്സ് ഓർ ചാൻസ് (1934), പോയംസ് 1930—40 (1941), ആഫ്ററർ ദ ബോംബിംഗ് (1948) എന്നിവ പ്രത്യേക പരാമർശമർഹിക്കുന്നു.

ഓക്സ്ഫേഡിൽ വിദ്യാഭ്യാസം നിർവ്വഹിച്ച എ. ഈ. ഹൗസ്മൻ ലണ്ടൻ യൂണിവേഴ്സിററി കോളേജിലും, പിന്നീട് കേംബ്രിഡ്ജിലും ലാററിൻ പ്രൊഫസ്സറായിരുന്നിട്ടുണ്ട്. 19–ാം നൂററാണ്ടിൻെറ അവസാനഘട്ടത്തിലെ കവികളുടെ മനോഭാവവുമായി അടുത്ത ബന്ധമുണ്ട് ഹൗസ്മൻെറ കവിതകൾക്ക്. തോമസ് ഹാർഡിയുടെ രചനകളുമായിട്ടാണ് അവയ്ക്കു് ഏററവും അടുത്ത ചാർച്ചയുള്ളതു്. കേവലം മൂന്നു കവിതാസമാഹാരങ്ങളേ അദ്ദേഹം പുറത്തിറക്കിയിട്ടുള്ളു. തൻെറ പ്രശസ്തിക്ക് ആധാരമായ എ ഷ്രോപ്ഷയർ ലാഡ് (1896). ലാസ്റ്റ് പോയംസ് (1922), മരണാനന്തരം പ്രസിദ്ധീകരിച്ച മോർ പോയംസ് (1936) എന്നിവയാണ് പ്രസ്തുത കൃതികൾ. എണ്ണത്തിൽ കുറവാണെങ്കിലും ആ കുറവു പരിഹരിക്കത്തക്ക സ്വാധീനവും പ്രചാരവും നേടാൻ അദ്ദേഹത്തിനു സാധിച്ചു. ദ നെയ്ം ആൻഡ് നേച്ചർ ഓഫ് പോയട്രി (1933) എന്ന വിമർശന കൃതിയിൽ തൻെറ കലയെക്കുറിച്ചു കവിക്കുള്ള വീക്ഷണം വെളിവാക്കിയിട്ടുണ്ട്.

ലിവർപൂൾ യൂണിവേഴ്സിററിയിൽ കവിതാവിഭാഗത്തിലെ ലക്ചറർ ആയിരുന്ന ലാസൽസ് ആബർ ക്രോംബി (1881—1938) പിൽക്കാലത്തു് ലണ്ടനിലെ ബെഡ്ഫോർഡ് കോളേജിൽ ഇംഗ്ലീഷ് സാഹിത്യത്തിൻെറ പ്രൊഫസ്സറായി. ജോർജിയൻ പോയട്രിയിലെ കവിതകളുടെ ഒരുനല്ല പങ്കും ഇദ്ദേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹത്തിന്റെ സംഭാവനയാണ്. ഒതുങ്ങിയ ബ്ലാങ്ക്‌വേഴ്സിലുള്ള കവിതകൾ രചിക്കുന്നതിലാണ് കൂടുതൽ ശോഭിച്ചു കാണുന്നത്. നാടകീയ സ്വയോക്തികളോട് പ്രത്യേക താല്പര്യമുണ്ടായിരുന്നു. തന്റെ സാഹിത്യജീവിതത്തിലെ അവസാനത്തെ പത്തിരുപതുകൊല്ലക്കാലം സാഹിത്യവിമർശനത്തിനാണ് അദ്ദേഹം വിനിയോഗിച്ചത്. ഇൻറർ ല്യൂഡ്സ് ആൻഡ് പോയംസ് (1908), കലക്ടഡ് പോയംസ് (1930) എന്നിവയാണ മുഖ്യകൃതികൾ.

ഡബ്ലിയു. എച്ച്. ഡേവിസ് (1871—1940) ന്യൂ പോർട്ടിലാണ് ജനിച്ചത്. നന്നെ ചെറുപ്പത്തിൽതന്നെ വിദ്യാഭ്യാസത്തോടു വിടപറയേണ്ടിവന്ന ഡേവിസ് ഇംഗ്ലണ്ടിലും, അമേരിക്കയിലും കാൽനടയായി വളരെയേറെ സഞ്ചരിക്കുകയുണ്ടായി. തന്റെ ഐതിഹാസിക സഞ്ചാരങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ ദി ഓട്ടോ ബയോഗ്രഫി ഓഫ് എ സൂപ്പർ ട്രാമ്പ് (1908) എന്ന കൃതിയിൽ കാണാം. ഓടിത്തുടങ്ങിയ ട്രെയിനിൽ കയറിപ്പറ്റുന്നതിനിടയ്ക്ക് തന്റെ ഒരു കാൽ നഷ്ടമായതിനെക്കുറിച്ചു വിവരിക്കുന്ന ഇതിലെ ഭാഗം പ്രസിദ്ധവും ഹൃദയസ്പൃക്കുമാണ്. ഇതേത്തുടർന്നു വന്ന പോയറ്റ്സ് പിൽഗ്രിമേജ് (1918), ലേറ്റർ ഡെയ്സ് (1925) എന്നീ കൃതികളിൽ ആത്മകഥയുടെ അനന്തരഭാഗങ്ങൾ അടങ്ങുന്നു. ഊരു ചുറ്റലിനിടയ്ക്കു ലഭിച്ച അനുഭവങ്ങൾ ഡേവിസിന്റെ കവിതകളിലൂടെ പ്രത്യക്ഷവൽക്കരിച്ചിട്ടുണ്ട്. വേർഡ്സ്‌വർത്തിന്റെ കവിതകളുടെ വിശുദ്ധിയെ അനുസ്മരിപ്പിക്കുന്ന പ്രകൃതിപ്രേമം നില്ക്കുന്ന കൊച്ചു കൊച്ചു കവിതകളാണ് ഡേവിസിന്റെ കീർത്തിക്ക് ആധാരം. ചിത്രങ്ങൾ പോലെ വ്യക്തമാണ് അദ്ദേഹത്തിന്റെ കവിതകൾ.അദ്ദേഹത്തിന്റെ പ്രകൃതിഗാനങ്ങളെപ്പോലെ സുന്ദരമാണ് അദ്ദേഹത്തിന്റെ പ്രേമഗീതങ്ങളും ദ സോൾസ് ഡിസ്ട്രോയർ ആൻഡ് അദർ പോയംസ് (1905), ന്യൂ പോയംസ് (1907), കലക്റ്റഡ് പോയംസ് (1916, 28, 34), ലവ് പോയംസ് (1935) ഇവ ഡേവിസിന്റെ കൃതികളിൽ ചിലതു മാത്രമാണ്.

യുദ്ധകാല കവികൾ (1914—18)

സായുധസേനയിൽ സേവനമനുഷ്ഠിച്ചിരുന്ന ഒട്ടനേകം ഇംഗ്ലീഷ് കവികൾ യുദ്ധത്തിൽ മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്തിട്ടുണ്ട്. ജൂലിയൻ ഗ്രെൻഫെൽ (1888—1915), റൂപ്പർട്ട് ബ്രൂക്ക് (1887—1915) എന്നിവർ ഒന്നാന്തരം ജോർജ്ജിയൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കവികളായിരുന്നു. ഒന്നാം ലോക മഹായുദ്ധകാലത്തെ പ്രമുഖരായ കവികളാണ് റൂപർട്ട് ബ്രൂക്ക്, സിഗ്ഫ്രീഡ് സസ്സൂൺ (1886—1967), വിൽഫ്രെഡ് ഒയിൻ (1893—1918) എന്നിവർ. സി. എച്ച്. സോർലി (1892—1915), റോബർട്ട് നിക്കോംസ് (1893—1944), റോബർട്ട് ഗ്രേവ്സ് (1895—1985) എഡ്മണ്ട് ബ്ലൻഡൻ (1896), ലോറൻസ് ബിനിയൻ (1869—1943) എന്നിവരും പരാമർശയോഗ്യരാണ്. 1943–ൽ ആന്തോളജി ഓഫ് വാർ പോയട്രി എന്ന പേരിൽ ഒന്നാം ലോകമഹായുദ്ധകാലത്തെ കവിതകളുടെ പ്രാതിനിധ്യസ്വഭാവമുള്ള രചനകളടങ്ങുന്ന ഒരു കൃതി പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. യുദ്ധകാലകവിതകൾക്കു രണ്ടു ഘട്ടമുണ്ട്. രാജ്യസ്നേഹത്തെ പ്രതിഫലിപ്പിക്കുന്നവയാണ് ആദ്യഘട്ടത്തിലെ കവിതകൾ. വീരയോദ്ധാക്കളെ സംബന്ധിക്കുന്ന റൊമാൻറിക് ഭാവനയുടെ പുനരുത്ഥാനം ഈ കവിതകളുടെ സവിശേഷതയായി കണക്കാക്കാം. എന്നാൽ കൂട്ടക്കൊല കൂടിവന്നതോടെ കൂടുതൽ യാഥാർത്ഥ്യബോധത്തോടെ യുദ്ധത്തിന്റെ നിരർത്ഥകതയെ പരിഹസിച്ചുകൊണ്ടു കവിത രചിക്കാൻ കവികൾ മുന്നോട്ടുവന്നു. അധികമൊന്നും എഴുതിയില്ലെങ്കിലും യുദ്ധകാലകവികളുടെ ആദ്യഗണത്തിൽപ്പെടുന്നുവെന്നതിനാൽ റൂപർട്ട് ബ്രൂക്കിനു് പ്രത്യേക സ്ഥാനമുണ്ട്. 'ഇഫ് ഐ ഷുഡ് ഡൈ തിങ്ക് ഒൺലി ദിസ് ഓഫ് മി' എന്ന സോണററ് ബ്രൂക്കിനെ ശ്രദ്ധേയനായ യുദ്ധവിദ്വേഷിയെന്നു കണക്കാക്കാൻ പര്യാപ്തമാണ്. സൈറോസിൽ പൊരിഞ്ഞ യുദ്ധത്തിനിടയ്ക്കാണ് അദ്ദേഹം അന്തരിച്ചതു്. സംസ്കൃതചിത്തനായ ഒരു യുവാവ് സാവകാശമെഴുതുന്ന കവിതകളാണ് അദ്ദേഹത്തിന്റെ രചനകളെന്നു ബോധ്യമാകും. യുദ്ധത്തോടുള്ള അദ്ദേഹത്തിന്റെ മനോഭാവം 'റൊമാൻറി'ക്കായിരുന്നു. പോയംസ് (1911), 1914 ആൻറ് അദർ പോയംസ് (1915), കലക്ടഡ് പോയംസ് (1918) എന്നീ കൃതികളിലൂടെ ബ്രൂക്കിന്റെ കവിതകൾ പ്രസിദ്ധീകരിച്ചിരുന്നു. യുദ്ധാനുഭവങ്ങളെ അടിസ്ഥാനമാക്കിയുള്ളവയാണ് സീഗ്ഫ്രീഡ് സസ്സൂണിന്റെ കവിതകൾ. ട്രെഞ്ചിലെ യുദ്ധമുറകളിൽനിന്നു നേരിട്ടു അനുഭവങ്ങൾ അദ്ദേഹത്തിനു യാഥാർത്ഥ്യത്തിന്റെ ബീഭത്സമുഖം കാട്ടിക്കൊടുത്തു. ട്രെഞ്ചിലേയും, ആശുപത്രികളിലേയും യാതനകളുടേയും ദുരന്തങ്ങളുടേയും ഭീകരത കൗണ്ടർ—അററാക്ക് (1918) എന്ന കൃതിയിലൂടെ അദ്ദേഹം വരച്ചുകാട്ടി. വാർ പോയംസ് (1919), സററിക്കൽ പോയംസ് (1926) എന്നിവ അത്രകണ്ടു വിജയിച്ചില്ല. സൗന്ദര്യത്തോടു് നൈമിഷികമായു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്ടാകുന്ന വൈകാരികാനുഭൂതി പകൎന്നുകൊടുക്കാനുള്ള ശ്രമമാണ് ദ ഹാർട്ട്സ് ജേർണി (1928), വിജിൽസ് (1935) എന്നീ പില്ക്കാല കൃതികളിൽ കാണുന്നതു്. 1947-ൽ കലക്റ്റഡ് പോയംസ് സാസ്സൂൺ പ്രസിദ്ധപ്പെടുത്തി.

1915 മുതൽ മരണംവരെ കാലാൾപ്പടയിൽ ഓഫീസറായിരുന്ന യുദ്ധകാലകവികളിൽ അഗ്രഗണ്യനായ വിൽഫ്രെഡ് ഒയിൻ. സൈനികസേവനത്തിനു് മിലിട്ടറി ക്രോസ് എന്ന കീൎത്തിമുദ്ര ലഭിക്കുകയുണ്ടായി. ഏതാണ്ടു് 1916 വരെ കീററ്സിനേയും ടെനിസനേയും അനുകരിച്ചു് പരമ്പരാഗത രീതിയിലാണു് ഒയിൻ എഴുതിപ്പോന്നതു്. യുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനു തൊട്ടുമുമ്പു് ഫ്രാൻസിൽ താമസിക്കുമ്പോഴാണു് ഒയിൻെറ സവിശേഷമായ ''പാരാറൈം'' ഉപയോഗിച്ചു തുടങ്ങിയതു്. ഫ്രെഞ്ചു് കവിതാരീതിയെ പിന്തുടൎന്നുകൊണ്ടു് ഒയിൻ രൂപകല്പന ചെയ്തതാണു് ഈ പുതിയ സാങ്കേതികമാൎഗ്ഗം. ഇതൊക്കെയാണെങ്കിലും ഒയിൻെറ യശസ്സിനു് ആധാരമായ കൃതികളെല്ലാം എഴുതിയതു് 1917-ൽ സസ്സൂണിനെ കണ്ടുമുട്ടിയതിനു ശേഷമാണു്. കിടങ്ങുകളിലെ അനുഭവങ്ങൾ അദ്ദേഹത്തെ എളുപ്പത്തിൽ പക്വമതിയാക്കി. ഒയിൻ എഴുതി: 'കവിതയെപ്പററിയല്ല എൻെറ ചിന്ത. എൻെറ വിഷയം യുദ്ധവും യുദ്ധത്തോടുള്ള അനുകമ്പയുമാണു്. ഈ അനുകമ്പയിലാണു് കവിത കുടികൊള്ളുന്നതു്.' അനുയോജ്യമായ പദങ്ങൾ തെരഞ്ഞെടുക്കുന്നതിൽ പ്രത്യേകമായ കഴിവുണ്ടായിരുന്നു അദ്ദേഹത്തിനു്. യുദ്ധകാലകവികളുടെ നേട്ടത്തിൻെറ മകുടോദാഹരണമാണു് ഒയിൻ. എഡ്മണ്ടു് ബ്ലണ്ടൻെറ ഓൎമ്മക്കുറിപ്പുകളുടെ അനുബന്ധം ഉൾപ്പെടുത്തിക്കൊണ്ടു് ഒയിൻെറ കവിതകളുടെ ഒരു സമ്പൂൎണ്ണ പതിപ്പ് ദ പോയംസ് ഓഫ് വിൽഫ്രെഡ് ഒയിൻ (1931) എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

അസാധാരണമാം വിധം നേരത്തെ കവിത എഴുതിത്തുടങ്ങി റോബർട്ട് ഗ്രേവ്സ്. ഒന്നാം ലോകമഹായുദ്ധത്തിൽ നിന്നുണ്ടായ അനുഭവങ്ങൾ ഒരു യുവസൈനികോദ്യോഗസ്ഥനായിരുന്ന ഗ്രേവ്സിൻെറ മനസ്സിനെ വല്ലാതെ മഥിക്കുകയും അദ്ദേഹത്തെ പരുക്കൻ സ്വഭാവക്കാരനാക്കിത്തീൎക്കുകയും ചെയ്തു. 1929-ൽ മെഡിററേനിയനിലെ മവോൎക്കയിൽ താമസമാക്കിയതോടെയാണു് ഗ്രേവ്സിൻെറ കാവ്യഭാവന ഉത്തേജിതമായതു്. വൈവിദ്ധ്യമാൎന്നതാണു് അദ്ദേഹത്തിൻെറ വിഷയങ്ങളെങ്കിലും മിക്കവാറും എല്ലാ കവിതകളിലും സംഘൎഷാത്മകമായ ഒരു ബന്ധഭാവം മുഴച്ചു നിൽക്കുന്നുണ്ടാകും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാടകം

സാധാരണ ജീവിതത്തെ നാടകശാലകളിലേക്കു നയിക്കാൻ നാടകകൃത്തുക്കൾ അറച്ചുനിന്നപ്പോൾ അതിനെ പച്ചയായി അരങ്ങത്തേക്കു വലിച്ചിഴക്കുകയായിരുന്നു ബർണാഡ്ഷാ. ഡബ്ലിനിലെ ഒരു ഐറിഷ് പ്രോട്ടസ്റ്റൻറ് കുടുംബത്തിൽ പിറന്ന ഷോയ്ക്കു് ഔപചാരികവിദ്യാഭ്യാസം അധികമൊന്നും ലഭിച്ചില്ല. സ്വന്തം മാതാവ് ഷോയുടെമേൽ കനത്ത സ്വാധീനത ചെലുത്തി. 1876–ൽ മാതാവിനോടൊപ്പം ലണ്ടനിലെത്തിച്ചേർന്ന ഷോ ഫേബിയൻ സൊസൈററിയിൽ അംഗമായി. സംഗീതത്തിൻെറയും നാടകത്തിൻെറയും മികച്ച വിമർശകനായിത്തീർന്നു അദ്ദേഹം. നാലു നോവലുകൾ രചിച്ചെങ്കിലും നല്ല നോവലിസ്റ്റെന്ന പേരു് സമ്പാദിക്കാനായില്ല. വിഡോവേഴ്സ് ഹൗസസ് (1892) രചിച്ചതോടെയാണ് നാടകകൃത്തെന്ന നിലയിലുള്ള ഷോയുടെ പ്രവർത്തനം ആരംഭിക്കുന്നതു്. തുടർന്നു് അദ്ദേഹം അത്യുജ്ജ്വലങ്ങളായ നാടകങ്ങൾ രചിച്ചു. 1925–ൽ സാഹിത്യത്തിനുള്ള നോബൽസമ്മാനം അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി. ആദ്യകാലകൃതികൾക്കു ഹൃദ്യമായ സ്വീകരണം ലഭിച്ചില്ലെങ്കിലും പില്ക്കാലത്തു് ജനപ്രീതിയാർജ്ജിച്ച എഴുത്തുകാരനായിത്തീർന്നു അദ്ദേഹം.

ദ ഡോൾസ് ഹൗസിൻെറ കർത്താവായ നോർവ്വീജിയൻ നാടകകൃത്തു് ഹെൻറിക് ഇബ്സൻെറ പ്രിയങ്കരന്മാരായ അനുയായികളിൽ ഒരാളായിരുന്നു ബെർണാർഡ്ഷോ. ഇബ്സനോടുള്ള മതിപ്പിൻെറ ഫലമാണ് ഷോയുടെ ക്വിൻറസ്സൻസ് ഓഫ് ഇബ്സനിസം (1891) എന്ന കൃതി. സുഖകരമായ (pleasant) നാലും, അസുഖകരമായ (unpleasant) മൂന്നു നാടകങ്ങളും ചേർന്നു് ഏഴു നാടകങ്ങളുടെ ഒരു സമുച്ചയമാണ് ഷോയുടെ പ്ലേ സ്പ്ലെസൻറ് ആൻറ് അൺപ്ലെസൻറ് (1898). ദ വിഡോവേഴ്സ് ഹൗസസ് (1892), മിസ്സിസ് വാറൻസ് പ്രൊഫെഷൻ (1894) (നിരോധിക്കപ്പെട്ട ഈ നാടകം 1902-ൽ രഹസ്യമായും, നിരോധനം നീക്കിയതിനെത്തുടർന്നു് 1925–ൽ പരസ്യമായും പ്രസിദ്ധപ്പെടുത്തി), ദ ഫിലാൻഡറർ (1893) എന്നിവയാണ് 'അൺപ്ലെസൻറ്' നാടകങ്ങൾ. സുസംഘടിതമായി രചിക്കപ്പെട്ടവയാണെങ്കിലും ജീവിതത്തെ യഥാതഥമായും തികഞ്ഞ ഗൗരവത്തോടെയും ചിത്രീകരിക്കുന്നതിനാൽ ജനസമ്മതി ആർജ്ജിക്കുന്നതിൽ അവ പരാജയപ്പെടുകയാണുണ്ടായതു്. ഇതിനൊരു പരിഹാരമെന്ന നിലയ്ക്കാണ് 'പ്ലെസൻറ്' നാടകങ്ങളിൽ സരസമായ സമീപനം കൈക്കൊണ്ടതു്. ഒരു യോദ്ധാവിൻെറ അസംഭാവ്യമായ പദ്ധതികളെ പരിഹസിക്കുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആംസ് ആൻറ് ദ മാൻ (1894), ഒരു പാതിരിയും അയാളുടെ ഭാര്യയും കവിയും ചേർന്ന് സൃഷ്ടിക്കുന്ന ത്രികോണപ്രേമം പ്രതിപാദിക്കുന്ന കാൻഡിഡ (1895) നെപ്പോളിയൻെറ സ്വഭാവ പ്രത്യേകതകളെ അപഗ്രഥിക്കുന്ന ദ മാൻ ഓഫ് ഡെസ്റ്റിനി (1895), ഊർജ്ജസ്വലമായ സംഭാഷണംകൊണ്ട് ശ്രദ്ധ പിടിച്ചുപററുന്ന യൂ നെവർ കാൻ ടെൽ (1899) എന്നീ 'പ്ലസൻറ്' നാടകങ്ങൾ ഫലിതപരിഹാസങ്ങൾ നിറഞ്ഞു നിൽക്കുന്നവയാണ്. ദ ഡെവിൾസ് ഡിസൈപ്പിൾ (1897), സീസർ ആൻഡ് ക്ലിയോപാട്ര (1898), ത്രീപ്ലേസ് ഫോർ പ്യൂരിററൻസ് (1901) എന്നിവയും പ്രസിദ്ധങ്ങൾതന്നെ. ജീവിതമത്സരത്തിൽ മാനുഷികപ്രശ്നങ്ങൾ വിജയിക്കുന്നതിന് ജീവശ്ശക്തി എപ്രകാരം പ്രവർത്തിക്കുന്നുവെന്ന ആശയമുൾക്കൊള്ളുന്ന ഒരുൽകൃഷ്ട നാടകമാണ് ഷോയുടെ പ്രധാനപ്പെട്ട കൃതികളിലൊന്നായ മാൻ ആൻഡ് സൂപ്പർ മാൻ (1903). ഇണയെ വേട്ടയാടുന്ന സ്ത്രീവർഗ്ഗത്തെ ചിത്രീകരിക്കുന്ന ഈ നാടകം ഒരു പ്രത്യേക സൃഷ്ടിയാണ്. അങ്ങേയററം രസനീയമായ പിഗ്മാലിയൻ (1912) മദ്ധ്യവർഗ്ഗത്തിൻെറ ചില പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നു. ഉപരിവർഗ്ഗത്തിൻെറ ഇടയിൽ യുദ്ധത്തിനു തൊട്ടുമുമ്പ് ഉള്ളവായ നിരാശയും അരക്ഷിതത്വബോധവും ചിത്രീകരിക്കുന്ന ചെക്കോവിൻെറ നാടകങ്ങളിലെന്നപോലെ നെടുങ്കൻ സംഭാഷണങ്ങൾകൊണ്ടു തീർത്തിരിക്കുന്ന ഹാർട്ട് ബ്രേക്ക് ഹൗസ് (1913). തൻെറ മാസ്റ്റർപീസെന്നു ഷോ വിചാരിക്കുന്ന ബാക്ക് ററു മെഥൂസല (1921) (ഇതു ഷോയുടെ വൃഥാഭിമാനമാണെന്നും, വാസ്തവത്തിൽ വിരസമാണ് കൃതിയെന്നും ധാരാളം പേർ അഭിപ്രായപ്പെടുന്നുണ്ട്), ഷോയുടെ ഏററവും നല്ല കൃതിയായി കണക്കാക്കാവുന്ന സെയ്ൻറ് ജോൺ (1923) എന്നിവ മതപരമായ ആശയങ്ങൾ ഉൾക്കൊള്ളുന്നു. അരങ്ങത്തു് വൻവിജയമായിരുന്നു സെയ്ൻറ് ജോൺ. ദ ഡോക്ടേഴ്സ് ഡിലെമ (1906), ആൻഡ്രോക്ലീസ് ആൻറ് ദ ലയൺ (1927), ദ ആപ്പിൾ കാർട്ട് (1929) എന്നിവയാണ് പ്രസിദ്ധമായ മററു നാടകങ്ങൾ.

ആശയപ്രചാരകനായ നാടകകൃത്തായിരുന്നു ബർണാഡ് ഷോ. താനൊരു ആൻറി-റൊമാൻറിക്കാണെന്നാണ് ഷോ സ്വയം കണക്കാക്കിപ്പോന്നതു്. സോഷ്യലിസ്റ്റ് ആശയങ്ങളിൽ ഊന്നുന്നതായിരുന്നു ആദ്യകാലകൃതികൾ. പിൽക്കാല നാടകങ്ങളിൽ മതവിശ്വാസമായിരുന്നു മുഖ്യമായ പ്രതിപാദ്യം. നുരഞ്ഞുപൊന്തുന്ന ഫലിതവും ശക്തമായ കാര്യവിവേകവും വിദഗ്ദ്ധമായി സമന്വയിപ്പിക്കാൻ അദ്ദേഹത്തിനുള്ള കഴിവ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതുല്യമാണ്. ജീവിതത്തിലുടനീളം സരസമായ സംഭാഷണപ്രിയനായിരുന്നു ഷോ. ആശയങ്ങൾക്ക് ഊന്നൽ കൊടുത്തിരുന്നെങ്കിലും കലാപരമായ അംശത്തെ അദ്ദേഹം അവഗണിച്ചിരുന്നില്ല. നീണ്ടതും രസകരവുമായ രംഗനിർദ്ദേശങ്ങൾ നൽകുക അദ്ദേഹത്തിന്റെ പതിവാണ്. പാത്രവൈചിത്ര്യത്തിന്റെ കാര്യത്തിൽ ഷോയുടെ ഒപ്പം നില്ക്കാൻ അധികം പേരില്ല. സ്വന്തം നാടകങ്ങൾക്ക ഷോ രചിച്ച മുഖവുരകൾ വിജ്ഞാനപ്രദങ്ങളാണ്.

ഡബ്ലിനിൽനിന്നു വന്ന മറ്റൊരു നാടകകൃത്താണ് ജോൺ മില്ലിങ്ടൻസിങ്. (1871—1909). യൂറോപ്പിലെ കുത്തഴിഞ്ഞ ജീവിതം അവസാനിപ്പിച്ച് അയർലണ്ടിലേക്ക് മടങ്ങണമെന്ന യേററ്സിന്റെ പ്രേരണയ്ക്ക് സിങ് വഴങ്ങി. ആരൻ ദ്വീപുകൾ അദ്ദേഹത്തിനു പ്രചോദനം നൽകി. ആരനിലെ ഗ്രാമീണരുടെ സംസാരഭാഷയ്ക്കു സിങ് നൽകിയ നാടകീയ ശൈലി ഗദ്യമാണെങ്കിലും, കാവ്യാത്മകമാണ്. ഗ്രാമീണരുടെ സാധാരണ സംസാരഭാഷയെ തേച്ചുമിനുക്കിയെടുത്തു എന്ന അർത്ഥത്തിൽ അദ്ദേഹത്തിന്റെ ശൈലി കൃത്രിമമാണെന്നു സമ്മതിക്കാം. ഒരു നാടൻ പഴങ്കഥയെ ഉപജീവിച്ചു രചിച്ച ദ ഷാഡോ ഓഫ് ദ ഗ്ലെൻ (1903) എന്ന കോമഡിയെ പിന്തുടർന്നു വന്ന രണ്ടു് ഉത്തമ നാടകങ്ങളാണ് റൈഡേഴ്സ് റ്റു ദ സീ (1904) ദ വെൽ ഓഫ് ദ സെയ്ൻറ്സ് (1905)എന്നിവ. കടൽ കവർന്നെടുക്കുന്ന അയർലൻറിന്റെ പശ്ചിമതീരത്തെ മുക്കുവരുടെ ജീവിതദുരന്തം ചിത്രീകരിക്കുന്ന ശക്തവും ക്ലാസ്സിക്കൽ ട്രാജഡിയുടെ ഭാവഗാംഭീര്യവുമുള്ള ഒരു ഏകാങ്കനാടകമാണ് റൈഡേഴ്സ് റ്റു ദ സീ, ദ വെൽ ഓഫ് ദ സെയ്ൻറ്സ് വിചിത്രമായ ഒരു കോമഡിയാണ്. ഇവയ്ക്കു പിന്നാലെ സിങിന്റെ ഏററവും നല്ല നാടകങ്ങളിലൊന്നായ ദ പ്ലേ ബോയ് ഓഫ് ദ വെസ്റേറൺ വേൾഡ് (1905), എന്ന നാടകവും ഏററവും മോശമെന്നു വിധിക്കപ്പെട്ടിരിക്കുന്ന ദ ടിങ്കേഴ്സ് വെഡിങ് (1907) എന്ന കൃതിയും പുറത്തുവന്നു. പിതൃഘാതകനെന്നു സ്വയം വിചാരിക്കുന്ന ഒരു ഗ്രാമീണബാലൻ തന്റെ തെററിന്റെ ബലത്തിൽ ആരാദ്ധ്യനായിത്തീരുന്ന ഐതിഹ്യത്തെ അടിസ്ഥാനമാക്കി രചിച്ച നാടകമാണ് ദ പ്ലേ ബോയ് ഓഫ് ദ വെസ്റേറൺ വേൾഡ്. യാഥാർത്ഥ്യവും സങ്കല്പവും ദുരന്തവും നർമ്മരസവും കവിതയും കൂടികലർന്ന വിസ്മയകരമായ ഒരു നാടകമാണിതു്. സിങിന്റെ നാടകങ്ങളിൽ അവസാനത്തേതും അപൂർണ്ണവുമായ ഡീയഡ്രി ഓഫ് സോറോസ് (1910) ഒരു ഐറിഷ് ഐതിഹ്യ കഥയെയാണ് അവലംബിച്ചിരിക്കുന്നതു് ഇതിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രേമം. മരണം എന്നു രണ്ടു പ്രമേയങ്ങരം ഇഴചേർത്തു പിരിച്ചിരിക്കുന്നു. പുതിയ രീതിയിൽ ആസൂത്രണം ചെയ്യുതും മിക്കവാറും മതാനുഷ്ഠാനപരവുമായിട്ടുള്ള ഈ നാടകപരീക്ഷണം യേററ്സ് കൂടുതൽ പ്രായോഗികമാക്കി.

അയർലൻറും ആരൻ ദ്വീപുകളുമാണ് സിങ്ങിൻെറ നാടകങ്ങരംക്കു വിഷയവും പ്രത്യേക നാടകസ്വഭാവവും നൽകിയതു്. ഇബ്സൻെറ സ്വാധീനം അപകടകരമാണെന്നു മനസിലാക്കിയ സിങ്ങ് പ്രചോദനമുരംക്കൊണ്ടതു് യേററ്സിനെപ്പോലെ ഐതിഹ്യങ്ങളിൽനിന്നും മിത്തുകളിൽനിന്നുമാണ്. കഥാപാത്രങ്ങളെ അതിവിദഗ്ധമായി ചിത്രീകരിക്കാനുള്ള കഴിവുണ്ടായിരുന്നു അദ്ദേഹത്തിനു്. ദ ഷാഡോ ഓഫ് ദ ഗ്ലെന്നിലെ നോറാ, ദ പ്ലേ ബോയ് ഓഫ് ദ വെസ്റ്റേൺ വേരംഡിലെ ക്രിസ്ററി മഹൻ, റൈഡേഴ്സ് ററു ദ സീയിലെ മോറിയ, ഡിയഡ്രി എന്നിവർ സിങ്ങിൻെറ അതിശയകരമായ പാത്രരചനാവൈഭവത്തിനു് ഉദാഹരണമാണ്. ട്രാജഡിയിലും കോമഡിയിലും അദ്ദേഹത്തിൻെറ പ്രതിഭ ഒന്നുപോലെ തെളിഞ്ഞുകാണാം. അരങ്ങത്തു് വൻവിജയമായ സിങ്ങിൻെറ ശൈലി അസമാനമാണ്. അയർലൻറിലെ ഗ്രാമീണരുടെ സംഭാഷണരീതിയുടെ പ്രത്യേക താളത്തിൽ അടിയുറച്ച കാവ്യാത്മകഗദ്യശൈലി തൻെറ കാവ്യനാടകങ്ങരംക്കു മുതൽക്കൂട്ടാക്കുവാൻ കഴിഞ്ഞു.

ഡെവൺഷയറിലെ ഒരു പുരാതനകുടുംബത്തിൽ നിന്നു വന്ന ജോൺ ഗാൽസ്വർത്തി (1867–1933) വിദ്യാഭ്യാസം നിർവ്വഹിച്ചതു് ഹാരോയിലും, ഓക്സ്ഫഡിലെ ന്യൂ കോളേജിലുമാണ്. 1890–ൽ അഭിഭാഷകനായി സന്നതെടുത്തെങ്കിലും ആ തൊഴിലിൽ അദ്ദേഹത്തിനു വലിയ താല്പര്യമുണ്ടായിരുന്നില്ല. സാമൂഹികപ്രശ്നങ്ങരം അദ്ദേഹത്തെ വല്ലാതെ അലട്ടുകയുണ്ടായി. അത്തരം പ്രശ്നങ്ങളാണ് ഗാൽസ്വർത്തിയുടെ കൃതികളിലെ പ്രമേയങ്ങരം. നോവലിസ്ററായിട്ടാണ് ഗാൽസ്വർത്തി സാഹിത്യജീവിതം ആരംഭിച്ചതു്. 1929–ൽ ഓർഡർ ഓഫ് മെറിററ് എന്ന ബഹുമതിയും നാലുവർഷത്തിനുശേഷം നോബൽ സമ്മാനവും ഗാൽസ്വർത്തിയെ തേടിയെത്തി.

ജോൺസിൻെറയും പിനിയെറോയുടേയും യഥാർത്ഥനാടകപാരമ്പര്യത്തിൽപെടുന്നവയാണ് പ്രബോധനപരമായ ലക്ഷ്യം മുൻനിർത്തി ഗാൽസ്വർത്തി രചിച്ചിരിക്കുന്ന നാടകങ്ങരം. പ്രശ്നങ്ങളുടെ രണ്ടുവശവും വസ്തുനിഷ്ഠമായി കാണാൻ കഴിവുണ്ടായിരുന്ന സാമൂഹിക പരിഷ്കർത്താവായിരുന്നു അദ്ദേഹം. അനീതികരംക്കിരയാകുന്നവരെ അനുകമ്പയോടെ വീക്ഷിക്കാൻ അദ്ദേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ററത്തിനു കഴിയുമായിരുന്നു. ഗാൽസ്‌വർത്തിയുടെ മനഃശാസ്ത്ര പരമായ ഉൾക്കാഴ്ചയെ വെളിവാക്കുന്നവയാണ് അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ. കേസ് വിചാരണയുടെ രംഗങ്ങൾ അത്യന്തം സുന്ദരമായി ആവിഷ്കരിക്കാൻ തന്റെ അഭിഭാഷക വൃത്തി ആ നാടകകൃത്തിനെ സഹായിച്ചിട്ടുണ്ട്. സന്ദർഭങ്ങളും, സംഭാഷണവും തികച്ചും സ്വാഭാവികമാണ്. അദ്ദേഹത്തിന്റെ നാടകങ്ങളിൽ. ദി ഇൻ ഓഫ് ട്രാങ്കിലിററി (1912) എന്ന കൃതിയിൽ നാടകത്തെക്കുറിച്ചുള്ള തന്റെ ആശയഗതികൾ അദ്ദേഹം ചർച്ചചെയ്യുന്നു. നീതിനിർവ്വഹണത്തിലെ അസമത്വമാണ് ദ സിൽവർ ബോക്സ് (1906) എന്ന നാടകത്തിനാധാരം. സ്ട്രൈഫ് (1909) എന്ന നാടകത്തിൽ വ്യവസായരംഗത്തു് മുതലാളിവർഗ്ഗവും തൊഴിലാളിവർഗ്ഗവും തമ്മിൽ നിലനിൽക്കുന്ന കിടമത്സരമാണ ചിത്രീകരിച്ചിരിക്കുന്നതു്. തടവുസമ്പ്രദായത്തേയും, തടവുകാരോടു കാട്ടുന്ന ക്രൂരതയേയും വിമർശിക്കുന്ന നാടകമാണ് ജസ്ററിസ് (1910). ആൾക്കൂട്ടത്തിന്റെ മനഃശാസ്ത്രം പ്രതിപാദിക്കുന്നു ദ മോബ് (1914), ദ സ്കിൻ ഗെയിം (1920), ലോയൽററീസ് (1922), എസ്കേപ്പ് (1926) എന്നിവയാണ മററു ചില നാടകങ്ങൾ. നോവലുകൾക്കും നാടകങ്ങൾക്കും പുറമെ ഏതാനും കവിതകളും അനേകം ലേഖനസമാഹാരങ്ങളും ഗാൽസ്‌വർത്തി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

നന്നെ ചെറുപ്പത്തിൽത്തന്നെ നാടകവേദിയുമായി ബന്ധപ്പെട്ട മറെറാരു നാടകകൃത്തായ ഹാർലി ഗ്രൻവിൽ ബാർക്കർ (1877—1946) എണ്ണപ്പെട്ട ഷേക്‌സ്പിയർ വിമർശകൻകൂടിയാണ്. അദ്ദേഹം 20–ാം നൂററാണ്ടിലെ ഷേക്‌സ്പിയർ നിരൂപണങ്ങളിൽ പ്രധാനപ്പെട്ട നാഴികക്കല്ലുകളാണ് ഷേക്‌സ്പിയർ നാടകങ്ങൾക്ക ബാർക്കർ രചിച്ച ആമുഖപഠനങ്ങൾ. ദ മാരിയിങ് ഓഫ് ആൻലീററ് (1901), വേസ്ററ് (1907), ദ മദ്രാസ് ഹൗസ് (1910) ദ സീക്രട്ട് ലൈഫ് (1923) എന്നിവയുടേയും, അനേകം മററു നാടകങ്ങളുടേയും കർത്താവാണ് ബാർക്കർ. യഥാതഥ പ്രസ്ഥാനത്തേയും മനുഷ്യപ്രകൃതത്തെ നഗ്നമായി ആവിഷ്കരിക്കുന്ന നാച്ചുറലിസ്ററ് രീതിയേയും പിൻതുടരുന്ന തന്റെ പൂർവ്വികരുടെ മാർഗ്ഗത്തിൽ ബാർക്കർ വളരെ ദൂരം മുന്നോട്ടു പോയി.

ഇംഗ്ലണ്ടിലെത്തിച്ചേർന്ന സ്കോട്ടിഷ് നോവലിസ്ററും നാടകകൃത്തുമായ സർ ജയിംസ് ബാരി (186 —1937) ആനുകാലികപ്രസിദ്ധീകരണങ്ങളിലേക്ക് ധാരാളം രചനകൾ സംഭാവന ചെയ്യുകയുണ്ടായി. അതിരു കടന്ന വികാരാത്മകത്വം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൊണ്ടു് ആദ്യകാല നോവലുകൾക്കു് അധികം പ്രചാരം ലഭിച്ചിരുന്നില്ല. ദ ലിററിൽ മിനിസ്റ്റർ (1891) വളരെയേറെ പ്രചാരം സിദ്ധിച്ച കൃതിയാണു്. 1900-മുതൽ നാടകരംഗത്താണു് കൂടുതൽ ശ്രദ്ധ പതിപ്പിച്ചതു്. സമകാലികജീവിതപ്രശ്നങ്ങളെ വജ്ജിക്കുകയും ഭ്രമകല്പനകളെ അവലംബിക്കുകയും ചെയ്യതിലാണു് അനന്തരതലമുറയുടെ ശ്രദ്ധ സർ ജെ. എം. ബാരി അർഹിക്കുന്നതു്. തൻെറ കാലത്തെ ആധുനിക സാഹിത്യ പ്രവണതകളുമായി അദ്ദേഹത്തിനു വലിയ ബന്ധമുണ്ടായിരുന്നില്ല. ദ പ്രൊഫസഴ്സ് ലവ് സ്റ്റോറി (1894) ദ ലിററിൽ മിനിസ്ററർ (1891: നാടകാവതരണം 1897), ക്വാളിററി സ്ട്രീററ് (1902), മേരി റോസ് (1920) തുടങ്ങിയ ചില നാടകങ്ങൾ വൈകാരികത്വം ഏറിനിൽക്കുന്നവയാണു്. പീററർ പാൻ (1904), എ കിസ്സ് ഫോർ സിൻഡറെല്ല (1916) എന്നിവയും ജനപ്രീതിയാജ്ജിച്ച നാടകങ്ങളാണു്. ദ അഡ്മിറബിൾ ക്രൈററൻ (1902), വാട്ട് എവ്രി വുമൺ നോസ് (1908), ദ ടൽവ് പൗണ്ട് ലുക്ക് (1910) ദ വിൽ (1913), ഡിയർ ബ്രൂട്ടസ് തുടങ്ങിയവ (1917) ബാരിയുടെ പരക്കെ അറിയപ്പെടുന്ന നാടകങ്ങളാണു്.

റിയലിസ്ററ് നാടകങ്ങളുടേയും, നാച്ചുറലിസ്ററ് നാടകങ്ങളുടേയും ആധിപത്യം മൂലം നാടകങ്ങൾക്കു പുഷ്ടി പ്രാപിക്കാൻ കഴിഞ്ഞില്ല. ആബിതിയറററിൽ പദ്യ നാടകങ്ങൾ പുനഃസൃഷ്ടിക്കാനുള്ള ഒരു ശ്രമം യേററ്സ് നടത്തുകയുണ്ടായി. എന്നാൽ ഒരു നാടകകൃത്തിനു് ആവശ്യം വേണ്ട ഗുണങ്ങളില്ലാതിരുന്നതുമൂലം യേററ്സിൻെറ പരീക്ഷണം പരാജയപ്പെടുകയാണുണ്ടായതു്. സ്ററീഫൻ ഫിലിപ്സ് (1864—1915), ജോൺ മേസ്ഫീൽഡ് (1878—1967), ഗോർഡൻ ബോട്ടംലി (1882—1937), ലോർഡ് ഡൺസേ (1878—1957) എന്നിവരാണു് പദ്യനാടകം പരീക്ഷിച്ചുനോക്കിയ നാടകകൃത്തുകൾ.

നോർവീജിയൻ നാടകകൃത്തുക്കളായ ഹെൻറിക് ഇബ്സൻ, യോൺസ്ററൻ യോൺസൺ (Bjornstjerne Bjornson), സ്വീഡിഷ് നാടകത്തിൻെറ വക്താവായ ഓകസ്ററ് സ്ട്രിൻഡ്ബർഗ്, റഷ്യക്കാരായ ആൻറൺ ചെക്കോവ്, ലിയോ ടോൾസ്റേറായ്, മാക്സിം ഗോർക്കി എന്നിവരുടെ സ്വാധീനം ഇക്കാലത്തെ ഇംഗ്ലീഷ് നാടകങ്ങളിൽ കാണാം. വില്യം ആർച്ചർ (1856—1926) ബർണാഡ്ഷോ തുടങ്ങിയ ചില നാടകകൃത്തുക്കൾ നാടകത്തിൻെറ വിമർശകർ കൂടിയായിരുന്നുവെന്നതും ഒരു പ്രത്യേകതയാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നോവൽ

ഭാഗികമായി വിദ്യാഭ്യാസം ലഭിച്ചവക്ക് ഇതരസാഹിത്യരൂപങ്ങളെ അപേക്ഷിച്ച് ഗദ്യസാഹിത്യം എളുപ്പവും ആസ്വാദ്യതരവുമാണെന്നു വന്നതോടെ നോവൽ പ്രബലമായ സാഹിത്യരൂപമായിത്തീന്നുവെന്നു നാം കണ്ടുകഴിഞ്ഞു.

ലണ്ടൻ താവളമാക്കിയ അമേരിക്കൻ നോവലിസ്ററ് ഹെൻറിജയിംസിൻെറ പിൻഗാമിയായി ജോസഫ്കോൺറാഡ് (1857—1927) ചിത്രീകരിക്കപ്പെട്ടു. നാടുകടത്തപ്പെട്ട ഒരു പോളിഷ് രാജ്യസ്നേഹിയുടെ പുത്രനായി ഉക്രെയ്നിലാണ് കോൺറാഡ് ജനിച്ചതു്. മാതാപിതാക്കളോടൊപ്പം കോൺറാഡ് റഷ്യയിലെ വാലഗയിലേക്കു പുറപ്പെട്ടു. സ്കൂൾ വിദ്യാഭ്യാസം പൂത്തിയാക്കാൻ കഴിയാതിരുന്ന അദ്ദേഹം 1874–ൽ ഒരു ഫ്രഞ്ച് ചരക്കു കപ്പലിൽ ജോലിക്കാരനായിചേന്നു. 1878–ൽ ഒരിംഗ്ലീഷ് വാണിജ്യകപ്പലിൽ ചേന്ന കോൺറാഡിനെ 1884-ൽ മാസ്റ്ററായി ഉയത്തിക്കൊണ്ടു ബോർഡ് ഓഫ് ട്രേഡ്സർട്ടിഫിക്കററു് നൽകുകയുണ്ടായി. തൽഫലമായി കോൺറാഡ് ഒരു ബ്രിട്ടീഷ് പൗരനായിത്തീർന്നു. 1894–ൽ കപ്പൽജോലി ഉപേക്ഷിച്ച അദ്ദേഹം പിൽക്കാലമത്രയും സാഹിത്യരചനയ്ക്കാണു ചെലവഴിച്ചതു്.

കോൺറാഡിൻെറ മിക്ക കൃതികൾക്കും പശ്ചാത്തലമൊരുക്കുന്നതു് കടലാണ്. നാവികനെന്ന നിലയിൽ സമുദ്രസഞ്ചാരങ്ങളിൽനിന്നു ലഭിച്ച അനുഭവങ്ങൾ പങ്കുവയ്ക്കുന്ന മിറർ ഓഫ് ദ സീ (1906) എന്ന ലേഖനസമാഹാരത്തിൽ കടലുമായി അദ്ദേഹത്തിനുള്ള ബന്ധം ഏററവും തെളിഞ്ഞുകാണുന്നു. മലയായിൽ കഴിച്ചുകൂട്ടിയ നാളുകളിലെ അനുഭവങ്ങളാണ് ആദ്യകൃതികളായ അൽമേയേഴ്സ് ഫോളി (1895), ആൻ ഔട്ട്കാസ്ററ് ഓഫ് ദ ഐലൻററ് (1896) എന്നീ നോവലുകളിൽ ആവിഷ്ക്കരിച്ചിരിക്കുന്നതു്. തനിക്കു പരിചയമില്ലാത്ത ഭാഷയും ജീവിതരീതികളും നോവലിസ്ററിനെ വട്ടംകറക്കുന്നതായി തോന്നും. എന്നാൽ ടെയ്ൽസ് ഓഫ് അൺറെസ്ററ് (1898) എന്ന കഥാസമാഹാരത്തിനുശേഷം പുറത്തുവന്ന ദ നിഗർ ഓഫ് ദ നാർസിസ്സസ് (1898), ലോർഡ് ജിം (1900) എന്നിവ വൻവിജയങ്ങളായിരുന്നു. യുവാവായ ഇംഗ്ലീഷ് കപ്പിത്താൻ മുങ്ങിത്താണുകൊണ്ടിരുന്ന കപ്പലുപേക്ഷിച്ചു പോയതിൻെറ പേരിൽ അഭിമാനക്ഷതമേൽക്കുന്നതും അന്തസ്സററ മരണത്തിലൂടെ മാനം വീണ്ടെടുക്കുന്നതുമാണ് ലോർഡ് ജിമ്മിൻെറ കഥ. പരോക്ഷ കഥാഖ്യാനമെന്ന സാങ്കേതികരീതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആദ്യമായി കോൺറാഡ് ഇതിൽ സ്വീകരിച്ചിരിക്കുന്നു. പില്ക്കാലകൃതികളിൽ കൂടെക്കൂടെ പ്രത്യക്ഷപ്പെടുന്ന മാർലോ എന്ന കഥാപാത്രത്തിലൂടെയാണ് കഥാഖ്യാനം നടത്തിയിരിക്കുന്നത്. നോവലുകളും ചെറുകഥകളുമായി അനേകം കൃതികൾ കോൺറാഡ് രചിച്ചിട്ടുണ്ട്.

ആധുനിക കാല്പനിക കഥാകൃത്തുക്കളിൽ ഏററവും പ്രിയങ്കരനാണ് കോൺറാഡ്. കടലിലെ സാഹസികാനുഭവങ്ങൾ, പ്രത്യേകിച്ചും മലയൻകടലുകളിലേതു്, സാഹിത്യസൃഷ്ടികളിൽ വിദഗ്ധമായുപയോഗിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. കലാപരമായ സാങ്കേതികത്വത്തെപ്പററി ഏറെ ചിന്തിച്ച കഥാകൃത്താണ് അദ്ദേഹം. കഥാപാത്രങ്ങളുടെ സ്വഭാവഗുണത്തിലാണ് അദ്ദേഹത്തിനു താല്പര്യം. വിശാലമായ ചുററുപാടുകളിൽനിന്നു തെരഞ്ഞെടുക്കപ്പെടുന്നവയാണ് അദ്ദേഹത്തിൻെറ കഥാപാത്രങ്ങൾ. അവയെ സത്യസന്ധമായി വിശകലനം ചെയ്യണമെന്ന നിർബ്ബന്ധം അദ്ദേഹത്തിനുണ്ടായിരുന്നില്ല. അടിസ്ഥാനപരമായ മാനുഷികമൂല്യങ്ങളിൽ അങ്ങേയററം തല്പരനായിരുന്നുവെന്നതു് കോൺറാഡിൻെറ പ്രത്യേകതയാണ്. തോമസ് ഹാർഡിയെപ്പോലെ ജീവിതദുരന്തങ്ങളെക്കുറിച്ചു ബോധവാനായിരുന്നെങ്കിലും വിധിയുടെ നേരെ അമർഷം കൊള്ളുകയോ, വിധിയെ പഴിക്കുകയോ ചെയ്യുന്നതു് കോൺറാഡിൻെറ സ്വഭാവമായിരുന്നില്ല. ബോധപൂർവ്വം സാഹിത്യരചന നടത്തുന്ന കലാകാരനായിരുന്നു അദ്ദേഹം. അനുപ്രാസവും, താളബോധവും ഒത്തുചേരുന്ന കോൺറാഡിൻെറ ഗദ്യശൈലി കവിതയ്ക്കു സമമാണ്. കാലം കടന്നുപോകുന്നതോടെ അദ്ദേഹത്തിൻെറ ശൈലി കൂടുതൽ ആലങ്കാരികമായിത്തീർന്നു.

സജീവവും അന്വേഷണതല്പരവുമായ ഒരു മനസ്സിൻെറ ഉടമയായിരുന്നു ഹെർബർട്ട് ജോർജ്ജ് വെൽസ് (1866—1946). കാലഘട്ടം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും മനുഷ്യരാശിയുടെ ഉന്നമനത്തിനുള്ള സാദ്ധ്യതകളെക്കുറിച്ചും ഗാഢമായി ചിന്തിച്ച വെൽസ് അവയെ അടിസ്ഥാനമാക്കി ധാരാളം കല്പിതകഥകളും കോരിത്തരിപ്പിക്കുന്ന ശാസ്ത്രകഥകളും രചിച്ചിട്ടുണ്ട്. കിപ്പ്സ് (1905), ദ ഹിസ്റ്ററി ഓഫ് മിസ്ററർ പോളി (1910) തുടങ്ങി താണ മദ്ധ്യവർഗ്ഗ ഇംഗ്ലീഷ് ജീവിതം പ്രതിപാദിക്കുന്ന നോവലുകൾ അങ്ങേയററം ആസ്വാദ്യതരമാണ്. കെൻറിലെ ബ്രോംബിയിൽ ജനിച്ച് അവിടെത്തന്നെ വിദ്യാഭ്യാസം നിർവ്വഹിച്ച വെൽസ് ആദ്യമൊരു കെമിസ്ററിൻേറയും പിന്നീട് ഒരു വസ്ത്രവ്യാപാരിയുടേയും കീഴിൽ അപ്രൻറീസായി ജോലിനോക്കി. പിന്നീട് അദ്ധ്യാപ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൃത്തിയിലേർപ്പെട്ടെങ്കിലും അനാരോഗ്യം മൂലം 1893–ൽ ആ പണി ഉപേക്ഷിക്കേണ്ടിവന്നു. പിന്നീട് തിരിഞ്ഞതു സാഹിത്യത്തിലേക്കാണ്.

ലേബർപാർട്ടിയുടെ ശക്തനായ അനുഭാവിയായിരുന്നു വെൽസ്. തന്റെ കാലഘട്ടത്തിലെ ആധുനികരായ എഴുത്തുകാരിൽ ഏററവും അധികം രചന നടത്തിയതു് വെൽസാണ്. ഏതാണ്ട് അമ്പതു വർഷം നീണ്ടുനിന്ന സാഹിത്യജീവിതത്തിനിടയ്ക്കു് നൂറോളം കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. 1895–ൽ ശാസ്ത്രകഥകളിൽ ആദ്യത്തേതായ ടൈം മെഷീൻ പ്രസിദ്ധപ്പെടുത്തി. വെൽസിന്റെ നോവലുകളെ പ്രധാനമായും മൂന്നു ഗണങ്ങളായി തിരിക്കാം. സ്വിഫ്ററിന്റെ ഗളിവേഴ്സ് ട്രാവൽസിന്റെ മാതൃകയിൽ വിചിത്രവും, സാങ്കല്പികവുമായ കഥകളാണ് ഒന്നാമത്തെ വിഭാഗം. ഇത്തരം കഥകളിൽ നോവലിസ്ററ് സ്വയം അകന്നുനിന്നുകൊണ്ട് അന്യനെപ്പോലെ നമ്മുടെ ജീവിതത്തെക്കാണുകയും, അപഗ്രഥിക്കുകയും ചെയ്യുന്നു. ദ വണ്ടർഫുൾ വിസിററ് (1895) ഇതിനുദാഹരണമാണ്. രണ്ടാമത്തെ ഭാഗത്തിൽ മുഖ്യമായും പാത്രസ്വഭാവത്തേയും നർമ്മരസത്തേയുമാണ് കടന്നുപിടിച്ചിരിക്കുന്നതു്. ദ ഹിസ്ററി ഓഫ് മിസ്ററർ പോളി (1910) പോലുള്ള കൃതികൾ ഇതിലുൾപ്പെടുന്നു. മനുഷ്യപുരോഗതിയേയും ആദർശങ്ങളേയും പററിയുള്ള പരിശോധനകളാണ് മുഖ്യമായും മൂന്നാമത്തെ വകുപ്പിൽപെടുന്ന നോവലുകൾ. ദ ഹിസ്ററി ഓഫ് മിസ്ററർ പോളി, കിപ്പ്സ്, ദ വീൽസ് ഓഫ് ചാൻസ് എന്നിവയാണ് അദ്ദേഹത്തിന്റെ നല്ല നോവലുകളിൽ ചിലതു്. യുദ്ധകാലത്തും അതിനു ശേഷവും ധാരാളം ഗദ്യപ്രബന്ധങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. എക്സ്പെരിമെൻറ് ഇൻ ഓട്ടോ ബയോഗ്രഫി 1934–ലും പ്രചുരപ്രചാരമുള്ള ലോകചരിത്രം 1922–ലും പ്രകാശിതമായി.

ബർണാഡ്ഷായെപ്പോലെ സമകാലികസാമൂഹികപ്രശ്നങ്ങളെക്കുറിച്ചും ബോധവാനായിരുന്നു അദ്ദേഹം. സ്ത്രീകൾക്കു കൂടുതൽ അവസരങ്ങൾ നല്ലണമെന്ന പക്ഷക്കാരനായിരുന്ന അദ്ദേഹം വിലക്കുകളില്ലാത്ത പ്രേമബന്ധത്തിനുവേണ്ടി വാദിച്ചിരുന്നു. തന്റെ വായനക്കാർക്കുവേണ്ടി വളരെയേറെ കഥാപാത്രങ്ങളെ വെൽസ് സൃഷ്ടിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ നല്ല കഥാപാത്രങ്ങളിൽ മിക്കതും താഴ്ന്ന ഇടത്തരക്കാരിൽനിന്നു സ്വീകരിക്കപ്പെട്ടവയാണ്. അവരെ അനുകമ്പാപൂർവ്വം പഠിക്കുകയും, നർമ്മരസത്തോടെ അവതരിപ്പിക്കുകയും ചെയ്യുന്നു. കോൺറാഡിനേയും, ഹാർഡിയേയുംപോലെ ജീവിതത്തെപ്പ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ററി ഗൗരവതരമായ കാഴ്ചപ്പാടുകളാണ് അദ്ദേഹം അവതരിപ്പിക്കുന്നതു്. പഴയതലമുറയുടെ രചനാരീതിയാണ് അതിനദ്ദേഹം അവലംബിക്കുന്നതു്. നോവലിൻെറ'കല'യെക്കുറിച്ചുള്ള പുതിയ സിദ്ധാന്തങ്ങളൊന്നും അദ്ദേഹത്തെ കാര്യമായി ബാധിച്ചില്ല. ആധുനിക വിമർശകർ വെൽസിനെ ഇകഴ്ത്തുന്നതു് ഇക്കാരണംകൊണ്ടാണ്.

ജോസലിൻ (1898) എന്ന നോവലെററും, ദി ഐലൻറ് ഫാരിസീസും (1904) ഉംപ്പെടെ കനപ്പെട്ടതെന്നു പറയാനാവാത്ത അരഡസൻ കൃതികൾ പ്രസിദ്ധീകരിച്ചശേഷം ജോൺ ഗാൽസ്‌വത്തി (1867—1933) രചിച്ച ആദ്യത്തെ മെച്ചപ്പെട്ട നോവലാണ് ദ മാൻ ഓഫ് പ്രോപ്പർട്ടി (1906). ഡെവൺഷയറിലെ ഒരു പുരാതനകുടുംബത്തിൽനിന്നു വന്ന ജോൺ ഗാൽസ്‌വത്തി (1867—1933) വിദ്യാഭ്യാസം നിർവ്വഹിച്ചതു് ഹാരോയിലും, ഓക്സ്ഫഡിലെ ന്യൂ കോളേജിലുമാണ്. 1890–ൽ അഭിഭാഷകനായി സന്നതെടുത്തെങ്കിലും ആ തൊഴിലിൽ വലിയ താല്പര്യമുണ്ടായിരുന്നില്ല. സാമൂഹികപ്രശ്നങ്ങൾ അദ്ദേഹത്തെ വല്ലാതെ അലട്ടുകയുണ്ടായി. അത്തരം പ്രശ്നങ്ങളാണ് ഗാൽസ്‌വത്തിയുടെ കൃതികളിലെ പ്രമേയങ്ങൾ. നോവലിസ്ററായിട്ടാണ് ഗാൽസ്‌വത്തി സാഹിത്യജീവിതം ആരംഭിച്ചതു്. 1929-ൽ ഓർഡർ ഓഫ് മെറിററ് എന്ന ബഹുമതിയും നാലു വർഷത്തിനുശേഷം നോബൽസമ്മാനവും ഗാൽസ്‌വത്തിയെ തേടിയെത്തി. ബൃഹത്തായ കുടുംബ നോവലായ ദ ഫോർസൈററ്സാഗ(1922)യുടെ ആദ്യഭാഗമായിരുന്നു ഈ കൃതി. ഈ ബൃഹത്കൃതിയുടെ മററു ഭാഗങ്ങളായ ഇൻ ചാൻസറി (1920), ററു ലൈററ് (1921) എന്നിവയും അവയെ കോർത്തിരിക്കുന്ന വിഷ്കകംഭങ്ങളും ഇന്ത്യൻ സമ്മർ ഓഫ് എ ഫോർസൈററ് (1917), അവേകെനിങ് (1920) എന്നിവയും ഗാൽസ്‌വത്തിയുടെ പ്രധാന കൃതികളിൽ ചിലതാണ്. വിക്ടോറിയൻ യുഗത്തിൻെറ ഉത്തരാർദ്ധംവരെ നീണ്ടുകിടക്കുന്ന ഫോർസൈററ്കുടുംബത്തിൻെറ ചരിത്രം എ മോഡേൺ കോമഡി(1929)യിൽ തുടരുന്നു. എ മോഡേൺ കോമഡിയുടെ മൂന്നു ഭാഗങ്ങളായ ദ സിൽവർ സ്പൂൺ (1926), സ്വാൻ സോങ് (1928) എന്നിവയിലും എ സൈലൻറ് വൂയിങ് (1927). പാസ്സേർസ്ബൈ (1927), എന്നീ കഥകളിലും ഈ കുടുംബചരിത്രത്തിൻെറ നിഴൽ പരന്നിട്ടുണ്ട്. ദ കൺട്രി ഹൗസ് (1907). ഫ്രെറേർണിററി (1909), ദ പട്രീഷ്യൻസ് (1911), ദ ഡാർക്ക് ഫ്ളവർ (1913), ഫ്ളവറിങ് വിൽഡർനസ്സ് (1932) എന്നിവയാണ് പ്രധാനപ്പെട്ട മററു നോവലുകൾ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ ഫോർസൈററ് സാഗയിൽ യഥാത്ഥ നഗരവാസികളായ ഫോർസൈററ് കുടുംബത്തെ വിശകലനം ചെയ്യുകയാണ് നോവലിസ്ററ്. താൻ കൂടി ഉൾപ്പെട്ട ഉയന്ന ഇടത്തരക്കാരുടെ വസ്തുനിഷ്ഠവും വ്യംഗ്യവുമായ ചിത്രം നൽകുകയാണ് ഗാൽസ്വത്തിൻെറ പ്രധാനകൃതികളിൽ. വ്യാജോക്തിയാണ് അദ്ദേഹത്തിൻെറ മുഖ്യ ആയുധം. കഥാപാത്രങ്ങളുടെ സ്വഭാവരീതിക്കനുസരിച്ചുള്ള ശൈലിയാണ് അദ്ദേഹത്തിൻേറതു്.

ഫ്രാൻസിൽ ബ്രിട്ടീഷ് പ്രചരണസമിതിയുടെ ഡയറക്ടറായി കുറേക്കാലം പ്രവത്തിച്ച ഈനക് ആർനാൾഡ്ബെനററ് (1867—1931) നോവലുകളും ചെറുകഥകളും, ഉപന്യാസങ്ങളും. നാടകങ്ങളുമായി എൺപതോളം കൃതികൾ രചിച്ചിട്ടുണ്ട്. സമകാലിക പ്രശ്നങ്ങൾ അദ്ദേഹത്തെ ചലിപ്പിച്ചില്ല. ഹാർഡിക്ക് വെസ്സെക്സ് എങ്ങനെയോ, അങ്ങനെയായിരുന്നു ബെനററിന് ബ്ലാക്ക് കൺട്രി. അദ്ദേഹത്തിൻെറ മാസ്ററർപീസുകളായ ദി ഓൾഡ് വൈവ്സ് ടെയ്ൽ (1908), ക്ലേ ഹാങ്ങർ (1910), ഹിൽഡാ ലെസ്‌വേസ് (1911), ദീസ് ട്വെയ്ൻ (1916) എന്നിവ ബ്ലാക്ക് ഡിസ്ട്രിക്ടിനെ പശ്ചാത്തലമാക്കി രചിച്ചവയാണ്. മററൊരു പ്രധാന നോവലാണ് റൈസിമാൻ സ്റ്റെപ്പ്സ് (1923). വിക്ടോറിയൻ യുഗം മുതൽ ആധുനികകാലഘട്ടംവരെയുള്ള 'പോട്ടറി'കളുടെ ചരിത്രം വിവരിക്കുന്ന ഒരു യഥാത്ഥ നോവലാണ് ഓൾഡ് വൈവ്സ് ടെയ്ൽ. ഒരു സമൂഹത്തെ സംബന്ധിക്കുന്ന പ്രമാണമെന്ന നിലയിൽ ഇതിനു പ്രത്യേക പ്രാധാന്യമുണ്ട്. തൻേറതായ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നതിൽ അദ്ദേഹത്തിനു താല്പര്യമുണ്ടായിരുന്നില്ല. കച്ചവടത്തിലും വ്യവസായത്തിലും ആമഗ്നമായിരുന്നു അദ്ദേഹത്തിൻെറ ശ്രദ്ധ മുഴുവൻ. ഇടത്തരക്കാരുടെ സാധാരണ ഭാഷാശൈലി വിദഗ്ധമായി അനുകരിക്കാനുള്ള കഴിവുണ്ടായിരുന്നു അദ്ദേഹത്തിന്. ഇതു കൂടാതെ പത്തു നോവലുകളും ഏതാനും കഥാസമാഹാരങ്ങളും രചിച്ചിട്ടുണ്ട്. ദ ട്രൂത്ത് എബൗട്ട് ആൻ ഓഥർ (1903), ദി ഓഥേഴ്സ് ക്രാഫ്ററ് (1914) എന്നിവയും ശ്രദ്ധേയമാണ്.

ബീസ്ററ് ആൻറ് മാൻ ഇൻ ഇൻഡ്യയുടെ വ്യാഖ്യാതാവായ ജോൺ ലോക്ക് വുഡ് കിപ്ലിങ്ങിൻെറ പുത്രനായ റഡ്യഡ് കിപ്ലിങ്ങ് (1865—1936) ജനിച്ചതു് ബോംബെയിലാണ്. ഡെവണിലെ യുണൈററഡ് സർവ്വീസസ് കോളേജിൽ വിദ്യാഭ്യാസം നിവ്വഹിച്ച കിപ്ലിങ്ങിൻെറ അവിടത്തെ അനുഭവങ്ങൾ ചിത്രീകരിക്കുന്ന കൃതിയാണ് സ്റേറാക്കി ആൻറ് കമ്പനി (1899). 1882 മുതൽ 89 വരെ ഇൻഡ്യയിൽ പത്രപ്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വത്തകനായി പ്രവത്തിച്ചിരുന്നു. ചെറുകഥകളാണ് കിപ്ലിങ്ങിൻെറ പ്രശസ്തിക്ക് ആധാരം. ഇന്ത്യൻ ജീവിതം, കടലും, കാട്ടും, കാട്ടുമൃഗങ്ങളും, പട്ടാളവും നാവികസൈന്യവും എന്നിങ്ങനെ അത്യന്തവിഭിന്നങ്ങളാണ് അദ്ദേഹത്തിൻെറ വിഷയങ്ങൾ. ഏതാനും കവിതകളും കിപ്ലിങ്ങിൻെറ പ്രശസ്തിക്കു മാററുകൂട്ടിയിട്ടുണ്ട്. സാഹിത്യത്തിനുള്ള നോബൽസമ്മാനമുൾപ്പെടെ (1907) ഒട്ടേറെ പുരസ്കാരങ്ങൾ അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി. വിപുലമായ രചനകളും ബഹുമുഖപ്രതിഭയുമുള്ള എഴുത്തുകാരനായിരുന്നു കിപ്ലിങ്ങ്. ആംഗ്ലോ ഇന്ത്യക്കാരുടേയും നാട്ടുകാരുടേയും ജീവിതചിത്രീകരണത്തിൽ പ്രത്യേക വാസനയുണ്ടായിരുന്നു അദ്ദേഹത്തിനു്. കഥാപാത്രങ്ങളെ ആഴത്തിൽ പഠിച്ച് അവതരിപ്പിക്കുന്ന സ്വഭാവമില്ലായിരുന്നെങ്കിലും പട്ടാളക്കാരും ഗ്രാമീണരും കുട്ടികളുമായി ജീവിതത്തിൻെറ വിഭിന്നതുറകളിലുള്ളവരുടെ ഛായാചിത്രങ്ങൾ വരയ്ക്കാൻ അദ്ദേഹത്തിനുണ്ടായിരുന്ന കഴിവ് അപരിമേയമായിരുന്നു. പ്ലെയ്ൻ ടെയ്ൽസ് ഫ്രം ദ ഹിൽസ് (1888), വീവിലി വിങ്കി (1888), ദ ജംഗിൾ ബുക്ക് (1894), ദ സെക്കൻഡ് ജംഗിൾ ബുക്ക് (1895), സ്ററാക്കി ആൻഡ് കോ (1899), കിം (1901), ഡെബിററ്സ് ആൻഡ് ക്രെഡിററ്സ് (1926), ലിമിററ്സ് ആൻഡ് റി ന്യൂവൽസ് (1932) എന്നിവ പരക്കെ അംഗീകരിക്കപ്പെട്ട കൃതികളിൽ ചിലതു മാത്രമാണ്.

നോവലിൻെറ വ്യാപ്തിയെക്കുറിച്ചും കലാസംവിധാനക്രമത്തെക്കുറിച്ചും ഇംഗ്ലീഷ് നോവലിസ്ററുകൾ ചിന്തിച്ചു തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളൂ. കഥ നേരെയങ്ങു പറഞ്ഞുപോകുന്ന രീതി വിട്ട് പരോക്ഷമായോ ക്രമരഹിതമായോ ആഖ്യാനം നടത്തുന്ന രീതി പലരും സ്വീകരിച്ചു. കഥാപാത്രങ്ങളുടെ മനോവ്യാപാരങ്ങളിലേക്കു നോവലിസ്ററുകളുടെ ശ്രദ്ധ തിരിഞ്ഞുതുടങ്ങിയതും ഇക്കാലത്താണ്. വെൽസിനേയും ഗാൽസ്‌വത്തിയേയും പോലുള്ളവർ നോവലിനെ സാമൂഹികപ്രചാരണോപാധിയായി കണ്ടവരാണ്.

ഇക്കാലത്തെ ഇംഗ്ലീഷ് നോവലിസ്ററുകളിൽ മഹാപ്രതിഭകളായ ഫ്രഞ്ച്, റഷ്യൻ നോവലിസ്ററുകളുടെ സ്വാധീനം അതിശക്തമായിരുന്നു. ഫ്ളാബേർ, ഗോൺ കോർട്ട് സഹോദരന്മാർ, ഡോസ്ററവ്സ്കി, ടർഗന്യേവ്, ടോൾസ്റേറായ് എന്നിവരാണ് മുഖ്യമായും ഇംഗ്ലീഷ് നോവലിസ്ററുകളെ സ്വാധീനിച്ചതു്.

നോവലിൽ മാത്രമല്ല, ചെറുകഥയുടെ കാര്യത്തിലും വൈദേശികസ്വാധീനം അനുഭവപ്പെടുന്നുണ്ട്. മുമ്പുണ്ടാകാത്ത തര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിലുള്ള പ്രചാരം ചെറുകഥയ്ക്കു ലഭിച്ചു. ബെനററ്, കോൺറാഡ്, കിപ്ലിങ്ങ്, വെൽസ് എന്നിവർ ഈ മാദ്ധ്യമം വിജയകരമായി കൈകാര്യം ചെയ്തവരാണ്. ഡബ്ലിയു. ഡബ്ലിയു. ജേക്കബാണ് അറിയപ്പെടുന്ന മറെറാരു കഥാകൃത്ത്.

റിയലിസത്തിൻെറ കാലഘട്ടമായിരുന്നെങ്കിലും നാടകത്തിലും നോവലിലും വീരഗാഥകളോടുള്ള ആവേശം നിലനിന്നിരുന്നു. സ്ററീവൻസൻ ഉണർത്തിവിട്ട ഈ ആവേശം കിപ്ലിങ്ങിനേയും കോൺറാഡിനേയും പ്രചോദിപ്പിച്ചിട്ടുണ്ട്. വിശ്വപ്രസിദ്ധനായ ഷെർലക്ക് ഹോംസ് കഥകളുടെയും, വൈററ് കമ്പനി എന്ന നോവലിൻെറയും കർത്താവായ സർ ആർതർ കൊനൻഡേയ്ൽ, ആൻറണി ഹോപ് (ഹോക്കിൻസ്) എന്നിവരാണ് ഇക്കാലത്തു ജനപ്രീതിയാർജ്ജിച്ച രണ്ടെഴുത്തുകാർ.

നാനാവിധഗദ്യസാഹിത്യം

പലവിധ ഗദ്യസാഹിത്യരചയിതാക്കളുടെ കൂട്ടത്തിൽ ആദ്യം പറയേണ്ട വ്യക്തിയാണ് ഉപന്യാസകാരൻ, നോവലിസ്റ്റ്, വിമർശകൻ, ജീവചരിത്രകാരൻ, കവി, നാടകകൃത്ത് എന്നീ നിലകളിലൊക്കെ പയററിത്തെളിയുകയും, വിമർശനരംഗത്ത് പ്രവർത്തനനിരതനാകുകയും ചെയ്ത ജി. കെ. ചെസ്റ്റർട്ടൻ (1874—1936). വ്യത്യസ്ത സാഹിത്യരൂപങ്ങളിൽ കൈവയ്ക്കുകയും ഉൽക്കൃഷ്ടങ്ങളായ ഉപന്യാസങ്ങൾ രചിക്കുകയും ചെയ്ത ഹിലയർ ബെല്ലക് (1870—1953); യഥാർത്ഥത്തിൽ ഇല്ലാത്തതു കെട്ടിച്ചമയ്ക്കാനുള്ള കഴിവോ, സഹാനുഭൂതിയോ ഇല്ലാത്ത, വസ്തുതകൾമാത്രം പറയുന്ന ഡബ്ലിയു. എച്ച്. ഹഡ്സൺ (1841—1922) എന്നിവരും ഇക്കൂട്ടത്തിൽ പെടുന്നു. ഖണ്ഡശഃ പ്രസിദ്ധീകരിക്കുന്ന ഹ്രസ്വലേഖനങ്ങളുടെ തിരിച്ചുവരവാണ് ഇക്കാലത്തെ ഗദ്യസാഹിത്യത്തിൻെറ ഒരു പ്രത്യേകത. ചെസ്റ്റർടൺ കഴിഞ്ഞാൽ ഈ ശാഖയുടെ ഏററവും വലിയ മാതൃകയായിരുന്നു മാക്സ്ബിയർ ബോം (1872—1956). അന്നത്തെ ഏററവും സമർത്ഥനായ ഹാസ്യചിത്രകാരൻകൂടിയായിരുന്നു അദ്ദേഹം. അകൃത്രിമവും സരളവുമായ അനേകം ലേഖനങ്ങളും ചാൾസ് ലാംബിൻെറ ജീവചരിത്രവും രചിച്ച സഞ്ചാരപ്രിയനായ ഈ. വി. ലൂക്കാസ് (1868—1938), എ. ജി. ഗാർഡിനർ (1865—1946), ബെല്ലക്, ഗാൽസ്‌വർത്തി, എന്നിവരും പ്രത്യേക പരാമർശമർഹിക്കുന്നു.

ദ സൈക്കോളജി ഓഫ് സെക്സിൻെറ (1897—1910) കർത്താവായ ഹെൻറി ഹാവ്‌ലക്ക് എല്ലിസ് (1859—1939),

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഹാഗണിതശാസ്ത്രജ്ഞനും ചിന്തകനുമായ ബർട്രൻഡ് റസ്സൽ (1872—1970) എന്നിവരും തത്ത്വചിന്താപരമായ അനേകം കൃതികൾ രചിക്കുകയുണ്ടായി. വിമർശകരുടെ കൂട്ടത്തിൽ ഷേക്സ്പീരിയൻ ട്രാജഡി (1904) യുടേയും, ഓക്സ്ഫേഡ് ലെക്ചേഴ്സ് ഓൺ പോയട്രി (1909) യുടേയും കർത്താവായ ഏ. സി. ബ്രോഡ്ലി (1851—1935); മിൽട്ടൻ, ഷേക്സ്പിയർ, ജോൺസൺ എന്നിവരെപ്പററി പഠനം നടത്തിയ സർ വാൾട്ടർ റാലി; ദ ഡാർക്ക് ഏജസ് (1904), എസ്സേയ്സ് ഓൺ മെഡീവൽ ലിററ്റേച്ചർ (1905) എന്നീ പ്രൗഢഗ്രന്ഥങ്ങൾ രചിച്ച ഡബ്ല്യു. പി. കർ (1855—1923), അതിവിപുലമായ സാഹിത്യസൃഷ്ടികളുടെ ഉടമയായ ജോർജ്ജ് സെയ്ൻറ്സ്ബറി തുടങ്ങിയവരെ എടുത്തു പറയേണ്ടിയിരിക്കുന്നു. നാളുകൾ നീങ്ങിയതോടെ ഷേക്സ്പിയർപഠനങ്ങളോടുള്ള ആഭിമുഖ്യം വർദ്ധിച്ചുവന്നു. എഡ്വേഡ് ഡൗസൻ, ജോൺ, എ. സിമണ്ട്സ്, സർ ആർതർ കവില്ലർ കൗച്ച്, ഡോവർ വിൽസൺ എന്നിവരാണ് ഗ്രാൻവിൽ ബാർക്കറെ കൂടാതെയുള്ള പ്രശസ്ത ഷേക്സ്പിയർ വിമർശകർ.

മഹായുദ്ധങ്ങൾക്കിടയിൽ

രണ്ടു ലോകമഹായുദ്ധങ്ങളുടെ ഇടയ്ക്കുള്ള കാലഘട്ടം ആദ്യയുദ്ധത്തിൻെറ അനന്തരഫലങ്ങളും, വരാൻപോകുന്ന മഹാവിപത്തിൻെറ ദുഃസൂചനകളുംകൊണ്ടു കലുഷമായിരുന്നു. വിദേശകാര്യങ്ങളിലായിരുന്നു പ്രധാനമായും ബ്രിട്ടൻെറ ശ്രദ്ധ. പുതുതായി രൂപംകൊണ്ട ലീഗ് ഓഫ് നേഷൻസിൻെറ പ്രശ്നങ്ങൾ, മദ്ധ്യപൂർവ്വദേശത്തെ അനിശ്ചിതാവസ്ഥ, ഇന്ത്യയിലേയും, അയർലണ്ടിലേയും കുഴപ്പങ്ങൾ എന്നിവയൊക്കെയായിരുന്നു പ്രശ്നങ്ങൾ, ലൊർക്കാനോ സന്ധി (1925) യൂറോപ്പിൽ താൽക്കാലികമായിട്ടെങ്കിലും ഉൽക്കണ്ഠ കുറച്ചുവെന്നതു നേരുതന്നെ. 1926–ലെ പൊതു പണിമുടക്ക് സാമ്പത്തികമാന്ദ്യം സൃഷ്ടിക്കുകയും തത്ഫലമായി ദാരിദ്ര്യവും, തൊഴിലില്ലായ്മയും വർദ്ധിക്കുകയും ചെയ്തു. ജർമ്മനിയിൽ നാസികൾ അധികാരത്തിൽ വന്നതോടെ രാജ്യാന്തരപ്രശ്നങ്ങൾ വീണ്ടും ഉയർന്നുവന്നു.

1934 മുതൽ 1939 വരെ രാജ്യാന്തരരംഗത്തു് സംഘർഷം നിറഞ്ഞുനിന്നു. ആത്മീയമായി നോക്കുമ്പോൾ ആദ്യ യുദ്ധത്തെത്തുടർന്നു നശിച്ചുപോയ ഉല്ലാസവും നിയതമായ ചപലസ്വഭാവവും ആശങ്കയ്ക്കു വഴിമാറിക്കൊടുക്കുന്നതായി കാണാം.

മറെറാരു യുഗത്തിലും ആ കാലഘട്ടത്തിൻെറ ചിന്താധാരകൾ അതാതു സാഹിത്യത്തിൽ ഈ കാലഘട്ടത്തിലേതുപോലെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വാധീനത ചെലുത്തിയിട്ടുണ്ടെന്നു തോന്നുന്നില്ല. ഇംഗ്ലണ്ടി ൻെറ സുസ്ഥിരതയുടെ അനുകൂലഗുണങ്ങളനുഭവിച്ചുപോന്ന വിക്ടോറിയൻ യുഗക്കാരുടെ സാഹിത്യത്തിൽ സർവ്വത്ര വ്യാപി ച്ചിരുന്നതു് അക്രമരഹിതമായ മാനവമൂല്യങ്ങളുടെ സത്തയാ ണു്. 1930–കളിലെ സാഹിത്യമാകട്ടെ ലോകത്തിൻെറയാ കെ അവസ്ഥ പ്രതിഫലിപ്പിക്കുന്നതായിരുന്നു. മുപ്പതുകളിലെ കവിത മുഖ്യമായും കേന്ദ്രീകരിച്ചിരുന്നതു് ററി. എസ്. എലി യട്ട്, ഡബ്ലിയു. എച്ച്. ഓഡൻ, സെസിൽഡേ ലീവിസ്, ലൂയി മക്‌നീസ് എന്നിവരിലാണു്.

റേഡിയോയും സിനിമയും സാഹിത്യത്തിൽ ശക്തമായ സ്വാധീനം ചെലുത്തുകയുണ്ടായി. പ്രക്ഷേപണം ചെയ്യപ്പെട്ട നിലയിൽ കഥകളും നാടകങ്ങളും സാഹിത്യചർച്ചകളും വീട്ടി ലെത്തിക്കാൻ കഴിയുമായിരുന്നു. അതോടെ എഴുത്തുകാർക്ക് ഒരു നൂതനമേഖല തുറന്നുകിട്ടുകയായി. നോവലിലെ പരീ ക്ഷണങ്ങൾക്കു് ഒരു പരിധിവരെ കാരണമായിത്തീർന്നതു് ചല ച്ചിത്രരംഗത്തെ സാങ്കേതികവികാസങ്ങളാണു്

കവിത

ഹോപ്കിൻസിൻെറയും, ററി. എസ് എലിയററി (1888—1965)ൻെറയും കാവ്യോപാസനകളെ വേർതിരിക്കുക ബുദ്ധിമുട്ടുള്ള കാര്യമാണു്. എങ്കിലും ഹോപ്കിൻസിൻെറ അനുയായിയെന്ന നിലയിൽ എലിയററിനെ കണക്കാക്കിക്കൂ ടാ. യുണൈററഡ് സ്റ്റേററ്സിൽ ജനിച്ച എലിയററ് അവി ടെയും, ഫ്രാൻസിലുമായി വിദ്യാഭ്യാസം നിർവ്വഹിക്കുകയും ഒടു വിൽ ബ്രിട്ടീഷ് പൗരത്വം സ്വീകരിച്ച് അവിടെ താമസമുറ പ്പിക്കുകയുമായിരുന്നു. കുറേക്കാലം ഹൈഗേററ്സ്കൂളിൽ അദ്ധ്യാ പകവൃത്തി അനുഷ്ഠിച്ചശേഷം നഗരത്തിലെ ലോയിഡ്സ് ബാങ്കിൽ എട്ടുവർഷകാലം ജോലി നോക്കി. കുറെക്കാലം ചില സാഹിത്യപ്രസിദ്ധീകരണങ്ങളുടെ എഡിറററായി അദ്ദേ ഹം പ്രവർത്തിച്ചു. പിന്നീട ഫേബർ ആൻറ് ഫേബർ എന്ന പുസ്തകപ്രസിദ്ധീകരണക്കാരുടെ ഒരു ഡയറക്ടറായിത്തീർന്നു. നോബൽ പ്രൈസ് (1948), ഓർഡർ ഓഫ് മെറിററ് (1948) തുടങ്ങിയ ഉന്നതപുരസ്ക്കാരങ്ങളോടൊപ്പം ഒട്ടനേകം ബഹുമ തികൾ എലിയററിനു ലഭിച്ചിട്ടുണ്ടു്. യൂറോപ്പിലും അമേരി ക്കയിലുമുള്ള പന്ത്രണ്ടു സർവ്വകലാശാലകളിൽനിന്നു് ബഹുമതി ബിരുദങ്ങൾ അദ്ദേഹത്തിനു നല്കപ്പെട്ടിട്ടുണ്ടു്.

എലിയററിൻെറ ആദ്യകവിതാ സമാഹാരമായ പ്രുഫ്രോ ക്ക് ആൻറ് അദർ ഒബ്സർവേഷൻസിൽ (1917) അദ്ദേഹ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിൻെറ ഏററവും നല്ല രണ്ടു കവിതകളായ 'ദ ലവ് സോങ് ഓഫ് ജെ. ആൽഫ്രഡ് പ്രുഫ്രോക്ക്', 'പോർട്രേററ് ഓഫ് എ ലേഡി' എന്നീ നാടകീയസ്വഗതോക്തികൾ ഉൾപ്പെടുന്നു. ഇരുപതാം നൂററാണ്ടിലെ വ്യർത്ഥമായ നാഗരികജീവിതത്തെ സംബന്ധിക്കുന്ന മുക്തച്ഛന്ദസ്സിലുള്ള ഹ്രസ്വകവിതകളുടെ ഒരു നിരയാണ് ഇവ. കാവ്യരീതി വ്യത്യസ്തവും, വ്യാജോക്തി വ്യക്തവുമാണെങ്കിലും ഏതാണ്ട് ഇതേരീതിയിൽത്തന്നെയുള്ള കവിതകളാണ് പോയംസ് (1920). ഇതിലെ ക്ലിഷ്ടമായ 'ജെറൻഷൻ' എന്ന സ്വഗതാഖ്യാനം പില്ക്കാല എലിസബി ത്തൻ നാടകകൃത്തുക്കളുടെ ബ്ലാങ്ക്വേഴ്സിനെ എലിയററ് എങ്ങനെ സ്വതന്ത്രമായി അനുവർത്തനം ചെയ്തിരിക്കുന്നുവെന്നു കാട്ടിത്തരുന്നു.

ലണ്ടൻനഗരത്തിൻെറ പശ്ചാത്തലത്തിൽ രചിച്ചിരിക്കുന്ന വേസ്റ്റ്ലൻറ് (1922) ഒരു മാസ്റ്റർപീസെന്ന നിലയിലും ആ കാലഘട്ടത്തിൻെറ തുടിപ്പുകൾ ഉൾക്കൊള്ളുന്ന കൃതിയെന്ന നിലയിലും ആരാധന പിടിച്ചു പററി. സമകാലിക ലോക ത്തിൻെറ പ്രക്ഷുബ്ധമായ ദൃശ്യം കാഴ്ചവയ്ക്കുന്ന ഛന്ദോമുക്തമായ ഈ കാവ്യം സാഹിത്യ കൃതികളിൽനിന്നുള്ള സൂചനകളും ഉദ്ധര ണികളും പ്രവചനപരമായ ധ്വനിയുംകൊണ്ടു ശ്രദ്ധേയമാണ്. ലണ്ടൻ നഗരത്തെ ഊഷരഭൂമിയായി അഞ്ചു ഭാഗങ്ങളുള്ള ഈ കൃതി അവതരിപ്പിക്കുന്നു. അനേകം ബിംബങ്ങളും ഇതിൽ കൊരുത്തിരിക്കുന്നു. ടൈറീസിയസ് എന്ന കഥാപാത്രമാണ് കാവ്യത്തിൻെറ അഞ്ചുഭാഗങ്ങൾക്ക് ഏകത്വം നൽകുന്നത്.

ആദ്യകാലരചനകളായ പോയംസ് 1909—25 എന്ന കൃതിയിലുൾപ്പെട്ട ഒരു കവിതയാണ് 'ദ ഹോളോ മെൻ.' ആധു നിക ജീവിതത്തിലെ പൊള്ളത്തരങ്ങളേയും നിരാശാബോധ ത്തേയും വ്യഞ്ജിപ്പിക്കുന്ന ഒന്നാണ് ഈ ഹ്രസ്വകവിത. 1930-ൽ ആഷ് വെൻസ്ഡേ പ്രസിദ്ധീകരിക്കുമ്പോഴേക്കും എലിയട്ട് ഒരു ആംഗ്ലോ കാത്തോലിക്കായിരുന്നു (ആംഗ്ലോ കാത്തലക്ക് കത്തോലിക്കനല്ല, യാഥാസ്ഥിതിക) പ്രോട്ടസ്റ്റാൻറു കാരനാണ്. വിഷമം പിടിച്ച ഈ കവിത ക്രിസ്തുമതതത്വങ്ങ ളിൽ പ്രത്യാശ പുലർത്തുന്ന കവിയുടെ വികാസത്തിലെ ഒരു നൂതന ഘട്ടത്തിനു തുടക്കം കുറിക്കുന്നു. അവ്യക്തമായ ബിംബ വിധാനങ്ങളും പ്രതിരൂപങ്ങളും ഇതിൽ എത്ര വേണമെങ്കിലു മുണ്ടു്.

പദ്യനാടകങ്ങൾക്കും സാഹിത്യവിമർശനത്തിനുമാണ് മുപ്പതുകളിൽ എലിയററ് അധികസമയവും വിനിയോഗിച്ച തു്. സാന്ദ്രീകൃത ശൈലിയിലുള്ള 'ദ ജേർണി ഓഫ് ദ മേജൈ'

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദി ഏരിയൽ പോയംസ് (1927—30) എന്ന കൃതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നാലു കവിതകൾ ചേർന്ന ഒരു നീണ്ട കാവ്യമാണ് ഫോർ ക്വാർട്ടററ്സ്. ഇതിലെ 'ബേൺട് നോർട്ടൻ' (1936), 'ഈസ്ററ് കോക്കർ' (1940), 'ദ ഡ്രൈ സാൽവേജസ്'' (1941), 'ലിററിൽ ഗിഡിങ്'' (1942) എന്നീ നാലു കവിതകളും വെവ്വേറെയാണു പ്രസിദ്ധപ്പെടുത്തിയത്. ആത്മീയശാന്തിയും മോക്ഷവും വാഗ്ദാനം ചെയ്യുന്ന ഒരു നിശ്ചലബിന്ദുവിലെത്തിച്ചേരാനുള്ള ദിവ്യവും തീവ്രവുമായ അന്വേഷണത്തെയാണ് ഇവയിൽ പ്രതിപാദിക്കുന്നത്. എലിയററിന്റെ ജീവിതവുമായി ബന്ധപ്പെട്ട ഓരോ സ്ഥലത്തിന്റെ പേരു് ഓരോ കവിതയുടേയും ടൈററിലിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇവയിൽ അന്തർലീനമായിരിക്കുന്ന ആശയങ്ങളുടെ ഒരു മുഖ്യധാര കണ്ടെത്തുക എളുപ്പമല്ല. എങ്കിലും ചിന്താഗതിയെ മുറുക്കി ബന്ധിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. വേസ്റ്റ് ലൻഡിലെപ്പോലെ ഇതിലും ക്രിസ്ത്രീയാശയങ്ങൾക്കൊപ്പം ഹൈന്ദവവും ബൗദ്ധികവുമായ ദർശനങ്ങളുടെ പ്രേരണകൾ കാണാവുന്നതാണ്. 1965–ൽ എലിയററ് അന്തരിച്ചപ്പോൾ അന്നു് എൺപതിലെത്തിയിരുന്ന അദ്ദേഹത്തിന്റെ ഗുരുവായിരുന്ന എസ്രാപൗണ്ട് പറഞ്ഞു, വേണ്ടുംവണ്ണം ആദരിക്കപ്പെടാതെപോയ യഥാർത്ഥ ഡാൻറിയൻ ശബ്ദമായിരുന്നു എലിയററിന്റേതെന്നു്.

എലിയററിന്റെ ആദ്യകാലകവിതകളിലെ അവ്യക്തത ബോധപൂർവ്വം വളർത്തിയെടുത്ത ഒരു കാവ്യസമ്പ്രദായത്തിന്റെ ഫലമാണെന്നേ തോന്നുകയുള്ളു. കാവ്യവിഷയത്തിന്റെ സ്വഭാവമാണു പിൽക്കാലകൃതികളുടെ ക്ലിഷ്ടതയ്ക്കു കാരണം. എലിയററിനെ മനസ്സിലാക്കണമെങ്കിൽ അദ്ദേഹത്തിന്റെ ബിംബകല്പനകളെ അടുത്തറിയേണ്ടതുണ്ട്. അതിസൂക്ഷ്മമായ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ യഥാതഥമാക്കപ്പെട്ടതാണ് അദ്ദേഹത്തിന്റെ വസ്തുചിത്രങ്ങൾ.

മാത്യൂ ആർനോൾഡ് ചോസരിലേക്കു നോക്കി നിരാശനായതുപോലെ കവിതയിൽ 'അത്യന്തം ഗൗരവമേറിയ'തെന്തെങ്കിലും തിരയുന്നവർക്കു ഡബ്ല്യു. എച്ച്. ഓഡൻ (1907—1973) സമ്മതനായ ഒരു കവി ആയിരിക്കില്ല. 'ലഘുകവനങ്ങളിലാണ് അദ്ദേഹത്തിന്റെ യഥാർത്ഥ മഹിമ'യെന്നു പറഞ്ഞുകൊണ്ടു് ഈ വാദത്തെ റോബർട്ട് ഗ്രേവ്സ് നിരാകരിക്കുകയുണ്ടായി. ദി ഓക്സ്ഫഡ് ബുക്ക് ഓഫ് ലൈററ് വേഴ്സ് (1938) എഡിററു ചെയ്ത ഓഡൻ 'മിസ് ഗീ', 'ജെയിംസ് ഹണിമാൻ' തുടങ്ങിയ ലളിതമായ നാടൻ ഗാനങ്ങളും, ദ ലെറേഴ്സ് ററു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലോർഡ് ബൈറൻ എന്നപേരിൽ നർമ്മരസം കലർന്ന കാവ്യ ഭാഷണവും വികാരം മുററിനില്ക്കുന്ന മററു പാട്ടുകളും എഴുതുകയുണ്ടായി. അദ്ദേഹം രചിച്ച അനേകം പദ്യകൃതികളിൽ ദി ഏജ് ഓഫ് ആങ്സൈററി (1948), കലക്ടഡ് ഷോർട്ട് പോയംസ് (1930—1944), (1950) എന്നിവ ഉൾപ്പെടുന്നു. ഒരു കാവ്യമഞ്ജരിയാണ് പോയററ്സ് ററങ്(1935)ടെനിസൻ (1946) എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയ തെരഞ്ഞെടുത്ത കവിതകൾ പ്രതികൂലവിമർശനത്തിനിടയായി. ക്രിസ്റ്റഫർ ഇഷർ ഹുഡുമായി കൂട്ടുചേർന്നെഴുതിയ ഒരു സഞ്ചാരസാഹിത്യ കൃതിയാണ് ജേർണിററു എ വാർ (1939).

കാവ്യഘടനയിൽ നിരന്തരം പരീക്ഷണം നടത്തിയ ഓഡനു് പദങ്ങളുടെ താളത്തിലും അവയുടെ സംഗീതത്തിലും തികഞ്ഞ ബോധമുണ്ടായിരുന്നു. അന്നത്തെ എഴുത്തുകാരിൽ കാവ്യ രചനയിൽ ഏററവും അനുഗൃഹീതനായ സാങ്കേതികജ്ഞൻ എന്നു് ഓഡനെ സ്റ്റീഫൻ സ്പെൻഡർ വിശേഷിപ്പിക്കയുണ്ടായി. വ്യത്യസ്ത ശൈലികളുപയോഗിക്കുക അദ്ദേഹത്തിൻെറ രീതിയായിരുന്നു. ദരിദ്രജനതയോടുള്ള ഓഡൻെറ സഹതാപം അദ്ദേഹത്തിൻെറ കവിതകളുടെ ആസ്വാദ്യത ഒട്ടേറെ നഷ്ടപ്പെടുത്തിയിട്ടുണ്ടു്. അദ്ദേഹത്തിൻെറ കവിതകളിലെ പ്രധാനപ്പെട്ട ഒരു പദമാണ് 'സ്നേഹം'. ഒരിക്കലും ഒരു കമ്യൂണിസ്റ്റായിരുന്നില്ലെങ്കിലും മാർക്സിസം കുറേക്കാലം ഓഡനെ സ്വാധീനിച്ചിരുന്നു. ഡേ ലൂയിസിനേയും സ്പെൻഡറേയും പോലെ ഓഡൻ രാഷ്ട്രീയ പ്രതിബദ്ധത പ്രദർശിപ്പിച്ചിരുന്നില്ല. ക്രിസ്റ്റീയാശയങ്ങൾ ഉൾക്കൊള്ളുന്നവയാണ് അദ്ദേഹത്തിൻെറ പില്ക്കാലകവിതകൾ. എങ്കിലും 'ഇടതുപക്ഷബുദ്ധിജീവിയും' 'ക്രൈസ്തവ ധിഷണാശാലി'യും എന്നിങ്ങനെ രണ്ടു് ഓഡനുണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഈ രണ്ടു രീതിയിലുമുള്ള അദ്ദേഹത്തിൻെറ വികാസം വേർതിരിച്ചുകാണാം. അതേസമയം അവ തമ്മിൽ ലേശവും വൈരുദ്ധ്യമില്ലാതാനും.

ധാരാളമായി എഴുതുന്ന സ്വഭാവക്കാരനായിരുന്നു ഓഡൻ. ചെറുപ്പംമുതൽക്കേ ഈ ശീലം വച്ചുപുലർത്തിയിരുന്നു. വിരസവും, അശ്രദ്ധവും വലിച്ചുനീട്ടിയതുമായ സൃഷ്ടികൾ നടത്തുക അമിത രചനക്കാരുടെ പോരായ്മയാണ്. വേർഡ്സ് വത്തിൻെറയും ടെനിസൻെറയും കാര്യത്തിലെന്നപോലെ ഓഡൻെറയും കാര്യത്തിൽ ഇതെല്ലാം പറയാവുന്നതാണ്.

സി. ഡേയ്ലൂയിസ് (1904), മക്നീസ്, സ്റ്റീഫൻ സ്പെൻഡർ എന്നിവർ എല്ലായ്പ്പോഴും ഓഡനുമായി ബന്ധപ്പെട്ടിരുന്നു. ഒരേ കാലഘട്ടത്തിൻെറ സന്തതികളായ അവർ ഏതാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്ടു് ഒരേ ചുററുപാടിൽ ജനിച്ചു വളൎന്ന ഇടത്തരം കടുംബത്തിൽ പ്പെട്ടവരാണു്. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഓക്സ്ഫേഡിലെത്തിയ അവർ ഏതാണ്ടു് സമകാലികർതന്നെയായിരുന്നു. വ്യത്യസ്ത തലത്തിലുള്ള പ്രതിബദ്ധതയുണ്ടായിരുന്നു അവൎക്കു് ഓരോരുത്തൎക്കും. 'ഇടതുപക്ഷ'മെന്നു പൊതുവെ പറയാവുന്ന രാഷ്ട്രീയ ചായ്‌വുള്ളവരായിരുന്നു മൂവരും. അവർ പ്രവൎത്തിച്ചതും എഴുതിയതുമായ എല്ലാററിനേയും അങ്ങേയററം അവജ്ഞയോടെ കണ്ടിരുന്ന റോയ്കാംബൽ അവരെയെല്ലാം ചേൎത്തു് 'മക്സ്പോൺ ഡേ' എന്നാണു് വിവരിച്ചിരുന്നതു്. ഈ ഗ്രൂപ്പിലെ ഏററവും മുതിൎന്നവനായ ലൂയിസ് തന്റെ പങ്കാളികളുടെ നേട്ടങ്ങൾകൊണ്ടാണു് കൂടുതലും ശ്രദ്ധേയനായിത്തീൎന്നതു്. അമ്മവഴിക്കു് ഗോൾഡ്സ്മിത്തിന്റെ അനന്തര തലമുറയിൽ പെട്ടവനാണു് അദ്ദേഹം. ഓഡനുമായി ചേൎന്നു് ലൂയിസ് ഓക്സ്ഫേഡ് പോയട്രി (1927) പ്രസാധനം ചെയ്തു. അധ്യാപക വൃത്തി ഉപേക്ഷിച്ച അദ്ദേഹം മുഴുവൻ സമയവും സാഹിത്യസപര്യയ്ക്കാണു വിനിയോഗിച്ചതു്. 1951-ൽ ഓക്സ്ഫഡിൽ അദ്ദേഹം കവിതാവിഭാഗത്തിന്റെ അദ്ധ്യക്ഷനായിത്തീൎന്നു. മുപ്പതുകളിലെ രാഷ്ട്രീയ ചായ്‌വുള്ള കവികളിൽ വിവേചനബുദ്ധിയും നിഷ്പക്ഷമതിത്വവും കൂടിയിരിക്കുന്നതു് ഓഡനിലാണെന്നു് ഒരുകൂട്ടർ പറയുമ്പോൾ മേൽപ്പറഞ്ഞ നാലുപേരിൽ ഏററവും അക്രമകാരിയായ കമ്യൂണിസ്റ്റ് അദ്ദേഹമാണെന്നാണു് മറെറാരു കൂട്ടരുടെ വാദം. അദ്ദേഹത്തിന്റെ ആദ്യത്തെ ശ്രദ്ധേയമായ കൃതിയായ ട്രാൻസിഷനൽ പോയം (1929) വീര്യവത്തായിരുന്നു. അദ്ദേഹത്തിന്റെ കാവ്യസമാഹാരങ്ങളിൽ അത്യുൽകൃഷ്ടമായ ഫ്രം ഫെദേഴ്സ് ററു അയേൺ (1931) മററു കവിതകളെ അപേക്ഷിച്ചു് വൈയക്തികാനുഭവങ്ങൾ ഏറിനില്ക്കുന്നതും അവ്യക്തത കുറഞ്ഞതുമാണു്. ലൂയിസിന്റെ ഔന്നത്യം പുലൎത്തുന്ന ആഖ്യാനപാടവത്തിനു തെളിവാണു്. എ ടൈം ററു ഡാൻസ് (1935). എ ഹോപ് ഫോർ പോയട്രി (1934), പോയട്രി ഫോർ യു (1945), ദ പോയററിക് ഇമേജ് (1947) തുടങ്ങി ഏതാനും ഗദ്യകൃതികളും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

അസാധാരണമാംവണ്ണം വീര്യവത്തും ആൎജ്ജവമേറിയതുമാണു് ലൂയിസിന്റെ ആദ്യകാലകവിതകൾ. (അവസാനകാലത്തു് അദ്ദേഹം ഹാർഡിയുടെ കവിതകളിൽനിന്നു് പ്രചോദനമുൾക്കൊള്ളുന്നതായി കാണുന്നു. പില്ക്കാലകവിതകൾക്കു് മെറിഡിത്തിനോടും അദ്ദേഹത്തിനു് അല്പമൊക്കെ കടപ്പാടുണ്ടു്.)

ബെൽഫസ്റ്റിൽ ജനിച്ചു് ഓക്സ്ഫേഡിൽ അദ്ധ്യയനം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നടത്തിയ ലൂയി മക്നീസ് (1907—63) അക്കാലത്തുതന്നെ ക്ലാസ്സിക്കൽ സാഹിത്യത്തിൽ ഒരു പണ്ഡിതനാണ താനെന്നു് തെളിയിച്ചിരുന്നു. ഗ്രീക്ക് ഭാഷാദ്ധ്യാപകനായിത്തീന്ന ശേഷം 1941-ൽ അദ്ദേഹം ബി. ബി. സി. യിൽ ചേരുകയുണ്ടായി. വിദഗ്ദ്ധകലാകാരനായിരുന്ന അദ്ദേഹത്തിൻെറ രചനകഠം സരസങ്ങളായിരുന്നു. നല്ല ഒരു ജേർണലിസ്റ്റിൻെറ ശക്തിയും ഓജസ്സുമുണ്ടായിരുന്നു അദ്ദേഹത്തിനു്. ഭാഷയുടെ സംഗീതാത്മകതയുടേയും താളാത്മകതയുടേയും സാദ്ധ്യതകളെക്കുറിച്ച് അവഗാഹമുണ്ടായിരുന്ന മക്നീസ് ഓഡനെക്കാഠം ശ്രദ്ധനായ കലാകാരനായിരുന്നു. പ്രധാനമായും പ്രബോധനപരവും ഗാനാത്മകവുമാണു് അദ്ദേഹത്തിൻെറ കവിത. ഹ്രസ്വകവനങ്ങളിലാണു് അദ്ദേഹത്തിൻെറ പ്രതിഭ വിളങ്ങിക്കാണുന്നതു്. 'ദ സൺലൈററ് ഓൺ ദ ഗാർഡൻ', 'ക്രേഡിൽ സോങ്ങ്'', 'സ്നോ' എന്നിവയാണു് അദ്ദേഹത്തിൻെറ നല്ല കവിതകളിൽ ചിലതു്. പദ്യനാടകങ്ങഠം റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്യുന്നതിൽ കാര്യമായ പങ്കുവഹിച്ചവരിൽ ഒന്നാമനാണു് മക്നീസ്. ദ പോയട്രി ഓഫ് ഡബ്ലിയു. ബി. യേററ്സ് (1941) എന്ന വിമർശനഗ്രന്ഥം ആ വിഷയത്തിലുള്ള ഒന്നാന്തരമൊരു കൃതിയാണു്. ആകെക്കൂടി ഏഴ കാവ്യസമാഹാരങ്ങഠം പുറത്തിറക്കിയ മക്നീസ് മോഡേൺ പോയട്രി എ പേർസണൽ എസ്റ്റിമേററ് തുടങ്ങി ഏതാനും ഗദ്യകൃതികളും രചിച്ചിട്ടുണ്ടു്.

'സാമ്പത്തികമാന്ദ്യകാലത്തെ റൂപ്പർട്ട് ബ്രൂക്ക്'' എന്നാണു് സ്റ്റീഫൻ സ്പെൻഡർ അറിയപ്പെടുന്നതു്. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്ന സ്പെൻഡർ 1942-ൽ നാഷണൽ ഫയർ സവ്വീസിൽ ചേരുകയും പിന്നീടു് വിദേശകാര്യാലയത്തിലെ ഔദ്യോഗിക ലേഖകനാകുകയും ചെയ്തു. പരദുഃഖത്തിലുള്ള അനുകമ്പയാണു് അദ്ദേഹത്തിൻെറ പ്രധാന വിഷയം. മനുഷ്യൻെറയും തൻെറ തന്നെയും ദൗബ്ബല്യങ്ങളോടു് സ്വമേധയാ തോന്നുന്ന സഹാനുഭൂതി അദ്ദേഹത്തിൻെറ കവിതകളിൽ പ്രകടമാണു്. ഓഡനെ അപേക്ഷിച്ച് ആത്മനിഷ്ഠനായ കവിയായിരുന്നു സ്പെൻസർ. 'പ്രിസണേഴ്സ്'' എന്ന കവിതയിൽ തടവുകാരോടുള്ളതിനേക്കാഠം അനുകമ്പ തന്നോടാണെന്നു അദ്ദേഹത്തിനുതന്നെ അറിയാം. ആധുനിക വിഷയങ്ങളിൽ നിന്നു മിത്തുകഠം സൃഷ്ടിക്കുന്നതിനു കവി നടത്തുന്ന രസകരമായ ശ്രമങ്ങഠംക്കു് ഉദാഹരണമാണു് പ്രസ്തുത കവിതകഠം. വികാരപരതയും സാങ്കേതിക വൈദഗ്ദ്ധ്യവും തികഞ്ഞ കലാകാരനാണു് താനെന്നു വിളിച്ചോതുന്നവയാണു് സ്പെൻഡറിൻെറ ഉൽക്കൃഷ്ട കാവ്യങ്ങഠം. ആദ്യഭാര്യ ഉപേക്ഷിച്ചുപോയതിലുള്ള

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിരാശയിൽ നിന്നുടലെടുത്തതാണ് അദ്ദേഹത്തിന്റെ, മഹായുദ്ധകാലത്തുള്ള സുന്ദരങ്ങളായ ഏതാനും പ്രേമകാവ്യങ്ങൾ. രണ്ടാം ലോകമഹായുദ്ധത്തിന്റെ പ്രചോദനമുൾക്കൊണ്ട കവിതകൾ അത്ര മെച്ചപ്പെട്ടിട്ടില്ല. അനേകം പദ്യകൃതികൾ രചിച്ചിട്ടുള്ള സ്പെൻഡറുടെ ഗദ്യകൃതികളിൽ ഏററവും ഹൃദ്യമാണ്. അദ്ദേഹത്തിന്റെ ആത്മകഥയായ 'വേൾഡ് വിതിൻ വേൾഡ്'' (1951).

എലിയററിനു സമാന്തരമായി വളർന്നുവന്ന ഒരു വിഭാഗം കവികൾ മൂന്ന് സിററ്വെൽമാരെ കേന്ദ്രീകരിച്ചാണ് അറിയപ്പെട്ടുതുടങ്ങിയത്. ഇരുപതുകളുടെ ആദ്യവർഷങ്ങളിലെ എഴുത്തുകാരാണവർ. ആഭിജാത കുടുംബക്കാരായ ഇഡിത്ത് സിററ്വെലും അവരുടെ രണ്ടു സഹോദരന്മാരായ ഓസ്ബർട്ടും സഷിവറെലും ചേർന്ന് എഡിററുചെയ്ത കൃതിയാണ് വീൽസ്: ആൻ ആനുവൽ ആന്തോളജി ഓഫ് മോഡേൺ വേഴ്സ്. 1916-നും 21-നു മിടയ്ക്ക് പ്രസിദ്ധീകരിച്ച ഇതിലെ കവിതകൾ അന്നു പ്രചാരമുണ്ടായിരുന്ന ജോർജ്ജിയൻ കവിതയോടുള്ള ശക്തമായ വെല്ലുവിളിയായിരുന്നു. തന്റെ സമകാലികരെപ്പോലെ മഹായുദ്ധങ്ങൾക്കിടയ്ക്കുള്ള അസംതൃപ്തിയേയും സാത്വികമായ പൊള്ളത്തരങ്ങളേയുംപററി ബോധവതിയായിരുന്നു ഇഡിത്ത് സിററ്വെൽ. ഓഡൻ പ്രസ്ഥാനത്തിൽ നിന്നു ഭിന്നമായി കുട്ടിക്കാലത്തിന്റെ മധുരസ്മരണകളിലും കലയിലും അഭയം കണ്ടെത്തുകയാണ് അവർ ചെയ്തത്. ക്ലൗൺസ് ഹൗസസ് (1918), ദ വുഡൻപെഗാസസ് (1920), ബ്യൂക്കൊലിക് കോമഡീസ് (1923) എന്നീ കൃതികളിൽ ബാല്യകാലസ്വപ്നങ്ങളിൽനിന്നു മെനഞ്ഞെടുക്കുന്ന ഒരു കൃത്രിമലോകം അവർ കാഴ്ചവയ്ക്കുന്നു. ദി സ്ലീപിങ് ബ്യൂട്ടി (1924), ദ പ്ലെഷേഴ്സ് ഓഫ് പോയട്രി (1931—34), ഫാൻഫെയർ ഫോർ എലിസബത്ത് (1946) എന്നിവ അവരുടെ മററു കൃതികളിൽ ചിലതു മാത്രമാണ്. വ്യത്യസ്ത കാവ്യരീതികൾ നിരന്തരം പരീക്ഷിക്കുകയായിരുന്നു അവർ. ഒരു വിമർശകയെന്ന നിലയിൽ കാവ്യഘടനയ്ക്കും സാങ്കേതികമേന്മയ്ക്കും അവർ അമിതപ്രാധാന്യം കല്പിച്ചിരുന്നു.

തീവ്രനൈരാശ്യവും മതിഭ്രമത്തിൽ നിന്നുള്ള മോചനവും ഈ കാലഘട്ടത്തിലെ കവിതയിൽ അനുഭവപ്പെടുന്നുണ്ട്. ഹോപ്കിൻസിന്റെ ശിഥിലതാളം സങ്കീർണ്ണമായ വാക്യമാതൃക, ക്രമരഹിതമായ പദവിന്യാസം എന്നിവയോടു ബന്ധപ്പെട്ട് ഒരു നൂതനമാദ്ധ്യമം വളർന്നുവന്നു. സ്വതന്ത്രകവിതാരചന (Verse Libre) യ്ക്കു നിയന്ത്രണമില്ലെന്നു വന്നതോടെ പുതുമയ്ക്കുവേണ്ടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യുള്ള പരക്കംപാച്ചിൽ തുടങ്ങി. അവ്യക്തതയായിരുന്നു ഇതിന്റെ ഫലം.

ഈ കാലഘട്ടത്തിൽ ശ്രദ്ധേയനായിത്തീന്ന എഡ്വിൻ മ്യൂർ (1887—1959) കവി മാത്രമല്ല, കാഫ്കയുടെ വിവത്തകൻ കൂടിയാണു്. ഓട്ടോബയോഗ്രഫിയിൽ കവിത എഴുതിത്തുടങ്ങുന്നതിനുമുമ്പു് താൻ നടത്തിയ ക്ലേശപൂർണ്ണമായ നീണ്ട യാത്രകളെപ്പററി അദ്ദേഹം വിവരിക്കുന്നുണ്ടു്. കലക്ററഡ് പോയംസിൽ ആദ്യകാലരചനകളിൽ പലതും ഒഴിവാക്കുകയുണ്ടായി. സ്വപ്നത്തിന്റെയും, മനോരാജ്യത്തിന്റെയും ലോകത്തിൽ വ്യാപരിക്കുന്നവയാണു് അദ്ദേഹത്തിന്റെ ഒട്ടനേകം കവിതകൾ. വ്യക്തമായ ദർശനവും ശുദ്ധമായ ആവിഷ്കാരവുമാണു് മ്യൂറിന്റെ സവിശേഷത. വിൻഡാം ലൂയിസ്(1884—1957), കേംബ്രിഡ്ജ് പോയട്രി (1929) രചിച്ച വില്യം എംപ്സൺ (1906) എന്നിവരായിരുന്നു ഇക്കാലത്തെ രണ്ടു വിഷമംപിടിച്ച കവികൾ. മനഃശാസ്ത്രവും രാഷ്ട്രീയവും കവികളെ കൂടുതലായി സ്വാധീനിക്കാൻ തുടങ്ങി. കാറൽ മാർക്സും (1818—1883), സിഗ്മണ്ട് ഫ്രോയിഡു(1856—1939)മാണു് ഈ കാലഘട്ടത്തിലെ കവികളുടെ ചിന്താധാരയെ പ്രചോദിപ്പിച്ചതു്. ഓഡൻ, ഡിലൻ തോമസ് തുടങ്ങിയവർ ലൈംഗികതയ്ക്കും സ്വെൻഡർ വ്യക്തിസത്തയ്ക്കും നൽകിയ പ്രാധാന്യം മനഃശാസ്ത്രത്തിനു് ഈ ദശാബ്ദത്തിലുണ്ടായിരുന്ന സ്വാധീനത്തിനു തെളിവാണു.

1930 ആയപ്പോഴേക്കും യൂറോപ്പിൽ ശക്തിയാർജ്ജിച്ചിരുന്ന 'സറിയലിസം' ഇംഗ്ലണ്ടിലും അനുഭവപ്പെട്ടു. അംഗീകരിക്കപ്പെട്ട എഴുത്തുകാരിൽ സറിയലിസത്തിന്റെ വക്താവായി സർ ഹെർബർട്ട് റീഡ് (1893–1968) മാത്രമെ ഉണ്ടായിരുന്നുള്ളൂ. സറിയലിസ്ററ് പ്രസ്ഥാനത്തിന്റെ അതേകാലത്തുതന്നെ മററൊരു റൊമാൻറിക് പ്രസ്ഥാനവും ഉടലെടുക്കുകയുണ്ടായി. കവിയുടെ വൈയക്തികാനുഭൂതികളുടെ ആവിഷ്കാരമായിരിക്കണം കവിതയെന്നായിരുന്നു ഈ പുതിയ പ്രസ്ഥാനക്കാരുടെ ആശയഗതി. ഡിലൻ തോമസും, ജോർജ്ജ് ബാക്കറുമായിരുന്നു ഇതിന്റെ മുഖ്യപ്രണേതാക്കൾ. ഇവക്കു പുറമെ തങ്ങളുടെ കാലത്തെ കവിതാരചനയുടെ പ്രത്യേകതകൾ ബാധിക്കാതെ ജോർജ്ജിയൻ ശൈലിയിൽ കവിതാരചന തുടർന്നുപോന്നവരുമുണ്ടായിരുന്നു. ജോൺ മേസ്ഫീൽഡ്, ആൽഫ്രഡ് നോയ്സ്, വാൾട്ടർഡിലാമേർ ഡബ്ല്യു. എച്ച്. ഡേവിസ്, ഗോർഡൻ ബോട്ടംലി, ഡബ്ല്യു. ഡബ്ല്യു. ഗിബ്സൺ, ഹെർബട്ട് പാമർ, ഡി. എച്ച്. ലോറൻസ് തുടങ്ങിയവരാണു് ഈ പഴയ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുറുകാർ. ലോറൻസിന് ഒമ്പതു കാവ്യസമാഹാരങ്ങൾ ഉണ്ട്. കവിയായി രംഗപ്രവേശം ചെയ്ത ലോറൻസ് അന്ത്യംവരെയും കവിതാരചന തുടൻ പോന്നു. ആദിമവും അടിസ്ഥാനപരവുമായ പ്രേരണകളിലുള്ള ഉൽക്കടമായ വിശ്വാസമാണ് അദ്ദേഹത്തിന്റെ കവിതകളിലെ പ്രധാന പ്രമേയങ്ങൾ.

നാടകം

1920–കളിൽ ഇംഗ്ലീഷ് നാടകരംഗത്തിന്റെ അവസ്ഥ പരിതാപകരമായിരുന്നു. 1890–നും 1920–നും ഇടയ്ക്ക് ഇംഗ്ലീഷ് നാടകകൃത്തുക്കളുടെ രചനകളിൽ റിയലിസവും നാച്ചുറലിസവും ശക്തമായ സ്വാധീനമാണു ചെലുത്തിയിരുന്നതു്. ഡബ്ലിനിൽ പിറന്നു് അവിടത്തെ ക്ലലിപ്പണിക്കാരിൽ ഒരാളായി ജീവിച്ച ഷാൻ ഓ കേസി (1884–1964) സാഹിത്യം ഉപജീവനമാർഗ്ഗമായി സ്വീകരിക്കുകയും ഡബ്ലിനിൽ ചേരിനിവാസികളുടെ ജീവിതം പകർത്തുകയും ചെയ്തു. 1926–ൽ അദ്ദേഹത്തിനു ഹാത്തോൺഡൻപ്രൈസ് ലഭിക്കുകയുണ്ടായി. 1923–ൽ ഡബ്ലിനിലെ ആബി തിയേറററിൽ അരങ്ങേറിയ ദ ഷാഡോ ഓഫ് ദ ഗൺമാൻ എന്ന നാടകത്തിൽ ഡബ്ലിൻ ചേരിപ്രദേശങ്ങളും 1920–ലെ ആംഗ്ലോ–ഐറിഷ്‌യുദ്ധവുമാണ് പശ്ചാത്തലം. കുറെക്കൂടി പക്വതയെത്തിയ ജൂണോ ആൻഡ് ദ പേകോക്ക് (1924)-ന്റെ പശ്ചാത്തലവും ഡബ്ലിൻ ചേരികൾ തന്നെ. 1922–ലെ ആഭ്യന്തര അസ്വാസ്ഥ്യങ്ങളെയാണ് ഇതിൽ പ്രതിപാദിക്കുന്നതു്. 1916–ലെ ഈസ്ററർ പ്രക്ഷോഭങ്ങളുടെ ദുരന്തചിത്രീകരണമാണ് ദ പ്ലൗ അൻഡ് ദ സ്ററാഴ്സ് (1926). ദ സിൽവർ ടാസി (1929) എന്ന നാടകം ആബി തിയേററർ നിരസിക്കുകയുണ്ടായി. ഒന്നാം ലോകമഹായുദ്ധമാണ് ഇതിലെ പ്രതിപാദ്യവിഷയം. റിയലിസത്തേയും എക്സ്പ്രഷനിസത്തേയും സമന്വയിപ്പിക്കാനുള്ള ഒരു ശ്രമമാണ് ഇതിൽ നാടകകൃത്തു നടത്തുന്നതു്. വിതിൻ ദ ഗേററ്സ് (1934), പർപ്പിൾഡസ്ററ് (1940), ദ സ്ററാർ റേറൺസ് റെഡ്. (1946) കോക്കഡൂഡിൽ ഡാൻഡി (1949) എന്നിവയാണ് ഓ കേസിയുടെ മററു നാടകങ്ങൾ. ഉജ്ജ്വലവും സരസവുമായ ആലങ്കാരികഭാഷ അദ്ദേഹത്തിന്റെ സംഭാഷണങ്ങൾക്ക് ശക്തി നൽകുന്നു.

ബർമിങ്ഹാം റിപ്പർട്ടറി കമ്പനിയുടെ സ്ഥാപകരിലൊരാളായ ജോൺ ഡ്രിങ്ക്‌വാട്ടറിന്റെ (1882—1937) ആദ്യകാലനാടകങ്ങൾ പ്രസ്തുത കമ്പനിതന്നെയാണ് അവതരിപ്പിച്ചതു്. ജോർജ്ജിയൻ പാരമ്പര്യത്തിൽ പെടുന്നവയാണ് അദ്ദേഹത്തിന്റെ രചനകൾ. തന്റെ നാടകങ്ങളാണ് ഡ്രിങ്ക്‌വാട്ട

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

റിൻെറ പ്രശസ്തിക്കു് ആധാരം. നാലു പദ്യനാടകങ്ങൾക്കുശേഷം പുറത്തുവന്ന ഏബ്രഹാം ലിങ്കൻ (1918) അദ്ദേഹത്തിൻെറ മാസ്റ്റർപീസാണു്. മൂന്നു ചരിത്രനാടകങ്ങൾകൂടി രചിച്ചിട്ടുണ്ടെങ്കിലും ഏബ്രഹാം ലിങ്കനുമായി തട്ടിച്ചു നോക്കുമ്പോൾ അവ താണ നിലവാരമേ പുലർത്തുന്നുള്ളു. ബേഡ് ഇൻ ഹാൻഡ് (1928), എ മാൻസ് ഹൗസ് (1934) എന്നീ കോമഡികളിലൂടെ ഡ്രിങ്ക്‌വാട്ടറിൻെറ നാടക ജീവിതത്തിനു് അറുതിവന്നു. വില്ല്യം മോറിസ് (1912). സ്വിൻ ബേൺ (1913), ദ ലിറിക്കു് (1915), പെപിസ് (1930) ഇൻഹെറിററൻസ് (1931) എന്ന പേരിലുള്ള ആത്മകഥ, ഡിസ്കവറി (1932) എന്നിവയാണു് അദ്ദേഹത്തിൻെറ ഗദ്യകൃതികൾ.

നാടകത്തിൻെറ സത്ത രക്തത്തിൽ അലിഞ്ഞുചേർന്നിരുന്ന സർ നോയൽ കവർഡ് (1899) 12-ാം വയസ്സിൽ അരങ്ങത്തു കയറിയതാണു്. നടൻ, നാടകകൃത്തു്, സംവിധായകൻ, ഗാനരചയിതാവ് എന്നീ നിലകളിലൊക്കെ അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. ഐ വിൽ ലീവ് ഇററ് ററു യു (1920), ദി യങ് ഐഡിയ (1923) തുടങ്ങിയ ലളിതങ്ങളായ കോമഡികളിലൂടെയാണു് കവർഡ് ഒരു നാടകകൃത്തായി രംഗപ്രവേശം ചെയ്തതു്. ദ വോററ് ട്രാപ്പ് (1924) തുടങ്ങിയ ഒരു കൂട്ടം നാടകങ്ങൾ അപരിഷ്കൃത സമൂഹത്തേയും യാഥാസ്ഥിതിക സദാചാരനിയമത്തേയും പരിഹസിക്കുന്നു. ദ വോർട്ടെക്സ് (1924), ഫോളെൻ ഏയ്ഞ്ചൽസ് (1925), ഈസി വർച്ച്യൂ (1926) എന്നീ നാടകങ്ങൾ കവർഡിനു ദുഷ്പ്പേരു വരുത്തിത്തീർത്തു. ബിററർ സ്വീററ് (1929), ററു നൈററ് അററ് ഏയ്ററ്—തർട്ടി മുതലായ അനേകം നാടകങ്ങൾ കുടുംബ സദസ്സുകളിൽ അദ്ദേഹത്തിൻെറ പേരു് സംസാരവിഷയമാകാൻ പര്യാപ്തമായി. കൃത്രിമവും ബാഹ്യസ്പർശിയുമായ ഫലിതത്തിൻെറ തിളക്കമാണു് അദ്ദേഹത്തിൻെറ ജനപ്രീതിക്കു് അടിസ്ഥാനം.

നോവലിസ്റ്റായ വില്ല്യം സോമർസെററ് മോം 1904-നും 1933—നുമിടയ്ക്കു് മുപ്പതോളം നാടകങ്ങൾ രചിക്കുകയുണ്ടായെങ്കിലും ഷെപ്പി എന്ന കോമഡിയുടെ പരാജയത്തോടെ നാടകത്തോടു വിടപറയുകയാണുണ്ടായതു്. റിയലിസ്റ്റിക് ട്രാജഡിയായ എ മാൻ ഓഫ് ഓണർ (A Man of Honour—1903)—നു ശേഷം ഫലിത പരിഹാസങ്ങൾ നിറഞ്ഞ ലളിതങ്ങളായ കോമഡികളിലാണു് അദ്ദേഹം താല്പര്യം കാട്ടിയതു്. ജീവിതത്തെ പച്ചയായി ആവിഷ്കരിക്കണമെന്ന ലക്ഷ്യത്തോടെ നർമ്മരസികനായ ഒരു നിരീക്ഷകൻെറ മനോഭാവത്തോടെ നടത്തുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്യംഗ്യമായ വിമർശനമുൾക്കൊള്ളുന്ന സൃഷ്ടികളാണ് മോമിൻെറ ഏററവും നല്ല നാടകങ്ങൾ. അദ്ദേഹത്തിൻെറ നാടകങ്ങൾ വിദഗ്ധമായി രചിക്കപ്പെട്ടവയാണ്.

മറെറാരു നോവലിസ്റ്റായ ജെ. ബി. പ്രീസ്റ്റ്ലി ഡേയ്ഞ്ജറസ് കോർണർ (1932) ലൂടെ രംഗപ്രവേശം ചെയ്തതുമുതൽ മുപ്പതിലധികം നാടകങ്ങൾ രചിച്ചിട്ടുണ്ട്. അതിവിശാലമായ ഒരു മണ്ഡലമുള്ള പ്രീസ്റ്റ്ലിക്കു് വമ്പിച്ച പ്രചാരം ലഭിക്കുകയുണ്ടായി. റൈറം ആൻഡ് ദ കോൺവേയ്സ് (1937), ഐ ഹാവ് ബീൻ ഹിയർ ബിഫോർ (1937), ആൻ ഇൻ–സ്പെക്ററർ കാൾസ് (1946) എന്നിവയാണ് അദ്ദേഹത്തിൻെറ നല്ല നാടകങ്ങൾ. ലാബർണം ഗ്രോവ് (1933) പോലുള്ള ചില നാടകങ്ങളിൽ കഥാപാത്രങ്ങളേയും സന്ദർഭങ്ങളേയും സ്വാഭാവികമായി ചിത്രീകരിക്കുമ്പോൾ വെൻ വി ആർ മാരീഡ് തുടങ്ങിയ നാടകങ്ങളിൽ പ്രഹസനത്തിൽ മുഴുകിയിരിക്കുകയാണ് അദ്ദേഹം. നമുക്കു സങ്കല്പിക്കാവുന്ന ജീവിതപരിധിക്കപ്പുറം കടന്നുചിന്തിക്കാൻ അനുവാചകരെ പ്രേരിപ്പിക്കുന്ന ഒരു നാടകമാണ് അരങ്ങത്തു പരാജയമായിരുന്ന ജോൺസൺ ഓവർ ജോർഡൻ (1939). 1940–കളിൽ നാടകത്തോടുള്ള അഭിനിവേശം അസ്തമിച്ചതോടെ അന്യാപദേശവും പ്രതീകാത്മകവുമായ നാടകങ്ങൾക്കാണ് അദ്ദേഹം മുൻതൂക്കം നൽകിയത്.

ജെയിംസ് ബ്രൈഡി (1888—1951) എന്നറിയപ്പെട്ടിരുന്ന ഹെൻറിമേവർ 1938 വരെ സ്വന്തം സ്ഥലമായ ഗ്ലാസ്ഗോയിലെ സർജനായിരുന്നു. നാല്പതാം വയസ്സിലാണ് നാടകകൃത്തെന്ന നിലയിൽ പ്രവർത്തിച്ചു തുടങ്ങിയത്. ബാരിയുടെ സൗമ്യസ്വഭാവം ഒഴിച്ചുനിർത്തിയാൽ ബ്രൈഡിയെ അദ്ദേഹത്തോട് ഉപമിക്കാം. വാദപ്രതിവാദങ്ങളും തത്ത്വചിന്തകളും ഭീകരരംഗങ്ങളും വിചിത്രസങ്കൽപങ്ങളും കുഴഞ്ഞ ഒരുതരം പ്രത്യേകരീതിയിലുള്ള നാടകങ്ങളാണ് അദ്ദേഹത്തിൻേറതു്. പാത്രസ്വഭാവത്തെ അപഗ്രഥിക്കുക അദ്ദേഹത്തിനു താല്പര്യമുള്ള വിഷയമാണ്. ദി അനാററമിസ്ററ് (1931), റോബിയസ് ആൻഡ് ദി എയ്ൻജെൽ (1932), ജോനാ ആൻഡ് ദ പേയ്ൽ (1932), ഡാഫ്നേലോറിയോല (1949) മുതലായവ അദ്ദേഹത്തിൻെറ നല്ലനാടകങ്ങളിൽ ചിലതാണ്.

നോവലിസ്റ്റെന്ന നിലയിലാണ് കൂടുതലറിയപ്പെടുന്നതെങ്കിലും ചാൾസ് മോർഗൻ (1894—1958) നാടകങ്ങളുമെഴുതിയിട്ടുണ്ട്. സന്ദർഭത്തിനനുയോജ്യമായ പ്രവർത്തനമാർഗ്ഗം തെരഞ്ഞെടുക്കുന്നതിൻെറ ധൈഷണികതലം ചിത്രീകരിക്കുന്ന നാടകങ്ങളാണ് മോർഗൻെറ സംഭാവന. ദ ഫ്ളാഷിങ് സ്ററീം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(1938), ദ റിവർ ലൈൻ (1950), ദ ബേണിങ്ങ് ഗ്ലാസ്സ് (1954) എന്നിവ അദ്ദേഹത്തിന്റെ നാടകങ്ങളാണ്.

പദ്യനാടകത്തിനു പുനർജീവൻ നൽകിയവരാണ് ററി. എസ്. എലിയട്ട്, ജെയിംസ് എൽറോയ് ഫ്ളെക്കർ, ജോൺമേസ്ഫീൽഡ്, ലാസലസ് ആബർ ക്രോംബി, ഗോർഡൻ ബോട്ടം ലി, ഡബ്ല്യിയു. എച്ച്. ഓഡൻ, ക്രിസ്റ്റഫർ ഇഷർവുഡ് എന്നിവർ. അപൂർണ്ണമായ സ്വീനി ആഗണിസ്റ്റിസ് (1926—27)നു പുറമെ ദ റോക്ക് (1934), മർഡർ ഇൻ ദ കതീഡ്രൽ (1935), ദ ഫാമിലി റീയൂണിയൻ (1939), ദ കോക്ക്ടെയ്ൽ പാർട്ടി (1949), ദ കോൺഫിഡെൻഷ്യൽ ക്ലാർക്ക് (1953), ദി എൽഡർ സ്റ്റേററ്സ്മൻ (1958) എന്നിങ്ങനെ ആറു നാടകങ്ങൾ രചിച്ചിട്ടുണ്ട് ററി. എസ്. എലിയട്ട്. എലിസബീത്തൻ കാലഘട്ടത്തിനു ശേഷമുണ്ടായ ഏററവും ഉന്നതമായ പദ്യനാടകങ്ങളാണ് ഇവ. എങ്കിലും അവയിൽ പലതിലും നാടകങ്ങൾക്ക് അവശ്യം വേണ്ട ഗുണങ്ങൾ കാണുന്നില്ല. സംഘഗാനവും എലിയട്ടിന് മതപരമായ കാര്യങ്ങളിലുള്ള പ്രത്യേക താല്പര്യവുമാണ് ദ റോക്ക് എന്ന നാടകത്തെ ശ്രദ്ധേയമാക്കുന്നത്. കോറസ്സായി പ്രത്യക്ഷപ്പെടുന്ന കാൻറർബറിയിലെ സ്ത്രീകളുടെ സംഭാഷണത്തിലൂടെ കൃതിയിൽ നാടകത്തിന്റെ ഭാവം ജനിപ്പിക്കാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. മർഡർ ഇൻ ദ കതീഡ്രൽ എന്ന നാടകത്തിൽ തോമസ് ബെക്കററ് എന്ന കഥാപാത്രത്തിന്റെ ആന്തരിക സംഘർഷങ്ങളും, ക്രിസ്തീയ സഭയും രാജാധികാരവും തമ്മിലുള്ള ഏററുമുട്ടലും ചിത്രീകരിക്കുന്നതിൽ നാടകകൃത്തു വിജയിച്ചിട്ടുണ്ട്. എലിയററിന്റെ നാടകങ്ങളിൽ ഏററവും ശ്രദ്ധേയമായതു് ഇതാണെന്നു പറയാം. ദ ഫാമിലി റീ യൂണിയനിലും, കോക്ക്ടെയ്ൽ പാർട്ടിയിലും നവീനാശയക്കാരാണ് കഥാപാത്രങ്ങൾ. ഫോർ ക്വാർട്ടെററ്സ് എന്ന കാവ്യത്തോട് സമാന സ്വഭാവം പുലത്തുന്നവയാണ് പ്രസ്തുത നാടകങ്ങൾ. ചിന്തോദ്ദീപകമായ ഒരു നാടകമാണ് ദ കോൺഫിഡെൻഷ്യൽ ക്ലാക്ക്. വ്യക്തിത്വാന്വേഷണവുമായി ബന്ധപ്പെട്ട ഗൗരവംതികഞ്ഞ ഒരു കോമെഡിയാണിതു്. ഒരു മുതിന്ന പൊതുപ്രവത്തകനായ ലോർഡ് ക്ലവർട്ടനെ കേന്ദ്രമാക്കി രചിച്ചിരിക്കുന്ന നാടകമാണ് ദി എൽഡർ സ്റേററ്സ്മാൻ.

ജർണീസ് എൻഡിന്റെ കർത്താവായ ആർ. ഡി. ഷെറിഫ്; ഫ്രെഡറിക്ക് ലാൻസ് ഡേററ്, സർ ഏ. പി. ഹെർബർട്ട്, ഏ. ഏ. മിൽനി, ക്ലിഫോർഡ് ബാക്സ്, ആഷ്ബി ഡ്യൂക്സ്, ബാരെററ്സ് ഓഫ് വിംപോൾ സ്ട്രീററി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ൻെറ കത്താവായ റുഡോംഫ് ബെസിയർ, നോർമൻ ഗിൻസ്ബറി, ലോറൻസ്ഹൗസ്മൻ എന്നിവരാണ് ഇക്കാലത്തെ മററു ചില നാടകകൃത്തുക്കരം. കാലഗണനകൊണ്ടു ററി. എസ്. എലിയററിനോടൊപ്പം നിൽക്കുകയും 1933-ൽ സ്ഥാപിതമായ ഗ്രൂപ്പ്തിയേറററിൻെറ പിൻബലത്തോടെ ഉയൻു വരികയും ചെയ്ത ചില നാടകകൃത്തുക്കളുണ്ട്. ഡാൻസ് ഓഫ് ഡെത്ത് (1933), ദ ഡോഗ്ബിനീത് ദ സ്ക്കിൻ (1935), ദി അസെൻററ് ഓഫ് എഫ് സിക്സ് (1936) എന്നീ നാടകങ്ങരം രചിച്ച ഓഡൻ, സ്ററീഫൻ സ്പെൻഡർ, ലൂയിമക്നീസ് തുടങ്ങിയവർ ഈ വിഭാഗത്തിൽ പെടുന്നു. 1939-ൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടതോടെ ഗ്രൂപ്പ്തിയേറററിൻെറ പ്രവത്തനം നിത്തിവെയ്ക്കേണ്ടിവന്നു. ഇരുപതുകൊല്ലക്കാലം തിയേററർ തുറന്നു പ്രവത്തിക്കുകയുണ്ടായില്ല. 1950-ൽ ജീൻപോരംസാർത്രിൻെറയും കാരംഡറോണിൻെറയും നാടകങ്ങരം അവതരിപ്പിച്ചുകൊണ്ടാണ് പ്രവത്തനം പുനരാരംഭിച്ചതു്.

നോവൽ

1920-നോടടുത്താണ് പരമ്പരാഗതമായ നോവലിനോടുള്ള എതിർപ്പാരംഭിച്ചതു്. കുറേ നാളത്തേയ്ക്കു് പുതിയ പ്രവണതകരം ഓരോന്നായി പ്രത്യക്ഷപ്പെടാൻ തുടങ്ങി. ഫ്രഞ്ചുനോവലിസ്റ്റുകളുടെ സ്വാധീനമാണ് സോളയെ പിന്തുടൻ് യഥാതഥപ്രസ്ഥാനം വളരെ അപകടകരമായ തരത്തിൽ വളൻുവരാൻ കാരണം. റഷ്യൻനോവലിൻെറ സ്വാധീനത്തിനു മുൻതൂക്കം ലഭിച്ചതോടെ ഉപബോധമനസ്സിൻെറ അപഗ്രഥനത്തിൽ രാല്പര്യം വദ്ധിക്കുകയും 1920 ആയപ്പോഴേക്കും ഇതിനു പ്രചാരം കിട്ടുകയും ചെയ്തു. ഇംഗ്ലീഷ്നോവലിൽ പരിവത്തനത്തിനുള്ള ശ്രമം നടത്തുന്നതിനു് അനുയോജ്യമായ സന്ദർഭമായിരുന്നു ഇതു്. ജെയിംസ് ജോയിസാണ് (1882—1941) ഈ യത്നം ഏറെറടുത്തതു്. ഡബ്ലിനിൽ ജനിച്ച അദ്ദേഹം ജെസ്യൂട്ട് കോളേജിലും, റോയൽ യൂണിവേഴ്സിററിയിലുമായി പഠനം പൂത്തിയാക്കി. എങ്കിലും പുരോഹിതപ്പട്ടം സ്വീകരിക്കുന്നതിൽ നിന്നും അദ്ദേഹം പിന്തിരിയുകയാണുണ്ടായതു്. പാരീസിലേക്കു പോയി വൈദ്യം പഠിക്കാനാരംഭിച്ച അദ്ദേഹം ഒരു പ്രൊഫെഷണൽ ഗായകനായിത്തീരാനാഗ്രഹിച്ചു. യുദ്ധകാലത്തു് സ്വിററ്സർലൻഡിൽ ഭാഷാദ്ധ്യാപകനായി ജോലി നോക്കി. പാരീസിൽ മടങ്ങിയെത്തിയതോടെ മുഴുവൻ സമയവും സാഹിത്യസേവനത്തിനു വിനിയോഗിച്ചു. ഡബ്ലിൻ ജീവിതത്തെ സൂക്ഷ്മമായി ചിത്രീകരിക്കുന്ന ചെറുകഥകളുടെ സമാഹാരമാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ് ഡബ്ലിനേഴ്സ് (1914). എ പോർട്രെയ്റ്റ് ഓഫ് ദി ആർട്ടിസ്റ്റ് ആസ് എ യങ് മാൻ (1916) എന്ന ആത്മകഥാപരമായ നോവലിൽ വളർന്നുവരുന്ന ഒരെഴുത്തുകാരൻ, തന്റെ ആത്മീയാന്തരീക്ഷത്തിനും ലൈംഗികാഭിലാഷത്തിനുമിടയിൽപ്പെട്ടു നട്ടംതിരിയുന്നതിന്റെ വികാരതീക്ഷ്ണമായ വിവരണമാണ് നോവലിസ്റ്റ് നൽകുന്നതു്. കഥാനായകന്റെ ആത്മീയജീവിതത്തെ സൂക്ഷ്മമായി വിശകലനം നടത്തുന്നിടത്തു് ഗ്രന്ഥകാരൻ തികഞ്ഞ നിസ്സംഗത പ്രകടിപ്പിക്കുന്നു. ഈ നോവലിന്റെ ആദ്യരൂപമായ സ്റ്റീഫൻ ഹീറോ 1944 വരെ പ്രസിദ്ധീകരിക്കുകയുണ്ടായില്ല. വിജയം കൈവരിക്കാതെ പോയ എക്സൈൽസ് (1918) എന്ന നാടകത്തിൽ സ്റ്റീഫൻ—ജോയ്സ് അകപ്പെട്ടിരിക്കുന്ന കലാപരമായ വികസനസന്ധിയെ പുനരാവിഷ്കരിച്ചിട്ടുണ്ടു്. ലിയോ പോൾഡ് ബ്ലൂമിന്റെയും, മിസ്സിസ് ബ്ലൂമിന്റെയും ഒരു ദിവസത്തെ ജീവിതാനുഭവങ്ങളേയും മനസ്സിനേയും അപഗ്രഥിക്കുന്ന യുലിസ്സിസ് (1922) എന്ന നോവലിൽ സ്റ്റീഫൻ ഡീഡലസ് വീണ്ടും പ്രത്യക്ഷപ്പെടുന്നു. ഹോമറുടെ ഓഡിസിയുടെ മാതൃകയിലാണ് ഇതു രൂപകല്പന ചെയ്തിരിക്കുന്നതു്. നോവലിന്റെ പശ്ചാത്തലം ഡബ്ലിനിലെ വൃത്തികെട്ട ചേരിപ്രദേശമാണെന്നു മാത്രം. ഹോമറുടെ യുളിസിസ്സിന്റെ സ്ഥാനത്തു് പരസ്യം ശേഖരിക്കുന്നതിൽ ഏർപ്പെട്ടു വലയുന്ന ലിയപ്പോൾഡ് ബ്ലൂമാണ് നായകൻ. ആകർഷകമല്ലെങ്കിലും ഒരു സാധാരണ മനുഷ്യനെ 'ഹീറോ' ആക്കിക്കൊണ്ടു് ഇരുപത്തിനാലു മണിക്കൂർനേരം അയാളെ പിന്തുടരുകയും പ്രതിരൂപാത്മകങ്ങളായ മായാദർശനത്തെ നായകന്റെ ബോധധാരയിൽ വിലയിപ്പിച്ചു് അയാളുടെ മാനസികാപഗ്രഥനങ്ങളിലൂടെ പുറംലോകത്തെ ചിത്രീകരിക്കുകയും ചെയ്യുന്നതിൽ ജെയിംസ് ജോയ്സ് കാട്ടുന്ന പാടവം അത്യന്തം ശ്ലാഘനീയമാണ്. പ്രാചീനവും ആധുനികവുമായ ഭാഷാശൈലികൾ കൂട്ടിക്കലർത്തിയുള്ള പ്രത്യേക പ്രയോഗങ്ങൾ ഈ പ്രക്രിയയിൽ അദ്ദേഹത്തെ സഹായിച്ചിട്ടുണ്ടു്. ഡോറത്തി റിച്ചേഡ്സൺ (1887—1957) അവരുടെ നോവലുകളിൽ സ്വീകരിച്ചിരിക്കുന്ന ബോധധാരാരീതിയും സ്വഗതാഖ്യാനവും അമേയമായ ശക്തിയോടെയാണ് ജോയ്സ് കൈകാര്യം ചെയ്യുന്നതു്. അശ്ലീലമെന്നു പറഞ്ഞു് ഈ കൃതി തടയപ്പെട്ടിരുന്നു. 1933—ൽ മാത്രമാണ് ഈ നിരോധനം നീക്കിയതു്. ജോയ്സിന്റെ അവസാന നോവലാണ് ഫിന്നിഗൻസ് വേക്ക് (1939). ഇതിന്റെ ഏതാനും ഭാഗങ്ങൾ 1927—28 കാലത്തു് പ്രസിദ്ധപ്പെടുത്തിയിരുന്നു. മനുഷ്യവംശത്തിന്റെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആരംഭം മുതൽക്കുള്ള ചരിത്രത്തിന്റെ ഒരു പഠനമാണ് ഈ നോവൽ. മിസ്റ്റർ ഇയർവിക്കറുടെ പൂർവ്വാപര്യബന്ധമില്ലാത്ത സ്വപ്നദർശനങ്ങളിലൂടെ ചുരുളഴിയുന്ന കഥാതന്തു അങ്ങേയററം കഴയ്ക്കുന്ന ഒന്നാണ്.

മനുഷ്യബന്ധങ്ങളിലാണ് ജോയ്സിനു കൂടുതൽ താല്പര്യം. മനുഷ്യമനസ്സിനെ അതിസൂക്ഷ്മമായി വിശകലനം ചെയ്യുന്നതിൽ അദ്ദേഹത്തിനു് അന്യാദൃശമായ സിദ്ധിയുണ്ട്. അവിരാമമായ പരീക്ഷണത്തിൽ ജോയ്സ് എന്നും ഉത്സുകനായിരുന്നു. ഫലിതവും ദ്വയാർത്ഥപ്രയോഗങ്ങളും സംഭ്രമിപ്പിക്കുന്ന ദൂരാരൂഢകല്പനകളും നിറഞ്ഞതാണ് അദ്ദേഹത്തിന്റെ രചനകൾ.

ജോയ്സിന്റെ യൂലിസ്സിസ്സിലെ പരീക്ഷണത്തിൽ ഉത്തേജിതയായ വർജീനിയാവൂൾഫിൻ (1882—1941) ജോയ്സ് ജനിച്ച വർഷം തന്നെ ജനിക്കുകയും അദ്ദേഹം മരിച്ച അതേ ആണ്ടിൽത്തന്നെ മരിക്കുകയും ചെയ്തുവെന്നതു് പ്രകൃതിയുടെ വികൃതിയായി തോന്നാം. വിക്ടോറിയൻ യുഗത്തിലെ കരുത്തുററ ജീവചരിത്രകർത്താവും പ്രശസ്ത വിമർശകനുമായ സർ ലെസ്ലി സ്ററീഫനായിരുന്നു വർജീനിയാ വൂൾഫിന്റെ പിതാവ്. കീർത്തികേട്ട സാഹിത്യകാരൻമാരെല്ലാം ലെസ്ലി സ്ററീഫന്റെ വസതിയിൽ സമ്മേളിക്കാറുണ്ടായിരുന്നു. അങ്ങനെ വിക്ടോറിയൻ സംസ്ക്കാരത്തിന്റെ സത്ത സ്വാംശീകരിക്കാനുള്ള അവസരം വർജീനിയാവൂൾഫിനുണ്ടായി. ബ്ലൂംസ്ബറിയിൽ മൂത്ത സഹോദരി വാനെസയുടേയും അവരുടെ ഭർത്താവും കലാനിരൂപകനുമായ ക്ലൈവ്ബെല്ലിന്റെയും ഒപ്പമാണ് യുവതിയായ വർജീനിയ താമസിച്ചിരുന്നതു്. ഈ. എം. ഫോസ്ററർ, ലിററൻ സ്ട്രേയ്ച്ചി, സാമ്പത്തികശാസ്ത്രജ്ഞനായ ജോൺ മെയ്നാർഡ് കീൻസ് എന്നിവരെല്ലാം ഓരോ സന്ദർഭങ്ങളിലായി എഴുതിയ ലേഖനങ്ങൾ ബ്ലൂംസ്ബറി ഗ്രൂപ്പിന്റെ പ്രശസ്തി വർദ്ധിപ്പിച്ചിട്ടുണ്ട്. 1912-ൽ വർജീനിയാ സാഹിത്യകാരനായ ലിയനാർഡ്‌വൂൾഫിനെ വിവാഹം കഴിച്ചു. ഭർത്താവിന്റെ ഹൊഗാർത്ത് പ്രസ്സിൽ അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കുകയുണ്ടായി. മാമൂൽപ്രകാരം ആഖ്യാനം നടത്തിയിരിക്കുന്ന ദ വോയേജ് ഔട്ട് (1915) ആണ് പ്രഥമനോവൽ. കഥാപാത്രങ്ങളെ വിശകലനം ചെയ്യുന്നതിൽ പ്രാമുഖ്യം കല്പിച്ചിരിക്കുന്ന ഒരു കൃതിയാണ് നൈററ് ആൻഡ് ഡേ (1919). ജേക്കബ്സ് റൂം (1922) എന്ന നോവലാണ് അവരുടെ പകത വന്ന ആദ്യകൃതി. ജേക്കബുമായി ബന്ധപ്പെടുന്നവരുടെ ബോധമണ്ഡല

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിലൂടെ അയാളുടെ വ്യക്തിത്വം അനാവരണം ചെയ്യപ്പെന്നു. ഇതേ രീതിതന്നെയാണ് മിസ്സിസ് ഡാലോവേ(1925)യിലും പിന്തുടരുന്നതു്. മിസ്സിസ് ഡാലോവേയുടെ ഒരു ദിവസത്തെ സംഭവങ്ങളും അവർ ഒരിക്കൽപോലും കണ്ടുമുട്ടിയിട്ടില്ലാത്ത സെപ്ററിമസ്വാറൻ സ്മിത്ത് ദമ്പതികളുടെ ആ ദിവസത്തെ അനുഭവങ്ങളുമായി തട്ടിച്ചുനോക്കുന്നതാണ് ഈ നോവൽ. അത്യന്തം മധുരതരമായ വിധത്തിലാണ് നോവലിന്റെ ഘടന. കവിത തുളുമ്പുന്ന ഗദ്യശൈലി ആസ്വാദ്യതയ്ക്കു മാററുകൂട്ടുന്നു. ബോധധാരാരീതിയിൽ കൂറെക്കൂടി വിജയിച്ച നോവലാണ് ററു ദ ലൈററ് ഹൗസ് (1927). റാംസേ കുടുംബത്തിന്റെ ബന്ധങ്ങളുടെ അപഗ്രഥനമാണ് ഈ കൃതി. വർജീനിയാവൂൾഫിന്റെ മാനസികാപഗ്രഥനപാടവം അതിന്റെ പാരമ്യതയിലെത്തി നൽകുന്ന ഒരു നോവലാണ് കാര്യമായ ഇതിവൃത്തമില്ലാത്തതും ഗദ്യകവിതയെന്നു വിശേഷിപ്പിക്കാവുന്നതുമായ ദ വേവ്സ് (1931). 'ഫ്ളഷ്' (1933) ദി ഇയേഴ്സ് (1937) എന്നീ കൃതികളിൽ വീണ്ടും കുടുംബബന്ധങ്ങളിലേക്കു കടക്കുന്നു. അവരുടെ സാങ്കേതിക വൈദഗ്ദ്ധ്യത്തിനുള്ള തെളിവാണ് ബിററ് വീൻ ദി ആക്റ്റ്സ് (1941). ഒർലാൻഡോ എ ബയോഗ്രഫി(1928) യിലെ വിചിത്രമായ ലിംഗപരിവർത്തനത്തിന്റെ പ്രതിപാദനം അയഥാർത്ഥ പ്രതീതിയുളവാക്കുന്നു. 1941-ൽ തെംസ് നദിയിൽ ചാടി ജീവിതമവസാനിപ്പിക്കുകയായിരുന്നു മിസ്സിസ് വൂൾഫ്.

ജോയ്സിൽനിന്നു വിഭിന്നമെങ്കിലും നൂതനത്വമുള്ള നോവലുകളാണ് ഡേവിഡ് ഹെർബർട്ട് ലോറൻസ്(1885—1930) സൃഷ്ടിച്ചതു്. നോട്ടിങ് ഹാം ഷയറിലെ ഈസ്റ്റ്വുഡിൽ ഒരു ഖനി തൊഴിലാളിയുടെ മകനായിട്ടാണ് ലോറൻസ് ജനിച്ചതു്. നോട്ടിങ് ഹാം സ്കൂളിലെ വിദ്യാഭ്യാസത്തിനു ശേഷം അദ്ധ്യാപകവൃത്തിക്കുള്ള പരിശീലനം നേടി. കുറെക്കാലം ക്രോയ്ഡെൻ സ്കൂളിൽ അദ്ധ്യാപകനായി ജോലിനോക്കുകയുണ്ടായി. ദ വൈററ് പീകോക്ക് (1911) പ്രസിദ്ധീകരിച്ചതോടെ ജോലി ഉപേക്ഷിച്ച് സാഹിത്യരംഗത്തേക്കു് തിരിഞ്ഞു. നോട്ടിങ്ഹാമിലെ ഒരു പ്രൊഫസറുടെ ഭാര്യയായിരുന്ന ഫ്രൈഡാ വീക്ലിയെന്ന ജർമ്മൻകാരിയുമായുള്ള വിവാഹബന്ധവും അശ്ലീലമെന്നു മുദ്രകുത്തി അദ്ദേഹത്തിന്റെ ദ റെയിൻ ബോ (1915) എന്ന നോവൽ തടഞ്ഞുവച്ചതും അദ്ദേഹത്തിന്റെ പെയ്ൻറിങ്ങുകളുടെ പ്രദർശനം നിരോധിച്ചതും ഇംഗ്ലണ്ട് വിട്ടുപോകുവാൻ ലോറൻസിനെ പ്രേരിപ്പിച്ചു. എങ്കിലും 1919—ൽ മാത്രമേ അദ്ദേഹത്തിനു് അതു സാധിച്ചുള്ളൂ. ധാരാളം രാജ്യങ്ങളിൽ ചുററിസ്സഞ്ചരിച്ചിട്ടുള്ള അ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്ദേഹം 1930–ൽ ഫ്രാൻസിൽവച്ച് ക്ഷയരോഗം പിടിപെട്ടു് അകാലചരമം പ്രാപിച്ചു. ധാരാളമായി എഴുതിക്കൂട്ടിയ സാഹിത്യകാരനായിരുന്നു ലോറൻസ്. നോവൽ, ചെറുകഥ, കവിത, നാടകം, പ്രബന്ധം എന്നീ ഇനങ്ങളിലായി നാൽപതിൽപരം കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ടു്. 1912–ൽ ദ ട്രെസ്പാസ്സർ രചിച്ച ശേഷം പുറത്തുവന്ന അങ്ങേയററം ആത്മകഥാപരമായ നോവലാണു് സൺസ് ആൻഡ് ലവേഴ്സ് (1913). അമ്മയും മകനും തമ്മിലുള്ള ബന്ധത്തെ തികഞ്ഞ ഉൾക്കാഴ്ചയോടെ അപഗ്രഥിക്കുന്നുവെന്നതിനാൽ വളരെയേറെ കൗതുകമുണർത്തുന്ന ഒരു നോവലാണിതു്. സ്ത്രീയും പുരുഷനും തമ്മിലുള്ള സംഘർഷമാണു് ദ റെയ്ൻ ബോയിലെ പ്രമേയം. നോവലിസ്ററിന്റെ വിവാഹജീവിതത്തിന്റെ ആദ്യനാളുകളുമായി പല വിധത്തിലും ഇതു ബന്ധപ്പെട്ടിട്ടുണ്ടു്. ഇതിന്റെ തുടർച്ചയായ വിമെൻ ഇൻ ലൗവിൽ (1921) മിഡിൽട്ടൺ മറിയുമായി തനിക്കുണ്ടായിരുന്ന പ്രത്യേക ബന്ധത്തെ അതിശയോക്തിസ്പർശമില്ലാതെ തുറന്നു കാട്ടുന്നു. ഈ കൃതി മനുഷ്യജീവിതത്തെക്കുറിച്ചു് ലോറൻസിന്റെ വീക്ഷണമെന്തെന്നു വ്യക്തമാക്കുന്നു. തന്മൂലം ലോറൻസിനെപ്പററി പഠിക്കുന്നവർക്കു് അത്യധികം വിലപ്പെട്ടതാണു് ഈ കൃതി. മെച്ചപ്പെട്ട ശൈലികൊണ്ടു പക്വതയാർന്ന ഒരു നോവലാണു് ആരൻസ് റോഡ് (1922). കാംഗരു (1923), ദ ബോയ് ഇൻ ദ ബുഷ് (1924), മെക്സിക്കൻ ജീവിതം ചിത്രീകരിക്കുന്ന ദൈർഘ്യമേറിയ ദ പ്ലൂമ്ഡ് സർപ്പെൻറ് (1926) എന്നിവ ആരൻസ് റോഡി(Rod)നെ തുടർന്നു വന്ന കൃതികളാണു്. ലൈംഗികാനുഭവങ്ങളെ ഒരു മറയും കൂടാതെ ആവിഷ്കരിക്കുന്ന ലേഡി ഷാററൽ ലീസ് ലവർ (1928) 1960 വരെ ഇംഗ്ലണ്ടിൽ നിരോധിക്കപ്പെട്ടിരുന്നു. ശക്തിമത്തായ ധാരാളം ചെറുകഥകൾ ലോറൻസ് എഴുതിയിട്ടുണ്ടു്. ഇവയിൽ പരാമർശയോഗ്യമായ കൃതികളാണു് ദ പ്രെഷ്യൻ ഓഫീസർ (1914), ഇംഗ്ലണ്ടു് മൈ ഇംഗ്ലണ്ടു് (1922), ദ ലേഡി ബേർഡ്, ദ ഫോക്സ്, ദ ക്യാപ്ററൻസ് ഡോൾ (1923), ദ ലവ്ലി ലേഡി (1933) എന്നിവ. ട്വൈലൈററ് ഇൻ ഇററലി (1916), സീ ആൻഡ്സർഡീനിയ (1921), റിഫ്ളെക്ഷൻസ് ഓൺ ദ ഡെത്ത് ഓഫ് എ പോർക്ക്യൂപേയ്ൻ (1925), മോണിങ്സ് ഇൻ മെക്സിക്കോ (1927) എന്നിവ ശ്രദ്ധേയമായ മററു ചില കൃതികളാണു്.

ആധുനിക യാന്ത്രികസംസ്കാരത്തിന്റെ മൂല്യങ്ങളോടുള്ള കടുത്ത അമർഷവും പ്രാചീനതയോടും പ്രകൃതിദത്തമായതിനോടുമുള്ള ആഭിമുഖ്യവും തന്റെ നോവലുകളിൽ അദ്ദേഹം സമ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്വയിപ്പിച്ചിരുന്നു. ബുദ്ധിയോടല്ല, ഹൃദയത്തോടാണ് അദ്ദേഹം സംവദിക്കുന്നത്. ഫൻറാസിയ ഓഫ് ദ അൺകോൺഷ്യസ് (1922), സൈക്കോ അനാലിസിസ് ആൻഡ് ദി അൺ-കോൺഷ്യസ് (1923), അപ്പോകാലിപ്സ് (1931) എന്നീ പ്രബന്ധങ്ങളിൽ തൻെറ മൗലികവിശ്വാസപ്രമാണങ്ങൾ അദ്ദേഹം പ്രതിപാദിച്ചിട്ടുണ്ട്. നർമ്മബോധം കമ്മിയായിരുന്നു എന്നൊരു പോരായ്മയുണ്ട് ലോറൻസിന്. അവധാനതയുള്ള ഒരു കലാകാരനായിരുന്നില്ല അദ്ദേഹം. ചിത്രകാരനായ ലോറൻസ് പ്രകൃതിദൃശ്യങ്ങൾ വരയ്ക്കുന്നതിൽ കാണിക്കുന്ന പാടവം തൻെറ വിവരണങ്ങളിലും ബിംബസ്വീകരണത്തിലും കാണിക്കുന്നില്ല. എങ്കിലും അത്തരം സന്ദർഭങ്ങളിൽ കവിതയോടടുത്തു നില്ക്കുന്നതാണ് അദ്ദേഹത്തിൻെറ ശൈലി. രചയിതാവിനോടു സാമ്യം വഹിക്കുന്നവരാണ്.. അദ്ദേഹത്തിൻെറ കഥാപാത്രങ്ങളിലധികവും. സൺസ് ആൻഡ് ലവേഴ്സിലെ പോൾ മോറലും, കാംഗരുവിലെ ആർ. എൽ. സോമേഴ്സും, വിമെൻ ഇൻ ലൗവിലെ ബർക്കിനും ലോറൻസിൻെറ തന്നെ പ്രതിച്ഛായകളാണ്. ഉപബോധമനസ്സിനെ വിശകലനം ചെയ്യുന്നിടത്താണ് ലോറൻസിൻെറതന്നെ പ്രതിഭ തെളിഞ്ഞുനില്ക്കുന്നത്.

ഉയർന്ന ഇടത്തരം കുടുംബത്തിൽപെട്ട ആളായിരുന്നു എഡ്വേഡ്മോർഗൻ ഫോസ്റ്റർ (1879—1970). ലോറൻസിൻെറ സ്ഫോടനാത്മകമായ വിഷയാസക്തിയുടെ എതിർധ്രുവത്തിൽ നില്ക്കുന്നു ഫോസ്ററുടെ ഒളിമിന്നുന്ന വിവേചനബുദ്ധി. ഫോസ്ററിൻെറ വ്യംഗ്യമായ പ്രസന്നത ലോറൻസിൻെറ പ്രവചനാത്മകമായ രോഷത്തിൽനിന്നും തികച്ചും ഭിന്നമാണ്. എന്നിരുന്നാലും ഇരുവരും തങ്ങളുടെ കാലഘട്ടത്തിലെ ധാർമ്മികാധഃപതനത്തിൻെറ പ്രതീകങ്ങൾ ഉയർത്തിക്കാട്ടിയവരാണ്. കേംബ്രിഡ്ജിലെ കിങ്സ് കോളേജിലെ ഫെലോയും സാർവ്വജനീനനുമായ ഫോസ്ററർ ആറു നോവലുകളേ എഴുതിയിട്ടുള്ളു. അദ്ദേഹത്തിനു പ്രിയപ്പെട്ട വിഷയം വ്യത്യസ്ത സംസ്കാരങ്ങൾ തമ്മിലുള്ള സംഘർഷമാണ്. ഇതു പ്രതിപാദിക്കുന്ന നോവലാണ് വെയർ എയ്ൻജെൽസ് ഫിയർ റു ട്രെഡ് (1905). ദ ലോംഗസ്ററ് ജേർണി (1907) ഫോസ്ററുടെ പാത്രസൃഷ്ടി വൈഭവത്തിനു് ഒന്നാന്തരം തെളിവാണ്. എ റൂം വിത്ത് എ വ്യൂ (1908) എന്ന കൃതി ഇററലിയെ പശ്ചാത്തലമാക്കി രചിച്ച വിശിഷ്ടമായ ഒരു കോമഡിയാണ്. ഇതേത്തുടർന്നു് ഫോസ്ററുടെ മാസ്ററർപീസുകളായ ഹവർഡ്സ് എൻഡ് (1910), എ പാസ്സേജ് റു ഇൻഡ്യ (1924) എന്നിവ പുറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തുവന്നു. വ്യക്തിബന്ധങ്ങളിൽനിന്നുടലെടുക്കുന്ന തെററിദ്ധാരണകളാണ് ഇതിൽ ആദ്യം പറഞ്ഞ നോവലിലെ പ്രമേയം. രണ്ടാമത്തെ കൃതിയിൽ ഈ തെററിദ്ധാരണ ഉണ്ടാകുന്നതു് വർഗ്ഗങ്ങൾ തമ്മിലാണ്. ഇംഗ്ലീഷുകാരും ഇന്ത്യക്കാരുമായുള്ള ബന്ധങ്ങളിൽ ഉണ്ടായിരുന്ന സങ്കീർണ്ണപ്രശ്നങ്ങളാണ് എ പാസ്സേജ്ററു ഇൻഡ്യയിൽ അവതരിപ്പിച്ചിരിക്കുന്നതു്. ഫോസ്ററുടെ മരണശേഷം പ്രസിദ്ധപ്പെടുത്തിയ മോറിസിൽ(1971) സ്വവർഗ്ഗരതിയാണ് പ്രമേയം.

അധികമെഴുതുന്ന സ്വഭാവക്കാരനായിരുന്നില്ലെങ്കിലും ഫോസ്ററർ എഴുതുന്നതിൽ ഉന്നതനിലവാരം പുലർത്തുന്ന കാര്യത്തിൽ ശ്രദ്ധവെച്ചിരുന്നു. യഥാർത്ഥമനുഷ്യരുടെ ശക്തിദൗർബല്യങ്ങൾ പ്രകടിപ്പിക്കുന്നവയാണ് ഫോസ്ററുടെ കഥാപാത്രങ്ങൾ. കഥാഖ്യാനത്തിൽ അദ്ദേഹത്തിനു പ്രത്യേകവൈഭവമുണ്ടു്. എ പാസ്സേജ് ററു ഇൻഡ്യയിലെന്നപോലെ നോവലിനു് അനുയോജ്യമായ പശ്ചാത്തലം സൃഷ്ടിക്കുന്ന കാര്യത്തിലും ഫോസ്ററർ മുൻപന്തിയിലാണ്. ഫോസ്ററുടെ സംഭാഷണരചനയും ആകർഷകമാണ്.

ദ സെലെസ്ററിയൽ ഓമ്നിബസ് (1911), ദ സ്റേറാറി ഓഫ് ദ സൈറൻ (1920), ദി ഇറേറർണൽ മൊമൻറ് (1928) എന്നിങ്ങനെ മൂന്നു കഥാസമാഹാരങ്ങളും ആസ്പെക്ററ്സ് ഓഫ് ദ നോവൽ (1927), ആബിഞ്ജർ ഹാർവെസ്ററ് (1936) എന്നിങ്ങനെ രണ്ടു നിരൂപണ ഗ്രന്ഥങ്ങളും ഫോസ്ററർ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ഫോസ്ററുടെ ഉപന്യാസങ്ങളും പ്രഭാഷണങ്ങളും പ്രസംഗങ്ങളും ഉൾക്കൊള്ളുന്നതാണ് ററൂ ചീയേഴ്സ് ഫോർ ഡെമോക്രസി (1951).

പ്രശസ്ത ശാസ്ത്രജ്ഞനായ ററി. എച്ച്. ഹക്സ്ലിയുടെ അനന്തരഗാമിയായ ആൽഡസ് ലിയനാർഡ് ഹക്സ്‌ലി (1894—1963) പതിനേഴാമത്തെ വയസ്സിൽ താൽക്കാലികമായി തിമിരം ബാധിച്ചതിനേത്തുടർന്നു് ഈററൻ സ്കൂളിനോടു വിട പറഞ്ഞു. പിന്നീടു് ഓക്സ്ഫേഡിൽ പഠനം തുടർന്ന ഹക്സ്‌ലി കവിയായാണ് സാഹിത്യജീവിതം ആരംഭിക്കുന്നതു്. 1917 ൽ ഓക്സ്ഫേഡ് പോയട്രിയുടെ എഡിററായിരുന്നു അദ്ദേഹം. ഓട്ടോലിക്കസ് എന്ന കപടനാമത്തിൽ ദി അഥീനിയമിലേക്കു് ലേഖനങ്ങൾ എഴുതിക്കൊണ്ടിരുന്നു. 1939–ൽ കാലിഫോർണിയയിൽ അദ്ദേഹം താമസമുറപ്പിച്ചു. ആദ്യനോവലായ ക്രോം യെല്ലോ (1921) ഒരു സംഭാഷണ ശകലത്തിൽ കവിഞ്ഞൊന്നുമല്ല. സമകാലീന സമൂഹത്തെ പരിഹസിക്കുന്ന ലാഘവമുള്ള ഒരു കൃതിയാണിതു്. ആൻറിക്ഹേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(1923) എന്ന നോവലിനെത്തുടർന്നു് ദോസ് ബാരൻ ലീവ്സ് 1925–ൽ പുറത്തുവന്നു. 'കഥയെ സംഗീതാത്മകമാക്കാൻ' ശ്രമം നടത്തുന്ന പോയിൻറ് കൗണ്ടർ പോയിൻറ് (1928) മതിഭ്രമത്തിനടിപ്പെട്ട വ്യഥാവിലാക്കപ്പെട്ട ഒരു സമൂഹത്തിൻെറ ചിത്രം വരച്ചു കാട്ടാൻ ശ്രമിക്കുന്നു. ശാസ്ത്രം ആധിപത്യം പുലത്തുന്ന ഒരു ലോകം എങ്ങനെയിരിക്കുമെന്നുള്ള അദ്ദേഹത്തിൻെറ സങ്കല്പമാണു് ബ്രേവ് വേൾഡ് (1932). രോഗങ്ങളോ, ക്ഷോഭമോ, ആത്മീയജീവിതമോ ഇല്ലാത്ത അത്തരമൊരു ലോകത്തെ പരിഹസിക്കുകയാണു് നോവലിസ്ററ്. ഹക്സ്ലിയുടെ ഏററവും വലിയ നേട്ടമെന്നു ചിലർ കരുതുന്ന ഐലെസ് ഇൻ ഗാസ(1936)യിൽ വന്ധ്യമായ സമകാലികമൂല്യങ്ങളെ അനാവരണം ചെയ്തുകാട്ടാനുള്ള ശക്തമായ ശ്രമം കാണാം. ധാർമ്മികാശയങ്ങളെക്കുറിച്ചുള്ള നീണ്ട ചർച്ചകൾ ഉടനീളം അനുഭവപ്പെടുന്നതിനാൽ അധികം പേർക്കും ഈ കൃതി രുചിച്ചിട്ടില്ല. കാലിഫോർണിയയിൽ താമസം ഉറപ്പിച്ചശേഷം മൂന്നു് ആക്ഷേപഹാസ്യനോവലുകൾകൂടി പ്രസിദ്ധപ്പെടുത്തുകയുണ്ടായി—ആഫ്ററർ മെനി എ സമ്മർ (1939), ടൈം മസ്ററ് ഹാവ് എ സ്ററോപ് (1944), ഏപ്സ് ആൻഡ് എസ്സെൻസ് (1948). ആത്മീയ പരിശുദ്ധിക്കു ഹക്സ്ലി നൽകുന്ന പ്രാധാന്യം വിവരിക്കുന്ന കൃതിയാണു് ദ പെരെണിയൽ ഫിലോസഫി (1946).

ആഴത്തിലുള്ള പാത്രസൃഷ്ടിയോ ഗൗരവമേറിയ ഇതിവൃത്തമോ അദ്ദേഹത്തിനു വശമില്ല. എന്നാൽ സംഭാഷണത്തിനും ചർച്ചകൾക്കും അവ വേണ്ടത്ര അവസരം നൽകുന്നുണ്ടു്. എന്തിനേക്കാളുമുപരി ഒരാക്ഷേപഹാസ്യകാരനാണദ്ദേഹം. സംസ്കൃതമായ ശൈലിയിലെഴുതുന്നതിനും രൂക്ഷമായ ആക്ഷേപശരങ്ങൾ പ്രയോഗിക്കുന്നതിനും പര്യാപ്തമായ ചുറുചുറുക്കുള്ള ഒരു മനസ്സായിരുന്നു ഹക്സ്ലിയുടേതു്.

ഏതാനും കാവ്യഗ്രന്ഥങ്ങൾക്കുപുറമെ ലേഖനങ്ങളും കഥകളുമായി അനേകം കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ടു്. ലിംബോ (1920), മോർ കോയിൽസ് (1922), ജെസ്ററിങ് പൈലററ് (1926), എസ്സേയ്സ് ന്യൂ ആൻഡ് ഓൾഡ് (1926), ദി ഓലിവ് ട്രീ ആൻഡ് അദർ എസ്സേയ്സ് (1936), ദ ഡെവിൾസ് ഓഫ് ലൂഡൻ (1952) എന്നിവയാണു് അവയിൽ പ്രാധാന്യമർഹിക്കുന്നവ.

പാരീസിൽ ജനിച്ച വില്യം സമർസെററ് മോം പത്താം വയസ്സിലാണു് ഇംഗ്ലണ്ടിലെത്തിയതു്. പിന്നീടു് ലണ്ടനിലെ ഒരു ഡോക്ടറായിത്തീൻു. നോവലിസ്ററായി സാഹിത്യജീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിതം ആരംഭിച്ച മോം നാടകത്തിലേക്കാണ് പിന്നീട് തിരിഞ്ഞതു്. രണ്ടാം ലോകമഹായുദ്ധകാലത്തെ പാരീസിലെ ജീവിതാനുഭവങ്ങൾ വിവരിക്കുന്ന കൃതിയാണ് സ്ട്രിക്റ്റ്ലി പേർസണൽ (1942). അർത്ഥഗർഭമായി അകൽച്ച പാലിച്ചുകൊണ്ടു് ജീവിതത്തിലെ പൊള്ളത്തരങ്ങൾ ചിത്രീകരിക്കുന്ന ഒരു ദോഷൈകദൃക്കാണ് മോം എന്നു് അദ്ദേഹത്തിന്റെ നോവലുകൾ വിളിച്ചുപറയുന്നു. മനുഷ്യപ്രകൃതത്തിൽ അതീവ താല്പര്യമുള്ള ഒരു റിയലിസ്റ്റാണദ്ദേഹം. വ്യക്തവും സൂക്ഷ്മവും ലളിതവുമാണ് ആ ശൈലി. കൃത്രിമമായ നർമ്മവും തുളഞ്ഞുകയറുന്ന ഫലിതവും അദ്ദേഹത്തിന്റെ സവിശേഷതകളാണ്. ലണ്ടൻ ആശുപത്രിയിലെ അനുഭവങ്ങൾ ദരിദ്രജനവിഭാഗവുമായി കൂടുതൽ അടുത്തിടപഴകുന്നതിനു വഴി ഒരുക്കി. പ്രസ്തുത അനുഭവങ്ങളെക്കുറിച്ചെഴുതിയ കൃതികളാണ് ലിസാ ഓഫ് ലാംബത്ത് (1897), മിസ്സിസ് ക്രാഡക്ക് (1902) എന്നിവ. ദ മൂൺ ആൻഡ് സിക്സ്പെൻസ് (1919), ദ പെയ്ന്റഡ് വെയ്ൽ (1925), ദ കാഷ്വറീനാ ട്രീ (1926), അസാധാരണ ഭ്രമകല്പനയായ കാറ്റ്ലിനാ (1948) എന്നീ കൃതികളുടെ പശ്ചാത്തലങ്ങൾ താൻ സഞ്ചരിച്ച വ്യത്യസ്തങ്ങളായ സ്ഥലങ്ങളാണ് ആത്മകഥാംശം മുററിനില്ക്കുന്ന ഓഫ് ഹ്യൂമൻ ബോൺഡേജ് മോമിന്റെ ഏററവും നല്ല നോവൽ ആണെന്നു കരുതപ്പെടുന്നു. കേക്ക്സ് ആൻഡ് ഏയ്ൽ (1930), ദ റേസേഴ്സ് എഡ്ജ് (1944) എന്നിവയാണ് അദ്ദേഹത്തിന്റെ മററുനോവലുകൾ. ദ ട്രെംബ്ലിങ് ഓഫ് എ ലീഫ് (1921), ഓൺഎ ചൈനീസ് സ്ക്രീൻ (1922), ആഷെൻഡൻ (1928), ആറ് ററുഗൈദർ (1934) എന്നീ കഥാപുസ്തകങ്ങളും എടുത്തുപറയേണ്ടവയാണ്.

നോവലിസ്റ്റ്, വിമർശകൻ, നാടകകൃത്തു്, ഉപന്യാസകാരൻ എന്നീ നിലകളിലെല്ലാം പ്രഖ്യാതനായിത്തീർന്ന ജെ. ബി. പ്രീസ്റ്റ് ലി (1894—1984) രണ്ടാം ലോകമഹായുദ്ധകാലത്തെ പേരെടുത്ത റേഡിയോ പ്രഭാഷകനായിരുന്നു. സഞ്ചാരികളായ ഒരുപററം സംഗീതക്കാരുടെ സാഹസികതകൾ വിവരിക്കുന്ന പ്രചാരമേറിയ നോവലാണ് ദ ഗുഡ് കംപാനിയൻസ് (1929). നിത്യജീവിതത്തിലെ സന്ദർഭങ്ങൾ ചിത്രീകരിക്കുന്നതിൽ പ്രീസ്റ്റ്ലി ആരുടേയും മുന്നിലാണ്. ഏയ്ൻജെൽ പേവ്മെന്റ് (1930), ലെററ് ദ പീപ്പിൾ സിങ് (1939), ഡേ ലൈററ് ഓൺ സാററർഡേ (1943), ബ്രൈററ് ഡേ (1946), ഫെസ്ററിവൽ ഓഫ് ഫാർബ്രിഡ്ജ് (1951) എന്നിവയാണ് പ്രീസ്റ്റ്ലിയുടെ മററു നോവലുകൾ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ കാലഘട്ടത്തിലെ മററു നോവലിസ്ററുകളിൽ എടുത്തു പറയേണ്ടവരാണ് ആദ്യമായി ബോധധാരാരീതി പൂർണ്ണമായുപയോഗിച്ച ഡോറത്തി റിച്ചേർഡ്സണും വ്യത്യസ്ത മാതൃകകളിലുള്ള അനേകം നോവലുകളുടെ കർത്താവായ മേസിൻ ക്ലേറും, ലോറൻസ്, ജോയ്സ്, വർജീനിയ വൂൾഫ് എന്നിവരെപ്പോലെ റെബേക്കാ വെസ്ററ്, തിയഡോർഫ്രാൻസിസ് പോവിസ്, വിൻ ഡാം ലൂയിസ്, എലിസബത്ത് ബവൻ, ഐവി കോംപ്ടൺ ബേണററ് തുടങ്ങിയവരും ആധുനിക മനഃശാസ്ത്രത്തിൻെറ ശക്തമായ സ്വാധീനത്തിൽപ്പെട്ടു നോവൽ രചിച്ചവരാണ്. ഗാൽസ്വർത്തി, വെൽസ്, ബെനററ് എന്നിവർ പരമ്പരാഗത രീതിക്കാരായിരുന്നെങ്കിലും അവർക്ക് അന്നും ജനസമ്മതിയുണ്ടായിരുന്നു. സർ ഹ്യൂവാൽ പോളും മാമൂലനുസരിച്ചുതന്നെയാണ് എഴുതിയതു്. ഇവർക്കു സമാനമായ സ്ഥാനമുണ്ടായിരുന്നു സർ കോംപ്ടൺ മക്കൻസിക്കു്. ഫ്രാൻസിസ് ബ്രെററ്യങ്, ചാൾസ് മോർഗൻ എന്നിവരേയും ഇക്കൂട്ടത്തിൽ ഉൾപ്പെടുത്താം. ലൂയി ഗ്രാസ്സിക്ക് ഗിബ്സണും, മേരിവെബ്ബും ഷീലാ കേയ് സ്മിത്തും പ്രാദേശികകഥകളിലാണ് പ്രാവീണ്യം നേടിയതു്. ചരിത്രനോവലുകൾ സൃഷ്ടിച്ച നോവലിസ്ററാണ് റോബർട്ട് ഗ്രേവ്സ്. പലായനവാദിസാഹിത്യത്തിനും ആവശ്യക്കാരുണ്ടായിരുന്നു. നോർമൻ ഡഗ്ലസ്, സിൽവിയ ടൗൺസെൻഡ് വാർണർ, വാൾട്ടർ ഡിലാ മേർ എന്നിവരാണ് അത്തരക്കാരെ പ്രീതിപ്പെടുത്തിയതു്.

മറെറാരു നോവലിസ്ററും വിമർശകനുമായ വി. എസ്. പ്രിച്ചെററ് കൂടുതലറിയപ്പെടുന്നതു് ചെറുകഥാകൃത്തു് എന്ന നിലയ്ക്കാണ്. തോൽവ്യവസായത്തിൻെറ പശ്ചാത്തലത്തിലെഴുതിയിരിക്കുന്ന നതിങ് ലൈക്ക് ലെതർ ഒരു പര്യവേക്ഷണ സംഘത്തിൽനിന്നു് കൂട്ടം തെററിപ്പോകുന്ന ഒരു സാഹസികൻെറ കഥയായ ഡെഡ്മാൻ ലീഡിങ് (1937), നിഷ്കൃഷ്ടമായ സദാചാരനിയമത്തെ സംബന്ധിക്കുന്ന മിസ്ററർ ബെലങ്കിൾ എന്നിവയുടെ കർത്താവാണ് പ്രിച്ചെററ്.

പലവിധ ഗദ്യസാഹിത്യം

ഇംഗ്ലീഷിലെ ഗദ്യരചയിതാക്കളിൽ പ്രഥമഗണനീയനാണ് ഗൈൽസ് ലിററൺ സ്ട്രേയ്ച്ചി (1980–1832). 'ബ്ലൂംസ്ബറി ഗ്രൂപ്പി'ൽ അംഗമായ അദ്ദേഹത്തിൻെറ ക്വീൻ വിക്ടോറിയ (1921) എന്ന ഗ്രന്ഥത്തിനു് ഏററവും നല്ല ജീവചരിത്രത്തിനുള്ള ജെയിംസ് ടെയ്ററ് ബ്ലാക്ക് അവാർഡ് ലഭിച്ചിട്ടു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്ട്. വിക്ടോറിയാ രാജ്ഞിയുടെ വിശിഷ്ടഗുണങ്ങളെ അനാവരണം ചെയ്തുകാട്ടുന്ന അദ്ദേഹം ഈ കൃതിയിൽ. ബുക്സ് ആൻഡ് കാരക്ടേഴ്സ് ഫ്രെഞ്ച് ആൻഡ് ഇംഗ്ലീഷ് (1922)എന്ന ഗ്രന്ഥത്തിനു് പ്രഥമകൃതിയായ ലാൻഡ്സ് മാർക്സ് ഇൻ ഫ്രെഞ്ച് ലിററ്റേച്ചർ (1912) പോലെ അധികം ശ്രദ്ധയാകർഷിക്കാനായില്ല. ജീവചരിത്രത്തിൽ നൂതനത്വമുള്ള കൃതിയാണ് മഹാന്മാരുടെ ഹ്രസ്വചിത്രങ്ങൾ നൽകുന്ന എമിനെൻറ് വിക്ടോറിയൻസ് (1918) ആരാധനാപാത്രങ്ങളായി പ്രതിഷ്ഠിക്കപ്പെട്ടിരുന്ന കാർഡിനൽ ന്യൂമൻ, റഗ്ബിയിലെ തോമസ് ആർനാൾഡ്, ജനറൽ ഗോർഡൻ, ഫ്ളോറെൻസ് നൈററിംഗേൽ തുടങ്ങിയവരെ ലിററൺ സ്ട്രേയ്ച്ചി ഇളക്കി പ്രതിഷ്ഠിച്ചു. 'റൊമാൻസി'നോടുള്ള ദൗർബ്ബല്യം വെളിവാക്കുന്ന എലിസബത്ത് ആൻഡ് എസ്സെക്സ് (1928) താരതമ്യേന ഹ്രസ്വങ്ങളായ തൂലികാചിത്രങ്ങളും ചില പ്രാചീന ഇംഗ്ലീഷ് ചരിത്രകാരന്മാരെക്കുറിച്ചുള്ള സംക്ഷിപ്ത പഠനങ്ങളുമാണു് പോർട്രെയ്ററ്സ് ഇൻ മിനിയേച്ചർ (1931) എന്ന കൃതി. തികഞ്ഞ ഉൾക്കാഴ്ചയും തീക്ഷ്ണബുദ്ധിയും ഫലപ്രദമായ വ്യംഗ്യാർത്ഥപ്രയോഗസാമർത്ഥ്യവുമുള്ള ഉചിതജ്ഞനായ കലാകാരനാണ് ലിററൺ സ്ട്രേയ്ച്ചി.

വെൽസിനും ബർട്രൻഡ് റസ്സലിനും പുറമെ പൊതുതാൽപര്യമുള്ള ശാസ്ത്രവിഷയങ്ങളെ അടിസ്ഥാനമാക്കി കൃതികൾ രചിച്ചവരാണ് ഏ. എൻ. വൈററ്ഹെഡ്, സർ ജെയിംസ് ജീൻ, ജൂലിയൻ ഹക്സ്ലി, ജെ. ബി. എസ്. ഹാൽഡേൻ, ലാൻസിലട്ട് ഹോഗ്ബെൻ, ജെ. ഡബ്ല്യു. ഡൺ തുടങ്ങിയവർ.

ഈ യുഗത്തിലേയും ഇംഗ്ലീഷ് സാഹിത്യത്തിലെ തന്നെയും മഹാൻമാരായ വിമർശകരിലൊരാളാണ് ടി. എസ്. എലിയററ്. പാശ്ചാത്യസാഹിത്യപാരമ്പര്യത്തിൻെറ മൂലതത്വമായ ഏകത്വവും അതു് ആധുനിക അനുവാചകനിൽ ഉളവാക്കുന്ന സ്വാധീനവും, കാവ്യരൂപത്തിൻെറ പ്രാധാന്യം; കവിവൈയക്തികാനുഭവങ്ങളെ സാർവ്വലൗകികാനുഭവമാക്കി മാറേറണ്ടതിൻെറ ആവശ്യകത എന്നിവയൊക്കെയായിരുന്നു അദ്ദേഹത്തിൻെറ മൗലികാശയങ്ങൾ. ദീപ്തവും അതിസൂക്ഷ്മവുമാണ് അദ്ദേഹത്തിൻെറ രചന. ദ സേക്രഡ് വുഡ് (1920), സെലക്ററഡ് എസ്സേസ് (1932), ദി യൂസ് ഓഫ് പോയട്രി ആൻഡ് ദ യൂസ് ഓഫ് ക്രിട്ടിസിസം (1933) എലിസബിത്തൻ എസ്സേസ് (1934), വാട്ട് ഇസ് എ ക്ലാസ്സിക് (1945)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നിവയാണ് എലിയററിന്റെ പ്രശസ്തമായ വിമർശനങ്ങൾ.

എലിയററിനു പുറമെ കേംബ്രിഡ്ജിന്റെ സന്തതികളായ ഐ. എ. റിച്ചേഡ്സ്, എഫ്. ആർ. ലീവിസ് എന്നീ പണ്ഡിതൻമാരും ഇക്കാലത്തു് നിരൂപണരംഗത്തു വന്നു. മെററാഫിസിക്കൽ കവിതയെക്കുറിച്ചു് ആധികാരികമായി പറയാൻ കഴിവുള്ള എച്ച്. ജെ സി. ഗ്രിയേർസൺ, ദി എലിസബിത്തൻ സ്ററേജ്, ഷേക്സ്പിയർ എ സർവ്വേ, ഇംഗ്ലീഷ് ലിററ്റച്ചർ അററ് ദ ക്ലോസ് ഓഫ് ദ മിഡിൽ ഏജസ് എന്നീ ഗ്രന്ഥങ്ങളുടെ കർത്താവായ ഈ. കെ. ചേംബേഴ്സ്, പ്രശസ്ത ഷേക്സ്പിയർനിരൂപകന്മാരായ ജി. ബി. ഹാരിസൺ, ജോൺ പാമർ, വിൽസൺ നൈററ്, എച്ച്. ബി. ചാൾട്ടൺ എന്നിവരും ഇത്തരുണത്തിൽ സ്മരണീയരാണ്. സഞ്ചാരസാഹിത്യത്തോടുള്ള അഭിനിവേശം അന്നും നിലച്ചിരുന്നില്ല. ററി. ഈ. ലോറൻസിന്റെ സെവെൻ പില്ലേഴ്സ് ഓഫ് വിസ്ഡം (1926) ഈ വകുപ്പിൽ പെടുന്ന പ്രശസ്തമായ ഒരു കൃതിയാണ്. എച്ച്. വി. മോർട്ടൺബ്ലണ്ടൻ, സഷവ്റൽ സിററ്വെൽ എന്നിവരും സഞ്ചാരസാഹിത്യ കൃതികളെഴുതിയിട്ടുണ്ട്. സർ വിൻസ്റ്റൺ ചർച്ചിൽ, സർ ആർതർ ബ്രയൻറ്, ജോൺ ബക്കൻ, ഏ. എഫ്. പോളഡ്, ജെ. ഈ. നീൽ, പീററർ ക്വനൽ തുടങ്ങിയവരും സഞ്ചാരസാഹിത്യകാരൻമാരാണ്. ജീ. എം. ട്രെവലിയൻ, എച്ച്. ഏ. എൽ. ഫിഷർ, ആർ. എച്ച്. ററോണി, ജി. ജി. കോൾട്ടൻ, മാർജറി, സി. എച്ച്. ബി. ക്വനൽ എന്നീ പ്രശസ്തരായ ചരിത്രകാരൻമാരും ഈ കാലഘട്ടത്തെ സമ്പന്നമാക്കിയിട്ടുണ്ട്. സഹൃദയരുടെ ഇടയിൽ ഉപന്യാസങ്ങൾക്കുള്ള പ്രചരം തുടന്നു പോന്നു. ഏ. ഏ. മിൽൻ, ജെ. ബി. പ്രീസ്ററ്ലി, ആൽഡസ്ഹക്സ് ലി, റോബർട്ട് ലിൻഡ് തുടങ്ങിയ ഉപന്യാസകാരൻമാർ പ്രാജ്ഞവും, രസനിഷ്യന്ദികളുമായ ലേഖനങ്ങൾ എഴുതിയവരാണ്. ജോർജ്ജ് മെറിഡിത്ത് (1926), ദി ഇംഗ്ലീഷ് കോമിക് കാരക്ടേഴ്സ് (1926), തോമസ് ലവ് പീകോക്ക് (1927) മുതലായ അനേകം കൃതികളിൽ പ്രീസ്റ്റ്ലിയുടെ വിമർശനങ്ങൾ കാണാൻകഴിയും.

അനേകം ഉപന്യാസങ്ങൾ വർജീനിയാ വുൾഫ് രചിച്ചിട്ടുണ്ട്. മിസ്റ്റർ ബെനററ് ആൻഡ് മിസ്സിസ് ബ്രൗൺ (1924), ദ കോമൺ റീഡർ (1925), എ റൂം ഓഫ് വൺസ് ഓൺ (1929), ദ സെക്കൻഡ് കോമൺ റീഡർ (1932), റോജർ ഫ്രൈ (1940), ദ ഡെത്തു് ഓഫ് ദ മോത്ത് (1942), ദ മൊ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മെൻറ് (1947) എന്നിവയാണ് അവരുടെ ലേഖന സമാഹാരങ്ങൾ.

1939-നു ശേഷം—കവിത

ആയിരത്തി തൊള്ളായിരത്തി പതിനാലിനും പതിനെട്ടിനുമിടയ്ക്ക് കവിതയിലുണ്ടായ കുത്തിയൊഴുക്കിനു സമാനമായി ആയിരത്തിതൊള്ളായിരത്തി മുപ്പത്തൊൻപതിനും നാല്പത്തഞ്ചിനുമിടയ്ക്കുണ്ടായ കാവ്യപ്രവാഹത്തെ ചൂണ്ടിക്കാട്ടാം. തങ്ങളുടെ പിതാക്കന്മാർ ഉപേക്ഷിച്ചുപോയിടത്തുനിന്നും യുദ്ധവിഷയകമായ കവിതയെ യുവതലമുറ ഉയർത്തിക്കൊണ്ടുവന്നു. മുപ്പതുകളിലെ കവികളുടെ വിപ്ലവമോഹങ്ങൾ രണ്ടാം മഹായുദ്ധത്തിൻെറ മഹാഗ്നിയിൽ വെന്തു വെണ്ണീറായി. ഏതാണ്ടൊരു ആരാധനാമനോഭാവത്തോടെയാണ് അവർ കവിതയെ സമീപിച്ചതു്. രണ്ടാം മഹായുദ്ധകാലത്തു് വ്യക്തിയെ കേന്ദ്രീകരിച്ചായി കവികളുടെ രചനകൾ. ജെ. എഫ്. ഹെൻറി (Henry) (1912), ഹെൻറി ടീസ് (1912), ജി. എസ്. ഫ്രേസർ (1915) എന്നിവർ നേതൃത്വം നൽകിയ അപ്പോകാലിപ്ററിക് പ്രസ്ഥാനത്തിലെ കവിതകളിൽ ഈ നൂതന പ്രവണതയുടെ സൂചനകൾ കണ്ടുതുടങ്ങി. ദ ന്യൂ അപ്പോകാലിപ്സ് (1940) ദ വൈററ് ഹോർസ്മാൻ (1941), ദ ക്രൗൺ ആൻഡ് ദ സിക്കിൾ (1945) എന്നീ കാവ്യസമാഹാരങ്ങളിലാണ് അവരുടെ ആദ്യകാലകവിതകൾ പ്രത്യക്ഷപ്പെട്ടതു്. മുപ്പതുകളിലെ സറിയലിസത്തിൻെറ സ്വാഭാവികവികാസമായി ഈ പ്രസ്ഥാനത്തെ കണക്കാക്കാം. യന്ത്രയുഗത്തോടുള്ള വെറുപ്പും, മനുഷ്യരാശിയുടെ പ്രതീക്ഷകൾ വ്യക്തിയിലാണെന്ന വിശ്വാസവും ഐതിഹ്യങ്ങളിലുള്ള വിശ്വാസവും അവർ വിളംബരംചെയ്തു. തൻെറ കടുത്ത വ്യക്തിസിദ്ധാന്തം ഒരു ഗ്രൂപ്പിൽ വെച്ചുകെട്ടുന്നതു് അനുപേക്ഷണീയമല്ലെന്നു ഫ്രേസർ മനസ്സിലാക്കി. സറിയലിസത്തിൻെറ മറെറാരു വകഭേദം ടീസ് വളർത്തിയെടുത്തു.

കഴിവുററ യുദ്ധകവികൾ അപ്പോകാലിപ്ററിക്കു് പ്രസ്ഥാനത്തിൻെറ സ്വാധീനവലയത്തിലോ അല്ലെങ്കിൽ ആ പ്രസ്ഥാനം പെട്ടെന്നു് ആണ്ടുപോയ നിയോ–റൊമാൻറിക് വേലിയേററത്തിലോ അകപ്പെട്ടില്ല. പരുക്കൻ കവിയായിരുന്നു കീത്ത് ഡഗ്ലസ്സ് (1920—1944). പശ്ചിമമരുഭൂമിയിലെ യുദ്ധത്തിലേർപ്പെട്ടിരിക്കുന്നതിനിടയ്ക്കാണ് അദ്ദേഹത്തിൻെറ കവിത പുഷ്ടിപ്രാപിച്ചതു്. പരമമായ സത്യത്തെ മുറുകെപ്പിടിക്കുന്ന കേവലമായ കവിതയാണ് അദ്ദേഹത്തിൻേറതു്. സാമൂഹ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തിൻമയുടെ പ്രതീകമെന്നോണം യുദ്ധകാല കെയ്റോയിലെ സ്ത്രീപുരുഷന്മാരെ അദ്ദേഹം അതിനിശിതമായി വിമർശിക്കുന്നു. വടക്കനാഫ്രിക്കൻ സമരത്തെ സംബന്ധിക്കുന്ന ഒരു നോട്ടു പുസ്തകം അദ്ദേഹം സൂക്ഷിച്ചിരുന്നു. അലാമെയ്ൻ റ്റു സെം സെം (1946) എന്ന പേരിൽ ഇതു പ്രസിദ്ധീകരിക്കുകയുണ്ടായി. യുദ്ധകാലത്തു് കെയ്റോയിൽനിന്നു പുറപ്പെട്ടിരുന്ന പേർസണൽ ലാൻഡ്സ്കേപ്പിൽ കീത്ത് ഡഗ്ലസ്സിൻെറ ചില കവിതകൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. മൂന്നു കവിതാസമാഹാരങ്ങൾ അദ്ദേഹത്തിൻേറതായി ഉണ്ട്.

അഞ്ചാമത്തെ വയസ്സിൽ ദ ചിൽഡ്രെൻസ് എൻസൈക്ലോപീഡിയ തെററാണെന്നു പറഞ്ഞു തിരസ്കരിച്ച സിഡ്നി കീസ് (1922—43) സ്കൂൾവിദ്യാർത്ഥി ആയിരിക്കുമ്പോൾത്തന്നെ നൂറോളം മാമൂൽകവിതകൾ രചിച്ചിരുന്നു. ഓക്സ്ഫേഡിലെ ജീവിതകാലം മുഴുവൻ കവിതയെഴുതിയ കീസ് അവ സമാഹരിച്ച് 1942–ൽ പ്രസിദ്ധപ്പെടുത്തിയ കൃതിയാണ് ദി അയൺലോറൽ. കാലാൾപ്പടയിലെ പരിശീലനത്തിനു് 1942–ൽ വടക്കേ അയർലൻഡിലേക്കു നിയോഗിക്കപ്പെട്ട കീസ് അവിടെയും കാവ്യരചനയ്ക്കു സമയം കണ്ടെത്തി. അന്നെഴുതിയ കവിതകളാണ് അദ്ദേഹത്തിൻെറ മരണശേഷം പ്രസിദ്ധീകരിച്ച ദ ക്രുവൽ സോൾസ്റ്റിസ് (1944). 1945–ൽ കലക്റ്ററഡ് പോയംസ് പുറത്തുവന്നു. വേദനയും കുററബോധവും മരണവുമാണ് അദ്ദേഹത്തിൻെറ വിഷയങ്ങൾ. കാമുകിയായ മിലെയ്നിൽനിന്നു സ്നേഹം തിരിച്ചുകിട്ടുന്നില്ലെന്നറിഞ്ഞതിലുള്ള നിരാശയിൽനിന്നുടലെടുത്തതാണ് ഏതാനും കവിതകൾ. വടക്കേ ആഫ്രിക്കയിൽ ശത്രുപാളയത്തിൽവച്ച് കീസ് അന്തരിച്ചു. കീസിൻെറ നാടകങ്ങൾ, കഥകൾ, പ്രസിദ്ധപ്പെടുത്താത്ത കവിതകൾ, നോട്ടുപുസ്തകങ്ങളിലും കത്തുകളിലും നിന്നുള്ള പ്രസക്തഭാഗങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു കൃതിയാണ് മിനോസ് ഓഫ് ക്രീററ് (1948).

യുദ്ധത്തിൽ മരണമടഞ്ഞ മഹാപ്രതിഭകളിൽ ഏററവും കഴിവുററ കവിയെന്നു കണക്കാക്കപ്പെടുന്ന വെയിൽസിലെ അലൻലൂയിസ് (1915—1944). എം. എ. ബിരുദധാരിയും സ്കൂൾ അദ്ധ്യാപകനുമായിരുന്ന ലൂയിസ് പട്ടാളത്തിൽ ചേർന്നു. പട്ടാളത്തിലെ അനുഭവങ്ങളേയും മററു വിഷയങ്ങളേയും കുറിച്ച് ഇക്കാലത്തെഴുതിയ കവിതകളാണ് റെയ്ഡേഴ്സ് ഡോൺ (1942). അക്കൊല്ലംതന്നെ ഭാര്യ ഗ്വിനോയെ നാട്ടിലാക്കിയിട്ട് ലൂയിസ് ഇന്ത്യയിലേക്കു പോന്നു. 1944 മാർച്ചുമാസം വരെ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലായിരുന്നു അദ്ദേഹം. ഭാരത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്തെപ്പററി ലൂയിസെഴുതിയ കവിതകൾ അദ്ദേഹത്തിന്റെ മരണശേഷം റോബർട്ട് ഗ്രേവ്സിന്റെ അവതാരികയോടെ പ്രസിദ്ധപ്പെടുത്തിയതാണ് ഹ! ഹ! അമങ്ങ് ദ ടംപെററ്സ് (1945). തുടക്കക്കാരനെന്ന നിലയ്ക്ക് അദ്ദേഹത്തിന്റെ പ്രേമകവിതകൾ ദുർബ്ബലങ്ങളായിരുന്നു. ലൂയിസിന് പാവപ്പെട്ടവരോടുണ്ടായിരുന്ന സഹതാപം അദ്ദേഹത്തിന്റെ ഇന്ത്യൻ കവിതകളിൽ കാണാം. യഥാർത്ഥ വസ്തുതകളെക്കുറിച്ച് അദ്ദേഹത്തിനുള്ള ഗ്രാഹ്യം തന്റെ വിശദമായ വിവരണങ്ങളിലൂടെ പ്രകടിപ്പിച്ചിരിക്കുന്നു. ചെറുകഥകളുടെ ഒരു സമാഹാരമാണ് ദ ലാസ്റ്റ് ഇൻസ്പെക്ഷൻ (1942). ലെറേറഴ്സ് ഫ്രം ഇന്ത്യ എന്ന പേരിൽ 1946-ൽ പ്രസിദ്ധപ്പെടുത്തിയ കത്തുകളും അവയോടൊപ്പം സമാഹരിക്കപ്പെടാത്ത ആറു ചെറുകഥകളും ചേർത്ത് ഇൻ ദ ഗ്രീൻട്രീ എന്ന പേരിൽ 1948-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. 1944 മാർച്ചിൽ ആരക്കൻ പർവ്വതങ്ങളിലെ മഞ്ഞുനിരകളിൽ പട്രോളിലേർപ്പെട്ടിരിക്കുമ്പോൾ കല്ലിൽ തട്ടിവീണ അദ്ദേഹം ആ ആഘാതത്തിൽ നിറതോക്കിൽനിന്നു താനേ ഉതിർന്ന വെടിയുണ്ടയേററു മരണപ്പെടുകയാണുണ്ടായത്.

ഡിലൻ തോമസ്, ലോറി ലീ, നോർമൻ നിക്കൾസൺ, ലോറൻസ്ഡുറെൽ, ജെയിംസ് കെർക്കപ്, വെർണൺ വാട്ട്കിൻസ്, കാത്ത്ലീൻ റയ്ൻ, ജോൺ ഹീത്ത്സ്റ്റബ്സ് എന്നിവർ നിയോ-റൊമാൻറിക് കവികളാണ്. അമിതമായ മദ്യപാനംകൊണ്ട് ജീവിതം തുലച്ച കവിയാണ് വെയിൽസിലെ സ്വാൻസിക്കാരനായ ഡിലൻ തോമസ് (1914—53). നാല്പതുകളിലെ നിയോ-റൊമാൻറിക് കവിതയുടെ ഉപജ്ഞാതാവെന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാം. ഒരുകണക്കിൽ പറഞ്ഞാൽ പതിനെട്ടാം നൂററാണ്ടിലേക്കുള്ള മടങ്ങിപ്പോക്കായിരുന്നു അത്. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കുറച്ചുകാലം പത്രറിപ്പോർട്ടറായി ജോലിനോക്കുകയുണ്ടായി. നടക്കാതിരുന്ന ഒരു മത്സരത്തെക്കുറിച്ച് റിപ്പോർട്ട് എഴുതുകയും, ഒരു വലിയ തീപിടിത്തത്തെക്കുറിച്ച് റിപ്പോർട്ട് എഴുതാതിരിക്കുകയും തോമസ് ചെയ്തു. മൂന്നു തവണ അമേരിക്കൻ പര്യടനം നടത്തിയ ഡിലൻതോമസ് തന്റെ കവിതകൾ ആരാധകമദ്ധ്യത്തിൽ ഉറച്ചു ചൊല്ലി കേൾപ്പിക്കുമായിരുന്നു. മൂന്നാമത്തെ അമേരിക്കൻ സന്ദർശനവേളയിൽ അമിതമായി മദ്യം കഴിച്ച് ബോധം നഷ്ടപ്പെട്ട ഡിലൻ തോമസ് അവിടെവച്ചു മരണമടഞ്ഞു. പതികാററ്ലീനമായി അദ്ദേഹം എന്നും വഴക്കിട്ടമായിരുന്നു. ആദർശങ്ങളൊന്നുമില്ലാതിരുന്ന ഡിലൻ തോമസ് തന്റെ ദൗർബ്ബല്യങ്ങൾ തുറന്നു സമ്മതിക്കാൻ മടിച്ചിരുന്നില്ല. 18 പോയംസ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(1934), ട്വെൻറി–ഫൈവ് പോയംസ് (1936), ദ മാപ് ഓഫ് ലൗവ് (1939), ഡെത്ത്സ് ആൻഡ് എൻറ്റൻസസ് (1946) എന്നിവയാണ് അദ്ദേഹത്തിൻെറ കാവ്യസമാഹാരങ്ങൾ. അണ്ടർ മിൽക്ക്വുഡ് (1954) എന്ന പദ്യനാടകം റേഡിയോയ്ക്കുവേണ്ടി എഴുതിയതാണ്.

തൻെറ ജന്മദേശത്തെ സാഹിത്യപൈതൃകം തോമസിനെ അനുഗ്രഹിച്ചിട്ടുണ്ട്. ദൃശ്യബോധമുള്ള കവിയായിരുന്നെങ്കിലും അസാധാരണമായ ശബ്ദഗ്രഹണശക്തിയായിരുന്നു അദ്ദേഹത്തിൻേറതു്. ഹോപ്കിൻസ് കണ്ടെത്തി അനുഭവിച്ച ശബ്ദാനുപ്രയോഗവൈദഗ്ദ്ധ്യം തോമസിൻെറ ജന്മാവകാശമാണ്. മരണത്തെക്കുറിച്ചുള്ള നിരന്തരചിന്തയായിരിക്കണം ജനനത്തിലേക്കും, സുരതത്തിലേക്കും ശ്രദ്ധ തിരിച്ചുവിടാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു്. കുട്ടിക്കാലത്തെക്കുറിച്ചുള്ള ഓർമ്മകൾ രചനകളിൽ തുടരെത്തുടരെ കടത്തിവിട്ടതിനാൽ 'മുലകുടി മാറാത്ത ചീത്തക്കുട്ടി'യെന്ന പരിഹാസപ്പേരു് തോമസിനു ലഭിച്ചു. പ്രത്യേകതരത്തിലുള്ള ഭാവനയായിരുന്നു അദ്ദേഹത്തിൻേറതു്. അനവധാനതകൊണ്ടുള്ള കുഴപ്പങ്ങളാണ് അദ്ദേഹത്തിൻെറ പദഘടനയിലാകെ. അസ്പഷ്ടമായ പരാമർശങ്ങളും അദ്ദേഹത്തിനു പഥ്യമായിരുന്നു. ചിഹ്നങ്ങൾ സ്വീകരിക്കുകയും തിരസ്കരിക്കുകയും ചെയ്യുന്നതു വഴി അവ്യക്തത ഏറിവരുന്നു. ഒരു പ്രതിബിംബം മറ്റൊന്നിനെ ജനിപ്പിക്കുന്നതിനാൽ വായനക്കാരൻെറ ബുദ്ധിമുട്ട് ഒന്നിനൊന്ന് കൂടിവരുന്നതായിട്ടാണ് അനുഭവം. അദ്ദേഹത്തിൻെറ വെൽഷ്ഭാഷയും അവ്യക്തതയ്ക്കു കാരണമായിത്തീർന്നിട്ടുണ്ട്. സ്വയം സൃഷ്ടിക്കുന്ന പദങ്ങളും സാന്ദ്രീകൃതശൈലിയും അദ്ദേഹത്തിൻെറ കവിതകളെ വ്യാഖ്യാനിക്കാൻ നിർവ്വാഹമില്ലാതാക്കുന്നു. 'പോയം ഇൻ ഒക്ടോബർ', 'ഫേൺ ഹിൽ,' 'ദ ഹഞ്ച്ബാക്ക് ഇൻ ദ പാക്ക്'', 'ദ ഹാൻഡ് ദാററ് സൈൻഡ് ദ പേപ്പർ', 'ഡുനോട്ട് ഗോ ജെൻറിൽ ഇൻറു ദ ഗുഡ്നൈററ്'' 'എ റെഫ്യൂസൽ റ്റു മോൺ ദ ഡെത്ത് ബൈ ഫയർ ഓഫ് എ ചൈൽഡ് ഇൻ ലണ്ടൻ' മുതലായവ തോമസിൻെറ പ്രശസ്തമായ കവിതകളിൽ ചിലതാണ്.

ഡിലൻ തോമസിനെക്കാൾ ഒരു വയസ്സിനു മൂപ്പുള്ള ജോർജ്ജ് ബാർക്കർ തൻെറ ആദ്യപുസ്തകം 1933–ൽ പ്രസിദ്ധീകരിച്ചു. ദുഃഖൈകദൃഷ്ടിത്വം നിറഞ്ഞതായിരുന്നു ആദ്യകാലകവിതകൾ, അതിവാഗ്മിത്വം അദ്ദേഹത്തിൻെറ കവിതകൾക്ക് ഒരു കളങ്കമാണ്. ബാർക്കറുടെ കവിതയ്ക്ക് ആവേശവും ഊർജ്ജവുമുണ്ട്. പീഡിതരോട് അടുത്തുചേർന്നുകൊണ്ട് അവരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലൊരാളായിത്തീരാൻ അദ്ദേഹത്തിനു കഴിയും. ബോധധാരാ സങ്കേതം സ്വീകരിച്ചിരിക്കുന്ന കൃതികളാണ് ഈറോസ് ഇൻ ഡോമ (1944), ന്യൂസ് ഓഫ് ദ വേഡ് (1950), എ വിഷൻ ഓഫ് ബീസ്റ്റ്സ് ആൻഡ് ഗോഡ്സ് (1954) എന്നിവ.

'ആത്മാർത്ഥതയോടുകൂടിയ ഒരേ ഒരു ഇംഗ്ലീഷ് സറീയലിസ്റ്റ്' എന്നാണ് ഡേവിഡ് ഗാസ്കോയിൻ (1916) ഒരുകാലത്തു് വിളിക്കപ്പെട്ടിരുന്നതു്. തികഞ്ഞ കാര്യഗൗരവവും മതപരമായ ദൃഢവിശ്വാസവും ലോകത്തിലെ യാതനകളെ ക്ഷമയോടെ സഹിക്കുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കി. യുദ്ധം കഴിഞ്ഞയുടനെ പുറത്തുവന്ന പോയംസ് (1948), എ വാഗ്രൻറ് ആൻഡ് അദർ പോയംസ് (1950) എന്നീ കൃതികളിലാണ് ഗാസ്കോയിൻെറ നല്ല കവിതകൾ ഉൾക്കൊള്ളുന്നതു്.

ഊർജ്ജസ്വലവും പൗരുഷമുററതുമായ ഒരു കാവ്യവ്യക്തിത്വമുണ്ടായിരുന്ന റോയ്കാംബെല്ലിനു് (1901—57). ദക്ഷിണാഫ്രിക്കയിൽ ജനിച്ച കാംബെൽ സംസ്കാരികാദർശങ്ങളെ അവഗണിച്ച് ഭൗതികലാഭത്തെ ലാളിക്കുന്ന ഫിലിസ്ററിനിസത്തേയും പ്രദേശികവാദത്തേയും ശക്തിയായി എതിർക്കുകയും, ക്രമേണ ഇംഗ്ലണ്ടിലെത്തുമ്പോഴേയ്ക്കും ബോധപൂർവ്വം വളർത്തിയെടുത്ത ഒരു ഫിലിസ്റ്റീനായിത്തീരുകയും ചെയ്തു. റോമൻ കത്തോലിക്ക വിഭാഗക്കാരനായിരുന്ന അദ്ദേഹം. ഒരാക്ഷേപഹാസ്യകൃതിയാണ് ദ ജോർജ്ജിയഡ്. അദ്ദേഹത്തിൻെറ അതിനിഷ്ഠുരവും വിചിത്രഭാവനകളെ സംബന്ധിക്കുന്നതുമായ കവിതകളിൽ പോലും ഓജസ്സും വീര്യവും കാണുവാൻ കഴിയും. ആഡമാസ്റ്റർ (1930), ഫ്ളവറിങ് റൈഫിൾ (1939) എന്നിവയാണ് പ്രധാന കൃതികൾ.

'ലിറിക്കി'നും, മാമൂൽ കവിതകൾക്കും എതിരാണ് ചാൾസ് റേറാംലിൻസൺ (1927). വേർഡ്സ്‌വർത്തിൻെറ ഒരംശം റേറാംലിൻസണിലുണ്ടെന്നതു് ഒരു പരമാർത്ഥമാണ്. റേറാംലിൻസനു് സാഹിത്യത്തിൽ പ്രധാനപ്പെട്ട സ്ഥാനം ലഭിക്കുന്നതിനു് അദ്ദേഹത്തിൻെറ മൗലികത്വം കാരണമായിട്ടുണ്ടു്. താളബോധവും അദ്ദേഹത്തെ സഹായിച്ചിട്ടുണ്ടു്. ഭാവനയെ ഉപയോഗിക്കുകയും, ഉത്തേജിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടാണ് അദ്ദേഹം ഒരു നല്ല കവിയായിത്തീർന്നതു്. റിലേഷൻസ് ആൻഡ് കോൺട്രറീസ് (1951), ദ നെക്ക്‌ലേസ് (1955) എന്നിവയായിരുന്നു ആദ്യത്തെ രണ്ടു കൃതികൾ. മൂന്നാമത്തെ കൃതിയായ സീയിങ് ഇസ് ബിലീവിങിലൂടെയാണ് താൻ വ്യത്യസ്തനും ശ്രേഷ്ഠനുമായ കവിയാണെന്നു് അദ്ദേഹം തെളിയിച്ചതു്. എ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പീപ്പ്ൾ ആൻഡ് ലാൻഡ് സ്കേപ്പ് (1962), അമേരിക്കൻ സീൻസ് (1966) എന്നിവ അതീവ ജാഗ്രത പുലർത്തുന്നതും ഗദ്യമയവും സംശുദ്ധമാക്കപ്പെട്ടതുമാണ്.

ആസ്ഥാനകവിയായ ജോൺ ബെട്ജെമൻ (1904–1984) വിശ്രുതരായ ഇംഗ്ലീഷ് കവികളിലൊരാളാണ്. ഫിലിപ്പ് ലാർക്കിൻ അദ്ദേഹത്തിലൊരു ഗോത്രബന്ധം കാണുകയുണ്ടായി. ഓഡനാകട്ടെ, ബെട്ജെമനെ ആരാധിച്ചിരുന്നു. വ്യാമിശ്രമായ ധ്വനികളും ടെനിസനെ അനുസ്മരിപ്പിക്കുന്ന പ്രകൃതിദൃശ്യചിത്രീകരണവും അതിവിദഗ്ദ്ധമായി ആവിഷ്കരിക്കാൻ കഴിവുണ്ടായിരുന്ന ബെട്ജെമൻ ഒരു സാമൂഹിക ചരിത്രകാരൻകൂടി ആയിരുന്നു. സെലെക്റ്റഡ് പോയംസ് (1948) എ ഫ്യൂ ലേറ്റ് ക്രിസാന്തമംസ് (1954), കലെക്റ്റഡ് പോയംസ് (1958), സമൺഡ് ബൈ ബെൽസ് (1960), എ റിങ് ഓഫ് ബെൽസ് (1962), ഹൈ ആൻഡ് ലോ (1966), കലെക്റ്റഡ് പോയംസ് (1970) എന്നിവയാണ് മുഖ്യകൃതികൾ.

ഒട്ടാകെ പ്രശസ്തനായ മറെറാരു കവിയാണ് ആർ. എസ്. തോമസ് (1913). നാല്പതാം വയസ്സിനകം സ്വന്തം നാടായ വെയിൽസിൽ മൂന്നു കാവ്യഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിരുന്നെങ്കിലും 1955-ൽ സോങ് അററ് ദി ഇയേഴ്സ് ടേണിങ് പുറത്തുവന്നതോടെയാണ് തോമസ് പരക്കെ അംഗീകരിക്കപ്പെട്ടത്. ബെട്ജെമൻ പട്ടണപ്രാന്തപ്രദേശങ്ങളും ഗ്രാമപ്രദേശങ്ങളും കാവ്യപശ്ചാത്തലമാക്കിയപ്പോൾ വെൽഷ് കുന്നിൻപുറങ്ങളാണ് തോമസ് തെരഞ്ഞെടുത്തത്. പോയട്രി ഫോർ സപ്പർ (1958), ടേഴ്സ് (1961) ദ ബ്രെഡ് ഓഫ് ട്രൂത്ത് (1963) എന്നിവയാണ് അദ്ദേഹത്തിന്റെ മററുചില കൃതികൾ.

വൈകാരികതമല്ല കവിതയിൽ അവശ്യം പ്രതീക്ഷിക്ഷിക്കേണ്ടതെന്നു കാട്ടിത്തന്ന കവയത്രികളാണ് കാത്ലീൻ റെയ്ൻ (1908), ആൻറിഡ്ലർ (1912) എന്നിവർ. എഫ്. ററി. പ്രിൻസ് (1912) പതിനേഴാം നൂററാണ്ടിലെ എഴുത്തുകാരെ അനുസ്മരിപ്പിക്കുന്നു. പ്രിൻസിനെപ്പോലെ ഹെൻറി റീഡിന്റെ (1914) രചനകളും എണ്ണത്തിൽ കുറവാണ്. ലെസ്സൻസ് ഓഫ് ദ വാർ എന്ന പേരിൽ മൂന്നു കവിതകളുടെ ഒരു ശ്രേണിയാണ് അദ്ദേഹത്തിന്റെ ഏററവും നല്ല സൃഷ്ടി. ധ്വനിയുടെ ലാളിത്യവും ഉദ്ദേശശുദ്ധിയുടെ ഗൗരവവും സമന്വയിപ്പിക്കുകയും മുത്തമായ ശൈലിയിലൂടെ വിശാലമായ അടിസ്ഥാനത്തിൽ സാമാന്യവൽക്കരണം നടത്തുകയും ചെയ്യുന്നതിനുള്ള ചാതുര്യം റോയ്ഫുള്ളർ (1912) നേടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യത്തു് ഓഡനിൽനിന്നാണു്. ദ മിഡിൽ ഓഫ് എ വാർ (1942), എ ലോസ്റ്റ് സീസൺ (1944) എന്നിവയാണ് ഫുള്ള റുടെ രണ്ടു കൃതികൾ.

മൂവ്മെൻറ് എന്ന കവിതാപ്രസ്ഥാനത്തിൽ പെട്ടവരാണ് ഫിലിപ്പ്ലാർക്കിൻ,ഡൊനാൾഡ് ഡേവി, റേറാംഗൺ, ജോൺ ഹോളോവേ, കിങ്സ്ലി എയ്മിസ്, ജോൺ വെയ്ൻ, ഡി. ജെ. എൻ. റൈററ്, എലിസബത്ത് ജെന്നിങ്സ് എന്നിവർ. റോബർട്ട് കോൺകസ്റ്റിൻെറ ന്യൂ ലൈൻസ് (1956) എന്ന കാവ്യശേഖരത്തിൽ ഇവരെല്ലാം കവിതകൾ സംഭാവനചെയ്തിട്ടുണ്ട്. നോവലുമായിട്ടായിരുന്നു ഈ പ്രസ്ഥാനം തുടക്കത്തിൽ ബന്ധപ്പെട്ടിരുന്നതു്. 1954 വരെ ഈ പ്രസ്ഥാനത്തിനു് ഒരു പേരുണ്ടായിരുന്നില്ല. കൃത്രിമവിരുദ്ധം, വികാരവിരുദ്ധം, സന്ദിഗ്ദ്ധമായ ഊർജ്ജസ്വലത്വം, വ്യംഗ്യം എന്നിങ്ങനെയൊക്കെ ഇതു വിശേഷിപ്പിക്കപ്പെട്ടിരുന്നു. ആഭിജാതഭാഷ വർജ്ജിച്ചുകൊണ്ടു്, സാധാരണ ജീവിതത്തിലെ സംഭാഷണഭാഷയുമായി സമരസപ്പെട്ടു പോകുന്ന ശൈലിയിലേക്കു് എഴുത്തുകാർ മടങ്ങിപ്പോകണമെന്നായിരുന്നു പ്രസ്ഥാനക്കാരുടെ ആവശ്യം. ഈഡിത്ത് സിററ്വെല്ലിൻെറയും ഡിലൻതോമസിൻെറയും ആജന്മവൈരികളായിരുന്നു അവർ.

മൂവ്മെൻറ് കവികളിലെ ശക്തനായ എഴുത്തുകാരനായിരുന്നു ഫിലിപ്പ്ലാർക്കിൻ (1922—85). കവൻററിയിൽ ജനിച്ചു് ഓക്സ്ഫേഡിൽ പഠിച്ച ലാർക്കിൻ പിന്നീടു് ബെൽഫാസ്ററിൽ ഒരു ലൈബ്രേറിയനായിത്തീന്നു. ദ നോത്ത് ഷിപ്പ് (1945), ടെൻററി പോയംസ് (1951), ദ ലെസ്സ് ഡിസീവ്ഡ് (1955), ദ വിററ്സൺ വെഡിങ്സ് (1964), ഹൈ വിൻഡോസ് (1974) എന്നിവയാണ് ലാർക്കിൻെറ കാവ്യകൃതികൾ. ജിൽ (1944), യുദ്ധകാലത്തെ യുവജനങ്ങളുടെ മനോഭാവം ആവിഷ്കരിക്കുന്ന എ ഗേൾ ഇൻ വിൻറർ (1957) എന്നിങ്ങനെ രണ്ടു നോവലുകളും അദ്ദേഹം രചിച്ചിട്ടുണ്ടു്. ജീവിതത്തിൽ ആനന്ദിക്കാനല്ല, ദുരിതമനുഭവിക്കാനാണു കൂടുതൽ സന്ദർഭമെന്ന വിശ്വാസക്കാരനായിരുന്നു അദ്ദേഹം. അദ്ദേഹത്തിൻെറ ധ്വനിസംക്രമം പലപ്പോഴും അങ്ങേയററം ലോലമായിരിക്കും. ഇപ്പോഴും പ്രചാരത്തിലുള്ള ഒരു ഭാഷണരീതി അദ്ദേഹം നേടിയെടുത്തു.

ഫാൻറസി പോയററ്സ് നമ്പർ. 19 (1954), ബ്രിഡ്ജെസ് ഓഫ് റീസൺ (1955), ന്യൂ ആൻഡ് സെലെക്റ്റഡ് പോയംസ്(1961). സിക്സ് എപ്പിസിൽസ് റു ഈവാ ഹെസ്സ് (1970) മുതലായ അനേകം കാവ്യകൃതികൾ ഡൊനാൾഡ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഡേവി(1922) രചിച്ചിട്ടുണ്ട്. ധർമ്മപ്രബോധകനാണ് ഡേവി. അദ്ദേഹത്തിൻെറ നിഷ്പക്ഷത സാഹിത്യപരമായ ഒരടവല്ല; ധാർമ്മികമായ ഒരാവശ്യമാണ്. പ്രകൃതിഗീതത്തിൻെറ പുനരുദ്ധാരണത്തിൽ നമ്മാം ചെന്നെത്തുമെന്നായിരുന്ന ഡേവിയുടെ പ്രവചനം. അദ്ദേഹത്തിൻെറ കവിതകാം, പ്രത്യേകിച്ചും ആദ്യകാല രചനകാം, ധിഷണാപരമാണെന്ന വസ്തുത വായനക്കാരെ പെട്ടെന്നാകർഷിക്കം. മൂവ്മെൻറ് കവികളുടെ ഒററപ്പെട്ടതും പ്രാദേശികവുമായ കാഴ്ചപ്പാടിന്ന പുറത്തായിരുന്ന ഡേവി.

അമ്പതുകളുടെ ആരംഭത്തിൽ മൂവ്മെൻറ് പ്രസ്ഥാനക്കാരുടെ എല്ലാ സംരംഭങ്ങളിലും ഭാഗഭാക്കായിരുന്നെങ്കിലും അതുമായി സർവ്വാത്മനാ ഒത്തുചേൻ പോകാൻ എലിസബത്ത് ജെന്നിങ്സിന്ന (1926) കഴിഞ്ഞിരുന്നില്ല. പോയംസ് (1953), എ വേ ഓഫ് ലൂക്കിങ് കലെക്റ്റഡ് പോയംസ് (1967), ലൂസിഡൈററിസ് (1970), റിലേഷൻഷിപ്പ്സ് (1972) മുതലായ അനേകം കവിതാസമാഹാരങ്ങാം അവരുടേതായിട്ടുണ്ട്.

ഊർജ്ജസ്വലനും, പരുക്കൻ പ്രകൃതക്കാരനുമായ ഒരാളുടെ സ്വയംകണ്ടെത്തലാണ് റേറാംഗണ്ണിൻെറ (1929) കേന്ദ്ര പ്രമേയം. ഫൈററിങ് ടേംസ് (1954) എന്ന ആദ്യകൃതിയിൽ പ്രേമത്തെയാണ വിഷയമാക്കിയിരിക്കുന്നത്. പ്രേമം ഒരു സമരമാണെന്നാണ് അദ്ദേഹത്തിൻെറ സങ്കല്പം. മൈ സാഡ് കാപ്ററൻസ് (1961) എന്ന കൃതിയിലെ അവസാനത്തെ ഒന്നരണ്ടു കവിതകളിൽ അസ്തിത്വവാദത്തിൻെറ വിഷമാവസ്ഥകാംക്കെതിരായുള്ള ഒരു മനോഭാവമാണ് ഇവിടെ വച്ചുപുലർത്തുന്നത്. ഫൈററിങ് ടേംസ് (1954), ദ സെൻസ് ഓഫ് മൂവ്മെൻറ് (1957), ദ സാഡ് കാപ്ററൻസ് (1961) തുടങ്ങിയ കൃതികളാണ് റേറാം ഗണ്ണിനെ അറിയപ്പെടുന്നവനാക്കിയതു്. 1967-ൽ ററച്ച് എന്ന കൃതിയും പുറത്തുവന്നു. യുക്തിപരവും കാര്യമാത്രപ്രസക്തവുമായ ശൈലിയും കോരിത്തരിപ്പിക്കുന്ന വാങ്മയ ചിത്രങ്ങളും റേറാംഗണ്ണിനെ ജോൺഡണ്ണുമായി താരതമ്യപ്പെടുത്താൻ പര്യാപ്തമാണ്.

ഫാൻറസി പോയററ്സ് നമ്പർ 26 (1954), ദ മൈന്യൂട്ട് ആൻഡ് ഷോർട്ടർ പോയംസ് (1956), ദ ഫ്യൂഗ് ആൻഡ് ഷോർട്ടർ പീസസ് (1960), ദ ലാൻഡ് ഫോളേഴ്സ് (1962), വുഡ് ആൻഡ് വിൻഡ് ഫാം (1965) എന്നീ കൃതികളുടെ കർത്താവാണ് ജോൺ ഹോളോവേ (1920).

അവക്രവും സംഭാഷണപരവുമാണ് ഡി. ജെ. എൻറൈ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ററിൻെറ (1920) രീതി. ലോകത്തിൻെറ പല ഭാഗങ്ങളിലും പ്രത്യേകിച്ച് ഏഷ്യയിൽ, അദ്ദേഹം താമസിക്കുകയും സാഹിത്യം പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വസ്തുതകളെ പച്ചയായി വിവരിക്കുന്ന അദ്ദേഹത്തിൻെറ രീതി വളരെയേറെ താല്പര്യമുണർത്തിയിട്ടുണ്ട്. ജപ്പാനെക്കുറിച്ചെഴുതിയ കവിതകൾ വൻ വിജയമായിരുന്നു. അഡിക്ഷൻസ് (1962) ആണ് ഏററവുമധികം പച്ചചെയ്യപ്പെട്ട കൃതിയെന്നു കണക്കാക്കപ്പെടുന്നു. ശ്രദ്ധമായ ഘടനയാണ് അദ്ദേഹത്തിൻെറ കവിതയുടെ പൊതുസ്വഭാവം. വായാടിത്തവും സംഭാഷണപകുതയും അവയുടെ ദൂഷ്യങ്ങളാണ്. 1930 കളിലെ കവികളെ അപേക്ഷിച്ച് കൂടുതൽ പ്രതിജ്ഞാബദ്ധനായ കവിയാണ് എൻറൈററെന്നതിനാൽ മൂവ്മെൻറ് പ്രസ്ഥാനവുമായി വളരെ അകന്നാണ് അദ്ദേഹത്തിൻെറ നില. ദ ലാഫിങ് ഹയ്ന ആൻഡ് അദർ പോയംസ് (1953), ബ്രെഡ് റാദർ ദാൻ ബ്ലോസ്സംസ് (1960), അഡിക്ഷൻഡ് (1961), ദി ഓറംഡ് ആഡം (1965), അൺലാഫുൾ അസ്സെംബ്ലി (1968), ഡോട്ടേഴ്സ് ഓഫ് എത്ത് (1972) എന്നിവ അദ്ദേഹത്തിൻെറ പ്രധാനകൃതികളുടെ പട്ടികയിൽ പെടുന്നു.

ഓക്സ്ഫേഡിൽ ലാക്കിനുമായി വളരെയടുത്തു ബന്ധപ്പെട്ടിരുന്ന രണ്ടു സമകാലികരാണ് കിങ്സ്ലി എയ്മിസും (1922) ജോൺവെയ്നും (1925). രണ്ടു പേരും നോവലിസ്റ്റുകളമാണ്. എ ഫ്രെയിം ഓഫ് മൈൻഡ് (1953), എ കേസ് ഓഫ് സാംപിൾസ് (1956), എ ലുക്ക് റൗണ്ട് ദി എസ്റേററ്റ്സ് (1968) എന്നിവയുടെ കർത്താവായ എയ്മിസ് വ്യത്യസ്തരൂപങ്ങളും പ്രമേയങ്ങളും പരീക്ഷിച്ചു നോക്കുകയുണ്ടായി. വെയ്നിൽനിന്നു വ്യത്യസ്തമായി, വായനക്കാരിൽ സദാചാരബോധം അടിച്ചേല്പിക്കണമെന്ന ലക്ഷ്യത്തോടെ പ്രസ്താവനകൾ നടത്തുന്ന രീതി എയ്മിസിനില്ല. വെയ്നിൻെറ പിൽക്കാലരചനകൾ ആദ്യകാലകവിതകളെ അപേക്ഷിച്ച് വിശാലമായ ലക്ഷ്യത്തോടുകൂടിയവയും സ്വതന്ത്രമായ രൂപത്തോടു കൂടിയവയുമാണ്. എ വർഡ് കാർവ്ഡ് ഓൺ എ സിൽ (1956), വീപ്പ് ബിഫോർ ഗോഡ് (1961) എന്നീ കൃതികൾ വെയ്നിൻേറതാണ്.

മൂവ്മെൻറിൻെറ പരിധിക്കു പുറത്തു നിൽക്കുന്നവരും എന്നാൽ ആ പ്രസ്ഥാനവുമായി ശരിക്കും ചേർന്നുപോകുന്നവരുമായ ഒരു വിഭാഗം കവികളുണ്ട്. മൂവ്മെൻറിനു വിരുദ്ധമായതും പലതരത്തിൽപ്പെടുന്ന കവിതകളുടെ സമാഹാരവുമായിരുന്ന മേവറിക്ക്സിൽ വർണൻ സ്കാനലിൻെറ (1922) കവിത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചേക്കകയുണ്ടായെന്നത് അതിശയമായിത്തോന്നാം. ലാക്കിനോടായിരുന്നു അദ്ദേഹത്തിൻെറ വിധേയത്വം. 1950–കളുടെ അവസാനംവരെ ഗൗരവമായ രചനകളൊന്നും നടത്താതിരുന്ന വർണർ സ്റ്റാനലിൻെറ എസെൻസ് ഓഫ് ഡെയ്ഞ്ജർ വലിയ വിജയമായിരുന്നു. മേവറിക്കിൽ ഉൾപ്പെട്ട വ്യത്യസ്തനായ മററൊരു കവിയാണ് ജോൺ സിൽക്കിൻ (1930). സിൽക്കിൻ തൻെറ ആദ്യകാലകവിതകളിൽ ഡി.എച്ച്.ലോറൻസിൻേറതുപോലെ മനുഷ്യാവസ്ഥയെ ചിത്രീകരിക്കാൻ മൃഗങ്ങളെ പ്രതീകങ്ങളായി ഉപയോഗിച്ചിരുന്നു. മാന്യതയും സഹിഷ്ണതയും സ്നേഹവും പുലർത്തുന്ന സാരോപദേശകഥകളാണ് അദ്ദേഹം സ്വീകരിച്ചത്. ദ പീസബിൾ കിങ്ഡം (1954), ദ റൂ ഫ്രീഡംസ് (1958), ദി റിഓർഡറിങ് സ്റ്റോൺസ് (1961) എന്നിവയാണ് കൃതികൾ. മൂവ്മെൻറുമായി ബന്ധപ്പെടുത്താനാവാത്ത മൂന്നു യുവകവികളാണ് ജെഫ്രിഹിൽ (1932), ക്രിസ്റ്റഫർ ലോഗ് (1920), പ്രസിദ്ധ കവി സിൽവിയാപ്ലാത്തിൻെറ ഭർത്താവും ഇപ്പോഴത്തെ ആസ്ഥാനകവിയുമായ ററെഡ്ഹ്യൂസ് (1930) എന്നിവർ. ഒരു പാദത്തിൽ ഒതുങ്ങാവുന്നതിലധികം കാര്യങ്ങൾ ഉൾക്കൊള്ളിക്കുന്നുവെന്ന തോന്നൽ ഹില്ലിൻെറ കവിതകൾ അനുവാചകനിൽ സൃഷ്ടിക്കും. ഫോർ ദി അൺ ഫാളെൻ എന്ന കൃതി 1959–ൽ പ്രസിദ്ധപ്പെടുത്തി.

ഓജസ്സും വീര്യവുമുള്ള കവിതയാണ് പോയററ്ലാറേററ് ആയ ററെഡ്ഹ്യൂസിൻേറതും. വീര്യവും ക്ഷണികവികാരങ്ങളും പ്രകടിപ്പിക്കാനുള്ള കവിയുടെ വ്യഗ്രതയിൽ പലപ്പോഴും ആശയം അസ്പഷ്ടമായിത്തീരുന്നുവെന്ന കുഴപ്പമുണ്ട്. 1930–ൽ യോർക്ക്ഷയറിലാണ് ഹ്യൂസ് ജനിച്ചത്. വിദ്യാഭ്യാസം കേംബ്രിഡ്ജ് സർവ്വകലാശാലയിലും. ആദ്യകൃതിയായ ദ ഹോക്ക് ഇൻ ദ റെയ്ൻ (1957) പദങ്ങൾ തെരഞ്ഞെടുക്കുന്നതിലും വാക്യബന്ധങ്ങളിലും അദ്ദേഹത്തിൻെറ തനതായ ശൈലി പ്രകടമാക്കുന്നതായിരുന്നു. 'ജീവിതവും മരണവും തമ്മിലുള്ള സംഘർഷമാണ് എൻെറ ഭാവനയെ ഉത്തേജിപ്പിക്കുന്ന'തെന്ന് അദ്ദേഹം പറയുന്നു. ലൂപ്പർക്കൽ (1960) എന്ന കൃതിയിൽ മനുഷ്യവികാരങ്ങളെ മൊത്തത്തിൽ ആവരണം ചെയ്യുന്ന ജൈവരാശിയുടെ സംയോജനത്തിലൂടെ മൗലികസിദ്ധിയുള്ള ഒരു കവിയെന്ന തോന്നൽ വായനക്കാരിൽ ഉളവാക്കാൻ അദ്ദേഹത്തിനു സാധിച്ചു. ആഖ്യാനപരവും നാടകീയവുമായ ഒരംശം അദ്ദേഹത്തിൻെറ ഭാവനകളിലെല്ലാമുണ്ട്. മീററ് മൈ ഫോക്സ് (1961), ദി എർത്ത് ഔൾ ആൻഡ് അദർ മൂൺ പീപ്പിൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(1963), നെസ്സി ദ മാനർലെസ്സ് മോൺസ്ററർ (1964), വോഡ്വോ (1967), ക്രോ (1970), പ്രൊമിഥ്യൂസ് ഓൺ ഹിസ്ക്രേയ്ഗ് (1973), സീസൺ സോങ്സ് (1976), ഗോദെററ് (1977), കേവ് ബേഡ്സ് (1978) എന്നിവയാണ് റെറഡ്ഹ്യൂസിന്റെ ഇതര കൃതികൾ. 'ക്രോ'യിൽ കാക്കയുടെ സ്വാഭാവികസാന്നിദ്ധ്യത്തിലൂടെ മൃഗങ്ങളെ കഥാപാത്രങ്ങളാക്കിക്കൊണ്ടു നടത്തുന്ന സാരോപദേശങ്ങളുടെ പഴയ രീതി നിലനിത്താനുള്ള അവസരം കണ്ടെത്തിയിരിക്കുന്നു അദ്ദേഹം. അദ്ദേഹത്തിനെ 'പ്രകൃതികവി' എന്നും 'മൃഗങ്ങളുടെ കവി' എന്നും വിളിക്കുന്നതിൽ തെറെറാന്നുമില്ല. ചില കേന്ദ്രങ്ങൾ ഹ്യൂസിനെ അമിതമായി പ്രശംസിച്ചു കാണാറുണ്ട്. 'ദ ഗ്രൂപ്പി' ലെ കവികളുടെ രചനകളെ സ്വാധീനിക്കാൻ തീർച്ചയായും ഹ്യൂസിനു കഴിഞ്ഞിട്ടുണ്ട്.

ഒരത്ഥത്തിൽ പറഞ്ഞാൽ 'മൂവ്മെൻറി'ന്റെ പിൻഗാമിയായിരുന്നു 'ഗ്രൂപ്പ്.' 'വിഭജിക്കപ്പെടുവാൻവേണ്ടി അവർ നിലനിന്നു, തകരുവാൻവേണ്ടി അവർ ഒന്നിച്ചു' എന്നു് ഗ്രൂപ്പിനെപ്പററി പറയാവുന്നതാണ്. ആരംഭത്തിൽ ഇവരുടെ നയം പരസ്പരവിമർശനമായിരുന്നു. ഫിലിപ്പ് ഹോബ്സ്ബോമിന്റെ നേതൃത്വത്തിൽ കേംബ്രിഡ്ജിലും പിന്നീടു ലണ്ടനിലുമാണ് ഈ സാഹിത്യകാരസമിതി സംഘടിപ്പിക്കപ്പെട്ടതു്. ഓരോരുത്തരുടേയും ഏററവും പുതിയ രചനയെ ഇതരർ കൂലങ്കഷമായി പരിശോധിക്കുകയെന്നതായിരുന്നു ഗ്രൂപ്പിന്റെ ഉദ്ദേശ്യം. കേംബ്രിഡ്ജ്ഗ്രൂപ്പ് 1952–ലും 'ദി ഗ്രൂപ്പ്' എന്നറിയപ്പെടുന്ന ലണ്ടൻ ഗ്രൂപ്പ് 1955-ലെ ശരത്കാലത്തിലും സ്ഥാപിക്കപ്പെട്ടു. 1959–ൽ ഫിലിപ്പ് ഹോബ്സ്ബോമിന്റെ പിൻഗാമിയായി എഡ്വേഡ് ലൂസിസ്മിത്ത് ലണ്ടൻ ഗ്രൂപ്പിന്റെ ചെയർമാനാകുകയും, ഹോബ്സ്ബോം, ബെൽഫാസ്റ്റിൽ ഇതുപോലൊരു ഗ്രൂപ്പ് സ്ഥാപിക്കുകയും ചെയ്തു. എഡ്വേഡ് ലൂസിസ്മിത്ത് രാജിവച്ചതിനെത്തുടന്നു് 'ദ ഗ്രൂപ്പി'ന്റെ പ്രവത്തനം നിലച്ചെങ്കിലും 'കവികളുടെ ശില്പശാല' എന്ന പേരിൽ ഇതു പുനഃസംഘടിപ്പിക്കുകയുണ്ടായി. 1963–ൽ എ ഗ്രൂപ്പ് ആന്തോളജി പുറത്തുവന്നു. മൂവ്മെൻറിനെപ്പോലെ ശൈലീപരമായ യോജിപ്പ് ഗ്രൂപ്പിനു് ഒരിക്കലുമുണ്ടായിരുന്നില്ലെന്നുതന്നെയല്ല, ഒരിക്കലും അവർ അതാഗ്രഹിച്ചതുമില്ല. ഗ്രൂപ്പിന്റെ പരിധിയിൽപ്പെടുന്ന ഒരാളായിരുന്നു റൈഡ് ഹ്യൂസ്.

അലൻ ബ്രൗൺ ജോണിന്റെ (1931) കവിതയുടെ സവിശേഷത അദ്ദേഹത്തിന്റെ ഔചിത്യനിഷ്ഠയാണെന്നാണ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിമർശകരും നിരീക്ഷകരും തറപ്പിച്ചുപറയുന്നതു്. ഭാഷയെ നിഷ്കൃഷ്ടമായി നിയന്ത്രിക്കുന്നതിൽ അദ്ദേഹത്തിനു് അസാധാരണമായ കഴിവുണ്ടു്. തൻെറ കവിതകളിലെ ഇതിവൃത്തം സ്നേഹം, രാഷ്ട്രീയം, സംസ്കാരം, കാലം മുതലായവയാണെന്നു് അദ്ദേഹംതന്നെ പറഞ്ഞിട്ടുണ്ടു്. വ്യംഗ്യാർത്ഥവും വ്യാജകല്പനകളും യാഥാർത്ഥ്യബോധം ജനിപ്പിക്കാൻ സഹായിക്കുന്നുവെന്നതാണു് ബ്രൗൺ ജോണിൻെറ ശക്തി. ഹാസ്യജനകമല്ലാത്ത സംഗതികളെക്കുറിച്ചു് ഹാസ്യം ജനിപ്പിക്കുന്ന വിധത്തിൽ എഴുതാൻ കഴിവുള്ള ആക്ഷേപഹാസ്യക്കാരനാണദ്ദേഹം. ട്രാവലേഴ്സ് അലോൺ (1954), വാരിയർസ് കരിയർ(1972) ഉൾപ്പെടെ പതിനഞ്ചിൽപരം കവിതാസമാഹാരങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ടു്.

എഡ്വേർഡ് ലൂസി സ്മിത്തിൻെറ ആദ്യസമാഹാരംതന്നെ അദ്ദേഹത്തിനു സമാദരണീയമായ സ്ഥാനം നേടിക്കൊടുത്തു. റോബട്ട് ബ്രൗണിങിൻെറ സ്വഗതാഖ്യാനങ്ങൾക്കു സമശീർഷത്വം വഹിക്കാൻ ന്യായമായും അർഹമാണു് ലൂസി സ്മിത്തിൻെറ ചില രചനകൾ. സങ്കീർണ്ണമെന്നതിനേക്കാൾ ഹൃദയസ്പർശിയാണു് അദ്ദേഹത്തിൻെറ കഥാപാത്രങ്ങൾ അസ്തിത്വവാദത്തിൻെറ ലക്ഷണങ്ങളായ അനിശ്ചിതത്വം, ആത്മശങ്ക, പുറംലോകത്തിലുള്ള അവിശ്വാസം, ശൂന്യമായ മനസ്സ് എന്നിവയാണു് അദ്ദേഹത്തിൻെറ യഥാർത്ഥ പ്രതിപാദ്യവിഷയങ്ങൾ. എ ട്രോപിക്കൽ ചൈൽഡ്ഹുഡ് (1961), ഫ്യൂച്ചറാ 10: ക്ലൗഡ് സൺ ഫൗൺടൻ സ്റ്റാച്യൂ (1966), റുവർഡ്സ് സൈലെൻസ്(1968), എ ഗേൾ സർവേയ്ഡ് എന്നിവയാണു്ഏതാനും ചില കൃതികൾ.

ഇംഗ്ലീഷ് കവിതയിലെ ഘോരനായ 'കൊച്ചുകുട്ടി' (infant terrible) യെന്ന കീർത്തി നന്നെ ചെറുപ്പത്തിൽത്തന്നെ ജോർജ്ജ് മാക്ബത്തിനു (1932) ലഭിക്കുകയുണ്ടായി. 'ദ മൈനേഴ്സ് ഹെൽമററ്'', 'ദ കോംപസ്സസ്'' എന്നിവപോലെ വൈയക്തികാനുഭൂതികൾ ആവിഷ്കരിക്കുന്ന രചനകളാണു് അദ്ദേഹത്തിൻെറ ഏററവും ആകർഷകങ്ങളായ കവിതകൾ. ദ ബ്രോക്കൻ പ്ലേസെസ് (1963), എഡ്യൂമ്സ് ഡേ ബുക്ക് (1965), ദ കളർ ഓഫ് ബ്ലഡ് (1967), ദ ബർണിങ്ങ് കോൺ (1970), കലെക്ററഡ് പോയംസ് 1958–70 (1971), ദി ഒർലാൻഡോ പോയംസ് (1971) എന്നിവയാണു് അദ്ദേഹത്തിൻെറ മുഖ്യ കൃതികൾ. തുടക്കംമുതൽക്കേ ഹൃദയഹാരിയാണു് അദ്ദേഹത്തിൻെറ ശൈലി. സറിയലിസ്റ്റിൻെറയും എക്സ്പ്രഷനിസ്റ്റിൻെറയും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കുപ്പായം അദ്ദേഹം അണിഞ്ഞിട്ടുണ്ടെങ്കിലും സ്വാഭാവികമായി ഒരു നിയോ—റൊമാൻറിക്കാണദ്ദേഹം.

ഇംഗ്ലണ്ടിൽ താമസമാക്കിയ ഓസ്ട്രേലിയക്കാരനായ പീററർ പോർട്ടർ (1929) സമകാലികസംഭവങ്ങളെ ഹാസ്യാത്മകമായി ചിത്രീകരിക്കുന്ന ചരിത്രകാരനാണ്. തുടക്കത്തിൽത്തന്നെ വിഷയസൂചന നൽകുന്ന, വിട്ടുവീഴ്ച്ചയ്ക്കു തയ്യാറാവാത്ത റിയലിസ്റ്റാണ് അദ്ദേഹം. വൺസ് ബിറെറൻ, ട്വൈസ് ബിറെറൻ (1961), വേർഡ്സ് വിത്തൗട്ട് മ്യൂസിക്ക് (1968), എ പോർട്ടർ ഫോളിയോ (1969), ദ ലാസ്റ്റ് ഓഫ് ഇംഗ്ലണ്ട് (1970) എന്നിവയാണ് പ്രധാന കൃതികൾ.

ഗ്രൂപ്പിലെ ഏററവും സമ്മുഖനായ എഴുത്തുകാരനാണ് പീററർറെഡ് ഗ്രോവ് (1932). കല്പിതകഥകൾ ചമയ്ക്കാൻ പ്രഗല്ഭനാണെന്നു വാച്യമായി പറയാമെങ്കിലും ദൃഢമായ നാടകീയാശയങ്ങളുംസന്ദർഭങ്ങളുംവച്ചുകൊണ്ടേ അദ്ദേഹം കൃതി രചിക്കാറുള്ളു. ഉൽകൃഷ്ടമായ 'മിസ്റ്റർ വാട്ടർമാൻ' പോലെയുള്ള ഗദ്യകവിതകൾ ഇതിനുദാഹരണമാണ്. ഗണം തിരിക്കുമ്പോൾ റെഡ്ഗ്രോവിനെ റെറഡ് ഹ്യൂസിൻെറ പട്ടികയിൽ വേണം ചേർക്കാൻ. പക്ഷെ അവരുടെ ലക്ഷ്യങ്ങൾ വ്യത്യസ്തമായിരുന്നു. റെഡ് ഗ്രോവിൻെറ ശൈലി റെറഡ് ഹ്യൂസിൻെറതുമായി താരതമ്യപ്പെടുത്താവുന്നതാണ്. ലിറിക്കിൻെറ കോപ്പുകൾ വച്ചുകൊണ്ടു് ദാർശനികമാനമുള്ള കാവ്യങ്ങൾ രചിക്കാൻ ശ്രമിച്ചെന്നതാണ് റെഡ്ഗ്രോവിൻെറ തകരാറ്. ദ കലെക്ററർ ആൻഡ് അദർ പോയംസ് (1960), അററ് ദ വൈററ് മോണ്യൂമെൻറ് (1963), ലൗവ്സ് ജേർണീസ് (1971) തുടങ്ങിയവ അദ്ദേഹത്തിൻെറ കാവ്യസമാഹാരങ്ങളിൽ ചിലതു മാത്രമാണ്.

കാനഡയിൽനിന്നും ഇംഗ്ലണ്ടിൽ പാർപ്പുറപ്പിച്ച ഡേവിഡ് വെവിൽ, റെറഡ് ഹ്യൂസിനെക്കാൾ വിശിഷ്ടവും ആകർഷകവുമായ കവിതയെഴുതുന്നെന്ന തോന്നൽ ചിലപ്പോഴെങ്കിലും സൃഷ്ടിച്ചിട്ടുണ്ട്. വാസ്തവത്തിൽ വെവിലിൻെറ മണ്ഡലം കുറേക്കൂടി വിസ്തൃതമാണ്. 'ദ സ്പേസ് ഫ്ളൈയർ' പോലുള്ള ചില ഒററപ്പെട്ട കവിതകൾ അങ്ങേയററം മനോജ്ഞമായിട്ടുണ്ട്. ബർത്ത് ഓഫ് എ ഷാക്ക് (1964), എ ക്രൈസ്റ്റ് ഓഫ് ദി ഐസ്—ഫ്ളോസ് (1966), ഫയർ ബ്രേക്ക് (1971) എന്നീ കൃതികളുടെ കർത്താവാണ് അദ്ദേഹം.

1932—ൽ അമേരിക്കയിലെ ബോസ്റ്റനിൽ ജനിച്ച സിൽവിയാ പ്ലാത്ത് സ്മിത്ത് കോളേജിൽനിന്നു ബിരുദം നേടിയതിനുശേഷം ഫുൾബ്രൈററ് സ്കോളർഷിപ്പോടുകൂടി കേംബ്രി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഡ്ജിൽ വിദ്യാഭ്യാസം തുടന്നു. അവിടെവച്ചാണ് ററഡ്ഹ്യൂസിനെ പരിചയപ്പെട്ടതു്. 1956-ൽ അവർ ഹ്യൂസിനെ വിവാഹം ചെയ്തു. കുറച്ചുകാലം രണ്ടുപേരും യുണൈറഡ് സ്റ്റേററ്സിൽ ചെലവിട്ടശേഷം ഇംഗ്ലണ്ടിൽ സ്ഥിരതാമസമാക്കി. അവക്ക് രണ്ടു കുട്ടികരം ജനിച്ചു. പക്ഷേ, അവർ അധികനാരം സന്തോഷമായി ജീവിച്ചില്ല. സിൽവിയാ പ്ലാത്തും കുട്ടികളും ഹ്യൂസുമായി പിരിഞ്ഞു. 1963-ൽ സിൽവിയാ ആത്മഹത്യ ചെയ്തു. 1960-ൽ സിൽവിയാപ്ലാത്തിൻെറ ആദ്യത്തെ കവിതാസമാഹാരം ദ കൊളോസ്സസ് പുറത്തിറങ്ങി. ഏരിയൽ (1965), ക്രോസിങ് ദ വാട്ടർ (1971), വിൻറർ ട്രീസ് (1971), മുതലായവ അവരുടെ കൃതികളാണ്. ദ ബെൽ ജാർ (1963) എന്ന ആത്മകഥാപരമായ ഒരു നോവലും അവർ എഴുതിയിട്ടുണ്ട്. അവരുടെ പ്രധാന ഇതിവൃത്തങ്ങരം മരണം, ആത്മഹത്യ, രോഗങ്ങരം, മനുഷ്യബന്ധങ്ങരം മുതലായവയാണ്. 1979-ൽ ജോണി പാനിക്ക് ആൻഡ് ദ ബൈബ്ൾ ഓഫ് ഡ്രീംസും 1981-ൽ കലക്റ്റഡ് പോയംസും ഹ്യൂസ് പ്രസിദ്ധീകരിച്ചു.

1960 കളിൽ 'പോപ്പ് കരംച്ചർ' എന്നു വിവക്ഷിക്കപ്പെട്ടുന്ന ഒരു നൂതന സംസ്കാരം വളന്നുവന്നു. വലിയൊരു സദസ്സിനു മുന്നിൽ കവി തൻെറ കവിത ഉറക്കെ പാടുന്ന രീതിയാണിതു്. പാട്ടു കേട്ടു ശ്രോതാക്കരം പിരിഞ്ഞു പോകുന്നെങ്കിൽ കവി പരാജയപ്പെട്ടു എന്നാണത്ഥം. ഉറച്ചുപാടുന്നതിനുവേണ്ടി കവിതയെഴുതിയവരാണ് ബ്രയൻ പാററൻ, റോജർ മക്ഗോ, ആഡ്രിയൻ ഹെൻറി എന്നീ ലിവർപൂരം കവികരം. താളവാദ്യങ്ങളുപയോഗിച്ച് സംഗീതാത്മകമായി കവിത ചൊല്ലിക്കൊണ്ടു്, കവിതയെ ഒരു വിനോദോപാധിയായി കണക്കാക്കുന്നതിനു് ശ്രോതാക്കളെ പ്രേരിപ്പിക്കുകയായിരുന്നു മക്ഗോയും ഹെൻറിയും.

എഴുപതുകളുടെ ആരംഭത്തിലെ—അവസാനത്തേതും—ഇംഗ്ലീഷ് കവികരം തങ്ങളുടെ അമേരിക്കൻ സഹപ്രവത്തകരുമായി തട്ടിച്ചുനോക്കുമ്പോരം താഴ്ന്ന നിലവാരം പുലത്തുന്നവരാണെന്നു് സമ്മതിച്ചുകൊടുക്കാൻ നിബ്ബന്ധിതരായി. ഇംഗ്ലീഷ് കവിത അപ്രധാനവും ഉത്സാഹം കുറഞ്ഞതുമാണെന്നു് ആരോപിക്കപ്പെട്ടു. ഇതു മുഴുവനും ശരിയാണെന്നു പറയാനാവില്ല.

ഇയാൻഹാ മിൽട്ടൻ, ഡേവിഡ് ഹാർസെൻറ്, ഹ്യൂഗോ വില്യംസ്, പീററർ ഡേൽ കോളിൻ ഫാക്ക് തുടങ്ങിയ കവികരം ഒത്തുചേരുകയും 'റിവ്യൂ ഗ്രൂപ്പ്' എന്ന പേരിൽ അവരുടെ കവിതകരം പ്രത്യേകമാനദണ്ഡമൊന്നും കൂടാതെ ഒന്നിച്ചു ചേക്ക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കയും ചെയ്തു. വിമർശകൻ കൂടിയായ ഇയാൻ ഹാമിൽട്ടൻെറ (1938) കവിതകളിൽ അമ്പരപ്പ്, ദുരന്തബോധം, ദൈന്യം, നിസ്സഹായത, വിധി വൈപരീത്യമുയർത്തുന്ന ദുഃഖം എന്നിവ പ്രത്യക്ഷത്തിൽ ഭീകരമെന്നു തോന്നാത്ത നിസ്സാരങ്ങളും അതി സൂക്ഷ്മങ്ങളുമായ പ്രവൃത്തികളിലൂടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. 'റിവ്യൂ'കവികളുടെ മേഖല വളരെ പരിമിതമായിരുന്നു.

നാടകം

മഹായുദ്ധകാലത്ത് ഏർപ്പെടുത്തിയ തമസ്കരണത്തിൻെറ ഫലമായി ലണ്ടനിലെ തിയേററുകൾ അടച്ചുപൂട്ടേണ്ടിവന്നു. വൈകാതെ അവ തുറന്നു പ്രവർത്തനമാരംഭിച്ചെങ്കിലും ഒന്നാം ലോകമഹായുദ്ധകാലത്തേതു പോലെ ഒഴിവുകാലവിനോദോ പാധികളുള്ള കേന്ദ്രങ്ങളായി അവയ്ക്കു നിലനില്ക്കാൻ കഴിഞ്ഞില്ല. പട്ടാളക്കാരുടെ വിനോദത്തിനായി അവിടെ നാടകങ്ങൾ അരങ്ങേറിക്കൊണ്ടിരുന്നു. 1963-ൽ പ്രശസ്തമായ ഓൾഡ്‌വിക്ക് തിയേററർ ദേശീയനാടകവേദിയെന്ന നിലയിൽ കീർത്തി നേടി. എണ്ണമററ വാർഷികാഘോഷങ്ങൾ അനേകം ചെറു നാടകശാലകളുടെ ഉയർച്ചയ്ക്കു കളമൊരുക്കിത്തീർത്തു.

നാല്പതുകളിൽ നാടകരംഗം അടക്കിവാണിരുന്നതു മുഖ്യമായും മൂന്നുപേരാണ്. ആകർഷകമായ സംഗീതത്തിലും സംഭാഷണത്തിലും കൂടി നാടകത്തിനു പുതുജീവൻ നൽകിയ നാടകകൃത്താണ് ക്രിസ്റ്റഫർ ഫ്രൈ (1907). ദ ബോയ് വിത്ത് എ കാർട്ട് (1939), എ ഫിനിക്സ് റൂ ഫ്രീക്വെൻറ് (1946), ആഭിചാരക്കാരിയെന്നു മുദ്രയടിക്കപ്പെടുന്ന പതിനഞ്ചാം നൂററാണ്ടുകാരിയായ ഒരു പെൺകുട്ടിയെ സംബന്ധിക്കുന്ന ദ ലേഡി ഇസ് നോട്ട് ഫോർ ബേണിങ്ങ് (1949)എന്നിവയാണ് ഫ്രൈയുടെ ശ്രദ്ധേയമായ നാടകങ്ങൾ. തനതായ ശൈലിയും പദപ്രയോഗത്തിലുള്ള പ്രത്യേകതയുമാണ് അദ്ദേഹത്തിൻെറ നാടകങ്ങളിൽ ആദ്യമേ ശ്രദ്ധിക്കപ്പെടുന്ന ഘടകങ്ങൾ. ഗൗരവമേറിയതും സങ്കീർണ്ണവുമായ ഒരു നാടകമാണ് എ സ്ലീപ് ഓഫ് പ്രിസനേഴ്സ് (1051). ഇതിൻെറ തുടർച്ചയാണ് ദ ഡാർക്ക് ഇസ് ലൈററ് ഇനഫ് (1954). ടൈഗർ അററ് ദ ഗേററ്സ് (1955) കർട്ട്മാൻറിൽ (1961) എന്നിവയാണ് മററു നാടകങ്ങൾ.

ഫ്ളെയർ പാത്ത് (1942), ദ വിൻസ്‌ലോ ബോയ് (1946), ദ ബ്രൗണിങ്ങ് വേർഷൻ (1948) എന്നിവയിലൂടെ വിജയം കൈവരിച്ച നാടകകൃത്താണ് ടെറൻസ് റാററിഗൻ(1911–77). സെപ്പറേററ് ടേബ്ൾസ് (1954), റോസ്(1960)എന്നീ പില്ക്കാല നാടകങ്ങളും വിജയമായിരുന്നു. പീററർ ഉസ്റ്റിനോവിൻെറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(1921) നാടകങ്ങരം വിജയിച്ചതു് അവയിൽ നാടകകൃത്തുതന്നെ അഭിനയിച്ചുവെന്നതുകൊണ്ടാണു്. ദ ലൗവ് ഓഫ് ഫോർ കേണൽസ് (1951), റോമനോഫ് ആൻഡ് ജൂലിയററ് (1956) എന്നിവയാണ് അദ്ദേഹത്തിൻെറ കൂടുതൽ പ്രശസ്തിയാജ്ജിച്ച നാടകങ്ങരം. അമ്പതുകളുടെ ആരംഭത്തിൽ വൈദേശികനാടകങ്ങരം ഇംഗ്ലീഷ് നാടകകൃത്തുക്കളെ സ്വാധീനിക്കുന്നതായി കാണാം. അവതരണത്തിലെ വിട്ടുവീഴ്ചയില്ലാത്ത വീക്ഷണങ്ങരം, ഗാനങ്ങളോടും സംഗീതത്തോടുമുള്ള ആഭിമുഖ്യം, മനുഷ്യത്വപരമായ സ്ഥിതിസമത്വവാദം, ജനമദ്ധ്യത്തിൽ നാടകം അരങ്ങേറുമ്പോഴും കാഴ്ചക്കാരേയും നടനേയും കഥാപാത്രത്തിൽനിന്ന കററിനിത്തുന്ന രീതി എന്നിങ്ങനെയുള്ള പ്രത്യേകതകരം കാഴ്ചവച്ച ബെർറേറാരംട്ട് ബ്രെഹ്ഷാററാണ് (1898–1956) ഇംഗ്ലീഷ് നാടകകൃത്തുക്കളെ സ്വാധീനിച്ചവരിൽ പ്രമുഖൻ. ബ്രെഹ്ഷ്ററിൻെറ ആദ്യകാല നാടകങ്ങരം വികാരോജ്ജ്വലങ്ങളായിരുന്നെങ്കിലും നിയന്ത്രണം പാലിക്കാത്തതും ആക്ഷേപഹാസ്യവും സഹിഷ്ണുതയും കുടിക്കഴഞ്ഞതുമായിരുന്നു. ദ ത്രീ പെനി ഓപ്പറ(1928)യാണ് ഇവയിൽ പ്രസിദ്ധം. മുപ്പതുകളുടെ ആരംഭത്തിൽ നിലവിലിരുന്ന പ്രബോധനപരമായ നാടകങ്ങളും ഇക്കാലത്തു പുനരുജ്ജീവിപ്പിക്കപ്പെട്ടു. ഈ രണ്ടു വിഭാഗം നാടകങ്ങളുടെയും നല്ല അംശങ്ങരം ഉരംക്കൊള്ളിച്ചുകൊണ്ടുള്ള മൂന്നാമതൊരു വിഭാഗം നാടകങ്ങളാണു് ഈ കാലഘട്ടത്തിലെ ഏററവും നല്ല രചനകരം. അമേരിക്കയിൽ താമസിച്ചിരുന്ന കാലത്തു് രചിച്ച ദ ലൈഫ് ഓഫ് ഗലീലിയോ, മദർ കറേജ്, ദ കോക്കേഷ്യൻ ചോക്ക് സർക്കിരം എന്നിവ അദ്ദേഹത്തിൻെറ പ്രധാന കൃതികളിൽ ചിലതാണ്.

ഇംഗ്ലീഷ് നാടകത്തിൽ വളരെയധികം സ്വാധീനം ചെലുത്തിയ നാടകകൃത്താണ് ജീൻപോരം സാർത്ര് (1905). അസ്തിത്വവാദത്തിൻെറ കേന്ദ്ര ആശയമായ നിസ്സംഗത്വത്തിൽനിന്നു് പ്രതിബദ്ധതയിലേക്കു്—കമ്മരാഹിത്യത്തിൽനിന്നു് അത്ഥപൂണ്ണമായ കർമ്മത്തിലേക്കു്—നീങ്ങുന്ന മനുഷ്യൻെറ വളർച്ച ചിത്രീകരിക്കുന്ന സാർത്രിൻെറ ദ ഫ്ളൈസ് (1943). തൻെറ ദർശനങ്ങരം നാടകത്തിലൂടെ ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കുകയെന്ന സാർത്രിൻെറ രീതി അദ്ദേഹത്തിൻെറ നേട്ടവും ഒപ്പം അവയുടെ കോട്ടവുമായിരുന്നു. നോ എക്സിററ് (1944), ദ റെസ്പെക്റ്ഫുരം പ്രോസ്ടേററ് (1944), മെൻ വിത്തൗട്ട് ഷാഡോസ് (1944), ലൂസിഫർ ആൻഡ് ദ ലോർഡ് (1951), അൽറോണ (1959) എന്നിവ അദ്ദേഹത്തിൻെറ നാടകങ്ങളിൽ ചിലതു മാത്രമാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രെഹ്ററ് കഴിഞ്ഞാൽ ഇംഗ്ലീഷുനാടകകൃത്തുകളിൽ സ്വാധീനം ചെലുത്തിയ മറെറാരു പ്രമുഖനാണ് സാമുവൽ ബെക്കെററ് (1906). ജോയ്സിൻെറ സെക്രട്ടറിയായിരുന്ന അദ്ദേഹം ഫ്രഞ്ചിലാണ് സാഹിത്യരചന നടത്തിയിരുന്നത്. ഘടനയോ വികാസമോ ഇല്ലാത്ത വെയ്ററിങ് ഫോർ ഗോദോ (1952, ഇംഗ്ലീഷ് പരിഭാഷ 1954) വക്രവും പരസ്പരബന്ധമില്ലെന്ന തോന്നിക്കുന്നതുമായ സംഭാഷണത്തിലൂടെ സഹജമായ സ്വാതന്ത്ര്യം തീറെഴുതിക്കൊണ്ട് സ്വയം നശിക്കുകയും മനുഷ്യരാശിയെ നശിപ്പിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിൻെറ നൈരാശ്യം സൂചിപ്പിക്കുന്നു. വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങൾ ഈ നാടകത്തിന് ഉണ്ടായിട്ടുണ്ട്. അങ്ങേയററം ദുഃഖകരമെന്നും വിചിത്രമെന്നും മററുമാണ് ഇംഗ്ലീഷ് പത്രങ്ങൾ ഇതിനെ വിശേഷിപ്പിച്ചതു്. എൻഡ്ഗെയിം (1955), ക്രാപ്പ് ലാസ്റ്റ് ടേപ്പ് (1958) എന്നിവ ബെക്കററിൻെറ മററു നാടകപരീക്ഷണങ്ങളാണ്. അതിഹ്രസ്വങ്ങളായ നാടകങ്ങൾ വേറെയും ഉണ്ട്.

അമേരിക്കൻ നാടകകൃത്തുക്കളായ ആർതർമില്ലർ, ടെനെസി വില്യംസ്, എഡ്വേഡ് ആൽബി; ജർമ്മൻകാരായ വെയ്സ്സ്, ഹോകലുത്ത്; സ്വിററ്സർലണ്ടുകാരനായ ഡ്യുറെൻമാററ്; ഇററലിക്കാരനായ യൂഗോ ബെററി; ഫ്രാൻസിൽ നിന്നുള്ള ഷെനെ. അയണസ്കോ, അറനായിൽ, കാമ്യൂ; സ്പെയിനിലെ അരബൽ തുടങ്ങിയവരാണ് ആധുനിക ബ്രിട്ടീഷ് നാടകകൃത്തുക്കളെ സ്വാധീനിച്ച വൈദേശികനാടകാചാര്യന്മാർ.

ടെലിവിഷൻ പ്രചാരത്തിൽവന്നതോടെ നാടകത്തിൽ പരിപൂർണ്ണപരിവർത്തനം ദൃശ്യമായി. വിശാലമായ അരങ്ങു വിട്ട് ചെറിയ സ്ക്രീൻമായി ബന്ധപ്പെട്ടവരാണ് അലൻ ഒയിൻ ഒലിവ് എക്സ്ററൻ, ജോൺ മോർട്ടിമർ തുടങ്ങിയവർ.

സാങ്കല്പികവും ഹാസ്യജനകവുമായ എ പെനി ഫോർ എ സോങ് (1951) പോലെയുള്ള നാടകങ്ങളിൽക്കൂടി ആധുനിക നാടകസിദ്ധാന്തങ്ങൾ ആവിഷ്കരിച്ച ജോൺ വൈററിങ് (1915—63). ആത്മനാശം പ്രതിപാദിക്കുന്ന മാർച്ചിങ് സോങ് (1954) സംഘർഷങ്ങളുണ്ടായിട്ടും അവ പ്രകടിപ്പിക്കുകയോ അതിനനുസരിച്ച് പ്രവർത്തിക്കുകയോ ചെയ്യാത്ത ഒരാളുടെ മാനസികനില ചിത്രീകരിക്കാൻ ശ്രമിക്കുന്നു. നന്മയും തിന്മയും, മോക്ഷവും നാശവുമെന്ന ആശയം വിജയകരമായി ചിത്രീകരിക്കുന്ന ഒരു നാടകമാണ് ദ ഡെവിൾസ് (1961).

റോബർട്ട് ബോൾട്ടിൻെറ (1924) ജനപ്രീതിയാർജ്ജിച്ച മാൻ ഫോർ ഓൾ സീസൺസ് (1960) ഘടനയുടെ കാര്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിൽ ബ്രെഹ്ററിനെ പിന്തുടരുന്നു. ദ ഫ്ളവറിങ് ചെറി (1957), ദ റൈറഗർ ആൻഡ് ദ ഹോഴ്സ് (1960) എന്നിവയും അദ്ദേഹത്തിൻെറ കൃതികളാണ്.

1956-ൽ റോയർ കോർട്ട് തിയേററിൽ ഇംഗ്ലീഷ് സ്റേറജ് കമ്പനി സ്ഥാപിതമായതോടെ ഇംഗ്ലീഷ് നാടകത്തിൻെറ മുഖഛായയപ്പുതന്നെ മാററം സംഭവിച്ചു. മെച്ചപ്പെട്ട വിദേശനാടകങ്ങൾ അവതരിപ്പിക്കുകയും നാട്ടുകാരായ പുതിയ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുകയുമായിരുന്നു അവരുടെ ലക്ഷ്യം. ചമയങ്ങളില്ലാതെ രംഗത്തു് അവതരിപ്പിച്ച അവരുടെ നാടകങ്ങൾ യുവനടൻമാർക്കും എഴുത്തുകാർക്കും അങ്ങേയററം സഹായകമായിരുന്നു. പുതിയ ആശയങ്ങൾ പ്രക്ഷേപണംചെയ്യാനും ഇതു സഹായിച്ചു.

ഇംഗ്ലീഷ് സ്റേറജ് കമ്പനിയുടെ സൃഷ്ടികളിൽ പ്രമുഖനാണ് ജോൺ ഓസ്ബോൺ (1929). കോപിഷ്ഠനായ യുവാവ് ('ആങ്ഗ്രി യങ്മാൻ') എന്ന സങ്കല്പത്തിനു് പ്രചോദനം നൽകുന്നതായിരുന്നു അദ്ദേഹത്തിൻെറ ലുക്ക് ബാക്ക് ഇൻ ആങ്ഗർ (1956). ഇന്നത്തെക്കാൾ എന്തുകൊണ്ടും അഭിലഷണീയമായിരുന്ന പൂർവകാലത്തിൽ ആശ്വാസം കണ്ടെത്തുന്ന നിരുത്തരവാദിയും രണനും പാപ്പരുമായ ഒരുവനെ ശോകവും ഹാസ്യവും ഇടകലർന്ന ഭാവത്തിൽ ഇതിൽ ചിത്രീകരിച്ചിരിക്കുന്നു. ഉന്നതകുലജാതയായ ഒരു യുവതി അവളുടെ പ്രത്യേക ചുററുപാടുകളിൽ ഒരു സാധാരണക്കാരനെ വിവാഹം കഴിക്കുന്ന പഴഞ്ചൻ പ്രമേയത്തെ നവീനരീതിയിൽ ആവിഷ്കരിക്കുന്ന ഈ നാടകം 1956-ൽ അരങ്ങേറിയപ്പോൾ ജനങ്ങൾ അമ്പരന്നുപോയി. ഇതേത്തുടർന്നു സംഗീതനാടകത്തിൻെറ പാരമ്പര്യം പുലർത്തുന്നതും യാഥാർത്ഥ്യപ്രതീതി ജനിപ്പിക്കുന്ന രംഗങ്ങൾ ഉൾക്കൊള്ളുന്നതുമായ ദി എൻറർടെയ്നർ (1957) പുറത്തുവന്നു. 1957-ൽ രചിച്ച എപ്പിററാഫ് ഫോർ ജോർജ് ഡില്ലൻ, ഓസ്ബോണിൻെറ ഏററവും ശ്രദ്ധാപൂർവ്വം രചിക്കപ്പെട്ട ഒരു കൃതിയാണെന്നു കരുതപ്പെടുന്നു. വേൾഡ് ഓഫ് പോൾ സ്ലിക്കി (1959) പോലെയുള്ള ഏതാനും നാടകങ്ങളുടെ പരാജയത്തെ തുടർന്നു് വിഷയത്തിലും പ്രതിപാദനരീതിയിലും അദ്ദേഹം മാററം വരുത്തുകയുണ്ടായി. ലൂതർ (1960) രചിക്കാൻ ഒരുങ്ങിയതോടെയാണ് ഓസ്ബോണിൻെറ രചനകളുടെ പശ്ചാത്തലം വിശാലമാകുന്നതു്. കുററബോധവുമായി മല്ലടിക്കുകയും ദൈവവുമായി ബന്ധം സ്ഥാപിക്കാൻ അന്വേഷണംനടത്തുകയും ചെയ്യുന്ന ലൂതറിനെയാണ് ഈ നാടകത്തിൽ അവതരിപ്പിക്കുന്നതു്. കഥാപാത്രങ്ങളിലും അവരുടെ സംഭാഷണ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിലും അനുഭവപ്പെടുന്ന ചൈതന്യമാണ് ഓസ്ബോണി ൻെറ വൻ നേട്ടം. ഇൻ അഡ്മിസിബ്ൾ എവിഡെൻസ് (1964) എന്ന നാടകത്തിൽ അദ്ദേഹത്തിൻെറ പ്രതിഭ മുഴുവൻ വിളങ്ങുന്നു. വെസ്ക്കറുടേതുപോലെ ഓസ്ബോണിൻെറ നാടകങ്ങളും 'കിച്ചൻ സിങ്ക്' വകുപ്പിൽ പെടുന്നു.

ലിവ് ലൈക്ക് പിഗ്സ് (1958) എന്ന നാടകത്തോടെയാണ് ജോൺ ആർഡൻ (1930) രാജസദസ്സിൽ ഖ്യാതി നേടിയതു്. ബ്രെഹ്ററിനെ അനുകരിച്ച് വാക്കുകളും പാട്ടും ബിംബങ്ങളും കൊണ്ടു് മനുഷ്യസ്വഭാവത്തെക്കുറിച്ചു നടത്തുന്ന ഒരന്വേഷണമാണിതു്. പ്രതിസന്ധിഘട്ടത്തെ നേരിടുന്ന യഥാർത്ഥ മനുഷ്യർ തങ്ങൾക്കു വഴികാട്ടിയായി ആദർശങ്ങൾ തേടുന്നതാണ് സാർജൻറ് മസ്ഗ്രേവ്സ് ഡാൻസിലെ (1959) പ്രമേയം. ഒട്ടാകെ സങ്കീർണ്ണമെങ്കിലും ആർഡൻെറ ഏററവും നല്ല കൃതിയാണ് ഈ നാടകം അദ്ദേഹത്തിൻെറ ശ്രദ്ധേയമായ മറെറാരു നാടകമാണ് ആംസ്ട്രോങ്സ് ലാസ്ററ് ഗുഡ് നൈററ് (1965).

കൗമാരപ്രായക്കാരുടെ ഭീകരലോകത്തെ സംബന്ധിക്കുന്ന നാടകങ്ങളുടെ പേരിലാണ ആൻ ജെല്ലിക്കോ(1927)അറിയപ്പെടുന്നതു്. ദ സ്പോർട്ട് ഓഫ് മൈ മാഡ് മദർ (1956), ദ നാക്ക്(1961)എന്നിവ ഇതിലുൾപ്പെടുന്നു. എൻ.എഫ്.സിംപ്സൺ, നൈജെൽ ഡെന്നിസ്സ്, വില്ലിസ് ഹാൾ, എവ്ലിൻ ഫോർഡ് എന്നിവരും പരാമർശയോഗ്യരാണ്. സ്ട്രാററ്ഫോർഡിലെ ദ തിയേററർ റോയൽ 1953 മുതൽ 1961 വരെ ജോൺ ലിററിൽ വുഡിൻെറ പണിപ്പുരയായിരുന്നു. ബ്രെൻഡൻ ബെഹൻ (1923—64), ഷീലാ ഡിലനി (1939) എന്നിവരാണ് ഈ കളരിയിലെ പ്രമുഖ അഭ്യാസികൾ. തീയേററർ റോയലിൻെറ പണിപ്പുരയിൽ നിന്നു പുറത്തുവന്ന പ്രധാന നാടകങ്ങളാണ് ബെഹൻെറ കോമഡിയായ ദ ക്വേർ ഫെലോ (1954)യും, ഡിലനിയുടെ ടേസ്ററ് ഓഫ് ഹണി (1958)യും.

വിസ്മയാവഹമായ യാഥാർത്ഥ്യപ്രതീതിയോടെ നിത്യജീവിതത്തിലെ സംഭാഷണത്തിൻെറ വാചാലതയും വക്രതയും പ്രേക്ഷണംചെയ്യുന്നതിൽ അതുല്യനാണ് ഹാരൾഡ് പിൻറർ (1930). ഈ മാർഗ്ഗം സ്വീകരിക്കുന്ന പിൻറർ ദ ബത്ത്ഡേ പാർട്ടി (1958), ദ ഡംബ് വെയ്ററർ (1958), ദ കെയർ ടെയ്ക്കർ (1960) എന്നീ കോമഡികളിലൂടെ ഭീഷണമായ വിപത്തിനെ ഉയർത്തിക്കാട്ടുന്നു. ഒരളവുവരെ അയനസ്കോയുടെ സമ്പ്രദായത്തിലുള്ള ബർത്ത്ഡേ പാർട്ടി ഭൗതികനേട്ടങ്ങളിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിന്നും ഉത്തരവാദിത്തങ്ങളിൽ നിന്നുമൊഴിഞ്ഞ ഒരു രണ്ടാംകിട കലാകാരന്റെമേൽ ചെലുത്തപ്പെടുന്ന സമ്മർദ്ദങ്ങളും പ്രത്യക്ഷവൽക്കരിക്കുന്നു; ആകെക്കൂടി വീർപ്പുമുട്ടുന്ന ഈ കഥാപാത്രത്തിന്റെ മാനസികാപഗ്രഥനമാണ് ഈ നാടകം നടത്തുന്നത്. വാടകവീട്ടിൽ അമ്മയെപ്പോലെ വാത്സല്യം ചൊരിയുന്ന വീട്ടുടമസ്ഥയിൽനിന്നും സ്റ്റാൻലിയെ അകററാൻ അമാനുഷപ്രഭാവമുള്ള രണ്ടു സന്ദർശകരെത്തുന്നതാണു പ്രമേയം. ബർത്ത്ഡേ പാർട്ടിയേക്കാൾ നേരിട്ടുള്ള പ്രതിപാദ്യമാണ് ദ കെയർ ടെയ്ക്കറിലേത്. മൂന്നു ചങ്ങാതിമാരുടെ സ്നേഹബന്ധം ഇതിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. പരസ്പരബന്ധമില്ലാത്ത സംഭാഷണവും വാചാലതയും പിൻററെ അപകടത്തിലാക്കുന്നു. എ സ്ലൈററ് ഏക്ക് എന്ന ആദ്യകാല ഏകാങ്കനാടകത്തിൽ ഇതു വളരെ കൂടുതലാണ്. അദ്ദേഹത്തിന്റെ മിക്ക കൃതികളും നന്നേ ഹ്രസ്വങ്ങളാണ്. തങ്ങളുടെ ക്രിയാപരിപാടികളെക്കുറിച്ച് സംശയമുള്ളവരും പുറമെ ആരെയോ ഭയപ്പെടുന്നവരുമാണ് അദ്ദേഹത്തിന്റെ കഥാപാത്രങ്ങളെന്നു തോന്നിപ്പോകും. കുറേക്കൂടി വിശാലമായ കാഴ്ചപ്പാടുകളുള്ള ഒരു നാടകമാണ് ഹോം കമിങ് (1965). റേഡിയോ പ്രക്ഷേപണത്തിനും, ടെലിവിഷൻ പ്രക്ഷേപണത്തിനും യോജിക്കുന്ന നാടകങ്ങൾ പ്രേക്ഷകരുടെ മുന്നിൽ അവതരിപ്പിച്ചു ഫലിപ്പിക്കുന്നതെങ്ങനെയെന്നു കാട്ടിക്കൊടുത്തുവെന്നതാണു പിൻററുടെ മറെറാരു വിജയം.

യുദ്ധാനന്തര നാടകത്തിന്റെ പ്രയോക്താക്കളിൽ ഒരുപക്ഷേ ഏററവും ശ്രേഷ്ഠനാണ് ആർനാൾഡ് വെസ്കർ (1930). റഷ്യക്കാരനായ തുന്നൽക്കാരന്റെയും അയാളുടെ ഹംഗറിക്കാരിയും, മിക്കപ്പോഴും അടുക്കളജോലി ചെയ്തു കുടുംബം പുലർത്തേണ്ടിവന്ന ഭാര്യയുടേയും മകനാണ് വെസ്കർ. 1950 മുതൽ 52വരെ റോയൽ എയർഫോഴ്സിൽ സേവനമനുഷ്ഠിച്ച അദ്ദേഹം തുടർന്ന് വ്യത്യസ്തങ്ങളായ പല പണികളിലും ഏർപ്പെട്ടു. പുസ്തകക്കടയിലെ ജോലിക്കാരൻ, കുഴൽപ്പണിക്കാരൻ, വിത്തു തരംതിരിക്കുന്നവൻ, പാടത്തെ പണിക്കാരൻ അടുക്കളച്ചുമട്ടുകാരൻ, കേക്കു പാകപ്പെടുത്തുന്നവൻ എന്നിങ്ങനെ പലജോലികളും ഇക്കാലത്ത് നിർവഹിച്ചിട്ടുണ്ട്. ലണ്ടൻ സ്കൂൾ ഓഫ് ഫിലിം ടെക്നിക്കിൽ ചേർന്ന വെസ്ക്കർ 1961 മുതൽ 1970 വരെ ലണ്ടനിലെ സെൻറർ 42–ന്റെ ഫൗണ്ടർ ഡയറക്ടറായിരുന്നു. ചിക്കൻ സൂപ്പ് വിത്ത് ബാർലി (1959), റൂട്ട്സ് (1959), അയാം ടോക്കിങ് എബൗട്ട് ജറൂസലം (1960) [ഇവ മൂന്നും വെസ്കർ ട്രിലജി എന്ന പേരിലാണു പ്രസിദ്ധീകരിച്ചത്], ദ കിച്ചൻ (1960), ചിപ്സ് വിത്ത് എവ്രിതിങ് (1962), ദേർ വെരി ഓൺ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആൻഡ് ഗോൾഡൻ സിററി (1966), ദ ഫോർ സീസൺസ് (1966), ദ ഫ്രെൻഡ്സ് (1970), ദി ഓൾഡ് വൺസ് (1973) ദ വെഡ്ഡിങ് ഫീസ്റ്റ് (1974), ദ ജർണലിസ്റ്റ്സ് (1975), ലൗവ് ലെറേറഴ്സ് ഓൺ ബ്ലൂ പേപ്പർ (1976), ദ മർച്ചെൻറ് (1977) എന്നിവയാണ് നാടകങ്ങൾ. നാലു നോവലുകളും അദ്ദേഹത്തിൻെറ കൃതികളിലുൾപ്പെടുന്നു. നാടകത്രയ (ട്രിലജി)ത്തിലെ ഓരോന്നിലും റോണി കഹൻ എന്ന കഥാപാത്രം ഭാഗഭാക്കാണ്. സ്വന്തം അനുഭവങ്ങളെ ആധാരമാക്കി രചിച്ച ദ കിച്ചൻ ഒരു വലിയ റെസ്റ്റോറൻറിലെ ചുട്ടുപഴുത്തതും ശബ്ദമുഖരിതവുമായ അടുക്കളയിലെ ദൈനന്ദിന പ്രവൃത്തികളുടെ ശക്തമായ നാടകാവിഷ്കാരമാണ്. കോമഡിയും ആക്ഷേപഹാസ്യവും ദുരന്തദൃഷ്ടാന്ത കഥയും കൂട്ടിക്കുഴച്ച് മിസ്ററിസിസത്തിൻെറ പരിവേഷമണിയിച്ച നാടകമാണ് ചിപ്പ്സ് വിത്ത് എവ്രിതിങ്. സോഷ്യലിസവും സാമൂഹിക പുരോഗതിയും വിശദമായി അപഗ്രഥിക്കുന്ന ദേർ വെരി ഓൺ ഗോൾഡൻ സിററിയിൽ. കൃത്രിമ സംസ്കാരത്തെ തൊലിയുരിച്ചു കാട്ടാനും 19–ാം നൂററാണ്ടിലെ സോഷ്യലിസത്തിലേയ്ക്കു മടങ്ങാനും ആഗ്രഹിക്കുന്ന വെസ്കർ താൻ എന്താണ് ആവിഷ്കരിക്കാൻ ശ്രമിക്കുന്നതെന്നു തീർച്ചയില്ലെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ചുററുപാടുകളുമായി പൊരുത്തപ്പെടാൻ ശ്രമിക്കുന്ന യുവജനതയെക്കുറിച്ചു വികാരതീവ്രമായെഴുതിയ ബെർണാർഡ് കോപ്പ് (1928) ലണ്ടനിലെ ജൂവിഷ് ഈസ്റ്റ് എൻഡിനെക്കുറിച്ചെഴുതുന്നു. ജനങ്ങളുടെ വിഢ്ഢിത്തങ്ങളെ ചിത്രീകരിക്കുന്നതോടെ അസംബന്ധനാടകങ്ങളിലേക്കു വഴുതിവീഴുകയാണ്. ഹെൻറി ലിവിങ്സ് (1929). ഒരു കഥാപാത്രവുമായി ബന്ധപ്പെട്ട സംഭവങ്ങളുടെ ശൃംഖലയാണ് അദ്ദേഹത്തിൻെറ നാടകങ്ങൾ. ബിഗ് സോഫ്ററ് നെല്ലി (1961), നിൽ കാർബൊറണ്ടം (1962), കെല്ലീസ് ഐ (1963), എയ്? (Eh?) (1964) എന്നിവയാണ് ലിവിങ്സിൻെറ നാടകങ്ങളിൽ ചിലതു്.

ശ്രോതാക്കളുടെ മദ്ധ്യത്തിൽ അവരുടെകൂടി പങ്കാളിത്തത്തോടെ അഭിനയിക്കപ്പെടുന്ന നാടകം യുദ്ധാനന്തര കാലഘട്ടത്തിൻെറ പ്രത്യേകതയായിരുന്നു. വാക്കുകൾകൊണ്ടു ശ്രോതാക്കളിൽ ആഘാതമേൽപ്പിക്കുകയും അവരെ ഭയപ്പെടുത്തുകയും ഞെട്ടിക്കുകയുമാണ് നടൻെറ കടമയെന്നു് ഒരു ഗ്രൂപ്പുകാർ പ്രഖ്യാപിച്ചു. വിദേശച്ചരക്കുകളായ അസ് (Us) (1966) ചി (Chi) (1969) എന്നിവയാണ് ഇത്തരം നാടകങ്ങളുടെ മാതൃകകൾ.

എ ഡേ ഇൻ ദ ഡെത്ത് ഓഫ് ജോ എഗ്ഗ് (1967) പ്രദർശിപ്പിച്ചതോടെയാണ് പീററർ നിക്കൾസിന് അംഗീകാരം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലഭിക്കുന്നതു്. ഒരു തരത്തിലും അവഗണിക്കാവുന്നവയായിരുന്നില്ല. അദ്ദേഹത്തിന്റെ ടെലിവിഷൻ നാടകങ്ങളും. വിനോദ നാടകങ്ങളെഴുതുമ്പോഴാണു് നിക്കോംസ് കൂടുതൽ ഗൗരവപ്രകൃതിയാകുന്നതു്. വേദനാജനകമായ സന്ദർഭങ്ങളിലെ നൊമ്പരപ്പെടുത്തുന്ന വിഷയങ്ങൾക്കു് കോട്ടംവരുത്താതെ അവയിൽനിന്നും ചിരി സൃഷ്ടിക്കാൻ നിക്കോംസിനുള്ള കഴിവു് അതുല്യമാണു്. മറ്റൊരു പ്രശസ്ത നാടകകൃത്തായ ഡേവിഡ് മെർസർ ദ സെല്ലർ ആൻഡ് ദി ആൽമണ്ട് ട്രീ എന്ന ടെലിവിഷൻ നാടകം തന്റെ രാഷ്ട്രീയജീവിതത്തോടുള്ള വിടപറച്ചിലാണെന്നു് 1970-ൽ പ്രഖ്യാപിക്കുകയുണ്ടായി. രാഷ്ട്രീയമായ ഇതിവൃത്തങ്ങളെക്കുറിച്ചു് ഉൽക്കണ്ഠാകുലരായിരുന്ന ആധുനിക നാടകകൃത്തുക്കളിൽ ഒരാളായിരുന്ന മെർസർ സ്വന്തം അനുഭവങ്ങൾ—പ്രത്യേകിച്ചും മാനസികമായ തകർച്ചയും നെടുനാളത്തെ മാനസികചികിത്സയും—അറിയാതെതന്നെ അദ്ദേഹത്തിന്റെ കൃതികളിൽ കടന്നുകൂടുന്നു

സൈന്യത്തെ സംബന്ധിക്കുന്ന കുററമററതും അവിസ്മരണീയവുമായ ചിത്രങ്ങൾ വരച്ചുകാട്ടുന്നു ചാൾസ് വുഡ്. സൈന്യജീവിതം അദ്ദേഹത്തിന്റെ കൃതികളിലെ കേന്ദ്രപ്രമേയമാണെങ്കിലും അതദ്ദേഹത്തിന്റെ ഒരേയൊരു ഇതിവൃത്തമല്ല. എഡ്വേർഡ് ബോണ്ടു് (1934) അനേകം നാടകങ്ങൾ എഴുതിയിട്ടുണ്ടു്. ബോണ്ടിന്റെ ഭീകരമായ രംഗങ്ങളും ക്രൂരമായ പരിഹാസവും പരക്കെ അംഗീകരിക്കപ്പെട്ടില്ലെങ്കിലും ശ്രദ്ധ പിടിച്ചുപററുകയുണ്ടായി. ശക്തവും, സൂക്ഷ്മവുമായ രംഗാവിഷ്കാരത്തിലൂടെ അദ്ദേഹം പ്രകടിപ്പിച്ച ധാർമ്മികമായ കടപ്പാടു് ആരാധകരെ നേടാൻ അദ്ദേഹത്തിനെ സഹായിച്ചു. ടോം സ്റേറാപ്പർഡ് (1937) ആധുനികയുഗത്തിലെ മറ്റൊരു പ്രശസ്ത നാടകകൃത്താണു്. അദ്ദേഹത്തിന്റെ റോസൻക്രാററ്സ് ആൻഡ് ഗിൽഡെൻസ്റേറൺ ആർ ഡെഡ് (1966) എന്ന നാടകം വളരെ മെച്ചപ്പെട്ട കൃതിയാണു്. ഷേക്സ്പിയറുടെ ഹാംലററിലെ രണ്ടു് അപ്രധാന കഥാപാത്രങ്ങളെ കേന്ദ്രകഥാപാത്രങ്ങളാക്കിക്കൊണ്ടു രചിച്ചിരിക്കുന്ന ഈ നാടകം ഒരു ഉജ്ജ്വലസൃഷ്ടിയാണു്. ലാഡർ ഓഫ് ഫൂൾസ് (1965), പെപ്പൻസ് ഓഫ് ഹാപ്പിനെസ്സ്(1976) മുതലായ നാടകങ്ങൾ രചിച്ച ഹവഡ്ബ്രെൻറൻ(1942)അറിയപ്പെടുന്ന ഒരു നാടകകൃത്താണു്. Ac/Dc എന്ന ഒററ നാടകം മതി ഹീത്ത്കോട്ട് വില്ല്യംസിനെ (1941) ഏതു സമകാലീനനാടകവിജ്ഞാനകോശത്തിലും ഉൾപ്പെടുത്തുവാൻ. ഈ കാലഘട്ടത്തിലെ നാടകകൃത്തുക്കളെപ്പററി എഴുതുമ്പോൾ പീററർ ടേഴ്സൺ, ജോ ഓർട്ടൺ, അലൻ പേററർ, സൈമൺ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗ്രേ, ജോൺ ഹോപ്കിൻസ്, പീററർ ബാൺസ്, ഡേവിഡ് ക്രെഗൻ എന്നിവരെക്കൂടി പരാമർശിക്കേണ്ടിയിരിക്കുന്നു.

അസംബന്ധനാടകങ്ങളുമായി (Theatre of the Absurd) ബന്ധപ്പെട്ടു നില്ക്കുന്ന അമേരിക്കൻ നാടകകൃത്തായ എഡ്വേഡ് ആൽബിയുടെ ഏററവും പ്രസിദ്ധമായ നാടകം അദ്ദേഹത്തിൻെറ പ്രഥമനാടകമായ ദ സൂ സ്ററോറി (1958) തന്നെയാണ്. പ്രഹസനമായ സ്വഗതാഖ്യാനസങ്കേതത്തിലൂടെ ഹീനവും, ക്രൂരവുമായ ഒരു സംഭവം ആൽബി ചിത്രീകരിക്കുന്നുവെന്നതാണ് സൂ സ്ററോറിയെ ശ്രദ്ധേയമാക്കിയത്. നൃശംസനാടകവേദി (Theatre of Cruelty) യുടെ പ്രയോക്താക്കളായ ഡേവിഡ്റഡ്ക്കിൻ (ആഫ്ററർ ഹൈററ് കം, (1962), ജോണി സൈപററ് (ദ നോക്കർസ് യാർഡ്, 1962) എന്നിവരെയും ഈ കൂട്ടത്തിൽ പരാമർശിക്കേണ്ടതുണ്ട്.

പുതിയൊരു നാടകാവബോധത്തിൻെറ തുടക്കം വിളിച്ചറിയിച്ചുകൊണ്ട് 1960-കളുടെ ഉത്തരാർദ്ധത്തിൽ ബ്രിട്ടീഷ് നാടക വേദിയിൽ സംഭ്രമജനകമായ ഒട്ടേറെ മാററങ്ങൾ ദൃശ്യമായിത്തുടങ്ങി. രാജ്യത്തു നിലനിന്ന അശാന്തി നാടകവേദിയിൽ പ്രതിഫലനം സൃഷ്ടിച്ചു. നാടകകൃത്തുക്കൾ വിഭിന്നങ്ങളായ രാഷ്ട്രീയസ്ഥാനങ്ങൾ വഹിച്ചിരുന്നെങ്കിലും അവരുടെ പ്രത്യയശാസ്ത്രങ്ങൾ ലേബർ പാർട്ടിയോടും ഇടതുപക്ഷത്തോടും അടുത്തുനിൽക്കുന്നവയായിരുന്നു. ഹവഡ് ബ്രെൻറൻ, ഡേവിഡ് എഡ്ഗർ, ട്രെവൽ ഗ്രിഫിത്ത്സ്, ഡേവിഡ് ഹെയർ എന്നിവരായിരുന്നു ഈ കാലഘട്ടത്തിലെ എണ്ണപ്പെട്ട നാടകകൃത്തുക്കൾ.

നാടകവേദിക്കും സ്ത്രീകൾക്കും കരുത്തു നൽകുകയെന്ന ലക്ഷ്യമാണ് ഫെമിനിസ്ററ് നാടകങ്ങളുടേത്. ലൈംഗികവിഷയങ്ങളെ സംബന്ധിച്ച് ശക്തവും പ്രകമ്പനംകൊള്ളിക്കുന്നതുമായ ചർച്ചകൾ ഇവയിൽ കാണാം. സ്ത്രീകൾക്ക് അഭിനയിക്കുന്നതിനുള്ള രംഗങ്ങൾ നാടകങ്ങളിൽ എഴുതിച്ചേർക്കുക, സമൂഹമദ്ധ്യത്തിൽ പുരുഷന്മാരോടൊപ്പം സ്ഥാനം നേടുക, ലൈംഗികതയെ രാഷ്ട്രീയവൽക്കരിക്കാൻ ശ്രമം നടത്തുക എന്നിവയായിരുന്നു ഫെമിനിസ്ററ് നാടകങ്ങളുടെ സവിശേഷതകൾ. അറുപതുകളുടെ ഉത്തരാർദ്ധത്തിൽ ബ്രിട്ടനിലും അമേരിക്കയിലും ഫെമിനിസ്ററ് നാടകങ്ങൾ ഒരു പ്രത്യേക വിഭാഗമായി വളർന്നു കഴിഞ്ഞിരുന്നു. വനിതാപ്രസ്ഥാനവും 'നവനാടകവേദി'യും ജന്മം നൽകിയ ഫെമിനിസ്ററ് നാടകം അറുപതുകളിലെ രാഷ്ട്രീയവും കലാപരവുമായ വിശദീകരണങ്ങളിൽ നിന്നാണ് ഉടലെടുത്തത്. കമ്മ്യൂണിസ്ററ് പാർട്ടിയുടെ പ്രവർത്തനങ്ങ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളിൽ സ്ത്രീകൾക്ക ലഭിച്ച പങ്കാളിത്തവും ഫെമിനിസ്ററ് നാടകവേദിയെ സ്വാധീനിച്ചിട്ടുണ്ട്. ജോൺ (Joan) ലിററിൽവുഡ്, ഷീലാ ഡിലനി, ആൻജെലിക്കോ തുടങ്ങിയവർ ഇതിന്റെ ആരംഭഘട്ടത്തിൽ പ്രധാന പങ്കുവഹിച്ചവരാണ്. പുരുഷന്മാരും ഫെമിനിസ്ററ് നാടകങ്ങൾ രചിച്ചിട്ടുണ്ട്. സോഷ്യലിസ്ററുകളുടെ നാടകവേദികളിൽ ഫെമിനിസം സ്വാധീനം ചെലുത്തിയതുകൊണ്ടാകാം, അമേരിക്കയിലേതിനെക്കാൾ ബ്രിട്ടനിൽ പുരുഷന്മാരായ ഫെമിനിസ്ററ് നാടകകൃത്തുക്കൾ കൂടുതലുണ്ടായത്.

നോവൽ

യുദ്ധകാലത്തേയും തുടർന്നുവന്ന കൊല്ലങ്ങളിലേയും അനിശ്ചിതത്വം സമൂഹത്തിന്റെ വിഘടനയിലും ശുഭാപ്തിവിശ്വാസമില്ലായ്മയിലുമുള്ള ഉൽക്കണ്ഠയിലുംകൂടി നോവലിസ്ററുകൾ പ്രകടിപ്പിച്ചു തുടങ്ങി വംശവിച്ഛേദം വരുത്തുന്നതിലും ആഗോളസംഘർഷം സൃഷ്ടിക്കുന്നതിലും അണുസ്ഫോടനത്തിലൂടെ നാശം വിതയ്ക്കുന്നതിലും താല്പര്യം കണ്ടെത്തിയ ഒരു ലോകത്ത് അക്രമവാസനകളും പൈശാചികത്വവും ആവർത്തിച്ചു പ്രതിപാദിക്കുന്ന സാഹിത്യകൃതികളുണ്ടായെങ്കിൽ അതിൽ അതിശയിക്കാനില്ലതന്നെ. ഇതിനിടയിലും എഴുത്തുകാരുടെ ഒരു യുവതലമുറ സമ്പന്നതയിലും സുഖസമൃദ്ധിയിലും ചെകിടിപ്പനുഭവപ്പെട്ട സമൂഹത്തിന്റെ വികൃതവും നിഷേധാത്മകവുമായ ശീലങ്ങളിൽ നിന്നുരുത്തിരിയുന്ന മാനസികപ്രശ്നങ്ങളെ അപഗ്രഥിക്കുന്നതിൽ നിഷ്ണാതരായി. നിലനില്പിനും അടിസ്ഥാനമൂല്യങ്ങൾക്കും വേണ്ടിയുള്ള അന്വേഷണം ആവിഷ്കരിക്കുന്നതിനായി യാഥാർത്ഥ്യവും നിന്ദയും ഗർഹണീയമായ പ്രഹസനവും വിചക്ഷണമായ അഭിപ്രായങ്ങളും കൂട്ടിക്കലർത്തുകയുണ്ടായി. കേവലമായ വ്യക്തിത്വാരോപണമായിത്തീർന്നു പലപ്പോഴും പാത്രസൃഷ്ടിയുടെ സത്ത. സംഭവിക്കാൻപോകുന്നതിനെപ്പററി വ്യക്തമായ രൂപമൊന്നുമുണ്ടായിരുന്നില്ല. സാങ്കേതികമുന്നേററങ്ങളും ബഹിരാകാശപര്യവേക്ഷണങ്ങളും മൂലം ശാസ്ത്രനോവലുകൾ വലിയ തോതിൽ വർദ്ധിച്ചു. മററു ഗ്രഹങ്ങളിലെ വാസവും ഭൂമിയിൽത്തന്നെയുണ്ടാകാൻപോകുന്ന ഭയാനകമായ മാററങ്ങളും ഇത്തരം നോവലുകൾക്ക വിഷയമായിത്തീർന്നു. സാധാരണക്കാർ വിൻഡമിന്റെ (1903—69) ദ ഡേ ഓഫ് ദ ട്രിഫിഡ്സ്, ദ ക്രാക്കെൻ വേക്സ്, ദി ഔട്ട്വേഡ് അർജ് തുടങ്ങിയ കൃതികൾ ഇഷ്ടപ്പെട്ടപ്പോൾ ശാസ്ത്രനോവൽവായനക്കാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്ക താല്പര്യം ബ്രയൻ ഡബ്ലിയു. ആൽഡിസ്, ഫ്രെഡ്ഹൊയ്ൽ, റേ ബ്രാഡ്ബറി, ജെ. ജി. ബാലർഡ്, ക്ലാർക്ക്, ഐസക് അസിമോവ് എന്നിവരിലായിരുന്നു. അമേരിക്കൻ നോവലുകളുടെ സ്വാധീനം അനേകം ബ്രിട്ടീഷ് നോവലുകളിൽ അനുഭവപ്പെട്ടു. സവിസ്തരമായ റിയലിസം, സംഭാഷണ വൈരസ്യം, ക്രൂരത, മോഹവിമുക്തി, ദേശീയവും അന്തർദേശീയവുമായ സംഭവങ്ങളെപ്പററിയുള്ള വിമർശനം എന്നിവയായിരുന്നു ബ്രിട്ടീഷ് നോവലുകളെ സ്വാധീനിച്ച അമേരിക്കൻ നോവലുകളുടെ പൊതു സ്വഭാവം.

അമേരിക്കൻ നോവലുകളുടെ പ്രവാഹത്തിനു പുറമെ അന്യഭാഷകളിൽനിന്നുള്ള നോവൽപരിഭാഷകളും ഇംഗ്ലീഷിൽ ധാരാളമുണ്ടായി. ഇവയും സമകാലീനനോവൽസാഹിത്യത്തെ കാര്യമായി സ്വാധീനിക്കുകയുണ്ടായി. കാഫ്ക, മൻ, ജീദ് തുടങ്ങിയവരുടെ സ്വാധീനം വളരെ കൊല്ലങ്ങൾ നീണ്ടുനിന്നു. എന്നാൽ പിന്നീടുള്ള തലമുറ ഗുന്തർഗ്രാസ്, ജീൻ പോൾ സാർത്ര്, അൽബർ കാമു, ഫ്രാങ്കാസാഗൻ, സീമൻ ദി ബുവ തുടങ്ങിയവരിൽനിന്നാണു പ്രചോദനമുൾക്കൊണ്ടതു്.

പുതിയ രീതിയിലുള്ള പേപ്പർബാക്ക് വാല്യങ്ങൾ അച്ചടിച്ചു തുടങ്ങിയതോടെ വായനക്കാരുടെ എണ്ണം പെരുകുകയും, എഴുത്തുകാർക്ക് അവരുടെ ഇടയിലുള്ള ശക്തി വർദ്ധിക്കുകയും ചെയ്തു. ഒഴിവുസമയം ചിലവഴിക്കാനുള്ള അവശ്യഘടകമാണ് പേപ്പർബാക്ക് വാല്യങ്ങൾ ഇന്നു്. ലൈംഗികകാര്യങ്ങൾ നിറക്കുട്ടുള്ള ഭാഷയിൽ പ്രസിദ്ധീകരിച്ചുകൂടെന്ന ധാരണയായിരുന്നു മുമ്പ് നിലവിലിരുന്നതു്. നോവലിലെ സഭ്യതയുടെ അതിരുകൾ പല സന്ദർഭങ്ങളിലായി ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. എങ്കിലും 1960-ൽ ഡി. എച്ച്. ലോറൻസിന്റെ ലേഡി ചാററർ ലീസ് ലവർ നിരോധിക്കപ്പെട്ടതിനെത്തുടർന്നുണ്ടായ വ്യവഹാരം പരാജയപ്പെട്ടതിനെത്തുടർന്ന് രചനയിലുള്ള വിലക്കുകളെല്ലാം നീക്കപ്പെട്ടു. ആധുനിക നോവലിസ്ററ് രചനയുടെ കാര്യത്തിൽ മിക്കവാറും സർവ്വസ്വതന്ത്രനാണ്.

വളരെ വൈകിയാണ് ജോയ്സ് കാരി (1888—1957) നോവൽരംഗത്തേക്കു കടന്നുവന്നതു്. നൈജീരിയൻ പൊളിററിക്കൽ സർവീസിൽ സേവനമനുഷ്ഠിക്കുകയും അവിടത്തെ ആദിവാസികൾക്കിടയിൽ ഭരണവൃത്തങ്ങൾക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്ത അദ്ദേഹം 1932-ൽ 44-ാമത്തെ വയസ്സുവരെ നോവലുകളൊന്നും പ്രസിദ്ധീകരിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ സൃഷ്ടി അസമങ്ങളാണ്. പ്രഹസനങ്ങളെ ദാരുണവും ഹൃദയസ്പർശിയുമായ രംഗങ്ങളുമായി കോർത്തിണക്കാൻ അദ്ദേഹ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിന് അപൂർവ്വമായ വൈഭവമായിരുന്നു. വസ്തുനിഷ്ഠമാണ് അദ്ദേഹത്തിന്റെ പാത്രചിത്രീകരണം. നൈജീരിയയിലെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിലെഴുതിയ മിസ്റ്റർ ജോൺസൺ (1939), ഒരു യഥാർത്ഥ സർഗ്ഗാത്മക കലാകാരന്റെ അടുക്കും ചിട്ടയുമില്ലാതെ അലങ്കോലപ്പെട്ട ജീവിതത്തെ സംബന്ധിക്കുന്ന ദ ഹോർസസ് മൗത്ത് (1944) എന്നിവയാണ് കാരിയുടെ ഏററവും നല്ല നോവലുകൾ.

കുട്ടികളിൽപ്പോലും തങ്ങൾ ഒററപ്പെടുന്നുവെന്ന തോന്നലിന് ആക്കം കൂട്ടുന്നതിനാൽ അവരുടെ ബന്ധങ്ങളെ വികാരാത്മകത്വം പ്രകടിപ്പിക്കാതെ ഉജ്ജ്വലമായി ചിത്രീകരിക്കുന്ന ഒരു നോവലിസ്റ്റാണ് എൽ. പി. ഹാർട്ട്ലി (1895—1972). കുറെയൊക്കെ സങ്കുചിതമാണ് അദ്ദേഹത്തിന്റെ മേഖല. സ്തോഭജനകമെന്നു പറയാവുന്നതരത്തിലുള്ള ഇതിവൃത്തം വളരെ ശ്രദ്ധയോടെയാണ് അദ്ദേഹം സ്വരൂപിക്കുന്നതു്. അദ്ദേഹം സ്വീകരിക്കുന്ന ബിംബവിധാനങ്ങളും പ്രതീകങ്ങളും അങ്ങേയററം ഗൗരവമുള്ളവയാണ്. ഹാർട്ട്ലിയുടെ കീർത്തിക്ക് ആധാരം യൂസ്റ്റേസ് ആൻഡ് ഹിൽഡ (1947) എന്ന ത്രിതയ(trilogy)മാണെങ്കിലും ദ ഗോ ബിററ്വീൻ (1953), ദ ഹയർലിങ് (1957) എന്നിവയും മനസ്സിൽ ആഞ്ഞു പതിക്കുന്നവയാണ്. ദ ബോട്ട് (1949), മൈ ഫെലോ ഡെവിൾസ് (1959) എന്നിവയാണ് അദ്ദേഹത്തിന്റെ മററു രണ്ടു നോവലുകൾ.

മഹായുദ്ധങ്ങൾക്കിടയിലുള്ള കാലഘട്ടത്തിലെ ശ്രദ്ധേയനായ നോവലിസ്റ്റാണ് ജോർജ്ജ് ഓർവെൽ എന്ന തൂലികാനാമത്തിലറിയപ്പെടുന്ന എറിക്ക് ഹ്യൂബ്ലെയർ (1903—50) ബംഗാളിൽ ഇന്ത്യാഗവൺമെൻറിന്റെ കസ്ററംസ് ആൻഡ് എക്സൈസ് വകുപ്പിൽ ഉദ്യോഗസ്ഥനായ ഓർവെലിന്റെ പിതാവ് വളരെ ചെറുപ്പത്തിൽത്തന്നെ പുത്രനെ ഇംഗ്ലണ്ടിലേക്കയച്ചു. വിദ്യാഭ്യാസത്തിനുശേഷം ബർമ്മയിൽ ഇംപീരിയൽ പോലീസിൽ ചേർന്ന അദ്ദേഹം ബർമയിൽ താൻ കണ്ട ദുർഭരണത്തിനെപ്പററി ബർമീസ് ഡേയ്സ് (1934) എന്ന നോവലിലും മററു പല സ്ഥലങ്ങളിലും വിവരിച്ചിട്ടുണ്ട്. പാരീസിൽ ചെലവഴിച്ച പതിനെട്ടു മാസക്കാലത്തെ അനുഭവങ്ങളെക്കുറിച്ചുള്ള ആത്മനിഷ്ഠമായ ഒരു കഥനമാണ് ഡൗൺ ആൻഡ് ഔട്ട് ഇൻ പാരീസ് ആൻഡ് ലണ്ടൻ (1933). ചില്ലറ ജോലികൾ പലതും ചെയ്താണ് അദ്ദേഹം ജീവിച്ചുപോന്നതു്. ഈ കാലഘട്ടത്തിലെ അനുഭവങ്ങളെ ആസ്പദമാക്കി എഴുതിയ രണ്ടു നോവലുകളാണ് എ ക്ലർജിമാൻസ് ഡോട്ടർ (1935), കീപ്പ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദി അസ്പിഡിസ്ട്ര ഫ്ളൈയിങ് (1936) എന്നിവ. താനൊരു സോഷ്യലിസ്ററാണെന്നു പരസ്യമായി പ്രഖ്യാപിച്ച ഓർവെൽ ലാങ്കഷയറിലെ വിഗനിലെ തൊഴിലാളികളെക്കുറിച്ചു നടത്തിയ പഠനമാണ് ദ റോഡ് ററു വിഗൻ പിയർ (1937). സ്പാനിഷ്കലാപകാലത്തു് തൻെറ സ്പാനിഷ് സാഹസത്തെക്കുറിച്ചുള്ള കൃതിയാണ് ഹോമേജ് ററു കാററലോണിയ (1938). തൻെറ നാലാമത്തെ നോവലായ കമിങ് അപ്പ് ഫോർ എയർ 1939—ൽ പ്രകാശനം ചെയ്തു. ആനിമൽ ഫാം (1945) എന്ന നോവൽ പുറത്തിറങ്ങിയതോടെ ഓർവെൽ ലോകപ്രസിദ്ധനായി. സ്ററാലിനിസത്തെപ്പററിയും മനുഷ്യൻെറ ക്രൂരതയെപ്പററിയും സ്വിഫ്ററിൻെറ രീതിയിൽ രചിച്ചിട്ടുള്ള ആക്ഷേപഹാസ്യകൃതിയാണ് ഇതു്. ചരിത്രപ്രശസ്തിനേടിയ പലരും ഇതിൽ മൃഗങ്ങളായിട്ടാണ് പ്രത്യക്ഷപ്പെടുന്നതു്. 1949—ൽ പ്രസിദ്ധപ്പെടുത്തിയ നൈൻററീൻ എയ്ററിഫോർ എന്ന നോവൽ ഭാവിയിൽ സംഭവിക്കാവുന്ന പേടിപ്പെടുത്തുന്ന സർവ്വാധിപത്യഭരണത്തെക്കുറിച്ചു് മുന്നറിയിപ്പു നൽകുന്നു. 1984 ാമാണ്ടാകുമ്പോഴേക്കും ജനങ്ങൾ അടിമകളേക്കാൾ മോശമായ ജീവിതം നയിക്കേണ്ടിവരുമെന്നാണ് ഓർവെലിൻെറ പ്രവചനം. നോവലുകൾക്കു പുറമെ ഓർവെൽ അനേകം ഉപന്യാസങ്ങളും ലേഖനങ്ങളും എഴുതിയിട്ടുണ്ട്. സ്പഷ്ടവും ഓജസ്സുററതുമായ ഒരു ശൈലിയുടെ ഉടമകൂടിയായിരുന്നു ഓർവെൽ. 'ന്യൂ സ്പീക്ക്' എന്ന ഭാഷയുടെ തത്വങ്ങളെക്കുറിച്ചു് നൈൻറീൻ എയ്ററി—ഫോറിലെ അനുബന്ധം സുപ്രസിദ്ധമാണ്.

യുദ്ധത്തിൽ പങ്കെടുത്ത പട്ടാളക്കാരുടെ ദയനീയജീവിതം ചിത്രീകരിക്കുന്ന അനേകം നോവലുകളുണ്ടായിട്ടുണ്ട്. അലക്സാണ്ടർ ബാരൻെറ ഫ്രം ദ സിററി, ഫ്രം ദ പ്ലവ് (1948), വാൾട്ടർ ബാക്സ്ററുടെ ലുക്ക് ഡൗൺ ഓൺ മേഴ്സി (1951), ഹവർഡ് ക്ലീവ്സിൻെറ ഡെഡ് ഗ്രൗണ്ഡ് (1945) എന്നിവയും അലൻ ലൂയിസിൻെറ ദ ലാസ്ററ് ഇൻസ്പെക്ഷൻ (1943) എന്ന പേരിലുള്ള ചെറുകഥകളും ജെ. മക്ലാറൻെറ ദ സ്റ്റഫ് ററു ഗിവ് ദ ട്രൂപ്പ്സ് (1944) എന്ന പേരിലുള്ള രസകരമായ കഥകളും ഈ ഗണത്തിൽ പെടുന്നു. യുദ്ധസംബന്ധിയായ നോവലുകളേയും മററു നോവലുകളേയും കൃത്യമായി വകതിരിക്കുക എളുപ്പമുള്ള കാര്യമല്ല.

ബ്ലൈൻഡ്നെസ്സ് (1926) എന്ന കൃതിയോടെയാണ് ഹെൻറിഗ്രീൻ (ഹെൻറിയോക്ക്) (1905—1969) നോവൽ രചനയാരംഭിക്കുന്നതു്. ഇതിനു പിന്നാലെ ഫാക്ടറിത്തൊഴി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലാളികളുടെ ജീവിതം ആവിഷ്കരിക്കുന്ന ലിവിങ്ങ് (1929), പാർട്ടി ഗോയിങ്ങ് (1939), ഓരോ കഥാപാത്രവും പ്രേമത്തി ലകപ്പെട്ടിരിക്കുന്ന ലവിങ്ങ് (1945), ബാക്ക് (1946), കൺ ക്ലൂഡിങ്ങ് (1948), നത്തിങ്ങ് (1950), ഡോട്ടിങ്ങ് (1952) എന്നിവ പുറത്തുവന്നു. അകൃത്രിമമായ സംഭാഷണത്തിൻെറ താളം ഗ്രഹിക്കുവാനും വാങ്മയചിത്രങ്ങൾ നിറഞ്ഞ വ്യാഖ്യാനം നടത്തുവാനും അന്യാദൃശമായ പാടവമുണ്ട് അദ്ദേഹത്തിനു്.

ഇക്കാലത്തെ ആക്ഷേപഹാസ്യകാരന്മാരിൽ പ്രമുഖനെന്നു് അസന്ദിഗ്ദ്ധമായി പറയാവുന്ന നോവലിസ്റ്റാണ് എവലിൻ വോ (1903—1966). പണമുണ്ടാക്കണമെന്നും രസിക്കണമെന്നുമുള്ള ആഗ്രഹമല്ലാതെ ജീവിതത്തിനു മറെറാരു മൂല്യവുമില്ലെന്നു കരുതുന്ന ഒരു ലോകത്തെയാണ് അദ്ദേഹം അവതരിപ്പിക്കുന്നതു്. പൊങ്ങച്ചക്കാരാണ് ആ ലോകത്തെ പ്രധാന കഥാപാത്രങ്ങൾ. ഡിക്ലൈൻ ആൻഡ് ഫാൾ (1928), എ ഹാൻഡ്ഫുൾ ഓഫ് ഡസ്റ്റ് (1934), എന്നിങ്ങനെ ഒട്ടേറെ നോവലുകൾ രചിച്ചിട്ടുണ്ട്. തൻെറ സൈനികജീവിതാനുഭവങ്ങളേയും റോമൻകത്തോലിക്കാമതത്തിലേക്കുള്ള പരിവർത്തനത്തേയും പ്രമേയമാക്കി രചിച്ചിരിക്കുന്ന ബ്രൈഡ്സ് ഹെഡ് (1945)–ഉം മെൻ അററ് ആംസ് (1952) എന്ന ട്രിലജിയും. വോയുമായി അടുത്ത സാദൃശ്യം പുലർത്തുന്ന സർഗ്ഗപ്രതിഭ നശിച്ച ഒരു കലാകാരനെ സംബന്ധിക്കുന്ന കൃതിയാണ് ദ ഓർഡിയൽ ഓഫ് ഗിൽബർട്ട് പിൻഫോൾഡ് (1957). ഇതിനേക്കാൾ പ്രശസ്തിനേടിയ ദ ലവ്ഡ് വൺ (1948) അമേരിക്കൻ ശവസംസ്കാരചടങ്ങുകളെ ക്രൂരമായി ആക്ഷേപിക്കുന്ന കൃതിയാണ്.

1931–നും 1939–നുമിടയ്ക്കു് അഞ്ചു നോവലുകൾ പ്രസിദ്ധീകരിച്ച ആൻറണി പവലിൻെറ (1905) കൃതികളെ എവലിൻവോയുടെ അതേ കാലഘട്ടത്തിലുള്ള കൃതികളുമായി തട്ടിച്ചു നോക്കിയിട്ടുണ്ട്. ഉയന്ന മദ്ധ്യവർഗ്ഗത്തിൻെറ സ്വഭാവവിശേഷതകളെ ഇരുവരും വിശദമായി പരിശോധിച്ചു നോക്കിയിട്ടുണ്ട്. അന്തഃസാരശൂന്യരായ പൊങ്ങച്ചക്കാരാണ് ഉന്നതമദ്ധ്യവർഗ്ഗക്കാരെന്നാണ് ഇരുവരുടേയും കാഴ്ചപ്പാടു്. എങ്കിലും വോയേക്കാൾ അനുഗ്രഹീതനായ സാമൂഹികവിമർശകനാണ് പവൽ. ദ മ്യൂസിക്ക് ഓഫ് ടൈം എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയ നോവൽപരമ്പരയിലെ ആദ്യകൃതിയാണ് എ ക്വെസ്ററ്യൻ ഓഫ് അപ്പ് ബ്രിങ്ങിങ്ങ് (1951). നേരമ്പോക്കു സൃഷ്ടിക്കുന്ന അനേകം രംഗങ്ങൾ ഈ പരമ്പരയിലുണ്ട്. കഥാപാത്രങ്ങൾ അത്രയൊന്നും ആകർഷകമല്ലതാനും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നമ്മുടെ കാലഘട്ടത്തിലെ അറിയപ്പെടുന്ന നോവലിസ്ററുകളിൽ പ്രമുഖനാണ് ഗ്രഹാം ഗ്രീൻ (1904). ശ്രദ്ധേയമായ അനേകം നോവലുകൾ രചിച്ചിട്ടുള്ള ബഹുമതിയുണ്ട് അദ്ദേഹത്തിന്. പൊതുജനാഭിപ്രായം സ്വരൂപിക്കാൻ കഴിഞ്ഞെന്നു മാത്രമല്ല, കെട്ടുറപ്പിന്റെ കാര്യത്തിലും പാത്രസങ്കല്പത്തിലും വിമർശകന്മാരുടെ പ്രശംസ പിടിച്ചുപററാനും അവയ്ക്കു കഴിഞ്ഞിട്ടുണ്ട്. ചുററുപാടുകളുടെ വൈകാരികതലത്തെ ആവിഷ്കരിക്കാനുള്ള പ്രത്യേകസിദ്ധി ഗ്രീനിന്റെ മുതൽക്കൂട്ടാണ്. മുപ്പതും നാല്പതും വയസ്സിനിടയ്ക്കെഴുതിയ നോവലുകളിൽ അതിർത്തിപ്രശ്നങ്ങൾ, ചാരപ്രവർത്തനങ്ങൾ, വഞ്ചനകൾ എന്നിവയെ പ്രതിരൂപാത്മകമായി ചിത്രീകരിക്കുന്നതിൽ ഓഡന്റെ സങ്കേതങ്ങൾ സ്വീകരിക്കുകയുണ്ടായി. 1926-ൽ റോമൻ കത്തോലിക്കാമതത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ട ഗ്രീൻ 1938-ൽ മെക്സിക്കോയിലെ മതപീഡനങ്ങളെക്കുറിച്ചന്വേഷിക്കാൻ നിയുക്തനായി. ദ മാൻ വിത്തിൻ (1929), സ്ററാംബൂൾ ട്രെയ്ൻ (1932), ഇററ്സ് എ ബാററിൽ ഫീൽഡ് (1934), ഇംഗ്ലണ്ട് മേയ്ഡ് മി (1935), ബ്രൈററൻ റോക്ക് (1938), ദ കോൺഫിഡെൻഷ്യൽ ഏജെൻറ് (1939), ദ പവർ ആൻഡ് ദ ഗ്ലോറി (1940), ദ ഹാർട്ട് ഓഫ് ദ മാററർ (1948), ദി എൻഡ് ഓഫ് ദി അഫേർ (1951), ദ ക്വൊയററ് അമേരിക്കൻ (1956), എ ബേൺട് ഔട്ട് കേസ് (1961), ദ കമീഡിയൻസ് (1966) എന്നിവയാണ് ഗ്രീനിന്റെ ശ്രദ്ധേയമായ നോവലുകളിൽ ചിലത്. 'എൻറർടെയ്ൻമെൻറ്സ്' എന്നദ്ദേഹം വിശേഷിപ്പിക്കുന്ന രചനകൾ ഇവയ്ക്കുപുറമെയാണ്. കുററകൃത്യങ്ങളും അവയുടെ പ്രതികാരവുമാണ് ഇവയിലെ പ്രമേയമെങ്കിലും അവയ്ക്കും പ്രബോധനപരമായ പ്രാധാന്യമുണ്ട്. എ ഗൺ ഫോർ സെയ്ൽ (1936), ദ മിനിസ്ട്രി ഓഫ് ഫിയർ (1943), ദ തേഡ് മാൻ (1950) എന്നിവയാണ് ഈ ഗണത്തിൽപ്പെടുന്ന ഏററവും രസകരമായ കൃതികൾ. മാനസികസംഘർഷംകൊണ്ടു തകർന്ന മനുഷ്യന്റെ അവസ്ഥയിൽ കുണ്ഠിതപ്പെടുന്ന ഒരാളായിരുന്നു ആരംഭംമുതൽക്കേ അദ്ദേഹം. എ സോർട്ട് ഓഫ് ലൈഫ് അദ്ദേഹത്തിന്റെ ആത്മകഥയാണ്. ബാലകഥകളും സഞ്ചാരകഥകളും ഉപന്യാസങ്ങളും ചെറുകഥകളും ഗ്രീൻ രചിച്ചിട്ടുണ്ട്.

വാസ്തവികലോകത്തു ജീവിക്കുന്ന ഒരാളെന്ന നിലയിൽ ജീവിതയാഥാർത്ഥ്യങ്ങളിലൂന്നി സാഹിത്യരചന നടത്തുകയായിരുന്ന റൊമാൻറിക്കല്ലാത്ത സി. പി. സ്നോ (ലോഡ് സ്നോ: 1905—1980). സമകാലികചരിത്രത്തിന് തന്റെ അനുഭവങ്ങ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളുടെ വെളിച്ചത്തിൽ വ്യാഖ്യാനം നൽകുന്നതായിരുന്നു അദ്ദേഹത്തിൻെറ രീതി. തൻെറ ഒരുപററം നോവലുകളിലെ ആഖ്യാതാവായ ലൂയിസ് എലിയററ് എന്ന നായകപാത്രത്തിൻെറ സമ്പാഗ്ഗാനുസാരിയായ ജീവിതവികാസത്തിൻെറ വിവരണത്തിലൂടെ ഇരുപതുകളിലെ ഇംഗ്ലീഷ് സമൂഹത്തിലേക്ക് അദ്ദേഹം ഉൾക്കാഴ്ച നൽകുന്നു. എലിയററ് ഔദ്യോഗികജീവിതത്തിൻെറ പടവുകൾ ഒന്നൊന്നായി കയറി പോകുമ്പോൾ (സ്നോയുടെ അനുഭവംപോലെതന്നെ) അയാൾക്കും സഹചരന്മാർക്കും മററുള്ളവരുടെ മേൽ അധികാരം പുലർത്തണമെന്നുള്ള താല്പര്യം മാത്രമേയുള്ളുവെന്നു തോന്നും. വ്യക്തിബന്ധങ്ങളിലൂടെയും പരോക്ഷമായ സ്വാധീനശക്തിയിലൂടെയും തന്ത്രപരമായ ആസൂത്രണത്തിലൂടെയും നിർണ്ണായകസന്ദർഭങ്ങളിൽ ശരിയായ പക്ഷത്തു നിലയുറപ്പിക്കാനുള്ള കഴിവിലൂടെയും നേടുന്ന ധാർമ്മികവും സാമൂഹികവും ബുദ്ധിപരവും രാഷ്ട്രീയവുമായ മേധാശക്തിയെ വ്യാഖ്യാനിക്കുകയും അവമൂലമുണ്ടാകുന്ന നേട്ടങ്ങളെ സൂചിപ്പിക്കുകയും ചെയ്യുന്നുണ്ട് അദ്ദേഹം. സ്ട്രേറഞ്ചേഴ്സ് ആൻഡ് ബ്രദേഴ്സ് (1940), ദ ലൈററ് ആൻഡ് ദ ഡാർക്ക് (1947), ടൈം ഫോർ ഹോപ്പ് (1949), ദ മാസ്റേറഴ്സ് (1951), ദ ന്യൂ മെൻ (1954), ഹോം കമിങ് (1956), ദ കോൺഷ്യൻസ് ഓഫ് ദി റിച്ച് (1958), ദി അഫേർ (1960), ദ കോറിഡോഴ്സ് ഓഫ് പവർ (1964) എന്നിവ ഈ പരമ്പരയിലുൾപ്പെടുന്ന നോവലുകളാണ്. ലോർഡ് സ്നോയുടെ ശാസ്ത്രീയപഠനങ്ങളും, ശാസ്ത്രസാങ്കേതികപരമായ തൊഴിലും ശാസ്ത്രത്തിൻെറ ഗുണങ്ങളെ ഉയർത്തിക്കാട്ടാനും കലയും ആധുനികസാങ്കേതികയുഗവും തമ്മിലുള്ള ബന്ധത്തിലെ അകൽച്ചയെ അപലപിക്കാനും അദ്ദേഹത്തെ പ്രേരിപ്പിച്ചു. ദ ററു കൾച്ചേഴ്സ് ആൻഡ് ദ സയൻറിഫിക്ക് റെവല്യൂഷൻ എന്ന പേരിൽ തൻെറ വീക്ഷണങ്ങൾ 1959–ലെ റീഡ്ലക്ചറിൽ അദ്ദേഹം അവതരിപ്പിക്കയുണ്ടായി. 1962–ലെ റിച്ച്മണ്ട് ലക്ച്ചറിൽ ഇതിനെതിരെ ഒരു തുറന്നാക്രമണം നടത്തുകയുണ്ടായി എഫ്. ആർ. ലീവിസ്.

വില്യം കൂപ്പറുടെ (1910) നോവലുകൾ സ്നോയുടെ നോവലുകളെ വളരെ ലാഘവമായി പുനരാവിഷ്കരിക്കുന്നവയാണ്. സീൻസ് ഫ്രം പ്രൊവിൻഷ്യൽ ലൈഫ് (1950), അതിൻെറ തന്നെ തുടർച്ചയായ സീൻസ് ഫ്രം മാരിഡ് ലൈഫ് (1962), യങ് പീപ്പിൾ (1958) എന്നിവയാണ് കൂപ്പറുടെ പ്രധാന കൃതികൾ.

ഗുണകരമായ എന്തിനേയും നശിപ്പിക്കാൻ മനുഷ്യനി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലുള്ള വാസനയെ പ്രതിപാദിക്കുന്ന പ്രശസ്തനായ നോവലിസ്റ്റും നോബൽ പ്രൈസ് ജേതാവുമാണ് വില്യം ഗോൾഡിങ് (1911). ക്രൂരതകളും സ്വാർത്ഥതയും, അധികാരതൃഷ്ണയും അദ്ദേഹം വിഷയമാക്കാറുണ്ട്. പ്രതിരൂപാത്മകത്വത്തിനു പ്രത്യേക സ്ഥാനമുണ്ട് ഗോൾഡിങ്ങിന്റെ കൃതികളിൽ. ലോർഡ് ഓഫ് ദ ഫ്ളൈസ് (1954) ഗോൾഡിങ്ങിന്റെ ഏറ്റവും പ്രശസ്തമായ നോവലായി ഗണിക്കപ്പെടുന്നു. ഭാവനയും ആഖ്യാനവും ഉജ്ജ്വലമായി സമ്മേളിക്കുന്ന ഒരു നോവലാണിത്. ഇംഗ്ലണ്ടിലെ പ്രാഥമികവിദ്യാലയത്തിലെ ഒരു പറ്റം കുട്ടികൾ വിമാനാപകടത്തെത്തുടർന്ന് ഒറ്റപ്പെട്ട ഒരു ദ്വീപിലെത്തുന്നതും തുടർന്നുള്ള സംഭവങ്ങളുമാണ് പ്രമേയം. മുതിർന്നവരാരുമില്ലാത്ത ഒരു ലോകത്തെത്തിച്ചേർന്നതിൽ ആഹ്ലാദിക്കുന്ന അവർ ക്രമേണ പൈശാചികസ്വഭാവക്കാരായി അധഃപതിക്കുന്നു. നാസികളുടെ നിഷ്ഠുരമായ പ്രവൃത്തികളെയാണ് ഇതു നമ്മെ അനുസ്മരിപ്പിക്കുന്നത്. ഗുഹാമനുഷ്യരെ പിന്തള്ളി ആധിപത്യം സ്ഥാപിക്കുന്ന പിൽക്കാലമനുഷ്യരെ വിദഗ്ധമായ ഭാവനയിലൂടെ അവതരിപ്പിക്കുന്ന ദി ഇൻഹെറിട്ടേഴ്സ് (1955), തകർക്കപ്പെടുന്ന ഒരു കപ്പലിൽ സ്വന്തം ജീവൻ രക്ഷിക്കാൻ പോരാട്ടം നടത്തുന്ന ഒരു നാവികന്റെ കഥ വിവരിക്കുന്ന പിഞ്ചർ മാർട്ടിൻ (1956), സാമിമൗണ്ട് ജോയ് എന്ന ചിത്രകാരൻ തന്റെ കഴിഞ്ഞകാലജീവിതത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം നടത്തി തനിക്കു തെറ്റുപറ്റിയതെവിടെയെന്നു കണ്ടുപിടിക്കാൻ ശ്രമം നടത്തുന്ന ഫ്രീ ഫാൾ (1959), ഒരു മഹാദുരന്തത്തിന്റെ കഥ പറയുന്ന ദ സ്പയർ (1964) എന്നിവയും ഉൽക്കണ്ഠ ജനിപ്പിക്കുന്നതും മൗലികത്വമുള്ളതുമായ നോവലുകളാണ്. ആദിപാപമെന്ന സങ്കല്പത്തിനനുസൃതമായ ദർശനങ്ങളുള്ള ഒരു യഥാർത്ഥ മതവിശ്വാസിയായ നോവലിസ്റ്റാണ് അദ്ദേഹം. മൂന്നു ഹ്രസ്വനോവലുകളുടെ സമാഹാരമായ ദ സ്കോർപ്പിയൻ ഗോഡ്, ദ പിരമിഡ്, റൈറ്റ്സ് ഓഫ് പാസേജ് (1980) എന്നിവയും ഗോൾഡിങ്ങിന്റെ കൃതികളാണ്. 1984 ൽ പ്രസിദ്ധീകരിച്ച ദ പേപ്പർമെൻ എന്ന ആക്ഷേപഹാസ്യത്തിൽ കഥാനായകനായ വിൽഫ്രഡ്ബാർക്ക് ലേ എന്ന സാഹിത്യകാരന്റെ ഓർമ്മക്കുറിപ്പുകളിലൂടെ സാഹിത്യലോകത്തെ വൃത്തികെട്ട പ്രവണതകളെ ശക്തമായി വിമർശിക്കുന്നു. സൂചിതകഥകളും സാഹിത്യകൃതികളെക്കുറിച്ചുള്ള പരാമർശങ്ങളും നോവലിനെ സങ്കീർണ്ണമാക്കുന്നു. ദ ബ്രാസ്സ് ബട്ടർഫ്ളൈ എന്ന പേരിൽ മൂന്നങ്കങ്ങളുള്ള ഒരു നാടകവും ദ ഹോട്ട്ഗേറ്റ്സ് ആൻഡ് അദർ ഒക്കേഷണൽ പീസസ് എന്ന ശീർഷ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കത്തിൽ ഒരുപന്യാസ സമാഹാരവും അദ്ദേഹത്തിന്റേതായി ട്ടുണ്ട്.

അലക്സാന്ഡ്രിയ കാർട്ടെട്ട് ജസ്റ്റിൻ (1956), ബാൽത്തസാർ (1958), മൗണ്ട് ഓലിവ് (1958), ക്ലിയ (1960) എന്നീ നോവലുകളിലൂടെ ആഗോളപ്രശസ്തിയാർജ്ജിക്കുന്നതിനു വളരെ മുമ്പുതന്നെ ലോറൻസ് ഡ്യൂറൽ (1912) കവിയെന്ന നിലയ്ക്കു പേരെടുത്തിരുന്നു. ജോയിസിനോടും പ്രൂസ്റ്റിനോടും വിധേയത്വം പുലർത്തുന്ന ഒരു കൃതിയാണ് അലക്സാൻഡ്രിയൻ കാർട്ടറുടെ ഈ നോവൽസമാഹാരം. സുന്ദരമായ ദൃശ്യങ്ങളും ഭാവനയും നിറഞ്ഞുനില്ക്കുന്ന അദ്ദേഹത്തിന്റെ രചനകൾ സമ്പന്നവും ഇന്ദ്രിയസംവേദിയുമായ ഭാഷാശൈലികൊണ്ട് അനുഗൃഹീതമാണ്. മാനസികാവസ്ഥകളെ ചിത്രീകരിക്കുന്നതിൽ ഡ്യൂറൽ പ്രത്യേക പാടവം പ്രദർശിപ്പിക്കുന്നു എങ്കിലും അവയിലെ കഥാപാത്രങ്ങൾക്ക് മാനുഷികത്വത്തിന്റെ അഭാവമില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. രചനയിൽ വ്യത്യസ്തതപുലർത്തുന്ന ആങ്ഗസ് വിൽസൺ (1913) രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമുണ്ടായ നോവലിസ്റ്റുകളിൽ വളരെയധികം പ്രതീക്ഷകൾ വച്ചുപുലർത്തുന്നവനാണ്. വിക്ടോറിയൻ പ്രതാപവും സമൃദ്ധിയും തിരിച്ചുകൊണ്ടുവരുന്നതിന് മററാരേക്കാളുമധികം യത്നിച്ചതു് വിൽസനാണ്. വിശദാംശങ്ങളെ സൂക്ഷ്മമായി നിരീക്ഷണം നടത്തുകയും ധാർമ്മികമൂല്യങ്ങളിൽ അടിയുറച്ചു വിശ്വസിക്കുകയും ചെയ്യുന്ന അദ്ദേഹത്തിന്റെ ആക്ഷേപഹാസ്യകൃതികൾ ശരിക്കും കാര്യക്ഷമമാണ്. സ്വവർഗ്ഗരതിയെ വകവച്ചുകൊടുക്കുന്ന മനോഭാവത്തോടു കൂടിയതാണ് പ്രഥമനോവലായ ഹെംലോക്ക് ആൻഡ് ആഫ്റ്റർ (1952). ഇതു ചിലയിടങ്ങളിൽ സാരോപദേശം നൽകുന്ന നാടകമായിത്തീരുന്നു. ആങ്ഗ്ലോ–സാക്സൻ ആററിററ്യൂഡ്സ് (1956), ദ മിഡിൽ ഏജ് ഓഫ് മിസ്സിസ് എലിയട്ട് (1958), ദി ഓൾഡ് മാൻ അററ് ദ സൂ (1961), ലേററ് കാൾ (1964), നോ ലാഫിങ് മാററർ (1967) എന്നിവയാണ് മററു നോവലുകൾ. വരുമാനം ചുരുങ്ങുകയും ആത്മവിശ്വാസം നഷ്ടപ്പെട്ടുതുടങ്ങുകയും ചെയ്ത, സമൂഹവുമായി പൊരുത്തപ്പെട്ടു പോകാൻ വിഷമിക്കുന്നവരും മാനസികവൈകല്യം സംഭവിച്ചവരുമായ മദ്ധ്യവർഗ്ഗത്തേയാണ് തന്റെ നോവലുകളിലും ദ റോങ് സെററ് (1949) സച്ച് ഡാർലിങ് ഡോഡോസ് (1950) തുടങ്ങിയ കഥാസമാഹാരങ്ങളിലും വിൽസൺ പ്രതിപാദിക്കുന്നതു്.

1922–ാം ആണ്ടു് ക്ലാപ്ഹാമിൽ ജനിച്ച കിങ്സ്‌ലി എയ്മിസ് എം. എ. ഡിഗ്രി എടുത്തതിനുശേഷം 1942 മുതൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

1945 വരെ 'റോയൽ കോർ ഓഫ് സിഗ്നൽസി'ൽ ഉദ്യോഗം നോക്കി. പല സർവ്വകലാശാലകളിലും അദ്ധ്യാപകനായി പ്രവർത്തിച്ചു. തൻെറ പതിനൊന്നാമത്തെ വയസ്സിൽ ഒരു മഹാകാവ്യം എഴുതുവാനാരംഭിച്ചു. അനേകം ലേഖനങ്ങളും കത്തുകളും നിരൂപണങ്ങളും നോവലുകളും നാടകങ്ങളും കവിതകളും എഴുതിയിട്ടുണ്ടെങ്കിലും, എയ്മിസ് ഒരു നോവലിസ്ററായിട്ടാണ് പ്രശസ്തിനേടിയതു്. 1954-ൽ ലക്കി ജിം പ്രസിദ്ധീകരിച്ചതോടെ 'ആൻറി ഹീറോ' എന്ന സങ്കല്പം ഒരുതരം ഫാഷനായിത്തീർന്നു. ജനിച്ചുവളർന്ന താണ ചുററുപാടുകളുപേക്ഷിക്കാനുള്ള മാർഗ്ഗം കണ്ടെത്തുകയും താനെത്തിച്ചേർന്ന ഉയർന്ന സമൂഹം അയാളുടെ മിഥ്യാബോധത്തെ അകററുകയും ചെയ്യുന്നു. എങ്കിലും അവിടെ ലഭിക്കുന്ന ഭൗതികസുഖങ്ങൾ അയാളെ ആകർഷിക്കുന്നുണ്ടു്. ഉന്നതജീവിതരീതികളിൽ അവജ്ഞയുണ്ടെങ്കിലും അവയിൽ പലതിനോടും അയാൾക്കു പ്രതിപത്തിയുണ്ടു്. അവസാനം അയാൾ ഒട്ടൊക്കെ വിജയം കൈവരിക്കുന്നു. ദി അൺസർട്ടൻ ഫീലിങ്ങ് (1955), ഐ ലൈക്കിററ് ഹിയർ (1958), ടേക്ക് എ ഗേൾ ലൈക്ക് യു (1960), വൺ ഫാററ് ഇംഗ്ലീഷ്മാൻ (1963), ദി ആൻറി ഡെത്ത് ലീഗ് (1966), ജ്യൂ വാൺട് ഇററ് നൗ (1968), ദ ഗ്രീൻമാൻ ഗേൾ, 20 (1971), ദ റിവർസൈഡ് വില്ല മർഡർസ് (1973), എൻഡിങ്ങ് അപ്പ് മുതലായ നോവലുകൾ അദ്ദേഹത്തിൻേറതാണു്. മൈ എനിമീസ് എനിമി (1962), ഡിയർ ഇല്ല്യൂഷൻ (1972) മുതലായ കഥാസമാഹാരങ്ങളും അനേകം കവിതകളും എയ്മിസ് രചിച്ചിട്ടുണ്ടു്. ചടുലമായ ഗതിയും രസകരമായ സംഭവങ്ങളും കൊണ്ടു് സംവേദനക്ഷമമാണു് അദ്ദേഹത്തിൻെറ മിക്ക നോവലുകളും.

ജോൺവെയ്ൻ (1925) പ്രസിദ്ധീകരിച്ച ഹറി ഓൺ ഡൗൺ (1953) 'ക്ഷുഭിതനായ യുവാവു്' എന്നു പരക്കെ വിളിക്കപ്പെടുന്ന ഒരാളിൻെറ ശ്രദ്ധാപൂർവ്വമുള്ള ഛായാചിത്രമാണു്. താൻ വെറുക്കുന്ന ഒരു സമൂഹത്തെ പിന്തള്ളാനാഗ്രഹിക്കുകയും എന്നാൽ ഉത്തരവാദിത്തങ്ങളെല്ലാം മറന്നു് അതിൽത്തന്നെ നിലയുറപ്പിക്കുകയും ചെയ്യുന്ന ഒരാളാണു് ഇതിൻെറ ആൻറി ഹീറോ ദ കൺടെൻഡേഴ്സ് (1958), എ ട്രാവലിങ്ങ് വുമൺ (1959), സ്ട്രൈക്കിങ്ങ് ദ ഫാദർ ഡെഡ് (1962) എന്നിവ വെയ്നിൻെറ നോവലുകളും നങ്കിൾ (1960) ചെറുകഥകളുമാണു്.

ജീവിതവിജയം നേടണമെന്ന ഇച്ഛാശക്തിയും, അഭിലാഷവുമുള്ള ഒരാളിനു് തൻെറ സാവധാനത്തിലുള്ള മുന്നേററത്തിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ വിശദീകരിക്കുന്ന ജോ ലാംപ്ടൺ ആണു് ജോൺബ്രെയ്നിന്റെ (1922) പ്രഥമനോവലായ റൂം അററ് ദ ടോപ്പിലെ നായകൻ. പല പ്രകാരത്തിലും ഡീഫോയോടു സദൃശ്യനായ ബ്രെയ്ൻ അദ്ദേഹത്തെപ്പോലെ തന്റെ കവച്ചക്കാരനായ നായകനേയും പണവും പ്രണയവും തമ്മിൽ കൂട്ടിക്കുഴയ്ക്കാൻ അനുവദിക്കുന്നു. ഒരു നല്ല നോവലിനുള്ള ഘടകങ്ങൾ റൂ അററ് ദ ടോപ്പിലുണ്ടെന്നു് ഉറപ്പിച്ചു പറയാം. ദ വോഡി (1959) ആദ്യകൃതിയോളം മെച്ചമല്ല.

ഗ്രഹാം ഗ്രീനിനെപ്പോലെ നന്മതിന്മകളിലാണു് എലിസബത്ത് ബവനു് (1899) താല്പര്യം. എന്നാൽ ജീവിതം അവക്കു് ധീരോദാത്തമായ ഒരു പ്രവൃത്തിയല്ല; വിഫലവും നിസ്സാരവുമായ ഒന്നാണതു്. ഭവിഷ്യത്കാലത്തേക്കാൾ ഭൂതകാലത്തെക്കുറിച്ചുള്ളതാണു് അവരുടെ നോവലുകൾ. ദ ഹോട്ടൽ (1927), ദ ലാസ്റ്റ് സെപ്തംബർ (1929), ഫ്രെൻഡ്സ് ആൻഡ് റിലേഷൻസ് (1931), റ്റു ദ നോത്ത് (1932), ദ ഹൗസ് ഇൻ പാരീസ്, ദ ഡെത്ത് ഓഫ് ദ ഹാർട്ട് (1939), ദ ഹാർട്ട് ഓഫ് ദ ഡേ (1949), എ വേൾഡ് ഓഫ് ലവ് (1955) മുതലായ നോവലുകളും നോട്ട്സ് ഓൺ റൈററിങ്ങ് എ നോവൽ എന്ന കൃതിയും അവർ രചിച്ചിട്ടുണ്ടു്. യൗവനത്തിലെത്തിനില്ക്കുന്ന പെൺകുട്ടികളെക്കുറിച്ചുള്ളതാണു് അവരുടെ ഏററവും ഉജ്ജ്വലമായ ദ ഹാർട്ട് ഓഫ് ദ ഡേ എന്ന നോവൽ. 'ചിന്തിക്കുന്ന' കഥാപാത്രങ്ങളെ അവരുടെ നോവലുകളിലൊന്നും കണ്ടെന്നു വരില്ല.

കുടുംബപുരാവൃത്താഖ്യാനം നടത്തുന്ന എഴുത്തുകാരിയാണു് ഐവി ക്രോംപ്ടൺ ബേണററ് (1892). അധികാരഭാവവും പരപീഡാസക്തിയുമുള്ള അമ്മമാർ, തൻകാര്യംനോക്കികളായ പിതാക്കൻമാർ, പീഡനങ്ങൾ ഏററുവാങ്ങുന്നവരും മാതാപിതാക്കളെ വകവരുത്താൻ ആഗ്രഹിക്കുന്നവരുമായ കുട്ടികൾ എന്നിവരാണു് അവരുടെ പിൽക്കാല വിക്ടോറിയൻ കുടുംബങ്ങളിലെ കഥാപാത്രങ്ങൾ. ഇവരുടെ ഉൾപ്പോരിൽ കൈയ്യൂക്കുള്ളവൻ കാര്യക്കാരനായിത്തീരുന്നു. ഡോളറസ് (1911) തൊട്ടു് വളരെയേറെ നോവലുകൾ രചിച്ചിട്ടുണ്ടു്. പാസ്റ്റേഴ്സ് ആൻഡ് മാസ്റ്റേഴ്സ് (1925), ബ്രദേഴ്സ് ആൻഡ് സിസ്റ്റേഴ്സ് (1929), മെൻ ആൻഡ് വൈവ്സ് (1931), ഡോട്ടേഴ്സ് ആൻഡ് സൺസ് (1937), പേരെൻറ്സ് ആൻഡ് ചിൽഡ്രെൻ (1941), എൽഡേഴ്സ് ആൻഡ് ബെറേറഴ്സ് (1944), മാൻ സെർവൻറ് ആൻഡ് മെയ്ഡ്സെർവൻറ് (1947), മദർ ആൻഡ് സൺ (1955), എ ഹെറിറേറജ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആൻഡ് ഇററ്സ് ഹിസ്റ്ററി (1959) മുതലായവ അവരുടെ ചില നോവലുകളാണ്.

സത്യസന്ധവും ധിഷണാപരവും കെട്ടുറപ്പുള്ളതുമാണെങ്കിലും എറിസ് മർഡക്കിൻെറ (1919) നോവലുകൾ കൃത്യമായി എങ്ങനെയുള്ളതെന്നു നിശ്ചയിക്കുക സാധ്യമല്ല. ലക്കി ജിമ്മിൽ കിങ്സ്‌ലി എയ്മിസും ഹറി ഓൺ ഡൗണിൽ ജോൺ വെയ്നും പ്രകടിപ്പിച്ചതുപോലുള്ള സരസമായ പ്രതിപാദനരീതിക്ക് ഇണങ്ങുന്നതാണ് മർഡക്കിൻെറ ആദ്യ നോവലായ അണ്ടർ ദ നെററ് (1954). ആദ്യത്തെ കൃതിയിലെന്നപോലെ ദ ഫ്ളൈററ് ഫ്രം ദി എൻചാൻറർ (1956), ദ ബെൽ എന്നിവയിലും നർമ്മരസം ആദ്യന്തം നിലനിത്താൻ അവർക്കു കഴിഞ്ഞിട്ടില്ല. അതിനാൽത്തന്നെ അവ അന്തഃസാരശൂന്യമായി അനുഭവപ്പെടുന്നു. ദ സാൻഡ് കാസിൽ (1957) എന്ന മൂന്നാമത്തെ കൃതിയിൽ കോമഡി രചിക്കാനുള്ള ശ്രമം തീരെ ഉപേക്ഷിച്ചിരിക്കുകയാണ്. പൂർവകൃതികളെപ്പോലെ ഗൗരവവും നിസ്സാരവുമായ സംഗതികളുടെ ഒരു സങ്കരമാണ് ദ ബെൽ (1958). നോവലിലെ ഭാഗികമായ സംഘർഷങ്ങൾ ഓജസ്സും വികാരാവേശവുമുള്ള ഡോറയും അവരുടെ ഭർത്താവും തമ്മിലുള്ള ബന്ധത്തിൽനിന്നും, ഡോറയും അവരിൽനിന്നും തികച്ചും വ്യത്യസ്തമായ സംസ്കാരമുള്ള ഇംബർ സമുദായക്കാരും തമ്മിലുള്ള ബന്ധത്തിൽനിന്നുമാണ് ഉടലെടുക്കുന്നത്. ഒരു മണി സ്ഥാപിക്കാനുള്ള സമുദായത്തിൻെറ പദ്ധതികളാണ് നോവലിലെ കേന്ദ്രപ്രമേയം. എ സെവേഡ് ഹെഡ് (1961), ആൻ അൺ ഒഫിഷ്യൽ റോസ് (1962), ദി യൂണിക്കോൺ (1963), ദി ഇററാലിയൻ ഗേൾ (1964), ദ ടൈം ഓഫ് ദി എയ്ൻജെൽസ് (1966), ദ സീ, ദ സീ (1975) എന്നിവ അവരുടെ ചില കൃതികളാണ്. മർഡക്കിൻെറ കൃതികളിൽ പ്രതിരൂപകങ്ങൾക്ക് പ്രത്യേകസ്ഥാനമുണ്ട്.

ഭ്രാന്തൻസമൂഹത്തിൻെറ ആദർശപ്രമാണങ്ങളായ കൊലപാതകം, വഞ്ചന, ചതി, വ്യഭിചാരം എന്നിവയെക്കുറിച്ച് തന്മയത്വമായി എഴുതാൻ മ്യൂറിയർ സ്പാർക്കിനു (1918) കഴിയും. ദ കംഫർട്ടഴ്സ് (1957), റോബിൻസൺ (1958), ദ ബാലഡ് ഓഫ് പെക്ക്ഹാം റൈ (1960), ദ പ്രൈം ഓഫ് മിസ്സ് ജീൻബ്രോഡി (1961), ദ ഗേൾസ് ഓഫ് സ്ലെണ്ടർ മീൻസ് (1963), ദ മാൻഡെൽബോം ഗേററ് (1965) എന്നിവ അവരുടെ നോവലുകളിലുൾപ്പെടുന്നു.

മ്യൂറിയൽ സ്പാർക്കിനെപ്പോലെ തൻെറ ജീവിതത്തിലെ ഒരു കാലഘട്ടം ആഫ്രിക്കയിൽ ചെലവഴിച്ച ഡോറിസ് ലെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്സിങ്ങ് (1919) തന്റെ ആഫ്രിക്കൻ ജീവിതാനുഭവങ്ങളെ കഥകളിൽ ആവിഷ്കരിക്കുകയുണ്ടായി. ആഫ്രിക്കൻ (1964) ഇതിനുദാഹരണമായി ചൂണ്ടിക്കാട്ടാം. സ്ത്രീയുടെ ജീവിതത്തിൽ നിലനിന്നുപോകുന്ന ആചാരരീതികളുമായി പൊരുത്തപ്പെടാൻ വിഷമിക്കുന്ന ആധുനിക വനിതയുടെ ധർമ്മസങ്കടങ്ങളാണ് പ്രധാനമായും അവരുടെ വിഷയം. ദക്ഷിണാഫ്രിക്കയിലെ കുടിയേററക്കാരായ വെളുത്ത വർഗ്ഗക്കാരെക്കുറിച്ചു രചിച്ച കൃശവും വികാരസാന്ദ്രവുമായ നോവലാണ് ദ ഗ്രാസ് ഇസ് സിങ്ങിങ്ങ് (1950). റിട്രീററ് ററു ഇന്നസൻസ് (1956), ദ ഹാബിററ് ഓഫ് ലവിങ്ങ് (1957), ദ ഗോൾഡൻ നോട്ട്ബുക്ക് (1962) എന്നിവയാണ് ഗൗരവപ്പെട്ട കൃതികൾ.

നോട്ടിങ്ങ്ഹാമിനെ ചുററിപ്പററിയാണ് അലൻ സിലിറേറാ (1928) കഥാരചന നടത്തിയത്. സാധാരണ തൊഴിലാളികളുടെ ജീവിതമാണ് അദ്ദേഹത്തിനു വിഷയം. സിലിറേറായുടെ രണ്ടു നോവലുകളാണ് സാററർഡേ നൈററ് ആൻഡ് സൺഡേ മോണിങ്ങ് (1958), ദ ലോൺലിനെസ്സ് ഓഫ് ദ ഡിസ്റ്റൻസ് റണ്ണർ (1959) എന്നിവ. ഇവയിൽ ആദ്യത്തെ കൃതി മുപ്പതുകൾക്കു ശേഷമുള്ള പ്രോലിറേററിയൻ നോവലുകളിൽ ഏററവും മികച്ചതാണെന്നു പത്രങ്ങൾവരെ പ്രശംസിക്കുകയുണ്ടായി. മനുഷ്യനിലെ കിരാതത്ത്വവും, നാഗരികത്വവും തമ്മിൽ, യുദ്ധവും കലയും തമ്മിൽ നടക്കുന്ന സംഘർഷത്തെ സംബന്ധിക്കുന്ന അന്യാപദേശത്തിലുള്ള ഒരു നോവലാണ് ദ ജനറൽ (1960).

വൈദ്യശുശ്രൂഷാരംഗത്തുനിന്നു സാഹിത്യരചനയിലേക്കു കടന്ന ഏ. ജെ. ക്രോണിൻ (1896—1981) അനുഗൃഹീതനായ കഥാകാരനാണ്. സംഭ്രമിപ്പിക്കുന്ന രംഗങ്ങളും ചിന്താബന്ധുരമായ ആശയങ്ങളും നിറഞ്ഞതാണ് ക്രോണിന്റെ നോവലുകൾ. നർമ്മപ്രയോഗത്തിലും പരിഹാസത്തിലും നിപുണനാണ് അദ്ദേഹം. ഹാറേറഴ്സ് കാസിൽ (1930), ത്രീ ലവ്സ് (1932), ഗ്രാൻഡ് കാനറി (1933), ദ സ്ററാഴ്സ് ലുക്ക് ഡൗൺ (1935), ദ സിററഡൽ (1937), ദ കീസ് ഓഫ് ദ കിങ്ങ്ഡം (1941), ഗ്രീൻ ഇയേഴ്സ് (1944), ഷാനൻസ് വേ (1948), ദ സ്പാനിഷ് ഗാർഡ്നർ (1950), ബിയോൺഡ് ദിസ് പ്ലേസ് (1953), എ തിങ്ങ് ഓഫ് ബ്യൂട്ടി അഥവാ ദ ക്രൂസെഡേഴ്സ് ററുംബ് (1956), ദ ഷനാർത്തേൺ ലൈററ് (1958), ദ ജൂഡാസ്ട്രീ (1961), എ സോങ്ങ് ഫോർ സിക്സ് പെൻസ് (1964), പോക്കെററ്ഫുൾ ഓഫ്റൈ (1969), മിൻസ്ററൽ ബോയ് (1975), ലേഡി വിത്ത് കാർനേഷൻസ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(1935—36–സീരിയൽ), ഗ്രേസിലിൻഡ്സേ (1949–സീരിയൽ) എന്നിവയാണ് ക്രോണിൻെറ നോവലുകൾ. ഇവക്കു പുറമെ രണ്ടു് കഥാസമാഹാരങ്ങളും, ഒരു നാടകവും, അഡ്വെൻചഴ്സ് ഇൻ റു വേഡ്സ് (1952) എന്ന ആത്മകഥയും ക്രോണിൻെറ വിപുലമായ രചനകളിലുൾപ്പെടുന്നു.

1917–ൽ ജനിച്ച ആൻറണിബർജെസ്സ് ഈ നൂററാണ്ടിലെ ഒരു പ്രധാന നോവലിസ്റ്റാണ്. മാംട്ടയിൽ താമസമാക്കിയ ബർജെസ്സ് നാൽപ്പതാം വയസ്സിലാണ് നോവലുകൾ എഴുതി തുടങ്ങിയതു്. ടൈം ഫോർ എ റൈഗർ (1956), ദി എനിമി ഇൻ ദ ബ്ലാങ്കെററ് (1958), എ ക്ലോക്ക്വക്ക് ഓറഞ്ചു് (1962), എൻഡർബി ഔട്ട് സൈഡ് (1968), എം. എഫ്. ലണ്ടൻ (1971) എന്നിങ്ങനെ അനേകം നോവലുകളും, വിമർശന കൃതികളും രചിച്ചിട്ടുണ്ട്. വിവിധ സമൂഹങ്ങളുമായി ഇടപഴകിയ ഈ നോവലിസ്റ്റ് അവയെക്കുറിച്ചു് നല്ലപോലെ മനസ്സിലാക്കിയാണ് എഴുതിയിട്ടുള്ളതു്. 'മനുഷ്യൻെറ ദുഃഖാവസ്ഥയെക്കുറിച്ചുള്ള ഹാസ്യനോവലുകൾ' എന്നാണ് അദ്ദേഹത്തിൻെറ നോവലുകളെപ്പററി പറയപ്പെടുന്നതു്. ആധുനിക നോവലുകളെക്കുറിച്ചുള്ള വിമർശനപഠനമാണ് ദ നോവൽ നൗ (1965).

പ്രസ്താവയോഗ്യരായ മററനേകം നോവലിസ്ററുകളാണ് സ്ററാൻബാർസ്റേറാ (1928), ഡേവിഡ് സ്റേറാറി (1933), സി. എസ്. ഫോസ്ററർ (1899—1966) എ സീ ചേയ്ൻജ് (അല്ലെങ്കിൽ ബോയ്സ് ആൻഡ് ഗേംസ് കം ഔട്ട് റു പ്ലേ–1949), കാഡ്സ് ഓഫ് ഐഡെൻറിററി (1955) മുതലായ നോവലുകൾ രചിച്ച നൈജൽ ഡെന്നിസ് (1912), ദ വൈൽഡ് ഗ്രൂസ് ചേസ് (1938), ദ പ്രൊഫെസ്സർ (1939), ദി എറോഡ്രോം (1941) എന്നിവയുടെ കർത്താവായ റെക്സ് വാർണർ (1905), എ ജർണി റു ദി ഇൻറീരിയർ (1946), എ സീസൺ ഇൻ ഇംഗ്ലണ്ട് (1952), ദ റിട്രീററ് (1953) തുടങ്ങിയവയുടെ കർത്താവായ പി. എച്ച്. ന്യൂബി (1918) മുതലായവർ. ചാരപ്രവൃത്തികളും വിദഗ്ദ്ധമായ പീഡനമുറകളും വിവരിച്ചു് വായനക്കാരുടെ താല്പര്യത്തെ സംരക്ഷിക്കുന്ന ഇയാൻ ഫ്ളെമിങ് (1908—64) ജെയിംസ് ബോണ്ട് കഥകളിലൂടെ പ്രിയങ്കരനായിത്തീർന്നു. പ്രശസ്തകവി ഡിലൻ തോമസിൻെറ ആദ്യകാലകാമുകിയും പിന്നീട് സി. പി. സ്നോയുടെ പത്നിയുമായിത്തീർന്ന പാമിലാ ഹാൻസ്ഫോർഡ് ജോൺസൺ, നാൻസിമിററ് ഫോർഡ്, റോസമണ്ട് ലെഹ്മൻ, എലിസബെത്ത് ടെയ്ലർ, ചെറുകഥാകൃത്തും. വിമർശക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നമായ വി. എസ്. പ്രിച്ചെററ്, ക്രിസ്ററഫർ ഇഷർവുഡ് എന്നിവരും അറിയപ്പെടുന്ന നോവലിസ്ററുകളാണ്.

നാനാവിധ ഗദ്യസാഹിത്യം

യുദ്ധത്തിൻെറ വർഷങ്ങളിൽ പ്രചരണലേഖനങ്ങളും ഔദ്യോഗികക്കുറിപ്പുകളും ധാരാളമുണ്ടായി. യുദ്ധത്തിനുശേഷമാകട്ടെ സന്ദേശങ്ങളുടേയും കത്തിടപാടുകളുടേയും വ്യവഹാരങ്ങളുടേയും ഒരു ബഹളമായിരുന്നു. യുദ്ധം നയിച്ച നേതാക്കന്മാരുടെ ജീവചരിത്രങ്ങളും അവരുടെ ഓർമ്മക്കുറിപ്പുകളും പുറത്തുവന്നു തുടങ്ങി. എച്ച്. ആർ. ട്രെവർ—റോവേഴ്സിൻെറ ദ ലാസ്റ്റ് ഡേയ്സ് ഓഫ് ഹിററ്ലർ പ്രത്യേകപരാമർശമർഹിക്കുന്നു. രക്ഷപ്പെടലിൻെറയും വീരകൃത്യങ്ങളുടേയും കഥ പറയുന്ന എറിക് വില്യംസിൻെറ ദ വുഡൻഹോർസ് (1949), എഫ്. എസ്. ചാപ്മൻെറ ദ ജങ്ഗിൾ ഇസ് ന്യൂട്രൽ (1949), ലിവിങ് ഡേയ്ഞ്ജറസ്ലി (1953), റിച്ചേഡ് ഹിലറിയുടെ ദ ലാസ്റ്റ് എനിമി (1942) എന്നിവ ഇന്നും പ്രചാരമുള്ള കൃതികളാണ്. ഇൻറു ബാററിൽ (1941) എന്ന കൃതിയിലാരംഭിക്കുന്ന വിൻസ്ററൺ ചർച്ചിലിൻെറ (1874—1965) യുദ്ധപ്രഭാഷണങ്ങൾ ബ്രിട്ടീഷ് പ്രഭാഷണകലയുടെതന്നെ ഒരു മുതൽക്കൂട്ടാണ്. രാഷ്ട്രീയക്കാരിൽ സാധാരണ അനുഭവപ്പെടാത്ത സാഹിത്യവാസനയെ വെളിവാക്കുന്നതാണ് ചർച്ചിലിൻെറ സ്മരണകൾ (1948—54).

ജീവചരിത്രകാരന്മാരുടേയും ആത്മകഥാകാരന്മാരുടേയും ഇടയിൽ സർ ഓസ്ബർട്ട് സിററ്വെൽ, ഷാൻ ഓ കേസി, സർ ചാൾസ് ഓമൻ, റിച്ചേഡ് ചർച്ച്, ബ്രെൻഡൻ ബെഹൻ, ജെയിംസ് കേർക്കപ്പ്, ബർണാഡ്ഷാ, എന്നിവരുടെ പേരുകൾ ഓർമ്മവയ്ക്കേണ്ടതുണ്ട്. ആഫ്രിക്കൻ സഞ്ചാരികളായ ജെവർഡ് ഡ്യൂറലും, ലോറൻസ് വാൻഡെർ പോസ്റ്റും എഴുത്തുകാരെന്ന നിലയിലും തങ്ങളുടെ പ്രതിഭ പ്രകടിപ്പിച്ചവരാണ്. പ്രശസ്ത ചരിത്രകാരന്മാരായ സർ ആർതർ ബ്രയൻറ്, ഡി. ഡബ്ല്യു. ബ്രോഗൻ, ഏ. എൽ. റൗസ്, ഏ. ജെ. പി. ടെയ്ലർ, സി. വി. വെഡ്ജ്വുഡ്, സെസിൽ ഏബ്രഹാം സ്മിത്ത്, ജോൺ പ്രെബിൾ, സർ ലൂയിസ് നാമിയർ, സർ ആർനൾഡ് റേറായൻബീ എന്നിവർ ഉജ്ജ്വലങ്ങളായ കൃതികൾ യുദ്ധാനന്തര കാലഘട്ടത്തിൽ രചിച്ചിട്ടുണ്ട്.

മതവിശ്വാസത്തേയും ദർശനത്തേയും സംബന്ധിക്കുന്ന ഗ്രന്ഥങ്ങൾ മൂല്യച്യുതിയിൽ ചിന്തകന്മാർക്കുണ്ടായിക്കൊണ്ടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രിക്കുന്ന ആശങ്കകരം പ്രതിഫലിപ്പിക്കുന്നു. സി. എസ്. ലൂയിസും, ബർട്രൻഡ് റസ്സലുമാണ് സ്വാധീനശക്തിയുള്ള രണ്ടെഴുത്തുകാർ. ശാസ്ത്രസാഹിത്യരംഗത്തുണ്ടായി അതിശയകരമായ വളച്ച്. ജൂലിയൻ ഹക്സ്ലി, സർ ജെയിംസ് ജീൻസ്, ഫ്രെഡ് ഹൊയ്ൽ, സർ മോർട്ടിമർ വീലർ തുടങ്ങിയവർ ഈ രംഗത്ത് കാര്യമായ സംഭാവനകരം നൽകിയവരാണ്.

വിമർശനമാണ് അഭൂതപൂർവ്വമായി വളന്ന മറെറാരു സാഹിത്യശാഖ. രണ്ടു ബൃഹദ്ഗ്രന്ഥങ്ങളാണ് ദ കേംബ്രിഡ്ജ് ബിബ്ലിയോഗ്രഫി ഓഫ് ഇംഗ്ലിഷ് ലിററെച്ചർ (1940), ഓക്സ്ഫോഡ് ഹിസ്ററി ഓഫ് ഇംഗ്ലീഷ് ലിററെച്ചർ (1945) എന്നിവ. ഈ. എം. ഡബ്ല്യു. ടില്യാർഡ് (ദി എലിസബീത്തൻ വേൾഡ് പിക്ച്ചർ. മിൽട്ടൻ, ഷേക്സ്പിയർസ് ഹിസ്ററി പ്ലേസ്, ഷേക്സ്പിയർ പ്രോബ്ലം പ്ലേയ്സ്, ദി എപ്പിക്ക് ആൻഡ് ഇററ്സ് ബാക്ക് ഗ്രൗണ്ട്) സർ മോറിസ് ബൗറ (ദ ഹിസ്ററി ഓഫ് സിംബലിസം, ദ റൊമാൻറിക് ഇമാജിനേഷൻ, ഹിറോയിക്ക് പോയട്രി); എഫ്. എൻ. ലൂക്കാസ് (സ്റ്റൈൽ); എൽ. സി. നൈററ്സ് (എക്സ്പ്ലൊറേഷൻസ്, ഡ്രമാ ആൻഡ് പോയട്രി ഇൻ ദി ഏജ് ഓഫ് ജോൺസൻ); വില്യം എംപ്സൺ (സെവെൻ ടൈപ്പ് ഓഫ് അംബിഗ്വിററി, സം വേർഷൺസ് ഓഫ് ദ പാസ്ററൽ) എന്നിവർ വിമർശകരെന്ന നിലയിൽ വ്യക്തിമുദ്ര പതിപ്പിച്ചവരാണ്. ചോസറുടെ ഭാഷയെ നവീകരിച്ച നെവിൽ കോഗ്ഹിൽ ചോസറെ സാധാരണക്കാർക്ക് പ്രിയങ്കരനാക്കിത്തീർത്തു. ഡേവിഡ് ഡേഷസ്, വാൾട്ടർ അലെൻ, ആൽഫ്രെഡ് അൽവാരിസ്, ഡബ്ല്യു. എച്ച്. ഓഡെൻ, ബേററ്സൺ, മാർക്കം, ബ്രാഡ്ബറി, ലോർഡ് ഡേവിഡ് സെസിൽ, ഡൊണാൾഡ് ഡേവി, സെസിൽ ഡേ ലൂയിസ്, ഡെനിസ്, ഡൊനൊഘ്, ഡി. ജെ. എൻറൈററ്, മാർട്ടിൻ എസ്സ്ലിൻ, ജി. എസ്. ഫ്രേസർ, ഇ. എം. ഫോസ്ററർ, ഹെലെൻ ഗാർഡ്നർ, ഗ്രഹാം ഹൗ, ഫ്രാങ്ക് കർമോഡ്, ആർനാൾഡ് കെററിൽ, ക്വീനീഡോറത്തി ലീവിസ്, എഫ്. ആർ. ലീവിസ്, റോബർട്ട് ലിഡ്ഡെൽ, ഡേവിഡ് ലോഡ്ജ്, എഡ്വിൻ മ്യൂർ, വി. എസ്. പ്രിച്ചെററ്, ഐ. എ റിച്ചേഡ്സ്, സ്ററീഫൻ സ്പെൻഡർ, പോൾ വെസ്ററ്, വില്യം വാൾഷ് എന്നിങ്ങനെ അനേകം പ്രശസ്തരായ വിമർശകർ ഈ കാലഘട്ടത്തിൽ പ്രത്യക്ഷപ്പെടുന്നു.

ഈ നൂററാണ്ടിലെ സാഹിത്യകാരൻമാരെക്കുറിച്ച് അന്തിമമായ വിധിനിർണ്ണയം നടത്തുവാൻ ശ്രമിക്കുന്നതു് സാഹസമാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിരിക്കും. നിശ്ചയമായ ഒരു വിധി പറയുവാൻ ഇനിയും സമയമായിട്ടില്ല. ലൗകികമായ ഭാഗ്യനിർഭാഗ്യങ്ങൾക്കെന്നെ പോലെ സാഹിത്യസംബന്ധിയായ പ്രശസ്തിക്കും ഉയർച്ചയും, താഴ്ചയും സംഭവിക്കാമെന്ന വസ്തുതയ്ക്ക് അനേകം മുൻ ഉദാഹരണങ്ങൾ ഉണ്ടല്ലോ. ഒട്ടേറെ ജനസമ്മതി നേടിയ പല എഴുത്തുകാരും അവരുടെ മരണത്തിനുശേഷം അധികം താമസിയാതെ വിസ്മരിക്കപ്പെടുകയാണുണ്ടായത്. ഇതിനു് ഒരു ഉദാഹരണം മാത്രമാണ് ഏബ്രഹാം കൗലി. ജീവിച്ചിരുന്ന കാലത്ത് മിൽട്ടനും, ഡ്രൈഡെനും തുല്യനായിട്ടാണ് അദ്ദേഹത്തെ കണക്കാക്കപ്പെട്ടിരുന്നത്. പക്ഷേ, അദ്ദേഹത്തിന്റെ തൊട്ടടുത്ത തലമുറയിൽപ്പെട്ട അലക്സാണ്ടർ പോപ്പ് ഇങ്ങനെ ചോദിച്ചു: 'ഇപ്പോൾ ആരാണ് കൗലിയുടെ കൃതികൾ വായിക്കുന്നത്?' ഈ ചോദ്യത്തിനു് പ്രതീക്ഷിച്ചിരുന്ന ഉത്തരം എന്തായിരിക്കുമെന്നു് പറയേണ്ടതില്ലല്ലോ. ഇതേ വിധിതന്നെ ഈ നൂററാണ്ടിലെ മിന്നിത്തിളങ്ങുന്ന അനേകം സാഹിത്യകാരൻമാർക്കും വന്നുകൂടെന്നില്ല. 20–ാം നൂററാണ്ടിന്റെ ആദ്യദശകങ്ങളിലെ പല ഉജ്ജ്വലതാരങ്ങളുടെയും യശസ്സിനു് ഇതിനകം മങ്ങലേററു കഴിഞ്ഞു. ആയതിനാൽ അടുത്ത കാലത്തെ സാഹിത്യകാരൻമാരുടെ സ്ഥാനനിർണ്ണയം താൽക്കാലികമായ ഒന്നു മാത്രമാണ്. ഇന്നു നാം ആരാധിക്കുന്ന വിഗ്രഹങ്ങൾക്കു് സുവർണ്ണപാദങ്ങളാണോ അതോ വെറും കളിമൺപാദങ്ങൾ മാത്രമേയുള്ളോ എന്നു് ഭാവി തലമുറയ്ക്കേ പറയുവാൻ സാധിക്കൂ.

O

Forwarded free of cost, and
with the Compliments of
DEPARTMENT OF EDUCATION,
GOVERNMENT OF INDIA,
NEW DELHI.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

A SELECT BIBLIOGRAPHY *

P. G. Thomas	: English Literature Before Chaucer (1924)
E. E. Wardale	: Chapters on Old English Literature (1935)
F. L. Renwick and H. Orton	: The Beginning of English Literature to Skelton 1509 (1939)
C. W. Kennedy	: The Earliest English Poetry (1943)
E. K. Chambers and F. Sidgwick	: Early English Lyrics (1907)
W. P. Ker	: English Literature, Medieval (1912)
J. E. Wells	: Manual of the Writings in Middle English (1916) (A Complete bibliography)
A. C. Baugh (ed.)	: A Literary History of England, (Vol. I) The Middle Ages (1948)
R. M. Wilson	: Early Middle English Literature (1939)
W. J. Courthope	: The History of English Poetry (1895-1910)
E. K. Chambers	: English Literature in the Close of the Middle Ages (1946)
—	: The Medieval Stage (1903)
Allardyce Nicoll	: Masks, Mimes and Miracles (1931)
E. K. Chambers	: The Elizabethan Stage (1923)
George Saintsbury	: Elizabethan Literature (1887)
James E. Ruoff	: Handbook of Elizabethan and Stuart Literature (1975)
A. P. Rossiter	: English Drama from Early Times to the Elizabethans (1950)
U. Ellis-Fermor	: The Jacobean Drama (1936)
Bonamy Dobree (ed.) and Norman Davis	: Oxford History of English Literature: English Literature in the Sixteenth Century (1954; rpt. 1968)
Martin Day	: History of English Literature to 1660 (1963)

* The Bibliography is only select and not exhaustive. It is arranged periodwise except for the general histories of literature which are given at the end. (The M. L. A. Style Sheet has not been followed for the convenience of the common reader).

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

—	: History of English Literature 1660-1837 (1963)
Bruce King	: Seventeenth Century English Literature (1982: rpt. 1986)
D. Bush	: English Literature in the Earlier Seventeenth Century 1600-1660 (1945)
H. J. C. Grierson	: Metaphysical Lyrics and Poems of the Seventeenth Century (1921)
H. C. White	: The Metaphysical Poets (1934)
G. Garnett	: The Age of Dryden (1895)
Bonamy Dobree and Norman Davis (ed.)	: Oxford History of English Literature: English Literature in the Late Seventeenth Century (1969)
A. C. Baugh (ed.)	: A Literary History of England (Vol. II) The Renaissance (1948)
—	: Vol. III The Restoration and Eighteenth Century (1948)
Allardyce Nicoll	: History of Restoration Drama 1660-1700 (1923)
Bonamy Dobree	: Restoration Comedy 1660-1720 (1924)
—	: Restoration Tragedy 1660-1720 (1929)
G. E. Bentley	: The Jacobean and Caroline Stage (1941)
Leslie Stephen	: English Literature and Society in the Eighteenth Century (1904)
George Saintsbury	: The Peace of the Augustans (1916)
D. Nicol Smith	: Some Observations on Eighteenth Century Poetry (1938)
Oliver Elton	: Survey of English Literature 1730-1780 (1912)
—	: Survey of English Literature 1780-1830 (1912)
—	: Survey of English Literature 1830-1880 (1920)
C. H. Herford	: The Age of Wordsworth (1987)
Bonamy Dobree and Norman Davis (ed.)	: Oxford History of English Literature 1815-1832 (1963)
G.K. Chesterton	: The Victorian Age in Literature (1913)
H. J. and H. Massingham	: The Great Victorians (1932)
Lord David Cecil	: Early Victorian Novelists (1934)
E. C. Batho and Bonamee Dobree	: The Victorians and After 1830-1914 (1938)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

F. L. Lucas : Ten Victorian Poets (1940)
Arnold Kettle : The Nineteenth Century Novel (1972)
A. C. Baugh (ed.) : A Literary History of England (Vol. IV). The Nineteenth Century and After (1948)
J. W. Cunliffe : English Literature During the Last Half-Century (1919)
Hugh Walker : The Literature of the Victorian Era (1910)
Allardyce Nicoll : A History of Late Nineteenth Century Drama (1946)
F. Swinnerton : The Georgian Scene: a Literary Panorama (1934)
Harry Blamires (ed.) : A Guide to Twentieth Century Literature (1983)
— : Twentieth Century English Literature (2nd ed. 1986)
Boris Ford (ed.) : The Modern Age (1961)
David Daiches : The Present Age: from 1920 (1958)
J. W. Cunliffe : English Literature in the Twentieth Century (1933)
A. C. Ward : Twentieth Century Literature 1901-1940 (1940)
— : Twentieth Century English Literature 1901-1960 (1964)
B. Ifor Evans : English Literature Between the Wars (1948)
A. S. Collins : English Literature in the Twentieth Century
M. L. Rosenthal : The Modern Poets: A Critical Introduction (1960; rpt. 1968)
— : The New Poets: American and British Poetry Since World War II (1967)
Anthony Thwaite : Contemporary English Poetry (1959; 3rd ed. 1964)
— : Poetry Today 1960-1973 (1973)
John Press : Rule and Energy: Trends in British Poetry Since the Second World War (1963)
— : The Map of Modern English Verse (1969)
James Vinson (ed.) : Contemporary Poets (Contemporary Writers of the English Language Series) (1975)
— (ed.) : Poets (Great Writers of the English Language Series) (1979)
Michael Schmidt and Grevel Lindop (ed.) : British Poetry Since the Second World War (1963)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Ian Hamilton : A Poetry Chronicle (1973)
Frederick Lumley : NewTrends in Twentieth Century Drama (1967)
James Vinson (ed.) : Contemporary Dramatists (1977)
— (ed.) : Dramatists (Great Writers of English Language Series) (1979)
V. Ellis-Fermor : The Irish Dramatic Movement (1939)
Lynton Hudson : Twentieth Century Drama (1946)
John Russell Taylor : Anger and After (1962)
Bamber Gascoigne : Twentieth Century Drama (1962)
Martin Esslin : The Theatre of the Absurd (3rd ed. 1988)
Laurence Kitchin : Mid-Century Drama (rev. 1962)
Eric Bentley : The Modern Theatre: A Study of the Dramatists and Drama (1948)
John Russell Taylor : The Second Wave (1971)
Kenneth Allsop : The Angry Decade (1958)
P. H. Newby : The Novel 1940-1950 (1951)
Robert Humphrey : Stream of Consciousness in the Modern Novel (1954)
Frederick R. Karl : A Reader's Guide to the Contemporary English Novel (1962)
Anthony Burgess : The Novel Today (1963)
— : The Novel Now (1967)
Lionel Stevenson : The History of the English Novel (1967)
Paul West : Modern Novel (1963)
David Daiches : The Novel and the Modern World (1938: rev. ed. 1960)
James Vinson (ed.) : Contemporary Novelists (Contemporary Writers of the English Language Series) (1976)
— (ed.) : Novelists and Prose Writers (Great Writers of the English Language Series) (1979)
Walter Allen : The English Novel: A Short Critical History (1954; rev. ed. 1966)
— : Tradittion and Dream: The English and American Novel From the Twenties to our Time (1965)
Arnold Kettle : An Introduction to the English Novel-1 (1951; rpt. 1967)
— : An Introduction to the English Novel-2 (1953)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Leon Edel : The Psychological Novel 1900-1950 (1961)

D. Hoare : Some Studies in the Modern Novel (1938)

Malcolm Bradbury (ed.) : The Contemporary English Novel (1979)

Ernest A. Baker : The History of the English Novel (Vols. 1-10) (1924-1966).

Lionel Stevenson : The History of the English Novel (Vol. 11) (1967)

— : Cambridge History of English Literature (15 Vols.) (1907-1927; rpt. 1962)

David Daiches : A Critical History of English Literature (2 Vols.) (1960)

Edward Albert : A History of English Literature (1923; rev. ed. 1971)

William Henry Hudson: An Outline of English Literature (1956)

Pat Rogers (ed.) : The Oxford Illustrated History of English Literature (1987)

Peter Conrad : The Everyman History of English Literature (1985)

George Sampson : The Concise Cambridge History of English Literature (1941; 2nd ed. 1961)

Arthur Compton-Rickett : A History of English Literature (1969)

Ifor Evans : A Short History of English Literature (1948; rpt. 1966)

Emile Legouis : A Short History of English Literature (1934; rpt. 1965)

---- : The New Pelican Guide to Literature (8 Vols.)

Peter Quennel : A History of English Literature (1973)

Kenneth Hopkins : English Poetry (A Short History) (1962)

Elmer Borklund (ed.) : Contemporary Literary Critics (Contemporary Writers of English Language Series) (1977)

George Saintsbury : A History of Criticism (1900-1904)

Rene Wellek : The Rise of English Literary History (1941)

— : A History of Modern Criticism:
1. The Later Eighteenth Century (1955)
2. The Romantic Age (1955)
3. The Age of Transition (1966)
4. The Later Nineteenth Century (1966)

O

6751

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

GURUKUL KANGRI LIBRARY
Access on
Class on
Cat on
Tag etc.
Checked
Any Other

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇംഗ്ലീഷ്
സാഹിത്യ ചരിത്രം

CC-0. In Public Domain. Gurukul Kangri Collection, Haridwar